ധ്യാനസോപാനം

ജെ എം. ജ്ഞാനപ്രകാശം

ജ്യോതി ബുക്ക്സ്

(Malayalam)
DHYANASOPANAM

Daily Meditations

Fr. J. M. JNANAPRAKASAM

First Published December 1978

Printed at
St. Joseph's I. S. Press
Trichur 680 001

Price Rs. 12.00

Copyright
St. Joseph's I. S. Press, Trichur

Distributors
Jyothi Book Centre
Trichur 680 001

Cum Permissu Superiorum

ധ്യാനസോപാനം

ACHARYA PALACKAL JEEVASSKENDRAM
LIBRARY
9943
ALUVA

എഴുതിയത് ഫാ. ജെ. എം. ജ്ഞാനപ്രകാശം

അവതാരിക ഡോ. സിറിയക് കണിച്ചായ്

പ്രസാധകർ ജ്യോതി ബുക്സ്, തൃശ്ശൂർ.

ജ്യോതി ബുക്ക് സെൻറർ
തൃശൂർ 680 001
വില 12.00

ഫാ. ജ്ഞാനപ്രകാശത്തിന്റെ
ധ്യാനഗ്രന്ഥങ്ങൾ

m/242.2
JNA-D

1. ധ്യാനനിലയം Rs. 15.00
2. ധ്യാനസോപാനം Rs. 12.00
3. ധ്യാനസാധന (അച്ചടിയിൽ)

ആവശ്യപ്പെടുക

മാനേജർ
ജ്യോതി ബുക് സെൻറർ
തൃശ്ശൂർ 680 001

അവതാരിക

ഡോ. സിറിയക് കണിച്ചായ്

ദൈവചനം യേശുവെന്ന വ്യക്തിയിൽ ശരീരം ധരിച്ചതത്രെ ക്രിസ്തുരഹസ്യത്തിൻെറ ചുരുക്കം. പിതൃബോധത്തിൽ നിത്യത്വം മുതല്ക്കേ അന്തഃസ്ഥിതമായിരുന്ന തിരുവചനം നമുക്ക കോംക്കമാറ് ഇപ്പോറം യേശുവിൽ ആവിഷ്കൃതമായിരിക്കുന്നു. മനോരൂപമായ വചനം ശബ്ദങ്ങളിലൂടെ ബഹിഃസ്ഫുരിപ്പിക്കപ്പെടേണ്ടതാണല്ലോ. അവതീർണ്ണമായ ദൈവവചനം സ്ഥലകാലങ്ങളായ ഉപാധികാംക്കുള്ളിൽ പ്രതിധ്വനിച്ചിട്ടുള്ളത് യേശുവിൻെറ മനുഷ്യശബ്ദത്തിലൂടെയാണ്.

വചനങ്ങളിൽ ആവിഷ്കരിക്കപ്പെടേണ്ട വചനമാണ് യേശു. നമ്മുടെ മനനധ്യാനങ്ങളുടെ പരമമായ വിഷയവും അവിടുന്നുതന്നെയാണ്. പരമപദമായിരിക്കുന്ന ഈ തിരുവചനം പദങ്ങളിൽ ആവിഷ്കൃതമായിരിക്കുന്നതത്രെ സുവിശേഷങ്ങാം. അതിനാൽ സുവിശേഷങ്ങാം തന്നെയാണ് ക്രിസ്തീയധ്യാനത്തിൻെറ മൗലികമായ പ്രമാണവും പ്രമേയവും, മനുഷ്യവചനങ്ങളിൽ ആലേഖിതമായിരിക്കുന്ന ദൈവ്വചനമാണവ. വചനത്തെ വചനങ്ങളിൽ തേടാനും അനുഭവിക്കാനും അവതരിക്കാനും മനുഷ്യനുള്ള ആത്മീയാവശ്യവും അന്തരാവേശവും അവയിൽ സർവ്വത്ര പ്രതിഫലിച്ചു കാണാം. മനുഷ്യനു മൗലികമായുള്ള ഈ ആവശ്യത്തിനും ആവേശത്തിനും ദൈവം

യേശുവിൽ ഉത്തരമേകിയ ചരിത്രസംഭവത്തിൻെറ സുന്ദരവും സമ്പൂർണ്ണവുമായ ആഖ്യാനമാണ് സുവിശേഷസഞ്ചയം.

ദൈവാനുഭവത്തിന്നായി മനുഷ്യൻ കൊണ്ടിട്ടുള്ള അന്തർദ്ദാഹത്തിനു ശമം വരിക സുവിശേഷങ്ങളിലാണ്. എന്നാൽ ദൈവദർശനത്തിന്നായുള്ള അന്തർദ്ദാഹവും ആന്തരാവേശവും ചരിത്രാതീതകാലംമുതല്ക്കേ മനുഷ്യനിൽ ഉണർത്തിയുണർത്തിക്കൊണ്ടുവന്നിട്ടുള്ളതു് മതങ്ങളത്രെ. ഇക്കാര്യത്തിൽ ഹിന്ദു-ബുദ്ധ-ജൈന മതങ്ങൾ വഹിച്ചിട്ടുള്ള നിസ്തുലമായ പങ്കിനെ എല്ലാ മതചരിത്രപഠിതാക്കളും അങ്ങേയററം അംഗീകരിച്ചാദരിച്ചിട്ടുള്ളതാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ പറയുന്നു:

''ഹൈന്ദവമതത്തിൽ മനുഷ്യർ ദൈവികരഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നു. ആ ദിവ്യരഹസ്യങ്ങൾ അക്ഷയമായ പുരാണേതിഹാസങ്ങളിലൂടെയും ഉദാത്തമായ താത്വികാന്വേഷണങ്ങളിലൂടെയും അവർ ആവിഷ്കരിക്കുന്നു. ഇതുപോലെതന്നെ, ജീവിതത്തിൽ അനുഭവപ്പെടുന്ന ആകുലതകളിൽനിന്നും മുക്തിനേടാനാണ് മനുഷ്യർ പണിപ്പെടുന്നതു്. അതിന്നവർ അവലംബിക്കുന്ന മാർഗ്ഗങ്ങളാണ് താപസജീവിതം, അഗാധജ്ഞാനം, സ്നേഹത്തോടും സുപ്രതീക്ഷയോടുംകൂടി ദൈവത്തിലേയ്ക്കുള്ള പ്രയാണം എന്നിവ.

''ബുദ്ധമതത്തിലെ വിവിധവിഭാഗങ്ങളെല്ലാം പരിണാമവിധേയമായ ഈ പ്രപഞ്ചത്തിൻെറ മൗലി

കമായ അപര്യാപ്തത തുറന്നുസമ്മതിക്കുന്നുണ്ട്, ഭക്തിപൂർവ്വകവും വിശ്വാസപൂർണ്ണവുമായ ചൈതന്യത്തോടെ ചരിക്കുന്ന മനുഷ്യന് സർവ്വസ്വാതന്ത്ര്യമായ ഒരു സ്ഥിതിയിൽ എത്തിച്ചേരാനോ, സ്വപരിശ്രമങ്ങളോ അമാനുഷികസഹായമോവഴി പരമപ്രകാശം നേടാനോ കഴിയുന്ന ഒരു മാർഗ്ഗത്തെപ്പററി അതു് പഠിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ ലോകത്തിലെ വിടെയുമുള്ള മററു മതങ്ങളുടെയും ശ്രമം മനുഷ്യൻെറ ഹൃദയാസ്വാസ്ഥ്യതകൾ ശമിപ്പിക്കാനാണ്. അതിനു അവ വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. ഈ മാർഗ്ഗങ്ങളാണ് മതതത്വങ്ങൾ, ജീവിതപ്രമാണങ്ങൾ, മതകർമ്മങ്ങൾ ആദിയായവ'' (അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം, നമ്പർ 2).

ദൈവം നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിൽ പ്രവർത്തിച്ച്, ആത്മീയതയ്ക്കും ആന്തരികതയ്ക്കും വേണ്ടിയുള്ള അന്തർദ്ദാഹം നമ്മുടെ കർമ്മമേഖലയിൽ ഉണർത്തിയിട്ടുള്ളതു്, പ്രധാനമായും, ഹൈന്ദവ–ബൌദ്ധ–ജൈനമതസങ്കേതങ്ങളിലൂടെയാണ്. നമ്മുടെ ആത്മീയാനുഭൂതിയുടെ സമഗ്രമായ വിഷയം യേശുവാകയാൽ, മേല്പറഞ്ഞ മതങ്ങൾ ഉന്നയിക്കുന്ന ആത്മീയോപായങ്ങളുമായി ധ്യാനാത്മകമായ പരിചയം ആർജ്ജിക്കുംതോറും, യേശു നമുക്കു കൂടുതൽ കൂടുതൽ സാർത്ഥകവും പ്രസക്തവുമായിത്തീരും. അതുതന്നെയാണ് ഇത്തരം സങ്കേതങ്ങൾ നമ്മുടെ മനനധ്യാനങ്ങൾക്കു വിഷയമാകേണ്ടതിൻെറ ആവശ്യവും. ഇക്കാരണത്താലത്രെ മററു മതാനുഭൂതികളെ ക്രിസ്ത്വാനുഭവവുമായി സമന്വയിക്കാനുതകുന്ന സമീപനരീതികളെ

'അക്രൈസ്തവമതങ്ങൾ', 'പ്രേഷിതപ്രവത്തനം' എന്നിവയെക്കുറിച്ചുള്ള പ്രമാണരേഖകളിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ സാധൂകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ളതു്.

മേല്പറഞ്ഞ പരിചിന്തനങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ഫാ. ജെ. എം. ജ്ഞാനപ്രകാശത്തിൻെറ ഈ ''ധ്യാനസോപാനം'' ഏററവും സമാദരണീയമായൊരു യത്നമായിരിക്കുന്നു. വിശുദ്ധവും സത്യവുമായതെന്തും ക്രിസ്തീയ ധ്യാനാനുഭൂതിക്കു സഹായവും സ്വീകാര്യവുമാകുന്നു. സുവിശേഷാധിഷ്ഠിതമായ ധ്യാനയോഗാനുഭൂതിയെ ആഴപ്പെടുത്താൻ മാത്രമല്ല ഈ പുസ്തകം നമുക്കുതകുക. അതു് ഈ പുസ്തകം ഉപയോഗിക്കുന്നവർക്കു കിട്ടാവുന്ന പ്രത്യക്ഷവും ധ്യാന ജന്യവുമായ ഫലമായിരിക്കും. അതോടൊപ്പം, ഭാരതീയ ദശ്ന സങ്കേതങ്ങളുമായി നമുക്കു സർവ്വാംഗീണമായൊരു പരിചയം നല്കുക എന്ന മററൊരു ധമ്മവും കൂടി ഈ കൃതി പരോക്ഷമായിട്ടെങ്കിലും സമത്ഥമായിത്തന്നെ നിർവഹിക്കുന്നു. ഈ രണ്ടു ഫലങ്ങളും ഒരുമിച്ചു കൈവരുത്താൻ പററും വിധമാണു് ഈ ധ്യാനമാലിക സംവിധാനം ചെയ്തിട്ടുള്ളതു്.

വേദോപനിഷത്തുക്കൾ, ഷഡ്ദശ്നങ്ങൾ, ബുദ്ധജൈനമതങ്ങൾ, ഭഗവദ്ഗീത, ശൈവ_വൈഷ്ണവ സിദ്ധാന്തങ്ങൾ, ഭക്തിപ്രസ്ഥാനം, നവീന ഹിന്ദുദശ്നം തുടങ്ങി ഭാരതീയാത്മീയതയെ പ്രതിനിധീകരിക്കുന്ന മിക്കവാറും എല്ലാ മേഖലകളിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സങ്കേതങ്ങളത്രെ ഇതിൽ

ധ്യാനത്തിന്നായി ചേർത്തിട്ടുള്ളതു്. അവ ഓരോന്നിനേയും സ്വവിശേഷദർശനത്തോടു് പക്വമായി സമന്വയിച്ചിരിക്കുന്നതിനാൽ, ഈ ധ്യാനസഞ്ചികയുടെ ക്രിസ്തീയ സ്വഭാവത്തിനു ഒട്ടുംതന്നെ കോട്ടം തട്ടിയിട്ടില്ലതാനും. അക്കാരണത്താൽ മലയാളമണ്ണിൽ തീർത്തും ഭാരതീയമായൊരു ക്രിസ്തീയ ധ്യാനരീതിക്കു തുടക്കം കുറിക്കുന്നതിൽ ഈ ഗ്രന്ഥത്തിനു നിർണ്ണായകമായൊരു പങ്കുവഹിക്കാനാവുമെന്നതു് തീർച്ചയാണു്. അനുഭൂതിയെന്നതു് വാക്കുകളോടും പ്രതീകങ്ങളോടും മനോബിംബങ്ങളോടും പററിച്ചേർന്നു നില്ക്കുന്നൊരു ചിന്മയ പ്രതിഭാസമാണല്ലോ. അതിനാൽ ഭാരതീയ ദർശനങ്ങളിൽനിന്നു് ആകാവുന്നിടത്തോളം സങ്കേതങ്ങളും സ്വാധീനങ്ങളും സ്വീകരിക്കാതെ, ഭാരതീയാനുഭൂതിക്കായി യത്നിക്കുക നിഷ്ഫലമായിരിക്കും. ഇക്കാര്യത്തിലും ഈ ഗ്രന്ഥം നമ്മെ കാര്യമായി സഹായിക്കുമെന്നതു് തീർച്ചയാണു്. ഇങ്ങനെ നോക്കുമ്പോറം, ഭാരതീയമായ ക്രിസ്തീയാനുഭൂതിയിലേയ്ക്കുള്ള ഉത്തമമായൊരു പ്രവേശികയായി ഈ 'ധ്യാനസോപാന'ത്തെ കണക്കാക്കുന്നതിൽ യാതൊരു തെററുമില്ല.

ക്രിസ്തീയധ്യാനയോഗത്തിനു ഭാരതീയഭാഷ്യം രചിക്കാനുള്ള കടമ നമ്മുടേതു തന്നെയാണു്. ഈ ഉത്തരവാദിത്വം നിറവേററുന്നതിൽ നമ്മെ വളരെയേറെ സഹായിക്കുവാൻ ഈ ഗ്രന്ഥത്തിനു കഴിയും. ഭാരതീയ സങ്കേതങ്ങളിൽ അറിവും അനുഭവവും ചെന്ന ക്രിസ്തീയ ധ്യാനയോഗികളുടെ സംഖ്യ ഇതുമൂലം വർദ്ധിക്കാനിടയാകട്ടെ എന്നു ഞാൻ ആത്മാർത്ഥ

മായി ആഗ്രഹിക്കുന്നു. അതു വഴിമാത്രമെ യുഗാന്ത്യത്തിൽ പ്രത്യക്ഷമാകാനിരിക്കുന്ന യേശുവിൻെറ പ്രാപഞ്ചിക ശരീരത്തിൻെറ പൂർണ്ണതയ്ക്കു ഭാരതീയരായ നാം നമ്മുടേതായ സംഭാവനകൾ ചെയ്തു എന്ന ചാരിതാർത്ഥ്യം നമുക്കുണ്ടാവുകയുള്ളു. ഇതിനു നാം ഇടവരുത്തുന്നതുതന്നെയാകും, ഈ ഗ്രന്ഥത്തിൻെറ കർത്താവിനു് യഥാർത്ഥത്തിൽ ലഭിക്കാവുന്ന സാക്ഷാത്തായ ചാരിതാർത്ഥ്യവും. അതിനു്, സർവ്വവചനങ്ങളും അനാദിമുതല്ക്കേ ആമനനം ചെയ്തുകൊണ്ടിരുന്ന നിത്യവചനമായ യേശു നമുക്കനുഗ്രഹമേകട്ടെ!

കാർമ്മൽഗിരി, ആലുവ_683102 8_12_1978

പ്രസ്താവന

ഗ്രന്ഥകർത്താവ്

കഴിഞ്ഞകൊല്ലം ഏതാണ്ട് ഇതേ സമയത്ത് 'ധ്യാനനിലയം' എന്ന പേരിൽ ഞാൻ ഒരു പ്രതിദിനധ്യാനഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. സുവിശേഷങ്ങളെ ആസ്പദമാക്കി വിരചിച്ച ആ ഗ്രന്ഥത്തിന് പ്രതീക്ഷാതീതമായ സ്വാഗതമാണ് വായനക്കാരിൽനിന്നും ലഭിച്ചത്. ഭാരതീയാധ്യാത്മികതയെ സുവിശേഷസന്ദേശവുമായി സമന്വയിച്ചുകൊണ്ട് ഒരു ധ്യാനഗ്രന്ഥം തയ്യാറാക്കണമെന്ന ആഗ്രഹം ഏറെനാളായി എൻെറ മനസ്സിൽ തങ്ങിനിന്നിരുന്നതാണ്. ആധ്യാത്മികാനുഭൂതിയുടെ കലവറയാണല്ലോ ഭാരതീയ മതങ്ങൾ. അവയെ സുവിശേഷസന്ദേശവുമായി യോജിപ്പിച്ചുകൊണ്ട് നാം ധ്യാനിച്ചറിയുകയാണെങ്കിൽ, അത് നമ്മുടെ ക്രിസ്തീയമായ ആത്മീയാനുഭവത്തിനും പ്രേഷിതസമീപനങ്ങൾക്കും വളരെ സഹായകമാകും എന്ന ബോധ്യമാണ് ഈ ഉദ്യമത്തിന് എനിക്കു ഉത്തേജനം നല്കിയത്. 'ധ്യാനനിലയ'ത്തിനു വായനക്കാരിൽനിന്നും ലഭിച്ച പ്രോത്സാഹനവും ആസ്വാദനവുംകൊണ്ട്, ഈ 'ധ്യാനസോപാനം' വിചാരിച്ചതിലും നേരത്തെതന്നെ പൂർത്തിയാക്കാനും ഇടവന്നു. മലയാളത്തിലെ ധ്യാനയോഗികൾക്കുള്ള ഇക്കൊല്ലത്തെ എൻെറ വിനീതമായ ക്രിസ്മസ് സമ്മാനമായി ഞാൻ ഇത് കാഴ്ചവച്ചുകൊള്ളുന്നു.

ആണ്ടുവട്ടം മുഴുവനും ഉപയോഗിക്കാൻ പററിയ തരത്തിൽ ക്രമീകരിച്ചിട്ടുള്ള 366 പ്രതിദിനധ്യാനങ്ങളാണു് ഇതിലുള്ളതു്. സുവിശേഷസന്ദേശത്തെ ഇൻഡ്യൻ സ്പിരിച്ച്വാലിററിയുമായി സമന്വയിച്ചുകൊണ്ടുള്ള ഒരു സമീപനരീതിയത്രെ ഇതിൽ കൈക്കൊണ്ടിട്ടുള്ളതു്. ഭാരതീയാധ്യാത്മികതയുടെ മുഖ്യസ്രോതസ്സുകളായ ഹിന്ദു–ബുദ്ധ–ജൈനമതങ്ങളിൽനിന്നും ദർശനങ്ങളിൽനിന്നുമാണു് ഇതിലെ പ്രമേയങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതു്. അർത്ഥത്തിലും ആകാരത്തിലും ഭാരതീയമായൊരു ക്രിസ്തീയ ധ്യാനപ്പുസ്തകമാണിതു്.

ധ്യാനത്തിനു മാത്രമല്ല, പ്രാർത്ഥനായോഗങ്ങൾ, സത്സംഗങ്ങൾ, ഭക്ഷണമേശ എന്നിവിടങ്ങളിലും പ്രയോജനപൂർവം വായിക്കാൻപററിയ തരത്തിലാണു് ഇതിലെ പ്രമേയങ്ങളും അവതരണവും സംവിധാനം ചെയ്തിട്ടുള്ളതു്. അനേകംപേർക്കു് ഈ ധ്യാനസോപാനം യേശുവിനെക്കുറിച്ചുള്ള ദിവ്യാനുഭൂതിയിലേയ്ക്കു കയറിപ്പോകുന്നതിനുള്ള ചവിട്ടുപടിയാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. എല്ലാവർക്കും എന്റെ പ്രാർത്ഥനാപൂർവകമായ നമസ്ക്കാരം.

8-12-1978 ഫാ. ജെ. എം. ജ്ഞാനപ്രകാശം

വിഷയസൂചി*

അഗ്നി	ഏ 3	അസതോ മാ	ഡി 18
അണു	ഒ 25	അസ്തേയം	ഫെ 8
അതിഥി	ഏ 5	അസ്ഥിരം	ജ 17
അതിഥി	ഡി 14	അസ്മിതം	ആ 19
അതിഥിപൂജ	സെ 30	അഹിംസ	ഫെ 6
അതീന്ദ്രിയം	ഡി 22	അഹൈതുകം	ജൂല 18
അധ്യയനം	സെ 13	ആഗമം	സെ 14
അധ്യാത്മയോഗം	മെ 18	ആചരണം	ഡി 10
അധ്യാത്മവിദ്യ	ഡി 16	ആചാരം	മെ 30
അധ്യാസം	ജൂല 7	ആൽമരം	ജ 10
അനസൂയ	ഒ 22	ആത്മനിവേദനം	ജൂല 31
അനുഭവം	ജ 24	ആത്മവിജയം	മാ 22
അനുമാനം	ആ 4	ആദാനം	ജ 8
അന്തര്യാമി	ഏ 26	ആദിപുരുഷൻ	ഏ 8
അന്വേഷണം	മാ 7	ആനന്ദം	മാ 10
അപരവിദ്യ	ഏ 27	ആനന്ദം	ഏ 24
അപരാഭക്തി	ജൂല 19	ആന്തരശാന്തി	മാ 25
അപരിഗ്രഹം	ഫെ 10	ആരണ്യകം	ഏ 17
അഭിനിവേശം	ആ 22	ആർജ്ജവം	ജൂ 11
അഭ്യാസം	ഡി 24	ആര്യവൃത്തൻ	മെ 19
അരണ്യാശ്രമം	ഡി 27	ആർഹതൻ	മാ 3
അരുണം	ജ 18	ആശ്രമം	മാ 26
അർച്ചനം	ജൂല 27	ആസനം	ആ 26
അശ്മശനസ്യ	ഡി 11	ആസുരീസമ്പത്തി	ന 9
അവതാരം	ഡി 25	ഇരുണം	ജൂ 16
അവിദ്യ	മെ 5	ഇഷ്ടകർമ്മം	ന 20

* ജ–ജനുവരി; ഫെ–ഫെബ്രുവരി; മാ–മാർച്ച്; ഏ–ഏപ്രിൽ; മെ–മെയ്; ജൂ–ജൂൺ; ജൂല–ജൂലായ്; ആ–ആഗസ്റ്റ്; സെ–സെപ്റ്റംബർ; ഒക്ടോബർ; ന–നവംബർ; ഡി–ഡിസംബർ

ഇഷ്ടദേവത ആ 30
ഈശാവാസ്യം ജൂ 27
ഈശ്വരൻ ഏ 29
ഈശ്വരപൂജ സെ 29
ഉത്തിഷ്ഠത ന 4
ഉദാരത മാ 12
ഉപനിഷത്ത് ഏ 18
ഉപമാനം ആ 5
ഉപരതി സെ 7
ഉപവാസം ന 13
ഉപാസനം സെ 20
ഉപേക്ഷ ഫെ 29
ഋതം ഏ 10
ഏകം ഏ 7
ഏകാന്തത ജൂല 17
ഏകാഗ്രത മാ 11
ഐശ്വരം ജൂല 3
ഓർമ്മ ആ 17
കണ്ണുനീർ ഫെ 13
കരച്ചിൽ ജ 11
കരുണ ഫെ 27
കർപ്പൂരാരതി ന 16
കർമ്മം ജ 28
കർമ്മസന്ന്യാസം ഒ 2
കർമ്മാധ്യക്ഷൻ ഏ 30
കാന്താസക്തി ഒ 18
കാലം ജൂ 7
കീർത്തനം ജൂല 24
കുരിശ് ഫെ 12
കൈവല്യം ആ 10
ക്രമമുക്തി ജൂ 12
ക്ലേശം ആ 18
ക്ഷേത്രം ന 28
ഗായത്രി ഏ 1
ഗുണമാഹാത്മ്യം ഒ 11
ഗുരു സെ 18
ഗുരുനാഥൻ മാ 1
ഗുരൂപാസത്തി ജൂല 8
ഗുരുപൂജ സെ 26
ഗൃഹപതി ഏ 4
ചതുർത്ഥം മാ 21
ചിത്ത് ഏ 23
ചിത്തശുദ്ധി ആ 23
ചിത്തവൃത്തി ആ 12
ജപമാല ന 26
ജയം ഫെ 2
ജാഗരണം മെ 1
ജാഗ്രത മാ 2
ജീവന്മുക്തൻ മെ 17
ജീവാത്മാവ് ഏ 19
ജ്ഞാനം ജ 26
ജ്ഞാനദർശനം മാ 23
തജ്ജലൻ ഏ 21
തന്ത്രം ഒ 10
തപസ്സ് ജ 31
തപസ്യ ഏ 12
തമസോ മാ ഡി 19
തമോയോഗ്യം ജൂല 2
താദാത്മ്യാസക്തി ഒ 20
തിതിക്ഷ സെ 8
തിരുമുമ്പിൽ ജ 13
തിരോഭാവം ജൂ 22
തീർത്ഥം സെ 28
തീർത്ഥങ്കരൻ ജൂല 10

തീർത്ഥസപ്തകം ന 18
തീർത്ഥാടനം ജ 22
തുരീയം മെ 4
തൃതീയം മാ 20
തൃപ്തി ജ 6
തൃദണ്ഡി മെ 20
തൃഷ്ണ ഫെ 14
തൈലധാര സെ 24
ത്യാഗം മെ 31
ത്രയം ഡി 30
ത്രിഗുണം ആ 9
ദക്ഷിണ ഡി 12
ദമം മെ 7
ദമം സെ 6
ദയ മെ 8
ദർശനം ജ 9
ദാനം മെ 10
ദാസ്യം ജൂല 29
ദാസ്യാസക്തി ഒ 15
ദുഃഖം ഫെ 11
ദൂതൻ ഏ 6
ദേയം ഡി 3
ദേവയജ്ഞം ഒ 4
ദേവയാനം ഏ 15
ദേശികൻ ഡി 21
ദൈവം ജ 1
ദൈവീസമ്പത്തി ന 8
ദ്വിതീയം മാ 19
ദ്വേഷം ആ 21
ദ്വേഷം ഡി 2
ധർമ്മം ഫെ 25
ധർമ്മം ഒ 25
ധർമ്മമൂലം ഡി 7
ധാതാവ് മെ 25
ധാരണ ആ 29
ധ്യാനം ജ 15
ധ്യാനം സെ 1
ധ്യാനാത്മകത ജ 29
ധ്യാനലീനത്വം ജ 20
നടൻ ന 2
നദി ആ 13
നമസ്ക്കാരം ജൂല 22
നരയജ്ഞം ഒ 8
നാമജപം ആ 31
നിത്യം ജൂ 29
നിത്യകർമ്മം മേ 21
നിദിധ്യാസനം സെ 23
നിദ്ര ആ 16
നിവർത്തകം ന 12
നിവേദനാസക്തി ഒ 19
നുള്ളണം മെ 27
നേതി, നേതി ജൂ 24
നേട്ടം ജ 7
പക്ഷികാം ഏ 9
പതി ജൂ 19
പഞ്ചകോശം ഏ 25
പരമപ്രേമം ജൂല 16
പരമവിരഹം ഒ 21
പരമാത്മാവ് ഏ 20
പരവിദ്യ ഏ 28
പരിവ്രാജകൻ മാ 27
പരിശുദ്ധി ജ 16
പശു ജ 20
പാദസേവനം ജൂല 26
പാശം ജൂ 21

പിതൃയജ്ഞം ഒ 6
പിതൃയാനം ഏ 14
പുഞ്ചിരി ജ 10
പുഷ്ടിമാർഗ്ഗം ജൂല 5
പൂജ ഒ 13
പൂർത്തകർമ്മം ന 21
പൂർണ്ണാവതാരം ന 27
പ്രജ്ഞാനം മേ 12
പ്രത്യക്ഷം ആ 3
പ്രത്യാഹാരം ആ 28
പ്രണവം ഒ 30
പ്രഥമം മാ 18
പ്രപത്തി മേ 16
പ്രമാ ആ 1
പ്രമാണം ആ 2
പ്രമേയം ആ 8
പ്രവചനം സെ 16
പ്രാണ പ്രതിഷ്ഠ ജൂ 12
പ്രാണായാമം ആ 27
പ്രായശ്ചിത്തം മേ 29
പ്രിയംവദ ഒ 23
പ്രേയസ്സ് മേ 6
ബദ്ധം ജൂല 1
ബന്ധം ജ 12
ബലം മാ 8
ബോധിചിത്തൻ മാ 14
ബോധിസത്വൻ മാ 13
ബ്രഹ്മലക്ഷണം മേ 26
ബ്രഹ്മചര്യം ഫെ 9
ബ്രഹ്മജിജ്ഞാസ ഡി 23
ബ്രഹ്മഭാവന മേ 13
ബ്രഹ്മയജ്ഞം ഒ 5
ബ്രഹ്മവിദ്യ ന 6
ബ്രഹ്മസംസ്ഥൻ ജൂല 15
ബ്രാഹ്മണം ഏ 16
ഭക്തി ജ 27
ഭജനം ജൂല 21
ഭസ്മാന്തം നവ 22
ഭാഗ്യം ജ 3
ഭൂതയജ്ഞം ഒ 5
ഭൂമി ഡി 9
മത്സ്യം ഒ 27
മദം ഡി 5
മനനം സെ 22
മനഃപ്രസാദം ന 14
മനസ്സാരം ജൂ 26
മന്ത്രം ഒ 9
മമത ഒ 1
മരുഠം ജൂ 17
മർക്കടൻ ജൂ 2
മഹാമൗനം ജൂ 23
മാതൃപൂജ സെ 27
മാതൃസമം ഡി 28
മാത്സര്യം ഡി 6
മാനസം ന 25
മാനസസ്നാനം ന 19
മ ഫലേഷു ഡി 31
മായ മേ 15
മാർഗ്ഗം ജൂ 35
മാർജ്ജാരൻ ജൂ 1
മാധുര്യം ജൂല 4
മിഥ്യ ന 11
മുക്തം ജൂ 30
മുദിത ഫെ 28

മുനി ഡി 17
മുമുക്ഷുത്വം സെ 11
മുഹൂർത്തം ജൂല 13
മൂന്ന് മാ 31
മൃത്യോർ മാ ഡി 20
മോഹം ഡി 4
മൈത്രി ഫെ 26
യജ്ഞം ഒ 3
യജ്ഞാർത്ഥം ന 30
യമം—നിയമം ആ 25
യോഗം ആ 11
യോഗാഗ്നി ന 30
രാഗം ആ 20
രാഗം ഡി 1
രൂപം ഒ 12
ലയം ജ 5
ലയം ജൂ 12
ലോകാനുവർത്തനം മാ 16
ലോകോത്തരം മാ 15
ലോഭം ഡി 3
വചനം മേ 23
വന്ദനം ജൂല 28
വന്ദേമാതരം ഡി 8
വരം ഫെ 1
വാഗ്ഭൂഷണം ന 1
വാങ്മയം ന 24
വാത്സല്യാസക്തി ഒ 17
വാമനൻ ഒ 31
വായന ജ 19
വികല്പം ആ 15
വിജ്ഞാനം മേ 11
വിദ്യ ജ 25
വിപര്യയം ആ 14
വിവേകം സെ 3
വിശ്വാസം ജ 14
വിശ്വാസം ന 10
വൃക്ഷം ജൂ 9
വേദം മാ 28
വൈദികം ആ 7
വൈരാഗ്യം സെ 4
വൈശ്വദേവം ഡി 29
വ്യവഹാരം സെ 17
വ്യാപാരന്യാസം ജൂല 20
വ്രതം ജൂല 11
ശത്രുക്കൾ മാ 4
ശബ്ദം ആ 6
ശബ്ദം സെ 21
ശബ്ദം ഒ 26
ശമം സെ 5
ശരണം ഗച്ഛാമി ഫെ 23
ശരീരം ന 15
ശാന്തി ജ 8
ശാന്തി മാ 9
ശാരീരം ന 23
ശിവം ഏ 2
ശീലം മാ 17
ശിശു ഒ 28
ശിഷ്യൻ സെ 19
ശ്രദ്ധ ഏ 13
ശ്രദ്ധ സെ 9
ശ്രദ്ധായജ്ഞം മെ 28
ശ്രവണം ജൂല 23
ശ്രുതി മാ 29
ശ്രേയസ്സ് മെ 7

സംഘം ഫെ 24
സംയമം ജ 21
സംയമം മാ 6
സംസ്ക്കാരം ജ 18
സംസ്ക്കാരം മെ 24
സഖ്യം ജൂല 30
സഖ്യാസക്തി ഒ 16
സൽസംഗം സെ 25
സത്ത്് ഏ 22
സത്യം ഫെ 7
സത്യം ഏ 11
സത്യം ജയതി ന 5
സത്വശുദ്ധി ആ 24
സന്ധ്യാവന്ദനം ന 29
സന്ന്യാസം ജൂല 14
സന്ന്യാസം ഡി 26
സമാധാനം സെ 10
സമാധി സെ 2
സമ്പത്തികരം ന 7
സംബോധി മാ 5
സമ്യക്കർമ്മം ഫെ 18
സമ്യക്ചാരിത്രം ഫെ 5
സമ്യക്ജ്ഞാനം ഫെ 4
സമ്യക്ദർശനം ഫെ 3
സമ്യക്ദൃഷ്ടി ഫെ 15
സമ്യക്‌വാക്യം ഫെ 17
സമ്യക്സങ്കല്പം ഫെ 16
സമ്യക്സമാധി ഫെ 22
സമ്യക്സ്മൃതി ഫെ 21
സമ്യഗ്‌വ്യായാമം ഫെ 20
സമ്യഗാജീവം ഫെ 19
സർവ്വഭാവന മെ 14
സഹനം ജ 4
സാക്ഷി മെ 22
സാധകൻ ഒ 24
സാധന ജൂ 28
സാധു ജ 30
സാധുദർശനം ന 17
സാമീപ്യം ജൂ 4
സായുജ്യം ജൂ 6
സാരഥി ന 3
സാരൂപ്യം ജൂ 5
സാലോക്യം ജൂ 3
സിദ്ധി ജൂല 9
സിദ്ധികരം മാ 24
സുഷുപ്തി മെ 23
സൃഷ്ടി ജൂ 13
സേവാനന്ദം ജൂല 6
സ്ഥിതപ്രജ്ഞൻ സെ 12
സ്ഥിതി ജൂ 14
സ്നേഹം ജ 2
സ്മരണം ജൂല 25
സ്മരണാസക്തി ഒ 14
സ്മൃതി മാ 30
സ്വപ്നം മെ 2
സ്വാധ്യായം സെ 15
ഹംസം ജ 23

തിരുത്തു്

താഴെക്കാണിച്ചിരിക്കുന്നവ ഇങ്ങനെ തിരുത്തുക.

ജ.	18	വരി	24	സ്നേഹിക്കുക
ജ	22	വരി	13	വഴിനടക്കുക
മാ.	8	വരി	17	ലഭിക്കുന്നതായി
മാ.	12	വരി	26	പ്രയോജനം
ഏ.	4	വരി	12	ദൈവികകാര്യങ്ങൾ
ഏ.	8	വരി	23	ദൈവത്തിനുവേണ്ടി അപ്പിക്കുക
ഏ.	17	തലക്കെട്ടു്		ആരണ്യകം
ഏ.	26	വരി	17	നിന്നെ സൃഷ്ടിച്ച
ഏ.	27	വരി	10	പണിതുതീർത്താൽ
ഏ.	27	വരി	20	അതാണു് പരവിദ്യ
ഏ.	27	വരി	22	ജീവിക്കുന്നതാണു് പരവിദ്യ
ഏ.	27	വരി	32	അതാണു് പരവിദ്യയുടെ
മെ.	30	വരി	21	വിചാരശൂന്യമായ
ജൂല,	25	വരി	19	മൂക്കിൽക്കൂടി ശ്വാസം
ജൂല.	2	വരി	27	വിസ്മരിക്കാതിരിക്കുക
ജൂല.	8	വരി	28	എത്ര പറഞ്ഞാലും
ജൂല.	10	വരി	24	ജീവിതസ്ഥിതി വരിച്ചിട്ടു്
ജൂല.	19	വരി	2	ഇതു് ഭക്തിയുടെ
ജൂല.	21	വരി	32	വച്ചുതന്നു്

രണ്ടാംവത്തിക്കാൻ കൌൺസിലിൽ

പ്രേഷിതപ്രവർത്തനം, ന. 18

''തൻെറ സുവിശേഷം പ്രസംഗിക്കപ്പെടുന്നതി നുമുമ്പുതന്നെ പല പുരാതന സംസ്ക്കാരങ്ങളിലും താപസപരവും ധ്യാനപരവുമായ പാരമ്പര്യങ്ങളുടെ ബീജങ്ങൾ ദൈവം നിക്ഷേപിച്ചിട്ടുണ്ടെന്നിരിക്കെ, അവയെ എങ്ങനെ ക്രൈസ്തവസന്ന്യാസത്തിലേയ്ക്കു കൈക്കൊള്ളാം എന്നു് സന്ന്യാസസമൂഹങ്ങൾ ശ്രദ്ധാ പൂർവം ചിന്തിക്കേണ്ടതാണു്.''

മാനസപൂജ

നാഥാ! എല്ലാം മറന്നു്, അങ്ങയെമാത്രം ഓർത്തു്, ഈ തൃക്കോവിലിൽ ഞാൻ മാനസപൂജയ്ക്കായി ഭജനമിരിക്കുന്നു!

പ്രഭോ! എൻെറ ജീവിതഭാരം ഒന്നാകെ ഇത്തിരിനേരം അങ്ങേ തൃപ്പാദപത്മങ്ങളിൽ ഞാൻ ഇറക്കിവയ്ക്കട്ടെ. ശാന്തിദമായ അങ്ങേ തൃക്കൺകടാക്ഷത്തിന്നായി ഞാൻ ദാഹിക്കുന്നു. എൻെറ അഞ്ചിന്ദ്രിയങ്ങളും അങ്ങിൽ ധാരണയുള്ളതാകണം. ഹൃദയം അങ്ങേ തിരുവചനാമൃതം നുകർന്നുനിറയട്ടെ. മനോബുദ്ധികൾ അങ്ങിൽ ധ്യാനലീനമാകണം. ഞാനാകെ അങ്ങേ ദിവ്യാകാരദർശനത്തിൽ സമാധികൊണ്ടിരിപ്പാൻ തിരുവരമേകണേ!

ദേവാ! എൻെറ സർവ്വസ്വവുമേ, അങ്ങേ വിട്ടു് ഞാൻ എവിടെപ്പോകും? നിത്യജീവൻെറ വചനം അങ്ങുമാത്രമാണു്. എന്നെ കടാക്ഷിക്കൂ; കനിഞ്ഞനുഗ്രഹിക്കൂ. അങ്ങയെ ഞാൻ സാഷ്ടാംഗംവീണു് പ്രണമിക്കുന്നു; കൈകൂപ്പി നമസ്കരിക്കുന്നു. അങ്ങേയ്ക്കു ഞാൻ അർച്ചന ചെയ്യുന്ന ഈ ധ്യാനമാലിക കൈരണ്ടും നീട്ടി സ്വീകരിച്ചാലും. നാഥാ, നമസ്ക്കാരം; പ്രഭോ, ആരാധന; ദേവാ, സമർപ്പണം; യേശുവെ, ധ്യാനാർച്ചന!

ദൈവം

എല്ലാം നേടിയിട്ടും ദൈവത്തെ നഷ്ടപ്പെട്ട മനുഷ്യനെപ്പററി ചിന്തിച്ചു നോക്കുക. വാസ്തവത്തിൽ അയാൾ ഒന്നും നേടിയില്ല; അയാൾ നിഴലുകളെ തേടിനടന്ന മനുഷ്യനെപ്പോലെയായിരുന്നു. ജീവിതത്തിൽ ദൈവം മാത്രം മതി എന്നു നാം ഇടയ്ക്കിടെ പറയാറുണ്ട്. ദൈവത്തെ ലഭിച്ചവനു് എല്ലാം ലഭിച്ചുകഴിഞ്ഞു. God alone suffices എന്നു് അമ്മ ത്രേസ്യാ പറഞ്ഞിട്ടുണ്ടു്. ഇതു് നാം വ്യക്തമായി ധ്യാനിച്ചു മനസ്സിലാക്കേണ്ട വലിയൊരു സത്യമാണു്. സത്യത്തിൽ നിലനില്ക്കുന്നതായി ദൈവം മാത്രമേയുള്ളൂ. മററുള്ളവയെല്ലാം കഴിഞ്ഞുപോകുന്നു. എന്നാൽ ഈ സത്യം വാക്കുകൊണ്ടു പറഞ്ഞാൽ മാത്രം നമുക്കു ബോധ്യമാകുന്നതല്ല. എത്ര പഠിച്ചാലും വായിച്ചാലും അതു വേണ്ടവിധം നമ്മുടെ മനസ്സിൽ പതിയില്ല. പതുക്കെപ്പതുക്കെ അതു നമുക്കു ജീവിതത്തിൽ അനുഭവമാകണം. ഒരു നൂറായിരം തരത്തിൽ ദൈവം ഇതു നമുക്കു അനുഭവപ്പെടുത്തിത്തരും. ആഴമായ സത്യങ്ങൾ പലപ്പോഴും അനുഭവംകൊണ്ടേ നാം പഠിക്കൂ. നമ്മുടെ ആരോഗ്യം കുറേശ്ശെ ക്ഷയിച്ചുക്ഷയിച്ചു വരും. മരണഭീതി നമ്മിൽ ഏറിയേറി വരും. നാം വളർത്തിയെടുത്ത ആളുകൾപോലും നമ്മെ കാര്യമാക്കാതെ വരും; ചിലപ്പോൾ അവർ നമുക്കെതിരായിത്തിരിയും; നമ്മെ കാര്യമറിയാതെ തെററിദ്ധരിക്കും; നാം മനസ്സിൽ കരുതാത്ത കാര്യംപോലും അവർ നമ്മെപ്പററി പറയും. ചിലപ്പോൾ നാം ഒരിക്കലും പ്രതീക്ഷിച്ചിരിക്കാത്തവ നമ്മുടെ ജീവിതത്തിൽ സംഭവിക്കും. ചിലർ അറിഞ്ഞുകൊണ്ടും നമ്മെ ഉപദ്രവിച്ചെന്നിരിക്കും. ഇങ്ങനെ നൂറായിരം വഴികളിലൂടെ ദൈവം നമ്മിൽ പ്രവർത്തിച്ചു്, 'ദൈവം മാത്രമാണു് സത്യം; ദൈവം മാത്രമാണു് നമുക്കാവശ്യം' എന്ന കാര്യം അവിടുന്നു് നമ്മെ ബോധ്യപ്പെടുത്തും. ദൈവം മാത്രമാണു് കാര്യപ്പെട്ടതു് എന്നു് അനുഭവത്തിൽനിന്നും നമുക്കു ബോധ്യം വരും. ഇതു ബോധ്യമായി വരുന്നതുതന്നെ വലിയൊരു അനുഗ്രഹമായി നാം കരുതിക്കൊള്ളണം. ഈ പരമാർത്ഥം എത്രയും നേരത്തേ നാം മനസ്സിലാക്കുന്നുവോ, അത്രയ്ക്കും നമുക്കു നല്ലതു്. ദൈവമാണു് സത്യം; ലോകം മിഥ്യ. ദൈവം എല്ലാമാണു്. ദൈവമുണ്ടെങ്കിൽ എല്ലാമുണ്ടു്; ഇല്ലെങ്കിൽ ഒന്നുമില്ല. ദൈവമാണു് പൂർണ്ണത; ദൈവമില്ലെങ്കിൽ എല്ലാം അപൂർണ്ണമായിരിക്കും. പൂർണ്ണത ഭാഗ്യവും അപൂർണ്ണത ദുഃഖവുമാണു്.

സ്നേഹം

ദൈവം സ്നേഹമാകുന്നു. സ്നേഹമില്ലാത്തിടത്ത് ദൈവമില്ല. ദൈവമില്ലാത്തിടത്ത് സ്നേഹവുമില്ല. സ്നേഹത്തിലേയ്ക്കു നയിക്കാത്തതൊന്നും ദൈവികമല്ല. ദൈവത്തിലൂടെ മാത്രമേ നമുക്കു ദൈവത്തെ അനുഭവിക്കാനൊക്കൂ. ദൈവത്തെ പ്രതി നാം മനുഷ്യരേയും, മനുഷ്യരിലൂടെ നാം ദൈവത്തേയും സ്നേഹിക്കണം. മനുഷ്യനും ദൈവവുമാണ് സ്നേഹമാകുന്ന കാന്തദണ്ഡിന്റെ രണ്ടു ധ്രുവങ്ങൾ. തന്റെ സ്നേഹം നമ്മെ അറിയിക്കാൻ ദൈവം ചില വ്യക്തികളെ പ്രത്യേകമായി നമ്മോടു ബന്ധപ്പെടുത്തുന്നു. മനുഷ്യരെ പരസ്പരം സ്നേഹത്തിൽ ബന്ധിക്കുന്നതു ദൈവമാണ്. പരസ്പരം സഹായിച്ചും, ആശ്വസിപ്പിച്ചും, പ്രാർത്ഥിച്ചും, ആലംബമേകിയും, ത്യാഗമനുഷ്ഠിച്ചും, ഉള്ളുതുറന്ന് സ്നേഹിച്ചുകൊണ്ട് ആ വ്യക്തികൾ ഒരുമിച്ച് ദൈവത്തിലേയ്ക്കുടുക്കുന്നു. ദൈവത്തിന്റെ കരം തങ്ങളെ ത്യാഗത്തിനും സ്നേഹത്തിനുമായി ബന്ധിച്ചിരിക്കുന്നു എന്ന സത്യം മറക്കാതിരുന്നാൽ, എത്രയോ ഗാഢമായി അവർക്കു പരസ്പരം സ്നേഹിക്കാനും, ആലംബമേകാനും ആശ്വസിപ്പിക്കാനും വളർത്താനും കഴിയും. വാസ്തവത്തിൽ ദൈവം നമ്മിൽ ഉറപ്പിക്കുന്ന സ്നേഹം, നാം നമ്മുടെ സ്വാർത്ഥതകൊണ്ടും ത്യാഗക്കുറവുകൊണ്ടും കെടുത്തിക്കളയാതിരുന്നാൽ, എത്രയോ ആഴത്തിൽ നമുക്കു സ്നേഹത്തിൽ വളരാൻ കഴിയും. സ്നേഹം ഒരേസമയം ദൈവികവും മാനുഷികവുമാണ്. ജീവിതത്തിനു വായുവും വെള്ളവും പോലെ, ദൈവികവും മാനുഷികവുമായ വശങ്ങൾ നമ്മുടെ സ്നേഹത്തിനാവശ്യമാണ്. ദൈവം ഹൃദയത്തിൽ വിതച്ച് വിരിയിക്കുന്ന സ്നേഹത്തെ മനുഷ്യർ കാര്യമായി ദൈവിക ബുദ്ധിയോടുകൂടി പരിപോഷിപ്പിച്ചിരുന്നെങ്കിൽ, സന്യാസത്തിൽപ്പോലും എത്രയോ സ്വസ്ഥതയോടെ ആളുകൾ ജീവിക്കുമായിരുന്നു! സ്നേഹമില്ലാത്തിടമാണ് സാക്ഷാൽ നരകം; സ്നേഹമുള്ളിടം സ്വർഗ്ഗവും. സ്നേഹംകൊണ്ട് ലോകത്തെപ്പോലും സ്വർഗ്ഗമായി മാററാം. സ്നേഹം സമം ദൈവം സമം സ്വർഗ്ഗം.

ഭാഗ്യം

വാസ്തവത്തിൽ ദൈവത്തിൽനിന്നും എത്രയോ ദാനങ്ങളാണ് നമുക്കു കിട്ടിയിട്ടുള്ളത്. എന്നാൽ കിട്ടിയ കാര്യങ്ങൾ എളുപ്പം മറന്നുപോകുക, കിട്ടാത്ത കാര്യങ്ങൾ മറക്കാതെ കൃത്യമായി ഓർത്തിരിക്കുക—ഇതാണ് പലപ്പോഴും മനുഷ്യന്റെ പ്രകൃതി. ദൈവം സന്ന്യാസത്തിലേയ്ക്കു നമ്മെ സ്നേഹപൂർവ്വം കൈപിടിച്ചു നടത്തിക്കൊണ്ടുവന്ന്, എന്തെല്ലാം കാര്യങ്ങൾ നമുക്കു കനിവോടെ നല്കിയിരിക്കുന്നു! എല്ലാ ദിവസവും അവിടുന്നു തന്നെത്തന്നെ നമുക്കു തരുന്നു! സന്ന്യാസം വരിച്ചതുമൂലം എത്രയോ ആളുകൾക്കു അറിഞ്ഞും അറിയാതെയും ഓരോരോ തരത്തിൽ ഉപകാരം ചെയ്യാൻ നമുക്കു കഴിഞ്ഞു. നമ്മോടു പ്രത്യേകിച്ച് യാതൊരു ബന്ധവുമില്ലാതിരുന്ന എത്രയോ ആളുകൾക്കു പരിമിതമായ തോതിൽ ആണെങ്കിൽപ്പോലും പല തരത്തിലുള്ള ഉപകാരങ്ങൾ ചെയ്യാൻ ഇതിനകം നമുക്കോരുത്തർക്കും കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, സന്ന്യാസത്തിൽ വന്നതുകൊണ്ട് നമുക്കു നഷ്ടപ്പെട്ട കാര്യങ്ങളുടെ ഓർമ്മ ഇടയ്ക്കിടയ്ക്കു നമ്മെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. എന്നാലും നാം അസ്വസ്ഥരാകരുത്. നമുക്കു ഭാഗ്യമല്ലാതെ യാതൊരു നഷ്ടവും സന്ന്യാസത്തിൽ വന്നതുകൊണ്ടുണ്ടായിട്ടില്ല എന്നതാണ് പരമാർത്ഥം. കാരണം ദൈവത്തിനുവേണ്ടി നാം ചെയ്യുതു മാത്രമെ അവസാനം നിലനില്ക്കൂ. ബാക്കിയെല്ലാം കഴിഞ്ഞു പോകുന്നുവെന്ന് ഓരോ ദിവസം കഴിയുംതോറും നമുക്കു കൂടുതൽ കൂടുതലായി ബോധ്യപ്പെടും. ലോകമല്ല, ദൈവമാണ് നിലനില്ക്കുക. സന്ന്യാസത്തിലെ ഏററവും വലിയ ഭാഗ്യം ദൈവത്തിനുവേണ്ടി, കുറെ ചെയ്യാൻ കഴിഞ്ഞു എന്നതുമാത്രമല്ല; ദൈവത്തെ നേടാൻ കഴിഞ്ഞു എന്നതു തന്നെയാണ്. 'ദൈവമില്ലാത്തതാണ് ഏററവും വലിയ ദുരന്തം! ദൈവത്തെ ലഭിച്ചവന് എല്ലാം ലഭിച്ചു. അവിടുത്തെ നഷ്ടപ്പെട്ടവന് എല്ലാം നഷ്ടപ്പെട്ടു. ദൈവം നമ്മുടെ സർവ്വസ്വവുമാണ്.

സഹനം

സഹിക്കുക ആക്കും ഇഷ്ടമല്ല, സഹനമല്ല, സന്തോഷമാണ് എല്ലാവരും ആഗ്രഹിക്കുന്നത്. വേദന എല്ലാവക്കും വിഷമമാണ്. കണ്ണീർ, കരയുന്നവനും കാണുന്നവനും ഒരു പോലെ അസഹ്യമാണ്. എന്നാൽ പലപ്പോഴും സന്തോഷത്തെക്കാൾ നമുക്കു യഥാത്ഥത്തിൽ ഉപകാരം ചെയ്യുന്നത് സഹനം തന്നെയാണ്. പ്രത്യേകിച്ച്, മററുള്ളവക്കുവേണ്ടി നാം ത്യാഗബുദ്ധിയോടെ സഹിച്ചിട്ടുള്ള വേദനകൾ. അവ നമ്മുടെ ജീവിതത്തിനു് പ്രത്യേക തരത്തിലുള്ള ഒരു ഘനവും ഗാംഭീര്യവും അഴകും അത്ഥവും നല്കുന്നു. അതുകൊണ്ട് മററുള്ളവക്കുവേണ്ടി വേദനിക്കേണ്ടി വരുമ്പോൾ, എന്നല്ലാ മററുള്ളവർ നമ്മെ വേദനിപ്പിക്കുമ്പോൾപ്പോലും നാം അതിരു കടന്നു് അസ്വസ്ഥരാകരുതു്. മററുള്ളവക്കുവേണ്ടി ഒന്നും സഹിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻെറ ജീവിതം എത്രയോ ഉപരിപ്ലവവും കനം കുറഞ്ഞതുമാണ്. വാസ്തവത്തിൽ യേശുവിൻെറ ജീവിതത്തിൻെറ വിശേഷതതന്നെ, അതു് മററുള്ളവക്കുവേണ്ടി താൻ ത്യാഗപൂർവ്വം സഹിച്ച വേദനകളുടെ ഒരു സമാഹാരമായിരുന്നു എന്നതത്രെ. സന്തോഷങ്ങൾ നമ്മെ പലപ്പോഴും ഉപരിപ്ലവജീവികളാക്കി നിറുത്തുകയേ ഉള്ളൂ. വേദനയിലൂടെയാണ് ജീവിതത്തിനു ആഴമായ വേരോട്ടമുണ്ടാകുന്നതു്. അവ നമ്മെ, പക്വതയുള്ളവരും ത്യാഗശീലരും ഉദാരമനസ്കരും സഹനശക്തിയുള്ളവരുമാക്കിപ്പകത്തും; മററുള്ളവരുടെ വേദന അറിയാൻ മാത്രം ഹൃദയവിശാലതയുള്ളവരാക്കിത്തീർക്കും. വാസ്തവത്തിൽ, നാം നമുക്കുവേണ്ടി സന്തോഷിച്ചതൊക്കെ ഒരുനാൾ പൊയ്പോകും. ദൈവത്തിനും മനുഷ്യക്കുംവേണ്ടി നാം ത്യാഗപൂർവ്വം സഹിച്ചവമാത്രം നിലനിൽക്കും. അവ മാത്രം എന്നും നമ്മെ ദൈവത്തോടും മനുഷ്യരോടും ചേർത്തുനിറുത്തും. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി സഹിച്ചിട്ടുള്ളവക്കു് ദൈവത്തേയും മനുഷ്യരേയും മറക്കാൻ കഴിയില്ല.

ലയം

എല്ലാവരും എല്ലായിടത്തും അവനവൻെറ കാര്യം മാത്രം അന്വേഷിക്കുന്നു. സ്വന്തം കാര്യം നോക്കുന്നതിൽ എല്ലാവക്കും നല്ല ഉണർവ്വും ഉത്സാഹവുമുണ്ട്. ഈശോമിശിഹായുടെ കാര്യം മാത്രം അന്വേഷിക്കാൻ ആളില്ല. നമ്മുടെ കാര്യങ്ങൾ നടക്കാതാകുമ്പോൾ നാം അസ്വസ്ഥരാകുന്നു. അറിഞ്ഞോ അറിയാതേയോ നാം വ്യഗ്രത പുലത്തുന്നതു് നമ്മളെപ്പററിത്തന്നെയാണു്. യേശുവിൻെറ കാര്യങ്ങൾ നടക്കാതെ കിടക്കുന്നതിനെപ്പററി ആക്കും ഒരു പരാതിയുമില്ല. സന്ന്യാസത്തിൽ വന്നിട്ടു് നമുക്കെന്തു കിട്ടി, എത്രമാത്രം ഉയരാൽ സാധിച്ചു, എത്രമാത്രം പഠിക്കാൻ സാധിച്ചു എന്നൊക്കെയാണു് പലപ്പോഴും നാം ചിന്തിച്ചു പോകുന്നതു്. വാസ്തവത്തിൽ നാം സന്ന്യാസത്തിൽ ചേൎന്നിട്ടുള്ളതു് നമ്മുടെ കാര്യം നോക്കാനല്ല; ഇരുപത്തിനാലു മണിക്കൂറും യേശുവിൻെറ കാര്യങ്ങളെപ്പററി വ്യഗ്രത കൊള്ളുന്നതിനാണു്. അവിടുത്തെ പാദാന്തികത്തിൽ ചെന്നിരുന്നു്, അവിടുത്തെ തിരുവചനങ്ങൾ സ്നേഹപൂർവ്വം കേട്ടുകൊണ്ടിരിക്കുന്നതിനെക്കാൾ ഭാഗ്യകരമായി മറെറന്താണുള്ളതു്! ആലോചിച്ചു നോക്കിയാൽ, പ്രാത്ഥനയെന്നതു് എത്രയോ ഭാഗ്യകരമായൊരു അനുഭവമാണു്! നമ്മെത്തന്നെ മറന്നു് നമ്മുടെ സർവ്വദുഃഖങ്ങളും മറന്നു്, എല്ലാം മറന്നു്, ദൈവത്തെ സ്നേഹപൂർവ്വം കേട്ടുകൊണ്ടിരിക്കുക! എത്രയോ ശാന്തവും മധുരവും ലളിതവും മോക്ഷദവുമായ അനുഭവം! ദൈവത്തിൽ കണ്ണുമടച്ചു് ലയിച്ചിരിക്കുക. നമ്മുടെ ചിന്തയും പ്രവർത്തനങ്ങൾക്കും അപ്പോൾ മുമ്പില്ലാതിരുന്നൊരു ആജ്ജവവും ആകർഷത്വവും കിട്ടും. ദൈവം ഉള്ളിലുള്ളപ്പോൾ എല്ലാററിനും ഒരു വിശേഷത കൈവരുന്നു. ദൈവത്തിൽ ലയിച്ചിരിക്കുന്നതിലേറെ ഭാഗ്യകരമായി മറെറന്താണുള്ളതു്! ദൈവം ഉള്ളിലുള്ള ആത്മാവു് അനുഭവിക്കുന്ന മാധുരിയും സ്വസ്ഥതയും ഒന്നു വേറെ തന്നെ.

തൃപ്തി

എന്തു കിട്ടിയാലും തൃപ്തിയില്ലാത്ത മനുഷ്യനെ എല്ലാവരും വെറുക്കും. കിട്ടിയവകൊണ്ടു് തൃപ്തിപ്പെടാൻ പഠിക്കുന്നതു് വളരെ വലിയൊരു കലയാണു്. ഇതു് പഠിച്ചിട്ടുള്ള ആരംക്ക ഏതു സാഹചര്യത്തിലും സമാധാനമായും സന്തോഷമായും ജീവിക്കുവാൻ സാധിക്കും. അതാണു് വിജയം. ഓരോ ദിവസവും അനേകം കാര്യങ്ങരം നാം നമുക്കും നമ്മുടെ സുഖസന്തോഷങ്ങരംക്കുമായി ചെയ്തുകൂട്ടുന്നു. സുഖത്തിനു പിറകെയാണു് എല്ലാ മനുഷ്യരും ഇടമുറിയാതെ ഓടിക്കൊണ്ടിരിക്കുന്നതു്. തീയിൽ എണ്ണ ഒഴിക്കുംപോലെയാണു് സുഖങ്ങരം നേടി നമ്മെത്തന്നെ പ്രസാദിപ്പിക്കാൻ പരിശ്രമിക്കുന്നതു്. എത്രയൊക്കെ കിട്ടിയാലും മതിവരാത്തതാണു് മനുഷ്യ പ്രകൃതി. മനുഷ്യക്കെന്നല്ല, ദൈവത്തിനുപോലും നമുക്കു മതിയാവോളം തന്നു് നമ്മെ പ്രസാദിപ്പിക്കാൻ സാധ്യമല്ലെന്ന മട്ടിലാണു് നമ്മുടെ വിചാരവും പ്രവൃത്തിയുമെല്ലാം. എത്ര കിട്ടിയാലും മനുഷ്യനു തൃപ്തിയില്ല. ആലോചിച്ചു നോക്കിയാൽ കണക്കില്ലാത്ത ദാനങ്ങരം ദൈവം നമുക്കു നല്കിക്കഴിഞ്ഞിട്ടുള്ളതായിക്കാണാം. എന്നിട്ടും തൃപ്തിവരാതെ, 'ഇനിയും തരിക, തരിക' എന്നു മാത്രമെ ദൈവത്തോടുപോലും നമുക്കു പറയാനുള്ളൂ. കിട്ടുന്നതുകൊണ്ടു് മനുഷ്യനു തൃപ്തി വരില്ല. ത്യാഗംകൊണ്ടു മാത്രമെ യഥാത്ഥത്തിലുള്ള സംതൃപ്തിയുണ്ടാകൂ. നാം ദൈവത്തിനുവേണ്ടിയും മനുഷ്യക്കുവേണ്ടിയും അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങളും വരിച്ചിട്ടുള്ള നഷ്ടങ്ങളും എന്നെന്നും നമ്മുടെ സന്തോഷമായി നിലനില്ക്കും. നമുക്കുവേണ്ടി അനുഭവിച്ചിട്ടുള്ള സ്വാത്ഥസുഖങ്ങരം നമ്മുടെ മരണത്തോടെ അവസാനിക്കും. മരണശേഷം അവ മററുള്ളവർ ഓക്കുകകൂടിയില്ല. ദൈവത്തിനുവേണ്ടിയും മററുള്ളവക്കുവേണ്ടിയും നാം ചെയ്തിട്ടുള്ളവയെ, നമ്മുടെ മരണശേഷവും ദൈവവും മനുഷ്യരും ഓത്തിരിക്കും. അവ നമുക്കു നിലയ്ക്കാത്ത സന്തോഷത്തിനു കാരണമായി എന്നെന്നും നിലനില്ക്കുകയും ചെയ്യും.

നേട്ടം

സ്നേഹത്തിൻെറ മാഹാത്മ്യത്തെപ്പററി പുകഴ്ത്തിപ്പറയാത്ത മതങ്ങളും ശാസ്ത്രങ്ങളുമില്ല. നാം അനുദിനം അനേക കാര്യങ്ങൾ ചെയ്യുന്നുണ്ട്; എങ്കിലും സർവ്വപ്രധാനമായ കാര്യം പലപ്പോഴും മറന്നുപോകുന്നു. നാം എന്തൊക്കെ ചെയ്താലും, എത്ര തന്നെ ചെയ്താലും, സ്നേഹമില്ലെങ്കിൽ പ്രയോജനമൊന്നുമില്ല. എത്രമാത്രം ചെയ്തു എന്നതല്ലാ എത്രയധികം സ്നേഹിച്ചു എന്നതാണ് പ്രധാനമായ കാര്യം. ഒരു പക്ഷെ, നമ്മുടെ സേവനങ്ങളുടെയും സ്ഥാപനങ്ങളുടെയും മുഖ്യമായ പരാജയം ഇവിടെയാകാം. മററുള്ളവരെ, പ്രത്യേകിച്ച് നമ്മുടെ സ്നേഹവും പരിചരണവും കൂടുതൽ ആവശ്യമുള്ള ദരിദ്രരെ സേവിക്കുക എന്ന ലക്ഷ്യം പലപ്പോഴും മറന്ന്, നമ്മുടെ പേരിനും പെരുമയ്ക്കും പോരുന്ന കെട്ടിടങ്ങളും പ്രസ്ഥാനങ്ങളും കെട്ടിപ്പൊക്കുന്നതിനുള്ള അവസരങ്ങളായി നമ്മുടെ സേവനങ്ങൾ തരംതാണു പോകുന്നു. ആത്മാർത്ഥമായ സ്നേഹവും ശുശ്രൂഷയും എല്ലാ കാര്യങ്ങൾക്കും അലൗകികമായൊരു വശ്യതയും വിശേഷതയുമേകുന്നു. സ്നേഹിക്കുക എല്ലാവരേയും സ്നേഹിക്കുക. ത്യാഗപൂർവ്വം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക. ത്യാഗം, ശുശ്രൂഷ ഇവ രണ്ടുമാണ് സ്നേഹത്തിൻെറ മാററുരയ്ക്കാനുള്ള രണ്ടു കല്ലുകൾ. കഴിയുന്നത്ര നന്മ—നല്ല വാക്ക്, നല്ല പെരുമാററം, സഹായം, സഹകരണം—മററുള്ളവർക്കുവേണ്ടി ചെയ്യുക. വാസ്തവത്തിൽ ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ത്യാഗപൂർവ്വം ചെലവഴിച്ചൊരു ജീവിതത്തിനേ വിലയുള്ളു. ഒരു കാര്യം തീർച്ചയാണ്. നാം നമ്മുടെ സ്വന്തം കാര്യങ്ങൾക്കുവേണ്ടി ദൈവത്തെയും മനുഷ്യരെയും മറന്ന് ചെലവഴിച്ച നിമിഷങ്ങളൊക്കെ നമുക്കു എന്നേയ്ക്കുമായി നഷ്ടപ്പെട്ടു കഴിഞ്ഞു. നമ്മെ മറന്ന്, ദൈവത്തെയും മനുഷ്യരെയും ഓർത്ത് അവർക്കുവേണ്ടി നാം ത്യാഗപൂർവ്വം ജീവിച്ച നിമിഷങ്ങളൊക്കെയും, ഇനി ഒരിക്കലും നഷ്ടപ്പെടാത്ത വിധത്തിൽ, നാം എന്നേയ്ക്കുമായി നേടിക്കഴിഞ്ഞു. പൊന്നും വെള്ളിയുമല്ല, ദൈവവും മനുഷ്യരുമാണ് നമ്മുടെ നേട്ടം.

ACHARYA PALACKAL JEEVAPRAKASH KENDRAM
LIBRARY
9943
ALUVA

ശാന്തി

എല്ലാം മനുഷ്യരും ആഗ്രഹിക്കുന്നതു് ശാന്തിയെയാണു്. എന്നിരുന്നാലും നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുന്ന ഒരു നൂറായിരം കാര്യങ്ങൾ ഓരോ ദിവസവും നമ്മിൽത്തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. പൂർണ്ണമായ സ്വസ്ഥത ഈ ജീവിതത്തിൽ ആർക്കും തന്നെ ഉണ്ടാകുകയില്ല. ദുഃഖങ്ങൾ, നിരാശകൾ, പരാജയങ്ങൾ, എതിർപ്പുകൾ, നിരാകരണങ്ങൾ, നിസ്സഹകരണങ്ങൾ എന്നിങ്ങനെ അനേകമനേകം കാര്യങ്ങൾ നമ്മുടെ മനസ്സിനെ ഓരോരോ തരത്തിൽ എന്നും ഭാരപ്പെടുത്തിക്കൊണ്ടിരിക്കും. മനസ്സിനു ഭാരം വരുമ്പോൾ നാം തളരുന്നു. സന്തോഷമായി സംസാരിക്കാൻ നമുക്കു മടുപ്പാകുന്നു. ക്ഷമിക്കാനും സഹിക്കാനും ചിരിക്കാനും നമുക്കു പ്രയാസമാകുന്നു. മററുള്ളവരോടു് ഉദാരമായി പെരുമാറാൻ നമുക്കു ഉന്മേഷം തോന്നാതാകുന്നു. ത്യാഗപൂർവ്വം പെരുമാറാൻ വിരസത തോന്നുന്നു. ആകെപ്പാടെ ജീവിതംതന്നെ ഭാരമായിപ്പകരുന്നു. മനസ്സിൻെറ ശാന്തതയില്ലാത്തപ്പോൾ പ്രവർത്തനങ്ങൾ ആകർഷകമാവില്ല. എന്നാൽ മനസ്സിൻെറ ശാന്തത തിരികെക്കിട്ടാൻ പ്രാർത്ഥനപോലെ ഫലപ്രദമായ മററൊരു മാർഗ്ഗമില്ല. ഇതു് തത്വംകൊണ്ടല്ല, അനുഭവംകൊണ്ടു് അറിയേണ്ട ഒരു പരമാർത്ഥമാണു്. തിരുനാഥൻെറ മുമ്പിൽച്ചെന്നു് ധ്യാനപൂർവ്വം കണ്ണുകളടച്ചിരിക്കുക. കർത്താവാകുന്നു ഹൃദയത്തിൻെറ ശാന്തി. കർത്താവു് നമ്മുടെ ഹൃദയത്തിൽ സ്പർശിക്കുമ്പോൾ, അവാച്യമായ മാധുരിയും ശാന്തതയും നമുക്കനുഭവപ്പെടുന്നു. ദൈവമില്ലാതെ ഒരു മനുഷ്യനും സമാധാനമുണ്ടാകില്ല. ദൈവത്തെ കൂടാതെ സമാധാനമുണ്ടാക്കാനാണു് പലപ്പോഴും നാം പരിശ്രമിക്കുന്നതു്. ദൈവത്തിനു മാത്രമെ നമുക്കു സമാധാനം നല്കാനാവൂ. കർത്താവിൻെറ മുമ്പിൽ തുറന്ന ഹൃദയവുമായി നില്ക്കുക. അവിടുത്തെ ശ്രവിക്കുക; ശ്രദ്ധിക്കുക. അവിടുന്നു നിൻെറ ഹൃദയത്തെ സ്പർശിക്കും. കർത്താവിൻെറ ശാന്തി കൈവരുമ്പോൾ എല്ലാം മധുരവും ലഘുവുമായിപ്പകരും. കർത്താവിൻെറ മാധുരി അനുഭവിച്ചുമാത്രം അറിയേണ്ട ഒന്നാണു്; പറഞ്ഞറിയിക്കേണ്ട കാര്യമല്ല.

ദർശനം

ആന്തരിക ദശ്നമില്ലെങ്കിൽ, പുറമെയുള്ള കാഴ്ചകരം കണ്ട തുകൊണ്ട് ഒരു പ്രയോജനവുമില്ല. ഉരംക്കാഴ്ചയില്ലാത്ത മനുഷ്യൻ ഉപരിവിപ്ലവജീവിയാണ്. ഭാരതീയരുടെ കഠോപനിഷത്തിൽ ഒരു കാര്യം പറയുന്നുണ്ട്. ദൈവം ഇന്ദ്രിയങ്ങളെ പുറമേയ്ക്കു തുറന്നിരിക്കുന്നവയായി സൃഷ്ടിച്ചു. അതിനാൽ ഉള്ളിലേയ്ക്കു തിരിഞ്ഞ് ഉള്ളിലെ കാര്യങ്ങരം അറിയാൻ അവയ്ക്കു കഴിയുന്നില്ല. കണ്ണുകൊണ്ട് കണ്ണിനുപുറമെയുള്ള കാര്യങ്ങളല്ലാതെ, ശരീരത്തിനകത്തുള്ള കാര്യങ്ങരം നാം കാണുന്നില്ല. ചെവികൊണ്ട് പുറമെയുള്ള ശബ്ദങ്ങളല്ലാതെ, ഉള്ളിൽ ഹൃദയം സ്പന്ദിക്കുന്ന ശബ്ദം നാം കേരംക്കുന്നില്ല. അതിനാൽ ആത്മാവിൻെറ ആത്മാവായി–പരമാത്മാവായി–നമ്മുടെ ഉള്ളിലിരിക്കുന്ന ദൈവത്തെ കാണാൻ ഇന്ദ്രിയങ്ങരംകൊണ്ടുള്ള കാഴ്ചയും കേരംവിയും പോരാ. അതിനാൽ യഥാൎത്ഥത്തിൽ വിവേകിയായ മനുഷ്യൻ ഇന്ദ്രിയവിഷയങ്ങളിൽ നിന്നെല്ലാം പിൻതിരിഞ്ഞു്, ഉള്ളിലിരിക്കുന്ന ദൈവത്തെ ധ്യാനമനനാദി മാൎഗ്ഗങ്ങരംകൊണ്ട് കാണാൻ യത്നിക്കുന്നു. ഉള്ളിലെ സത്യം കാണുന്നതാണ് ശരിയായ കാഴ്ച. ഇതിനു ധ്യാനദശ്നം എന്നു പറയാം. ധ്യാനം കൂടാതെ ആന്തരിക ദശ്നം അഥവാ ഉരംക്കാഴ്ചയുണ്ടാവില്ല. ഉള്ള കാണാതെ പുറം മാത്രം കാണുന്ന മനുഷ്യനു ആഴമില്ല, അറിവുമില്ല. അതിനാൽ ധ്യാനിക്കുന്ന മനുഷ്യനേ ആഴമുള്ള ആത്മീയജ്ഞാനമുണ്ടാകൂ. ആത്മജ്ഞാനമില്ലെങ്കിൽ മററ് അറിവുകളെല്ലാം നിഷ്ഫലമാണ്. അതിനാൽ നമുക്കു മറെറന്തെല്ലാം അറിവുകളും ബിരുദങ്ങളും ഉണ്ടായാലും, ധ്യാനം ഒരുനാളും ഉപേക്ഷിക്കാവുന്നതല്ല. ധ്യാനിക്കുന്ന മനുഷ്യൻെറ കാഴ്ചയ്ക്കു നമ്മുടെ കാഴ്ചയ്ക്കില്ലാത്ത അഴകും ആഴവുമുണ്ടാകും. ധ്യാനിക്കാത്ത മനുഷ്യനു് പക്വമായ വീക്ഷണമുണ്ടാവില്ല. പതവും പാകതയും വരാത്ത അറിവ് നിഷ്പ്രയോജനമാണ്. ഉള്ളിലിരിക്കുന്ന ദൈവത്തെ ധ്യാനംകൊണ്ടുമാത്രമെ അറിയാൻ പററൂ.

പുഞ്ചിരി

പുഞ്ചിരി ലളിതമെങ്കിലും അത്ഭുതകരമായ ഒരു മാനുഷിക രഹസ്യമാണ്. ഒരിക്കലും ചിരിക്കാത്തൊരു മനുഷ്യനെപ്പററി ചിന്തിച്ചുനോക്കുക! പിടികിട്ടാത്തൊരു പ്രശ്നമായിരിക്കും അ യാൾ. ബുദ്ധിയുള്ള മൃഗം എന്നാണ് മനുഷ്യന് സാധാരണ പറയുന്ന നിർവ്വചനം. അതു് ശരിയുമാണ്. എന്നാൽ, ചി രിക്കുന്ന മൃഗം എന്ന നിർവ്വചനവും മനുഷ്യനു ചേർന്നതുതന്നെ യാണ്. മനുഷ്യനു ചിരിക്കാൻ സാധിക്കുന്നതിൻെറ കാരണം അവൻെറ ബുദ്ധിതന്നെയാണ്. ഈ ലോകത്തിലുള്ള ലക്ഷോ പലക്ഷം മൃഗങ്ങളിൽ, ചിരിക്കാനുള്ള കഴിവ് മനുഷ്യനുമാത്ര മെയുള്ളൂ. ചിരി മനുഷ്യനെ മനുഷ്യനാക്കുന്നു. ഒരിക്കലും ചി രിച്ചിട്ടില്ലാത്തൊരു മനുഷ്യനെ ഭാവന ചെയ്തു നോക്കുക. പ്രസ ന്നമായ സമീപനമാണ് നമ്മുടെ പെരുമാററത്തെ മാനുഷികമാ ക്കുന്നതു്. വ്യഥകളേയും വിരോധങ്ങളേയും ഒരു ചെറുപുഞ്ചി രിയോടെ നേരിടുക. അപ്പോൾ അവയ്യൊന്നിനും നിന്നെ കീ ഴ്പ്പെടുത്താൻ കഴിവില്ലാതെയാകും. ദേഷ്യപ്പെടാൻ, പരുഷ മായി സംസാരിക്കാൻ, നിസ്സഹകരിക്കാൻ, ധിക്കരിക്കാൻ, ഒഴിഞ്ഞുമാറാൻ, എതിരിടാൻ—ഇങ്ങനെയെല്ലാം തോന്നു മ്പോൾ ഒരു ചെറുപുഞ്ചിരിയോടെ ശാന്തമായി പെരുമാറുക. അത്ഭുതാവഹമായ മാററങ്ങൾ അതുമൂലം നിനക്കു നിന്നിൽത്ത ന്നെ അനുഭവപ്പെടും. പുഞ്ചിരി മനസ്സിനെ ശാന്തമാക്കും. ബു ദ്ധിയെ തെളിച്ചമുള്ളതാക്കും. ഹൃദയത്തെ മധുരമാക്കും. വി കാരങ്ങളെ ശീതളമാക്കും. പുഞ്ചിരിക്കുന്ന മനുഷ്യൻെറ വിശേ ഷതയും വശ്യതയും ഒന്നു വേറെതന്നെ. പുഞ്ചിരിക്കുന്ന മുഖ ത്തെ എല്ലാവരും ഇഷ്ടപ്പെടുന്നു. അസംതൃപ്തമായ വദനത്തെ എല്ലാവരും ഒഴിഞ്ഞുമാറുന്നു. അറുപതോ എഴുപതോ കൊല്ലം ഈ ഭൂമിയിൽ ജീവിച്ചിട്ടും, മററുള്ളവക്കു നിന്നെ ഇഷ്ടപ്പെടുന്നി ല്ലെങ്കിൽ അതു് വലിയൊരു കഷ്ടവും നഷ്ടവും തന്നെയാണ്. അങ്ങനെ വരാതിരിക്കാനുള്ള എളുപ്പവഴിയാണ് പുഞ്ചിരി. പുഞ്ചിരി പൂത്തിരി പോലെയാണ്. അതു് പ്രകാശവും ആഹ്ലാ ദവും ഒരുമിച്ച് ഉളവാക്കുന്നു.

കരച്ചിൽ

ഒരിക്കലും കരഞ്ഞിട്ടില്ലാത്തവർ ആരാണുള്ളത്! കരയാനുള്ള കഴിവില്ലായിരുന്നെങ്കിൽ, ദുഃഖം ഉള്ളിൽ വീർപ്പുമുട്ടിക്കിടന്ന് പണ്ടേയ്ക്കുപണ്ടേ നാം മരിച്ചുപോകുമായിരുന്നു. ചിരിപോലെ കരച്ചിലും മനുഷ്യനു മാത്രമുള്ളൊരു കഴിവാണ്. ഒരിക്കലും കരഞ്ഞിട്ടില്ലാത്തൊരു മനുഷ്യൻ മനുഷ്യനേയല്ല. എന്നാൽ സ്വന്തം വേദനയിൽ കരയാൻ മൃഗത്തിനും സാധിക്കും. മററൊരാൾ വേദനിക്കുന്നതോർത്ത് കരയാനുള്ള കഴിവ് മനുഷ്യനുമാത്രമേയുള്ളു. മററുള്ളവരോട് സഹതാപമുള്ള മനുഷ്യനാണ് ശരിയായ മനുഷ്യൻ. പൊറുക്കാനും ക്ഷമിക്കാനും ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനും കഴിയുന്ന മനുഷ്യനെ എല്ലാവരും സ്നേഹിക്കുന്നു. വിഷമങ്ങളിലും സംശയങ്ങളിലും നാം അങ്ങനെയുള്ളവരുടെ പക്കലേയ്ക്കു ഓടിപ്പോകുന്നു. യേശുവിനെ ആളുകൾ ഇഷ്ടപ്പെട്ടതു് ഈ ഗുണം കൊണ്ടാണ്. മററുള്ളവരെ മനസ്സിലാക്കുക. അവരോട് കരുണയോടുകൂടി പെരുമാറുക. കർത്താവിൻെറ അപാരമായ കരുണയെപ്പററി ആലോചിച്ചു നോക്കുക. എല്ലാ മനുഷ്യർക്കും തെററുപററാം. തെററുപററുന്നവരോടും ക്ഷമയായും കരുണയായും പെരുമാറുക. സ്നേഹവും കരുണയുമാണ് മററുള്ളവരെ ആകർഷിക്കുക. യേശു പാപിനിയായ സ്ത്രീയോട് എത്രയോ അനുകമ്പാർദ്രമായി പെരുമാറി. മററുള്ളവരോട് ശാന്തമായും ശാലീനമായും സംസാരിക്കുക. സ്നേഹവും ശാന്തതയും മൂലം മററുള്ളവർ നമ്മെ ഇഷ്ടപ്പെടും. പരുഷമായ വാക്കുകളും കരുണയില്ലാത്ത പ്രവൃത്തികളും നമ്മെ മററുള്ളവരിൽ നിന്നും അകററുകയേയുള്ളു. വിശാലഹൃദയമില്ലാതെ, എല്ലായിടത്തും തെററും കുററവും മാത്രം കാണുന്നവരെ മററുള്ളവർ വെറുക്കും. മുറിവുള്ളിടത്ത് നല്ല ശമറായക്കാരനെപ്പോലെ സമാശ്വാസത്തിൻെറ തൈലം പുരട്ടുക. വേദനയുള്ളിടത്ത് യേശു ചെയ്തതുപോലെ സുഖപ്പെടുത്തുന്ന വാക്കുകൾ ഉച്ചരിക്കുക. എല്ലാവർക്കും നിന്നെ എളുപ്പത്തിൽ സമീപിക്കാൻ സാധിക്കണം. യേശു ചെറിയ മനുഷ്യനായ സക്കേവൂസിൻെറ പക്കലേയ്ക്കു ഇറങ്ങിച്ചെന്നതിനെപ്പററി ചിന്തിക്കുക. മററുള്ളവരുടെ വേദനകളിൽ സഹതപിക്കുന്ന മനുഷ്യനെ എല്ലാവരും സ്നേഹത്തോടെ സമീപിക്കും.

ബന്ധം

ജീവിതം ബന്ധനമല്ല, ബന്ധങ്ങളാണ്. ബന്ധങ്ങളില്ലാത്ത ജീവിതം ജീവിതമേയല്ല. മററുള്ളവരോട് ബന്ധപ്പെടാതെ നമുക്കൊന്നും ചെയ്യാൻ പററില്ല. എന്നാലും നാമത് മറക്കുന്നു. ഒററയ്ക്കൊററയ്ക്കു പ്രവർത്തിക്കാൻ എല്ലാവർക്കും താല്പര്യമാണ്; എളുപ്പവുമാണ്. സഹകരിച്ചു പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണ്. ഒററയ്ക്കൊററയ്ക്കിരിക്കുമ്പോൾ ഓരോരുത്തനും പുണ്യവാനാണെന്നൊരു ചൊല്ലുണ്ട്. രണ്ടുപേർ ഒരുമിച്ചുവസിച്ചാൽ ശല്യവും ശണ്ഠയുമായി. മനുഷ്യൻ മററുള്ളവരോട് ബന്ധപ്പെട്ട് ജീവിക്കേണ്ടൊരു ജീവിയാണ്. മനുഷ്യൻ ഒരു സമൂഹജീവിയാണ്. മനുഷ്യനു മാത്രമേ വീടും നാടും കുടുംബവുമുള്ളൂ. അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, അമ്മാവൻ, അമ്മായി തുടങ്ങി ബന്ധങ്ങളെ കാണിക്കുന്ന പദങ്ങൾ മനുഷ്യനെക്കുറിച്ചുമാത്രമേ നാം പറയാറുള്ളു. പട്ടിയുടേയോ കോഴിയുടേയോ അമ്മാവനെക്കുറിച്ചോ അമ്മാവിയെക്കുറിച്ചോ വീടിനെക്കുറിച്ചോ നാടിനെക്കുറിച്ചോ നാമാരും പറയാറില്ല. ബന്ധങ്ങൾ മനുഷ്യനുമാത്രമുള്ളതാണ്. ബന്ധങ്ങൾ ബന്ധനങ്ങളല്ല. അതിനാൽ നിൻെറ കൂടെയുള്ളവരോട് ബന്ധപ്പെട്ടുവേണം നീ ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും. കുടുംബബന്ധങ്ങൾ പോലെ യഥാർത്ഥവും ആഴപ്പെട്ടതുമാണ് നിൻെറ സന്യാസകുടുംബത്തോടും നിനക്കുള്ള ബന്ധങ്ങൾ. ആ ബന്ധങ്ങളെ ആദരിക്കുക. സ്നേഹവും ശുശ്രൂഷയും കൊണ്ടു മാത്രമേ ബന്ധങ്ങളെ വളർത്താൻ പററൂ. സഹകരിച്ചും സ്നേഹമായും പ്രവർത്തിക്കുന്നവർക്കു മാത്രമേ ബന്ധങ്ങൾ കാക്കാൻ കഴിയൂ. നിൻെറ സന്യാസസഭാംഗങ്ങളെ അനാദരിക്കുകയും ധിക്കരിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന പെരുമാററം നിൻെറ പക്കൽനിന്ന് ഒരുനാളും ഉണ്ടാകാതിരിക്കട്ടെ. ആയിരം ആളുകൾ എന്നെ വിഷമിപ്പിച്ചാലും, ഞാൻ മൂലം ഒരാൾക്കുപോലും വിഷമം വരരുതെന്ന നിർബ്ബന്ധം നിനക്കുണ്ടാകണം. സംസാരത്തിലും ചിന്തയിലും പ്രവർത്തനത്തിലും സ്നേഹത്തോടെ സന്തോഷമായി പെരുമാറിയാൽ നിനക്ക് അത് സാധിക്കും. ദൈവത്തോടും മനുഷ്യരോടും ബന്ധപ്പെട്ടു ജീവിക്കുന്നവനാണ് സന്യാസി. സന്യാസം ബന്ധനമല്ല, ബന്ധമാണ്.

തിരുമുമ്പിൽ

മററുള്ളവരുടെ സഹായം തേടുന്നവർക്കും സഹകരിച്ചു പ്രവർത്തിക്കാൻ താല്പര്യമില്ല. കൂടെ, ഒന്നിച്ചു വസിക്കുന്നവരോടു പോലും നാം സഹകരിച്ച് പ്രവർത്തിക്കാറില്ല. എന്നാൽ മനുഷ്യരോടു മാത്രമല്ല നാം സഹകരിക്കാതിരിക്കുന്നത്. പലപ്പോഴും ദൈവത്തോടും നാം നിസ്സഹകരിക്കുന്നു. ഇക്കാര്യം പലപ്പോഴും നമ്മുടെ ഓർമ്മയിൽ വരാതെ പോകുകയും ചെയ്യുന്നു. ദൈവം സ്നേഹസ്വരൂപനാകയാൽ, ശാന്തമായും മൃദുലമായുമാണ് നമ്മിൽ പ്രവർത്തിക്കുക. അന്ധമായും ക്ഷമകെട്ടും അവിടുന്ന് യാതൊന്നും പ്രവർത്തിക്കുന്നില്ല. പ്രാർത്ഥനയുടെ ഏകാന്തനിമിഷങ്ങളിൽ അവിടുന്ന് ശാന്തമൃദുലമായി നമ്മോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. പക്ഷെ പ്രാർത്ഥിക്കാത്ത മനുഷ്യനു് അവിടുത്തെ കേൾക്കാൻ എങ്ങനെ കഴിയും? എത്രയോ പ്രാവശ്യം ദൈവം നമ്മെ കാത്തിരുന്ന് മടുത്തിട്ടുണ്ടാകണം! തൻെറ സ്നേഹമാധുരി നമ്മെ അനുഭവിപ്പിക്കാൻ ദിവ്യസക്രാരിയിൽ രാപകൽ കാത്തുകഴിയുന്ന ദൈവം! പക്ഷെ, നാം അതൊന്നും വകവയ്ക്കാതെ, നമ്മുടെ സുഖവും സന്തോഷവും തേടി ഓരോരോ കാര്യങ്ങൾക്കായി അവിടെയും ഇവിടെയും അലഞ്ഞുനടക്കുന്നു. ഇങ്ങനെ ദൈവത്തെ വിട്ട്, നിഴലുകളെ തേടി ഓടി അലയുന്ന നാം, ദൈവത്തോട് സഹകരിക്കുന്നുവെന്ന് എങ്ങനെ ആത്മാർത്ഥമായി പറയാനാവും? കർത്താവിൻെറ തിരുമുമ്പിൽ ചെന്ന് അവിടുത്തെ തിരുമുഖം ദർശിച്ച് അനുധ്യാനപൂർവ്വം അവിടെ ഇരിക്കുക. സ്നേഹപ്രകരണങ്ങൾ സാവധാനത്തിൽ ധ്യാനപൂർവ്വം മന്ത്രിച്ചുകൊണ്ടിരിക്കുക. ആത്മാവിൻെറ നിശ്ശബ്ദശാന്തിയിൽ അങ്ങേ ദിവ്യമാധുരി നുകർന്നുകൊണ്ടിരിക്കുക. നിൻെറ ആത്മാവിൽ ദൈവാനുഭവത്തിൻെറ അത്ഭുതങ്ങൾ വിരിയുന്ന അനുഭവം നിനക്കുണ്ടാകും. ജീവിതത്തെക്കുറിച്ച് ദിവ്യവും നവ്യവുമായൊരു വീക്ഷണം അതോടെ നിനക്കു കൈവരും. ദൈവികതയെക്കാൾ സ്വച്ഛവും സമാകർഷകവുമായി മറെറന്താണുള്ളത്. അതു് പയ്യെപ്പയ്യെ നിൻെറ ഹൃദയത്തിൽ വാർന്നുവീണു നിറയും.

വിശ്വാസം

സ്നേഹത്തിൽനിന്നാണ് വിശ്വാസം ഉടലെടുക്കുന്നത്. നമ്മെ ഏററവുമധികം സ്നേഹിക്കുന്നത് ദൈവമാണ്. അതിനാൽ നമുക്ക ഏററവുമധികം വിശ്വാസമുണ്ടാകേണ്ടതും ദൈവത്തിലാണ്. സന്ന്യാസം എന്ന പദത്തിനു നിക്ഷേപിക്കുക എന്നതാണർത്ഥം. സന്ന്യാസികൾ തങ്ങളെത്തന്നെ ദൈവത്തിൽ നിക്ഷേപിച്ചിരിക്കുന്നു. ദൈവത്തിനുള്ള മനുഷ്യൻെറ ആത്മദാനമാണ് സന്ന്യാസം. അടിമുടി ദൈവത്തിൽ ഉറച്ചിരിക്കേണ്ട മനുഷ്യനാണ് സന്ന്യാസി. ദൈവത്തിൽ വിശ്വസിക്കുക; ഉറച്ചു വിശ്വസിക്കുക. ഒന്നിനും – വിജയത്തിനോ പരാജയത്തിനോ, സുഖത്തിനോ ദുഃഖത്തിനോ, സന്തോഷത്തിനോ സന്താപത്തിനോ–നിന്നെ ദൈവത്തിൽനിന്നും വ്യതിചലിപ്പിക്കാനുള്ള ശക്തിയുണ്ടാകരുതു്. ദൈവം നിനക്കു എല്ലാമാണ് – ആദിയും മധ്യവും അന്ത്യവും. ദൈവം നിന്നെ സ്നേഹിക്കുന്നു; അനന്തമായി സ്നേഹിക്കുന്നു. അങ്ങനെയുള്ള ദൈവത്തിൽ നീ വിശ്വസിക്കാതിരിക്കുന്നതെങ്ങനെ! ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുക: അവിടുത്തോട് സർവ്വാത്മനാ ചേർന്നിരിക്കുക. ഭക്തന്മാരെ ഒരുനാളും ഉപേക്ഷിക്കാത്തവനാണ് ദൈവം. വ്യഥകളുണ്ടാകുമ്പോൾ, വേദനയുണ്ടാകുമ്പോൾ, ഓടി അങ്ങേ പാദാന്തികത്തിൽ ശരണം തേടി അഭയം പ്രാപിച്ചുകൊള്ളുക. അബ്രാഹം അചഞ്ചലമായ വിശ്വാസത്തിൻെറ മനുഷ്യനായിരുന്നു. തൻെറ എല്ലാമായിരുന്ന അരുമസുതനെ ബലിചെയ്യണമെന്നു വന്നപ്പോൾപ്പോലും, ദൈവത്തിലുള്ള അബ്രാഹത്തിൻെറ വിശ്വാസം ചഞ്ചലിച്ചില്ല. ദൈവത്തിൽ പാറപോലെ ഉറച്ചുനിന്ന മനുഷ്യൻ! തന്നെത്തന്നെ ദൈവത്തിൽ മുഴുവനായി നിക്ഷേപിച്ച മനുഷ്യൻ! അങ്ങനെയുള്ള മനുഷ്യനെ ദൈവം അപ്രതീക്ഷിതവും അത്ഭുതകരവുമായി രക്ഷിക്കുന്നു. ഉദാരതയിൽ ദൈവത്തെ വെല്ലുവാൻ ആർക്കാണ് കഴിയുക! നീ ദൈവത്തിൽ അചഞ്ചലമായി വിശ്വസിച്ചാൽ, നിനക്കുവേണ്ടി അത്ഭുതങ്ങൾപോലും ചെയ്യാൻ അവിടുന്ന് മടിക്കില്ല. തന്നിൽ വിശ്വസിക്കുന്നവനെ ദൈവം തള്ളുകയില്ല.

ധ്യാനം

നമ്മുടെ ഹൃദയത്തിൽ ദൈവം വസിക്കുന്നു. ഹൃദയത്തിൽ വസിച്ച് നമ്മോട്ട് സംസാരിക്കുന്ന ദൈവത്തെ നാം അറിയാതിരുന്നാലോ? അവിടുത്തോട് നാം സംസാരിക്കാതിരുന്നാലോ? സന്ന്യാസിയുടെ നിക്ഷേപം ദൈവമാണ്; ദൈവം മാത്രമാണ്. ദൈവമാണ് സാക്ഷാത്തായ ധനം. ദൈവത്തെ ഉറപ്പായി കയ്യടക്കുകകൊണ്ടു മാത്രമെ നാം ധന്യരാകൂ. എന്നാൽ പലപ്പോഴും ദൈവത്തെ നാം വിലയറിയാത്തവരെപ്പോലെ മറന്നു കളയുന്നു. അവിടുന്നു നഷ്ടപ്പെട്ടാലും, നമുക്കൊന്നും കാര്യമായി വരാനില്ലെന്ന മട്ടിൽ നാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവത്തെ മനസ്സിൽ ഭജിക്കുക. ഹൃദയത്തിൽ അവിടുത്തെ സംഗ്രഹിക്കുക. ദൈവമുണ്ടെങ്കിൽ നിനക്കു എല്ലാമുണ്ട്. ദൈവമില്ലെങ്കിൽ നിനക്കു ഒന്നുമില്ല. നിർമ്മലമായ ഭക്തികൊണ്ടു മാത്രമെ ദൈവത്തെ ഭജിക്കാൻ പററൂ. ദൈവത്തിൽനിന്നും അണുവിട വിഭക്തമാകാതെ, അവിടുത്തോട് സർവ്വാത്മനാ ചേർന്നിരിക്കുന്നതാണ് ഭക്തി. ഇതിനുള്ള പ്രധാന പോംവഴി ധ്യാനമാണ്. ധ്യാനശീലം ബുദ്ധിമുട്ടിത്തന്നെ സമാർജ്ജിക്കുക. തിരുമുമ്പിൽ ചെന്നിരുന്ന് സ്നേഹപൂർവ്വം ദൈവത്തെ ആത്മനാ കേൾക്കുക. ഇതിന്ന് ഭാരതീയർ ശ്രവണം എന്നു പറയുന്നു. കേട്ട തിരുവചനത്തെപ്പററി ശ്രദ്ധാപൂർവ്വം ചിന്തിക്കുക, ഇതിന്ന് മനനമെന്നു പറയുന്നു. ചിന്തിച്ചു മനസ്സിലാക്കിയ തിരുവചനത്തെ ഹൃദയത്തിൽ നിഷ്ഠാപൂർവ്വം ഉറപ്പിച്ചിരുത്തുക. ഇതിനു നിദിധ്യാസനമെന്നും പറയുന്നു. മനസ്സിനെ ഏകാഗ്രമാക്കി സ്നേഹപൂർവ്വം ദൈവത്തിൽ ഉറപ്പിച്ചു നിറുത്താതെ, ദൈവത്തെ നേടിയ അനുഭവമുണ്ടാകില്ല. ഹൃദയമാണ് ദൈവത്തിൻെറ യഥാർത്ഥത്തിലുള്ള വാസസ്ഥലം. ഹൃദയത്തിൽ കഴിയുന്ന ദിവ്യാതിഥിയെ സ്നേഹപൂർവ്വം സ്മരിക്കുക; ധ്യാനപൂർവ്വം അവിടുത്തെ ശ്രവിക്കുക. ദൈവത്തെ കേൾക്കാത്തവരാരും സമാധാനം അനുഭവിക്കില്ല. സമാധാനമില്ലെങ്കിൽ, ഒരു സമ്പത്തുകൊണ്ടും പ്രയോജനമില്ല ദൈവം എവിടെയുണ്ടോ, അവിടെ മാത്രമെ സമാധാനമുണ്ടാകൂ. ദൈവമാണ് സമാധാനം.

പരിശുദ്ധി

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് പാടി നാം ദൈവത്തെ സ്തുതിക്കുന്നു. ദൈവം പരിശുദ്ധിയാകുന്നു. അതിനാൽ നിർമ്മലമായ ഹൃദയത്തിലേ ദൈവത്തിനു വാഴാനാവൂ. പരിശുദ്ധിയില്ലാത്തിടം ദൈവത്തിനു ചേർന്നതല്ല. നിൻെറ ചിന്തകൾ പരിശുദ്ധമായിരിക്കണം. അപ്പോൾ നിൻെറ വാക്കുകളും പ്രവൃത്തികളും താനേ പരിശുദ്ധമായിക്കൊള്ളും. മനസ്സിൽ ദൈവത്തെ സ്നേഹപൂർവ്വം ഭജിച്ചുകൊണ്ടിരുന്നാൽ നിൻെറ ചിന്തകൾ താനെ പരിശുദ്ധമായിക്കൊള്ളും. മുല്ലപ്പൂമ്പൊടിയേററുകിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം എന്നു നാം ചൊല്ലാറില്ലേ! ഇതുപോലെത്തന്നെ, ദൈവത്തെ സംഗ്രഹിച്ചിരിക്കുന്ന മനസ്സിനും ദൈവികതയുടെ നൈർമ്മല്യവും സ്വച്ഛതയും കാണാതെ വരില്ല. സംസാരിക്കുമ്പോൾ ദൈവത്തെ ഓർക്കുന്ന മനുഷ്യൻെറ വാക്കുകൾക്കു് അയാൾ അറിയാതെ തന്നെ നന്മ, കരുണ, ശാന്തത, ശാലീനത എന്നീ ദൈവീകലക്ഷണങ്ങൾ തന്നെ കാണും. ദൈവത്തെ ഓർത്തുകൊണ്ടു് ചെയ്യുന്ന പ്രവർത്തികൾക്കും ദൈവികതയുടെ ലക്ഷണങ്ങൾ കാണും. ദൈവത്തെപ്പോലെ അയാളും എല്ലാവരേയും സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. പരുഷവും കഠിനവുമായ പെരുമാററം അയാളിലുണ്ടാവില്ല. എല്ലാവരോടും ക്ഷമിക്കാനും പൊറുക്കാനും അയാൾക്കു എളുപ്പമായിരിക്കും. ശത്രുക്കളെപ്പോലും അങ്ങനെയുള്ളയാൾ സ്നേഹിക്കുന്നു. എവിടേയും അയാൾ സ്വർഗ്ഗീയചൈതന്യം പ്രസരിപ്പിക്കുന്നു. അയാളുള്ളിടത്തു് സമാധാനം വാഴുന്നു; സ്വർഗ്ഗീയത വിടരുന്നു; പരിശുദ്ധി വിരിയുന്നു; ദൈവികത പ്രസരിക്കുന്നു. എത്രയോ ആകർഷകവും അമൂല്യവും ഹൃദ്യവുമായൊരു ജീവിതാനുഭവം! പക്ഷെ, ഇതുണ്ടാകണമെങ്കിൽ, ദൈവം ഹൃദയത്തിൽ വാഴണം. ദൈവത്തെ ഹൃദയത്തിൽ നാം സ്നേഹപൂർവ്വം ഭജിച്ചുകൊണ്ടിരിക്കണം. ഇതുതന്നെയാണു് പ്രാർത്ഥനയുടെ ഉദ്ദേശ്യം. പ്രാർത്ഥിക്കാത്ത മനുഷ്യനിൽ ദൈവം വാഴുന്നില്ലതന്നെ. ദൈവത്തെ സംവഹിക്കുന്ന മനുഷ്യരോടുകൂടി വസിക്കുക എത്രയോ ആനന്ദപ്രദമാണു്.

അസ്ഥിരം

യേശു ലോകാവസാനം വരെ എല്ലാ നാളുകളിലും നമ്മോടുകൂടി ഉണ്ടായിരിക്കും. അതിനുശേഷവും അവിടുന്ന് എന്നേയ്ക്കും നമ്മോടുകൂടി ഉണ്ടാകും. ബാക്കിയെല്ലാം കഴിഞ്ഞുപോകുന്നു; ദൈവം മാത്രം നിലനിൽക്കുന്നു. നാമാരും ജീവിക്കുകയല്ല, മരിച്ചുകൊണ്ടിരിക്കുകയാണ് എന്നത്രെ സത്യം. ഓരോ നിമിഷം കഴിയുംതോറും നാം നമ്മുടെ ശവക്കല്ലറയിലേയ്ക്കു അല്പാല്പമായി അടുത്തുകൊണ്ടിരിക്കുകയാണല്ലോ. ഇതൊരു സത്യമാണെങ്കിലും, ഇതു് മറന്നാണ് നാമെല്ലാവരും - മിക്കവരും - ജീവിക്കുന്നതു്. എന്നാൽ, ചിന്തിച്ചുനോക്കുമ്പോൾ ഈ സത്യത്തിൻെറ യാഥാർത്ഥ്യം കൂടുതൽ കൂടുതലായി നമുക്കു ബോധ്യപ്പെടുന്നതാണ്. വാസ്തവത്തിൽ, ദൈവത്തിനുവേണ്ടി നാം പ്രവർത്തിച്ചിട്ടുള്ളവ മാത്രമേ നിലനില്ക്കൂ. നമുക്കുവേണ്ടി നാം ചെയ്തിട്ടുള്ളവയൊക്കെ നമ്മുടെ മരണത്തോടെ അവസാനിക്കും. അതിനാൽ ഉള്ള സമയമത്രയും ദൈവത്തിനുവേണ്ടി ചിലവഴിക്കുന്നതിൽ നമുക്കു എത്രയോ താല്പര്യമുണ്ടായിരിക്കേണ്ടതാണ്. പ്രാത്ഥന, ധ്യാനം, ആത്മീയാഭ്യാസങ്ങൾ തുടങ്ങി ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന കാര്യങ്ങൾ എത്രയോ പ്രധാനപ്പെട്ടതും ഉപകാരപ്രദവുമാണെന്നു് ഇതിൽനിന്നും മനസ്സിലാക്കാം. ഉദാരതയിൽ ദൈവത്തെ വെല്ലുവാൻ ആക്കാണു് സാധിക്കുക! അവിടുത്തേയ്ക്കുവേണ്ടി നാം ചെലവഴിച്ചിട്ടുള്ള ഒരു നിമിഷംപോലും വൃഥാവിലായി എന്നു വരില്ല. പ്രാത്ഥിച്ചതിനെപ്പററിയും ദൈവത്തിനുവേണ്ടി ജീവിച്ചതിനെപ്പററിയും നമുക്കു ഒരിക്കലും, പ്രത്യേകിച്ച്, നമ്മുടെ മരണനേരത്തും ദുഃഖിക്കേണ്ടിവരില്ല. പ്രാത്ഥിക്കാതിരുന്നതിനെപ്പററി നമുക്കു ഏറെ ദുഃഖം അന്നേരം തോന്നുമെന്നതും തീർച്ചയാണ്. ദൈവത്തിനുവേണ്ടി ചെയ്യാത്തതൊന്നും നിലനിൽക്കില്ല തീർച്ച.

സംസ്കാരം

ബുദ്ധിയില്ലാത്ത മനുഷ്യൻ മൃഗത്തിനു സമമാണ്. ബുദ്ധിയുള്ള മൃഗം മനുഷ്യനുമാണ്. ബുദ്ധിയാണ് മനുഷ്യനിലെ മൃഗത്തെ മനുഷ്യനാക്കുന്നത്. മനുഷ്യനിൽ മഹത്തരമായ ഭാഗം അവൻെറ മനസ്സാണ്. മനസ്സിൻെറ സംസ്കാരമാണ് ഏററവും പ്രധാനപ്പെട്ടത്. ചിന്തകളുടെ ഇരിപ്പിടമാണ് മനസ്സ്. അതിനാൽ ഉന്നതമായ ചിന്തകളുള്ളവക്കേ സംസ്ക്കാരമുള്ള മനസ്സുണ്ടാകൂ. ഉന്നതമായ ചിന്ത എന്നു വച്ചാൽ ഗാഢവും ഗഹനവുമായ ചിന്ത എന്നല്ല അത്ഥം. ദൈവമാണല്ലോ ഏററവും ഉന്നതിയുള്ള ആൾ. ദൈവത്തിൻെറ ലക്ഷണം ഗഹനതയല്ല; സരളതയും പരിശുദ്ധിയും സ്നേഹവും കാരുണ്യവും നിറഞ്ഞവനാണ് ദൈവം. ചിന്തകളിൽ ലാളിത്യവും പവിത്രതയും പുലത്തുക. വക്രതയില്ലാതെ ജീവിക്കുകയും പെരുമാറുകയും ചെയ്യുന്നവക്കേ ഇതു സാധിക്കൂ. എല്ലാ പാപത്തിനടിയിലും ഒളിഞ്ഞിരിക്കുന്നത് മനുഷ്യൻെറ സ്വാത്ഥതയാണ്. നമുക്കുവേണ്ടിയല്ല നാം ചിന്തിക്കേണ്ടതും സംസാരിക്കേണ്ടതും പ്രവത്തിക്കേണ്ടതും. ദൈവത്തിനുവേണ്ടിയും മററുള്ളവക്കുവേണ്ടിയും ചിന്തിക്കുകയും സംസാരിക്കുകയും പ്രവത്തിക്കുകയും ചെയ്യുക. സ്നേഹത്തോടെ സംസാരിക്കുക. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും സ്നേഹത്തോടെ വ്യാപരിക്കുക. സ്നേഹമാണ് യഥാത്ഥമായ ഹൃദയസംസ്ക്കാരത്തിൻെറ ഒന്നാമത്തെ ലക്ഷണം. സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല. യേശുവിന് ആകപ്പാടെ നമ്മോടു പറയാനുള്ള കാര്യം ഇങ്ങനെ ഗ്രഹിക്കാം: ദൈവത്തെ പൂണ്ണമായി സ്നേഹിക്കുക; നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക? നിയമവും പ്രവാചകരുമെല്ലാം ഇപ്പറഞ്ഞതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തുമതസാരം സ്നേഹമാണ്.

വായന

ഒന്നും വായിക്കാത്ത മനുഷ്യൻെറ മനഃസ്സ് ഒരു തരത്തിൽ പ്രാകൃതമായിരിക്കും. വായന നമ്മെ വിജ്ഞാനമുള്ളവരാക്കും. വിജ്ഞാനമില്ലാതെ സംസ്കാരമില്ല. ഗ്രന്ഥങ്ങൾ സംസ്കാരമുള്ള മനുഷ്യൻെറ ഉത്തമ സഹചാരികളാണെന്നു പറയപ്പെടുന്നു. ഒരാൾ വായിക്കുന്ന പുസ്തകങ്ങളിൽനിന്നും അയാളുടെ സംസ്കാരം എങ്ങനെയുള്ളതെന്നു നമുക്കു മനസ്സിലാക്കാം. സദ്ഗ്രന്ഥങ്ങൾ നമ്മുടെ ബുദ്ധിയെ പോഷിപ്പിക്കുന്നു; ഹൃദയത്തെ പവിത്രമാക്കുന്നു. മനുഷ്യവിജ്ഞാനം സംഭരിച്ചുവെച്ചിരിക്കുന്ന നിക്ഷേപ പാത്രങ്ങളാണവ. അവയിൽ നിന്നും നീ മതിവരുവോളം പാനം ചെയ്യണം. ആത്മീയഗ്രന്ഥങ്ങൾ ശ്രദ്ധവച്ചു വായിക്കാതെ ഈശ്വരാനുഭവം ആഴപ്പെടുക ദുഷ്ക്കരമാണ്. വിശുദ്ധരും തപോധനരുമായ ആത്മീയമനുഷ്യരുടെ ജീവിതാനുഭവങ്ങളത്രെ അവയിലുള്ളതു്. ആത്മജ്ഞാനം സിദ്ധിക്കുന്നതിനുള്ള മുഖ്യമായൊരു ഉപാധിയാണ് സ്പിരിച്ചൽ റീഡിംഗ് അഥവാ ജ്ഞാനവായന. ഇക്കാര്യത്തിലുള്ള നിൻെറ താല്പര്യം ശ്രദ്ധാപൂർവ്വം വളർത്തിയെടുക്കണം. സുവിശേഷങ്ങളെ സ്നേഹപൂർവ്വം വായിച്ചു ധ്യാനിക്കുക. ആത്മീയ ഗ്രന്ഥങ്ങളെ ശ്രദ്ധാപൂർവ്വം പഠിച്ചു മനസ്സിലാക്കുക. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളെ താല്പര്യപൂർവ്വം പാരായണം ചെയ്യുക. ബുദ്ധിയേയും ഹൃദയത്തേയും വായനയിലൂടെ പരിപോഷിപ്പിക്കാത്ത സന്യാസിക്കു്, സന്യാസിയുടേതായ സംസ്ക്കാരമുണ്ടാകുവാൻ വിഷമമാണ്. ചിന്തകളാണ് മനസ്സിനെ ഭരിക്കുന്നതു്. വായനയിലൂടെ നല്ല ചിന്തകളെ നാം മനസ്സിലേയ്ക്കു സന്നിവേശിപ്പിച്ചാൽ അവ നമ്മെ പ്രചോദിപ്പിച്ചുകൊള്ളും. അല്ലെങ്കിൽ നമ്മുടെ മനസ്സും ഹൃദയവും ഉപരിപ്ളവവും സംസ്ക്കാരഹീനവുമായി അധഃപതിച്ചു തുടങ്ങും.

ധ്യാനലീനത്വം

ദൈവത്തിൻെറ ജീവനുള്ള ആലയം മനുഷ്യഹൃദയമാണ്. ദൈവം വാഴാത്ത മനുഷ്യഹൃദയം ശുഷ്കവും ശൂന്യവുമാണ്. ബലിയില്ലാത്ത ദേവാലയം പോലെയാണതു്. ഹൃദയമാകുന്ന കോവിലിലാണ് ദൈവത്തിൻെറ വാസം. അതിനാൽ ദൈവത്തെ തേടുന്നവർ സ്വന്തം ഹൃദയത്തിൻെറ അഗാധതയിലേയ്ക്കു തന്നെ തിരിയണം. മനുഷ്യാ! നീ നിന്നിലേയ്ക്കുതന്നെ തിരിയുക. അവിടെയാണ് സത്യസ്വരൂപനായ ദൈവത്തിൻെറ വാസം. അവനവനിലേയ്ക്കു തന്നെ തിരിഞ്ഞു്, അവിടെ ആത്മാവിനുള്ളിൽ മന്ത്രിക്കുന്ന ഈശ്വരസ്വരം കേൾക്കുന്നതിനു ധ്യാനശീലം കൂടിയേതീരൂ. പ്രവത്തനങ്ങൾ നല്ലതുതന്നെ. പക്ഷെ, പ്രവത്തനങ്ങളോടൊന്നിച്ച് ധ്യാനാത്മകതയും വളർത്തിയെടുക്കണം. അല്ലെങ്കിൽ നാം ആർക്കുവേണ്ടി പ്രവത്തിക്കുന്നുവോ, ആ ദൈവത്തെ നമുക്കു കേൾക്കാൻ കഴിയാതെ പോകും. എന്നും കുറേനേരം തിരുസന്നിധിയിൽ ചെന്ന് മൗനമായിരിക്കുക. യാതൊന്നും ഉച്ചരിക്കുകകൂടി വേണ്ട. അവിടുത്തെ സ്നേഹപൂർവ്വം കേട്ടുകൊണ്ടിരുന്നാൽ മതി. ഇതിനു് ധ്യാനനിർല്ലീനത എന്നു പറയാം. പതുക്കെപ്പതുക്കെ അവിടുത്തെ സ്നേഹാമൃതം കൊണ്ടു് നിൻെറ ഹൃദയം നിറഞ്ഞുവരുന്ന അനുഭവം നിനക്കുണ്ടാകും. ദൈവം നിൻെറ ഹൃദയത്തിൽ നിറഞ്ഞു നില്ക്കട്ടെ. അപ്പോൾ സ്നേഹത്തോടെ നീ എല്ലാററിനെപ്പററിയും, എല്ലാവരെപ്പററിയും, വിചാരിക്കാൻ തുടങ്ങും. നിൻെറ വാക്കുകളും പ്രവൃത്തികളും സ്നേഹമയമായി മാറും. ആകെപ്പാടെ നിനക്കുതന്നെ ഒരു ദൈവികത അനുഭവപ്പെട്ടു തുടങ്ങും. നമ്മിൽ വെറുപ്പും വിദ്വേഷവും പരുഷതയുമൊക്കെ ഏറി വരുന്നതിനുള്ള ഒരു പ്രധാന കാരണം, നാം വേണ്ടത്ര നേരം തിരുമുമ്പിൽ ധ്യാനലീനരായി കഴിക്കുന്നില്ലെന്നതുതന്നെയാണ്. തന്മൂലം ദൈവത്തിൻെറ സ്നേഹത്തിനും കരുണയ്ക്കും മാധുരിയ്ക്കും മനോഹാരിതയ്ക്കും നമ്മിലേയ്ക്കു കുനിഞ്ഞിറങ്ങാൻ പററാതെ വരുന്നു. യേശുവിനെ ഹൃദയത്തിലേയ്ക്കു കൈക്കൊണ്ടു് നിധിപോലെ കാത്തുസൂക്ഷിയ്ക്കുക. ദൈവമില്ലാതെ വരുമ്പോൾ നാം വിരസമായും പരുഷമായും സംസാരിക്കയും പ്രവൃത്തിക്കയും ചെയ്യുപോകുന്നു. ദൈവം ഹൃദയത്തിലുണ്ടെങ്കിൽ എല്ലാം മധുരവും മനോഹരവുമാക്കുന്നു.

സംയമം

നല്ല വൃക്ഷം നല്ല ഫലം തരും; ചീത്ത വൃക്ഷം ചീത്ത ഫലമേ തരൂ. നമ്മെ നല്ലതും ചീത്തയുമാക്കുന്നതു് നാം തന്നെയാണു്. ഓരോരുത്തനും അവനവനെ നല്ലതോ ചീത്തയോ ആക്കിത്തീർക്കുന്നു. 'ആഹാരശുദ്ധൌ സത്വശുദ്ധിഃ' എന്നൊരു പ്രമാണം ഭാരതീയർക്കിടയിലുണ്ടു്. ആഹാരം ശുദ്ധമായാൽ, നാം മുഴുവനും ശുദ്ധമായി എന്നർത്ഥം. വായിൽക്കൂടി കഴിക്കുന്ന ആഹാരം മാത്രമല്ല ഇവിടെ ആഹാരമെന്ന പദം കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. നാം കാണുന്ന കാഴ്ചകൾ കണ്ണിന്റെ ആഹാരമാണു്; കേൾക്കുന്ന വാക്കുകൾ ചെവിയുടെ ആഹാരമാണു്; വായിച്ചറിയുന്ന ആശയങ്ങൾ ബുദ്ധിയുടെ ആഹാരമാണു്. ഓരോ ഇന്ദ്രിയത്തിനും അതിന്റേതായ ആഹാരവും ആസക്തിയുമുണ്ടു്. ചുരുക്കത്തിൽ ഇന്ദ്രിയങ്ങളിൽക്കൂടിയും മനസ്സിൽക്കൂടിയും നമ്മുടെ ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതെന്തും ആഹാരം തന്നെയാണു്. ഇവയെല്ലാം പരിശുദ്ധമാകാതെ, നമുക്കു് ആന്തരീകമായ പരിശുദ്ധി കൈവരികയില്ല. ഇതിനത്രെ ഇന്ദ്രിയസംയമവും ഏകാഗ്രചിത്തവും വേണമെന്നു പറയുന്നതു്. ശുദ്ധമായവ മാത്രമെ നമ്മുടെ ഇന്ദ്രിയങ്ങളിലൂടെ അകത്തുകടക്കാൻ നാം അനുവദിക്കാവൂ. കണ്ണുകളെയും കാതുകളെയും മററിന്ദ്രിയങ്ങളേയും അവസ്ഥ ഇഷ്ടപ്പെട്ടപടി വിട്ടുകൊടുക്കരുതു്. നല്ലവ കാണുക, കേൾക്കുക. കാഴ്ചയിലും കേൾവിയിലും രസനത്തിലുമെന്നല്ല, എല്ലാവിധ ഇന്ദ്രിയ വ്യാപാരങ്ങളിലും, സംയമവും വിവേചനവും പാലിക്കാത്ത മനുഷ്യനു് പരിശുദ്ധിയോടെ വ്യാപരിക്കാൻ സാധിക്കുകയില്ല. പരിശുദ്ധമല്ലാത്തവയെ ആളുകൾ വെറുത്തുതുടങ്ങും. ബുദ്ധിയിലേയ്ക്കു് ധ്യാനത്തിലൂടെയും സദ്ഗ്രന്ഥപാരായണത്തിലൂടെയും നല്ലനല്ല ചിന്തകൾ നാം സന്നിവേശിപ്പിക്കണം. ഇത്തരത്തിലുള്ള ശീലങ്ങൾ സമ്പാദിച്ചിട്ടുള്ളവർക്കേ ആത്മസംയമത്തോടെ പെരുമാറാൻ സാധിക്കൂ. സംയമമാണു് സന്യാസിക്കു ഭൂഷണം. ഇന്ദ്രിയനിഗ്രഹം കൂടാതെ ആത്മസംയമനം അസാദ്ധ്യമാണു്. സംയമമില്ലാത്തവനു് സന്യാസിയായിരിക്കാൻ സാദ്ധ്യമല്ല. സന്യാസിയുടെ വിജയം ആത്മവിജയം തന്നെയാണു്.

തീർത്ഥാടനം

ഗാഗുൽത്താമലമുകളിലാണ് യേശു ഉയർത്തപ്പെട്ടിരിക്കുന്നതു്. അതിനാൽ യേശുവിനെ കാണണമെന്നുള്ളവർ ആ മല മുഴുവൻ നടന്നുകേറാതെ തരമില്ല. ക്രിസ്തീയജീവിതം യേശുവിനോടൊപ്പമുള്ള ഒരു തീർത്ഥാടനമാണ്. കാൽവരി മലയിലേയ്ക്കുള്ള ഒരു മലകേററമാണതു്. ജീവിതഭാരങ്ങൾ ഭാണ്ഡമാക്കിക്കെട്ടി തലയിലേററി, പിതൃനാമം ഭക്തിപൂർവ്വം ശരണം വിളിച്ചു്, കർത്താവിനോടൊപ്പം കാൽവരിമലയുടെ പതിന്നാലാംപടി ചവിട്ടിക്കേറുക. വിയാസാക്രയിലെ പതിന്നാലു സ്ഥലങ്ങളിൽ ഈ പടികൾ ഓരോന്നോരോന്നായി ആലേഖനം ചെയ്തിരിക്കുന്നു. അതിനാൽ യേശുവിനെ തേടി മലകേറുന്ന ക്രിസ്തീയ സാധകർക്കുള്ള ഭജനമാലികയാണ് വിയാസാക്ര അഥവാ കുരിശിൻെറ വഴി. യേശുവിനോടൊപ്പം സഹനത്തിലൂടെയും ത്യാഗത്തിലൂടെയും കുരിശിൻെറ വഴി. പിതാവിൻെറ ഉന്നതിയിലേയ്ക്കു കരേറിപ്പോകുന്നതിനുള്ള സ്വർഗ്ഗീയസൂത്രം അതു് നമ്മെ പരിശീലിപ്പിക്കുന്നു. വിശുദ്ധന്മാരുടെ ആത്മീയാമൃതമായിരുന്നു ഈ ഭക്തകൃത്യം. ദൈവത്തെ അന്വേഷിച്ചു് മുന്നേറുന്ന ഒരു മനുഷ്യനു് ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികളുടെ സമ്പൂർണ്ണ കഥയാണതു്. എന്നാലും ഈ മലകേററത്തിലെ ഓരോ പടിയിലും യേശു നമ്മോടുകൂടിയുണ്ടു്. സഹനത്തിലും വേദനയിലും വിരസതയിലും വിഷാദത്തിലും മരണത്തിൽപ്പോലും നമ്മെ പിതാവിലേയ്ക്കു കൈപിടിച്ചുയർത്തുന്നതു് യേശുവാണ്. യേശുനാമമാകുന്ന ദിവ്യമന്ത്രം ഉരുവിടുന്നവർ ഒരു നാളും പരാജയപ്പെടില്ല. സഹനത്തിൽ മനോധൈര്യം കൈവെടിയാതെ യേശുവിനോടൊന്നിച്ചിരിക്കുക. അവിടുത്തെ തിരുനാമം ഭക്തിപൂർവ്വം ജപിച്ചുകൊണ്ടിരിക്കുക. കാൽവരിയിലെ കദനഭാരങ്ങൾക്കുശേഷം, ഉയിർപ്പിൻെറ ഉദയസൂര്യൻ തെളിയും. ദൈവത്തിനുവേണ്ടി സഹിച്ച മനുഷ്യർ സ്നേഹത്തിൻെറ അദമ്യശക്തിയാൽ ദൈവത്തോളമുയരും. പിതാവിൻെറ വലത്തുഭാഗത്തെത്തും വരെ സ്നേഹം അവരെ ഉയർത്തിക്കൊണ്ടിരിക്കും.

ഹംസം

ലോകം മുഴുവൻ യേശുവിൻെറ വചനം പ്രഘോഷിക്കുന്നതിനായി അയയ്ക്കപ്പെട്ടിരിക്കുന്ന സന്ന്യാസികൾ ഹംസങ്ങളാണ്. ഭാരതത്തിൽ സന്ന്യാസിമാരെ പരമഹംസന്മാർ എന്നു പറയാറുണ്ട്. രാമകൃഷ്ണപരമഹംസൻ എന്നെല്ലാം നാം കേട്ടിരിക്കുമല്ലോ. ഹംസം എന്നു വച്ചാൽ അരയന്നം എന്നാണർത്ഥം. പുരാണങ്ങളിൽ രാജാവിൻെറ വചനം അഥവാ സന്ദേശം അറിയിക്കാൻ അയയ്ക്കുക അരയന്നത്തെയാണ്. നളൻെറയും ദമയന്തിയുടേയും കഥയിൽ ദൂതനായി അയയ്ക്കപ്പെട്ടിരിക്കുന്നതു് അരയന്നമാണല്ലോ. ദൈവം തൻെറ സന്ദേശം അറിയിക്കുന്നതിനായി ലോകമെങ്ങും അയച്ചിരിക്കുന്ന പരമഹംസങ്ങളാണ് സന്ന്യാസിമാർ. ദൈവവചനം ലോകമെങ്ങും പ്രഘോഷിക്കുകയാണ് നമ്മുടെ ജോലി. സന്ന്യാസിമാർ ചെല്ലുന്നിടങ്ങളിൽ അവരുടെ പ്രാർത്ഥനകൊണ്ടും പരിശുദ്ധികൊണ്ടും ദൈവത്തിൻെറ സാന്നിധ്യം അനുഭവപ്പെടണം. അവരുടെ പരിശുദ്ധി, പ്രാർത്ഥന, വിനയം, ഭക്തി, സ്നേഹം, കരുണ, സേവനതല്പരത തുടങ്ങിയ ഗുണങ്ങളാൽ, 'ദൈവം ഇവിടെയുണ്ട്' എന്നു് അവരോടിടപെടുന്നവർക്ക് അനുഭവപ്പെടണം. സന്ന്യാസി ഈശ്വരാനുഭവം സിദ്ധിച്ച മനുഷ്യനാകണം. ദൈവത്തെ അനുഭവിച്ചിട്ടുള്ളവർക്കു മാത്രമെ, അതേ അനുഭവം മററുള്ളവരിൽ ഉണർത്താൻ സാധിക്കൂ. പ്രാർത്ഥനയിലും ധ്യാനത്തിലും കൂടിയല്ലാതെ ഈശ്വരാനുഭവമുണ്ടാകുക സാധ്യമല്ല. ദൈവത്തെ ധ്യാനത്തിൽ ഭജിക്കുക. അവിടുന്നു് നിൻെറ ഹൃദയത്തിലും ചിന്തകളിലും ഇറങ്ങിവന്നു് നിറയട്ടെ. അപ്പോൾ നീ ചെല്ലുന്നിടങ്ങളിലെല്ലാം ദൈവം താനെ പ്രസരിച്ചുകൊള്ളും. നിൻെറ വാക്കുകൾക്കു ദിവ്യമായൊരു വശ്യതയുണ്ടാകും. നിൻെറ പ്രവർത്തനങ്ങൾ ആകർഷകങ്ങളായി മററുള്ളവർക്കു അനുഭവപ്പെടും. നിന്നെ ദൈവത്തിൻെറ മനുഷ്യനായി അവർ കണ്ടുതുടങ്ങും. എല്ലാവർക്കും ഏറെ ഉപകാരം ചെയ്തുകൊണ്ടു കടന്നുപോകാൻ നിനക്കു ഇടവരും. നിൻെറ ജീവിതം ധന്യമാകും.

അനുഭവം

പുസ്തകങ്ങളിൽനിന്നു കിട്ടുന്നതു് ഓരോരോ കാര്യങ്ങളെ ക്കുറിച്ചുള്ള വിവരങ്ങളോ വിവരണങ്ങളോ ആണു്. അവ അനുഭവത്തിൻെറ മൂശയിൽക്കിടന്നു ഉരുകുമ്പോഴെ അറിവാകൂ. അറിവിനെക്കുറിച്ചു് ഇങ്ങനെയൊരു ചൊല്ലുണ്ടു്: നാലിലൊന്നു് ഗുരുവിൽനിന്നും പഠിക്കാം; നാലിലൊന്നു് സ്വന്തം പരിശ്രമംകൊണ്ടും; പിന്നെയുള്ള നാലിലൊന്നു് സതീർത്ഥ്യരിൽനിന്നും ഗ്രഹിക്കാം; അവസാനത്തെ നാലിലൊന്നു് ആക്കും പഠിപ്പിച്ചുകൊടുക്കാനാവില്ല, അതു് കാലക്രമംകൊണ്ടു മാത്രമേ ലഭിക്കൂ. എത്രയൊക്കെ പുസ്തകത്തിൽനിന്നു പഠിച്ചാലും, കാലക്രമംകൊണ്ടു് ജീവിതാനുഭവത്തിൽനിന്നും പഠിക്കുന്നതുകൊണ്ടു മാത്രമെ അറിവു പൂർത്തിയാകൂ എന്നത്രെ ഇതിൻെറ സാരം. അനുഭവജ്ഞാനമാണു് ഏററവും വലിയ ജ്ഞാനം. അതിനാൽ ജീവിതാനുഭവമുള്ളവർ ചൊല്ലിത്തരുന്നവ നിസ്സാരമായി തള്ളിക്കളയേണ്ടതല്ല. അവനവൻെറ ജീവിതത്തിലുണ്ടാകുന്ന സന്തോഷകരവും സന്താപകരവുമായ അനുഭവങ്ങളെപ്പററി നാം പ്രാർത്ഥനാപൂർവ്വം ചിന്തിക്കണം. അവയെപ്പററി ആത്മീയജ്ഞാനമുള്ള ഗുരുഭൂതന്മാരോടു് ആലോചന ചോദിക്കണം. യേശുവാണു് ഏററവും വലിയ ഗുരു. അതിനാൽ നമ്മുടെ അറിവിനെയും നിലപാടുകളെയും എപ്പോഴും യേശുവിൻെറ സുവിശേഷങ്ങളുടെ വെളിച്ചത്തിൽ നാം പരിശോധിച്ചു നോക്കണം. സുവിശേഷത്തിനു നിരക്കാത്തതൊന്നും സാധുവായിട്ടുള്ളതല്ല. എത്രയൊക്കെ മിന്നിത്തിളങ്ങിയാലും അവ കള്ളനാണയങ്ങൾതന്നെയാണു്. ഇന്നല്ലെങ്കിൽ നാളെ നമുക്കു അതു അനുഭവത്തിൽനിന്നു മനസ്സിലാകും. ദൈവത്തിനുവേണ്ടി ചെയ്യുവ മാത്രമേ നിലനില്ക്കുകയുള്ളെന്നു് അനുഭവംകൊണ്ടു നാം പഠിക്കും, ഈ അനുഭവജ്ഞാനത്തിലേയ്ക്കു എത്രയും നേരത്തേ നാം വരുന്നുവോ അത്രയും നന്നു്.

വിദ്യ

വിദ്യയും ധനവും ശക്തിയും അവനവൻെറ പ്രയോജനത്തിനുവേണ്ടിയല്ല, മററുള്ളവരുടെ ഉപകാരത്തിനും വളച്ച്യ്ക്കും വേണ്ടിയാണു് നാം ഉപയോഗിക്കേണ്ടതു്. നീതിശാസ്ത്രങ്ങളിൽ ഒരിടത്തു് ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: ''വിദ്യ വാദത്തിനു്, ധനം സുഖത്തിനു്, ശക്തി മററുള്ളവരെ പീഡിപ്പിക്കുന്നതിനു്. ഇതു് ദുഷ്ടന്മാക്കാണു്. സാധുക്കളായ നല്ല മനുഷ്യക്കാകട്ടെ നേരേ മറിച്ചും. വിദ്യ ജ്ഞാനത്തിനു്, ധനം ദാനത്തിനു്, ശക്തി മററുള്ളവരെ രക്ഷിക്കുന്നതിനും.'' ദൈവത്തെ അറിയുന്നതാണു് ശരിയായ വിദ്യ. എല്ലാ വിദ്യകളുടെയും അടിസ്ഥാനപരമായ പരവിദ്യയാണു് അതെന്നു് പറയപ്പെട്ടിരുന്നു. എല്ലാമറിഞ്ഞിട്ടും, ദൈവത്തെ അറിയുന്നില്ലെങ്കിൽ, നമ്മുടെ അറിവിനു സ്ഥായിയായ നിലനില്പുണ്ടാകില്ല. ദൈവത്തെ അറിയാതെ വരുമ്പോഠം, മനുഷ്യൻ സ്വന്തം ജ്ഞാനം അവനവൻെറതന്നെ ഉയച്ച്യ്ക്കോ മററുള്ളവരുടെ തകച്ച്യ്ക്കോ ആയി ഉപയോഗപ്പെടുത്താൻ തുടങ്ങും. ദൈവമില്ലാതെയുള്ള അറിവു് നമ്മോടൊപ്പം നശിക്കുകയേയുള്ള. മററുള്ളവരെ ദ്രോഹിക്കാനാണു് നാം അറിവു് ഉപയോഗപ്പെടുത്തുന്നതെങ്കിൽ, മുക്തിദായകമാകേണ്ട ജ്ഞാനം നാശകാരണമായിത്തീരുന്നു. അറിവു് ഇവിടെ പരാജയപ്പെടുന്നു. അറിവായാലും ധനമായാലും ശക്തിയായാലും, ഒരു കാര്യത്തിനായി മാത്രമേ നാം ഉപയോഗപ്പെടുത്താവൂ: മററുള്ളവരെ പ്രകാശിപ്പിക്കാൻ, അവക്കു ദാനം ചെയ്യാൻ, അവരെ രക്ഷിക്കാൻ. ഇങ്ങനെയുള്ള മനുഷ്യനാണു് സാധുവായ—ശരിയായ—മനുഷ്യൻ. അല്ലാത്തവരെല്ലാം അസാധുവായ വ്യാജമനുഷ്യരാണു്. സന്ന്യാസി സാധുവായിരിക്കണം. യഥാത്ഥ മനുഷ്യൻ സ്വയം ദാനം ചെയ്തു് മററുള്ളവരെ രക്ഷിക്കുന്നവനായിരിക്കണം.

ജ്ഞാനം

നമ്മെ ദൈവവുമായി ഒന്നിപ്പിക്കുന്ന മാർഗ്ഗങ്ങൾക്ക ഭാരതീയർ യോഗങ്ങൾ എന്നു പറയുന്നു. യോഗമെന്നുവെച്ചാൽ ദൈവവുമായുള്ള ചേർച്ച എന്നാണർത്ഥം. ഇങ്ങനെ ദൈവത്തോട് നമ്മെ ഐക്യപ്പെടുത്തുന്ന മൂന്നു മാർഗ്ഗങ്ങളുണ്ട്. അവ മൂന്നും വെവ്വേറെയുള്ളതല്ല. അവയിൽ ഒന്നില്ലാതെ മറേറതു് ശീലിച്ചതുകൊണ്ട് ഫലവുമില്ല. ജ്ഞാനം, ഭക്തി, കർമ്മം എന്നിവയാണവ. ദൈവത്തെ അനുഭവാത്മകമായി മനസ്സുകൊണ്ടും ഹൃദയംകൊണ്ടും രുചിച്ചറിയുന്നതാണ് ജ്ഞാനം. വായന, പഠനം, ധ്യാനം, പ്രാർത്ഥന എന്നിങ്ങനെ നാനാതരത്തിലുള്ള മാനസികവും ആത്മീയവുമായ മാർഗ്ഗങ്ങൾ ഇതിന്നായി നാം കൈക്കൊള്ളണം. എങ്കിലും ഒരു കാര്യം നാം മറക്കരുതു്. നാം എത്രയൊക്കെ പരിശ്രമിച്ചാലും, ദൈവം കനിഞ്ഞനുഗ്രഹിക്കുന്നില്ലെങ്കിൽ നമുക്ക അവിടുത്തെ അറിയാനാവില്ല. ദൈവത്തെകുറിച്ചുള്ള അറിവ് അവിടുത്തെ ഒരു ദാനമാകുന്നു. അവിടുത്തെ നിഷ്കപടമായി ആഗ്രഹിക്കുന്നവർക്കും ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്കും അവിടുന്നു് ഈ ജ്ഞാനം നല്കുന്നു. ദൈവത്തെ അറിയുന്നതാണ് പരമമായ അറിവ്. എല്ലാ അറിവുകളുടെയും അടിസ്ഥാനവും ഇതുതന്നെയാണ്. ദൈവത്തെ അറിയാത്തവൻെറ അറിവ് അവസാനം അവനോടുകൂടി നശിച്ചുപോകുന്നു. അറിവ് മാനസികമായ ഐക്യമാണ്. നാം ഒരു വസ്തുവിനെ അറിയുമ്പോൾ അതിനെ നാം മനസ്സിലാക്കുന്നു. മനസ്സിലാക്കുന്നു എന്നു പറയുന്നതിൻെറ അർത്ഥം, മനസ്സിൽ ആക്കുന്നു എന്നത്രെ. ദൈവത്തെ നമ്മുടെ മനസ്സിൽ ആക്കാതെ, അവിടുത്തെ സ്നേഹപൂർവ്വം ഹൃദയത്തിൽ വെച്ചു പൂജിക്കാതെ, നമുക്ക അവിടുത്തെ അറിയാൻ പററില്ല. അങ്ങനെ നോക്കുമ്പോൾ സ്നേഹം തന്നെയാണ് ദൈവത്തെ അറിയുന്നതിനുള്ള ഏക വഴി.

ഭക്തി

ഭക്തി എന്ന വാക്കിൻെറ അത്ഥം ഒട്ടിച്ചേർന്നിരിക്കുക എന്നാണ്. ദൈവത്തോട് സ്നേഹത്തിൽ ഹൃദയവും മനസ്സും ഒട്ടിച്ചേന്നിരിക്കുന്നതാണ് ഭക്തിയുടെ കാതൽ. ഭക്തിക്കു ഭാരതീയർ നല്കുന്ന നിവ്വചനം, പരമപ്രേമം, പരാനുരക്തി എന്നൊക്കെയാണ്. ദൈവത്തെ എല്ലാററിലുമുപരിയായി സ്നേഹിക്കുന്നതാണ് പരമപ്രേമം. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ഈ സ്നേഹം നിഴലിക്കണം. ദൈവത്തോട് സ്നേഹപൂവ്വം ഹൃദയത്തിൽ ഒട്ടിച്ചേന്നിരിക്കുന്നതിനാണ് പരാനുരക്തി എന്നു പറയുക. ഇങ്ങനെയുള്ള മനുഷ്യരെ ബ്രഹ്മസംസ്ഥന്മാരെന്നു വിളിക്കുന്നു. ദൈവത്തിൽ സമ്പൂണ്ണമായി ഉറച്ചു നില്ക്കുന്നവൻ എന്നാണ് ഈ വാക്കിൻെറ അത്ഥം. അവരുടെ നിൽപും നടപ്പും ഇരിപ്പും എല്ലാം ദൈവത്തിൽത്തന്നെ. തങ്ങളുടെ മനസ്സ് ഇങ്ങനെ ഇളകാത്തവിധം ദൈവത്തിൽ ഉറപ്പിച്ചു വച്ചിരിക്കുന്ന യോഗീവരന്മാരെ സ്ഥിതപ്രജ്ഞന്മാരെന്നും പറയും. വെറും വികാരവായ്പുമാത്രമല്ല ഭക്തിയുടെ കാതൽ. ദൈവത്തോട് എല്ലാത്തരത്തിലും ചേന്നിരിക്കുക എന്നതാണ് ഭക്തിയുടെ കാതൽ. ദൈവത്തെ നേടിയാൽ എല്ലാം നേടി, അവിടുത്തെ നഷ്ടമാക്കിയാൽ എല്ലാം പൊയ് പോയി എന്നതത്രെ ഭക്തൻെറ മനോഭാവം. ഇങ്ങനെ നോക്കുമ്പോറം ഭക്തിയുടെ സാരവും സ്നേഹംതന്നെയാണ്. സ്നേഹമാണ് ചേർച്ച. അതുതന്നെയാണ് ഭക്തിയും. സ്നേഹമുള്ളപ്പോറം എല്ലാം എളുപ്പമായി. സ്നേഹമില്ലെങ്കിൽ ചെറിയ കാര്യംപോലും വിരസമായി തോന്നും. ദൈവത്തോടു ചേരാനുള്ള ഒരേയൊരു വഴി അവസാനത്തെ വിശകലനത്തിൽ സ്നേഹമൊന്നു മാത്രമാണ്. കാരണം ലളിതമാണ്: ദൈവം സ്നേഹമാണ് എന്നതുതന്നെ. ദൈവത്തെ സ്നേഹപൂവ്വം ഇടയ്ക്കിടെ അനുസ്മരിക്കുക. ആ സ്നേഹമാധുരിയിൽ മുഴുകിക്കഴിയുക.

കർമ്മം

കർമ്മം മുക്തിക്കുള്ള മാർഗ്ഗമാണ്. നാം നമ്മിൽത്തന്നെ കെട്ടിക്കിടക്കാതെ, നമ്മെ ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കും മോചിപ്പിക്കുന്നതാണ് മുക്തി. മുക്തി എന്നാൽ മോചനം എന്നാണർത്ഥം. അവനവനെത്തന്നെ മറന്ന് ദൈവത്തിനും മററുള്ളവർക്കുമായി കർമ്മം ചെയ്യുന്നതാണ് കർമ്മമാർഗ്ഗത്തിൻെറ സാരം. യേശുവിൻെറ രക്ഷണീയ കർമ്മം തന്നെയാണ് കർമ്മത്തിൻെറ സാക്ഷാത്തായ മാതൃക. തൻെറ ശരീരം തന്നെ അപ്പത്തിൻെറ രൂപത്തിൽ കയ്യിലെടുത്ത്, കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി, അവിടുന്നു തന്നെത്തന്നെ സ്വർഗ്ഗീയപിതാവിനർപ്പിച്ചു. നമ്മുടെയും ഒന്നാമത്തെ കർമ്മം, ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കുക എന്നതായിരിക്കണം. ദൈവത്തിനുവേണ്ടിയല്ലാതെ നാം ചെയ്യുവയൊന്നും നിലനില്ക്കില്ല. അവയെല്ലാം ഇന്നല്ലെങ്കിൽ നാളെ കൊഴിഞ്ഞു പോകും. നിത്യം നിലനില്ക്കുന്ന സ്നേഹനിധിയായ സർവ്വേശ്വരനുവേണ്ടി നാം ചെയ്യുവമാത്രമെ നമ്മുടെ മരണശയ്യയിൽ നമുക്കു സാക്ഷാത്തായ ആനന്ദമേകൂ. പിതാവിനു സമർപ്പിച്ച തൻെറ ശരീരത്തെ യേശു മനുഷ്യർക്കായി മുറിച്ചുവിളമ്പി. നാം ദൈവത്തിനുള്ളവരാണെങ്കിൽ, മനുഷ്യർക്കു വേണ്ടിയുള്ളവരുംകൂടിയാകാതെ തരമില്ല. പിതാവിനുള്ളതെല്ലാം മക്കൾക്കും അവകാശപ്പെട്ടതാണല്ലോ. നമ്മുടെ സേവനം ലഭിക്കുവാൻ മനുഷ്യർക്കും അവകാശമുണ്ട്. കാരണം, നാം നമ്മെത്തന്നെ വ്രതവാഗ്ദാനം മൂലം ദൈവത്തിനു സമ്പൂർണ്ണസമർപ്പണം ചെയ്തിരിക്കുന്നു. അതിനാൽ നാം മററുള്ളവർക്കു സേവനം ചെയ്യുന്നതു് നമ്മുടെ ഔദാര്യം കൊണ്ടെന്നതിനെക്കാൾ, മററുള്ളവർക്കു നമ്മുടെ സ്നേഹവും സേവനവും കിട്ടുന്നതിനുള്ള അവകാശം കൊണ്ടാണ്. എല്ലാം ചെയ്തു കഴിയുമ്പോൾ, ''ഞങ്ങൾ സാധാരണ ഭൃത്യന്മാർ മാത്രമാണ്; കടപ്പെട്ടതേ ഞങ്ങൾ ചെയ്തിട്ടുള്ളൂ'' എന്നു മാത്രമെ നാം പറയാവൂ.

ധ്യാനാത്മകത

മനുഷ്യനു് ഉള്ളും പുറവും ഒരുപോലെ ആവശ്യമാണു്. ഉള്ളില്ലാതെ പുറം മാത്രമായാൽ, മനുഷ്യൻ അന്തസ്സാരവിഹീനനും കാമ്പില്ലാത്തവനുമായി തരംതാണു പോകും. തേനീച്ചയും ചിത്രശലഭവും തമ്മിൽ കാര്യമായൊരു വ്യത്യാസമുണ്ടെന്നാണു് കവിസങ്കല്പം. ചിത്രശലഭം, കാണുന്ന എല്ലാ പൂവിന്റെ മീതെയും പാറിപ്പറന്നു നടക്കും. എന്നാൽ ഒന്നിൽ നിന്നും അതിനു തേൻ ലഭിക്കുകയുമില്ല. ആന്തരികതയും അദ്ധ്യാത്മബോധവുമില്ലാതെ, കണ്ടതിന്റേറയും കേട്ടതിന്റെറയും പിന്നാലെ ഓടിനടക്കുന്ന മനുഷ്യന്റെ സ്ഥിതിയും ഇതുതന്നെയാണു്. ധ്യാനശീലവും ഏകാഗ്രചിത്തവും ഇല്ലാത്തവർക്കു ജീവിതത്തിൽ കാര്യമായൊന്നും നേടാനൊക്കുകയില്ല. തേനീച്ചയാകട്ടെ, രാത്രി മുഴുവനും കൂട്ടിൽ ഏകാഗ്രമായിരുന്നു് ധ്യാനിക്കുന്നു. അതിനാൽ ഏതു പൂവിലാണു് മധുവുള്ളതെന്നു അറിയാനുള്ള ഉൾക്കാഴ്ച, അതിനു ലഭിക്കുന്നു. തേനുള്ള പൂവിലേയ്ക്കു മാത്രമെ തേനീച്ച പറന്നു ചെല്ലൂ. തേൻ കിട്ടിയാലുടനെ അതു് കൂട്ടിലേയ്ക്കു മടങ്ങി, അവിടെയിരുന്നു് തന്റെ ധ്യാനം തുടരുകയായി. ജോലികൾ ചെയ്യുന്നതിനുമുമ്പും ചെയ്ത ശേഷവും താൻ ചെയ്യുന്നവയുടെ ലക്ഷ്യത്തെപ്പററി ധ്യാനാത്മകമായി ചിന്തിക്കുന്നവർക്കേ, ജീവിതംകൊണ്ടു് എന്തെങ്കിലും നേടാനും, നേടിയവയെ മററുള്ളവർക്കു പ്രയോജനകരമായ മധുവാക്കിപ്പകർത്താനും കഴിയൂ. ചിന്താശീലവും ധ്യാനാത്മകതയുമില്ലാത്തവർ, ചിത്രശലഭത്തെപ്പോലെ ഉപരിപ്ലവജീവികളായിരിക്കും. അവർ എല്ലായിടത്തും ഓടിനടക്കുന്നവരായി കാണപ്പെടുന്നുവെങ്കിലും, കാമ്പും കാതലുമില്ലാത്ത പൊണ്ടുതടികളാണു്. അവ ആർക്കും കാര്യമായി പ്രയോജനപ്പെടുന്നില്ല.

സാധു

തന്നെ എല്ലാവക്കും എളുപ്പത്തിൽ സമീപിക്കാൻ സാധിക്കുംവിധം സാധുവും ശാന്തനമായിരിക്കണം സന്ന്യാസി. മററുള്ളവരിൽനിന്നുള്ള അകൽച്ചയും മാറിനടക്കലും സന്ന്യാസിക്കു ചേൻതല്ല. സന്ന്യാസിയെ കുറിക്കാൻ ഭാരതീയർ ഉപയോഗിക്കുന്ന ഒരു പദമാണു് സാധു എന്ന വാക്കു്. ഈ പദത്തിന്റെ ഒന്നാമത്തെ അത്ഥം, ആയിരിക്കേണ്ടതുപോലെ അകമെയും പുറമെയും ആയിരിക്കുന്നവൻ എന്നാണു്. നാം ചെയ്യുന്ന ഒരു വോട്ടു്, ആയിരിക്കേണ്ടതുപോലെ ആകാത്തപ്പോഠം, ആ വോട്ടു് അസാധുവായെന്നു് നാം പറയാറുണ്ടല്ലോ. സന്ന്യാസി കാപാട്യമില്ലാത്തവനായിരിക്കണം. ദൈവത്തിനും മനുഷ്യനുംവേണ്ടി എല്ലാം ത്യജിച്ചു്, തന്നെത്തന്നെ എല്ലാവക്കും സേവനത്തിലൂടെ നല്കി, ജീവിക്കേണ്ടവനാണു് സന്ന്യാസി. അത്തരത്തിലുള്ളൊരു ജീവിതത്തെ കുറിക്കുന്നതാണു് സന്ന്യാസിയുടെ പുറമെയുള്ള വേഷവും ഭാഷയും. പക്ഷെ ഉള്ളിൽ താൻ ആയിരിക്കേണ്ടവിധം ദൈവത്തിനും മനുഷ്യക്കും വേണ്ടി ജീവിക്കാതെ, തനിക്കുവേണ്ടിമാത്രം സന്ന്യാസി ജീവിക്കുന്നുവെങ്കിൽ, അയാഠം ആയിരിക്കേണ്ടതുപോലെ ആയിട്ടില്ല. അങ്ങനെയുള്ള സന്ന്യാസി സാധുവല്ല, അസാധുവാണു്. സാധുവെന്ന പദത്തിന്റെ രണ്ടാമത്തെ അത്ഥം, അഹന്തയും ഭാവവുമില്ലാതെ, ഏതു ദരിദ്രനും ചെറിയവനും തന്നെ എളുപ്പത്തിൽ സമീപിക്കാൻ കഴിയുംവിധം ശാന്തനും വിനീതനുമായ ഒരു മനുഷ്യൻ എന്നാണു്. കോപവും ഗവ്വും സന്ന്യാസിക്കു ചേൻതല്ല. പലപ്പോഴും പണവും സ്ഥാപനങ്ങളും സ്വാധീനവും വദ്ധിക്കുന്നതിനനുസരിച്ചു്, നമ്മുടെ സാധുഭാവം നഷ്ടപ്പെടുന്നു. പാവങ്ങഠംക്കു നമ്മെ സമീപിക്കുവാൻ കൂടുതൽ കൂടുതൽ പ്രയാസമായി വരുന്നു. ശാന്തശീലനും വിനീതനുമായ യേശുവിനെ കണ്ടുപഠിക്കേണ്ട സന്ന്യാസികഠം സാധുശീലമുള്ളവരായിരിക്കണം. ഫ്രാൻസിസ് അസീസ്സി ഇവ്വിധം സാധുവായൊരു മനുഷ്യനായിരുന്നു.

തപസ്സ്

സന്ന്യാസി താപസനായിരിക്കണം. അലങ്കാരവും ആഡംബരവുമല്ല സന്ന്യാസിക്കു ഭൂഷണം. ദരിദ്രവും വിനീതവുമായ വേഷഭൂഷാദികളാണ് അയാൾക്കു ചേരുക. തപഃശക്തിയാണ് സന്ന്യാസിയുടെ ബലം. തപസ്സ് എന്ന വാക്ക് താപം എന്ന പദത്തിൽനിന്നാണ് വരുന്നത്. താപം എന്നു വച്ചാൽ ചൂട് അഥവാ ഊർജ്ജം എന്നാണർത്ഥം. ആത്മീയമായ ചൂട് അഥവാ ഊർജ്ജമാണ് ഇവിടെ തപസ്സുകൊണ്ട് ഉദ്ദേശിക്കുന്നത്. വസ്തുക്കൾ ചൂടുപിടിപ്പിച്ചാൽ മേല്പോട്ട് പൊങ്ങുന്നു. വെള്ളം ചൂടാക്കിയാൽ ആവിയായി പറന്നുയരുമല്ലോ. നമ്മെത്തന്നെ മേല്പോട്ടുയർത്തി ദൈവത്തോടു ചേർക്കുന്നതിനുള്ള കൗശലമാണ് തപസ്സ്. പുറമെ തണുപ്പായിരിക്കുമ്പോൾ, നാം കയ്യും കാലും കൂട്ടിപ്പിടിച്ച് ശരീരത്തോടു ചേർത്തുവച്ചുകൊണ്ടിരിക്കുമല്ലോ. അവയവങ്ങളെല്ലാം പലേടങ്ങളിലിരിക്കാതെ, ഒരുമിച്ചിരിക്കുമ്പോൾ താപമുണ്ടാകുന്നു. ഇതുപോലെ, നമ്മുടെ മനസ്സും ഹൃദയവും ഇന്ദ്രിയങ്ങളും ചിന്നിച്ചിതറി ഓരോരോ വിഷയങ്ങളിലേയ്ക്കു പോകാൻ നാം അനുവദിക്കരുത്. അവയെ നാം അടക്കി ഒതുക്കി ഏകാഗ്രമായി കാക്കുക. ആ ഏകാഗ്രതയിൽനിന്നുണ്ടാകുന്ന ആത്മീയതാപംകൊണ്ട് നാം ദൈവത്തിലേയ്ക്കു ഉയരും. മനസ്സിനും ഹൃദയത്തിനും ഇന്ദ്രിയങ്ങൾക്കും, അവയ്ക്കു സന്തോഷം നല്കുന്ന വസ്തുക്കളിൽ പതറി നടക്കാനാണിഷ്ടം. അവയെ ആവക വിഷയങ്ങളിൽ നിന്നും നാം കരുതിക്കൂട്ടി പിൻവലിക്കണം. അപ്പോൾ നമുക്കു നമ്മിൽത്തന്നെ ഏകാഗ്രതയും ഏകാന്തതയും അനുഭവപ്പെട്ടു തുടങ്ങും. എല്ലാം ഒരേയൊരു അഗ്രത്തിൽ അഥവാ അന്ത്യത്തിൽ ഒരുമിച്ചിരിക്കുന്നതിനാണ് ഏകാന്തത അഥവാ ഏകാഗ്രത എന്നു പറയുന്നത്. നമ്മുടെ മനസ്സും ഹൃദയവും ഇന്ദ്രിയങ്ങളും ഒരുമിച്ചിരിക്കേണ്ട ഒരേയൊരു ബിന്ദു ദൈവമാണ്. ഒരുമിച്ചിരുന്നാൽ താപമുണ്ടാകും. ചിന്നിച്ചിതറിയാൽ തണുത്തുപോകും. നമ്മെ മുഴുവനും ദൈവത്തോട് ഒരുമിച്ച് ചേർത്ത് കാക്കുകയാണ് തപസ്സിന്റെ ലക്ഷ്യം.

വരം

നമ്മെ ദൈവത്തിലേയ്ക്കു ഉയൎത്തുന്നതിനുള്ള ആത്മീയതാപമാണു് തപസ്സ്. തപസ്സിനു രണ്ടാമതൊരു സൂചനകൂടിയുണ്ടു്. അത്യുന്നതങ്ങളിലിരിക്കുന്ന ദൈവത്തെ താഴോട്ടിറക്കിക്കൊണ്ടുവന്നു് ഭൂമിയിൽ പ്രത്യക്ഷമാക്കുന്നതിനുള്ള ആത്മീയമായ ഉപായംകൂടിയാണതു്. ആക്കെങ്കിലും ദൈവത്തെ പ്രത്യക്ഷമാക്കണമെന്നു തോന്നിയാൽ ഉടനെ തപസ്സിനുപോകുന്നതായാണല്ലോ നാം ഭാരതീയകഥകളിൽ വായിക്കുന്നതു്. തപസ്സിന്റെ അവസാനം ദൈവം പ്രത്യക്ഷനായി 'എന്തുവരമാണു് വേണ്ടതു്'' എന്നു ചോദിക്കുന്നു. ദൈവത്തെ ലോകത്തിലേയ്ക്കിറക്കി കൊണ്ടുവന്നു് ലോകത്തിൽ നിലനിറുത്തുവാനുള്ള വരാണു് സന്ന്യാസിമാർ. താപസശീലമുള്ളവൎക്കേ ദൈവത്തെ പ്രത്യക്ഷമാക്കാനുള്ള കഴിവുള്ളു. ജഡികമായ എല്ലാ സുഖസന്തോഷങ്ങളിലും മുഴുകി ജീവിക്കുന്നവരിൽ ദൈവത്തെ താഴോട്ടിറക്കിക്കൊണ്ടു വരുന്നതിനുള്ള ബലം അഥവാ ഊൎജ്ജം കാണില്ല. താപസശീലമുള്ള സന്ന്യാസിയിലേ ദൈവത്തിന്റെ ആവാസമുള്ളതായി മററുള്ളവൎക്കു അനുഭവപ്പെട്ടു. സുഖലോലുപനായ സന്ന്യാസിയിൽ ലോകാരൂപിയേ ഉള്ളു; ദൈവാരൂപിയില്ല. തപസ്സുകൊണ്ടു ദൈവത്തെ പ്രത്യക്ഷമാക്കിയ സന്ന്യാസിക്കു മററുള്ളവൎക്കു വരം നല്കാനാവും. തനിക്കു കിട്ടിയ ദൈവത്തെ അയാരം മററുള്ളവൎക്കും നല്കുന്നു. ഏററവും വലിയ വരം ദൈവം തന്നെയാണു്. ദൈവത്തെ കിട്ടിയാൽ നമ്മുടെ മറെറല്ലാ ആവശ്യങ്ങളും നിറവേറിക്കഴിഞ്ഞു. താപസനായ സന്ന്യാസിയുമായി ഇടപഴകിക്കഴിയുമ്പോഠം നമ്മിൽ ഈശ്വരാനുഭവം ഉണരുന്നു. മററുള്ളവരിൽ ഈശ്വരാനുഭവം ഉണൎത്താൻ സാധിക്കാത്ത സന്ന്യാസി സന്ന്യാസിയെന്ന പേരിനേ അർഹനല്ല. തപ:ശക്തികൊണ്ടു് ദൈവത്തെ കയ്യടക്കിയ സന്ന്യാസിയിൽ ദൈവത്തിന്റെ തന്നെ ശക്തി കാണും.

ജയം

ഒരു മനുഷ്യൻ നേടുന്ന ഏററവും വലിയ വിജയത്തെ എന്തിനോട് ഉപമിക്കാം? ഉപമയ്ക്ക് ഏററവും വിശേഷം കാളിദാസനാണെന്നാണല്ലോ വയ്പ്. അതു് ശരിയുമാണു്. കാളിദാസൻെറ ഉപമകൾ അത്ഥം കൊണ്ടും സ്വാരസ്യംകൊണ്ടും അതിഗംഭീരങ്ങൾ തന്നെയാണു്. രഘുരാജാവിൻെറ ഏററവും വലിയ വിജയത്തെ രഘുവംശം എന്ന കാവ്യത്തിൽ അദ്ദേഹം ഉപമിക്കുന്നതു്, സംയമി അഥവാ സന്ന്യാസി ദൈവജ്ഞാനം കൊണ്ടു് ഇന്ദ്രിയ വിഷയങ്ങളാകുന്ന ശത്രുക്കളെ ജയിക്കുന്ന വിജയത്തോടാണു്. കാളിദാസൻെറ നോട്ടത്തിൽ, യുദ്ധം ചെയ്തു് സവ്വരാജ്യങ്ങളും പിടിച്ചടക്കിയ രഘുരാജാവിൻെറ മഹാവിജയത്തേക്കാൾ എത്രയോ വലിയ വിജയമാണു് സന്ന്യാസി ഇന്ദ്രിയസംയമം കൊണ്ടു് തൻെറ മേൽത്തന്നെ വരിക്കുന്ന വിജയം. ആത്മസംയമം ശീലിച്ചിട്ടില്ലാത്ത സന്ന്യാസിയെപ്പററി മററുള്ളവക്ക മതിപ്പുണ്ടാകുകയില്ല. കോപം. അസൂയ, അഹംഭാവം, സുഖപ്രിയം തുടങ്ങിയ വികാരങ്ങൾക്കു അടിപ്പെട്ടു് സംസാരിക്കുകയോ പ്രവത്തിക്കുകയോ ചെയ്യുന്നൊരു സന്ന്യാസിയെപ്പററി ആക്കാണു് മതിപ്പുണ്ടാകുക? അതുപോലെ തന്നെ ഭോജനപ്രിയം, സുഖജീവിതം, ആഡംബരപ്രേമം, അധികാരമോഹം, ധനതൃഷ്ണ തുടങ്ങിയവയ്ക്കു വേണ്ടിയുള്ള ഉൾപ്രേരണകളെ സംയമം ചെയ്തിട്ടില്ലാത്ത സന്ന്യാസിയേയും, സന്ന്യാസിയായി ആരും അംഗീകരിക്കില്ല. മൗനം, പ്രാത്ഥന, പ്രായശ്ചിത്ത പ്രവർത്തികൾ എന്നിവയെല്ലാം നാം പതിവായി ഉപേക്ഷിക്കുന്നതും, നമുക്കു നമ്മുടെ മേൽത്തന്നെ വേണ്ടത്ര നിയന്ത്രണം ഇല്ലാഞ്ഞിട്ടാണു്. ആത്മസംയമം കരുതിക്കൂട്ടി നീ ശീലിക്കണം. കോപം വരുമ്പോൾ നിയന്ത്രണംവിട്ടു് സംസാരിക്കാതിരിക്കുക. സ്വന്തം പ്രശംസ തേടി ഓടി നടക്കാതിരിക്കുക; ദുഃഖങ്ങളും പരാജയങ്ങളും ഉണ്ടാകുമ്പോൾ അതിരുവിട്ടു് മനസ്സിടിയാതിരിക്കുക; നമുക്കു ഇഷ്ടമില്ലാത്ത സ്ഥലങ്ങളിലും ആളുകളോടും ക്ഷമയോടും സന്തോഷത്തോടുംകൂടി പെരുമാറുക; നമ്മെ വെറുക്കുന്നവരെ സ്നേഹിക്കുക; ഭക്താഭ്യാസങ്ങൾ മുടക്കാതിരിക്കുക. ഇവയെല്ലാം ചെറിയ ചെറിയ കാര്യങ്ങളാണെങ്കിലും, വളരെയധികം ആത്മസംയമനം ആവശ്യപ്പെടുന്ന കാര്യങ്ങൾ കൂടിയാണു്. സംയമിയല്ലാത്ത സന്ന്യാസി സന്ന്യാസിയല്ല.

സമ്യക്ദർശനം

സന്ന്യാസ ജീവിതത്തെക്കുറിച്ച് പല ഉൾക്കാഴ്ചകളും നല്കിയിട്ടുള്ളൊരു മതമാണ് ജൈനമതം, മനുഷ്യൻ കൈവശമാക്കേണ്ട മൂന്നു സുകൃതങ്ങളെ ജൈനമതത്തിൽ ത്രിരത്നങ്ങൾ എന്നു പറയുന്നു. സമ്യക്ദശ്നം, സമ്യക്ജ്ഞാനം, സമ്യക് ചാരിത്രം എന്നിവയാണവ. സമ്പൂൎണ്ണമായ വിശ്വാസത്തിനാണ് ഇവിടെ സമ്യക്ദശ്നം എന്നു പറയുന്നതു്. ദൈവവചനത്തിൽ നമുക്കു സമ്പൂൎണ്ണമായ വിശ്വാസം വേണം. മനുഷ്യന്റെ വാക്കുകൾ, അവ ഉച്ചരിക്കപ്പെടുന്നതോടൊപ്പം തന്നെ മാഞ്ഞു മറയുന്നവയുമാണ്. നാം എത്രയൊക്കെ ഉച്ചത്തിൽ സംസാരിച്ചാലും, പറഞ്ഞുതീരും മുമ്പെ നമ്മുടെ വാക്കുകൾ ആകാശത്തിൽ ലയിച്ച് ഇല്ലാതാകുന്നു. ദൈവവചനം അങ്ങനെയുള്ളതല്ല. ആകാശവും ഭൂമിയും കടന്നുപോയാലും, ദൈവവചനത്തിൽ നിന്നും ഒരു വള്ളിയോ പുള്ളിയോ മാഞ്ഞുപോകില്ല. കൎത്താവിന്റെ വചനത്തിൽ അനന്തമായ വിശ്വാസമുണ്ടാകുക. എല്ലാം അറിയുന്ന, അനന്തശക്തിയുള്ള ദൈവത്തിന്റെ നിത്യവചനങ്ങളാണവ. അവയെ നീ സ്നേഹിക്കണം. എന്നും വി. ഗ്രന്ഥം കയ്യിലെടുത്തു് ശ്രദ്ധാപൂൎവ്വം വായിച്ച്, തിരുവചനങ്ങളെപ്പററി സ്നേഹപൂൎവ്വം ധ്യാനിക്കുക. കർത്താവിന്റെ സ്നേഹത്തിന്റെ ആഴവും വീതിയും പതുക്കെപ്പതുക്കെ നിനക്കു ബോധ്യമായിത്തുടങ്ങും. അവിടുത്തെ പരിപാലനയിലുള്ള നിന്റെ വിശ്വാസം ഏറിയേറി വരും. തിരുവചനങ്ങൾ എത്രയോ മധുരമുള്ളവയാണെന്നു രുചിച്ചറിയുക. മറിയത്തെപ്പോലെ തിരുനാഥന്റെ പാദാന്തികത്തിലിരുന്ന്, അവിടുത്തെ വചന മാധുരി ആസ്വദിക്കുക. ആ നല്ല ഭാഗം നിന്നിൽ നിന്നു് ഒരിക്കലും എടുക്കപ്പെടുകയില്ല. ദൈവത്തെ അവിടുത്തെ വചനങ്ങളിൽ പൂൎണ്ണമായി ദശിക്കുക. നീ കാര്യങ്ങളെ മാനുഷികമായിമാത്രം കാണുന്ന രീതികൾക്ക് അപ്പോൾ വലിയ വ്യത്യാസം വരും.

സമ്യക്ജ്ഞാനം

സമ്യക്ദർശനംവഴി നമുക്കു സമ്പൂർണ്ണമായ വിശ്വാസം കൈവരുന്നു. അതിൻശേഷമുള്ള രണ്ടാമത്തെ രത്നമായി ജൈന മതത്തിൽ പറയുന്നതു് സമ്യക്ജ്ഞാനമാണു്. സമഗ്രമായ അറിവിനാണു് സമ്യക്ജ്ഞാനമെന്നു പറയുക. പുറമെയുള്ള ശാസ്ത്രരഹസ്യങ്ങൾ എല്ലാം അറിഞ്ഞിട്ടും, എല്ലാ ശാസ്ത്രങ്ങൾക്കും ആധാരമായ ദൈവത്തെ അറിയുന്നില്ലെങ്കിൽ, നമ്മുടെ അറിവു് വികലവും അപൂർണ്ണവുമാണു്. സർവ്വവിദ്യകൾക്കും പ്രതിഷ്ഠയായിട്ടുള്ളതു് ഈശ്വരജ്ഞാനമാണെന്നു് ഭാരതീയർ പറയുന്നു. പുസ്തകം വായിച്ചതുകൊണ്ടു മാത്രം കിട്ടുന്ന ഒന്നല്ല, ദൈവത്തെക്കുറിച്ചുള്ള അറിവു്. നമ്മെ സ്നേഹിക്കുന്നവരെ നാം അറിയുന്നതു്, അവരെപ്പററി പുസ്തകങ്ങൾ വായിച്ചുകൊണ്ടല്ല. നമ്മുടെ സ്വന്തം അപ്പനും അമ്മയും, നമ്മെ മററെല്ലാവരെക്കാളും നന്നായി അറിയാം. പക്ഷെ അവർ നമ്മെപ്പററി ഒരു പുസ്തകവും വായിച്ചിട്ടില്ല. ദൈവത്തെ നാം അറിയേണ്ടതും പ്രധാനമായി പുസ്തകങ്ങളിൽ നിന്നല്ല. ദൈവത്തോട് ഉള്ളു തുറന്നു സംസാരിച്ചും, അവിടത്തോടുകൂടി സ്നേഹപൂർവ്വം സഹവസിച്ചുമാണു് നാം ദൈവത്തെ അറിയേണ്ടതു്. പ്രാർത്ഥനയിലൂടെ നമുക്കു ദൈവത്തെപ്പററി കിട്ടുന്ന ജ്ഞാനമാണു് മററെല്ലാ അറിവിനേക്കാളും വിലയേറിയതും ശരിയായതും. പുസ്തകങ്ങൾ വായിച്ചാൽ ദൈവത്തെപ്പററി നമുക്കു കുറെ വിവരങ്ങൾ കിട്ടിയെന്നിരിക്കും. പക്ഷെ അതുകൊണ്ടു് നാം ദൈവത്തെ മനസ്സിലാക്കുന്നില്ല. മനസ്സിലാക്കുക എന്നു വച്ചാൽ ''മനസ്സിൽ ആക്കുക'' എന്നാണല്ലോ അർത്ഥം. സ്നേഹപൂർവ്വം ദൈവത്തോടു സംഭാഷിക്കാതെ, നമുക്കു എങ്ങനെ അവിടുത്തെ മനസ്സിൽ കാത്തുകൊണ്ടിരിക്കാൻ സാധിക്കും? പ്രാർത്ഥനവഴി നീ ദൈവത്തെ മനസ്സിൽ സ്നേഹപൂർവ്വം ഭജിക്കുക. അവിടുന്നു അവിടെ വാഴും. അവിടുന്നു് നിൻെറ മനസ്സിൽ ആയിത്തുടങ്ങുമ്പോൾ നിനക്കു പതുക്കെപ്പതുക്കെ അവിടുത്തെ മനസ്സിലായിത്തുടങ്ങും. ദൈവത്തെ അറിയുന്നില്ലെങ്കിൽ, മററു് അറിവു കൊണ്ടൊന്നും കാര്യമായ പ്രയോജനമില്ല.

സമ്യക്ചാരിത്രം

വിശ്വാസവും അറിവുമുണ്ടായാലും, അതിനനുസരിച്ചുള്ള ജീവിതമില്ലെങ്കിൽ ഫലമില്ല. ജൈനമതക്കാർ പറയുന്ന മൂന്നാമത്തെ രത്നം സമ്യക്ചാരിത്രമാണ്. സമ്പൂർണ്ണമായ സത്കൃതാചരണം എന്നാണ് ഇതിന്നർത്ഥം. സന്ന്യാസി അനുഷ്ഠിക്കേണ്ട അഞ്ചു മഹാവ്രതങ്ങളാണ് ഇതിന്റെ സാരം. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയാണ് ഈ വ്രതങ്ങൾ. ഇവയോരോന്നിനെയുംപററി അടുത്ത ധ്യാനങ്ങളിൽ ക്രമമായി പ്രസ്താവിക്കാം. മനുഷ്യനിലുള്ള സ്വാർത്ഥതയെ നിഹനിക്കുകയാണ് ഇവയുടെ ലക്ഷ്യം. മനുഷ്യൻ പരിശുദ്ധി പ്രാപിക്കണമെങ്കിൽ, സ്വാർത്ഥതയിൽനിന്നും മോചനം നേടണം. ഏതു പാപവും നാം വിശകലനം ചെയ്തു നോക്കിയാൽ അതു് അവസാനം താഴെക്കാണുന്ന പ്രസ്താവത്തിൽ ഒതുക്കാവുന്നതാണെന്നു കാണാം. ''ഞാൻ ദൈവത്തെപ്പററി ചിന്തിക്കില്ല, മററുള്ളവരെപ്പററിയും ചിന്തിക്കില്ല, എന്നെപ്പററി മാത്രമെ ചിന്തിക്കു; ഞാൻ ദൈവത്തെ സ്നേഹിക്കില്ല, മററുള്ളവരെയും സ്നേഹിക്കില്ല, എന്നെ മാത്രമെ സ്നേഹിക്കു; ഞാൻ ദൈവത്തിനുവേണ്ടി പ്രവർത്തിക്കില്ല, മററുള്ളവർക്കുവേണ്ടിയും പ്രവർത്തിക്കില്ല, എനിക്കുവേണ്ടി മാത്രമെ പ്രവർത്തിക്കു.'' ഈ നിലപാട് നാം വാക്കുകൊണ്ടോ വിചാരംകൊണ്ടോ പ്രവർത്തികൊണ്ടോ ഏതു പാപത്തിലും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ പുലർത്തിക്കാണും. ദൈവത്തെയും മനുഷ്യനെയുംമറന്നു്, അവനവനുവേണ്ടിമാത്രം ജീവിക്കുന്ന സ്വാർത്ഥതയാണ് എല്ലാ പാപത്തിന്നടിയിലും ഉള്ളതു്. അതിനാൽ ഈ സ്വാർത്ഥത മാററാതെ നമുക്കു പരിശുദ്ധി പ്രാപിക്കുക സാദ്ധ്യമല്ല. ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കുമുള്ള നമ്മുടെ തുറവിയാണ് പരിശുദ്ധിയുടെ സാരം. ഈ തുറവി ഇല്ലാത്തതാണ് സ്വാർത്ഥതയുടെ കാതൽ. ഇതുതന്നെയാണ് പാപവും. ഈ സ്വാർത്ഥത നമ്മുടെ വാക്കിലും, വിചാരത്തിലും പ്രവൃത്തിയിലും ഒളിഞ്ഞും തെളിഞ്ഞും കാണാം. ആകയാൽ, സ്വാർത്ഥതയുടെ അടിവേരുകളെ ബോധപൂർവ്വം അറുത്തുകളയാതെ, നമുക്കു പരിശുദ്ധിയുടെ പടിവാതിൽ കടക്കാനാവില്ല.

അഹിംസ

എല്ലാ ഭാരതീയ മതങ്ങളും അതിപ്രധാനമായി കരുതുന്നൊരു കാര്യമാണ് അഹിംസ. അഹിംസ എന്നാൽ ഹിംസിക്കാതിരിക്കുക എന്നർത്ഥം. ഒരുത്തനെപ്പോലും മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ വ്രണപ്പെടുത്താതിരിക്കാൻ ഇതു നമ്മോട് ആവശ്യപ്പെടുന്നു. എല്ലാവരേയും ആത്മാർത്ഥമായി സ്നേഹിക്കാത്തവനിൽ അഹിംസയുടെ ചൈതന്യമില്ല. സഹോദരനോട് നിസ്സാരമായൊരു പരുഷവാക്കുപോലും പറയരുതെന്നാണല്ലോ ക്രിസ്തു കല്പിച്ചിരിക്കുന്നത്. സ്നേഹമില്ലെങ്കിൽ മററൊന്നുകൊണ്ടും പ്രയോജനമില്ല. യേശു നമ്മോടു പഠിക്കാൻ പറഞ്ഞിരിക്കുന്ന ശാന്തശീലവും വിനീതഹൃദയവുമാണ് അഹിംസയുടെ മുഖലക്ഷണങ്ങൾ. ഇങ്ങനെയുള്ള മനുഷ്യനിലേ സാധുത്വമുള്ളൂ. സാധുത്വമില്ലാത്തവനെ സാധു അഥവാ സന്ന്യാസിയായി ഭാരതീയർ അംഗീകരിക്കില്ല. എല്ലാവരോടും മധുരമായും ഉദാരമായും പെരുമാറുക. മധുരമായ പെരുമാററവും വിനീതമായ ഉപചാരക്രമങ്ങളും മററുള്ളവരെ ആകർഷിക്കും. ആരെയും ഉപദ്രവിക്കാതെ, എല്ലാവരേയും സഹായിക്കുക മാത്രം ചെയ്യുന്നയാൾ എന്ന അനുഭവം തന്നോടിടപെടുന്നവരിൽ സൃഷ്ടിക്കാൻ സന്ന്യാസികൾ സാധിക്കണം. അങ്ങനെയുള്ളവരുടെ ശീലഗുണങ്ങൾ മൃഗങ്ങൾപോലും മനസ്സിലാക്കി, അവരെ സമീപിക്കാൻ തുടങ്ങും. വി. ഫ്രാൻസിസ് അസീസ്സി തുടങ്ങി അഹിംസയുടെ മൂർത്തിമദ്ഭാവങ്ങളായിരുന്ന യോഗിവര്യന്മാർക്ക് മൃഗങ്ങളെപ്പോലും ശാന്തമായി സമീപിക്കാൻ കഴിഞ്ഞതു് ഇതുകൊണ്ടാണ്. ശാന്തശീലം വളരെ ആകർഷകമായ ഒരു ഗുണവിശേഷമാണ്. ശാന്തമധുരമായ പെരുമാററം സ്വഭാവമഹിമയുടെ ലക്ഷണമാണ്. ഒരു പറ ചൊറുക്കകൊണ്ടെന്നതിനെക്കാൾ ഒരു തുള്ളി തേൻകൊണ്ടു കൂടുതൽ ശലഭങ്ങളെ ആകർഷിക്കാം. ഹൃദയശാന്തതയും വിനയവും യേശു നമ്മോടു പ്രത്യേകം പഠിക്കാൻ പറഞ്ഞിരിക്കുന്ന രണ്ടു സുകൃതങ്ങളാണ്.

സത്യം

മനുഷ്യൻ സത്യാന്വേഷിയായിരിക്കണം. അസത്യത്തെ എല്ലാവരും വെറുക്കുന്നു. സത്യം ദൈവം തന്നെയാണ്. ഒരു വസ്തു ആയിരിക്കുന്നതുപോലെതന്നെ നാം അതിനെപ്പററി ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് സത്യമായ ചിന്തയും വചനവും പ്രവൃത്തിയും ഉണ്ടാകുന്നു. സത്യം പറയാനും പ്രവർത്തിക്കാനും നമുക്കു പ്രതിബന്ധമുണ്ടാകുന്ന കാരണങ്ങൾ പലതാണ്. നമ്മുടെ സ്വാർത്ഥത, അഹങ്കാരം, ദുരഭിമാനം, കോപം, ഭയം, ദുരാഗ്രഹം, അസൂയ എന്നിവയെല്ലാം ഇതിൽപ്പെടുന്നു. മററുള്ളവരിലെ സൽഗുണങ്ങളെ കണ്ടില്ലെന്നു നടിക്കുന്നതും, ഇടിച്ചു താഴ്ത്തി പറയുന്നതും അസത്യമാണ്. ഏഷണി, പരനിന്ദ, ശത്രുത എന്നിങ്ങനെ അനേകം ദോഷങ്ങളിലേക്കു അസത്യവചനം നമ്മെ നയിക്കും. തെളിഞ്ഞ ജലത്തിലേ അടിയിൽ കിടക്കുന്ന വസ്തുക്കളെ അവ ആയിരിക്കുന്നതുപോലെ കാണാൻ പററു. പലപ്പോഴും മററുള്ളവരിലുള്ള നന്മകൾ കാണാതെ, അവരിലുള്ള ദോഷങ്ങൾ നാം കാണുന്നതു്, നമ്മുടെ സ്വഭാവദുഷ്യംകൊണ്ടുണ്ടാകുന്ന കലക്കം ഹേതുവാണ്. പ്രാർത്ഥനയിൽ ബുദ്ധിക്കു പ്രകാശം തേടുക. അപ്പോൾ നിനക്കും വസ്തുക്കളേയും വസ്തുതകളേയും ദൈവം കാണുന്നതുപോലെ കാണാറാകും. മനസ്സ് പരിശുദ്ധമാകുംതോറും, നാം മററുള്ളവരിലും നല്ലവതന്നെ കാണാൻ തുടങ്ങും. ദൈവികമായ വീക്ഷണമുള്ളവൻ എല്ലാം ദൈവം കാണുന്നതുപോലെ കാണുകയും വിധിക്കുകയും ചെയ്യുന്നു. മാനുഷികവീക്ഷണമുള്ളവൻ മാനുഷികമായി കാണുകയും വിധിക്കുകയും ചെയ്യുന്നു. നമ്മുടെ മാനുഷികവീക്ഷണം പലപ്പോഴും തെററാകാനിടയുണ്ട്. നമ്മുടെ സ്വാർത്ഥത അത്രയ്ക്കും വലിയ ഇരുൾ നമ്മിൽ ഉളവാക്കുന്നു. അതിനാൽ, വിധിയെല്ലാം ദൈവത്തിനു വിടുന്നതാണ് വിവേകം. ദൈവത്തിന്റെ ചിന്തയുള്ളവർക്കുമാത്രമേ യഥാർത്ഥ സത്യം കാണാൻ കഴിയൂ.

അസ്തേയം

'എനിക്കു കിട്ടണം, എനിക്കു കിട്ടണം' എന്നാണ് ഓരോ മനുഷ്യൻേറയും, സ്വാഭാവികമായ ചിന്ത. നമ്മുടെ സുഖത്തിനും സന്തോഷത്തിനുംവേണ്ടി മററുള്ളവരിൽനിന്നും ഒന്നും ഇങ്ങോട്ടു് വാങ്ങിക്കാതിരിക്കുന്നതാണു് അസ്തേയം. 'നിങ്ങൾക്കു ദാനമായി കിട്ടി; നിങ്ങളും ദാനമായി കൊടുക്കുക' എന്നാണല്ലോ യേശു നമ്മോടു് അരുളി ചെയ്തിട്ടുള്ളതു്. ജീവൻ, ആരോഗ്യം, സമയം, അറിവു്, സമ്പത്തു് സഹോദരങ്ങൾ എന്നിങ്ങനെ എന്നിങ്ങനെ എത്രയോ ദാനങ്ങളാണു് നാം ദൈവത്തിൽനിന്നും ദാനമായി കൈക്കൊണ്ടിട്ടുള്ളതു്! അതിനാൽ നമുക്കുള്ളവ മുഴുവനും—എന്നല്ല, നമ്മെത്തന്നെയും —നാം പൂർണ്ണമായി ദൈവത്തിനും മനുഷ്യർക്കുമുള്ള സ്നേഹദാനമായി സമർപ്പിക്കാൻ കടപ്പെട്ടവരാണു്. 'ദൈവത്തിൽനിന്നും സഭയിൽനിന്നും സഹോദരങ്ങളിൽനിന്നും എനിക്കെന്തു കിട്ടും, എനിക്കെന്തു കിട്ടും?' എന്നു നോക്കിനടക്കുന്നവരാകരുതു് നാം. ''ദൈവത്തിനും സഭയ്ക്കും സഹോദരങ്ങൾക്കും എനിക്കെന്തു കൊടുക്കാൻ സാധിക്കും'' എന്നുമാത്രം എപ്പോഴും വിചാരിച്ചു്, അതിനുള്ള അവസരങ്ങൾ ആഗ്രഹപൂർവ്വം അന്വേഷിച്ചുകൊണ്ടിരിക്കുകയത്രെ നാം ചെയ്യേണ്ടതു്. വാസ്തവത്തിൽ കിട്ടുന്നതല്ല, കൊടുക്കാൻ കഴിയുന്നതാണു് നമ്മുടെ ഭാഗ്യം. ദൈവത്തിനും സഹോദരങ്ങൾക്കുംവേണ്ടി നഷ്ടം വരിക്കാനും ത്യാഗം സഹിക്കാനും കഴിയുന്നതു് ജീവിതത്തിലെ ഒരു പരമ ഭാഗ്യമായി നാം പരിഗണിക്കണം. 'നിങ്ങൾക്കെന്തു കിട്ടി?' എന്നു് യേശു അന്ത്യവിധിയിൽ നമ്മിലാരോടും ചോദിക്കില്ല. 'എനിക്കും എൻെറ ഈ ചെറിയ സഹോദരന്മാർക്കും നിങ്ങൾ എന്തു ചെയ്തുകൊടുത്തു?' എന്നു മാത്രമേ അവിടുന്നു് നമ്മോടു ചോദിക്കൂ. അതിനുവേണ്ടി ജീവിതകാലത്തു് നഷ്ടം വരിച്ചവർ സ്വർഗ്ഗഭാഗ്യത്തിലേക്കു പ്രവേശിക്കും; അവനവനുവേണ്ടി സ്വന്തം കാര്യം നേടിയവർ, യേശുവിൽനിന്നകന്നു് നിത്യ ശിക്ഷയിലേക്കും താഴും. യേശു ദൈവത്തിനും മററുള്ളവർക്കും വേണ്ടി ജീവിച്ച മനുഷ്യനായിരുന്നു.

ബ്രഹ്മചര്യം

ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണമാണ് ബ്രഹ്മചര്യത്തിൻെറ കാതൽ. ബ്രഹ്മത്തിൽ ചരിക്കുന്നതിനാണ് ബ്രഹ്മചര്യം എന്നു പറയുന്നതു്. ബ്രഹ്മം എന്നുവച്ചാൽ വേദം അഥവാ ദൈവവചനം എന്നാണർത്ഥം. ദൈവവചനമായ യേശുവിനുള്ള നമ്മുടെ മനസ്സിൻേറയും ശരീരത്തിൻേറയും സമ്പൂർണ്ണമായ സമർപ്പണമാണ് ക്രിസ്തീയബ്രഹ്മചര്യത്തിൻെറ കാതൽ. നമ്മുടെ വാക്കും വിചാരവും വ്യാപാരവും ഉറച്ചിരിക്കേണ്ടതു് യേശുവിലാണ്. വിവാഹിത, ഭർത്താവിനെ പ്രസാദിപ്പിക്കേണ്ടതു് എങ്ങനെ എന്നു നിനച്ചു് പര്യാകുലയായി ഭവിക്കുന്നു. കന്യകയാകട്ടെ, സദാ സമയവും കർത്താവിൻെറ കാര്യങ്ങളിൽ വ്യാപൃതയായി കഴിയുന്നു. യേശുവിനെ സ്നേഹിക്കുന്നതും സേവിക്കുന്നതും മാത്രമായിരിക്കണം ബ്രഹ്മചാരിയുടെ ജീവിതാനന്ദം. യേശുവിനോടു സംഭാഷിക്കുന്നതിലും, അവിടുത്തെ ഭവനത്തിൽ വസിച്ചു് അവിടുത്തെ ശുശ്രൂഷിക്കുന്നതിലും ബ്രഹ്മചാരി ജന്മസാഫല്യം ദർശിക്കുന്നു. ഭാരതീയ ദർശനപ്രകാരം, ഗുരുകുലത്തിൽ വസിക്കുന്ന ബ്രഹ്മചാരി നിർവ്വഹിക്കേണ്ട കർത്തവ്യം രണ്ടാണ്: ഗുരുവിനേയും ഗുരുപത്നിയേയും ശുശ്രൂഷിക്കുക. ക്രിസ്തീയ ബ്രഹ്മചാരിയും, സ്വന്തം വീടും കുടുംബവും വിട്ടു് ഗുരുവായ യേശുവിൻെറതന്നെ ഭവനത്തിൽ വസിക്കുന്ന ആളാണ്. ദിവ്യമായ ഈ ഗുരുകുലത്തിൽ ബ്രഹ്മചാരികളായി നാം വസിക്കുന്നതു് ഗുരുവായ യേശുവിനേയും, ഗുരുപത്നിയായ തിരുസ്സഭയേയും—ദൈവജനത്തേയും—ശുശ്രൂഷിക്കുന്നതിനാണ്. കർത്താവിനേയും അവിടുത്തെ സഹോദരങ്ങളേയും അവിഭക്തമായി സ്നേഹിച്ചു് സമർപ്പിതമായി ശുശ്രൂഷിക്കുകയാണ് നമ്മുടെ ബ്രഹ്മചര്യത്തിൻെറ ലക്ഷ്യം. അതുതന്നെയായിരിക്കണം നമ്മുടെ ആനന്ദവും. ബ്രഹ്മചര്യം നമ്മെ ദൈവത്തോടും മനുഷ്യരോടും ബന്ധിക്കുന്നു.

അപരിഗ്രഹം

സ്വാർത്ഥതയെ അപരനുള്ള ദാനത്തിലൂടെ വേണം നാം ജയിക്കേണ്ടതു്. അപരിഗ്രഹമാണു് ജൈനസന്ന്യാസികളുടെ അഞ്ചാമത്തെ വ്രതം. അവനവനുള്ളവ, സ്വന്തം സുഖത്തിനും സൗകര്യത്തിനുമായി സംവരണം ചെയ്യാതെ, മററുള്ളവക്കു സ്നേഹപൂർവ്വം ദാനം ചെയ്യുന്നതിലാണു് ഇതിൻെറ സാരം. യേശു, തന്നെ മുഴുവനും നമുക്കു ദാനമായി നല്കിയ അനുപമ സ്നേഹനിധിയാണല്ലോ. തൻെറ മാംസവും രക്തവും അവിടുന്നു് നമുക്കായി മുറിച്ചു വിളമ്പി. അവസാനം, തൻെറ ഹൃദയത്തിൽ കെട്ടിക്കിടന്നിരുന്ന രക്തവും വെള്ളവുംപോലും നമ്മോടുള്ള സ്നേഹത്തെപ്രതി അവിടുന്നു് ഒഴുക്കി. നമ്മെയും നമുക്കുള്ളവയേയും നാം നമുക്കായി സൂക്ഷിച്ചു വയ്ക്കരുതു്. നമ്മുടെ അറിവു്, ആരോഗ്യം, സമയം, സമ്പത്തു് തുടങ്ങിയവയെല്ലാം, മററുള്ളവക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും സഹിക്കുന്നതിനും അവരെ ശുശ്രൂഷിക്കുന്നതിനുമായി ഉപയോഗിച്ചുകൊണ്ടു്, അവയെ നാം മററുള്ളവരിലേയ്ക്കു നീക്കണം. മററുള്ളവർ നമ്മുടെ സമയവും സഹായവും ആവശ്യപ്പെടുമ്പോഴം, ''ഇല്ല, ഇല്ല'' എന്നു പറയാതെ ''ഉണ്ടു്, ഉണ്ടു്'' എന്നുമാത്രം പറയുന്നവരായിരിക്കണം, നാം. യേശു ഇങ്ങനെയുള്ള മനുഷ്യനായിരുന്നു. വി. പൗലോസ് യേശുവിനെക്കുറിച്ചു പറയുന്നതു്, ''അവൻ എപ്പോഴും അതെ, അതെ (അഥവാ ഉണ്ടു്, ഉണ്ടു്) എന്നു പറഞ്ഞ മനുഷ്യനായിരുന്നു'' എന്നാണു്. യേശുശിഷ്യന്മാരും ഇങ്ങനെയുള്ളവരായിരുന്നു. പൊന്നും വെള്ളിയും കൊടുക്കാൻ തങ്ങാംക്കു- ഇല്ലാതിരുന്ന സമയത്തുപോലും, 'ഇല്ല' എന്നു പറഞ്ഞവസാനിപ്പിക്കാതെ, ''ഞങ്ങാംക്കുള്ളവ നിനക്കു ഞാൻ തരുന്നു'' എന്നത്രെ അവർ പറഞ്ഞതു്. ഇതാണു് അപരിഗ്രഹത്തിൻെറ ചൈതന്യം. നാം സമ്പൂർണ്ണമായി ദൈവത്തിൻേറയും മനുഷ്യരുടേതുമാണു്. ദൈവത്തോടും മനുഷ്യരോടും, ''നിങ്ങാംക്കു തരുവാൻ ഞങ്ങാംക്കു ഉണ്ടു് ഉണ്ടു്'' എന്നു മാത്രമേ പറയാവൂ. നമുക്കു ദാനമായി കിട്ടി; അതിനാൽ ദാനമായിത്തന്നെ നാം കൊടുക്കണം.

ദുഃഖം

ദുഃഖം കൂടാതെ ജീവിക്കാനാണ് ഓരോ മനുഷ്യനും ആഗ്രഹിക്കുന്നതു്. ബുദ്ധമതസ്ഥാപകനായ സിദ്ധാത്ഥൻ ഒരിക്കൽ തെരുവിലൂടെ നടക്കുമ്പോഠം തുടരെത്തുടരെ നാല് കാഴ്ചകഠം കണ്ടു: ജരാനരകഠം ബാധിച്ചൊരു വയോവൃദ്ധൻ, രോഗം ബാധിച്ച് മരണാസന്നനായൊരു യുവാവ്, നാലാളുകഠംകൂടി ചുമന്നുകൊണ്ടുപോകുന്നൊരു ശവമഞ്ചം, സംസാരസാഗരത്തിൽ നിന്നും മുക്തി നേടാനുള്ള വഴി അന്വേഷിച്ചുകൊണ്ടു നടക്കുന്നൊരു സന്ന്യാസി എന്നിവയാണ് സിദ്ധാത്ഥൻ കണ്ട കാഴ്ചകഠം. വാസ്തവത്തിൽ ലോകത്തിൽ ദുഃഖം മാത്രമെ സ്ഥായിയായുള്ളു എന്ന് അന്ന് അദ്ദേഹം പറഞ്ഞതിലും വളരെ പരമാത്ഥം ഉണ്ടു്. ജനിച്ചുവീണൊരു ശിശു ജീവിക്കാൻ തുടങ്ങുമ്പോഴേയ്ക്കും അതു് മരിക്കാനും ആരംഭിച്ചിരിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും അവൻ തൻെറ ശവക്കല്ലറയിലേയ്ക്കു അടുത്തുകൊണ്ടിരിക്കുകയാണ്. അവൻ വളരുന്നു, ജീവിയ്ക്കുന്നു എന്നൊക്കെ നാം പറയാറുണ്ടെങ്കിലും, അവൻ തളച്ചയിലേയ്ക്കും മരണത്തിലേയ്ക്കും അടുത്തുകൊണ്ടിരിയ്ക്കുന്നു എന്നതാണ് പരമാത്ഥം. പ്രിയപ്പെട്ടവക്കു സന്തോഷം നല്കി ലോകത്തിലേയ്ക്കു ജനിച്ചു വീണ നാം, പ്രിയപ്പെട്ടവരെ ദുഃഖത്തിലാഴ്ത്തി ലോകത്തിൽനിന്നും മരിച്ചു മറയുന്നു. ഈ ദുഃഖത്തിലും കണ്ണീരിലുംനിന്നും നമുക്കു മോചനമരുളുന്ന ഒരേയൊരു പരമാത്ഥം ദൈവം മാത്രമാണ്. ദൈവത്തെ മറന്ന്, നാം അനുഭവിച്ചിട്ടുള്ള ഓരോ സന്തോഷവും ഇന്നല്ലെങ്കിൽ നാളെ നമുക്കു ദുഃഖത്തിനു കാരണമാകും. ദൈവത്തെ ഓത്തു് നാം വരിച്ചിട്ടുള്ള ഓരോ ദുഃഖവും അവസാനം നമുക്കു അപാരമായ സന്തോഷത്തിനു കാരണമാകും. ദൈവമില്ലാത്തതാണ് ഏററവും വലിയ ദുരന്തം എന്നു ഫ്രഞ്ചുചിന്തകനായ പാസ്ക്കൽ പറഞ്ഞിട്ടുള്ളതു് എത്രയോ പരമാർത്ഥമാണെന്ന് ഇന്നല്ലെങ്കിൽ നാളെ നമുക്കോരോരുത്തക്കും ബോധ്യമാകാതിരിക്കില്ല. ദൈവമാണ്, ദൈവം മാത്രമാണ്, യഥാത്ഥമായ സന്തോഷവും സൗഭാഗ്യവും.

കുരിശ്

നാശം മരത്തിൽനിന്നും വന്നു; രക്ഷ വന്നതും യേശു ചുമന്ന കുരിശുമരത്തിൽനിന്നുതന്നെ. ശരിയായ ആത്മജ്ഞാനം സിദ്ധിക്കുന്നതിനായി സിദ്ധാർത്ഥൻ ബോധിവൃക്ഷത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു് ധ്യാനമാരംഭിച്ചു. ആത്മപ്രകാശം സിദ്ധിക്കാതെ അവിടെനിന്നും എണീല്ക്കുയില്ലെന്ന ദൃഢപ്രതിജ്ഞയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. ബുദ്ധൻ പറഞ്ഞു: ''ഇവിടെ, ഈ ഇരിപ്പിടത്തിൽ ഇരുന്നു് എൻെറ ശരീരം ഉണങ്ങിക്കൊള്ളട്ടെ; എൻെറ തൊലിയും, എല്ലും മാംസവും ദ്രവിച്ചുകൊള്ളട്ടെ; യുഗയുഗാന്തരങ്ങളായി പരിശ്രമിച്ചാൽപോലും ലഭിക്കാൻ വിഷമമായ ആത്മപ്രകാശം സിദ്ധിക്കാതെ ഞാൻ ഇവിടെനിന്നും അനങ്ങുകയില്ല.'' നമുക്കു ആത്മപ്രകാശമരുളുന്ന ബോധിവൃക്ഷം യേശുവിൻെറ കുരിശാണു്. കുരിശിൻ കീഴിൽ നീ ചെന്നിരുന്നു്, ആ അത്ഭുതവൃക്ഷത്തിലേയ്ക്കു ധ്യാനപൂർവ്വം നോക്കിക്കൊണ്ടിരുന്നാൽ, ഇതുവരെയും നീ പഠിച്ചിട്ടില്ലാത്ത പല പുതിയ പാഠങ്ങളും നിനക്കു പഠിക്കാൻ കഴിയും. ഇതുവരെയും നിനക്കു ലഭിച്ചിട്ടില്ലാത്ത പല പുതിയ പ്രകാശവും അവിടെനിന്നു നിനക്കു ലഭിക്കും. ആ പ്രകാശം ലഭിക്കുംവരെ കുരിശിൻകീഴിൽ ധ്യാനലീനനായിരിക്കുക. ക്രൂശിതനായ മിശിഹായിലത്രെ സർവ്വവിജ്ഞാനവും വി. പൗലോസ് കണ്ടെത്തിയതു്. യേശുവിനെ, അതും ക്രൂശിതനായവനെ, അറിയുന്നതൊഴികെ മറെറല്ലാററിനേയും പ്രയോജനരഹിതമായി അദ്ദേഹം കരുതി. തനിക്കു ഈ വിജ്ഞാനമെല്ലാം എവിടെനിന്നു കിട്ടി എന്നു വി. തോമസ് അകമ്പീനാസിനോട് വി. ബൊനവെഞ്ചുരാ ചോദിച്ചപ്പോഠം, അദ്ദേഹം ക്രൂശിത രൂപമാകുന്ന സ്വർഗ്ഗീയ പുസ്തകത്തെ ചൂണ്ടിക്കാട്ടുകയാണുണ്ടായതു്. കുരിശിലെ ഭോഷത്വം ലോകത്തിൻെറ വിജ്ഞാനത്തെ പരാജയപ്പെടുത്താൻ മാത്രം ശക്തിയുള്ളതാണു്.

കണ്ണുനീർ

ആത്മപ്രകാശം ലഭിക്കാത്ത മനുഷ്യനു് പുരോഗതിയുണ്ടാകുകയില്ല. ശ്രീബുദ്ധനു ലഭിച്ച ബോധി അഥവാ ആത്മപ്രകാശം താഴെക്കാണുന്ന നാലു സത്യങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു. അവയ്ക്കു ബുദ്ധമതത്തിൽ ആര്യസത്യങ്ങൾ എന്നു പറയുന്നു. അവ താഴെപ്പറയുന്നവയാണു്: ജീവിതം ദുഃഖമാണു്; സ്വാർത്ഥസംതൃപ്തിക്കുവേണ്ടിയുള്ള തൃഷ്ണയാണു് ദുഃഖത്തിനു കാരണം; തൃഷ്ണയെ നിരോധിക്കാതെ ദുഃഖനിഹനനം സാധ്യമല്ല; അതിനുള്ള പോംവഴി അഷ്ടാംഗമാർഗ്ഗമാണു്. ഇവയോരോന്നിനെപ്പററിയും ക്രമമായി അടുത്ത ധ്യാനങ്ങളിൽ പറയാം. ബുദ്ധൻെറ ദർശനത്തിൽ പ്രത്യേകം ശ്രദ്ധേയമായിക്കാണുന്ന കാര്യം ജീവിതം ദുഃഖമയമാണെന്നുള്ളതാണല്ലൊ. അതും ഒരു പരമാർത്ഥമാണു്. ജീവിതത്തിൽ അനേകം കാര്യങ്ങളെപ്പററി നമുക്കു കരയാനും ദുഃഖിക്കാനുമുണ്ടു്. അവയെപ്പററി നാം ഹൃദയം നൊന്തു കരയാതെ, അവയെ അന്ധമായ ചിരികൊണ്ടും ഉപരിപ്ലവമായ സന്തോഷപ്രകടനങ്ങൾകൊണ്ടും മൂടിപ്പൊതിഞ്ഞു വയ്ക്കാനാണു് നാം പലപ്പോഴും പരിശ്രമിക്കുന്നതു്. ദൈവത്തെ നാം എന്തുമാത്രം ഉപദ്രവിച്ചു, അവിടുന്നു നമുക്കു നല്കിയിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങളെ മറന്നു് എത്രയോ നന്ദിയില്ലാത്തവരായി നാം വ്യാപരിച്ചു, സഹോദരങ്ങളെപ്പററി വിചാരമില്ലാതെ സ്വന്തം സുഖത്തിനും താല്പര്യങ്ങൾക്കുംവേണ്ടി എങ്ങനെയെല്ലാം നാം ജീവിച്ചുപോയി—ഇങ്ങനെ ആലോചിച്ചു നോക്കിയാൽ കരയുകയും ദുഃഖിക്കുകയും ചെയ്യേണ്ട എത്രയെത്ര കാര്യങ്ങൾ നമ്മുടെതന്നെ ജീവിതത്തിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. എന്നിട്ടും അവയെപ്പററിയൊന്നും വിചാരമില്ലാത്തവരെപ്പോലെ നാം ഓരോരോ സുഖങ്ങളിലും സന്തോഷങ്ങളിലും മുഴുകി നടക്കുന്നു. പല വിശുദ്ധരും കണ്ണീർ ചിന്തി പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. നമുക്കും അതിനു് ആവശ്യമില്ലാഞ്ഞിട്ടല്ല; നമ്മുടെ സ്നേഹക്കുറവുകൊണ്ടും വിചാരക്കുറവുകൊണ്ടും ഇനിയും നമുക്കു അതിനു കഴിഞ്ഞിട്ടില്ല എന്നതാണു് പരമാർത്ഥം.

തൃഷ്ണ

ആഗ്രഹങ്ങൾക്ക അറുതിയില്ലാത്തൊരു ജീവിയാണ് മനുഷ്യൻ എന്നു പറയാം. നാം നമ്മുടെ സ്വാർത്ഥതകൊണ്ട് നമുക്കായി ഓരോരോ കാര്യങ്ങൾ ആഗ്രഹിക്കുന്നു. അവ കിട്ടാതെ വരുമ്പോൾ നമുക്ക ദുഃഖമായി. കിട്ടിയാൽ, കിട്ടിയതു് പൊയ്പ്പോകുമോ എന്ന വ്യഗ്രതകൊണ്ടുള്ള ദുഃഖം. ഇങ്ങനെ നോക്കുമ്പോൾ, സ്വാർത്ഥതയിൽനിന്നും ഉടലെടുക്കുന്ന തൃഷ്ണ അഥവാ ആഗ്രഹമാണ് എല്ലാ ദുഃഖത്തിനും കാരണമെന്നു കാണാം. തനിക്കായി ഒന്നും ആഗ്രഹിക്കാതെ, ദൈവം തരുന്നതെന്തും സന്തോഷപൂർവ്വം കൈനീട്ടി വാങ്ങുന്നവനു ഒന്നുകൊണ്ടും ദുഃഖമുണ്ടാവില്ല. എല്ലാററിലും ദൈവഹിതം നിറവേറണമെന്നു മാത്രമെ അയാൾക്ക ആഗ്രഹമുള്ളൂ. ജയമായാലും പരാജയമായാലും, സുഖമായാലും ദുഃഖമായാലും, എല്ലാം ദൈവഹിതപ്രകാരം വരുന്നതെന്നു കരുതി, അയാൾ എല്ലാററിനേയും സമഭാവനയോടെ സ്വീകരിക്കുന്നു. ഈ ലോകത്തിൽ ഒന്നിനും അയാളെ ദുഃഖിതനാക്കാൻ കഴിയുകയില്ല. 'ദൈവം തന്നു, ദൈവം എടുത്തു. അവിടത്തെ നാമം വാഴ്ത്തപ്പെടട്ടെ' എന്നു മാത്രം സർവ്വവിധ ദുരിതങ്ങളാൽ പീഡിതനായപ്പോഴും പറഞ്ഞ യോബിൻെറ ചൈതന്യമാകും അയാൾക്കുണ്ടാകുക. 'ദൈവം അറിയാതെ ഒന്നും വരുന്നില്ല, ദൈവഹിതപ്രകാരം എനിക്ക ഭവിക്കുന്നതെന്തും എനിക്കു ഗുണകരമായേ പരിണമിക്കൂ' എന്നെല്ലാം തത്വത്തിൽ നാം സമ്മതിക്കും. എന്നാൽ നമുക്ക ദുഃഖകരമായവ ഉണ്ടാകുമ്പോൾ, ഈ തത്വമെല്ലാം നാം മറന്നു്, നാം കരുതുന്നതുപോലെതന്നെ കാര്യങ്ങൾ നടക്കണമെന്നു് നാം ശാഠ്യം പിടിക്കും. സ്വാർത്ഥതാല്പര്യങ്ങൾ പുലർത്തുന്ന മനുഷ്യനു് ഒരിക്കലും യഥാർത്ഥമായ ആന്തരികസ്വസ്ഥതയുണ്ടാവില്ല. താൻ ആഗ്രഹിക്കുന്നവ കിട്ടാതെ വരുമ്പോൾ ദുഃഖം; കിട്ടിയാൽ, കിട്ടിയതു് പൊയ്പ്പോകുമോ എന്ന ദുഃഖം; പോയില്ലെങ്കിലും, തനിക്ക മററുള്ളവരേക്കാൾ കുറഞ്ഞുപോകുമോ എന്ന ദുഃഖം. ഇങ്ങനെ സ്വാർത്ഥമതിക്ക ദുഃഖത്തിനേ ഇടമുണ്ടാകൂ. ദൈവത്തെ ഒഴികെ ഒന്നിനെയും ആഗ്രഹിക്കാതിരിക്കുക. നിനക്ക സ്വസ്ഥതയുണ്ടാകും. ദൈവമാണ് സത്യമായ സ്വസ്ഥത.

സമ്യക്ദൃഷ്ടി

സ്വാർത്ഥതയെ ജയിക്കാനുള്ള മാർഗ്ഗങ്ങളാണ് മതങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. സ്വാർത്ഥതയിൽനിന്നും ഉടലെടുക്കുന്ന തൃഷ്ണയെ അഥവാ ആഗ്രഹത്തെ ജയിക്കാൻ ശ്രീബുദ്ധൻ ഉപദേശിക്കുന്ന വഴിക്ക് അഷ്ടാംഗമാർഗ്ഗമെന്നു പറയുന്നു. സമ്യക്ദൃഷ്ടി, സമ്യക്സങ്കല്പം, സമ്യക്വാക്യം, സമ്യക്കർമ്മം, സമ്യഗാജീവം, സമ്യഗ്വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി എന്നിവയാണ് ഈ എട്ടു മാർഗ്ഗങ്ങൾ. കാര്യങ്ങളെ അവ ആയിരിക്കുന്ന രീതിയിൽ കാണുന്നതിനാണ് സമ്യക് ദൃഷ്ടി എന്നു പറയുന്നത്. ദൈവമാണ് എല്ലാ കാര്യങ്ങളേയും അവ ആയിരിക്കുന്നതുപോലെ കാണുന്നത്. നാം പലപ്പോഴും വസ്തുതകളെ ദൈവം കാണുന്നതുപോലെയല്ല, മനുഷ്യൻ കാണുന്നതുപോലെ മാത്രം കാണുന്നു. കുരിശിനെയും ദാരിദ്ര്യത്തെയും പററി ദൈവത്തിൻെറ കാഴ്ചപ്പാടല്ല നമുക്കുള്ളത്. അതുകൊണ്ടുതന്നെ നാം അവയെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നു. സഹനം, വിനയം, ത്യാഗം, സേവനം, പ്രാർത്ഥന, ക്ഷമ, ലാളിത്യം തുടങ്ങിയ അനേകം കാര്യങ്ങളെ നാം വേണ്ടവിധം വിലമതിക്കാത്തതിൻെറ കാരണം, അവയെപ്പററി നമുക്കു ദൈവത്തിൻെറ കാഴ്ചപ്പാട് ഇല്ലാത്തതാണ്. ധനം, സുഖം, സന്തോഷം, വലിപ്പം, പ്രശംസ തുടങ്ങിയ കാര്യങ്ങളെയാണ് നാം പ്രധാനമായി കരുതുന്നത്. അവയ്ക്കുവേണ്ടി ദൈവത്തിൻെറ കാര്യങ്ങളും സന്ന്യാസ മൂല്യങ്ങളും മറന്നു പ്രവർത്തിക്കാൻപോലും നാം മടി കാണിക്കുന്നില്ല. നമ്മുടെ ആത്മീയദൃഷ്ടിക്കു അന്ധത ബാധിച്ചിരിക്കുന്നു. ദൈവത്തിൻെറ വഴികൾ മനസ്സിലാക്കാൻ കഴിവില്ലാത്തവിധം, ലൗകികത നമ്മിൽ നുഴഞ്ഞുകയറിയിരിക്കുന്നു. പ്രാർത്ഥിക്കാൻ നമുക്കു മടിയാണ്. പ്രയത്നിക്കാൻ നമുക്കു ഇഷ്ടമില്ല; സഹിക്കാൻ നാം തയ്യാറില്ല; സഹകരിച്ചു പ്രവർത്തിക്കാനും നമുക്കു മടുപ്പാണ്. ഇതിനെല്ലാം കാരണം, കാര്യങ്ങളെ നാം ദൈവത്തിൻെറ കണ്ണുകൾകൊണ്ടു നോക്കാതെ, സ്വാർത്ഥത നിറഞ്ഞ നമ്മുടെ കണ്ണുകൾകൊണ്ടു നോക്കുന്നതാണ്.

സമ്യക്സങ്കല്പം

ദൈവത്തിൻെറ പേരിൽ മനുഷ്യൻ പലപ്പോഴും തനിക്കു വേണ്ടിത്തന്നെ പ്രവർത്തിക്കുന്നു. ശരിയായ നിയോഗശുദ്ധിക്കാണ് സമ്യക് സങ്കല്പം എന്നു പറയുക. പലപ്പോഴും നാം പ്രവർത്തിക്കുന്നത് ദൈവത്തിനു വേണ്ടിയോ മററുള്ളവർക്കു വേണ്ടിയോ അല്ല. നമ്മുടെ സുഖത്തിനും സന്തോഷത്തിനും സൗകര്യത്തിനും വേണ്ടിയാണ്. ദൈവത്തിനും മററുള്ളവക്കും വേണ്ടി സഹിക്കാനും നഷ്ടം വരിക്കാനും അസൗകര്യം അനുഭവിക്കാനും ആവശ്യപ്പെടുന്ന അവസരങ്ങളിൽ, നാം അതിനു തയ്യാറാകാതെ മാറിക്കളയുന്നതു് ഇതുകൊണ്ടാണ്. മററുള്ളവർ പ്രശംസിക്കുന്ന ജോലികൾ ചെയ്യാൻ നമുക്കു സന്തോഷമാണ്. ആരും അറിയാതെ പോകുന്ന സേവനങ്ങളും സഹനങ്ങളും സ്വാഗതം ചെയ്യാൻ നമുക്കു മടിയാണ്. സന്ന്യാസത്തിൽ ചേർന്നതുമൂലം നമുക്ക് ദൈവത്തിനും മനുഷ്യക്കുംവേണ്ടി എന്തു ചെയ്തുകൊടുക്കാൻ സാധിച്ചു എന്നല്ല നാം നോക്കുന്നതു്. സന്ന്യാസത്തിൻെറ പേരിൽ ദൈവത്തിൽനിന്നും മററുള്ളവരിൽനിന്നും നമുക്കു എന്തുമാത്രം വളർച്ചയും പ്രശംസയും കിട്ടി എന്നതിലാണ് നമുക്കു താല്പര്യം. മററുള്ളവക്കു തികയുമോ എന്നുപോലും നോക്കാതെ, ഓരോരുത്തനും അവനവനുള്ളതു് കണക്കു പറഞ്ഞ് വാങ്ങിക്കാനാണ് ധൃതി. ഇവ്വിധം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനു് സങ്കല്പശുദ്ധി അഥവാ നിയോഗശുദ്ധി ഇല്ല. നാം നമ്മെത്തന്നെ മറക്കുക. ദൈവത്തിനുവേണ്ടിയും മററുള്ളവക്കുവേണ്ടിയും ജീവിക്കുക. തീർച്ചയായും ദൈവവും മററുള്ളവരും നമ്മുടെ കാര്യങ്ങൾ മറക്കാതെ നോക്കിക്കൊള്ളും. നമുക്കൊരു കുറവും വരാൻ ദൈവം അനുവദിക്കുകയില്ല. ദൈവത്തിനും മനുഷ്യക്കുംവേണ്ടി ജീവിച്ചതുമൂലം, നമുക്ക് നമുക്കായി ഒന്നുംതന്നെ നേടാൻ സാധിച്ചില്ല, എല്ലാം നഷ്ടപ്പെട്ടു, എന്നാണെങ്കിൽപ്പോലും നീ അതേപ്പററി വ്യഗ്രത കൊള്ളേണ്ട. ദൈവവും മനുഷ്യരും തന്നെയാണ് നമ്മുടെ നേട്ടം. ദൈവത്തേയും മനുഷ്യരേയും മറന്നിട്ട്, ഞാൻ എനിക്കായി കുറേ കാര്യങ്ങൾ നേടിയതുകൊണ്ട് എന്തുഫലം? അവയെല്ലാം മരണത്തോടെ അഴുകിത്തീരും. നമ്മുടെ നിധി ദൈവവും മററുള്ളവരുമാണ്.

സമ്യക്‌വാക്യം

സംസാരത്തിൽ പിഴക്കാത്തവൻ പരിപൂർണ്ണനാകുന്നു എന്നാണ് വേദവാക്യം. സംസാരത്തിലുള്ള പൂർണ്ണതയാകുന്നു സമ്യക്‌വാക്യം. വചനം ഉച്ചരിച്ചുകൊണ്ടാണല്ലോ നാം സംസാരിക്കുക. തൻെറ ജീവനും സ്നേഹവും അറിവും പുറമേയ്ക്കു കൊണ്ടുവരുന്നതിനു മനുഷ്യനുള്ള ഒരു ഉപാധിയാണ് വാക്ക് അഥവാ വചനം. സ്നേഹമായും സന്തോഷമായും, ആശ്വസിപ്പിക്കുന്ന തരത്തിലും പ്രോത്സാഹിപ്പിക്കുന്ന തരത്തിലും, വാക്ക് ഉച്ചരിച്ചുകൊണ്ട് നാം മററുള്ളവരെ സജീവരായി കാക്കണം. അല്ലാതെ മററുള്ളവരുടെ പ്രാണൻ പോകുന്ന തരത്തിൽ പരുഷമായും സ്നേഹമില്ലാതെയും നാം സംസാരിക്കരുത്. ശാന്തവും വിനീതവും സ്നേഹസമന്വിതവുമായ സംസാരത്താൽ, നമുക്കു മററുള്ളവരോടുള്ള സ്നേഹവും താല്പര്യവും, അവർക്കു നാം അനുഭവവേദ്യമാക്കിക്കൊടുക്കണം. അതുപോലെ തന്നെ മററുള്ളവർക്കു പ്രകാശവും പ്രയോജനവും കിട്ടത്തക്ക വിധം അറിവോടുകൂടി നാം സംസാരിക്കണം. ബുദ്ധൻ പറയുന്നു: ''അർത്ഥമില്ലാത്ത ആയിരം വാക്കു പറയുന്നതിനെക്കാൾ നല്ലതു്, മററുള്ളവർക്കു ശാന്തിയേകുന്ന ഒരു വചനം ഉച്ചരിക്കുന്നതാണ്. സംസാരത്തിൽ മിതത്വം പാലിക്കുക. സംസാരംമൂലം മററുള്ളവർക്കു അസ്വസ്ഥത ഉണ്ടാക്കാതിരിക്കുക. സംസാരംവഴിയുണ്ടാകാവുന്ന തിന്മകളെ പരിവർജ്ജിച്ചശേഷം, സംസാരംകൊണ്ടുണ്ടാക്കാവുന്ന സൽഫലങ്ങളെ ഉളവാക്കുക.'' ക്ഷമയില്ലാത്ത സംസാരം, കോപംപൂണ്ട സംസാരം, അസൂയ നിറഞ്ഞ സംസാരം, അസത്യം പറയുന്ന സംസാരം, സ്നേഹമില്ലാത്ത സംസാരം, വിരോധം വമിക്കുന്ന സംസാരം, വിനയമില്ലാത്ത സംസാരം മററുള്ളവരെ കേൾക്കാൻ കൂട്ടാക്കാത്ത സംസാരം ഇങ്ങനെ നാനാതരത്തിൽ നമ്മുടെ സംസാരത്തിൽ അപൂർണ്ണതകൾ കാണാം. അവയെല്ലാം സശ്രദ്ധം ഒഴിവാക്കണം. മററുള്ളവരെ ക്ഷമാപൂർവ്വം കേൾക്കാൻ പഠിച്ചിട്ടുള്ളവനേ അവരോടു പ്രസക്തമായി സംസാരിക്കാൻ കഴിയൂ. കേൾക്കുക സംസാരിക്കുന്നതിനെക്കാൾ വിഷമമാണ്.

സമ്യക്കർമ്മം

നമ്മെത്തന്നെ മററുള്ളവക്ക ദാനം ചെയ്യുന്നതിനുള്ള ഉപാധിയാണ് കമ്മം. പാപം വെടിഞ്ഞ് സുകൃതം ആചരിക്കുന്നതാണ് സമ്യക്കമ്മം. പരോപകാരമേ പുണ്യം, പാപം പരപീഡനം എന്നാണല്ലോ ചൊല്ല്. നല്ല വൃക്ഷം നല്ല ഫലവും, ചീത്ത വൃക്ഷം ചീത്ത ഫലവും പുറപ്പെടുവിക്കുന്നു എന്നാണല്ലോ യേശു പറഞ്ഞിട്ടുള്ളതു്. നമ്മുടെ പ്രവൃത്തികൾ കൊണ്ടുവേണം, നാം സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിന്റെ മക്കളാണെന്നു തെളിയേണ്ടതു്. എല്ലാവരോടും സ്നേഹമായും സൗമ്യമായും പെരുമാറുക. വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വ്യത്യാസമില്ലാതെ, എല്ലാവരേയും സമഭാവനയോടെ ശുശ്രൂഷിക്കുക. മറക്കാനും പൊറുക്കാനും ക്ഷമിക്കാനും സന്നദ്ധനായിരിക്കുക. ചെയ്യാൻ സാധിക്കുന്ന ഒരു ഉപകാരവും മററുള്ളവക്ക ചെയ്തുകൊടുക്കാതെ ഇരിക്കരുതു്. മററുള്ളവക്ക ചെയ്തു കൊടുക്കാവുന്ന നന്മകൾ ഉപേക്ഷിച്ച്, അവരുടെ സ്ഥാനത്തു് സ്വന്തം കാര്യം നോക്കുന്നതുമൂലം നമുക്കു തിന്മയല്ലാതെ നന്മയൊന്നും ഉണ്ടാകുന്നില്ല. അസൂയ, അഹംഭാവം, സ്വാത്ഥത, പരനിന്ദ തുടങ്ങിയവയൊന്നും നമ്മുടെ കമ്മങ്ങളെ സ്വാധീനിക്കാതിരിക്കാൻ നാം കരുതിക്കൂട്ടി ശ്രദ്ധവയ്ക്കണം. ശാന്തവും സത്യസന്ധവും പരിശുദ്ധവുമായ പെരുമാററം എന്നാണ് സമ്യക്കമ്മത്തിന്നു് നല്കപ്പെട്ടിരിക്കുന്ന വ്യാഖ്യാനം. സമാധാനത്തോടുകൂടി, പ്രശാന്തചിത്തനായി, ഏല്പിക്കപ്പെട്ടിരിക്കുന്ന കമ്മങ്ങൾ ആചരിക്കുക. ജോലികളുടെ ചെറുപ്പം, അവയിൽ വരുന്ന പരാജയം തുടങ്ങി യാതൊന്നുകൊണ്ടും നിന്റെ പ്രശാന്തതയും സ്വസ്ഥതയും നശിക്കരുതു്. ഏതു ജോലിയായാലും, എവിടെയായാലും, എത്ര നാളത്തേയ്ക്കായാലും, വിജയമായാലും പരാജയമായാലും, നിന്ദ ലഭിച്ചാലും പ്രശംസ ലഭിച്ചാലും, സത്യസന്ധമായും മനസ്സാക്ഷിക്ക് അനുസരിച്ചും പരിശുദ്ധമായും ചെയ്യുക. കമ്മം ചെയ്യുകയാണ് നമ്മുടെ കത്തവ്യം. ഫലം തരേണ്ടതു് ദൈവമാണ്. ദൈവത്തിനുവേണ്ടി മാത്രമെ കമ്മം ചെയ്യാവൂ.

സമൃഗാജീവം

ജീവിതത്തിലേയ്ക്കു പകർത്താത്ത വാക്കിനും വിചാരത്തിനും സ്ഥാനമില്ല. ശരിയായ ജീവിതം എന്നാണു് സമൃഗാജീവം എന്ന പദത്തിനർത്ഥം. ജീവനു് ആത്മാവു്, ശരീരം എന്നിങ്ങനെ രണ്ടംശങ്ങളുണ്ടു്. അതിനാൽ ജീവിതത്തിലും അകം, പുറം എന്നിങ്ങനെ രണ്ടുവശങ്ങൾ കാണും. ആത്മാവിൻെറ ജീവനും ശരീരത്തിൻെറ ജീവനും ഒരുപോലെ പ്രധാനപ്പെട്ടതാണു്. ശരിയായ ആത്മീയ ജീവിതമില്ലാതെ, കുറെ പ്രവർത്തിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. ദൈവം ഉള്ളിലില്ലാതുള്ള പ്രവർത്തനങ്ങൾ പൊള്ളയാണു്. ധ്യാനം, പ്രാർത്ഥന, ഇന്ദ്രിയനിഗ്രഹം, ലളിതജീവിതം, സന്ന്യാസവ്രതാചരണം തുടങ്ങിയവയിലെല്ലാം അശ്രദ്ധ പുലർത്തുന്ന സന്ന്യാസിയിൽ ദൈവസാന്നിദ്ധ്യം ഉണ്ടായിരിക്കുകയില്ല. അങ്ങനെയുള്ള സന്ന്യാസിയുടെ ജീവിതം വിലയുള്ളതല്ല; കപടമാണു്, അസാധുവാണു്. അതിനാൽ അയാൾ സാധുവോ സന്ന്യാസിയോ അല്ല. ദൈവത്തിനുവേണ്ടി ജീവിക്കുന്നതുപോലെ നാം മററുള്ളവർക്കുവേണ്ടിയും ജീവിക്കണം. മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്കുവേണ്ടി സഹിക്കാനും അവരെ ശുശ്രൂഷിക്കാനുമായി ഒഴിഞ്ഞുവച്ചിരിക്കുന്ന ഒരു ജീവിതമാണു് സന്ന്യാസിയുടേതു്. ഒരു സന്ന്യാസിയും അയാളുടേതല്ല; ദൈവത്തിൻേറതും മററുള്ളവരുടേതുമാണു്. യേശു പിതാവിൻേറതും മനുഷ്യരുടേതുമായിരുന്നു. നാമും അങ്ങനെ തന്നെ ആയിരിക്കണം. യേശു നമുക്കുവേണ്ടി അനുഷ്ഠിച്ച ഏററവും വലിയ കർമ്മമായിരുന്നു അവിടുത്തെ കുരിശുമരണം അഥവാ ബലി. കുരിശിൻെറ സാരം, പ്രാർത്ഥന, സഹനം ശുശ്രൂഷ എന്നീ മൂന്നു കാര്യങ്ങളാണു്. യേശു പിതാവിനോടു നമുക്കായി ചെയ്ത പരമമായ പരിഹാരപ്രാർത്ഥനയാണു് കുരിശു്; നമുക്കായി അവിടുന്നു് സഹിച്ച സഹനമാണതു്; തൻെറ മാംസരക്തങ്ങൾ മുറിച്ചു വിളമ്പി നമ്മെ വളർത്തിയ ശുശ്രൂഷയാണതു്. ഇതു് അവിടുത്തെ ഓർമ്മക്കായി നാമും ചെയ്യുക. മററുള്ളവർക്കുവേണ്ടി എന്നും പ്രാർത്ഥിക്കുക; സസന്തോഷം അവർക്കായി സഹിക്കുക; ഉദാരമായി അവരെ ശുശ്രൂഷിക്കുക.

സമ്യഗ്‌വ്യായാമം

ആത്മീയമായ ശ്രമം ചെയ്യുന്നതിനുള്ള സ്ഥലമാണ് ആശ്രമം. സമ്യഗ്‌വ്യായാമം എന്ന പദത്തിന്റെ അർത്ഥം ശരിയായ പരിശ്രമം എന്നാണ്. ആത്മീയജീവിതം ദൈവത്തിന്റെ ദാനമാണെന്നുള്ളതു് ശരിയാണ്. അതേ സമയം, നമ്മുടെ പരിശ്രമംകൂടി അതിന്നാവശ്യമുണ്ട്. താൻ പാതി ദൈവം പാതി എന്നാണല്ലോ പ്രമാണം. നാം നമ്മെത്തന്നെ ശരിയായ വിധത്തിൽ പരിശീലിപ്പിക്കുകയും, ആത്മസംയമം അഭ്യസിക്കുകയും വേണം. കുറച്ചുകൂടി നാം നമ്മുടെ മേൽത്തന്നെ ശ്രദ്ധ വച്ചിരുന്നെങ്കിൽ, ഇന്നു നമുക്കുള്ളതിലേറെ സ്വഭാവഗുണങ്ങളും സുശീലങ്ങളും നമ്മിൽ ഉണ്ടാകുമായിരുന്നു. പരിശ്രമമില്ലാതെ ശീലം ഉറയ്ക്കുകയില്ല. വായനാശീലം, ലളിതജീവിതം, പ്രാർത്ഥനാജീവിതം, മധുരസ്വഭാവം, ശാന്തശീലം തുടങ്ങിയ അനേകം സൽഗുണങ്ങൾ, ആരംഭം മുതല്ക്കേ നാം അല്പം ശ്രദ്ധവെച്ച് പരിശ്രമിച്ചാൽ നമ്മിൽ വളരെ ആകർഷണീയമാംവിധം വളർത്തിയെടുക്കാവുന്നവയാണ്. ഇനിയും നമുക്ക മനസ്സുണ്ടെങ്കിൽ, പരിശ്രമംകൊണ്ട് അവയെ പരിപോഷിപ്പിക്കാവുന്നതേയുള്ളൂ. ഇത്രസമയം ഞാൻ വായനയ്ക്കായി ചെലവഴിയ്ക്കും, ഇത്രസമയം പ്രാർത്ഥനയ്ക്കായി ചെലവഴിക്കും, ഇത്രസമയം ഉറക്കത്തിന്, ഇത്രസമയം കായിക ജോലികൾക്ക്—എന്നു തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നമുക്ക നമ്മുടേതായ ചില നിശ്ചയങ്ങളും നിഷ്ഠകളും നിർബ്ബന്ധങ്ങളും വേണം. അല്ലാതെ, എല്ലാം വരുന്ന വഴിയെ വിട്ടുകൊടുത്തുകൊണ്ടുള്ളൊരു ജീവിതം നാം ശീലിച്ചാൽ, അവസാനം നമ്മുടെമേൽത്തന്നെ യാതൊരു നിയന്ത്രണവുമില്ലാത്ത ഒരുതരം അയഞ്ഞ മനുഷ്യരായി നാം പരിണമിക്കും. അതു് നന്നല്ല. ക്രമമാണ് വിജ്ഞാനത്തിന്റെ ലക്ഷണമെന്നു വി. തോമസ് അക്വൈനസ് പറയുന്നു. നമുക്കും കുറെ ക്രമങ്ങളും നിഷ്ഠകളും നിർബന്ധങ്ങളുമൊക്കെ വേണം. ഇവയില്ലാതെ ശരിയായ ആത്മപരിശീലനവും ആത്മനിയന്ത്രണവും സാധ്യമല്ല.

സമ്യക്സ്മൃതി

ഉത്സാഹവും ജാഗ്രതയുമുള്ള മനസ്സാണ് സമ്യക്സ്മൃതി. നമുക്ക നമ്മുടെ മേൽതന്നെ നിത്യമായ ജാഗ്രതയും സൂക്ഷവും വേണം. നില്ക്കുന്നെന്നു വിചാരിക്കുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ എന്നാണല്ലോ വി. പൗലോസ് പറയുന്നതു്. അനേകവഷം സന്ന്യാസജീവിതം നയിച്ചവർ അവസാനം അതിൽനിന്നും പിരിഞ്ഞുപോകുന്ന ദയനീയ ചിത്രങ്ങൾ നാം തന്നെ കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ. നാം എത്രതന്നെ ഉയർന്നാലും, പ്രാത്ഥനയും പരിത്യാഗവും ഉപേക്ഷിച്ചാൽ, നാം അധഃപതനത്തിൻെറ പാതയിലാണെന്ന കാര്യത്തിൽ സംശയംവേണ്ട. ജാഗ്രതക്കുറവുകൊണ്ടുള്ള അധഃപതനം നമ്മിൽത്തന്നെ കുറെയൊക്കെ നടക്കുന്നുണ്ട്. നിൻെറ നവസന്ന്യാസകാലത്തെപ്പററി ആലോചിച്ചു നോക്കുക. എത്രയോ തീഷ്ണതയോടുകൂടി നീ അക്കാലത്തു് പ്രാത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്തിരിന്നിരിക്കണം. ജ്ഞാനവായന, വിയാസാക്ര, പാപസങ്കീത്തനം, വി. കർബ്ബാനസ്വീകരണ വിസീത്ത, ജപമാല, ആത്മശോധന, മാസധ്യാനം, വാർഷിക ധ്യാനം തുടങ്ങിയ ഭക്താഭ്യാസങ്ങൾ മുടക്കം കൂടാതെ വളരെ ആഗ്രഹത്തോടും ആത്മീയപ്രയോജനത്തോടും നീ അക്കാലങ്ങളിൽ നടത്തിയിരുന്നു. അതുപോലെതന്നെ ഇന്ദ്രിയനിഗ്രഹം, തപാനുഷ്ഠാനങ്ങൾ, ദരിദ്രജീവിതം, സേവനസന്നദ്ധത തുടങ്ങിയ സുകൃതങ്ങളിലും നീ കുറെയൊക്കെ അഭിവൃദ്ധി പ്രാപിച്ചിരുന്നതാണ്. എന്നാൽ പിന്നീടുള്ള നിൻെറ ജീവിതത്തിൽ സൂക്ഷക്കുറവുകൊണ്ടും മടികൊണ്ടും നീ ഇവയെല്ലാം കുറേശ്ശെകുറേശ്ശെ ഉപേക്ഷിക്കാൻ തുടങ്ങി. ചിലവ പൂണ്ണമായുംതന്നെ ഉപേക്ഷിച്ചു കാണും. ഫലമോ? ഒരുതരം ആത്മീയമന്ദതയും വിരസതയും നിന്നിൽ കടന്നുകൂടി. നിൻെറ ആദ്യത്തെ തീഷ്ണതയിൽനിന്നും നീ വീണുപോയി. അതിനാൽ ഉത്സാഹപൂവ്വം എഴുന്നേല്ക്കുക. നിൻെറ പ്രാത്ഥനാ ജീവിതത്തിൽ വിശ്വസ്തനായിരിക്കാമെന്നു് പ്രതിജ്ഞ ചെയ്യുക. പ്രാത്ഥന നന്നാക്കിയാൽ, നിൻെറ ജീവിതവും നന്നാകും.

സമ്യക്സമാധി

ശരിയായ ധ്യാനത്തിനാണ് സമ്യക്സമാധി എന്നു പറയുന്നതു്. ധ്യാനംകൊണ്ടാണ് ശരിയായ ദർശനം കിട്ടുക. ധ്യാനദർശനം അഥവാ കൺടെംപ്ലേഷൻ സിദ്ധിച്ചിരിക്കുന്ന സന്ന്യാസിയുടെ വീക്ഷണങ്ങൾ ദൈവത്തിൻേറതുതന്നെ ആയിരിക്കും. ദൈവത്തിൻെറ ചൈതന്യത്തെ ജഡത്തിൻെറ അരൂപിയിൽനിന്നും തിരിച്ചെടുക്കാൻ അയാൾക്കു സാധിക്കും. വി. പൗലോസ് രണ്ടുതരത്തിലുള്ള മനുഷ്യരെപ്പററി പറയുന്നുണ്ടു്: ആത്മീയമനുഷ്യനും ജഡികമനുഷ്യനും. ദൈവത്തിൻെറ അരൂപിയാൽ നയിക്കപ്പെടുന്ന മനുഷ്യനാണ് ആത്മീയമനുഷ്യൻ. ജഡത്തിൻെറ പ്രചോദനങ്ങൾക്കു തന്നെത്തന്നെ വിട്ടുകൊടുത്തിരിക്കുന്ന മനുഷ്യനാണ് ജഡികനായ മനുഷ്യൻ. അരൂപിയുടെ മനുഷ്യനു ദൈവത്തിൻെറതന്നെ വീക്ഷണമാണുണ്ടാകുക. ദൈവത്തിൻെറ കാര്യങ്ങളുടെ അർത്ഥം കാണാനുള്ള കഴിവ് ജഡികനായ മനുഷ്യനില്ല. സ്വാത്ഥത മൂലം അന്ധമായ ദർശനമാണ് അയാൾക്കുള്ളതു്. പ്രാത്ഥന, സഹനം, ദാരിദ്ര്യം, അനുസരണം, ഇന്ദ്രിയനിഗ്രഹം തുടങ്ങിയ കാര്യങ്ങൾ ജഡികനായ മനുഷ്യനു നിരത്ഥകമായിത്തോന്നും. ഇതിൻെറയെല്ലാം അത്ഥം, ശരിയായി ധ്യാനിക്കുന്ന മനുഷ്യനേ കാണാൻ കഴിയൂ. ധ്യാനംകൊണ്ടു് നമ്മുടെ മാനുഷികദർശനത്തിനു പരിവത്തനം സിദ്ധിക്കണം. അപ്പോൾ ദൈവത്തിൻെറ കാര്യങ്ങൾക്കു ആഴമായ അത്ഥങ്ങൾ നമുക്കു കാണാൻ കഴിയാറാകും. ദൈവത്തിനുവേണ്ടി നാം വഹിക്കുന്ന നിസ്സാരമായൊരു സഹനംപോലും നമുക്കു അനന്തമായ വിലയുള്ളതാകും. ചെറുതായി ഒന്നുംതന്നെയില്ല; ദൈവത്തിനുവേണ്ടി ചെയ്താൽ ഏററം ചെറുതുപോലും ഏററം വലിയതുതന്നെ. ഇത്തരത്തിൽ ആഴമുള്ളതും ധന്യവുമായ ചിന്ത ധ്യാനംകൊണ്ടു മാത്രമേ സിദ്ധിക്കൂ. നിൻെറ അനുദിനധ്യാനം ഒരിക്കലും ഉപേക്ഷിക്കാതെ, നന്നായി നടത്തുക. അതുമൂലം അത്ഭുതകരമായ മാററങ്ങൾ നിൻെറ ജീവിതത്തിൽ എന്നപോലെ വീക്ഷണത്തിലും വരുന്നതായി നിനക്കുതന്നെ അനുഭവപ്പെടും.

ശരണംഗച്ഛാമി

ബുദ്ധസന്ന്യാസികരം ഉരുവിട്ടുകൊണ്ടിരിക്കുന്നൊരു സൂക്തമാണു്, ''ബുദ്ധം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി, ധമ്മം ശരണം ഗച്ഛാമി'' എന്നതു്. ''ഞാൻ ബുദ്ധനെ ശരണം ഗമിക്കുന്നു; ബുദ്ധസന്ന്യാസസംഘത്തെ ശരണം ഗമിക്കുന്നു; ബുദ്ധധമ്മത്തെ ശരണം ഗമിക്കുന്നു എന്നാണു് ഇതിന്റെ അത്ഥം. ബുദ്ധൻ എന്നുവച്ചാൽ ബോധി അഥവാ ദിവ്യപ്രകാശം സിദ്ധിച്ച ആരം എന്നാണത്ഥം. നമ്മുടെ ദിവ്യപ്രകാശം യേശുവാണു്. യേശുവാകുന്ന ബോധിവൃക്ഷത്തിന്റെ തണലിലിരുന്നു് ധ്യാനിച്ചാൽ നമുക്കും ആത്മപ്രകാശം ലഭിക്കും. നാം വിജ്ഞാനം തേടി ലോകത്തിലേയ്ക്കു പോകുന്നു. യേശുവാണു് നമ്മുടെ ശരിയായ വിജ്ഞാനം. ഈ വിജ്ഞാനത്തിനുവേണ്ടി മററെല്ലാ അറിവുകളെയും താൻ നിസ്സാരമാക്കി ഗണിക്കുന്നുവെന്നു് വി. പൗലോസ് പറയുന്നു. യേശുവിനെ ശരണം ഗമിക്കുക. 'ഈശോയുടെ ദിവ്യഹൃദയമെ! ഞാൻ അങ്ങിൽ ആശ്രയിക്കുന്നു' എന്നു സ്നേഹപൂവ്വം ധ്യാനാത്മകമായി ഉരുവിട്ടുകൊണ്ടിരിക്കുക. സംശയങ്ങളിൽ യേശുവിനെ ശരണം ഗമിക്കുക; സുഖത്തിലും ദുഃഖത്തിലും, സന്തോഷത്തിലും സന്താപത്തിലും, വിജയത്തിലും പരാജയത്തിലും, ജീവിതത്തിലും മരണത്തിലും യേശുവിന്റെ പാദപത്മങ്ങളിൽ അഭയം തേടുക. നീ മുക്തി പ്രാപിക്കും. രാവിലെ എഴുന്നേററാൽ, യേശുവിന്റെ പക്കലേയ്ക്കു ഓടിച്ചെല്ലുക; മദ്ധ്യാഹ്നത്തിലും യേശുപാദത്തിൽ ലയിച്ചിരിക്കുക; രാത്രിയിൽ നിദ്രയ്ക്കുമുമ്പും യേശുവിന്റെ മുമ്പിൽ അഭയം കൊള്ളുക. നിന്റെ എല്ലാമായി സക്രാരിയിൽ എഴുന്നുള്ളിയിരിക്കുന്ന സവ്വശക്തനായ ആ സ്നേഹനിധിയുടെ മുമ്പിൽ നിന്റെ ജീവിതഭാരങ്ങരം ഇറക്കി വയ്ക്കുക. നീ ആശ്വാസം കണ്ടെത്തും. നിന്റെ ചുമടു് ലഘുവായും നുകം മധുരമായും നിനക്കു അനുഭവപ്പെടും. യേശുവിനെ ശരണം ഗമിച്ചവരാരും പരാജയം കാണില്ല. യേശുവിൽ സമാധാനം കണ്ടെത്തുന്നവരെ അസ്വസ്ഥരാക്കാൻ ഈ ലോകത്തിൽ ഒന്നിനുംതന്നെ കഴിവുണ്ടാവില്ല.

സംഘം

സംഘം ശരണം ഗച്ഛാമി. ഞാൻ സന്ന്യാസസംഘത്തെ ശരണം ഗമിക്കുന്നു. നിന്റെ സന്ന്യാസസമൂഹത്തെ നീ ആദരിക്കണം. അതിലെ ഒരു അംഗമാണെന്നുള്ളതിൽ നീ അഭിമാനം കൊള്ളണം. ആ സമൂഹത്തോട് നിനക്കു നന്ദിയും കടപ്പാടും ഉണ്ടായിരിക്കണം. നിന്റെ സഭാംഗങ്ങൾക്കു വേദന വരുത്തുന്ന തരത്തിലുള്ള വാക്കോ പ്രവൃത്തിയോ നിന്നിൽ നിന്നും ഉണ്ടാകരുതു്. സഭയിൽനിന്നും ഇത്രയേറെ സ്നേഹവും ഉപകാരവും കൈക്കൊണ്ടശേഷം, യാതൊരു നന്ദിയും കടപ്പാടുമില്ലാത്തവനെപ്പോലെ സഭയോട് വർത്തിക്കുന്നതു് ഹൃദയശൂന്യതയാണു്. നിന്റെ സഭ, നിന്നെ വളർത്തിയ സഭ മാത്രമല്ല, നീ വളർത്തേണ്ട സഭകൂടിയാണു്. സഭയുടെ വളർച്ചയ്ക്കും സഭാംഗങ്ങളുടെ സന്തോഷത്തിനും വേണ്ടി ത്യാഗം സഹിക്കുന്നതു് നിനക്കു ആനന്ദമായിരിക്കണം. സഭയിൽനിന്നും നിനക്കെന്തു കിട്ടി എന്നല്ല നീ ചിന്തിക്കേണ്ടതു്. നിനക്കു സഭയ്ക്കു എന്തു കൊടുക്കാൻ സാധിച്ചു എന്നായിരിക്കണം എപ്പോഴും നീ ചിന്തിക്കേണ്ടതു്. സഭാംഗങ്ങളുടെ സന്തോഷമായിരിക്കണം നിന്റെ സന്തോഷവും. സഭയിലൂടെ ദൈവത്തെയും ദൈവജനത്തേയും ശുശ്രൂഷിക്കാൻ സാധിച്ചു എന്നതിലത്രെ നീ ജന്മസാഫല്യം കണ്ടെത്തേണ്ടതു്. സഭാനിയമങ്ങൾ കൃത്യമായി അനുഷ്ഠിക്കുക. നിനക്കു ഏല്പിച്ചിരിക്കുന്ന ജോലികൾ വിശ്വസ്തമായി നിർവ്വഹിക്കുക. സഭാധികാരികളോട് വിധേയത്വമുള്ളവനായി വർത്തിക്കുക. സഭാംഗങ്ങളോട് സഹകരണത്തോടുകൂടി പെരുമാറുക. സമൂഹമായി ചെയ്യേണ്ട കർമ്മങ്ങളിൽ കൃത്യമായി വന്നു സംബന്ധിക്കുക. ഇങ്ങനെ നിന്റെ ശരണം സഭയിൽ വയ്ക്കുക. സഭയിലൂടെയാണു് ദൈവം നിന്നിൽ പ്രവർത്തിക്കുന്നതും നിന്നെ രക്ഷിക്കുന്നതും. സ്വന്തം സന്ന്യാസസഭയോടു സ്നേഹമില്ലാത്ത സന്ന്യാസി, സ്വന്തം അമ്മയെ സ്നേഹിക്കാത്ത മകനെപ്പോലെയാണു്.

ധർമ്മം

ധമ്മം ശരണം ഗച്ഛാമി. ഞാൻ ധമ്മത്തെ ശരണം ഗമിക്കുന്നു. ശ്രീബുദ്ധൻ പഠിപ്പിച്ച ആത്മീയസിദ്ധാന്തത്തിനാണ് ഇവിടെ ധമ്മമെന്നു പറയുന്നതു്. നമ്മുടെ ധമ്മം യേശുവിൻെറ സുവിശേഷമാണു്. യേശുവിൻെറ സുവിശേഷത്തെ സ്നേഹിക്കുക. നിൻെറ ജീവിതത്തിൻെറ തത്വശാസ്ത്രമാണതു്. നിനക്കാവശ്യമുള്ളതെല്ലാം അവിടെ ഒരു കണ്ണാടിയിലെന്നപോലെ നിനക്കു കാണാൻ കഴിയും. എല്ലാ ദിവസവും സുവിശേഷം കയ്യിലെടുത്തു് നീ സ്നേഹപൂർവ്വം അതേപ്പററി ധ്യാനിക്കണം. യേശു നിന്നെ സ്നേഹിച്ച സ്നേഹത്തിൻെറ കഥയാണതു്; യേശു നിനക്കായി ജീവിച്ച ജീവിതത്തിൻെറ കഥയാണതു്; യേശു നിനക്കായി മരിച്ച മരണത്തിൻെറ കഥയാണതു്; ഉത്ഥാനം ചെയ്തു്, അവിടുന്നു് നിനക്കായി കാത്തിരിക്കുന്ന കാത്തിരിപ്പിൻെറ കഥയാണതു്. നിൻെറ ആത്മീയജീവിതത്തിനുവേണ്ട ഭക്ഷണം മുഴുവൻ സുവിശേഷങ്ങളിൽനിന്നു നിനക്കു കിട്ടും. നിൻെറ ജീവിതത്തിലുണ്ടാകുന്ന എല്ലാ ക്ലേശങ്ങൾക്കും അവിടെ നിനക്കു പരിഹാരം കാണാം. സുവിശേഷങ്ങളെ സ്നേഹിക്കുന്നതു്, യേശുവിനെ സ്നേഹിക്കുന്നതുതന്നെയാണു്. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തീയ ധമ്മത്തിനു വിരുദ്ധമായി സ്വർഗ്ഗത്തിൽനിന്നു ഒരു മാലാഖതന്നെ വന്നു് നിന്നോടു് സംസാരിച്ചാലും, നീ അതു് ചെവിക്കൊള്ളരുതു്. സുവിശേഷങ്ങളെ ശരണം ഗമിക്കുക. നിനക്കു അന്ധകാരത്തിൽ നടക്കേണ്ടി വരികയില്ല. കത്താവിൻെറ പ്രകാശത്തിൽ നടക്കുന്നവൻ കാലിടറി വീഴുകയില്ല. കർത്താവിൻെറ സുവിശേഷങ്ങൾക്കു നിരക്കാത്തതൊന്നും നിന്നെ രക്ഷിക്കുകയില്ല. യേശു വഴിയും സത്യവും ജീവനുമാണു്. യേശുവിൻെറ വഴിയും സത്യവും ജീവനും നീ കാണുക സുവിശേഷങ്ങളിൽ മാത്രമാണു്.

മൈത്രി

ബുദ്ധസന്ന്യാസി ധ്യാനിച്ചു് മനസ്സിൽ ഉറപ്പിക്കേണ്ട നാലു് പ്രധാന ഗുണങ്ങളുണ്ടു്. അവ മൈത്രി, കരുണ, മുദിത, ഉപേക്ഷ എന്നിവയാണു്. ഇവയ്ക്കു ബ്രഹ്മവിഹാരം എന്നു പറയുന്നു. എല്ലാവരോടുമുള്ള സ്നേഹഭാവമാണു് മൈത്രി. സന്ന്യാസി ആരോടും ഹൃദയത്തിൽ വിദ്വേഷം വച്ചുകൊണ്ടിരിക്കരുതു്. എല്ലാവക്കും നന്മ വരട്ടെ എന്നു മാത്രമേ നാം ആഗ്രഹിക്കാവൂ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ലക്ഷണമായി യേശു പറഞ്ഞുതന്നിട്ടുള്ളതു് അതാണു്. ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെമേലും അവിടന്നു് തന്റെ മഴ പെയ്യിക്കുകയും സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്നു. കോപംപൂണ്ടു് ആരോടും സംസാരിക്കാതിരിക്കുക. വിനയവും ശാന്തശീലവുമാണു് സന്ന്യാസിക്കു ഭൂഷണം. ഉള്ളിൽ വിദ്വേഷംവച്ചുകൊണ്ടു് ആരോടും പെരുമാറാതിരിക്കുക. പരസ്പരം വിദ്വേഷംകൊണ്ടു് നാം കൂടുതൽ കൂടുതൽ അകലുമെന്നല്ലാതെ, ആക്കും ഒരു ഉപകാരവും ഉണ്ടാകുകയില്ല. നമ്മോടു് ഇഷ്ടമില്ലാത്തവരോടും, നമ്മെ എതിക്കുന്നവരോടും നാം ശാന്തമായും, സ്നേഹമായും, കഴിയുന്നത്ര മധുരമായും, പെരുമാറണം. ശാന്തതകൊണ്ടും സ്നേഹംകൊണ്ടും മാധുരികൊണ്ടും നിനക്കവരെ നേടാൻ കഴിയും. മററുള്ളവക്കു ഉപകാരവും ഉയച്ചയും കിട്ടുന്നതിനുവേണ്ടിയാണു് നാം പരിശ്രമിക്കേണ്ടതു്. അതിനുവേണ്ടി സ്വയം താഴാനും നഷ്ടം വരിക്കാനും നാം സന്നദ്ധരായിരിക്കണം. നമ്മുടെ കുററംകൊണ്ടും സ്വാത്ഥതകൊണ്ടും വിട്ടുവീഴ്ച ചെയ്യാനുള്ള മടികൊണ്ടും, സമൂഹത്തിൽ സ്നേഹവും ചേച്ചയും കുറഞ്ഞുപോകാനിടവരരുതു്. നാം ആക്കെങ്കിലും വിഷമം വരുത്തിയാൽ, അവരോടു് ഹൃദയപൂവ്വം ക്ഷമ ചോദിക്കുക. മററുള്ളവർ നമുക്കു വിഷമം വരുത്തിയാൽ അവരോടു് ഉള്ളുതുറന്നു് ക്ഷമിക്കുക. പരസ്പരസ്നേഹമാണു് യേശുശിഷ്യന്മാരുടെ ലക്ഷണം. സ്നേഹമില്ലാതെ നാം എന്തെല്ലാം ചെയ്താലും നമുക്കു യേശുവിന്റെ ശിഷ്യന്മാരാകാനുള്ള യോഗ്യതയില്ല.

കരുണ

കരുണയുള്ളവർ ഭാഗ്യവന്മാർ; എന്തെന്നാൽ അവർക്കു കരുണ ലഭിക്കും എന്നു് യേശു അരുളിച്ചെയ്തിരിക്കുന്നു. ദൈവം നാമോരോരുത്തരോടും എത്രമാത്രം കരുണയാണു് കാണിച്ചിട്ടുള്ളതു്. നാം പാപം ചെയ്ത ഓരോ അവസരത്തിലും അവിടുന്നു ഒരു പരാതിയും പറയാതെ നമ്മോടു പൊറുക്കുന്നു. അവിടുത്തെ നാം ഇനി ഉപദ്രവിക്കുകയില്ലെന്നു് ആയിരംവട്ടം പറഞ്ഞിട്ടും, പിന്നെയും ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. എന്നാലും അവിടുന്നു് നമ്മെ വെറുക്കാതെ, കരുണാപൂർവ്വം നമ്മോടു പൊറുത്തുകൊണ്ടിരിക്കുന്നു. ഇതേ കരുണതന്നെ നാം മററുള്ളവരോടു കാണിക്കണം. അവർ നമ്മെപ്പോലെ ബലഹീനരും മനഃശക്തി കുറഞ്ഞവരുമാണു്. അവരുടെ തെററുകൾ ക്ഷമിക്കുക. അവരെ തിരുത്തേണ്ടിവന്നാൽപോലും, സ്നേഹത്തോടും കരുണയോടുംകൂടി അതു് ചെയ്യുക. സ്നേഹവും കരുണയുമാണു് തെററു ചെയ്യുന്നവൻെറ ഹൃദയത്തെ സ്പർശിക്കുക; കോപവും ശിക്ഷയുമില്ല. നമ്മുടെ കരുണ അർഹിക്കുന്നവരായി നമ്മുടെ ചുററും എത്രയോ അധികം ആളുകളുണ്ടു്. ദരിദ്രർ, രോഗികൾ, വൃദ്ധർ, അനാഥർ തുടങ്ങിയവരെല്ലാം നമ്മുടെ കരുണ പ്രത്യേകവിധം അർഹിക്കുന്നവരാണു്. അവരോടു് അത്യധികമായ സ്നേഹത്തോടും ഉദാരതയോടുംകൂടി നീ വർത്തിക്കണം. അവരെ ഇടയ്ക്കിടയ്ക്കു സന്ദർശിക്കുകയും അവരുടെ കാര്യങ്ങൾ അത്യധികമായ താല്പര്യത്തോടുകൂടി അന്വേഷിക്കുകയും വേണം. സന്ന്യാസസമൂഹത്തിൽ രോഗികളായും വൃദ്ധരായും കഴിയുന്നവർക്കു എല്ലാവിധത്തിലുമുള്ള പരിചരണവും കിട്ടേണ്ടതുണ്ടു്. നമ്മുടെ ജോലിത്തിരക്കുകൾമൂലം അവരുടെ കാര്യങ്ങൾ അന്വേഷിക്കാനോ, അവരോടു് സംസാരിക്കാനോ നമുക്കു സമയം കിട്ടാതെ വരുന്നതു് കഷ്ടമാണു്. ഭവനത്തിലെ ചെറിയ ജോലികൾ ചെയ്യുന്നവരേയും നാം വലിയവരായിത്തന്നെ കണക്കാക്കണം. ഈ ചെറിയവർക്കുവേണ്ടി ചെയ്തവ മാത്രമേ, തനിക്കുവേണ്ടി ചെയ്തതായി യേശു അവസാനം പരിഗണിക്കൂ.

മുദിത

ഹൃദയത്തിലുള്ള സന്തോഷത്തിനാണ് മുദിത എന്നു പറയുക. 'ചെറിയ ആട്ടിൻകൂട്ടമെ! സന്തോഷിക്കുക' എന്നാണല്ലോ യേശു നമ്മോടു പറഞ്ഞിട്ടുള്ളത്. യേശുവിനുവേണ്ടി ജീവിച്ചിട്ടുള്ളവർക്കു സന്തോഷിക്കാനല്ലാതെ, ദുഃഖിക്കാൻ ന്യായമൊന്നുമില്ല. നാം സന്ന്യാസം വരിച്ചതുമൂലം, നമുക്കു സന്തോഷത്തിനല്ലാതെ , ദുഃഖത്തിനു ഒരു കാരണവുമില്ല. എന്നിട്ടും, ദൈവത്തിനുവേണ്ടി ജീവിച്ചാൽ പലതും നഷ്ടപ്പെടുമെന്ന് കരുതി, ദുഃഖഭാവമുള്ളവരായി നാം കാണപ്പെടുന്നു. സന്ന്യാസം വരിച്ചതുമൂലം, ലോകത്തിൽ നമുക്കു ലഭിക്കാമായിരുന്ന പലതും നഷ്ടപ്പെട്ടുവല്ലോ എന്നു കരുതി ചിലപ്പോഴെങ്കിലും നാം ദുഃഖിച്ചുപോകുന്നു. യേശുവിനെക്കുറിച്ചുള്ള നമ്മുടെ അജ്ഞതയാണ് ഇതിനു കാരണം. കത്താവ് എത്രയോ മധുരമുള്ളവനാണെന്ന് ഇനിയും നാം രുചിച്ചറിഞ്ഞിട്ടില്ല. വാസ്തവത്തിൽ കത്താവിനുവേണ്ടി നാം വരിച്ചിട്ടുള്ള ഒരു നഷ്ടത്തെക്കുറിച്ചും നമുക്കു ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. ഔദാര്യത്തിൽ ദൈവത്തെ വെല്ലുവാൻ ആർക്കാണ് സാധിക്കുക. നിന്റെ സഹനങ്ങളും പരാജയങ്ങളും ദുഃഖങ്ങളും നിന്റെ മനസ്സ് മടുപ്പിക്കരുത്. കത്താവിൽ ആനന്ദിക്കുക, എന്നും ആനന്ദിക്കുക, എല്ലായിടത്തും ആനന്ദിക്കുക. കുരിശ് ആനന്ദത്തിലേക്കുള്ള കവാടമാണ്. വാസ്തവത്തിൽ, ദൈവത്തെയും മനുഷ്യരെയും മറന്ന് നാം നമുക്കായി അനുഭവിച്ചിട്ടുള്ള ആനന്ദങ്ങളൊക്കെയും ഒരുനാറം നമുക്കു ദുഃഖത്തിനു കാരണമാകും. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി നാം വരിച്ച നഷ്ടങ്ങളും സഹനങ്ങളും അവസാനം നമുക്കു അതിരില്ലാത്ത ആനന്ദത്തിനും കാരണമാകും. ലാസറിന്റേയും ധനവാന്റേയും ഉപമ ശ്രദ്ധിക്കുക. ദൈവത്തിനുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും സഹിച്ചിട്ടുള്ളവർക്കു ഒരുനാളും ദുഃഖിക്കേണ്ടിവരികയില്ല. അവർ നിത്യമായ ആനന്ദത്തിലേയ്ക്കു പ്രവേശിക്കും. കർത്താവിന്റെ ഉയിർപ്പിന്റെ സന്ദേശം അതാണ്.

ഉപേക്ഷ

ദൈവത്തെപ്രതി നാം അനേകകാര്യങ്ങൾ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ലോകത്തേയും യേശുവിനേയും നമുക്കു ഒരേ സമയം സ്വീകരിക്കുവാൻ സാധിക്കുകയില്ല. സുഖം, സന്തോഷം, ലാഭം, പ്രശംസ തുടങ്ങിയ പലതും, യേശുവിനു വേണ്ടി ജീവിക്കുന്നവർക്കു ഉപേക്ഷിക്കേണ്ടിവരും. അതിനുള്ള മടികൊണ്ടാണ്, നാം പലപ്പോഴും കർത്താവിൻെറ കാര്യങ്ങൾ നോക്കാതെ, നമ്മുടെ കാര്യങ്ങൾ നോക്കിപ്പോകുന്നതു്. പ്രാർത്ഥനയ്ക്കായുള്ള സമയത്തു്, മററുള്ളവരുമായി സംസാരിച്ചുകൊണ്ടിരിക്കാൻ നമുക്കു താത്പര്യം തോന്നുന്നു. ആ താത്പര്യം ഉപേക്ഷിക്കാൻ മനസ്സില്ലാത്തതുമൂലം നാം പ്രാർത്ഥനയ്ക്കു മുടക്കം വരുത്തുന്നു. ജ്ഞാനവായന, മൗനം, ഇന്ദ്രിയനിഗ്രഹം, പരസേവനം തുടങ്ങിയ ഒട്ടനവധി കാര്യങ്ങളെക്കുറിച്ചും ഇതുതന്നെ പറയാം. ഇവയെല്ലാം ശരിക്കു നിർവഹിക്കണമെങ്കിൽ, നാം നമ്മുടെ സ്വാർത്ഥതാല്പര്യങ്ങളെ ഉപേക്ഷിക്കണം. നമുക്കു അതിനു മനസ്സില്ല. തൽഫലമായി, ദൈവത്തിൻെറ കാര്യങ്ങൾ നാം ഉപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ സുഖവും സൗകര്യവും ലാഭവും പ്രശംസയും ഉപേക്ഷിക്കാതെ, ദൈവത്തിനും മനുഷ്യർക്കുംവേണ്ടി കാര്യമായൊന്നും തന്നെ ചെയ്യുവാൻ നമുക്കു സാധിക്കുകയില്ല. ത്യാഗചൈതന്യം നാം വളരെ കാര്യമായി വളർത്തിയെടുക്കണം. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ത്യാഗംചെയ്യുന്ന മനുഷ്യനെ മാത്രമെ വിലപ്പെട്ടവനായി ദൈവവും മനുഷ്യരും അംഗീകരിക്കു. ദൈവത്തെയും മനുഷ്യരെയും മറന്നു്, അവനവനുവേണ്ടിമാത്രം ജീവിക്കുന്നവരെ, വിലകുറഞ്ഞ ഉപരിപ്ലവ ജീവികളായി മാത്രമെ മററുള്ളവർ കണക്കാക്കു. നീ എവിടെ ചെന്നാലും, 'മററുള്ളവരിൽനിന്നും എനിക്കെന്തു കിട്ടും' എന്നു ചിന്തിക്കാതിരിക്കുക; 'മററുള്ളവർക്കു് എനിക്കു് എന്തു കൊടുക്കാൻ സാധിക്കും' എന്നു മാത്രം ചിന്തിക്കുക. അതു വലിപ്പമുള്ള മനുഷ്യൻെറ ലക്ഷണമാണു്.

ഗുരുനാഥൻ

തന്റെ അന്ത്യകാലം സമീപിച്ചപ്പോഠം ബുദ്ധൻ തന്റെ ശിഷ്യനായ ആനന്ദനെ വിളിച്ചുപറഞ്ഞു: ''ആനന്ദാ, നിങ്ങളിൽ ചിലർ ഒരു പക്ഷെ ഇങ്ങനെ വിചാരിക്കുമായിരിക്കും, ഞങ്ങളുടെ ഗുരുവിന്റെ വാക്കുകഠം അവസാനിക്കാറായിരിക്കുന്നു. ഞങ്ങളിൽനിന്നും അദ്ദേഹം വിട വാങ്ങും. പക്ഷെ അങ്ങനെയല്ല. ഞാൻ നിങ്ങളെ പഠിപ്പിച്ച സത്യങ്ങളും നിങ്ങളുടെ സന്ന്യാസസംഘത്തിന്റെ നിയമങ്ങളുമായിരിക്കണം, ഞാൻ നിങ്ങളെ വേർപ്പെട്ടുപോയാലും, നിങ്ങളുടെ ഗുരുനാഥൻ.'' യേശുവാണ് നമ്മുടെ ഗുരു. അവിടുന്ന് ലോകാവസാനത്തോളം എല്ലാ നാളുകളിലും നമ്മുടെകൂടെയുണ്ട്. അവിടുത്തെ സുവിശേഷവും തിരുസ്സഭയുടെ പഠനങ്ങളുമായിരിക്കണം നമ്മുടെ നിരന്തരമായ പഠനവിഷയം. യേശുവിന്റെ സുവിശേഷത്തെ സ്നേഹിക്കുക. മറിയത്തെപ്പോലെ തിരുവചനത്തെ നിരന്തരമായ ധ്യാനവിഷയമാക്കി സ്നേഹപൂർവ്വം ഹൃദയത്തിൽ സംഗ്രഹിക്കുക. തിരുസ്സഭയേയും നീ സ്വന്തം മാതാവിനെപ്പോലെ സ്നേഹിക്കുക. തിരുസ്സഭയുടെ പഠനങ്ങഠം ജാഗ്രതാപൂർവ്വം മനസ്സിലാക്കി ആചരിക്കുക. 'ഞാൻ തിരുസ്സഭാമാതാവിന്റെ വിശ്വസ്ത ശിശുവാകുന്നു' എന്നു പറയുന്നതിൽ അഭിമാനം കൊള്ളുക. കർത്താവിനെ സ്നേഹിക്കുന്നവൻ അവിടുത്തെ സഭയേയും സ്നേഹിക്കും. തിരുസ്സഭാമാതാവിന്റെ സ്നേഹം നിന്നിലേയ്ക്കു വരുന്നത് നിന്റെ സന്ന്യാസസഭയിലൂടെയാകുന്നു. നിന്റെ സന്ന്യാസസഭയേയും അതിന്റെ നിയമങ്ങളേയും നീ ആത്മാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും വിശ്വസിക്കുകയും ആചരിക്കുകയും വേണം. കർത്താവിന്റെ സുവിശേഷം, തിരുസ്സഭയുടെ പഠനങ്ങഠം, നിന്റെ സഭാനിയമങ്ങഠം എന്നിവയിലൂടെ യേശു ഇന്ന് നിന്നോടു സംസാരിക്കുന്നു. യേശു എന്നും നിന്നോടു കൂടിയുണ്ട്. സുവിശേഷത്തിലും തിരുസ്സഭയിലും സന്ന്യാസസമൂഹത്തിലും അവിടുത്തെ നിനക്കു എന്നും കണ്ടുമുട്ടാം.

ജാഗ്രത

ശ്രീബുദ്ധൻെറ അവസാന വാക്കുകഠം താഴെപ്പറയുന്നവയായിരുന്നു: ''ഇതാ, സഹോദരരേ, നിങ്ങളോട്ട ഞാൻ പറയുന്നു, ഭൗമികവസ്തുക്കളെല്ലാം കടന്നുപോകുന്നു. അതിന്നാൽ ആത്മരക്ഷക്കായി ഇടമുറിയാതെ ജാഗ്രതാപൂർവ്വം പരിശ്രമിച്ചു കൊള്ളുക''. സമയം ആർക്കുവേണ്ടിയും കാത്തുനില്ക്കുകയില്ല. നിനക്കു ഇപ്പോഠം മുപ്പതോ നാല്പതോ അമ്പതോ അതിലധികമോ വയസ്സുണ്ടാകാം. ഇത്രയും കൊല്ലങ്ങഠം എത്രയോ വേഗം കടന്നുപോയി. ഇനി ഇത്രയും സമയംതന്നെ ഒരുപക്ഷെ നിനക്കു ഉണ്ടായില്ലെന്നുവരാം. അതും ഇതിലേറെ വേഗത്തിൽ കടന്നുപോകും. ഇതൊരു ഭക്തചിന്തയാണെന്നു കരുതി അവഗണിക്കുന്നതിൽ കാര്യമൊന്നുമില്ല. ആർക്കും നിഷേധിക്കാൻ വയ്യാത്തൊരു പരമാർത്ഥം മാത്രമാണിതു്. സമയം ഓടിക്കൊണ്ടിരിക്കുന്നു. എല്ലാവരും അതോടൊപ്പം അവരവരുടെ ശവക്കല്ലറയിലേയ്ക്കു ഒററയ്ക്കൊററയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ലോകത്തിൽ നാം നമുക്കുവേണ്ടി നേടിയവയൊക്കെ അതോടെ അവസാനിക്കും. ദൈവത്തിനുവേണ്ടി ചെയ്തവ മാത്രം നിലനില്ക്കും. പ്രാർത്ഥനയുടെ നിമിഷങ്ങഠം ഉപേക്ഷിച്ചതിനെപ്പററി അപ്പോഠം നമുക്കു പശ്ചാത്താപം തോന്നും. ധ്യാനിക്കുന്നതിനും ആത്മീയാഭ്യാസങ്ങഠം നിർവ്വഹിക്കുന്നതിനും നമുക്കു ലഭിച്ച അവസരങ്ങഠം പാഴാക്കിയതിനെപ്പററി അന്നു നാം ദുഃഖിക്കും. മററുള്ളവരെ സഹായിക്കാതെ, നമ്മുടെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും അന്വേഷിച്ചു നടന്നതു് വലിയൊരു മൗഢ്യമായിപ്പോയി എന്നു് അന്നു നമുക്കു ബോധ്യമാകും. ലോകത്തിൻെറ അംഗീകാരവും സ്തുതിയും ലഭിക്കാൻ നാം ചെയ്തതിൻെറ നൂറിലൊരംശംപോലും നാം ദൈവത്തിനുവേണ്ടി ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ എന്നു് നാം അന്നു് ആശിച്ചുപോകും. ഒരു കാര്യം തീർച്ചയാണു്. ദൈവം മാത്രമെ നിലനില്ക്കൂ. ദൈവത്തിനുവേണ്ടി നാം ചെയ്തിട്ടുള്ളവയെപ്പററി നമുക്കു ഒരിക്കലും ദുഃഖിക്കേണ്ടിവരില്ല.

ആർഹതൻ

ബുദ്ധമതത്തിൽ സന്ന്യാസിക്കു് ആർഹതൻ എന്നാണു് പറയുക. അർഹതയുള്ളവൻ. യോഗ്യതയുള്ളവൻ എന്നെല്ലാമാണു് ഈ പദത്തിനർത്ഥം. സന്ന്യാസിയുടെ അർഹത അഥവാ യോഗ്യത അയാളുടെ സുകൃതസമ്പത്താണു്. ഒന്നാമതായി വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികസുകൃതങ്ങൾ സന്ന്യാസിയിൽ പ്രശോഭിക്കണം. ദൈവത്തിൽ നമുക്കു അചഞ്ചലമായ വിശ്വാസമുണ്ടായിരിക്കണം. പലപ്പോഴും പഠനംചെന്ന സന്ന്യാസികളേക്കാളേറെ വിശ്വാസം കാണിക്കുന്നതു്, പാണ്ഡിത്യം കുറഞ്ഞ സാധാരണക്കാരാണെന്ന കാര്യം നമുക്കു അഭിമാനകരമല്ല. ദൈവത്തെക്കുറിച്ചു് വാതോരാതെ പ്രസംഗിക്കുന്ന നമുക്കു്, ദൈവത്തിൽ വിശ്വാസമില്ലാതായാൽ, അതെത്ര കഷ്ടമായിരിക്കും. കർത്താവെ! ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമെ. നാം വിശ്വസിക്കുന്ന യേശുവിൽ നാം ശരണം വയ്ക്കണം. ജീവിതഭാരങ്ങൾ തലയിൽ ചുമടായെടുത്തു്, യേശുനാമം ശരണം വിളിച്ചു് പരിശുദ്ധമലയായ സ്വർഗ്ഗീയ ഓറശ്ലേമിന്റെ നട ചവിട്ടിക്കേറുക. എന്തെല്ലാം നഷ്ടവും പരാജയവും വേദനയും യാതനയും വന്നാലും യേശുവിലുള്ള ശരണം കൈവെടിയാതിരിക്കുക. സാധാരണ ജനങ്ങൾക്കു ദൈവത്തിലുള്ളത്രപോലും ശരണം സന്ന്യാസികൾക്കു ചിലപ്പോൾ ഇല്ലാതെ വരുന്നു. യേശു നമ്മെ സ്നേഹിക്കുന്നു. യേശു നമ്മെ നയിക്കുന്നു. കർത്താവു് നമ്മെ മേയിച്ചാൽ നമുക്കു യാതൊരു കുറവും വരികയില്ല. യേശുവിനെ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹിക്കുക. യേശുവിനോടുള്ള സ്നേഹം ത്യാഗംകൊണ്ടു തെളിയിക്കുക. പ്രാർത്ഥന, ധ്യാനം, ഭക്താഭ്യാസങ്ങൾ എന്നിവയെല്ലാം കൃത്യമായും നന്നായും നടത്തുന്നതിനു വളരെ ത്യാഗം ആവശ്യമുണ്ടു്. ആ ത്യാഗം സ്നേഹത്തിന്റെ മാററ റിയാനുള്ള ഉരക്കല്ലാണു്. ദിവ്യമായ സുകൃതങ്ങൾ നിറഞ്ഞിരിക്കുന്ന സന്ന്യാസി മാത്രമേ യേശുവിനു യോഗ്യനായ, അർഹനായ ശിഷ്യനാകൂ.

ശത്രുക്കൾ

ആർഹതൻ എന്ന പദത്തിന്റെ മറെറാരത്ഥം ശത്രുവിനെ (അരി = ശത്രു) ഹനിച്ചിരിക്കുന്നവൻ എന്നാണ്. നമ്മിലുള്ള സ്വാത്ഥതതന്നെയാണ് നമ്മുടെ ഏററവും വലിയ ശത്രു. സന്ന്യാസി സമ്പൂണ്ണമായി സ്വാത്ഥതയെ ജയിച്ചവനാകണം. കോപം, അസൂയ, പരനിന്ദ, സുഖപ്രിയം, ശത്രുത തുടങ്ങിയ ദോഷങ്ങളെല്ലാം നമ്മുടെ സ്വാത്ഥതയിൽനിന്നും ഉടലെടുക്കുന്നതാണ്. സഹോദരനുവേണ്ടി നമ്മുടെ സ്വന്തം സുഖങ്ങളും താല്പര്യങ്ങളും ബലി കഴിക്കാൻ നമുക്കു മനസ്സില്ല. ദൈവത്തിനുവേണ്ടി, നമ്മുടെ സമയവും സൗകര്യവും ബലി കഴിക്കാൻ നാം മടിക്കുന്നു. പ്രാത്ഥനയും മററു ഭക്താഭ്യാസങ്ങളും നാം ഉപേക്ഷിക്കുന്നതിന്റെ കാരണം ഇതാണ്. സുഖം, പ്രശസ്തി, പ്രശംസ, ലാഭം, സന്തോഷം എന്നിവയുടെ പിന്നാലെ നമ്മുടെ മനസ്സ് പരക്കം പാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള സ്വാത്ഥതകളെയെല്ലാം നാം ബോധപൂർവ്വം ജയിക്കണം. ദൈവത്തിനും മനുഷ്യക്കുംവേണ്ടി നമ്മുടെ സുഖസൗകര്യങ്ങൾ കരുതിക്കൂട്ടി ഉപേക്ഷിക്കണം. ഇപ്രകാരം നമ്മുടെ സ്വാത്ഥതയെ ജയിക്കാതെ, യഥാത്ഥത്തിലുള്ള സന്ന്യാസിയുടെ ചിത്രം നമ്മിൽ തെളിയുകയില്ല. സ്വാത്ഥമതിയായ മനുഷ്യനെ ആരാണ് സന്ന്യാസിയായി അംഗീകരിക്കുക! നമ്മിലുള്ള സ്വാത്ഥത മുഴുവൻ, കത്തിയടങ്ങിയ അഗ്നികുണ്ഡംപോലെ ദഹിച്ചില്ലാതാകണം. സന്ന്യാസിയുടെ ഏററവും വലിയ വിജയം, അയാൾ തന്റെമേൽത്തന്നെ വരിക്കുന്ന വിജയമാണ്, മറെറല്ലാ ശത്രുക്കളെ ജയിക്കുന്നതിലേറെ വിഷമമാണ്, നമ്മിലുള്ള സ്വാത്ഥതയെന്ന ശത്രുവിനെ ജയിക്കുന്നതു്. സ്വാർത്ഥതയും ലോകാരൂപിയുമാണ് ഇന്ന് സന്ന്യാസത്തിന്റെ ഏററവും വലിയ രണ്ടു ശത്രുക്കൾ. അവയെ ഹനിക്കാതെ നമുക്കു സന്ന്യാസികളാകാൻ സാധ്യമല്ല.

സംബോധി

ആർഹതൻ അഥവാ സന്ന്യാസി ധ്യാനത്തിലൂടെ സംബോധി നേടുന്നു. സമ്പൂർണ്ണവും ഉയർന്നതുമായ ജ്ഞാനത്തിനാണ് സംബോധി എന്നു പറയുന്നത്. ക്രിസ്തീയധ്യാനത്തിൻെറ ലക്ഷ്യം യേശുവിനെക്കുറിച്ചുള്ള സംബോധി സമാർജ്ജിക്കുകയാണ്. നാം പലപ്പോഴും കാര്യങ്ങളെ നോക്കിക്കാണുന്നത് യേശുവിൻെറ വീക്ഷണകോണിലൂടെയല്ല; നമ്മുടെ സ്വന്തം മാനുഷികരീതികളിലൂടെയാണ്. തന്മൂലം ദൈവത്തിൻെറ അഗാധരഹസ്യങ്ങൾ കാണാൻ നമുക്കു കണ്ണില്ലാതെ പോകുന്നു. പ്രാർത്ഥന, ധ്യാനം, ഉപേക്ഷ, ദാരിദ്ര്യം, വിനയം, സഹനം തുടങ്ങിയവയുടെ മഹിമയും പ്രയോജനവും നാം ഗ്രഹിക്കുന്നില്ല. അവ അർത്ഥമില്ലാത്ത ചില ആത്മീയകാര്യങ്ങളാണെന്നു് നാം കരുതുന്നു. ആത്മീയ ദൃഷ്ടിയുള്ളവനേ ആത്മീയകാര്യങ്ങളുടെ അർത്ഥം മനസ്സിലാവൂ. ലൗകികമനുഷ്യനു് അവ അർത്ഥരഹിതമായി തോന്നും. പൊള്ളയായ ലൗകികസുഖങ്ങളിലായിരിക്കും അയാളുടെ മനസ്സും ഹൃദയവും അടിഞ്ഞുകിടക്കുന്നതു്. യേശുവിനെക്കുറിച്ചുള്ള അത്യുൽകൃഷ്ടജ്ഞാനം ശീലിക്കുകയാണു് സന്ന്യാസിയുടെ ഒന്നാമത്തെ ആവശ്യം. യേശുവിൻെറ സുവിശേഷങ്ങളെപ്പററി നിരന്തരം സ്നേഹപൂർവ്വം ധ്യാനിക്കുന്നവനേ ഈ ജ്ഞാനം സിദ്ധിക്കൂ. യേശുവിനെക്കുറിച്ചുള്ള സർവ്വോത്തമജ്ഞാനം ഈ ലോകത്തിൽ നിലനിറുത്തേണ്ടതു് സന്ന്യാസിമാരാണ്. ആ ജ്ഞാനം ഉപേക്ഷിച്ച് അവർ വേറെ ജ്ഞാനങ്ങളുടെ പിന്നാലെ പരക്കം പാഞ്ഞാൽ, യേശുവിനെക്കുറിച്ചുള്ള ജ്ഞാനം ഭൂമുഖത്തുനിന്നു് അപ്രത്യക്ഷമാകും. ദൈവമില്ലാത്തുള്ളൊരു നരകമായി ലോകം അധഃപതിക്കുകയും ചെയ്യും. ആത്മീയ കാര്യങ്ങൾ പഠിക്കാൻ പ്രചരിപ്പിക്കാനും വലിയ താല്പര്യം കാണിക്കുക. സന്ന്യാസിയിൽനിന്നു് പ്രധാനമായി മററുള്ളവർ പ്രതീക്ഷിക്കുന്നതു് അതാണ്. യേശുവിനെ അറിയുന്നതും അറിയിക്കുന്നതുമായിരിക്കണം നിൻെറ ജീവിതലക്ഷ്യം.

സംയമം

ആർഹതൻ അഥവാ സന്ന്യാസിക്കു് ഉണ്ടാകേണ്ട ഏഴുഗുണങ്ങൾ താഴെപ്പറയുന്നവയാണെന്നു് ബുദ്ധമതഗ്രന്ഥങ്ങളിൽ കാണുന്നു: സംയമം, അന്വേഷണം, ബലം, ശാന്തി, ആനന്ദം, ഏകാഗ്രത, ഉദാരത എന്നിവയാണവ. സംയമം എന്നുവച്ചാൽ ആത്മനിയന്ത്രണം എന്നാണർത്ഥം. സന്ന്യാസി തൻെറ മേൽത്തന്നെ വിജയം നേടിയിട്ടുള്ളവനാകണം. സന്ന്യാസി ജിതേന്ദ്രിയൻ ആണെന്നാണു് പറയുക. എല്ലാ ഇന്ദ്രിയങ്ങളേയും സംയമംചെയ്തു് ജയിച്ചിട്ടുള്ളവൻ എന്നാണു് ഇതിന്നർത്ഥം. വികാരത്തിനടിപ്പെട്ടു് സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുക സന്ന്യാസിക്കു ഭൂഷണമല്ല. നാവിനെ നിയന്ത്രിക്കാൻ സാധിക്കാതെ, എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുക എന്നതും സന്ന്യാസിക്കു ചേർന്നതല്ല. സന്ന്യാസി മുനികൂടി ആയിരിക്കണം. മൗനമായി ആത്മീയരഹസ്യങ്ങളെപ്പററി മനനം (ചിന്ത) ചെയ്യുന്ന ആൾ എന്നാണു് മുനി എന്ന പദം കൊണ്ടു് വിവക്ഷിക്കുന്നതു്. ലോകത്തിലെ എല്ലാ വിനോദങ്ങളും ദൃശ്യങ്ങളും കാണാൻ സന്ന്യാസി തൻെറ കണ്ണുകളെ വിട്ടുകൊടുക്കുന്നില്ല. അയാൾ അവയെ സംയമം ചെയ്യുന്നു. സന്ന്യാസി ഋഷിയാണു്. ആത്മീയ യാഥാർത്ഥ്യങ്ങളെ ആന്തരിക ദൃഷ്ടികൊണ്ടു് ധ്യാനത്തിൽ ദർശനം ചെയ്യുന്ന ആൾ എന്നാണു് ഋഷി എന്ന വാക്കിന്നർത്ഥം. സന്ന്യാസി താപസനായിരിക്കണം. ഇന്ദ്രിയങ്ങളെ തപസ്സിലൂടെ സംയമം ചെയ്തിരിക്കുന്നവനാണു് താപസൻ. വസ്ത്രം, ഭക്ഷണം, കെട്ടിടം, പെരുമാററസാധനങ്ങൾ എന്നിവയിലെല്ലാം ലാളിത്യവും മിതത്വവും സാധാരണത്വവും അയാൾ പാലിക്കണം. എല്ലാററിലുമുപരി, സന്ന്യാസി ജിതമാനസനായിരിക്കണം. ദ്വേഷം, അസൂയ, മടി, ദുരാഗ്രഹം സുഖപ്രിയം തുടങ്ങിയ അധമവാസനകളെല്ലാം മനസ്സിൽനിന്നകററി, ദൈവത്തിനും മററുള്ളവക്കും വേണ്ടിമാത്രം ജീവിക്കുന്നവനാകണം സന്ന്യാസി. ഇവ്വിധം ആത്മനിയന്ത്രണം ശീലിച്ചിട്ടുള്ള സന്ന്യാസിയേ സന്ന്യാസിയാകൂ.

അന്വേഷണം

ആത്മീയസത്യങ്ങളെ നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നവനായിരിക്കണം സന്ന്യാസി. പാരായണശീലവും ചിന്താശീലവും—ജ്ഞാനവായനയും ധ്യാനവും–സന്ന്യാസിക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത രണ്ടു കാര്യങ്ങളാണ്. ആർക്കും അവനവന്റെ തന്നെ ഗുരുവാകാൻ സാധിക്കയില്ല. ആത്മീയജീവിതത്തിലും ഇതു് സത്യമാണ്. ദൈവത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ള വിശുദ്ധന്മാരുടെ കൃതികൾ നാം താല്പര്യപൂർവ്വം വായിക്കണം. അതുപോലെ ആത്മീയയാഥാർത്ഥ്യങ്ങളെക്കുറിച്ച് വളരെയധികം ചിന്തിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ള ആത്മീയഗ്രന്ഥകാരന്മാരുടെ കൃതികളും നാം ശ്രദ്ധാപൂർവ്വം വായിക്കണം. നമുക്ക് ഒരു ജീവിതമേ ഉള്ളൂ. അതിനിടയിൽ ദൈവത്തെക്കുറിച്ച് എത്രമാത്രം അറിയാൻ സാധിക്കുമോ അത്രയും അറിയുവാൻ നാം പരിശ്രമിക്കണം. കാരണം, മറ്റെല്ലാ അറിവുകൾകൊണ്ടുള്ള ആവശ്യവും പ്രയോജനവും നമ്മുടെ മരണത്തോടെ അവസാനിക്കും. ദൈവത്തെക്കുറിച്ച് നാം നേടിയിട്ടുള്ള അറിവുമാത്രമെ നിത്യമായി നമുക്കു പ്രയോജനപ്പെടൂ. അറിവിന്റെ സംഭരണികളാണ് സൽഗ്രന്ഥങ്ങൾ. അവയെ നാം കഴിയുന്നത്ര ഭവനത്തിൽ ശേഖരിക്കുകയും വായിച്ചു മനസ്സിലാക്കുകയും വേണം. വായനാശീലം ചെറുപ്പം മുതല്ക്കേ മനസ്സിരുത്തി പരിശ്രമിച്ച് നാം സമ്പാദിക്കണം. വായിക്കുവാനുള്ള കഴിവ് മനുഷ്യനുമാത്രമേയുള്ളൂ; മൃഗങ്ങൾക്കില്ല. മനുഷ്യന്റെ കണ്ണ് കണ്ടറിയാൻ മാത്രമുള്ളതല്ല, വായിച്ചറിയുവാൻകൂടിയുള്ളതാണ്. അതിനാൽ വായിക്കാത്ത മനുഷ്യന്, തന്റെ കണ്ണുകൊണ്ട് സമ്പാദിക്കാമായിരുന്ന വിജ്ഞാനത്തിന്റെ വലിയൊരംശം നഷ്ടപ്പെട്ടിരിക്കുന്നു. വളരെയധികം ശാരീരികതപസ്സ് അനുഷ്ഠിക്കുന്നതിനേക്കാൾ ഏകാഗ്രതയും ആത്മസംയമവും ആവശ്യപ്പെടുന്ന ഒരു കാര്യമാണ് നല്ലൊരു പുസ്തകം വായിച്ചുതീർക്കുക എന്നതു്. ധ്യാനത്തിനുവേണ്ട വിഷയങ്ങൾ നമ്മുടെ മനസ്സിലേയ്ക്കു എത്തിച്ചുതരുന്ന പ്രധാനമായൊരു മാർഗ്ഗം ജ്ഞാനവായനയാണ്. ധ്യാനവും ജ്ഞാനവായനയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്.

ബലം

ലോകത്തിൻെറ ആകഷ്ണങ്ങളെ ചെറുത്തുനില്ക്കാനുള്ള ആത്മീയമായ നിശ്ചയവും പ്രതിജ്ഞയുമാണ് ബലം. നമുക്ക് നമ്മുടേതായ ചില നിശ്ചയങ്ങളും നിർബന്ധങ്ങളുമെല്ലാം വേണം. കാററത്താടുന്ന ഞാങ്കണപോലെ, നാം ലോകത്തിൻേറതായ ഫാഷനുകാംക്കും ആകർഷണങ്ങാംക്കുമൊപ്പിച്ച് തുള്ളേണ്ടവരല്ല. നാം ആടേണ്ടതും പാടേണ്ടതും യേശുവിൻെറ സുവിശേഷത്തിൻെറ രാഗത്തിനും രീതിക്കും ഒപ്പിച്ചായിരിക്കണം. പരിത്യാഗം. പ്രാത്ഥന, സേവനം, അധ്വാനം, ലളിതജീവിതം, ലൗകികവസ്തുക്കളോടുള്ള അനാസക്തി, ആത്മീയകാര്യങ്ങളോടുള്ള താല്പര്യം എന്നിവയുടെ കാര്യത്തിൽ ഒരുതരം നിർബ്ബന്ധബുദ്ധിതന്നെ നാം പ്രദർശിപ്പിക്കണം. എന്തെല്ലാം ബുദ്ധിമുട്ടുകളും വിരസതകളും നഷ്ടങ്ങളും ഉണ്ടായാലും, ഈവക സനാതനസത്യങ്ങളിൽനിന്നും അണുവിടപോലും മാറാതിരിക്കാനുള്ള ആത്മബലവും മനഃശക്തിയും നാം കാണിക്കണം. ലോകത്തിൻെറ അഭിരുചിപ്രകാരം ജീവിക്കുന്നവക്ക്—അവർ സന്ന്യാസികളായാലും—ചില താല്ക്കാലികലാഭങ്ങളൊക്കെ ലഭിക്കുന്നവരായി നാം കണ്ടേക്കും. ദൈവത്തിനുവേണ്ടി സുവിശേഷതത്വങ്ങാംക്കനുസരിച്ച് ജീവിക്കുന്നതുമൂലം നമുക്കു പല നഷ്ടങ്ങളും വരുന്നതായി നമുക്കു തോന്നിയേക്കാം. പക്ഷെ ഇതൊന്നും നമ്മെ ചഞ്ചലചിത്തരാക്കരുത്. നാം വിശ്വസിച്ചിരിക്കുന്നത് ആരിലാണെന്ന കാര്യം നാം വിസ്മരിക്കരുത്. കത്താവിൽ വിശ്വസിച്ചവക്ക് ഒരുനാളും ലജ്ജിക്കേണ്ടി വരികയില്ല. യാതൊന്നിനും—ദുഃഖത്തിനോ സന്തോഷത്തിനോ, നഷ്ടത്തിനോ ലാഭത്തിനോ, വിജയത്തിനോ പരാജയത്തിനോ, ജീവിതത്തിനോ മരണത്തിനോ—നിന്നെ യേശുവിൽനിന്നും മാററുന്നതിനുള്ള കഴിവുണ്ടാകരുത്. ക്രൂശിൽ മരിച്ച യേശു പരാജയപ്പെട്ടുവെന്ന് ലോകം കരുതി. പക്ഷെ യേശുവിൻെറ ഉയിർപ്പ് ലോകത്തെ മുഴുവൻ പരാജയപ്പെടുത്തിക്കളഞ്ഞു എന്നതായിരുന്നു പരമാത്ഥം.

ശാന്തി

ദൈവം ഉള്ളിലുള്ളവൻ മാത്രമാണ് യഥാർത്ഥമായ ശാന്തി അനുഭവിക്കുന്നത്. എല്ലാവരും സമാധാനത്തിനുവേണ്ടി പരക്കം പായുകയാണ്. അതിന്നായി ലൗകികവസ്തുക്കൾ സമ്പാദിച്ചുകൂട്ടുന്നു. പക്ഷെ വസ്തുക്കളും പണവും കൂടുന്നതോടെ ആന്തരശാന്തി കുറയുന്നുവെന്നതാണ് പരമാർത്ഥം. സുഖസന്തോഷങ്ങളിലൂടെ ശാന്തി നേടാമെന്നു കരുതുന്നത്, തീയ്യിൽ എണ്ണ ഒഴിക്കുംപോലെയാണ്. വാസ്തവത്തിൽ ദൈവത്തിനു മാത്രമെ നമുക്ക് യഥാർത്ഥമായ ശാന്തി നല്കാൻ സാധിക്കൂ. വി. അഗസ്റ്റിൻ പറഞ്ഞത് എത്രയോ സത്യമാണ്: ''ദൈവമെ! നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയംകൊള്ളുന്നതുവരെ ഞങ്ങൾക്കു ശാന്തിയുണ്ടാവില്ല '' ദൈവത്തിൽമാത്രം യഥാർത്ഥമായ ശാന്തി തേടുക. നിനക്കു ദുഃഖമുണ്ടാകുമ്പോൾ, അവിടുത്തെ പക്കലേയ്ക്കു ഓടി, തിരുമുമ്പിൽ ധ്യാനലീനനായി നില്ക്കുക. ഒന്നും മിണ്ടാതെ, ഒന്നും ചിന്തിക്കാതെ, കണ്ണീർപോലും വീഴ്ത്താതെ, ശാന്തിയേകുന്ന അങ്ങേ തിരുസ്പർശനത്തിനു് നിന്നെ സമർപ്പിച്ച്, വിശ്വാസത്തോടെ, ശരണത്തോടെ, സ്നേഹത്തോടെ തിരുസന്നിധിയിൽ നില്ക്കുക. നിൻെറ ഹൃദയം അവാച്യവും സ്വർഗ്ഗീയവുമായ ശാന്തികൊണ്ട് നിറയും. നിനക്കു സന്തോഷമുണ്ടായാലും, അതിൽ മതിമറന്നു് നീ കഴിയരുത്. തിരുമുമ്പിലേയ്ക്കോടി നിൻെറ സന്തോഷം അവിടുത്തെ പാദപത്മങ്ങളിൽ കാഴ്ചവയ്ക്കുക. കർത്താവ് കാത്തുറപ്പിക്കുന്നില്ലെങ്കിൽ നമ്മുടെ സന്തോഷമെല്ലാം ഞൊടിയിടകൊണ്ട് പമ്പകടക്കും. ദൈവം മാത്രമേ യഥാർത്ഥത്തിൽ ശാന്തി നൽകൂ. നിൻെറ മരണക്കിടക്കയെപ്പററി ചിന്തിച്ചുനോക്കുക: നിന്നെ സന്തോഷിപ്പിച്ചവരും വേദനിപ്പിച്ചവരും നിനക്കുവേണ്ടി ഇനി ഒന്നും ചെയ്യാനില്ലെന്ന മട്ടിൽ, അവിടെ നോക്കിനില്ക്കാനേ പററൂ. സന്തോഷവും വേദനയും ഒരുപോലെ കഴിഞ്ഞുപോയി. അവസാനം ദൈവത്തിനു മാത്രമേ നിന്നെ ആശ്വസിപ്പിക്കാൻ പററൂ. ദൈവത്തിൽ ആലംബം കണ്ടിരുന്നവർ ജീവിതത്തിലെന്നപോലെ മരണത്തിലും ശാന്തി അനുഭവിക്കും.

ആനന്ദം

യേശുവിൻെറ അരികെ ഇരിക്കുന്നതാകുന്നു യഥാർത്ഥമായ ആനന്ദം. യേശുവിന്നരികെ കുറച്ചുനേരം ഇരുന്നപ്പോഠം പത്രോസ് അവിടുത്തോട് പറഞ്ഞു: കർത്താവെ ഇവിടെ ഇരിക്കുന്നതു് നമുക്കു നല്ലതാകുന്നു. യേശു ദിവ്യകാരുണ്യസന്നിധിയിൽ നിന്നെ കാത്തു് രാപകൽ സക്രാരിയിലിരിക്കുന്നു. നാഥൻെറ തിരുസന്നിധിയിൽ ചെന്നിരിക്കുന്നതു് നിനക്കു് ജീവിതത്തിലെ ഏററവും ഭാഗ്യപ്പെട്ട നിമിഷങ്ങളായിരിക്കണം. ഭൂമിയെ സ്വർഗ്ഗമാക്കി പകർത്തുന്നതു് ദിവ്യകാരുണ്യമാണു്. ദിവ്യകാരുണ്യനാഥൻെറ മുമ്പിലേക്കു ആഗ്രഹത്തോടെ നീ ഓടിയണയുക. നേരം വെളുത്തു് എണീററാൽ കഴിയുന്ന വേഗം തിരുസന്നിധിയിലെത്താൻ നിൻെറ ഹൃദയം പിടഞ്ഞുകൊണ്ടിരിക്കണം. മധ്യാഹ്നത്തിലും സായഹ്നത്തിലും അവിടുത്തെ ചെന്നുകാണാൻ നീ മുടക്കം വരുത്തരുതു്. രാത്രിയിൽ കിടക്കുന്നതിനു മുമ്പു്, അവിടുത്തെ തിരുമുമ്പിൽ ചെന്നു് നിന്നെയും, നിനക്കു പ്രിയപ്പെട്ടവരെയും, എല്ലാവരെയും, ആ തിരുഹൃദയത്തിൽ ഭാരമേല്പിക്കുക. സമയം കിട്ടുമ്പോഴെല്ലാം ആ അനുപമ സ്നേഹനിധിയുടെ മുമ്പിൽചെന്നു് കണ്ണുകളടച്ചു് കൈകൂപ്പി നില്ക്കുക. നീ എവിടെയായിരുന്നാലും, എന്തു ചെയ്താലും, നിൻെറ മനസ്സു് അറിയാതെതന്നെ ദിവ്യകാരുണ്യഹൃദയത്തിലേക്കു് ഒഴുകിച്ചേർന്നുകൊണ്ടിരിക്കണം. കർത്താവിൽനിന്നും അകന്നിരിക്കുന്നതു് നിനക്കു് അസഹ്യമായിരിക്കണം. തിരുസന്നിധാനത്തിൽനിന്നും എഴുന്നേററുപോകേണ്ടിവരുമ്പോഠം, നിന്നെ മുഴുവനും ആ സ്നേഹഹൃദയത്തിൽ നിക്ഷേപിച്ചിട്ടു് പോകുക. 'യേശുവിൻെറ ദിവ്യകാരുണ്യഹൃദയത്തിൽ വസിക്കുക.' അവിടുത്തെ ആനന്ദംപോലെ അലൗകികമായ വേറൊന്നില്ല. കർത്താവിൽ ആനന്ദിക്കുക. തിരുസന്നിധിയിൽ നില്ക്കുമ്പോഠം മറെറല്ലാം മറക്കുക. ദിവ്യസ്നേഹത്തിൽ ലയിച്ചിരിക്കുക. ഒന്നും ഉച്ചരിക്കുകകൂടി വേണ്ട. അവിടുത്തെ മുമ്പിൽ കൈകൂപ്പി നിൽക്കുക. നിൻെറ ഹൃദയം ആനന്ദംകൊണ്ടു് നിറയും.

ഏകാഗ്രത

നമ്മുടെ മനസ്സും ഹൃദയവും ഇന്ദ്രിയങ്ങളും നാനാവിഷയങ്ങളിലേയ്ക്കു ചിന്നിച്ചിതറിപ്പോകാതെ, ഏകമായ അഗ്രത്തിൽ അഥവാ അന്ത്യത്തിൽ ഒരുച്ചിരിക്കുന്നതത്രെ ഏകാഗ്രത അഥവാ ഏകാന്തത. നമ്മെ സംബന്ധിച്ചിടത്തോളം ഈ അന്ത്യം അഥവാ അഗ്രം യേശുവാണ്. നമ്മുടെ ബോധം യേശുവിൽ ഏകാഗ്രമായിരിക്കണം. അതിന്നായി, യേശുവിൽനിന്നും അന്യമായുള്ള എല്ലാ വസ്തുക്കളിൽനിന്നും വിചാരങ്ങളിൽനിന്നും വിഷയങ്ങളിൽനിന്നും നമ്മുടെ മനസ്സിനേയും ഇന്ദ്രിയങ്ങളേയും നാം പിൻവലിക്കണം. പ്രാൎത്ഥനയുടെ സമയത്തു് മനസ്സിനെ യേശുവിൽ ഏകാഗ്രമായി നിറുത്തുക. കണ്ണുകൾ അടച്ച്, ധ്യാനലീനമായി യേശുവിനെ ഹൃദയത്തിൽ ഓൎത്ത്, ഏതെങ്കിലുമൊരു സ്നേഹമന്ത്രം സാവധാനത്തിൽ മനസ്സുകൊണ്ടു ജപിക്കുന്ന രീതി ഇതിനു സഹായിയ്ക്കും. ജോലികളും മററു വ്യഗ്രതകളും പ്രാൎത്ഥനയ്ക്കുമുമ്പുതന്നെ തീൎത്തുവയ്ക്കണം. പ്രശാന്തവും ഏകാന്തവുമായൊരു സ്ഥലം പ്രാൎത്ഥനയ്ക്കായി തിരഞ്ഞെടുക്കണം. അവിടെ ശരീരത്തിനു അസ്വസ്ഥത തോന്നാത്ത ഏതെങ്കിലുമൊരു നില സ്വീകരിച്ച്, ശാന്തമായി മനസ്സിനെ കൎത്താവിലേയ്ക്കുയൎത്തുക. മനസ്സ് അസ്വസ്ഥമായിരിക്കുന്ന അവസരങ്ങളിൽ ജപമാലയെടുത്ത് ചെറിയ സ്നേഹപ്രകരണങ്ങൾ ക്രമമായി സാവധാനത്തിൽ ചൊല്ലിക്കൊണ്ടിരിക്കുക. അതിനനുസരിച്ച് ഹൃദയത്തെ യേശുവിലേയ്ക്ക് ആന്തരികമായി ഉയൎത്തിക്കൊണ്ടിരിക്കണം. മൗനം ഏകാഗ്രതയ്ക്കു അത്യാവശ്യമാണ്. മൗനമില്ലാത്ത സന്ന്യാസഭവനത്തിൽ ദൈവവചനം ശ്രവിക്കുക തീൎത്തും ദുഷ്ക്കരമാണ്. മനുഷ്യൻെറ വാക്കുകളുടെ ആരവത്തിനിടയിൽ ദൈവവചനത്തിൻെറ മൃദുലതയും പ്രശാന്തവുമായ സ്വരം കേൾക്കപ്പെടാതെ പോകും. ഹൃദയത്തിൽ വാഴുന്ന യേശുനാഥനെ ഇടയ്ക്കിടയ്ക്ക് സ്നേഹപൂൎവ്വം ഓൎത്ത് മനസ്സിനെ അങ്ങിലേയ്ക്കു ഉയൎത്തുന്നതും വളരെ നല്ലൊരഭ്യാസമാണ്. മനസ്സ് സദാപി ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണപോലെ യേശുവിലേയ്ക്കു ലയിച്ചുകൊണ്ടിരിക്കുന്നതാണ് ശരിയായ ഏകാഗ്രത.

ഉദാരത

യേശുവിൻെറ ഹൃദയോദാരതയെപ്പററി വി. പൗലോസ് പറയുന്നതിപ്രകാരമാണ്: താൻ സമ്പന്നനായിരിക്കെ, നമ്മെ സമ്പന്നരാക്കാൻവേണ്ടി അവിടുന്ന് സ്വയം ദരിദ്രനാകാൻ മനസ്സായി. ആരോഗ്യം, അറിവ്, സമയം, ധനം തുടങ്ങി എത്രയോ സമ്പത്തുകളാണ് ദൈവം നമുക്ക നല്കിയിട്ടുള്ളത്. ഇവയെല്ലാം എങ്ങനെ ദൈവത്തിനും മനുഷ്യക്കും സംലഭ്യമാക്കാം എന്നു മാത്രമായിരിക്കണം നമ്മുടെ ചിന്ത. നമുക്കുള്ളവ മററുള്ളവക്കുവേണ്ടി കൊടുക്കുന്നതുമൂലം, നാം കുറവനുഭവിക്കുന്നതിൽ അസംതൃപ്തി ഭാവിക്കരുത്; സന്തോഷിക്കമാത്രമെ ചെയ്യാവൂ. നമുക്കു കുറച്ചുകൂടി സന്മനസ്സും ഉദാരതയും ത്യാഗസന്നദ്ധതയും ഉണ്ടായിരുന്നെങ്കിൽ, എത്രയോകൂടുതലായ ഉപകാരങ്ങൾ നമ്മുടെ സഹോദരങ്ങൾക്കായി ചെയ്തു കൊടുക്കാമായിരുന്നു. നമ്മുടെ സമയം, ആരോഗ്യം, സഹായം എന്നിവ ആവശ്യപ്പെട്ട് നമ്മെ സമീപിച്ചിട്ടുള്ള എത്രയോ ആളുകളെ, അല്പം ത്യാഗം സഹിക്കാനുള്ള നമ്മുടെ സന്നദ്ധതക്കുറവുമൂലം നാം നിരാശരായി മടക്കി അയച്ചിരിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുക, ആശ്രമത്തിലെ വിനീതജോലികൾ ചെയ്യുക, അജ്ഞരെ പഠിപ്പിക്കുക, കായികജോലികൾ ചെയ്യുക, നമ്മുടെ സാധനങ്ങൾ മററുള്ളവരുടെ ഉപയോഗത്തിനായി സസന്തോഷം നല്കുക തുടങ്ങി എത്രയെത്ര അവസരങ്ങളാണ്, നമ്മുടെ ഹൃദയോദാരത കാണിക്കാൻ നമുക്കു അനുദിനജീവിതത്തിൽ ലഭിക്കുക. എന്നാൽ നമുക്ക് നമ്മുടെ കാര്യങ്ങളിൽ മാത്രമുള്ള ശ്രദ്ധക്കൂടുതൽകൊണ്ട്, അത്തരം അവസരങ്ങളെല്ലാം നാം ഉപയോഗിക്കാതെ നഷ്ടമാക്കിക്കളയുന്നു. അവനവനുവേണ്ടിമാത്രം ജീവിച്ചതുകൊണ്ട് എന്തു പ്രയോജനം. ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവിച്ചിട്ടില്ലാത്ത ഒരു ജീവിതം ഉപരിപ്ളവവും വിലകുറഞ്ഞതുമാണ്.

ബോധിസത്വൻ

മഹായാന ബുദ്ധമതത്തിലെ സന്ന്യാസികളെ ബോധിസത്വൻ എന്നു പറയുന്നു. ബോധി അഥവാ ദിവ്യജ്ഞാനം സ്വന്തം കാതലായി സംവഹിച്ചിരിക്കുന്ന ആൾ എന്നാണ് ഇതിനർത്ഥം. ഇങ്ങനെ നോക്കുമ്പോൾ, ക്രിസ്തീയ ദർശനപ്രകാരം സാക്ഷാത്തായ ബോധിസത്വൻ യേശു തന്നെയാണെന്നു കാണാം. ദൈവജ്ഞാനമായ വചനം തന്നെയാണല്ലോ യേശുവിൻെറ കാതൽ. മാംസത്തിൽ അവതരിച്ചിരിക്കുന്ന ദിവ്യവചനം അഥവാ ദൈവജ്ഞാനമാണ് യേശു. അതിനാൽ ശരിയായ വിജ്ഞാനം തേടി നാം യേശുവിൻെറ പാദപത്മങ്ങളിലേയ്ക്കാണ് ഓടേണ്ടതു്. യേശുവിൻെറ വിജ്ഞാനവും വീക്ഷണവും കഠിനമാണെന്നു് ചിലപ്പോൾ നമുക്കു തോന്നിയേക്കാം. ഒരിക്കൽ അങ്ങനെ തോന്നിയ ചില ശിഷ്യന്മാർ അവിടുത്തെ വിട്ടുപിരിഞ്ഞു പോകുകയുണ്ടായി. അപ്പോൾ യേശു ശിഷ്യന്മാരോട് ചോദിച്ചു: ''നിങ്ങൾക്കും എന്നെ വിട്ടുപോകണമോ?'' പത്രോസ് ഉത്തരമായി പറഞ്ഞു: ''കർത്താവെ, നിന്നെ വിട്ട് ഞങ്ങൾ എവിടെ പോകും? നിത്യജീവൻെറ വാക്കുകൾ നിൻെറ പക്കലുണ്ടല്ലോ'' എന്നു്. അനേകം പേർ—പണ്ഡിതന്മാരും, അനേകവർഷങ്ങൾ സന്ന്യാസത്തിൽ ജീവിച്ചിട്ടുള്ളവർപോലും—യേശുവിനെ വിട്ടുപോകുന്ന ചിത്രങ്ങൾ നാം അനുദിനമെന്നോണം കണ്ടുകൊണ്ടിരിക്കുന്നു. നാം ചഞ്ചലിക്കരുതു്, ഭയപ്പെടുകയുമരുതു്. നാം ആരിലാണ് വിശ്വസിച്ചിരിക്കുന്നതെന്ന പരമാർത്ഥം നാം മറക്കാതിരുന്നാൽ മതി. കർത്താവിൽ ആശ്രയിച്ചവരാരും ലജ്ജിക്കേണ്ടിവരികയില്ല. ലോകത്തിൻെറ വിജ്ഞാനത്തെ അവസാനം അവിടുന്നു് തൻെറ ഭോഷത്വംകൊണ്ട് പരാജയപ്പെടുത്തും. യേശുവിൽനിന്നും വിജ്ഞാനം സമ്പാദിക്കുക. കുരിശാണ് നമ്മുടെ വിജ്ഞാനഭണ്ഡാഗാരം. കുരിശിനെ സ്നേഹിക്കുക, ആശ്ലേഷിക്കുക. ലോകത്തിൻെറ വിജ്ഞാനത്തെ തള്ളി, കുരിശിൻെറ വിജ്ഞാനം പരിശീലിച്ചിട്ടുള്ളവർ മരിച്ചാലും യേശുവിനോടൊപ്പം നിത്യമായി ഉയിർക്കും.

ബോധിചിത്തൻ

ബോധിസത്വൻ ബോധിചിത്തനും കൂടിയാണ്. ദൈവജ്ഞാനം സദാ തന്റെ ചിത്തത്തിൽ സംവഹിച്ചിരിക്കുന്ന ആളാണ് ബോധിചിത്തൻ. യേശുവാണ് ദൈവത്തിന്റെ ജ്ഞാനം അഥവാ ചിത്തം. യേശുവിനെ സദാ നാം മനസ്സിൽ ഭജിച്ചുകൊണ്ടിരിക്കണം. യേശുവിനെ ഇടയ്ക്കിടയ്ക്കു ഓർത്ത്, ഹൃദയത്തെ അങ്ങിലേയ്ക്കു ഉയർത്തുക. അതു മൂലം നിന്റെ വാക്കുകൾക്കും വിചാരങ്ങൾക്കും വ്യാപാരങ്ങൾക്കും സ്വർഗ്ഗീയമായൊരു വശ്യത കൈവരുന്നതായി നിനക്കുതന്നെ അനുഭവപ്പെടും. യേശു വാഴുന്ന മനസ്സിൽ സ്വസ്ഥതയും സമചിത്തതയും കളിയാടും. ധ്യാനംകൊണ്ടുവേണം യേശുവിനെ മനസ്സിൽ സംഗ്രഹിക്കുവാൻ. അനുദിനം നന്നായി ധ്യാനിക്കുന്ന സന്ന്യാസിയുടെ ജീവിതത്തിൽ വളരെ വലുതായൊരു മാററം കാണാതിരിക്കുകയില്ല. യേശുവിന്റെ ഹൃദയലക്ഷണങ്ങളായ ക്ഷമ, ശാന്തത, സ്നേഹം, വിനയം, ദൈവബോധം, സഹോദരസ്നേഹം, പ്രാർത്ഥനാചൈതന്യം, സ്വർഗ്ഗീയവീക്ഷണം എന്നിവയെല്ലാം ധ്യാനിക്കുന്ന സന്ന്യാസിയിലും പ്രതിഫലിക്കും. അനുദിനമുള്ള ധ്യാനം ഏററവും പ്രധാനപ്പെട്ടൊരു ആത്മീയാഭ്യാസമാണ്. അതു് ഒരിക്കലും മുടക്കാതിരിക്കുക. ധ്യാനം നന്നായി കഴിക്കുന്നതിനു് നിന്നാലാവും വിധം പരിശ്രമിക്കുക. ധ്യാനംകൊണ്ടു മാത്രമെ നിന്റെ ലൗകികവീക്ഷണങ്ങൾ മാറി, തൽസ്ഥാനത്ത് സ്വർഗ്ഗീയവീക്ഷണങ്ങൾ സ്ഥലം പിടിക്കൂ. നമ്മുടെ ബുദ്ധിയും ഹൃദയവും സ്വാർത്ഥസ്നേഹംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതിന്റെ സ്ഥാനത്ത് ദൈവസ്നേഹത്തിന്റെ തൈലം ഒഴുകിവീണ് നാം നിറയണം. അപ്പോൾ ശരിയായ സഹോദരസ്നേഹവും നമ്മിൽ ഉണ്ടായിക്കൊള്ളും. ഇതെല്ലാം സാധിക്കണമെങ്കിൽ ധ്യാനം ശരിയായി അഭ്യസിച്ചേ പററൂ. ധ്യാനിക്കുന്ന മനുഷ്യന്റെ ചിത്തത്തിൽ യേശു വാഴും. അപ്പോൾ അയാളുടെ പ്രവർത്തനങ്ങളും യേശുവിന്റേതുപോലെതന്നെ ആയിരിക്കും.

ലോകോത്തരം

ബോധിസത്വൻ അഥവാ സന്ന്യാസി ലോകത്തെ ജയിച്ചവനാകണം എന്നതത്രെ ലോകോത്തരം എന്ന ഗുണംകൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ ആശയങ്ങൾ, പ്രവർത്തനങ്ങൾ, സംസാരരീതി, പെരുമാററ സാധനങ്ങൾ, ജീവിത നിലവാരം എന്നിവയിലൊന്നും ലൗകികത പ്രതിഫലിക്കുവാൻ പാടില്ല. സഹനം, വിനയം, പ്രാർത്ഥന, ഇന്ദ്രിയനിഗ്രഹം, ലളിതജീവിതം എന്നിവയുടെ മൂല്യം മനസ്സിലാക്കി, അവയെ ജീവിതത്തിൽ പകർത്താത്ത സന്ന്യാസി ലോകത്തെ ജയിച്ചിരിക്കുന്നു എന്ന് എങ്ങനെ പറയാൻ പററും? പല സന്ന്യാസികളും, തങ്ങളുടെ വസ്ത്രം, പെരുമാററ സാധനങ്ങൾ, ജീവിത സൗകര്യം എന്നിവയുടെ കാര്യത്തിൽ, അവയെല്ലാം ഏററവും വില കൂടിയവയും മാർക്കററിൽ അന്നന്നിറങ്ങുന്ന ഫാഷന് അനുസരിച്ചുള്ളവയും ആയിരിക്കണമെന്ന് നിർബ്ബന്ധം പിടിക്കുന്നു. അങ്ങനെയുള്ളവർ, ലോകത്തിനടിപ്പെട്ടിരിക്കുന്നു എന്നല്ലാതെ, ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറയാൻ പററുമോ? കോപം, അസൂയ, അഹംഭാവം എന്നിവ പ്രതിധ്വനിക്കുന്ന തരത്തിൽ സംസാരിക്കുന്ന സന്ന്യാസിയും ലൗകികതയുടെയും സ്വാർത്ഥതയുടെയും അടിമതന്നെ. ധ്യാനം, ആത്മീയപാരായണം, വി. ബലി, പാപസങ്കീർത്തനം, ഭക്താഭ്യാസങ്ങൾ എന്നിവയെ ആസ്വദിക്കാതെ, അവയെ തുടരെത്തുടരെ ഉപേക്ഷിക്കുന്ന സന്ന്യാസിയും ആത്മീയനല്ല. ലൗകികനാണ്. ഇങ്ങനെയുള്ള സന്ന്യാസികളെ സന്ന്യാസ വേഷത്തിൽ കാണുന്നതുകൊണ്ട് മററുള്ളവക്കു പുച്ഛവും മതിപ്പുകുറവും മാത്രമെ ഉണ്ടാകൂ. എന്നാൽ പ്രാർത്ഥന, ശാന്തശീലം, വിനയം, സേവനചൈതന്യം, ദാരിദ്ര്യാരൂപി, ഇന്ദ്രിയനിഗ്രഹം, ആത്മീയനിഷ്ഠ, ഭക്തി തുടങ്ങിയ ഗുണങ്ങൾ വിളങ്ങുന്ന സന്ന്യാസിയെപ്പററി മററുള്ളവക്കു ഉള്ളിൽ മതിപ്പും വലിപ്പവും തോന്നും. അങ്ങനെയുള്ള സന്ന്യാസികളുടെ പ്രാർത്ഥനയിൽ ആളുകൾക്കു ഇന്നും വലിയ വിശ്വാസമുണ്ട്. ലൗകികനായ സന്ന്യാസിയെ ആളുകൾ നിരാകരിക്കുകയേയുള്ളു.

ലോകാനുവർത്തനം

സന്ന്യാസി ശരീരത്തിൽ വസിക്കുന്നതു്, തൻെറ സഹ ജീവികളുടെ ദുഃഖദുരിതങ്ങളിൽ പങ്കുകൊണ്ടു്, അവരെ അവ യിൽനിന്നും മോചിപ്പിക്കുന്നതിനു വേണ്ടിയാണു്. ബോധി സത്വൻ കരുതുന്നതു് ഇങ്ങനെയാണു്: ഞാൻ വേദന സഹിക്കു ന്നതുപോലെ, എൻെറ സഹോദരനും അയാളുടെ വേദന സ ഹിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, ഞാൻ എൻെറ വേദന കളെക്കുറിച്ചല്ല, എൻെറ സഹോദരൻെറ വേദനകളെക്കുറിച്ചാ ണു് വ്യഗ്രതപ്പെടേണ്ടതു്. യേശു ശരീരം ധരിച്ചു് മനുഷ്യ രൂപത്തിൽ ജീവിച്ചതു് നമുക്കുവേണ്ടി മരണം, അതെ കരിശു മരണം, വരിക്കാനായിരുന്നുവല്ലോ. ബോധിസത്വൻ തനിക്കു വേണ്ടി ജീവിക്കുന്ന ആളല്ല. മററുള്ളവരുടെ ഭാരങ്ങൾ അയാൾ തൻെറമേൽത്തന്നെ വഹിക്കുന്നു. നമ്മുടെ വേദനകളും ദുഃഖ ങ്ങളും ദുരിതങ്ങളും തൻെറമേൽത്തന്നെ ചുമത്തിയവനായിരു ന്നല്ലോ യേശു. മററുള്ളവരുടെ ദുഃഖദുരിതങ്ങളിൽ പങ്കുപററി, അവയെ ഇല്ലാതാക്കാൻ, അവക്കുവേണ്ടി ജീവിക്കുന്നതിനാ ണു് ഇവിടെ ലോകാനുവർത്തനം എന്നു പറയുന്നതു്. മററുള്ള വർ ദുഃഖിക്കാതിരിക്കാൻവേണ്ടി നാം ദുഃഖിക്കുക. മററുള്ള വക്കു അസൗകര്യങ്ങൾ വരാതിരിക്കാൻവേണ്ടി നാം അസൗക ര്യങ്ങൾ അനുഭവിക്കുക. മററുള്ളവക്കു സുഭിക്ഷതയുണ്ടാകാൻ വേണ്ടി നാം ഞെരുക്കത്തിൽ കഴിയുക. യേശു ഇങ്ങനെ ജീവിച്ച മനുഷ്യനായിരുന്നു. അവിടുന്നു നമ്മോടുകൂടെ ജീ വിച്ച മനുഷ്യൻ മാത്രമല്ലായിരുന്നു, നമുക്കുവേണ്ടി ജീവിച്ച മനുഷ്യൻ കൂടിയായിരുന്നു. നാം മററുള്ളവരോടുകൂടെ വസി ച്ചുകൊണ്ടു മാത്രമായില്ല, അവക്കുവേണ്ടി ജീവിക്കുകകൂടി ചെയ്യണം. യേശു തൻെറ മാംസരക്തങ്ങൾ നമുക്കുവേണ്ടി മുറിച്ചുവിളമ്പി. ഇതുപോലെതന്നെ നാമും നമ്മെ മുഴുവനും മററുള്ളവക്കായി വ്യയം ചെയ്യണം. സ്വയം മറന്നു്, എല്ലാ കാര്യത്തിലും മററുള്ളവരുടെ വളർച്ചയ്ക്കും ഉപകാരത്തിനും വേണ്ടി ജീവിക്കാനുള്ളവനാണു് സന്ന്യാസി.

ശീലം

ധ്യാനത്തിനു ഒരുക്കമായി സന്ന്യാസി ചെയ്യേണ്ട യത്നത്തിനാണ് ബുദ്ധമതത്തിൽ ശീലം എന്നു പറയുന്നതു്. ഇതിൽ പലതും നമുക്കു പ്രയോജനപ്പെടുന്ന തരത്തിൽ അനുരൂപണം ചെയ്യാവുന്നതാണ്. ഒന്നാമതായി വേണ്ടതു് ജീവിത പരിശുദ്ധിയാണ്. ലൗകിക സുഖങ്ങളുടെ ഉപേക്ഷ, സഹോദരസ്നേഹം, സത്യം, ബ്രഹ്മചര്യം തുടങ്ങിയ സുകൃതങ്ങൾ ശ്രദ്ധവച്ച് പരിശീലിക്കണം. അതിനുശേഷം ശരീരചലനങ്ങളെ വേണ്ട വിധം സംയമം ചെയ്തു്, മനസ്സിനെ ഏതെങ്കിലുമൊരു ആത്മീയവിഷയത്തിൽ ഉറപ്പിച്ചുനിറുത്തി, ഏകാന്തമായൊരു സ്ഥലത്തു് നിഷ്ഠയോടെ ഇരിക്കണം. ആരംഭത്തിൽ ഓരോരുത്തനും അവനവനു് കൂടുതൽ ആവശ്യമായിരിക്കുന്ന വിഷയത്തെപ്പററി ധ്യാനിക്കണം. ഉദാഹരണത്തിനു് കോപപ്രകൃതിയുള്ള സന്ന്യാസി സ്നേഹത്തെപ്പററിയും മൈത്രിയെപ്പററിയും ധ്യാനിക്കണം. എല്ലാവരേയും സ്വന്തം സഹോദരീ സഹോദരന്മാരായി ഭാവന ചെയ്യണം. അവരുടെ നന്മ ആഗ്രഹിച്ച്, അവരുടെ അഭ്യുന്നതിയിൽ സന്തോഷം കണ്ടെത്താൻ മനസ്സിനെ ശീലിപ്പിക്കണം. ഏകാഗ്രത കിട്ടാത്ത സന്ന്യാസി തൻെറ ശ്വാസത്തിലും നിശ്വാസത്തിലും മനസ്സ് കേന്ദ്രീകരിച്ച്, അവയോടൊപ്പം യേശുവിനോടുള്ളൊരു സ്നേഹപ്രകരണം മനസ്സുകൊണ്ടു് ജപിക്കണം. സ്നേഹപ്രകരണം മനസ്സിൽ ഉച്ചരിച്ചുകൊണ്ടു് സാവധാനം ശ്വാസം ഉള്ളിലേയ്ക്കെടുക്കുക. ശ്വാസം മുഴുവനായി ഉള്ളിലേയ്ക്കെടുക്കാൻ ആവശ്യമായത്ര സമയംകൊണ്ടേ സ്നേഹപ്രകരണവും ഉച്ചരിച്ചു തീക്കാവൂ. അതേപ്രകരണംതന്നെ മനസ്സിൽ ഉച്ചരിച്ചുകൊണ്ടു് ശ്വാസം സാവധാനത്തിൽ പുറമേയ്ക്കു വിടുക. ശ്വാസം മുഴുവനായി പുറമേയ്ക്കു വിടാൻ ആവശ്യമായത്ര സമയംകൊണ്ടുതന്നെ സ്നേഹപ്രകരണവും ഉച്ചരിച്ചു തീക്കണം. സാവധാനത്തിൽ മനസ്സിനു ഏകാഗ്രത കിട്ടും. ഇന്ദ്രിയസുഖങ്ങളിൽ ആസക്തമായ മനസ്സുള്ള സന്ന്യാസി ശരീരത്തിൻെറ നശ്വരതയേയും ശ്മശാനഭൂവിൽ എല്ലാം ഒരുനാൾ ചീഞ്ഞഴുകി അസ്തമിക്കുന്നതിനേയുംപററി ധ്യാനിക്കണം. ബുദ്ധിക്കു പ്രകാശമില്ലാത്തയാൾ യേശുവിൻെറ സുവിശേഷം കയ്യിലെടുത്തു്, അവിടുത്തെ വാക്യങ്ങൾ സാവധാനം വായിച്ച് അതേപ്പററി ചിന്തിക്കുകയും, അപ്പോൾ മനസ്സിൽ ഉണരുന്ന വികാരങ്ങൾ ചെറിയ ചെറിയ പ്രകരണങ്ങളാക്കി മാററി യേശുവിനെ പറഞ്ഞറിയിക്കുകയും വേണം. മുകളിൽ പറഞ്ഞവയെല്ലാം ധ്യാനത്തിനു നമ്മെ സഹായിക്കുന്ന ചെറിയ ചെറിയ ഉപായങ്ങളാണ്.

പ്രഥമം

ബുദ്ധമതസിദ്ധാന്തപ്രകാരം ധ്യാനത്തിന് നാലു നിലക ളുണ്ട്. ഏകാന്തതയിലിരുന്ന് ചിന്തിക്കുകയും ആത്മീയ രഹ സ്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നതുമൂലം മനസ്സിലുണ്ടാ കുന്ന സന്തോഷവും പ്രസന്നതയുമാണ് ധ്യാനത്തിന്റെ ഒന്നാം ഘട്ടം. ചിന്തനം, ജിജ്ഞാസ എന്നിവയെല്ലാമാണ് ഇതിന്റെ പ്രത്യേകതകൾ. ദൈവത്തെപ്പററി കൂടുതൽ കൂടുതൽ ചിന്തി ച്ചും ധ്യാനിച്ചും അറിയാനുള്ള ആഗ്രഹം (ജിജ്ഞാസ) നമ്മിൽ ആഴപ്പെടുന്നു. വാസ്തവത്തിൽ യേശുവിന്റെ കാര്യങ്ങൾ നാം വേണ്ടപോലെ അറിയാത്തതുകൊണ്ടാണ് നമുക്കു അവിടു ത്തോട് ഇനിയും വേണ്ടത്ര സ്നേഹം തോന്നാത്തത്. യേശു വിനെക്കുറിച്ച് കഴിയുന്നത്ര വായിക്കുക; പഠിക്കുക; ചിന്തി ക്കുക; കേൾക്കുക. ആത്മീയ കാര്യങ്ങളെപ്പററി നടത്തപ്പെ ടുന്ന ക്ലാസ്സുകളിലും മററും നീ സന്തോഷപൂർവ്വം സംബന്ധി ക്കണം. കർത്താവിനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള പുസ്തക ങ്ങൾ ആഗ്രഹത്തോടെ വായിക്കണം. അവിടുത്തെപ്പററി ഏ കാഗ്രതയോടെ ചിന്തിക്കണം. ദൈവികകാര്യങ്ങൾ കേൾ ക്കാനും അറിയാനും പഠിക്കാനും പറയാനുമുള്ള നിന്റെ അഭി രുചി ശ്രദ്ധാപൂർവ്വം വളർത്തിയെടുക്കണം. ഇങ്ങനെ വരു മ്പോൾ പതുക്കെപ്പതുക്കെ നിന്റെ മനസ്സിന് പുതിയ വീക്ഷ ണം, യേശുവിന്റെതന്നെ വീക്ഷണം, കിട്ടും. യേശുവിന്റെ കാര്യങ്ങൾ എത്രയോ മനോഹരമാണെന്ന് നീതന്നെ അനുഭ വിച്ചു മനസ്സിലാക്കാൻ തുടങ്ങും. യേശുവിനെക്കുറിച്ച് ഇനി യും നിനക്കു എത്രയോ അധികം കാര്യങ്ങൾ വായിച്ചും പഠി ച്ചും കേട്ടും അറിയാനുണ്ടെന്നു നിനക്കു മനസ്സിലാകും. യേശു വിനെ അറിയുകയും സ്നേഹിക്കുകയും ചെയ്യണമെന്നത് നിന്റെ വളരെ വലിയൊരു ജ്വരവും ആവേശവുമായി മാറും. നിന്റെ മനസ്സിന്, മറെറാന്നിനും തരാൻ സാധിക്കാത്തൊരു ആനന്ദവും പ്രസന്നതയും അനുഭവപ്പെടും. ധ്യാനിക്കുന്ന മന സ്സ് പ്രസന്നവും പ്രശാന്തവുമായിരിക്കും.

ദ്വിതീയം

ബോധപൂർവ്വകമായ ചിന്തനമില്ലാതെ, മനസ്സ് പ്രസന്നവും സന്തോഷപൂരിതവുമായി നില്ക്കുന്ന സ്ഥിതിയാണ് ധ്യാനത്തിന്റെ രണ്ടാം ഘട്ടം. ഇതിൽ പഠനത്തിനും ചിന്തയ്ക്കുമല്ല പ്രാധാന്യം. നാം മനസ്സുകൊണ്ട് യേശുവിനെ ദർശിക്കുന്നു. ആ ദർശനംതന്നെ മനസ്സിനു് അപാരമായ ആനന്ദം നല്കുന്നു. മനസ്സ് യേശുവിൽ ലീനമായി നില്ക്കും. നാം അവിടുത്തോട് ഒന്നും വാക്കുകളിൽ ചോദിച്ചില്ലെന്നുപോലും വരാം. കർത്താവിനെ ധ്യാനദർശനം ചെയ്യാൻ സാധിച്ചു എന്നതുതന്നെയാണ് ആത്മാവിന്റെ ഏററവും വലിയ ഭാഗ്യം. ധ്യാനത്തിൽ ബോധപൂർവ്വകമായ ചിന്ത എല്ലായ്പ്പോഴും ആവശ്യമുള്ള കാര്യമല്ല. തിരുനാഥന്റെ സ്നേഹത്തിൽ ലയിച്ചിരിക്കുകയാണ് ഏററവും പ്രധാനമായ കാര്യം. ദിവ്യസക്രാരിക്കു മുമ്പിൽ ചെന്നു് ധ്യാനലീനയായിരുന്നു്, ആ സ്നേഹപാരമ്യത്തിലേയ്ക്കു മനോദൃഷ്ടികൾ തിരിച്ച് ശാന്തമായിരിക്കുക. നിന്റെ ആത്മാവ് അപാരമായ പ്രസന്നതകൊണ്ടും ആനന്ദംകൊണ്ടും നിറയും. ഒരു പക്ഷെ, നിനക്കു അവിടുത്തോട്ട് ഒന്നുംതന്നെ വാക്കുകളിൽ പറയാൻ തോന്നിയില്ലെന്നു വരാം: വേണ്ട. അവിടുത്തെ സന്നിധിയിൽ സ്നേഹപൂർവ്വം ഇരിക്കുന്നതുതന്നെ വലിയൊരു ആത്മീയാനുഭവമാണ്. ക്രൂശിതരൂപത്തിലേയ്ക്കു ദൃഷ്ടികൾ തിരിച്ച്, ഒരു വാക്കുപോലും ഉച്ചരിക്കാതെ, ധ്യാനലീനത്വത്തിൽ ഇരിക്കാൻ യത്നിക്കുക. നിന്റെ ആത്മാവിൽ പുതിയ പുതിയ അനുഭവങ്ങളുടെ ഓളങ്ങൾ ഉയർന്നുയർന്നു വരുന്ന അനുഭവം നിനക്കുണ്ടാകും. സ്നേഹം വർദ്ധിക്കുമ്പോൾ കരുതിക്കൂട്ടിയുള്ള ചിന്തയുടെ ആവശ്യം കുറയും; വാക്കുകളും കുറയും. കാരണം, അപ്പോൾ ഹൃദയവും ബുദ്ധിയും ഒരുമിച്ച് സ്നേഹവിഷയത്തിലേയ്ക്കു ഒന്നാകെ ലയിക്കും. കർത്താവിന്റെ മുമ്പിൽ അവിടുത്തെ ദിവ്യസ്നേഹമാധുരിയിൽ ലയിച്ചു നില്ക്കുക. ഈ ലയം പതുക്കെപ്പതുക്കെ നമ്മെ അവിടുത്തോട് സദൃശമാക്കും.

തൃതീയം

ആനന്ദത്തിനും പ്രസന്നതയ്ക്കും സ്ഥാനം കല്പിക്കാതെ, ഏതവസ്ഥയിലും ശാന്തമായി നില്ക്കുന്ന മനോനിലയാണു് മൂന്നാമത്തേതു്. പ്രാർത്ഥിക്കുമ്പോൾ ആത്മീയാനന്ദം അനുഭവപ്പെടുന്നോ ഇല്ലയോ എന്ന കാര്യത്തിൽ ഈ നിലയിൽ സന്ന്യാസി യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ല. ആത്മീയ വരൾച്ച പലർക്കും പ്രാർത്ഥന ദുഷ്കരമാക്കുന്ന ഒരു ഘട്ടമാണു്. മനസ്സു് പ്രസന്നവും ലളിതവുമായിരിക്കുമ്പോൾ പ്രാർത്ഥിക്കുവാൻ എല്ലാവർക്കും എളുപ്പവും മധുരവുമാണു്. എന്നാൽ വൈകാരികമായ ആനന്ദം അനുഭവപ്പെടാതാകുമ്പോൾ പലരും പ്രാർത്ഥനയിൽനിന്നു മാറിക്കളയുന്നു. അതുപോലെതന്നെ ജീവിതത്തിൽ പരാജയങ്ങൾ, ദുഃഖങ്ങൾ, നിരാശകൾ, തോൽവികൾ രോഗങ്ങൾ എന്നിവ വരുമ്പോഴും, നാം പലപ്പോഴും കൂടുതൽ പ്രാർത്ഥനയിലേയ്ക്കു അടുക്കുന്നതിനുപകരം, പ്രാർത്ഥനയിൽനിന്നും മാറിപ്പോകുകയാണു് പതിവ്. പ്രാർത്ഥിക്കുവാൻ ഒരു രസവും തോന്നുന്നില്ല, പ്രാർത്ഥിച്ചിട്ടു് ഒരു ഫലവുമില്ല, ഇത്തരം ഘട്ടങ്ങളിൽ പ്രാർത്ഥനയിൽ അഭയം തേടുക എന്നതു് വലിയ വിശുദ്ധന്മാർക്കുമാത്രം സാധിക്കുന്ന കാര്യമാണു് എന്നിങ്ങനെയുള്ള ഒഴികഴിവുകൾ പറഞ്ഞു്, മേല്പറഞ്ഞ അവസരങ്ങളിൽ നാം പ്രാർത്ഥന വിട്ടുപേക്ഷിക്കുന്നു, ഇതു് ശരിയല്ല. അപ്പോഴാണു് നാം കൂടുതലായി പ്രാർത്ഥിക്കേണ്ടതു്. ശരിയായി ധ്യാനജീവിതം വളർത്തിക്കൊണ്ടു വന്നിട്ടുള്ള ഒരാൾ ഇത്തരം സന്ദർഭങ്ങളിൽ കൂടുതലായി പ്രാർത്ഥനയിലേയ്ക്കു അടുക്കും. നമ്മുടെ രസത്തിനും സുഖത്തിനും വേണ്ടിയല്ല നാം ധ്യാനിക്കുന്നതും പ്രാർത്ഥിക്കുന്നതും. യേശുവിനെ കേൾക്കാൻ കഴിയുക, യേശുവിൻെറ പാദാന്തികെ ഇരുന്നു് നമ്മെത്തന്നെ അവിടുത്തേയ്ക്കു സ്നേഹദാനമായി സമർപ്പിക്കുവാൻ സാധിക്കുക — ഇതാണു് ധ്യാനംകൊണ്ടുള്ള നമ്മുടെലക്ഷ്യം. നമുക്കു ആനന്ദം തോന്നുകയോ തോന്നാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ; യേശുവിനു സ്വന്തമാകുന്നതു് മാത്രമാണു് നമ്മുടെ ജീവിതാനന്ദം.

ചതുർത്ഥം

മനസ്സ് സ്നേഹവിഷയത്തിൽ പൂർണ്ണമായി ലയിച്ച്, സുഖദുഃഖവിചാരങ്ങളിൽനിന്നെല്ലാം പൂർണ്ണവിമുക്തി പ്രാപിച്ചിരിക്കുന്ന നിലയാണ് നാലാമത്തേത്. ഈ നിലയിൽ നാം നമ്മെത്തന്നെ പൂർണ്ണമായി മറക്കുന്നു. കർത്താവിനെക്കുറിച്ചുള്ള ശാന്തവും മധുരവുമായ ഓർമ്മ മാത്രമെ നമ്മിലുണ്ടാകൂ. നമ്മുടെ മേൽത്തന്നെ ബലം ചെലുത്തിക്കൊണ്ടുള്ള ചിന്തയോ, പ്രാർത്ഥനയിൽനിന്നു നമുക്കു ലഭിക്കുന്ന ആനന്ദത്തെപ്പററിയുള്ള വിചാരമോ ഒന്നും നമ്മെ അലട്ടുകയില്ല. മനസ്സും ഹൃദയവും പൂർണ്ണമായി കർത്താവിൽ ലയിച്ചിരിക്കുന്ന ഈ നില പൂർണ്ണമായ ശാന്തിയുടേതാണ്. കർത്താവിൻെറ മുമ്പിൽ ചെന്നിരുന്ന്, അവിടുത്തെ ദിവ്യഹൃദയത്തിലേയ്ക്കു സ്നേഹപൂർവം നോക്കിക്കൊണ്ടിരിക്കുന്നതുതന്നെ നമുക്കു മതിയാവും. നാം എവിടെ പോയാലും എന്തു ചെയ്താലും, നാം അവിടുത്തെ ഹൃദയത്തിലും അവിടുന്ന് നമ്മുടെ ഹൃദയത്തിലുമായിരിക്കും. നമ്മുടെ സ്നേഹം, ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണപോലെ സദാപി ശാന്തമായി, ഇടമുറിയാതെ, അങ്ങിലേയ്ക്കു ഒഴുകിച്ചെന്നുകൊണ്ടിരിക്കും. ഈ ശാന്തതയും ദൈവികതയും നമ്മുടെ വാക്കുകളിലേയ്ക്കും വിചാരങ്ങളിലേയ്ക്കും പ്രവൃത്തികളിലേയ്ക്കും പടർന്നു പിടിക്കും. ശാന്തവും മധുരവും വിനീതവും, പ്രാർത്ഥനാസമന്വിതവും സേവനസന്നദ്ധവുമായി മാത്രമേ നാം ഏതു കാര്യത്തെക്കുറിച്ചും അപ്പോഴും ചിന്തിക്കൂ. ആ ലാളിത്യവും മാധുരിയും സ്നേഹപ്രചുരിമയും ഔദാര്യശീലവും ദൈവികതയും നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രതിഫലിക്കും. ധ്യാനം ദൈവത്തിൽ ലയിച്ചു ജീവിക്കുന്ന മനുഷ്യരായി നമ്മെ പകർത്തും. ഇത്തരത്തിലുള്ള മനുഷ്യർ ഏതു തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിലും ധ്യാനാത്മകവീക്ഷണം പുലർത്തുന്നവരായിരിക്കും. ഇവരിലൂടെ മാത്രമെ ദൈവം പ്രവർത്തിക്കൂ. ധ്യാനിക്കാത്ത മനുഷ്യനിൽ മനുഷ്യൻ പ്രവർത്തിക്കുന്നു. ധ്യാനിക്കുന്ന മനുഷ്യനിൽ ദൈവം പ്രവർത്തിക്കുന്നു. മനുഷ്യപ്രയത്നത്തിൻെറ ഫലങ്ങൾ കൊഴിഞ്ഞു പോകും; ദൈവം പ്രവർത്തിച്ചുണ്ടാക്കുന്ന ഫലങ്ങൾ എന്നെന്നും നിലനിൽക്കും.

ആത്മവിജയം

ധ്യാനത്തിൻെറ ഒന്നാമത്തെ ഫലമായി ബുദ്ധമതത്തിൽ പറയുന്നതു് ആത്മവിജയമാണ്. ബുദ്ധമതപ്രകാരം സ്വാർത്ഥ ചിന്ത അഥവാ തൃഷ്ണയാണല്ലോ എല്ലാ ദുഃഖങ്ങൾക്കും കാരണം. ദൈവത്തെയും മററുള്ളവരെയും മറന്നു്, നാം നമുക്കുവേണ്ടി ത്തന്നെ ജീവിക്കുന്നതിനുള്ള ഒന്നാമത്തെ കാരണം, നമ്മുടെ സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടിയുള്ള വാഞ്ഛ അഥവാ തൃഷ്ണയാണ്. ശരിയായ ധ്യാനംകൊണ്ടുവേണം ഈ സ്വാർത്ഥതൃഷ്ണയുടെ വേരറുക്കേണ്ടതു്. പ്രാർത്ഥിക്കാത്ത മനുഷ്യൻ സ്വാർത്ഥമതി ആയിരിക്കും. അയാൾ അയാളുടെ സ്വാർത്ഥ വികാരങ്ങളുടെ അടിമയായിക്കഴിയും. പ്രാർത്ഥിച്ചു വരുമ്പോഴാണ് ദൈവത്തിൻെറ ചിന്താഗതി നമ്മിൽ തെളിഞ്ഞു തെളിഞ്ഞു വരിക. നമുക്കുവേണ്ടി ജീവിക്കുന്നതിലല്ല മഹത്വം, ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ത്യാഗം സഹിക്കുന്ന ജീവിതത്തിനേ വിലയുള്ളൂ എന്ന ബോധ്യം ധ്യാനംകൊണ്ടു വേണം നമ്മിൽ ആഴപ്പെടേണ്ടതു്. നമ്മെത്തന്നെ മറന്നു്, നമുക്കെന്തു കിട്ടും എന്നു കണക്കു കൂട്ടാതെ, ദൈവത്തിനും, മനുഷ്യർക്കുംവേണ്ടി ജീവിക്കുന്നതിനു് ആത്മീയമായ കാഴ്ച മാത്രമല്ല, ശക്തിയുംകൂടി ആവശ്യമുണ്ടു്. ഈ ശക്തിയും ധ്യാനം കൊണ്ടു തന്നെവേണം ലഭിക്കാൻ. നാം ആഗ്രഹിക്കുന്ന നന്മയെക്കാളേറെ ആഗ്രഹിക്കാത്ത തിന്മ ചെയ്തുപോകുന്നു. കർത്താവിൻെറ കനിവുള്ള കരം നമ്മിൽ പ്രവൃത്തിക്കുന്നില്ലെങ്കിൽ നമുക്കൊന്നുംതന്നെ നന്മയായി ചെയ്യുവാൻ കഴിയുകയില്ല. ധ്യാനിക്കുന്ന മനുഷ്യനിലേ കർത്താവിനു പ്രവർത്തിക്കാൻ പററൂ. ധ്യാനം ഉപേക്ഷിക്കുന്ന സന്ന്യാസി സ്വന്തം സ്വാർത്ഥതയ്ക്കു അടിപ്പെട്ടു്, അവനവനെത്തന്നെ പ്രസാദിപ്പിക്കുന്നതിനായി ജീവിക്കും. അയാൾക്കു് അയാളുടെമേൽത്തന്നെ വിജയം ഉണ്ടാകുകയില്ല. അനുദിനധ്യാനത്തിൽനിന്നും ലഭിക്കുന്ന ശക്തിയാണ് നമുക്കു ബലം നല്കേണ്ടതു്. ഈ ശക്തിമൂലം നമുക്കു ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവിക്കാൻ കഴിയും. അതാണ് സാക്ഷാൽ വിജയം.

ജ്ഞാനദർശനം

ധ്യാനത്തിന്റെ രണ്ടാമത്തെ ഫലം ജ്ഞാനദർശനമാണ്. ദൈവത്തെക്കുറിച്ചുള്ള ബുദ്ധിപരമായ അറിവാണ് ജ്ഞാനം. ദൈവികരഹസ്യങ്ങളിലേയ്ക്കുള്ള ആത്മീയമായ ഉൾക്കാഴ്ചയാണ് ദർശനം. ദൈവത്തെ അറിയുന്നതാണ് പരമമായ അറിവ്. ലൗകികജ്ഞാനം കൊണ്ട് നാം നേടുന്നവ മരണത്തോളമേ നിലനില്ക്കൂ. ആത്മീയജ്ഞാനത്തിലൂടെ നാം അറിയുന്ന ദൈവമാണ് നമ്മോടൊപ്പം എന്നും നിലനില്ക്കുക. അതിനാൽ ദൈവത്തെ അറിയുന്നതിനാകണം നാം മുഖ്യമായി പരിശ്രമിക്കേണ്ടതു്. ദൈവത്തെ അറിയാനുള്ള പ്രധാന പോംവഴി ധ്യാനം തന്നെയാണ്. ദൈവം നമ്മുടെ ഹൃദയത്തിൽ സംസാരിക്കുന്നതു് ധ്യാനത്തിലാണ്. അവിടുത്തെ സ്വരം കേട്ടുവേണം നാം അവിടുത്തെ അറിയേണ്ടതു്. അതിനാൽ ധ്യാനിക്കാത്ത സന്ന്യാസി ദൈവത്തിന്റെ ആന്തരികസ്വരം കേട്ടിട്ടില്ല. അതിനാൽ അയാൾക്കു ദൈവത്തെപ്പററി സ്വയം അനുഭവിച്ചറിഞ്ഞിട്ടുള്ള അറിവില്ല. ഈ അറിവിൽ നിന്നും നമുക്കുലഭിച്ചിട്ടുള്ള ഉൾക്കാഴ്ചക്കാണ് ദർശനം എന്നു പറയുന്നതു്. ധ്യാനശീലം സമാർജ്ജിച്ചിട്ടുള്ള സന്ന്യാസിക്കു കാര്യങ്ങളുടെ ആന്തരാർത്ഥങ്ങൾ കാണുന്നതിനുള്ള ആത്മീയമായ ഉൾക്കാഴ്ച സിദ്ധിച്ചിരിക്കും. ധ്യാനിക്കാത്തയാൾ എല്ലാററിനേയും ലൗകികമായിമാത്രം നോക്കിക്കാണുന്നു. സന്ന്യാസം, സഹനം, കുരിശ്, പ്രാർത്ഥന, ദാരിദ്ര്യം, അനുസരണം തുടങ്ങിയ പലപല ആത്മീയകാര്യങ്ങളുടെയും അഗാധവും ആത്മീയവുമായ അർത്ഥങ്ങൾ കാണാൻ അയാൾക്കു സാധിക്കുകയില്ല. അയാൾ എല്ലാററിനേയും ഉപരിപ്ലവമായി മാത്രം കാണുകയും വിധിക്കുകയും ചെയ്യും. ധ്യാനദർശനം സിദ്ധിച്ചിരിക്കുന്ന ആളാകട്ടെ, എല്ലാററിനെപ്പററിയും ദൈവികവും ആന്തരികവും ആത്മീയവുമായൊരു വീക്ഷണം പുലത്തും. നമ്മുടെ വീക്ഷണങ്ങൾക്കു ആത്മീയമായൊരു അഴകും ആഴവും സിദ്ധിക്കുന്നതു് ധ്യാനത്തിലൂടെയാണ്. ധ്യാനിക്കാത്ത മനുഷ്യന് ആഴമുണ്ടാവില്ല.

സിദ്ധികൾ

ധ്യാനത്തിൻെറ മൂന്നാമത്തെ ഫലമായി ബുദ്ധമതത്തിൽ പറയുന്നതു് സിദ്ധികളെയാണു്. ദിവ്യശ്രോത്രം, ദിവ്യചക്ഷുസ്സ് എന്നിവയാണു് ഈ സിദ്ധികളിൽ പ്രധാനം. ദൈവം കേരംക്കുന്നതുപോലെയും കാണുന്നതുപോലെയും നാം കേരംക്കാനും കാണാനും തുടങ്ങും എന്നതാണു് ഇതിൻെറ സാരം. ധ്യാനം കൊണ്ടു് നമ്മുടെ ബുദ്ധിക്കും ഹൃദയത്തിനും ഇന്ദ്രിയങ്ങരംക്കും പരിവത്തനം വരും. മാനുഷികവീക്ഷണങ്ങരം മാറി, തൽസ്ഥാനത്തു് ദൈവികവീക്ഷണങ്ങരം നമ്മിൽ ഉളവാകും. ചെറിയചെറിയ കാര്യങ്ങളിൽപോലും വലിയവലിയ അത്ഥങ്ങരം നാം കണ്ടുതുടങ്ങും. ദൈവത്തെ അറിയുന്നതും സ്നേഹിക്കുന്നതുമൊഴികെ മററെല്ലാം മായയാണെന്നു നമുക്കു ബോധ്യപ്പെടും. മററുള്ളവർക്കുവേണ്ടിയല്ലാതെ, നമുക്കുവേണ്ടിയും നമ്മുടെ സന്തോഷത്തിനുവേണ്ടിയും ജീവിക്കാൻ യത്നിക്കുന്നതു് മൗഢ്യമാണെന്ന ധാരണ നമ്മിൽ ഉറയ്ക്കും. പ്രാത്ഥനയുടെ ആവശ്യത്തേയും അത്ഥത്തേയും പററി പുതിയൊരു ധാരണ നമ്മിൽ ആഴപ്പെടും. അതോടെ വലുതായൊരു മാററം ബാഹ്യമായി ത്തന്നെ നമ്മിൽ ഉളവാകും. ദൈവികമായൊരു ശാന്തതയും ലാളിത്യവും ഉദാരതയും മാധുരിയും നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രശോഭിക്കും. മറക്കാനും പൊറുക്കാനും, സഹിക്കാനും സഹായിക്കാനും, സന്തോഷിക്കാനും സഹതപിക്കാനും, പ്രാത്ഥിക്കാനും പ്രയത്നിക്കാനും, ആദരിക്കാനും ആശ്വസിപ്പിക്കാനും നമുക്കു കൂടുതലായൊരു ഉന്മേഷവും ഉത്സാഹവും അനുഭവപ്പെടും. ദൈവത്തിൻെറ ആവാസം മററുള്ളവക്കു നമ്മിൽതിരിച്ചറിയാൻ കഴിയും. ഇങ്ങനെ ദൈവത്തെ സംവഹിക്കാൻ കഴിയുന്നതുതന്നെയാണു് ഏററവും വലിയ സിദ്ധി. ദൈവം അകത്തുണ്ടെങ്കിൽ പുറമെയും പ്രതിഫലിക്കാതിരിക്കുകയില്ല. ധ്യാനം നമ്മെ ദൈവികമനുഷ്യരാക്കിത്തീക്കുന്നു. അതുതന്നെയാണു് ധ്യാനത്തിൻെറ മുഖ്യപ്രയോജനവും.

ആന്തരശാന്തി

ധ്യാനത്തിൻെറ നാലാമത്തെ ഫലം ആന്തരികസമാധാനം അഥവാ ശാന്തിയാണ്. ഹൃദയത്തിൽ സമാധാനമില്ലാത്ത മനുഷ്യനാണ് ആധുനികമനുഷ്യൻ എന്നു പറയപ്പെടുന്നു. ആയിരം തരത്തിലുള്ള വ്യഥകളും വ്യഗ്രതകളും അവനെ അകമെനിന്നും പുറമെനിന്നും അലട്ടിക്കൊണ്ടിരിക്കുന്നു. പണംകൊണ്ടും പ്രതാപംകൊണ്ടും ലൗകികസന്തോഷങ്ങൾകൊണ്ടും ആത്മസമാധാനം കിട്ടുമെന്ന് അവൻ വ്യർത്ഥമായി വ്യാമോഹിക്കുന്നു. അവയൊന്നും നിലനില്ക്കുന്ന ശാന്തി നല്കുകയില്ല. യഥാർത്ഥമായ സമാധാനം ദൈവത്തിൽ മാത്രമെയുള്ളൂ. ധ്യാനത്തിൻെറ ഏകാന്തനിമിഷങ്ങളിൽ നീ ദൈവത്തിൽ ലയിച്ചിരിക്കുമ്പോൾ അവിടുത്തെ കൃപ നിന്നിലേയ്ക്കു പ്രവഹിക്കുന്നു. നിൻെറ പാപങ്ങളും പോരായ്മകളും വീഴ്ചകളും ആഗ്രഹങ്ങളും അഭിലാഷങ്ങളുമെല്ലാം തിരുസന്നിധിയിൽ കാഴ്ചവയ്ക്കുക. യേശു നിന്നെ സ്നേഹപൂർവ്വം തൻെറ തിരുമുറിവുകൾക്കുള്ളിൽ കാത്തുകൊള്ളും. അവിടുത്തെ വരമാധുരികൊണ്ട് അവിടുന്നു നിന്നെ നിറയ്ക്കും. കർത്താവ് തൻെറ മോചിക്കുന്ന കരങ്ങൾകൊണ്ടു തലോടി നിൻെറ കുററങ്ങളെയും കുറവുകളെയും പരിഹരിക്കും. വ്യഥയ്ക്കോ വിഷാദത്തിനോ, സങ്കടത്തിനോ സഹനത്തിനോ നിന്നെ അസ്വസ്ഥനാക്കാൻ സാധിക്കാതാകും. കർത്താവു് ഹൃദയത്തിലുള്ളയാൾ ഒന്നുകൊണ്ടും അസ്വസ്ഥനോ അധൈര്യവാനോ ആകുകയില്ല. എന്തും സഹിക്കാൻവേണ്ട ശക്തി അവിടുന്നു നിനക്കുതരും. നിനക്കു സാധ്യമല്ലാത്തതു് അവിടുത്തേയ്ക്കു സാധ്യമാണെന്ന് നിനക്കു ബോധ്യപ്പെടും. മാത്രമല്ല, അവിടുത്തെ കൂടാതെ നിനക്കു ഒന്നുംതന്നെ സാധ്യമല്ലെന്ന് നീ അനുഭവംകൊണ്ട് മനസ്സിലാക്കുകയും ചെയ്യും. ബലഹീനനായ നിൻെറ ശക്തിക്കുറവിനെ അവിടുന്ന് തീർത്തുതരും. അനുദിനധ്യാനംവഴി നിന്നിൽ അലൗകികമായൊരു ശാന്തി ഉളവാകും. ദൈവം നല്കുന്ന ഈ ശാന്തി മാത്രമാണ് യഥാർത്ഥത്തിലുള്ള സമാധാനം—എന്നും നിലനില്ക്കുന്ന സമാധാനം.

ആശ്രമം

സന്ന്യാസഭവനങ്ങൾക്കു ആശ്രമം എന്നാണ് ഭാരതീയഭാഷകളിൽ പറയുക. ശ്രമം അഥവാ യത്നം എന്ന പദത്തിൽ നിന്നുമാണ് ആശ്രമം എന്ന വാക്കു ഉത്ഭവിക്കുന്നതു്. ആശ്രമങ്ങൾ ശരിയായ ശ്രമത്തിൻെറ അഥവാ അധ്വാനത്തിൻെറ നിലയങ്ങളായിരിക്കണം. കായികമായ അധ്വാനം പുരാതനകാലം മുതല്ക്കേ ആശ്രമജീവിതത്തിൻെറ ഒരു അവിഭാജ്യഘടകമായിരുന്നു. നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം ഭക്ഷിക്കാനുള്ള കടം എല്ലാ മനുഷ്യർക്കുമുണ്ടു്. ഇന്ത്യയെപ്പോലുള്ളൊരു ദരിദ്രരാജ്യത്തിൽ നാം കഴിയുന്നത്ര ബുദ്ധിമുട്ടി കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ആശ്രമത്തിനു ചുററുമുള്ള ഭൂമി കഴിയുന്നത്ര നാം തന്നെ അധ്വാനിച്ചു് കൃഷി ചെയ്യുന്നതു് വളരെ നല്ലൊരു മാതൃകയും ആവശ്യവുമാണ്. നമ്മുടെ ദരിദ്രജീവിതത്തിനുള്ള വളരെ അർത്ഥവത്തായൊരു സാക്ഷ്യം വഹിക്കലായിരിക്കും അതു്. പണത്തിൻെറ വില, അധ്വാനത്തിൻെറ ഭാരം, അവനവൻ അധ്വാനിച്ചുണ്ടാക്കുന്നതു് ഭക്ഷിക്കുന്നതിലുള്ള വിശേഷരസം തുടങ്ങി അനേകമൂല്യങ്ങൾ അനുഭവിച്ചു മനസ്സിലാക്കാനും അതുമൂലം നമുക്കു അവസരമുണ്ടാകും. അധ്വാനിക്കുന്നവരോടും വിശപ്പനുഭവിക്കുന്നവരോടും അതു് നമ്മിൽ കൂടുതലായ അനുകമ്പയുണ്ടാക്കും. നമ്മുടെ സഹോദരങ്ങളെ നാം തന്നെ അധ്വാനിച്ചു് തീററിപ്പോററുന്നുവെന്ന സംതൃപ്തിയും നമുക്കുലഭിക്കും. അധ്വാനത്തിൻെറ നിയമത്തിൽനിന്നും ആർക്കും ഒഴിവില്ല. ഭക്ഷണം പാകംചെയ്യൽ, അലക്കൽ, ഭവനം വൃത്തിയായി സൂക്ഷിക്കൽ തുടങ്ങിയ സാധാരണ ജോലികളും കഴിയുന്നത്ര എല്ലാവരും കൂടി സഹകരിച്ചു് സന്തോഷമായി ചെയ്യേണ്ടതാണ്. ഒരുമിച്ചുള്ള അധ്വാനത്തിൻെറയും ജപധ്യാനത്തിൻെറയും ആസ്ഥാനമായിരുന്ന നസ്രസ്സിലെ തിരുക്കുടുംബം തന്നെയാണ് ഇതിൽ നമുക്കുള്ള മാതൃക. അധ്വാനിക്കാത്ത സന്ന്യാസിക്കു അപ്പം ഭക്ഷിക്കാനുള്ള അവകാശമില്ല. നാം അധ്വാനിക്കുന്നതു് മററുള്ളവരെ തീററിപ്പോററാനും കൂടിയാണ്.

പരിവ്രാജകൻ

സന്ന്യാസിയെക്കുറിക്കാൻ ഭാരതീയ സാഹിത്യത്തിൽ ഉപയോഗിക്കാറുള്ള ഒരു പദമാണ് പരിവ്രാജകൻ എന്നതു്. സർവ്വസംഗപരിത്യാഗിയായി എല്ലാവക്കും ആത്മജ്ഞാനം ഉപദേശിച്ചുകൊണ്ട് എല്ലായിടത്തും നടക്കുന്ന ആൾ എന്നാണ് ഇതിന്നത്ഥം. സംഗം എന്ന വാക്കിന് നമ്മെ ഒരു വസ്തുവിനോടോ ആളോടോ ചേർത്തു കെട്ടിയിടുന്ന ബന്ധനം എന്നാണത്ഥം. തൻെറ വീടിനോടോ നാടിനോടോ താൻ വസിക്കുന്ന സ്ഥലത്തോടോ ചെയ്യുന്ന ജോലിയോടോ പ്രത്യേകമായൊരു മമത സന്ന്യാസി പുലർത്തരുതു്. ആവക കെട്ടുകളിൽ നിന്നെല്ലാം അയാൾ സ്വാതന്ത്ര്യം പ്രാപിക്കണം. തന്മൂലം ഏതു സ്ഥലത്തുപോയും ഏതു സമൂഹത്തിനുവേണ്ടിയും ജോലി ചെയ്യാനുള്ള ആത്മീയ സ്വാതന്ത്ര്യം സന്ന്യാസിക്കു ലഭിക്കും. ഒരു സ്ഥലത്തോടോ ജോലിയോടോ ആളോടോ സമൂഹത്തോടോ പ്രത്യേകമായ പക്ഷങ്ങളും ആസക്തികളും സന്ന്യാസിക്കുണ്ടാകരുതു്. പല സന്ന്യാസികൾക്കും തങ്ങൾ ചെയ്യുന്ന ജോലിയിൽനിന്നും മാറി വേറൊരു ജോലി ചെയ്യുന്നതിനും, തങ്ങൾ വസിക്കുന്ന സ്ഥലത്തുനിന്നു മാറി വേറൊരു സ്ഥലത്തു ജോലി ചെയ്യുന്നതിനും വലിയ മടിയാണ്. ഇങ്ങനെയുള്ള സന്ന്യാസികളിൽ പരിവ്രാജകൻെറ ലക്ഷണമില്ല. ദൈവം ഏതു ജോലി ആവശ്യപ്പെട്ടാലും, ഏതു സ്ഥലത്തു് ആവശ്യപ്പെട്ടാലും ദൈവം ആവശ്യപ്പെടുന്നതു് ചെയ്യുവാൻ സന്ന്യാസി സസന്തോഷം സന്നദ്ധനാകണം. എല്ലായിടത്തും ദൈവത്തെ സ്നേഹിക്കുകയും സ്നേഹിപ്പിക്കുകയുമാണ് സന്ന്യാസിയുടെ ധർമ്മം. ആളുകൾക്കു ആത്മീയജ്ഞാനം വിതരണം ചെയ്യാനുള്ള ആളാണ് പരിവ്രാജകൻ. യേശു എല്ലാവക്കും നന്മ ചെയ്തുകൊണ്ട് ചുററി നടന്നിരുന്നു. യേശുവിനെപ്പോലെ എവിടെപ്പോയും ദൈവത്തിനുവേണ്ടി ജോലി ചെയ്യാൻ സന്നദ്ധനാകുക. എവിടെയായാലും യേശുവിനും മനുഷ്യക്കുംവേണ്ടി ജീവിക്കാൻ സാധിക്കുന്നതാണ് കാര്യം. നിനക്കിഷ്ടമുള്ളിടത്തു നിനക്കുവേണ്ടി ജീവിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല.

വേദം

ഭാരതീയരുടെ ആത്മീയഗ്രന്ഥമാണ് വേദം. വേദമെന്ന പദത്തിനു ആത്മീയമായ അറിവ് എന്നാണർത്ഥം. ക്രിസ്തീയ ജ്ഞാനം നിറച്ചുവച്ചിരിക്കുന്നതു് സുവിശേഷങ്ങളിലാണ്. സുവിശേഷമായിരിക്കണം നിൻെറ അറിവിൻെറ യഥാർത്ഥ മായ സ്രോതസ്സ്. സുവിശേഷങ്ങൾ വായിച്ചും ധ്യാനിച്ചും നമ്മുടെ വിചാരങ്ങൾക്കും വികാരങ്ങൾക്കും വീക്ഷണങ്ങൾക്കും പരിവർത്തനം വരണം. പലപ്പോഴും നാം കാര്യങ്ങളെ കുറിച്ചും സംഭവങ്ങളെക്കുറിച്ചും യേശുവിൻേറതല്ലാത്ത ലൗകികവീക്ഷണം പുലർത്തുന്നവരാണ്. പ്രാർത്ഥന, ത്യാഗം, എളിമ, ശുശ്രൂഷ, സഹനം എന്നിവയെക്കാൾ കൂടുതൽ കാര്യമായി നാം കരുതുന്നതു് നമ്മുടെ പ്രവർത്തനങ്ങൾ, നേട്ടം, സ്തുതി, സുഖം, പ്രശംസ എന്നിവയെല്ലാമാണ്. നമ്മുടെ മനസ്സിനു സുവിശേഷചൈതന്യംകൊണ്ട് ഇനിയും പരിവർത്തനം വന്നിട്ടില്ല എന്നാണ് ഇതെല്ലാം കാണിക്കുന്നതു്. നമ്മുടെ വീക്ഷണങ്ങൾ ലൗകിക ചിന്താഗതികൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇതു് മാറിക്കിട്ടണമെങ്കിൽ സുവിശേഷങ്ങൾ നമ്മുടെ നിരന്തരമായ ധ്യാനവിഷയമാകണം. സുവിശേഷങ്ങളിൽ കാണുന്ന യേശുവിൻെറ ജീവിതലാളിത്യം, പ്രാർത്ഥനാചൈതന്യം, സേവനതല്പരത, വിനീതശുശ്രൂഷ, മനുഷ്യസ്നേഹം തുടങ്ങിയവയോട് നമുക്കു സാക്ഷാത്തായ സ്നേഹം ഉളവാകണം. ഇത്തരം ആദർശങ്ങൾ ഇനിയും നമ്മുടെ ജീവിതത്തിൻെറ ഭാഗമായി തീർന്നിട്ടില്ലല്ലോ എന്ന ചിന്ത നമ്മെ അസ്വസ്ഥരാക്കണം. അനേകനാൾ സുവിശേഷങ്ങളെ നിരന്തരമായി സ്നേഹപൂർവ്വം ധ്യാനവിഷയമാക്കിയാലേ ഇതു സാധിക്കൂ. ഇങ്ങനെ സുവിശേഷങ്ങൾ ധ്യാനിച്ചു ധ്യാനിച്ച്, യേശുവിൻെറ ഹൃദയലക്ഷണങ്ങൾ സ്വന്തമാക്കിയിരിക്കുന്ന മനുഷ്യനിലേ ക്രിസ്തീയജ്ഞാനമുള്ളൂ. അയാൾ യേശുവിനെപ്പോലെ ചിന്തിക്കും, സംസാരിക്കും, പ്രാർത്ഥിക്കും, പ്രവർത്തിക്കും, സഹിക്കും, സഹായിക്കും–സർവ്വതിലും യേശുവിനു സ്വരൂപമായി വർത്തിക്കണമെന്നതായിരിക്കും അയാളുടെ ജീവിതാഭിലാഷം.

ശ്രുതി

ഭാരതീയർ വേദഗ്രന്ഥങ്ങളെ ശ്രുതിയെന്നും സ്മൃതിയെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ശ്രുതി എന്നു വച്ചാൽ കേൾക്കപ്പെട്ടതു് എന്നാണർത്ഥം. വേദങ്ങൾ മനുഷ്യവചനങ്ങളല്ല. നിത്യവും അനാദിയുമായ ദൈവവചനങ്ങളെ ധ്യാനത്തിൽ കേട്ട ഋഷിമാർ അവയെ നമ്മുടെ പ്രയോജനത്തിനായി അക്ഷരത്തിൽ പകർത്തിയതാണു് വേദങ്ങൾ. അതിനാൽ വേദങ്ങൾ അപൗരുഷേയവും (അതായതു് മനുഷ്യനിർമ്മിതമല്ലാത്തതു്) ഋഷിപ്രോക്തവുമായ (ഋഷിമാരാൽ നമുക്കായി അക്ഷരത്തിൽ പറയപ്പെട്ടതു്) ദൈവവചനമായി കണക്കാക്കപ്പെടുന്നു. നമുക്കായി ചൊല്ലപ്പെട്ടിട്ടുള്ള ദൈവവചനമാണു് വി. ഗ്രന്ഥം. അതു് മനുഷ്യനിർമ്മിതമല്ല. വി. ഗ്രന്ഥകാരന്മാർ പരിശുദ്ധാത്മാവിയുടെ നിവേശനത്താൽ ദൈവവചനങ്ങളെ ആന്തരികമായി കേട്ടു്, അവയെ നമ്മുടെ ആത്മപ്രചോദനത്തിനും പ്രയോജനത്തിനുമായി അക്ഷരങ്ങളിൽ എഴുതിത്തന്നിരിക്കുകയാണു്. തപോധനരായ ഋഷിമാർ, ഇന്ദ്രിയങ്ങളെയെല്ലാം ജയിച്ചു് നിരന്തരമായ ധ്യാനചിന്തയിൽ മുഴുകിയിരുന്നപ്പോൾ, ദൈവവചനത്തിൻെറ മാററൊലികൾ തങ്ങളുടെ ഹൃദയത്തിൽ വ്യക്തമായി കേട്ടു എന്നാണു് ഭാരതീയസങ്കല്പം. ദൈവവചനം കേൾക്കണമെങ്കിൽ ഒന്നാമതായി നാം ഇന്ദ്രിയങ്ങളെയെല്ലാം അവയുടെ സന്തോഷവിഷയങ്ങളിൽനിന്നും പിൻതിരിച്ചു് ദൈവത്തിൽ ഏകാഗ്രമായി കാക്കണം. ഏകാഗ്രതയില്ലാതെ ലോകബഹളങ്ങളിലും ഇന്ദ്രിയസുഖങ്ങളിലും ആണ്ടുകിടക്കുന്ന മനസ്സിനു ദൈവവചനം കേൾക്കാൻ സാധിക്കുകയില്ല. രണ്ടാമതായി മനസ്സ് ധ്യാനലീനമായിരിക്കണം. നാം മനുഷ്യവചനങ്ങളിൽനിന്നെല്ലാം മനസ്സിനെ അകററി, ദൈവവചനത്തെ പ്രതീക്ഷിച്ച്, പ്രാർത്ഥനാപൂർവം നില്ക്കുമ്പോൾ, ദൈവം തൻെറ വചനത്തെ നമ്മുടെ ഹൃദയത്തിൽ നമ്മെ കേൾപ്പിക്കാനാരംഭിക്കുന്നു. തപസ്സും ഏകാഗ്രതയും ധ്യാനാത്മകതയുമില്ലാത്ത മനുഷ്യനു് തൻെറ ഹൃദയത്തിൽ ദൈവസ്വരം കേൾക്കാൻ കഴിയുകയില്ല. ഹൃദയത്തിൻെറ ഏകാന്തതയിലാണു് ദൈവം സംസാരിക്കുക.

സ്മൃതി

സ്മൃതി എന്നു വച്ചാൽ ഓർമ്മിക്കൽ എന്നാണർത്ഥം. ഋഷിമാരിലൂടെ കേട്ടറിഞ്ഞ ഈശ്വരവചനത്തെപ്പററി മുനിമാർ ധ്യാനപൂർവ്വം ഓർത്തോർത്തു് ചിന്തിച്ചതിൻെറ ഫലമായി മനുഷ്യനു ലഭിച്ച വിജ്ഞാനമാണു് സ്മൃതി. ഈശ്വരവചനത്തെ നാം വിശ്വാസപൂർവ്വം ശ്രവിക്കണം. കേട്ട ദൈവവചനത്തെപ്പററി നാം ശ്രദ്ധാപൂർവം ചിന്തിക്കണം. അങ്ങനെ ചിന്തിച്ചറിഞ്ഞ ദൈവവചനസാരത്തെ നാം സ്നേഹപൂർവം ഹൃദയത്തിൽ കാത്തു സൂക്ഷിക്കണം. നമ്മുടെ അമ്മയായ പ. കന്യകാമറിയം ചെയ്തതിതാണു്. അവൾ തിരുവചനത്തെ സശ്രദ്ധം ശ്രവിച്ചു. ആ വചനവുമായി അവൾ സംഭാഷണത്തിലേർപ്പെട്ടു. ആ വചനത്തിനു അവൾ സമ്പൂർണ്ണമായി തന്നെത്തന്നെ സമർപ്പിച്ചു. ആ തിരുവചനത്തെ ഹൃദയത്തിൽ കാത്തു് അതേപ്പററി ധ്യാനിക്കുകയും ചെയ്തിരുന്നു. ദൈവവചനം വിശ്വാസപൂർവ്വം കേൾക്കുക. നിൻെറ മാനുഷിക വിജ്ഞാനത്തിനല്ല അവിടെ സ്ഥാനം. അതു് ദൈവത്തിൻെറ അറുതിയില്ലാത്ത വിജ്ഞാനവും സ്നേഹസ്വരവുമാണു്. കർത്താവിൻെറ വിജ്ഞാനത്തിനു മുമ്പിൽ നിന്നെത്തന്നെ അടിയറ വയ്ക്കുക. കർത്താവിൻെറ വചനം മാത്രം എപ്പോഴും എല്ലാ കാര്യത്തിലും നിന്നിൽ നിറവേറണമെന്ന ആഗ്രഹം മാത്രമെ നിനക്കുണ്ടാകാവൂ. കർത്താവിൻെറ തിരുവചനം ഹൃദയത്തിൽ ഓർത്തോർത്തറിയുമ്പോൾ, ആ വചനത്തിൻെറ ആഴവും മാധുരിയും നിനക്കു കുറേശ്ശെക്കുറേശ്ശെ മനസ്സിലായിത്തുടങ്ങും. ഇതുവരെയും നീ മനസ്സിലാക്കിയിട്ടില്ലാത്ത ആത്മീയ രഹസ്യങ്ങൾ അവിടെ നീ ദർശിക്കാൻ തുടങ്ങും. നിൻെറ ആത്മാവിൻെറ ഭക്ഷണം ദൈവവചനമാകുന്നു. അതിൽ നിന്നു മതിവരുവോളം ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുക.

മൂന്ന്

സ്വർഗ്ഗം, അന്തരീക്ഷം, ഭൂമി എന്നിങ്ങനെ മൂന്നു ലോകങ്ങളെയാണ് ഋഗ്വേദത്തിൽ വിവരിച്ചിട്ടുള്ളത്. ഓരോന്നിനും അധീശനായി ഓരോ ദേവനുണ്ട്. സ്വർഗ്ഗത്തിനു സൂര്യൻ; അന്തരീക്ഷത്തിന് ഇന്ദ്രൻ; ഭൂമിക്ക് അഗ്നി. പിൽക്കാലത്തു്, ഓരോ ലോകത്തിനും പതിനൊന്നു ദേവന്മാർ വീതം എന്ന കണക്കിൽ, ആകെ മുപ്പത്തിമൂന്നു ദേവന്മാർ എന്ന ധാരണയുണ്ടായി. ഉപനിഷത്തുക്കളിൽ ദേവന്മാരുടെ ആകെ സംഖ്യ മുവ്വായിരത്തിമുന്നൂററിമുപ്പത്തൊമ്പതു് ആണെന്നു് കാണുന്നു. ഇതിലെല്ലാം ഏകനായ ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്ന ക്രിസ്തീയ സത്യത്തിലേയ്ക്കുള്ള മനുഷ്യമനസ്സിൻെറ ഒരു സ്വാഭാവികചായ്വ് നമുക്കു കാണാം. പതിനൊന്നു് എന്ന സംഖ്യയുടെ ആദിയും അവസാനവും ഒന്നാണല്ലോ. 33 എന്ന സംഖ്യയുടെ ആദിയും അവസാനവും മൂന്നാണു്. ആദി മുതൽ അവസാനം വരെ ദൈവത്തിൽ ഒന്നും മൂന്നും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നൊരു സൂചന ഇതിൽ കാണാം. മൂന്നു് എന്നു വച്ചാൽ 1 + 1 + 1 ആണല്ലോ. ദൈവം ആദിയിലും മധ്യത്തിലും അന്ത്യത്തിലും—എന്നേയ്ക്കും—ഒന്നുതന്നെ. ദൈവത്തിൻെറ ഏകത്വത്തെ ഇതു് സൂചിപ്പിക്കുന്നു. എന്നാൽ 1 + 1 + 1 എന്നതു് ഏകത്വത്തിലുള്ള ത്രിത്വത്തെയും സൂചിപ്പിക്കുന്നു. 3339 എന്നതു്, 333 എന്നെഴുതിയശേഷം, അതിനോടുകൂടി ഇതിലുള്ള മൂന്നുകളുടെ കൂടി കൂട്ടിക്കിട്ടുന്ന 9 കൂടി ചേർത്തെഴുതുന്നതാണു്. 333ലെ ആദിയും മധ്യവും അന്ത്യവും മൂന്നുതന്നെ. സത്തയിൽ ഏകമായിരിക്കുന്ന ദൈവം ആദിയിലും മധ്യത്തിലും അന്ത്യത്തിലും—എന്നേയ്ക്കും—മൂന്നാളുകളായി നില്ക്കുന്നു. 9-നെ നാം പിരിച്ച് നെടുകെയും കുറുകെയും 3 + 3 + 3 എന്നെഴുതിയാൽ അതിൻെറ ആദിയും മധ്യവും അന്ത്യവും മൂന്നുതന്നെ. ഈ മൂന്നിനെ വീണ്ടും പിരിച്ച് നെടുകെയും കുറുകെയും 1 + 1 + 1 എന്നെഴുതിയാൽ അതിൻെറ ആദിമധ്യാന്തവും ഒന്നുതന്നെ. ചുരുക്കത്തിൽ, ദൈവം എന്നേയ്ക്കും — ആദിയിലും ഇപ്പോഴും വരും കാലത്തിലും — മൂന്നാളുകളിൽ ഒരു സത്തയായി നിലനില്ക്കും. ഈ സത്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നതരത്തിൽ ഭാരതീയ ഭാവനയെ ഒരുക്കിയ ദൈവപരിപാലനയെ നമുക്കു വാഴ്ത്താം.

ഗായത്രി

പ്രകാശം തരുന്നതു് സൂര്യനാണു്. ആത്മാവിനു പ്രകാശം നല്കുന്ന ദൈവത്തിൻെറ പ്രതീകമായി സൂര്യനെ ഋഗ്വേദത്തിൽ സങ്കല്പിച്ചിരിക്കുന്നു. വേദം പഠിക്കുന്നതിനു മുമ്പു് സൂര്യദേവനോടു ചെയ്യുന്ന പ്രാർത്ഥനയ്ക്കു ഗായത്രിമന്ത്രം എന്നാണു പറയുക. അതിപ്രകാരമാണു്: ''സവിത്രൻെറ (സൂര്യൻെറ) മഹത്വമേറിയ പ്രകാശധോരണിയെപ്പററി ഞങ്ങൾ ധ്യാനിക്കുന്നു. ഞങ്ങളുടെ ബുദ്ധിയെ അവിടുന്നു് അവിടുത്തെ പക്കലേയ്ക്കുതന്നെ തിരിക്കട്ടെ''. നമ്മുടെ ആത്മാവിനെ പ്രകാശിപ്പിക്കുന്ന ദിവ്യസൂര്യൻ പരിശുദ്ധാരൂപിയാണു്. ഏതു കർമ്മം ചെയ്യുന്നതിനു മുമ്പും പരിശുദ്ധാരൂപിയുടെ പ്രകാശം നീ ആത്മാർത്ഥമായി തേടണം. പ്രാർത്ഥിച്ചുകൊണ്ടു് ഒരു കർമ്മം ചെയ്യുമ്പോൾ അതിന് അതിൻേറതായൊരു സവിശേഷത സിദ്ധിക്കും. അപ്പോൾ ജോലിയോടുള്ള നിൻെറ മനോഭാവം മാറും. ദൈവം കാണുന്നതുപോലെ നീ കാണാൻ തുടങ്ങും. ജോലിയിലുള്ള നിൻെറ മടി, സ്വാർത്ഥത, പ്രശംസയ്ക്കുവേണ്ടിയുള്ള ആഗ്രഹം എന്നിവയെല്ലാം അതുമൂലം മാറിക്കിട്ടും. ദൈവത്തിനും മററു മനുഷ്യർക്കും ഉപകാരപ്പെടണം എന്നൊരു വിചാരം മാത്രമേ അപ്പോൾ ജോലികളിൽ നിനക്കുണ്ടാകൂ. ദൈവത്തിൻെറ അരൂപി നമ്മിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ, നാം കാര്യങ്ങളെ ജഡത്തിൻെറ അരൂപിക്കുചേർന്നതരത്തിൽ മനസ്സിലാക്കാൻ തുടങ്ങും. എന്തുചെയ്താലും നമ്മുടെ സ്വാർത്ഥതയാകും അപ്പോൾ നമ്മിൽ നിറഞ്ഞുനില്ക്കുക. മററുള്ളവർക്കുവേണ്ടി നഷ്ടം വരിക്കാൻ നാം മടിക്കും. സഹനത്തിൽനിന്നും നാം ഓടിയകലും. ചെറിയതും പ്രശംസ കിട്ടാത്തതുമായ ജോലികൾ ചെയ്യാൻ നമുക്കു താല്പര്യമുണ്ടാകുകയില്ല. ജോലിയുടെ പേരിൽ നാം പ്രാർത്ഥന ഉപേക്ഷിക്കും. അവനവനെ പ്രദർശിപ്പിക്കാനുള്ള മാർഗ്ഗമായി മാത്രം നാം എല്ലാററിനേയും വീക്ഷിക്കും. ഇതൊന്നും ദൈവികവിജ്ഞാനത്തിൻെറ ലക്ഷണമല്ല. പരിശുദ്ധാരൂപി നമ്മിൽ പ്രവർത്തിക്കാതെ, നമുക്കു ദൈവികവിജ്ഞാനം ലഭിക്കുകയില്ല.

ശിവം

ശിവം എന്നു വച്ചാൽ മംഗളം എന്നാണർത്ഥം. ശിവനെ കോപവും രൗദ്രവും കലർന്ന ഒരു ദേവനായാണ് സാധാരണ സങ്കല്പിക്കാറ്. പക്ഷെ അതു് ഒരു വശം മാത്രമാണ്. കാററും കോളും മഴ പെയ്തു തീർന്നശേഷം വരാനിരിക്കുന്ന ശാന്തതയുടെ മുന്നോടിയായിരിക്കുന്നതുപോലെ, തന്നിലെ മംഗളകരവും ശാന്തിദായകവുമായ വശത്തിൻെറ മുന്നോടി മാത്രമാണ് ശിവനിലുള്ള കോപവും രൂക്ഷതയും. ഇതിലും ഒരു പരമാർത്ഥമുണ്ട്. നമുക്കു വരുന്ന പരാജയങ്ങൾ, സഹനങ്ങൾ, തിരസ്കരണങ്ങൾ എന്നിവയെല്ലാം പലപ്പോഴും ദൈവപരിപാലനയിൽ നമുക്കു ലഭിക്കാനിരിക്കുന്ന ആത്മപ്രയോജനത്തിൻെറ മുന്നോടികൾ മാത്രമാണ്. അവ അനുഭവിക്കുന്ന നേരത്തു് നമുക്കു വിഷമം തോന്നാമെങ്കിലും, പിന്നീട് അവ നമ്മുടെ ഗുണത്തിനായി ത്തന്നെ ഭവിച്ചു എന്നു് നമുക്കു സ്വന്തം അനുഭവത്തിൽനിന്നു തന്നെ മനസ്സിലാകുന്നതാണ്. സഹിച്ചിട്ടുള്ള മനുഷ്യനു് സഹിക്കുന്ന മററു മനുഷ്യരോട് അനുകമ്പയുണ്ടാകും. പരാജയങ്ങളും തിരസ്കരണങ്ങളും നമ്മെ ദൈവത്തിൽ കൂടുതൽ ആശ്രയബോധമുള്ളവരാക്കിത്തീർക്കും. നാം ശരിയായി ആലോചിച്ചാൽ, ദൈവപരിപാലനയിൽ സംഭവിക്കുന്നതെന്തും നമ്മുടെ ആത്മപ്രയോജനത്തിനു ഉപകരിക്കുന്നതാണെന്നു മനസ്സിലാക്കാം. നാം പലപ്പോഴും കാര്യങ്ങളുടെ പുറം മാത്രമെ കാണുന്നുള്ളൂ. അകം കാണാൻ മാത്രമുള്ള ആത്മജ്ഞാനം നമുക്ക് ഇല്ലാതെ പോകുന്നു. പുറംകണ്ട് നാം ആളുകളെയും കാര്യങ്ങളെയും വിധിക്കുകയും ചെയ്യുന്നു. നമ്മുടെ വിധികൾ പലപ്പോഴും തെററായിപ്പോകുകയും ചെയ്യുന്നു. ചില ആളുകളെ പുറമെക്കണ്ടാൽ ഒരു തരം പരുക്കൻ സ്വഭാവക്കാരും നമ്മോടു താല്പര്യമില്ലാത്തവരുമാണെന്നു് നമുക്കു തോന്നും. എന്നാൽ അടുത്തറിഞ്ഞു വരുമ്പോൾ, അവർ വളരെ നല്ല മനുഷ്യരും നമ്മോടു വളരെ താല്പര്യമുള്ളവരുമാണെന്നു് നമുക്കു മനസ്സിലാകും. കാര്യങ്ങളുടെ എല്ലാ വശങ്ങളും കാണാത്തതുകൊണ്ട് പലപ്പോഴും നമ്മുടെ വിധികൾ തെററിപ്പോകുന്നു.

അഗ്നി

വേദങ്ങളിൽ അഗ്നിയെ പുരോഹിതനായാണ് സങ്കല്പി ച്ചിരിക്കുന്നത്. അഗ്നിയിലൊഴിക്കുന്ന എണ്ണ, നെയ്യ് തുട ങ്ങിയ യാഗദ്രവ്യങ്ങളിലൂടെ ദേവന്മാർ ഭക്ഷിക്കുന്നു എന്നാണ് സങ്കല്പം. ദൈവത്തിനും മനുഷ്യനും ഇടയ്ക്കുനില്ക്കുന്ന പുരോഹി തനാണ് അഗ്നി. നാം ദൈവതിരുമുമ്പിലെ യാഗദ്രവ്യങ്ങ ളാണ്. നമ്മുടെ സ്വാർത്ഥത, അഹംഭാവം, അസൂയ, ലൗകി കത എന്നിവയെല്ലാം ദൈവസ്നേഹമാകുന്ന അഗ്നിയിൽ ദഹി ച്ചില്ലാതാകണം. സന്ന്യാസജീവിതം ബലിയുടെ ജീവിത മാണ്. ബലിവസ്തു നേരെ ദൈവത്തിനു അർപ്പിക്കപ്പെടുന്നു. നാമും സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിതമാകാനുള്ളവ രാണ്. നമ്മുടെ സമയം, അറിവ്, ആരോഗ്യം എന്നിവ യെല്ലാം പ്രധാനമായി പ്രാർത്ഥന തുടങ്ങിയ ദിവ്യകർമ്മങ്ങളി ലൂടെ ദൈവത്തിനു സമർപ്പിതമാകേണ്ടിയിരിക്കുന്നു. സന്ന്യാ സി മുഴുവനായി ദൈവത്തിന്റെ സ്വന്തമായിരിക്കണം. എ ന്നാൽ ദൈവത്തിനർപ്പിക്കപ്പെട്ട ബലിവസ്തു മനുഷ്യർക്കായി മുറിച്ചു വിളമ്പപ്പെടാനുള്ളതാണ്. നാം സമ്പൂർണ്ണമായി മനു ഷ്യർക്കുവേണ്ടിയുള്ളവരാകണം. നാം നമുക്കു വേണ്ടിയല്ല ജീവിക്കേണ്ടതു്. നമ്മുടെ സമയം, ആരോഗ്യം, സമ്പത്ത്, അറിവ് എന്നിവയെല്ലാം മററുള്ളവർക്കു പ്രയോജനപ്പെടത്തക്ക വിധം, നാം അവയെ ത്യാഗബുദ്ധിയോടുകൂടി അവർക്കായി മുറിച്ചു വിളമ്പണം. ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീ വിക്കാൻ കഴിഞ്ഞു എന്നതായിരിക്കണം നമ്മുടെ ഏററവും വലിയ ആനന്ദം. നീ നിന്നെത്തന്നെ മറക്കുക. ദൈവത്തെ യും മററുള്ളവരെയും ഓർത്ത്, അവർക്കായി ജീവിക്കുക. ദൈവ വും മററുള്ളവരും നിന്നെ മറക്കാതെ, എന്നും നിന്നെ ഓർത്തു കൊള്ളും. നീ നിനക്കുവേണ്ടിത്തന്നെ ജീവിച്ചാൽ നിന്നെ ഓർക്കുന്നവരായി ആരുമുണ്ടാകുകയില്ല. ദൈവത്തിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ജീവിച്ചാൽ, ദൈവവും മനുഷ്യരും നിന്നെ ഒരു നാളും മറക്കുകയില്ല.

ഗൃഹപതി

ലക്ഷോപലക്ഷം ഗൃഹങ്ങളിൽ എന്നും ജ്വലിച്ചുകൊണ്ടിരിക്കുന്ന ഗൃഹപതിയായിട്ടാണ് അഗ്നിയെ വേദങ്ങളിൽ സങ്കല്പിച്ചിരിക്കുന്നതു്. അടുപ്പിൽ തീയില്ലാത്ത വീട്ടിൽ ശ്രീയില്ല എന്നാണല്ലോ വയ്പ്. നമ്മുടെ ആന്തരികഭവനമായ ഹൃദയത്തിൻെറ അധിപതിയായി വാഴേണ്ട ദിവ്യാഗ്നിയാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിനോട്ട് നിനക്കു വിശേഷവിധമായ ഭക്തിവേണം. വി. പൗലോസ് പറയുന്നതുപോലെ നിന്നിലുള്ള പരിശുദ്ധാരൂപിയെ നീ കെടുത്തിക്കളയരുതു്. പ്രാത്ഥന, ഇന്ദ്രിയനിഗ്രഹം, ദാരിദ്ര്യം, സേവനചൈതന്യം എന്നിവയില്ലാതെ നാം ജീവിച്ചാൽ, നമ്മിലുള്ള ദൈവാരൂപിയുടെ സ്വരം കേറംക്കുന്നതിനു് നമുക്കുള്ള കഴിവ് നശിച്ചുപോകും. നാം ആത്മീയതീക്ഷണതയില്ലാതെ ജീവിച്ചാൽ, വൈദികകാര്യങ്ങരം നമുക്കു നിരത്ഥകമായിത്തോന്നും. സഹനം, പ്രാത്ഥന, സന്ന്യാസവ്രതങ്ങരം, എളിമ, ത്യാഗം എന്നിവയെ അത്ഥമില്ലാത്ത പുണ്യം പറച്ചിലുകളായി നാം വിധിക്കാൻ തുടങ്ങും. കാരണം നമ്മുടെ സ്വാർത്ഥതകൊണ്ടും ജഢികതകൊണ്ടും ആത്മീയമന്ദതകൊണ്ടും ദൈവത്തിൻെറ കണ്ണുകരം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. ജഡത്തിൻേറയും സ്വാർത്ഥസുഖത്തിൻെറയും ദുരാശകരം നിറഞ്ഞ മാംസത്തിൻെറ നയനങ്ങരംകൊണ്ടു് നാം ആത്മീയ കാര്യങ്ങളെ നോക്കുന്നു. അങ്ങനെയുള്ളയാരംക്കു അവ നിരർത്ഥകമായി തോന്നുന്നതിൽ അർത്ഥമില്ല. ആരംഭത്തിൽ വളരെ തീക്ഷ്ണതയോടുകൂടി ജീവിച്ചിരുന്ന എത്രയോ സന്ന്യാസികളാണ് പ്രാർത്ഥന ഉപേക്ഷിച്ചതുമൂലം പിന്നീടു് അന്ധമായ ആത്മീയ മന്ദതയിലേയ്ക്കു വീണ് അധഃപതിച്ചിട്ടുള്ളതു്! നിൻെറ ഹൃദയത്തിൽ ദൈവസ്നേഹമാകുന്ന അഗ്നി കെട്ടുപോകാതിരിക്കട്ടെ. പരിശുദ്ധാരൂപിയുടെ സൽപ്രേരണകരംക്കു ത്യാഗപൂവ്വം വഴങ്ങുക. സന്ന്യാസജീവിതത്തിൽ നമുക്കു വരാവുന്ന ഏററവും വലിയ വിപത്താണ് ആത്മീയമന്ദത. ആരംഭത്തിലെ തീക്ഷ്ണതനാം ഒരിക്കലും കെടുത്തിക്കളയരുതു്.

അതിഥി

അഗ്നി അതിഥി കൂടിയാണ്. വീട്ടിൽ വരുന്ന അതിഥിയെ നാം ഭക്ഷണവും പരിചരണവും നല്കി പ്രസാദിപ്പിക്കുന്നു. അതുപോലെതന്നെ വിറകും എണ്ണയും നല്കി പരിചരിച്ചില്ലെങ്കിൽ, അഗ്നിയാകുന്ന അതിഥി നമ്മെ വിട്ടുപിരിഞ്ഞുപോകും. ആത്മാവിൽ ദിവ്യാതിഥിയായി വസിക്കുന്ന ദൈവത്തെയും നാം പരിചരിക്കണം. ദൈവത്തെ ആത്മാവിൽ പിടിച്ചുനിറുത്തുന്നതിനുള്ള വഴികളാണ് പ്രാത്ഥനയും മററ് ഭക്താഭ്യാസങ്ങളും. പ്രാത്ഥിക്കാത്ത മനുഷ്യൻെറ മനസ്സിലും ഹൃദയത്തിലും ദൈവികത ഉണ്ടാകുകയില്ല. അവിടെ ദീർഘനാരം ദൈവത്തിനു വസിക്കാനും സാധിക്കുകയില്ല. നമുക്കു ദൈവികവീക്ഷണം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ, അതിൻെറ പ്രധാന കാരണം, പ്രാത്ഥനയിൽനിന്നും നാം അകന്നുപോയി എന്നതാണ്. സന്ന്യാസജീവിതത്തിൻെറ വായും വെള്ളവുമാണ് പ്രാത്ഥന. പ്രാത്ഥിക്കാത്ത മനുഷ്യൻെറ വീക്ഷണങ്ങളും വിചാരങ്ങളും ജഡികവും ലൗകികവുമായിരിക്കും. പ്രാത്ഥനാചൈതന്യം, പ്രാർത്ഥിച്ചുകൊണ്ടു മാത്രമെ നമുക്കു വളർത്തിയെടുക്കാനാവൂ. ആ നിലയിൽ ഭക്താഭ്യാസങ്ങരാം പ്രാത്ഥനാജീവിതത്തിനു അത്യന്താപേക്ഷിതമാണ്. അനുദിനമുള്ള ദിവ്യബലി, ധ്യാനം, പാപസങ്കീത്തനം, ജ്ഞാനവായന, പ. കുർബ്ബാനയുടെ സന്ദർശനം, ജപമാല, വിയാസാക്ര, ആത്മശോധന, ദൈവസാന്നിധ്യസ്മരണ തുടങ്ങിയ ഭക്താഭ്യാസങ്ങരാം നിൻെറ ആത്മീയപുരോഗതിക്കു അത്യന്താപേക്ഷിതങ്ങളാണ്. നിൻെറ സന്ന്യാസജീവിതത്തിൻെറ ആരംഭത്തിൽ അവയെല്ലാം നീ വിശ്വസ്തതയോടെ നിർവ്വഹിച്ചിരുന്നതാണ്. പക്ഷേ ക്രമേണ നീ അവയിൽ പലതും ഉപേക്ഷിച്ചുകളഞ്ഞു. നീ ആത്മീയമന്ദതയിലുമായി. തന്മൂലം ദൈവമാകുന്ന ദിവ്യതിഥിക്കു നിൻെറ ഹൃദയത്തിൽ വസിക്കുക പ്രയാസമായിരിക്കുന്നു.

ദൂതൻ

നമ്മുടെ കാഴ്ചകരം കൈക്കൊള്ളാൻ ദൈവം നമ്മുടെ പക്കലേയ്ക്കു അയയ്ക്കുന്ന ദൂതനാണ് അഗ്നി. അഗ്നിയിലേയ്ക്കു നാം ഇട്ടുകൊടുക്കുന്നവയെ അഗ്നി ദഹിപ്പിച്ച് ദൈവസന്നിധിയിലെത്തിക്കുന്നു എന്നാണ് വേദങ്ങളിലെ സങ്കല്പം. ദൈവം ഇന്നും പലപല തരത്തിൽ നമ്മുടെ പക്കലേയ്ക്കു വരുന്നു. ദിവ്യകാരുണ്യത്തിലെ അപ്പത്തിലൂടെ അവിടുന്നു നമ്മുടെ മുമ്പിലണയുന്നു. ഈ അപ്പത്തിൽ ദൈവത്തെകണ്ടു് നിന്നെ മുഴുവനും വിശ്വാസപൂർവ്വം അവിടുത്തേയ്ക്കു സമർപ്പിക്കുക. നമ്മുടെ അധികാരികരം, സഹോദരന്മാർ എന്നിവരിലൂടെ ദൈവം നമ്മുടെ പക്കലേയ്ക്കു വരുന്നു. അവരോട് വിധേയത്വവും സഹകരണവും പുലർത്തുക. സഹോദരരിൽ ദൈവത്തെ കണ്ടു്, അവരെ ത്യാഗപൂർവ്വം പരിചരിക്കുക. നരനിൽ നാരായണനെ കാണണമെന്നാണ് ഭാരതീയസിദ്ധാന്തം. രോഗികരം, ദുഃഖിതർ, അഗതികരം, ദരിദ്രർ തുടങ്ങിയവരിലൂടെ ദൈവം നമ്മുടെ പക്കലേയ്ക്കണയുന്നു. അവരുടെ കണ്ണുനീർ ദൈവത്തിന്റെ തന്നെ കണ്ണുനീരാണ്. അതു് തുടച്ചുമാററുവാൻ നിന്നാലാവുന്നതൊക്കെ ചെയ്യുക. ജീവിതത്തിലുണ്ടാകുന്ന കുരിശുകരം, വ്യഥകരം, രോഗങ്ങരം, പരാജയങ്ങരം, തിരസ്ക്കരണങ്ങരം, മരണം എന്നിവയിലൂടെയെല്ലാം ദൈവം നമ്മെ സമീപിക്കുന്നു. അവയിലെല്ലാം ദൈവചിത്തവും പരിപാലനവും ദർശിച്ച്, നിന്നെ മുഴുവനും അവിടുത്തെ പരിപാലനയ്ക്കു സമർപ്പിക്കുക. വന്ദ്യരായ ആത്മപിതാക്കന്മാരിലൂടെ ദൈവം നമ്മുടെ പക്കലേയ്ക്കണയുന്നു. പാപസങ്കീർത്തനം, ആത്മനിയന്ത്രണം തുടങ്ങിയവയുടെ കാര്യത്തിൽ കൃത്യനിഷ്ഠയും ഉത്സാഹവും കാണിക്കുക. നല്ല പുസ്തകങ്ങളിലൂടെയും ദൈവം നിന്നോടു സംസാരിക്കുന്നു. ആത്മീയഗ്രന്ഥങ്ങരം ശ്രദ്ധാപൂർവ്വം വായിച്ച് ദൈവത്തെക്കുറിച്ച് കൂടുതൽ കൂടുതൽ അറിയുവാൻ പരിശ്രമിക്കുക. എല്ലായിടത്തും എല്ലാററിലും ദൈവത്തെ കാണുക; ദൈവം എപ്പോഴും നിന്റെ കൂടെയുണ്ടു്.

ഏകം

യഥാൎത്ഥത്തിലുള്ളതു് ഒന്നാകുന്നു. പണ്ഡിതന്മാർ അതിനെ പല തരത്തിൽ വിവരിക്കുന്നു. ഇങ്ങനെയാണു് ദൈവത്തെക്കുറിച്ചുള്ള മനുഷ്യജ്ഞാനത്തെപ്പററി ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നതു്. ദൈവത്തെപ്പററി ദൈവം തന്നെ വളരെ കാര്യങ്ങൾ നമുക്കു യേശുവിലൂടെ വെളിപ്പെടുത്തിത്തന്നിട്ടുണ്ടു്. അവയെ സംബന്ധിച്ച് മനുഷ്യൻെറ വിവിധങ്ങളായ അഭിപ്രായങ്ങൾക്കു സ്ഥാനമില്ല. അതുകൂടാതെ, മനുഷ്യൻ ദൈവത്തെപ്പററി ധ്യാനിച്ചും ചിന്തിച്ചും വളരെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. അവയെ പല മതങ്ങളും മുനികളും പല തരത്തിൽ വിവരിച്ചിട്ടുമുണ്ടു്. വിവരണങ്ങൾ പല തരത്തിലാണെങ്കിലും അവരെല്ലാം ജ്ഞാനദൃഷ്ടികൊണ്ടു് കണ്ട കാര്യം ഒന്നുതന്നെയാണു്. ആകയാൽ മററു മതങ്ങളോടും തത്വചിന്തകളോടും നമുക്കു ആദരവും മതിപ്പും വേണം. മനുഷ്യർ ദൈവത്തെ മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ള രീതികൾ ഏതു നിലയ്ക്കു്, അവയെല്ലാം നമുക്കു വിലപ്പെട്ടവയും ആദരണീയവും തന്നെ. അവയെ നാം കഴിയുന്നത്ര പഠിക്കുകയും മനസ്സിലാക്കുകയും, അവയിൽ നല്ലതായി കാണുന്ന എല്ലാററിനേയും നമ്മിലേയ്ക്കു സ്വാംശീകരിക്കുകയും വേണം. മിഷ്യൻ പ്രവൎത്തനങ്ങൾക്കായി നമ്മൾ ചെല്ലുന്നിടങ്ങളിൽ നമ്മുടെ ഭാഷ, സംസ്കാരം എന്നിവ അടിച്ചേല്പിക്കുന്നതിനു പകരം, ആ ദേശങ്ങളിലെ ഭാഷ, സംസ്കാരം, ആചാരവിധികൾ എന്നിവയെ നന്നായി പഠിച്ച് അവയിലൂടെ ക്രിസ്തീയ സന്ദേശം അവതരിപ്പിക്കുകയാണു് വേണ്ടതു്. അതുപോലെ തന്നെ, നാം ജീവിക്കുന്ന സമൂഹത്തിലെ ആളുകളുടെ വിവിധങ്ങളായ അഭിപ്രായഗതികളെ നാം മാനിക്കണം. പല അഭിപ്രായങ്ങൾ കേൾക്കുമ്പോഴാണു് നമുക്കു കാര്യങ്ങളെപ്പററി പൂൎണ്ണവും വ്യക്തവുമായ ചിത്രം ലഭിക്കുക. മററുള്ളവർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽ നാം അസഹിഷ്ണുത പ്രകടിപ്പിക്കരുതു്. അങ്ങനെ ചെയ്യുന്നതു് ആത്മവിശ്വാസമില്ലാത്ത ഒരു മനുഷ്യൻെറ ലക്ഷണമാണു്.

ആദിപുരുഷൻ

ദൈവത്തെ ആദിപുരുഷനായിട്ടാണ് വേദങ്ങളിൽ സങ്കല്പിച്ചിരിക്കുന്നത്. ദൈവമായിരുന്നല്ലോ ആദ്യത്തിലുണ്ടായിരുന്ന ആൾ അഥവാ വ്യക്തി. ആൾ അഥവാ വ്യക്തി എന്ന അർത്ഥത്തിലാണ് ഇവിടെ പുരുഷൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. ആദിപുരുഷൻ തന്നെത്തന്നെ നമുക്കായി ബലിചെയ്തു. ആദിപുരുഷൻെറ ആത്മബലിയാണ് സൃഷ്ടികർമം. ആദ്യത്തിൽ, അസ്തിത്വം അഥവാ ഉള്ളായ്മ എന്ന അവസ്ഥ ദൈവത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല, താൻ അസ്തിത്വം തന്നെയായിരുന്നു. തനിക്കുണ്ടായിരുന്നതും താൻ ആയിരുന്നതുമായ അസ്തിത്വത്തെ ദൈവം നമുക്കായി മുറിച്ചു വിളമ്പി. അപ്പോൾ നാമും അസ്തിത്വമുള്ളവരായിത്തീർന്നു. ഇതാണ് സൃഷ്ടികർമ്മം. ദൈവം നമ്മോടുചെയ്ത അതേ കാര്യം തന്നെ, നമ്മുടെ പ്രതിവചനമായി നാം ദൈവത്തോടും ചെയ്യണം. നാം നമ്മെയും നമുക്കുള്ളവയേയും ദൈവത്തിനുവേണ്ടി ബലിചെയ്യണം. നമ്മുടെ ഉള്ളും നമുക്കുള്ളവയും ദൈവത്തിനായി ചെലവഴിക്കണം. ജീവൻ, സ്നേഹം, അറിവ് എന്നിവയാണല്ലൊ നമ്മുടെ ഉള്ളിലുള്ള മൂന്നുകാര്യങ്ങൾ. ദൈവത്തിനുവേണ്ടി ജീവിക്കുക; ദൈവത്തെ സ്നേഹിക്കുക; ദൈവത്തെ മനസ്സിലാക്കുക; ദൈവത്തെ മനസ്സിൽ ആക്കുമ്പോഴാണ് അവിടുത്തെ നാം മനസ്സിലാക്കുന്നത്. നമുക്കുള്ളവയും ദൈവത്തിനു സ്നേഹദാനമായി അർപ്പിക്കുക. അറിവ്, ആരോഗ്യം, സമയം, സമ്പത്ത് തുടങ്ങി എത്രയോ കാര്യങ്ങൾ നമുക്കുണ്ട്. അവയെല്ലാം ദൈവത്തിനുവേണ്ടി ജീവിക്കുക എന്നത് നമ്മുടെ കടപ്പാട് മാത്രമാണ്. ദൈവമാണ് ആദ്യത്തിൽ, നാമാരും ഇല്ലാതിരുന്ന സമയത്ത്, നമ്മെ സൃഷ്ടിച്ചുകൊണ്ട് നമുക്കുവേണ്ടി ജീവിച്ചതും നമ്മെ സ്നേഹിച്ചതും നമ്മെ തൻെറ മനസ്സിൽ ഓർത്ത് കാത്തതും. അതിനാൽ നാം ദൈവത്തിനുവേണ്ടി എത്ര ചെയ്താലും അധികമാകുകയില്ല. ഔദാര്യത്തിൽ ദൈവത്തെ വെല്ലുവാൻ ആർക്കാണുകഴിയുക. ദൈവത്തിനുവേണ്ടി നീ സഹിച്ചിട്ടുള്ള ത്യാഗങ്ങളെപ്പററി നിനക്കു ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല.

പക്ഷികൾ

ദൈവത്തേയും ആത്മാവിനേയും ഒരു വൃക്ഷത്തിൻെറ ശിഖരത്തിലിരിക്കുന്ന രണ്ടുപക്ഷികളായി വേദങ്ങളിൽ സങ്കല്പിച്ചിരിക്കുന്നു. ഒരു പക്ഷി ഫലം ഭക്ഷിക്കുന്നു. മറേറപക്ഷി ഭക്ഷിക്കാതെ ആദ്യത്തെ പക്ഷി ഭക്ഷിക്കുന്നത് നോക്കിക്കൊണ്ടിരിക്കുകമാത്രം ചെയ്യുന്നു. നമ്മുടെ ശരീരത്തിനകത്ത് വസിക്കുന്ന ആത്മാവിനേയും ദൈവത്തേയും—ജീവാത്മാവിനേയും പരമാത്മാവിനേയും—ആണ് ഇവിടെ രണ്ടുപക്ഷികളായി സങ്കല്പിച്ചിരിക്കുന്നത്. സുഖം, സന്തോഷം, പ്രവൎത്തനം തുടങ്ങിയവയുടെയെല്ലാം ഫലം അനുഭവിക്കുന്നത് ആത്മാവാണ്. ദൈവം നമ്മുടെ ആത്മാവിനകത്ത് വസിച്ച് നമ്മെ സദാപി കണ്ടുകൊണ്ടിരിക്കുന്നു. നാം എവിടെപോയാലും എന്തുചെയ്താലും ദൈവം നമ്മെ കണ്ടുകൊണ്ടിരിക്കുന്നു എന്നത് വലിയൊരു സത്യമാണ്. ദൈവത്തിൻെറ കണ്ണുകളിൽനിന്നും ആക്കും തന്നെത്തന്നെ മറയ്ക്കാൻ പററില്ല. നീ എപ്പോഴും ദൈവത്തിൻെറ മുമ്പിലാണെന്ന സത്യം മറക്കാതിരിക്കുക. നിന്നെ കണ്ടുകൊണ്ടിരിക്കുക ദൈവത്തിനു സന്തോഷം നല്കുന്ന തരത്തിൽമാത്രം വിചാരിക്കുകയും സംസാരിക്കുകയും പ്രവൎത്തിക്കുകയും ചെയ്യുക. നിന്നെ സദാ കണ്ടുകൊണ്ടിരിക്കുന്ന ഹൃദയത്തെ വ്രണപ്പെടുത്തുന്നതായി യാതൊന്നും നിന്നിലുണ്ടാകാതെ സൂക്ഷിക്കുക. നീ ഉറങ്ങിയാലും ഉണൎന്നിരുന്നാലും, ദൈവം നിന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്നത് വളരെ സമാശ്വാസകരമായ ഒരു ചിന്തക്കുടിയാണ്. ദൈവം എപ്പോഴും. എവിടെയും, നിന്നോടുകൂടി ഉള്ളതിനാൽ എല്ലായ്പ്പോഴും നിനക്കു് അവിടുത്തെ സഹായവും സംരക്ഷണവും കിട്ടും. എവിടെയായാലും, നിൻെറ ഹൃദയത്തിൽ വാഴുന്ന ദൈവത്തോട് നിനക്കു സംസാരിക്കാം. നിൻെറ ജോലികൾക്കിടയിൽപോലും ഹൃദയം ഇടയ്ക്കിടയ്ക്ക് ദൈവത്തിലേയ്ക്കുയൎത്തി അവിടുത്തോടു സ്നേഹസംഭാഷണം ചെയ്യുക. ദൈവത്തിൻെറ സ്നേഹം എന്നും നിന്നിൽ വസിക്കും.

ക്ലൃതം

ക്ലൃതം എന്നു വച്ചാൽ ക്രമം എന്നർത്ഥം. പ്രകൃതിയിൽ നാം ഒരു ക്രമം കാണുന്നുണ്ട്. ഉദാഹരണത്തിനു്, ഒരു ചെടി മുളച്ചാൽ ഇല, പൂവ്, ഫലം എന്നീ ക്രമത്തിലാണു് അതു് വളരുന്നതു്. ഇതു് ബാഹ്യമായ ക്രമമാണു്. ഇതിനുള്ളിൽ ആന്തരികമായ മറെറാരു ക്രമമുണ്ടു്. ദൈവം ഓരോന്നിനും നിശ്ചയിച്ചു കൊടുത്തിരിക്കുന്ന വ്യവസ്ഥിതിയാണു് ആന്തരികമായ ക്രമം. നമ്മിലും രണ്ടും വേണം. ബാഹ്യവും ആന്തരികവുമായ ക്രമം നമുക്കു ആവശ്യമുണ്ടു്. നമ്മുടെ ദിനചര്യയിൽ ചിട്ടയും ക്രമവും ആവശ്യമുണ്ടു്. കൃത്യസമയത്തു് എഴുന്നേല്ക്കുക, സമൂഹകൃത്യങ്ങൾക്കു നിഷ്ഠയോടെ വന്നു സംബന്ധിക്കുക, സഭാനിയമങ്ങൾ കൃത്യമായി അനുസരിക്കുക, പ്രാർത്ഥന തുടങ്ങിയ ആത്മീയാഭ്യാസങ്ങൾ കൃത്യമായി ചെയ്യുക എന്നീവക കാര്യങ്ങളിൽ നമുക്കു നല്ല നിർബന്ധവും കൃത്യനിഷ്ഠയും വേണം. കൃത്യനിഷ്ഠയില്ലാത്തൊരു ജീവിതം കുത്തഴിഞ്ഞൊരു പുസ്തകംപോലെയാണു്. മററുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിലും നാം കൃത്യനിഷ്ഠ മനസ്സിരുത്തി കാക്കണം. അല്ലെങ്കിൽ, മററുള്ളവർ നമുക്കുവേണ്ടി കാത്തുകെട്ടിനിന്നു് വളരെ അസൗകര്യങ്ങൾ അനുഭവിക്കേണ്ടി വരും. നമ്മുടെ വസ്ത്രം; പെരുമാററസ്ഥലങ്ങൾ, പരിസരങ്ങൾ, ഉപയോഗസാമഗ്രികൾ എന്നിവ വൃത്തിയായി കാക്കുന്നതിലും നാം പ്രത്യേകം മനസ്സു വയ്ക്കണം. ഇതെല്ലാം അടക്കം ചിട്ടയും ക്രമവുമുള്ള ഒരു ജീവിതത്തിൻെറ ലക്ഷണമാണു്. ബാഹ്യമായ ക്രമത്തോടൊപ്പം ആന്തരികമായ ക്രമവും നമുക്കു വേണം. മനഃസമാധാനം, ശാന്തത, ശാലീനത തുടങ്ങിയവയെല്ലാം ആന്തരികമായ ക്രമത്തിൻെറ ലക്ഷണങ്ങളാണു്. പാപമാണു് ആന്തരികമായ ക്രമത്തെ നശിപ്പിക്കുന്നതു്. നമ്മിൽ ഉണ്ടാകുന്ന അപൂർണ്ണതകളേയും പാപങ്ങളേയും പററി ആത്മാർത്ഥമായി അനുതപിച്ച്, പാപമോചനത്തിൻെറ കൂദാശസ്വീകരണയുന്നതിലും നാം കൃത്യമായ നിഷ്ഠ പാലിക്കണം. ആന്തരികവും ബാഹ്യവുമായ ക്രമം നമ്മുടെ ജീവിതത്തിനു ഭംഗിയും സുരക്ഷിതത്വവും നല്കുന്നു. നീ ക്രമം കാത്താൽ ക്രമം നിന്നെ കാക്കുമെന്നതും ഒരു പരമാർത്ഥമാണു്.

സത്യം

സത്യം ബ്രഹ്മമാണ് എന്നത്രെ ഋഗ്വേദത്തിൽ പറയുന്നതു്. ദൈവം തന്നെയാകുന്നു സത്യം. ദൈവം നമ്മുടെ വിചാരത്തിലും വാക്കിലും വ്യാപാരത്തിലും പ്രതിഫലിക്കുമ്പോൾ, അവയും സത്യമാകുന്നു. സത്യം ആദ്യംമുതല്ക്കേ വചനരൂപത്തിൽ ദൈവത്തിൽ സ്ഥിതിചെയ്യുന്നു. ആ വചനം മാംസം ധരിച്ചതാണ് യേശു. അതിനാൽ യേശുവിനെപ്പോലെതന്നെ നാമും വിചാരിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും വേണം. യേശു എപ്പോഴും വിചാരിച്ചിരുന്നതു് ദൈവത്തെക്കുറിച്ചും മററുള്ളവരെക്കുറിച്ചുമായിരുന്നു. നാമും സ്വാർത്ഥത വെടിഞ്ഞ് ദൈവത്തെയും മററുള്ളവരെയും പററി വിചാരിക്കുകയും, ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീവിക്കുകയും ചെയ്യുക. സ്വാർത്ഥതയാണ് അസത്യം. സത്യം ആവിഷ്കരിക്കുന്നതിനു ഉപാധിയാണ് വാക്ക്. അതിനാൽ അസത്യം പറയുമ്പോൾ വാക്കിനെ അതിൻെറ ഉദ്ദേശ്യത്തിനെതിരായി നാം ഉപയോഗിക്കുകയാണ്. അസത്യവചനത്തിലൂടെ ഒരുവൻ വാക്കിനെ കൊല ചെയ്യുകയാണെന്നു് ഋഗ്വേദം പറയുന്നു. ഋഗ്വേദ സങ്കല്പപ്രകാരം ദേവന്മാരും അസുരന്മാരും ആദ്യത്തിൽ ഒരുപോലെ ദൈവപുത്രന്മാരായിരുന്നു. സത്യത്തെ തിരസ്കരിച്ചതുമൂലം അസുരന്മാക്കു ദൈവികത നഷ്ടപ്പെട്ട് പൈശാചിക സ്വഭാവം കൈവന്നു. സ്വന്തം വാക്കിൻെറ സത്യത്തെ തെളിയിക്കുന്നതിനായി ഋഷി അഗ്നിപരീക്ഷ സഹിക്കുന്നതായി ഋഗ്വേദത്തിൽ കാണുന്നു. സത്യം പറയുകയും ആചരിക്കുകയും ചെയ്തിട്ടുള്ളവൻ അഗ്നിയിൽക്കൂടി നടന്നാലും, അഗ്നി അവനെ ദ്രോഹിക്കുകയില്ലെന്ന സങ്കല്പമാണ് ഇതിലുള്ളതു്. യേശുവിൻെറ സത്യം—അവിടത്തെ ജീവിതവും സഹനവും മരണവും—ജീവിക്കുന്നതിനു് നമുക്കു ജീവിതത്തിൽ അനേകം അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടിവരും. പക്ഷെ ദൈവത്തിനും മനുഷ്യർക്കുംവേണ്ടി നിസ്വാർത്ഥമായി ജീവിക്കാൻ ഉറച്ചിട്ടുള്ളവരെ ജീവിതത്തിൽ യാതൊന്നിനും തളർത്താൻ സാധിക്കുകയില്ല.

തപസ്യ

ദൈവം നമ്മെ സൃഷ്ടിക്കുന്നതിനുമുമ്പ് തപസ്സനുഷ്ഠിച്ചുവെന്നാണ് വേദങ്ങളിൽ കാണുന്നത്. തന്നെത്തന്നെ കീറിമുറിച്ച് നമുക്കു ദാനമായി തന്ന ദൈവത്തിന്റെ ആത്മബലിയാണ് സൃഷ്ടി. ആദ്യം ദൈവം എല്ലായിടത്തും വ്യാപിച്ചു കിടന്നിരുന്നു. എല്ലായിടത്തും വ്യാപിച്ചു കിടക്കുന്നൊരു വസ്തു, വായുപോലെ ലോലമായിരിക്കും. അങ്ങനെയുള്ളൊന്നിനെ മുറിച്ച് മറ്റുള്ളവർക്കു കൊടുക്കുക അത്ര എളുപ്പമല്ല. നാം ബോർഡിൽ എഴുതാനുപയോഗിക്കുന്ന ചോക്കുകഷ്ണം പൊട്ടിപ്പൊടിഞ്ഞ് കണ്ണുകൊണ്ടു കാണാൻ വയ്യാത്ത വിധത്തിൽ ചെറിയ പൊടികളായി നിലത്ത് അടിഞ്ഞു കിടക്കുമ്പോൾ, അതെടുത്ത് മറ്റൊരാൾക്കു കൊടുക്കാൻ പ്രയാസമാണ്. ആ പൊടികളെല്ലാംകൂടി ഒന്നിച്ചുചേർന്ന് കട്ടിയായി ചോക്കുകഷ്ണത്തിന്റെ രൂപത്തിലിരിക്കുമ്പോൾ, അത് എളുപ്പത്തിൽ നമുക്കു മറ്റുള്ളവർക്കു മുറിച്ചുകൊടുക്കാനാവും. ആദ്യം അതിലോലമായി എല്ലായിടത്തും വ്യാപിച്ചു കിടന്നിരുന്ന ദൈവം തന്നെത്തന്നെ മറ്റുള്ളിടങ്ങളിൽനിന്നെല്ലാം പിൻവലിച്ച് തന്നിലേക്കു ചുരുക്കി. അപ്പോൾ തന്നിൽത്തന്നെ ഒരു ആത്മീയസാന്ദ്രത ദൈവത്തിനനുഭവപ്പെട്ടു. ഇതായിരുന്നു ദൈവത്തിന്റെ തപസ്യ. തന്നിൽത്തന്നെ കട്ടിയായിത്തീർന്ന തന്റെ ആന്തരികജീവനെ നമുക്കു മുറിച്ചു വിളമ്പിത്തരാൻ ദൈവത്തിനു അപ്പോൾ കഴിഞ്ഞു. അതത്രെ സൃഷ്ടികർമ്മം. നാം ഏകാഗ്രതയില്ലാതെ കിട്ടാവുന്ന എല്ലാ ഇന്ദ്രിയ സുഖവിഷയങ്ങളുംതേടി ഓടി നടന്നാൽ, ദൈവത്തിനും മറ്റുള്ളവർക്കും നമ്മുടെ ജീവൻ നല്കുന്നതിനുള്ള ആത്മീയതാപം—തപസ്യ അഥവാ ചൂട്—നമ്മിലുണ്ടാകുകയില്ല. സ്വയം നിയന്ത്രിച്ച് ഏകാഗ്രതയോടുകൂടി ജീവിക്കുന്നവർക്കേ തങ്ങളെത്തന്നെ പ്രയോജനകരമായ രീതിയിൽ ദൈവത്തിനും മനുഷ്യർക്കും കൊടുക്കാൻ പറ്റൂ. കണ്ടിടത്തെല്ലാം ചിക്കിചികഞ്ഞു നടക്കുന്ന കോഴിപ്പിടക്കു തപസ്യയില്ല. താപം അഥവാ ചൂടില്ലാത്ത കോഴിയാണത്. അങ്ങനെയുള്ള കോഴിക്കു മുട്ട അടവെച്ചാൽ, വിരിയുകയുമില്ല. അടവെക്കാൻ ഉപയോഗപ്പെടുന്ന കോഴി മറ്റെല്ലാറ്റിൽനിന്നും തന്നെ പിൻതിരിച്ച്, ധ്യാനത്മകമായി, ഏകാഗ്രമായി, തപസ്സു ചെയ്യുന്ന കോഴിയാണ്. അതിന്റെ താപംകൊണ്ട് മുട്ട വിരിഞ്ഞ് പുതിയ ജീവൻ പുറത്തുവരുന്നു. തപസ്സും പരിത്യാഗവുമില്ലാത്തവർ അവനവനുവേണ്ടിമാത്രമേ ജീവിക്കൂ ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി ജീവിക്കാനുള്ള ഊർജ്ജം അവർക്കുണ്ടാവില്ല.

ശ്രദ്ധ

വിശ്വാസത്തിനാണ് വേദങ്ങളിൽ ശ്രദ്ധ എന്നു പറയുന്നത്. ദൈവവചനം ശ്രദ്ധാപൂർവ്വം കേട്ട് അതിനു സ്നേഹപൂർവ്വം പ്രത്യുത്തരം നല്കുന്നതാണല്ലോ വിശ്വാസത്തിൻെറ കാതൽ. ദൈവത്തിൻെറ പരിപാലനയിലും ക്രമീകരണങ്ങളിലും വലിയ വിശ്വാസമുണ്ടാകുക. വാസ്തവത്തിൽ, നമ്മെക്കുറിച്ച് നാം മെനഞ്ഞുണ്ടാക്കുന്ന പരിപാടികളേക്കാൾ, നമുക്കു ഗുണം ചെയ്യുക ശരിയായ വഴികളിലൂടെ നമ്മോട് അറിയിക്കപ്പെടുന്ന ദൈവത്തിൻെറ ക്രമീകരണങ്ങളാണ്. അധികാരികളിലൂടെ, നിയമങ്ങളിലൂടെ, സംഭവങ്ങളിലൂടെ, സഹോദരങ്ങളിലൂടെ—എന്നിങ്ങനെ നാനാതരത്തിൽ ദൈവചിത്തം നമുക്കു വെളിപ്പെടുത്തപ്പെടും. അപ്പോഴെല്ലാം നിനക്കറിയിക്കപ്പെടുന്ന ദൈവചിത്തത്തെ വിശ്വാസപൂർവ്വം സ്വാഗതം ചെയ്യുക; സന്തോഷപൂർവ്വം പ്രാവർത്തികമാക്കുക. നമുക്കു നഷ്ടം വരുമെന്നോ, ദുഃഖത്തിനു കാരണമാകുമെന്നോ കരുതി, ദൈവചിത്തത്തിൽനിന്നും മാറിക്കളയുക, ദൈവവചനത്തിലുള്ള നമ്മുടെ വിശ്വാസക്കുറവിനെയത്രെ കാണിക്കുന്നത്. ദൈവത്തിൽ നാം വിശ്വാസമർപ്പിക്കുന്നില്ലെങ്കിൽ, ദൈവത്തിനും നമ്മിൽ വിശ്വാസമർപ്പിക്കാൻ സാധിക്കാതെ വരും. ദൈവവചനത്തെക്കുറിച്ചു നാം ലജ്ജിച്ചാൽ, ദൈവവും നമ്മുടെ വചനങ്ങളെക്കുറിച്ച് ലജ്ജിക്കും. നമുക്കു മനസ്സിലാക്കാൻ സാധിക്കാത്ത വിധത്തിൽ ദൈവവചനം വന്നാൽപോലും, കന്യകാമേരിയെ അനുകരിച്ച്, 'നിൻെറ വചനംപോലെ എന്നിൽ ഭവിക്കട്ടെ' എന്നു മാത്രം പറയുക. 'എൻെറ മനസ്സല്ല, നിൻെറ മനസ്സ് നിറവേറട്ടെ' എന്നാണല്ലോ അത്തരം സന്ദർഭത്തിൽ യേശുവും പറഞ്ഞത്. 'നിൻെറ ചിത്തം സ്വർഗ്ഗത്തിലെന്നപോലെ ഭൂമിയിലുമാകണം' എന്നു നാം എന്നും ചൊല്ലി പ്രാർത്ഥിക്കാറുണ്ടല്ലോ. ആ ചിത്തം നമ്മുടെ കാര്യത്തിൽ വരുമ്പോൾ, വിഷമമുണ്ടെങ്കിലും നാം അതിനെ കൈനീട്ടി സ്വീകരിക്കുക. അതുമൂലം നമുക്കൊരു കുറവും വരികയില്ല.

പിതൃയാനം

മരണശേഷം ആത്മാക്കൾക്കു രണ്ടു പാതകളിലൂടെ യാത്ര ചെയ്യാനുണ്ടെന്നാണ് വേദങ്ങളിലെ സങ്കല്പം. അവയ്ക്ക് പിതൃയാനം, ദേവയാനം എന്നാണ് പറയുക. പിതാക്കന്മാരുടെ വഴിയാണ് പിതൃയാനം. പിതാക്കന്മാരുടെ വഴിയിലൂടെ നടന്നാലേ നാം ദൈവത്തിൻെറ വഴിയിലെത്തു. നമ്മുടെ ക്രിസ്തീയവും സഭാപരവുമായ പാരമ്പര്യങ്ങളെ നാം ഉപേക്ഷിക്കരുത്. ഭൂതകാലത്തിൽനിന്നും ശക്തി സംഭരിച്ച്, ഭാവിയെ നോക്കി, വർത്തമാനത്തിൽ ജീവിക്കുകയത്രെ നാം ചെയ്യേണ്ടത്. നമ്മുടെ സഭാപിതാക്കന്മാരുടെ നല്ല മാതൃകയും ചൈതന്യവും നാം നമ്മിലൂടെ തുടരണം. അവരുടെ ജീവചരിത്രവും കൃതികളും നാം സശ്രദ്ധം പഠിക്കണം. അവരോട് നമുക്കു ആത്മാർത്ഥമായ ഭക്തിയും സ്നേഹവും വേണം. പലപ്പോഴും നമുക്കു ആളും അർത്ഥവും കൂടിവരുന്നതിനനുസരിച്ച്, നമ്മുടെ സഭാപിതാക്കന്മാരുടെ ജീവിതലാളിത്യത്തിൽനിന്നും, പ്രാർത്ഥനാരൂപിയിൽനിന്നും, സേവന ചൈതന്യത്തിൽനിന്നും നാം വഴുതിപ്പോകാറുണ്ട്. ഇങ്ങനെയുള്ളവർ പിതൃയാനത്തിലൂടെയല്ല നീങ്ങുന്നത്. നമ്മുടെ സഭയിൽത്തന്നെയുള്ള പ്രായം ചെന്നവരും മാതൃകായോഗ്യരുമായ സഭാംഗങ്ങളിൽ കാണുന്ന സവിശേഷ ഗുണങ്ങളെ നാം പ്രത്യേകവിധം നമ്മിലേയ്ക്കു പകർത്തണം. സഭാചൈതന്യം സജീവമായ രൂപത്തിൽ അത്തരം വ്യക്തികളിലാണ് കാണുക. സഭാംഗങ്ങളിലൂടെയാണ് സഭാചൈതന്യം നിലനില്ക്കുന്നതും നീണ്ടു നീണ്ടു വളരുന്നതും. അതിനാൽ സഭാചൈതന്യത്തിനനുസരണം ജീവിക്കുവാൻ നമുക്കെല്ലാവർക്കും പ്രത്യേകമായ കടപ്പാടുണ്ട്. സഭയെ സ്നേഹിക്കുക; സഭാസ്ഥാപകനെ സ്നേഹിക്കുക; സഭാ നിയമങ്ങളെ സ്നേഹിക്കുക; സഭാംഗങ്ങളെ സ്നേഹിക്കുക; സഭയുടെ പ്രവർത്തനങ്ങളെ സ്നേഹിക്കുക. സ്നേഹമുള്ളിടത്തു മാത്രമെ ചൈതന്യമുണ്ടാകു. സഭയെ ഹൃദയംഗമമായി സ്നേഹിക്കാതെ സഭയിൽ നിന്നുകൊണ്ടു കുറെ പ്രവർത്തിച്ചതുകൊണ്ടു മാത്രം കാര്യമായില്ല. സ്നേഹമാണ് ചൈതന്യം.

ദേവയാനം

ജീവിതം മുഴുവനും ദൈവത്തിലേയ്ക്കുള്ളൊരു യാനം അ ഥവാ പാതയാണ്. ദൈവത്തെ മറന്നുകൊണ്ടുള്ള പ്രവർത്തന ങ്ങൾ ഫലശൂന്യമാണ്. അതുകൊണ്ട് പ്രവർത്തനങ്ങളുടെ പേരിൽ പ്രാർത്ഥനയെ ഉപേക്ഷിക്കുന്നതിനു ഒരു ന്യായീകരണ വുമില്ല. ദൈവത്തെ ഒരിക്കലും മറക്കാതിരിക്കുക. ദിവ്യ കാരുണ്യത്തിൽ യേശുനാഥൻ നിന്നെ കാത്ത് രാപകൽ വസിക്കുന്നു. ഇടയ്ക്കിടയ്ക്കു നീ അവിടുത്തെ സന്നിധിയിൽ ചെന്ന് നിൻെറ ജീവിതഭാരങ്ങൾ അവിടെ ഇറക്കിവയ്ക്കുക. വിജയമുണ്ടായാലും പരാജയമുണ്ടായാലും, മനുഷ്യരുടെ പക്ക ലേയ്ക്കു ഓടുന്നതിനുമുമ്പ് ദിവ്യകാരുണ്യനാഥൻെറ പക്കലേയ്ക്കു ഓടുക. എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഇരുളിൽ തപ്പി ത്തടയുമ്പോൾ, അവിടുത്തെ സന്നിധിയിൽ അഭയം കൊ ള്ളുക. നിനക്കു പ്രകാശവും സ്വസ്ഥതയും ആശ്വാസവും കിട്ടും. ഓരോ ദിവസവും നീ ഏറെ അധ്വാനിക്കുന്നുണ്ട്. ജീവിത ത്തിലെ അധ്വാനം തുടങ്ങുന്നതിനുമുമ്പ്, അവിടുത്തെ തിരു മുമ്പിൽ ചെന്നു മുട്ടുകുത്തി ആശീർവാദം വാങ്ങിക്കുക. ഇട യ്ക്കിടയ്ക്കു അവിടുത്തെ സന്ദർശിച്ച് ആശ്വാസവും പ്രകാശവും തേടുക. ദിവസത്തിൻെറ അവസാനത്തിൽ തിരുമുമ്പിൽ ചെന്ന് ആ ദിവസത്തെ നിൻെറ അധ്വാനവും വിജയവും പരാജയവുമെല്ലാം അവിടുത്തേയ്ക്കു സമർപ്പിക്കുക. നിൻെറ സഭയേയും സഹോദരങ്ങളേയും കുടുംബാംഗങ്ങളേയും അവി ടുത്തെ പരിപാലനയ്ക്കും സംരക്ഷണയ്ക്കും ഏല്പിക്കുക. നിൻെറ ഹൃദയത്തിൽ വാഴുന്ന അവിടുത്തെ മനസ്സുകൊണ്ടു ഇടയ്ക്കിടെ ഓർക്കുക. നിന്നെത്തന്നെ സ്നേഹദാനമായി അവിടുത്തേയ്ക്കു സമർപ്പിക്കുക. നിൻെറ തെററുകൾക്കു മാപ്പ് ചോദിക്കുക. ലഭിച്ച ഉപകാരങ്ങൾക്കു നന്ദി പറയുക. ഇങ്ങനെ ജീവി ച്ചാൽ ജീവിതം മുഴുവനും യേശുവിലേയ്ക്കുള്ളൊരു പാതയായി മാററാൻ നിനക്കു കഴിയും.

ബ്രാഹ്മണം

ഭാരതീയഗ്രന്ഥങ്ങളിൽ വേദങ്ങൾകഴിഞ്ഞുള്ള ഭാഗത്തിനു ബ്രാഹ്മണം എന്നുപറയുന്നു. ബ്രാഹ്മണം എന്ന പദത്തിനു ദിവ്യമന്ത്രം, പ്രാർത്ഥന എന്നെല്ലാമാണർത്ഥം. വി. ഗ്രന്ഥം നമ്മെ പ്രാർത്ഥനയിലേയ്ക്കു നയിക്കണം. നമ്മുടെ പിതാവായ ദൈവവും മാതാവായ സഭയും നമുക്കയച്ചിട്ടുള്ള കത്തുകളാണവ. വി. ഗ്രന്ഥം ദൈവത്തിൻെറ വചനങ്ങളാണ്; ദൈവവചനം കേട്ട മാതാവായ സഭ സ്വന്തംവചനങ്ങളിൽ നമുക്കായി എഴുതിസൂക്ഷിച്ചിട്ടുള്ള സഭയുടെ വചനങ്ങളുമാണവ. അപ്പൻെറയും അമ്മയുടേയും കത്തുകൾ വെറും ശാസ്ത്രീയമായപഠനത്തിനു വിഷയമാകേണ്ടവയില്ല. അക്ഷരജ്ഞാനം, ഭാഷാജ്ഞാനം, വ്യാകരണജ്ഞാനം തുടങ്ങിയ ശാസ്ത്രീയജ്ഞാനങ്ങൾ കുറച്ചെങ്കിലും ഇല്ലെങ്കിൽ, നമുക്കു അപ്പൻെറയും അമ്മയുടേയും കത്തുകൾ വായിച്ചുമനസ്സിലാക്കാൻ പററുകയില്ലെന്നതു ശരിതന്നെ. പക്ഷേ ആവക ജ്ഞാനങ്ങൾ ഉപയോഗിച്ചുമാത്രം നമുക്കു അവയെ മനസ്സിലാക്കാൻ സാധിക്കുകയില്ല. സ്നേഹത്തിൻെറ ജ്ഞാനമാണ് ഇവിടെ കൂടുതൽ ആവശ്യമായിട്ടുള്ളത്. സ്നേഹത്തോടുകൂടി അവ നാം വായിക്കുമ്പോൾ, അക്ഷരത്തിനും വ്യാകരണത്തിനും അകത്തുള്ളവയെക്കാൾ കൂടുതലായി പലതും നമുക്കവിടെ കാണാൻകഴിയും. ആ കത്തുകളിലൂടെ അപ്പൻെറയും അമ്മയുടേയും ഹൃദയം നമ്മിലേയ്ക്കു ത്രസിക്കുന്നു. നമ്മുടെ ഹൃദയം അപ്പനിലേയ്ക്കും അമ്മയിലേക്കും സ്നേഹത്തിൻെറ നിറവോടെ സ്പന്ദിക്കുന്നു. ഇതുതന്നെയാണ് വി. ഗ്രന്ഥം വായിക്കുമ്പോൾ നമ്മിലും ഉണ്ടാകേണ്ട അനുഭവം. എമ്മാവൂസിലേയ്ക്കു പോയിരുന്ന ശിഷ്യന്മാർ യേശുവിൻെറ വചനം കേട്ടിരുന്നപ്പോൾ അവരുടെ ഹൃദയം സ്നേഹംകൊണ്ടു ഉജ്ജ്വലിച്ചിരുന്നു. വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം വായിച്ചാൽ ഈ അനുഭവം നമ്മിലുണ്ടാകും. നമ്മെ അനന്തമായി സ്നേഹിക്കുന്ന പിതാവിൻെറ അനുപമമായ സ്നേഹമാധുരിയിൽ നാം ലയിച്ചുനില്ക്കും. അവിടുത്തെ സ്നേഹസുതനായ യേശുവിൻെറ ഓർമ്മയിൽ നാം ആനന്ദപൂരിതരാകും. അവിടുത്തെ സ്നേഹചൈതന്യമായ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തെ ഒരു സ്നേഹസാഗരമാക്കി പകർത്തും. പ്രാർത്ഥനയിൽമാത്രമെ തിരുവചനങ്ങൾ നമുക്കു ആസ്വദിക്കാനാവൂ.

ആരാണ്യകം

വേദത്തിൽ ബ്രാഹ്മണങ്ങൾ കഴിഞ്ഞുള്ള ഭാഗത്തിന് ആരണ്യകങ്ങൾ എന്നാണ് പറയുക. ഋഷിമാർ വനാന്തരങ്ങളിൽ ധ്യാനലീനരായിരുന്ന് ദിവ്യരഹസ്യങ്ങളെപ്പററി അഗാധമായി ചിന്തിച്ചപ്പോൾ കിട്ടിയ ആത്മീയജ്ഞാനമാണ് ആരണ്യകങ്ങളുടെ ഉള്ളടക്കം. ഏകാന്തവും ഏകാഗ്രവുമായ ചിന്തകൊണ്ടേ ആത്മീയയാഥാർത്ഥ്യങ്ങൾ തങ്ങളുടെ ആന്തരീകനയനങ്ങൾ കൊണ്ട് ധ്യാനത്തിൽ കണ്ടറിഞ്ഞിട്ടുള്ള ഋഷിമാരാണ് മുനികൾ. ഋഷി എന്നപദം ദൃശ് അഥവാ ദർശിക്കുക എന്ന ധാതുവിൽനിന്നും വരുന്നതാണ്. പുറമെ കുറെ ചെയ്തുകൂട്ടിയതുകൊണ്ടുമാത്രം കാര്യമാവില്ല. നാം ചെയ്യുന്നവയുടെ ആന്തരാർത്ഥങ്ങൾ വായിച്ചറിയുന്നതിനുള്ള ആത്മീയമായ ഉൾക്കണ്ണുവേണം. അല്ലെങ്കിൽ അർത്ഥമറിയാതെ കാര്യങ്ങൾ ചെയ്യുന്നവരെപ്പോലെയാകും നാം. അങ്ങനെയുള്ള പ്രവർത്തനരീതിക്ക ബുദ്ധിപൂർവ്വകമായ പ്രവർത്തനരീതി എന്നുപറയാനാവില്ല. ബുദ്ധിക്ക നാം ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന intellect എന്ന പദത്തിൻെറ അർത്ഥം, ഉള്ളിലേയ്ക്കിറങ്ങി ആന്തരീകാർത്ഥം വായിക്കുന്നതിനുള്ള കഴിവ് എന്നാണ്. ശബ്ദങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന ആത്മീയാർത്ഥമാണ് നാം വായിച്ചറിയേണ്ടത്. ശബ്ദങ്ങളുടെ പുറം സ്വരവും, അകം അർത്ഥവുമാണ്. സ്വരം കേട്ടതുകൊണ്ടുമാത്രം കാര്യമായില്ല. സ്വരം അഥവാ അക്ഷരം ഒന്നിനും ഉപകരിക്കുന്നില്ല. അക്ഷരങ്ങൾക്കുള്ളിലെ ആത്മാവായ അർത്ഥമാണ് നമ്മെ ആന്തരികമായി വളർത്തുക. അതുകൊണ്ട് ചെവികൊണ്ട് കേൾക്കാനുള്ള മനുഷ്യശബ്ദങ്ങളും, കണ്ണുകൊണ്ട് വായിക്കാനുള്ള അക്ഷരമുദ്രകളുംകൊണ്ട് ഒന്നുമായില്ല. അവയിൽ നിന്നെല്ലാംമാറി മൗനമായി മുനികളെപ്പോലെ മനനം അഥവാ ധ്യാനം ചെയ്യുമ്പോൾ ദൈവവചനത്തിൻെറ ആന്തരികമായ അർത്ഥം തെളിഞ്ഞുവരും. അതിനാൽ കാര്യങ്ങളുടെ ആന്തരാർത്ഥം ദർശിച്ച് ബുദ്ധിപരമായിജീവിക്കണമെങ്കിൽ ധ്യാനവും ആത്മീയചിന്തയും കൂടിയേ തീരൂ. സന്ന്യാസി ആത്മീയദർശനം സിദ്ധിച്ച ഋഷിയും മുനിയുമായിരിക്കണം.

ഉപനിഷത്ത്

വേദത്തിൻെറ അവസാനഭാഗമാണ് ഉപനിഷത്ത് അതിനാൽ അതിനു വേദാന്തം—വേദാന്തത്തിൻെറ അന്ത്യം—എന്നു പറയുന്നു. 'അരികെ ഭക്തിപൂർവ്വം ഇരിക്കുക' എന്നാണ് ഉപനിഷത്തെന്ന വാക്കിൻെറ അർത്ഥം. ശിഷ്യൻ ഗുരുവിന്നരികെ ഭക്തിപൂർവ്വം ഇരുന്ന് ഗുരുമുഖത്തു് നിന്നും നേടുന്ന ആത്മജ്ഞാനം എന്നാണ് ഇതിൻെറ ധ്വനി. നമുക്കു ഭക്തിപൂർവ്വം ധ്യാനലീനരായി ഇരിക്കാനുള്ളതു് നമ്മുടെ ഗുരുവായ യേശുവിൻെറ പാദാന്തികത്തിലാണ്. മറിയത്തെപ്പോലെ ശ്രദ്ധാപൂർവ്വം തിരുസന്നിധിയിൽ ചെന്നിരുന്ന് തിരുവചനങ്ങൾ സ്നേഹപൂർവ്വം ശ്രവിക്കുക. സംസാരത്തിൽ നിന്നും പുസ്തകങ്ങളിൽ നിന്നും കിട്ടുന്ന അറിവ് മാനുഷികമായതാണ്. പ്രാർത്ഥനയിൽ തിരുനാഥനെ കേട്ട് കിട്ടുന്ന അറിവ് ദിവ്യവും ആത്മീയവുമാണ്. നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിൽ, അയാളെക്കുറിച്ച് പുസ്തകങ്ങളിൽനിന്നു വായിച്ചും മററുള്ളവരോട് സംസാരിച്ചുമല്ല പ്രധാനമായി മനസ്സിലാക്കുക. അയാളോടുകൂടി സഹവസിച്ചും അയാളെ ശുശ്രൂഷിച്ചും അയാളോട് ഉള്ളുതുറന്ന് സംസാരിച്ചും ലഭിക്കുന്ന അറിവാണ് ശരിയായിട്ടുള്ളതും ആഴമായിട്ടുള്ളതും. അതുകൊണ്ടു് നാം യേശുവിനെക്കുറിച്ച് സംസാരിച്ചതുകൊണ്ടും വായിച്ചതുകൊണ്ടുമായില്ല. പ്രാർത്ഥനയിൽ അവിടത്തെ പാദാന്തികത്തിലിരുന്ന് അങ്ങേ തിരുവചനങ്ങൾ സ്നേഹപൂർവ്വം കേട്ട് ധ്യാനിക്കുകതന്നെ വേണം. പ്രാർത്ഥിക്കാത്ത മനുഷ്യൻെറ അറിവിനു് ആത്മീയമായ ആഴമുണ്ടാകില്ല. അതു് സ്വരങ്ങളിലും അക്ഷരങ്ങളിലുമായി ഒതുങ്ങിനില്ക്കും. പ്രാർത്ഥിക്കുന്ന മനുഷ്യനു്, ബാഹ്യമായി വളരെയേറെ അറിവില്ലെങ്കിൽ കൂടിയും, കാര്യങ്ങളുടെ ആന്തരാർത്ഥം കാണുന്നതിനുള്ള ഉൾക്കാഴ്ചയുണ്ടായിരിക്കും. വളരെയേറെ വിദ്യാഭ്യാസമില്ലാതിരുന്ന പല വിശുദ്ധർക്കും, നമുക്കുള്ളതിലേറെ ആത്മീയമായ കാഴ്ചയും അർത്ഥഗ്രഹണപാടവവും ഉണ്ടായിരുന്നതിൻെറ രഹസ്യമിതാണ്. ദൈവത്തെ അറിയാൻ ബുദ്ധിമാത്രം പോരാ, സ്നേഹവും കൂടി വേണം. സ്നേഹമില്ലാത്ത അറിവിനു ആഴമില്ല.

ജീവാത്മാവ്

മനുഷ്യാത്മാവിനു് ഉപനിഷത്തുക്കളിൽ ജീവാത്മാവ് എന്നു പറയുന്നു. നമ്മിൽ ജീവിക്കുന്ന ആത്മാവണതു്. ആത്മാവാണ് നമ്മിലെ ജീവാംശം. ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചാൽ പ്രയോജനമെന്തു് എന്നു് യേശു ചോദിക്കുന്നു. ശരീരത്തെ കൊല്ലുന്നവരെയല്ല നാം ഭയപ്പെടേണ്ടതു്. ആത്മാവിനെ നരകത്തിലേയ്ക്കു വിധിയ്ക്കുന്നതിനു ശക്തിയുള്ള ദൈവത്തെയാണു് നാം ഭയപ്പെടേണ്ടതു്. ആത്മാവിനു ഹാനികരമായ വിധത്തിൽ ശരീരത്തെ പ്രീണിപ്പിക്കുന്നതു് തെററാണു്. ശരീരത്തിന്റെ ജീവനു് അപ്പം വേണം. ആത്മാവിന്റെ അപ്പം യേശുവാണു്. തന്റെ ശരീരത്തെ യേശു എന്നും നമുക്കു നമ്മുടെ ആത്മാവിന്റെ ഭക്ഷണമായി നൽകുന്നു. ദിവ്യകാരുണ്യമാണ് ആത്മാവിന്റെ ഭക്ഷണം. ദിവ്യകാരുണ്യത്തോടു് നിനക്കു് അനല്പമായ ഭക്തിവേണം. കർബ്ബാന മുടങ്ങുന്നതായിരിക്കണം നിനക്കു ജീവിതത്തിലെ ഏററവും ദുഃഖകരമായ അനുഭവം. ദിവ്യകാരുണ്യസ്വീകരണാനന്തരമുള്ള നിമിഷങ്ങളെ ജീവിതത്തിലെ ഏററവും ആനന്ദപൂർണ്ണങ്ങളായ നിമിഷങ്ങളായി കരുതുക. കണ്ണുകളടച്ച്, യേശുവിനോടു് സ്നേഹസംഭാഷണം ചെയ്യുക. സ്നേഹത്തിന്റെയും വിശ്വാസത്തിന്റേയും ശരണത്തിന്റേയും പ്രകരണങ്ങൾ ശാന്തമായി ഉരുവിടുക. നിനക്കാവശ്യമുള്ളതെല്ലാം തിരുനാഥനോടു ചോദിക്കുക. നിന്റെ പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുള്ളവരെ പ്രത്യേകമായി ഓർക്കുക. നിന്റെ ജ്ഞാനസ്നാനവ്രതവും സന്ന്യാസവ്രതവും അവിടുത്തേയ്ക്കുള്ള സ്നേഹദാനമായി വീണ്ടും അർപ്പിക്കുക. പാപികൾ, രോഗികൾ, ഉപകാരികൾ, വൈദികൾ, നീ ശുശ്രൂഷിക്കുന്നവർ തുടങ്ങി എല്ലാവരേയും ഓർത്തു് പ്രാർത്ഥിക്കുക. നിന്റെ മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ, ബന്ധുമിത്രാദികൾ എന്നിവരെ പ്രത്യേകമായി അവിടുത്തെ കയ്യേല്പിക്കുക. അങ്ങനെ നിന്റെ ആത്മാവിന്റെ ജീവനായി യേശുവിനെ നീ അനുഭവിക്കുക. യേശു വാഴുന്നില്ലെങ്കിൽ, നിന്റെ ആത്മാവ് ജീവനററതായിരിക്കും.

പരമാത്മാവ്

നമ്മുടെ ആത്മാവിനുള്ളിൽ, ആത്മാവിൻെറ ആത്മാവായി— പരമാത്മാവായി—വാഴുന്നതു് ദൈവമാണു്. ദൈവത്തിൽ നിന്നാണു്, നിനക്കു നിൻെറ ആത്മാവിലേയ്ക്കു ജീവനും സ്നേഹവും പ്രകാശവും സ്വീകരിക്കാനുള്ളതു്. നമ്മെ സൃഷ്ടിച്ചിട്ടുള്ളതും പരിപാലിക്കുന്നതും ദൈവമാണു്. അതിനാൽ ദൈവത്തെ മറന്നു്, അവനവനുവേണ്ടി ജീവിക്കുന്നതിനേക്കാരം വലിയൊരു മൗഢ്യമില്ല. നമുക്കുള്ളവ മുഴുവൻ നാം ദൈവത്തിൽനിന്നും കൈക്കൊണ്ടിട്ടുള്ളതാണു്. അതിനാൽ അവ മുഴുവനും ദൈവത്തിൻേറതാണു്. നിനക്കു എന്തെല്ലാം അനുഗ്രഹങ്ങളാണു് ദൈവത്തിൽനിന്നും കിട്ടിയിട്ടുള്ളതെന്നു് ശാന്തമായി ആലോചിക്കുക. വാസ്തവത്തിൽ, നാം നമ്മുടെ ഭൂതകാലജീവിതത്തിലേയ്ക്കു ഒന്നു തിരിഞ്ഞു നോക്കുകയാണെങ്കിൽ, ദൈവത്തിനു നന്ദി പറയാനുള്ളവ മാത്രമെ നാം അവിടെ കാണുകയുള്ളൂ. നമ്മുടെ കുടുംബം, മാതാപിതാക്കന്മാർ, ക്രിസ്തീയ വിശ്വാസം, ദൈവവിളി, സന്ന്യാസ ജീവിതം, കൂദാശകരം തുടങ്ങിയ ദൈവദാനങ്ങളുടെ വില ആക്കാണു് നിർണ്ണയിക്കാൻ സാധിക്കുക! സന്ന്യാസത്തിൽ വന്ന ശേഷവും എത്രയോ അധികം നന്മകരം ദൈവം നിന്നിൽ വർഷിച്ചിരിക്കുന്നു. നിൻെറ നവസന്ന്യാസകാലത്തെപ്പററി ആലോചിച്ചു നോക്കുക. പ്രാർത്ഥനയുടെ സുമധുരനിമിഷങ്ങളിൽ എത്രയേറെ അനുഗ്രഹങ്ങളാണു് ദൈവം നിന്നിൽ വർഷിച്ചിട്ടുള്ളതു്. വാസ്തവത്തിൽ നീ അവയോടെല്ലാം വേണ്ടപോലെ സഹകരിച്ചിട്ടില്ലെന്നതാണു് വാസ്തവം. അതിനെക്കുറിച്ചു് ആത്മാർത്ഥമായി അനുതപിക്കുക. നന്ദിയും അനുതാപവും നീ വളരെ ശ്രദ്ധാപൂർവ്വം നിന്നിൽ വളർത്തിയെടുക്കേണ്ട രണ്ടു ഹൃദയഗുണങ്ങളാണു്. നന്ദിയുള്ളയാരം കിട്ടിയവകൊണ്ടു് തൃപ്തിപ്പെടാൻ പഠിച്ചിരിക്കും. ദൈവം ഇത്രയേറെ നിനക്കു നല്കിയിട്ടും, നീ ആഗ്രഹിക്കുന്ന ചെറിയൊരു കാര്യം കിട്ടാതെ വരുമ്പോരം ഇത്രയേറെ അസ്വസ്ഥത ഭാവിക്കുന്നതു വാസ്തവത്തിൽ വിചിത്രമായിരിക്കുന്നു!

തജ്ജലൻ

ദൈവത്തിനു ഉപനിഷത്തുക്കളിൽ പറയുന്നൊരു പേരാണ് തജ്ജലൻ എന്നതു്. ജ—ല—അൻ എന്ന മൂന്നു ധാതുക്കളിൽനിന്നാണ് ഈ നാമം രൂപീകരിച്ചിരിക്കുന്നതു്. ജ എന്നു വച്ചാൽ ജന്മം നല്കുന്നവൻ എന്നാണ് സൂചന. നമ്മെ സൃഷ്ടിച്ചിട്ടുള്ളതു് ദൈവമാണ്. ല എന്നുവച്ചാൽ ലയിപ്പിക്കുന്നവൻ എന്നർത്ഥം. നാമെല്ലാവരും മരിച്ച്, അവസാനം ലയിക്കാനുള്ളതു് ദൈവത്തിലാണ്. അൻ എന്നു വച്ചാൽ നിലനിറുത്തുന്നവൻ എന്നർത്ഥം. നമ്മെ പരിപാലിച്ച് ജീവിതത്തിൽ നിലനിറുത്തുന്നതും ദൈവമാണ്. നാം വന്നിട്ടുള്ളതു് ദൈവത്തിൽനിന്നു്; പോകുന്നതു് ദൈവത്തിലേയ്ക്കു്; നിലനില്ക്കുന്നതു് ദൈവത്തിൽ എന്നാണർത്ഥം. ആലോചിച്ചു നോക്കിയാൽ, നമ്മുടെ ജീവിതത്തെ മുഴുവനും സ്വാധീനിക്കേണ്ട മൂന്നു വലിയ സത്യങ്ങളാണിതെന്നു കാണാം. ദൈവത്തിൽനിന്നും നാം വന്നിരിക്കുന്നു. അതിനാൽ നമുക്കു സ്വന്തമായി യാതൊന്നുംതന്നെയില്ല. ദൈവമാണ് നമ്മുടെ സ്രോതസ്സ്. ദൈവവുമായുള്ള ബന്ധം അററുപോയാൽ, വേരററ ചെടിയെപ്പോലെ, നാം വാടിത്തളർന്നു പോകും. നാം ദൈവത്തിലേയ്ക്കു പോകുന്നു. അതിനാൽ, ദൈവത്തിലേയ്ക്കു നമ്മെ നയിക്കാത്തതെന്തും നിരർത്ഥകമാണ്. ദൈവത്തിൽനിന്നും നാം അകലുംതോറും, നാം നമ്മുടെ ലക്ഷ്യത്തിൽനിന്നും അകന്നു കഴിഞ്ഞു. പ്രാർത്ഥന, ആത്മീയാഭ്യാസങ്ങൾ എന്നിവയുടെ പ്രാധാന്യം ഇതിൽനിന്നും നമുക്കു മനസ്സിലാക്കാം. അവയിൽനിന്നും നാം അകലുന്ന തോതനുസരിച്ച്, ദൈവത്തിൽനിന്നും നാം അകലുന്നു. ദൈവത്തിൽനിന്നും അകലുന്ന ജീവിതം, വഴിതെററി തുറമുഖത്തുനിന്നും അകന്നകന്നു പോകുന്ന കപ്പൽ പോലെയാണ്. ശൂന്യതയിലേയ്ക്കും താഴ്ചയിലേയ്ക്കുമാണ് അതു് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന കാര്യം അതു് അറിയുന്നില്ലെന്നു മാത്രം. നാം നിലനിൽക്കുന്നതും ദൈവത്തിലാണ്. ദൈവം നമ്മെ താങ്ങുന്നില്ലെങ്കിൽ നാം വീണുപോകും. ദൈവം നമ്മെ ഒരു നാളും നിരസിക്കുകയില്ല. അവിടുത്തെ പരിപാലനയിൽ നിനക്കു് അനന്തമായ ശരണമുണ്ടാകണം.

സത്ത്

ദൈവത്തിൻെറ മൂന്നു പ്രധാന ലക്ഷണങ്ങൾ സത്ത്, ചിത്ത്, ആനന്ദം എന്നിവയാണ്. സത്ത് എന്നു വച്ചാൽ അസ്തിത്വം, ഉള്ളായ്മ എന്നെല്ലാമാണ് അർത്ഥം. വാസ്തവത്തിൽ നിലനില്ക്കുന്നത് ദൈവം മാത്രമാകുന്നു. ബാക്കിയുള്ളതെല്ലാം കഴിഞ്ഞു പോകുന്നു. കൊഴിഞ്ഞു വീഴുന്നതിനുവേണ്ടി വിടർന്നുനില്ക്കുന്ന പുഷ്പത്തെപ്പോലെയാണ് മനുഷ്യൻെറ നില. നമുക്ക അറിവ്, ആരോഗ്യം, സമ്പത്ത്, സുഖം ഇതെല്ലാം ഉണ്ടെന്നു കരുതി നാം സന്തോഷിക്കുന്നു. പക്ഷെ ഇതെല്ലാം ഓരോ ദിവസം കഴിയുംതോറും—നാം നമ്മുടെ മരണത്തിലേയ്ക്കു അടുക്കുന്നതിനനുസരിച്ച് — നമ്മിൽനിന്നും കൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. മരണംവഴി നമുക്ക ഇതിനോടെല്ലാം ഇന്നല്ലെങ്കിൽ നാളെ വിട വാങ്ങേണ്ടി വരും. ദൈവം മാത്രം അവസാനം നിലനില്ക്കും. നാം ദൈവത്തിൽനിന്നും വന്നു; ദൈവത്തിലേയ്ക്കുതന്നെ പോകണം. അതുകൊണ്ട് ലൗകികമായ സുഖസന്തോഷങ്ങൾക്കും ബഹുമാനങ്ങൾക്കുമിടയിൽ ദൈവത്തെ മറക്കാതിരിക്കുക. ദൈവത്തിൽ തൻെറ ശരണം മുഴുവനും വച്ചിട്ടുള്ളവൻ എന്നും നിലനില്ക്കും. വാസ്തവത്തിൽ ധനവും സുഖവും ഏറുന്നതിനനുസരിച്ച് മനുഷ്യൻ ദൈവത്തെ മറക്കുന്നു. ദുഃഖവും കഷ്ടപ്പാടുമുള്ളപ്പോഴാണ് പലപ്പോഴും നാം ദൈവത്തെ ഓർക്കുക. ആ നിലയ്ക്ക് ദുഃഖദുരിതങ്ങൾ നമുക്കു കുറെയൊക്കെ പ്രയോജനം നല്കുന്നവയാണ്. നിൻെറ ആശ്രയം മുഴുവനും കർത്താവിൽ വയ്ക്കുക. നിനക്കു ഒരു നാളും ദുഃഖിക്കേണ്ടി വരികയില്ല. സന്തോഷം ലഭിക്കുമ്പോൾ ഉടനെ കർത്താവിൻെറ പക്കലേയ്ക്കു ഓടുക. ബഹുമാനവും വിജയവും പ്രശംസയും ലഭിക്കുമ്പോൾ കർത്താവിൻെറ പക്കലേയ്ക്കു ഓടി, അവിടുത്തോടു നന്ദി പറയുക. അതെല്ലാം അവിടുത്തെ കരുണകൊണ്ടാണെന്നു് ഏറ്റുപറയുക. അവമൂലം നീ ദൈവത്തിൽനിന്നും അകന്നുപോകാതിരിക്കാനുള്ള അനുഗ്രഹത്തിന്നായി പ്രാർത്ഥിക്കുക. ദുഃഖവും പരാജയവും വന്നാലും അവിടുത്തെ പാദാന്തികത്തിൽ ശരണം തേടുക. കർത്താവിൻെറ ശക്തികൊണ്ട് നിനക്കു അവയെല്ലാം വിജയകരമായി നേരിടാൻ കഴിയും.

ചിത്ത്

ദൈവം എപ്പോഴും എല്ലാററിനേയും അറിഞ്ഞുകൊണ്ടിരിക്കുന്നു. ദൈവത്തിലുള്ള അറിവിനെയാണ് ചിത്ത് എന്നു പറയുന്നത്. നിന്നെ എപ്പോഴും ദൈവം കണ്ടുകൊണ്ടിരിക്കുന്നു. ദൈവത്തിൻെറ കണ്ണുകളിൽനിന്നും നിനക്കു ഒരിക്കലും മാറിയിരിക്കാൻ സാധിക്കുകയില്ല. നീ ഉറങ്ങിയാലും ഉണർന്നാലും അവിടുന്ന് നിന്നെ വീക്ഷിച്ചുകൊണ്ടാണിരിക്കുന്നത്. സദാ നീ ദൈവസന്നിധിയിലാണെന്ന സത്യം മറക്കാതിരിക്കുക. അതിനാൽ, ദൈവം നിന്നെ കാണുന്നില്ലെന്നു കരുതി, അവിടുത്തെ പ്രമാണങ്ങരം ലംഘിക്കുന്നതു മൗഢ്യമാണ്. ദൈവം നിന്നെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നതിനാൽ, അവിടുത്തെ പരിപാലനയിൽ നിനക്കു അനന്തമായ ശരണം വേണം. അവിടുന്ന് അറിയാതെ നിനക്കൊന്നും സംഭവിക്കുകയില്ല. ദൈവത്തെ സ്നേഹിക്കുന്നവക്കു എല്ലാം നന്മയ്ക്കായി മാത്രമെ സംഭവിക്കൂ. നിൻെറ ഭാവിയും ഭൂതവും, വത്തമാനകാലമെന്നതുപോലെ തന്നെ, അവിടുത്തേയ്ക്കറിയാം. അതിനാൽ, നിൻെറ കഴിഞ്ഞ കാലത്തിൽ നീ അവിടുത്തേയ്ക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള ഒരു ചെറിയ ത്യാഗംപോലും അവിടുന്നു മറക്കാതെ ഓമ്മിച്ചുകൊണ്ടിരിക്കും. ദൈവത്തിനുവേണ്ടി നാം ചെയ്തിട്ടുള്ള നിസ്സാരമായൊരു ത്യാഗംപോലും വ്യഥാവിലാവില്ല. നിൻെറ ഭാവിയും ദൈവം അറിഞ്ഞുകൊണ്ടിരിക്കുന്നു. നിന്നെ അനന്തമായി സ്നേഹിക്കുന്ന ദൈവമാണവിടുന്ന്. അതിനാൽ, നീ അവിടുത്തെ ഉപേക്ഷിക്കാത്തിടത്തോളം കാലം അവിടുന്നു എന്നും നിന്നോടുകൂടി ഉണ്ടായിരിക്കും എന്നു നിനക്കു ഉറപ്പായിരിക്കാം. ദൈവം എല്ലാം അറിയുന്നതിനാൽ, എല്ലാം ദൈവത്തിൻെറ കരങ്ങളിൽ ഏല്പിച്ച്, അങ്ങിൽ ശരണമുള്ളവനായിരിക്കുക. എന്തെല്ലാം സംഭവിച്ചാലും, ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ലെന്നു് ഉറപ്പായി വിശ്വസിക്കുക.

ആനന്ദം

ദൈവത്തിൻെറ മൂന്നാമത്തെ ലക്ഷണം ആനന്ദമാണ്. എല്ലാനന്മകളുടേയും നിറവാണ് ദൈവം. അങ്ങിൽ ദുഃഖത്തിനു കാരണമൊന്നുമില്ല. ദൈവത്തെ നേടുന്നതുകൊണ്ടു മാത്രമേ യഥാൎത്ഥമായ ആനന്ദമുണ്ടാകൂ. ദൈവത്തെ സ്നേഹിക്കുന്നതും സേവിക്കുന്നതുമൊഴികെ ബാക്കിയുള്ളതെല്ലാം മായയാണ്. നാം നമുക്കുവേണ്ടിയും നമ്മുടെ സുഖസന്തോഷങ്ങൾക്കുവേണ്ടിയും ചെയ്യുന്നതിൻെറ നൂറിലൊരംശം ദൈവത്തിനുവേണ്ടി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ നാം അനുഭവിക്കുന്നതിൻെറ ആയിരം ഇരട്ടി ആത്മീയാനന്ദം നാം അനുഭവിക്കുമായിരുന്നു. ദൈവത്തിനുമാത്രമേ നമ്മുടെ ഹൃദയത്തിനു ശരിയായ ആനന്ദം നൽകുവാൻ സാധിക്കൂ. ദൈവത്തെ കാണുന്നതുകൊണ്ടുമാത്രമെ കണ്ണു തൃപ്തിപ്പെടൂ; ദൈവത്തെ കേൾക്കുന്നതുകൊണ്ടുമാത്രമെ കാതുകൾക്കു സ്വസ്ഥത ലഭിക്കൂ. ദൈവത്തെ ഉൾക്കൊള്ളുന്നതുകൊണ്ടുമാത്രമെ ഹൃദയത്തിനു നിറവുണ്ടാകൂ. ലൌകിക ഭാഗ്യങ്ങളെക്കൊണ്ട് ഹൃദയം നിറയ്ക്കാമെന്നു കരുതുന്നതു്, കത്തുന്ന തീ കെടുത്താമെന്നു കരുതി എണ്ണ കോരി ഒഴിക്കുംപോലെയാണ്. ജഡികസന്തോഷങ്ങൾ അനുഭവിക്കുംതോറും അവയ്ക്കുവേണ്ടിയുള്ള ആൎത്തി കൂടിക്കൂടി വരും. ഹൃദയത്തിൻെറ അസ്വസ്ഥതയും ഏറിഏറിവരും. ദൈവത്തിൽ ആനന്ദിക്കുവാൻ പഠിക്കുക. അതിനുള്ള പ്രധാനമായൊരു മാർഗ്ഗം പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ നിമിഷങ്ങൾ യഥാർത്ഥത്തിൽ നിനക്കു ആത്മീയമായ ആനന്ദത്തിൻെറ നിമിഷങ്ങളായിരിക്കണം. എല്ലാററിൽ നിന്നും വേർതിരിഞ്ഞു് മനസ്സിനെ ദൈവത്തിൽ ഏകാഗ്രമായി കാക്കുക. ദൈവം നിന്നോട് സംസാരിക്കട്ടെ. അവിടുത്തെ തിരുമുഖത്തിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുക. കർത്താവിൻെറ കരുണകൊണ്ട് നിൻെറ ഹൃദയം നിറയും. അപാരമായ ആനന്ദം നീ അനുഭവിക്കും.

പഞ്ചകോശം

അഞ്ച് കോശങ്ങൾക്കുള്ളിൽ മറഞ്ഞാണ് ദൈവം വസിക്കുന്നതെന്ന് ഉപനിഷത്തുകൾ പറയുന്നു. അന്നമയ കോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം എന്നിവയാണവ. ഒന്നിനുള്ളിൽ മററൊന്നായി നില്ക്കുന്ന അഞ്ച് വൃത്തങ്ങളായി ഇവയെ സങ്കല്പിക്കാം. ഏററവും പുറമെയുള്ളത് അന്നമയകോശമാണ്. മണ്ണ് തുടങ്ങിയ ധാതുക്കളുടെ മണ്ഡലമാണത്. അവയെയാണല്ലോ അന്നമായി അഥവാ ഭക്ഷണമായി സസ്യങ്ങൾ വലിച്ചെടുക്കുന്നത്. അതിനു മീതെ പ്രാണൻ അഥവാ ജീവനുള്ള സസ്യങ്ങളുടെ തലമാണ്. അതിനും മീതെ മനസ്സ് അഥവാ അറിയാനുള്ള കഴിവുള്ള മൃഗങ്ങളുടെ മണ്ഡലം. അതിനും മീതെ വിജ്ഞാനമുള്ള മനുഷ്യരുടെ മണ്ഡലം. അതിനും മീതെ സദാ സ്വർഗ്ഗീയാനന്ദത്തിൽ കഴിയുന്ന വാനാരൂപികളുടെ മണ്ഡലം. അതിനും ഉള്ളിലാണ് ദൈവത്തിൻെറ വാസം. വാനാരൂപികൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കും സസ്യങ്ങൾക്കും ധാതുക്കൾക്കും അസ്തിത്വവും ജീവനും നല്കുന്നത് ദൈവമാണ്. ദൈവത്തിലെത്തണമെങ്കിൽ ഈ പടികളെല്ലാം കടന്നുകടന്ന് നാം യാത്രചെയ്യണം. മണ്ണും മരവും മൃഗവും മനുഷ്യനും മാലാഖയും ഓരോരോ തരത്തിൽ ദൈവത്തിൻെറ പ്രതിബിംബനമാണ്. അവയിലെല്ലാം നാം ദൈവത്തെ കാണണം. അവയിൽ നിന്നും നാം ദൈവത്തിലേയ്ക്കു ഉയരണം. സൃഷ്ടികൾ സ്രഷ്ടാവിലേയ്ക്കുള്ള നമ്മുടെ നീക്കത്തിനു തടസ്സമായി നിന്നുകൂടാ. സൃഷ്ടികളോടുള്ള സ്നേഹംമൂലം നാം സൃഷ്ടാവിനെ മറക്കാനിടവരരുത്. എല്ലാററിൻേറയും ഉള്ളിൽ അവയുടെ ശക്തിയും ചൈതന്യവുമായി വാഴുന്നത് ദൈവമാണ്. ആ ദൈവത്തെ എല്ലാററിലും ദർശിക്കുക. ലോകം മുഴുവനും ദൈവത്തെ സ്തുതിക്കുന്നു. പാട്ടുപാടുന്ന പക്ഷിയും, വിടർന്നുനില്ക്കുന്ന പുഷ്പവും, ഉദിച്ചുവരുന്ന സൂര്യനും, മിന്നിത്തെളിയുന്ന നക്ഷത്രങ്ങളും, ആർത്തുവരുന്ന പേമാരിയും, ശാന്തമായൂതുന്ന ഇളം തെന്നലും എല്ലാം ദൈവത്തിൻെറ മഹിമകൾ വാഴ്ത്തുന്നു. നീ മാത്രം ഇവയെല്ലാം കണ്ടിട്ടും അവിടുത്തെ സ്തുതിക്കാതിരിക്കുന്നുവോ?

അന്തര്യാമി

നമ്മുടെ ആത്മാവിനുള്ളിൽ ദിവ്യാതിഥിയായി വസിക്കുന്ന ദൈവത്തിനാണ് അന്ത്യര്യാമി എന്നു പറയുന്നതു്. പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മുടെ ആത്മാവിനുള്ളിൽ വസിക്കുന്നു. നമ്മുടെ ശരീരം ദൈവത്തിൻെറ ആലയമാണ്. ആ പരിശുദ്ധിയോടുകൂടി വേണം നാം ശരീരത്തെ വീക്ഷിക്കേണ്ടതും, ശരീരത്തിൽ ജീവിക്കേണ്ടതും. മററുള്ളവരും ദൈവത്തിൻെറ ജീവനുള്ള ആലയങ്ങളാംതന്നെ. അതിനാൽ എല്ലാ മനുഷ്യരോടും നമുക്കു അനല്പമായ ബഹുമാനം വേണം. നിൻെറ ഹൃദയത്തിൽ വാഴുന്ന ദൈവത്തിലേയ്ക്കു ഇടക്കിടെ നിൻെറ മനസ്സിനെ ഉയർത്തുക. അവിടുത്തെ ആരാധിക്കുക; സ്നേഹിക്കുക; വിശ്വാസത്തിൻെറയും ശരണത്തിൻെറയും പ്രകരണങ്ങൾ ഇടക്കിടെ അവിടുത്തേയ്ക്കു അർപ്പിക്കുക. അവിടുന്നു നിൻെറ ഉള്ളിൽ വസിച്ച്, നിൻെറ അകവും പുറവും ഒരുപോലെ കണ്ടുകൊണ്ടിരിക്കുന്നു. അതിനാൽ ഒന്നും തന്നെ നിനക്കു അവിടുത്തെ ദിവ്യദൃഷ്ടികളിൽനിന്നു മറക്കാനാവില്ല. ദൈവം നിൻെറ ഉള്ളിൽ വസിക്കുന്നുവെന്നതു് എത്രയോ സമാശ്വാസകരമായൊരു ചിന്തയാണ്. നിൻെറ സൃഷ്ടിച്ച ദൈവം, രക്ഷിക്കുന്ന ദൈവം, നിൻെറ ആനന്ദവും സൗഭാഗ്യവുമായ ദൈവം, ഒരുനാളും നിന്നെ പിരിയാതെ, നിന്നോടുള്ള സ്നേഹമൊന്നുകൊണ്ടു മാത്രം, നിൻെറ ഹൃദയത്തിൽ രാപകൽ എഴുന്നുള്ളിയിരിക്കുന്നു. ആ ദൈവത്തെ നീ മറന്നു് കളയുന്നതു് എത്രയോ പരിതാപകരമാണ്. ഇടയ്ക്കിടയ്ക്കു നിൻെറ ഹൃദയനാഥനായി വാഴുന്ന ദിവ്യാതിഥിയെ സ്നേഹപൂർവ്വം ഓർമ്മിക്കുക. നിൻെറ എല്ലാ പ്രവൃത്തികളേയും അവിടുത്തേയ്ക്കു കാഴ്ചവയ്ക്കുക. പരാജയങ്ങളിൽ അങ്ങിൽനിന്നും ആശ്വാസം തേടുക; വിജയങ്ങളിൽ അങ്ങേയ്ക്കു നന്ദി പറയുക. തെററുപററിയാൽ അവിടുത്തോട് മാപ്പ് ചോദിക്കുക. 'എൻെറ കർത്താവെ, എൻെറ ദൈവമെ!' എന്ന ദിവ്യമന്ത്രം ഇടക്കിടയ്ക്കു് മനസ്സാ ഉരുവിടുക. ദൈവം നിന്നിൽ വസിക്കുന്നുവെന്ന ചിന്ത നിൻെറ വാക്കിലും വിചാരത്തിലും വ്യാപാരത്തിലും അത്ഭുതാവഹമായ മാററമുണ്ടാക്കും.

അപരവിദ്യ

യുക്തികൊണ്ടു് നാം നേടുന്ന ശാസ്ത്രീയമായ അറിവിനാണു് അപരവിദ്യ എന്നു പറയുക. ഗണിതം, ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ മാനുഷിക വിജ്ഞാനങ്ങളെല്ലാം ഇതിൽപ്പെടും. പക്ഷെ, ഇവയെല്ലാം നേടിയതുകൊണ്ടു മാത്രമായില്ല. ഇന്നല്ലെങ്കിൽ നാളെ ഈ വിജ്ഞാനങ്ങളെല്ലാം നമ്മെ പരാജയപ്പെടുത്തിക്കളയും. നാം ഒരു വീടു് പണിയുന്നുവെന്നു കരുതുക. അതിൻെറ പണിക്കു് കെട്ടിടനിർമ്മാണശാസ്ത്രം, വിദ്യുച്ഛക്തിയെക്കുറിച്ചുള്ള ശാസ്ത്രം തുടങ്ങി അനേകമനേകം ശാസ്ത്രങ്ങൾ നാം ഉപയോഗപ്പെടുത്തുന്നുണ്ടു്. ഈ ശാസ്ത്രങ്ങളെല്ലാം ഉപയോഗപ്പെടുത്തി ഒരു കെട്ടിടം പണിതുതീർത്താൽ, നമുക്കു താമസിക്കാനായി ഒരു കെട്ടിടമുണ്ടാകുമെന്ന ധാരണയാണു് നമുക്കുള്ളതു്. പക്ഷെ ഇതു ശരിയല്ല. മേല്പറഞ്ഞ വിദ്യകളെല്ലാം ഉപയോഗിച്ചു് നാം പണുത കെട്ടിടത്തിൽ ഒരു ദിവസം നമുക്കു താമസിക്കാനാവാതെ വരും. നാം മരിച്ചു കഴിയുമ്പോൾ നമ്മെ അവിടെനിന്നു നീക്കംചെയ്യുന്നതിനു ആളുകൾ ധൃതികൂട്ടും. ഇവിടെ നമ്മുടെ വിദ്യകൾ നമ്മെ പരാജയപ്പെടുത്തുന്നു. അതിനാലാണു് മാനുഷികശാസ്ത്രങ്ങൾ—അപരവിദ്യകൾ—പ്രയോഗിച്ചതുകൊണ്ടുമാത്രം ആകുകയില്ലെന്നു പറയുന്നതു്. ഈ വിദ്യകൾക്കു ഉപരിയായി മറെറാരു വിദ്യ വേണം. അതാണു് അപരവിദ്യ. ദൈവത്തിനു നമ്മോടു പറയാനുള്ള കാര്യങ്ങൾ മനസ്സിലാക്കി, ആ വിദ്യക്കു അനുസരിച്ചു് ജീവിക്കുന്നതാണു് അപരവിദ്യ. നാം പണിത കെട്ടിടത്തെക്കുറിച്ചു് ദൈവത്തിനു പറയാനുള്ള കാര്യം എന്താണു്! അതു് നാം ദൈവത്തിനുവേണ്ടിയും മനുഷ്യർക്കുവേണ്ടിയും പ്രയോജനപ്പെടുത്തണം എന്നതാണതു്. അതിൽ നാം ജീവിക്കുന്നതു് ദൈവത്തിൻേറയും മനുഷ്യരുടേയും കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും ദൈവത്തിനും മനുഷ്യർക്കുംവേണ്ടി സഹിക്കാനും ദൈവത്തെയും മനുഷ്യരേയും ശുശ്രൂഷിക്കാനുമായിരിക്കണം. ഇങ്ങനെയുള്ളവർ മരിച്ചാലും, ദൈവവും മനുഷ്യരും അവരെ മറക്കാതെ, തങ്ങളുടെ ഹൃദയത്തിൽ ഓർമ്മിച്ചുകൊള്ളും. കെട്ടിടം നശിച്ചാലും അവർ ദൈവത്തിൻേറയും മനുഷ്യരുടേയും ഹൃദയങ്ങളിൽ ജീവിക്കും. അതാണു് അപരവിദ്യയുടെ ശക്തി.

പരവിദ്യ

ബ്രഹ്മവിദ്യയാണ് പരവിദ്യ എന്നു പറയുന്നത്. എല്ലാ വിദ്യകളുടേയും അടിസ്ഥാനം ബ്രഹ്മവിദ്യയാണ്. ബ്രഹ്മം എന്ന വാക്കിനു ദൈവവചനം എന്നാണർത്ഥം. ദൈവവചനത്തിലൂടെ അവിടുന്ന് നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്ന അറിവാണിത്. ദൈവവചനം യേശുവാണ്. അതിനാൽ യേശുവിനെ അറിയുന്നതാണ് പരവിദ്യ. യേശുവിനെ അറിയാത്തവൻ അന്ധകാരത്തിൽ നടക്കുന്നു. എന്തെല്ലാം ശാസ്ത്രങ്ങൾ പഠിച്ചാലും, അവയെല്ലാം അവസാനം നമ്മെ പരാജയപ്പെടുത്തിക്കളയും. വൈദ്യശാസ്ത്രം മനുഷ്യനെ ജീവിപ്പിക്കുന്നുവെന്നു നാം പറയുന്നു. പക്ഷെ, നമ്മെ കുറച്ചുനാൾ കൂടി ജീവിപ്പിച്ച് വീണ്ടും മരണത്തിനു ഏൽപ്പിച്ചുകൊടുക്കാനേ അതിനു കഴിയൂ. മരണത്തിന്റെ മുമ്പിലും മനസ്സിടിയാതെ നില്ക്കാൻ നമ്മെ സഹായിക്കുക യേശുവിനെക്കുറിച്ചുള്ള അറിവും സ്നേഹവുമാണ്. യേശുവിന്റെ വചനം ഗ്രഹിച്ച്, അതിനെ സ്നേഹിച്ച് ജീവിച്ചിട്ടുള്ളവർ മരിച്ചാലും ജീവിക്കും. യേശുവാണ് നമ്മുടെ വിജ്ഞാനം. സുവിശേഷങ്ങളിലൂടെ മാത്രമെ നമുക്കു യേശുവിനെ അറിയാൻ സാധിക്കൂ. സുവിശേഷങ്ങളെക്കുറിച്ചുള്ള അജ്ഞത യേശുവിനെക്കുറിച്ചുള്ള അജ്ഞതയാണ്. സുവിശേഷങ്ങളെ നാം നിരന്തരമായ ധ്യാനത്തിനും പഠനത്തിനും വിഷയമാക്കുക. അനുദിനം സുവിശേഷത്തിൽ നിന്നും ഏതെങ്കിലുമൊരു ഭാഗം വായിക്കുക. ആ ഭാഗത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവത്തിൽ നീയും പങ്കുകൊള്ളുന്നതായി സങ്കൽപ്പിക്കുക. യേശുവിനെ അവിടെ ആത്മനാ ദർശിക്കുക. അതേപ്പററി ചിന്തിച്ചശേഷം നിന്റെ മനസ്സിൽ വരുന്ന വികാരങ്ങൾ ചെറിയ ചെറിയ പ്രകരണങ്ങളാക്കി യേശുവിന്റെ മുമ്പിൽ ചൊല്ലുക. സ്നേഹം, ശരണം, വിശ്വാസം, നന്ദി, പശ്ചാത്താപം, ആരാധന, സ്തുതി, യാചന എന്നിവയുടെ പ്രകരണങ്ങൾ ശാന്തമായി ബോധപൂർവ്വം ഹൃദയത്തിൽ ഉരുവിട്ടുകൊണ്ടിരിക്കുക. ഇങ്ങനെ സുവിശേഷങ്ങൾ മുഴുവനും ധ്യാനിച്ചുതീർക്കുക. യേശുവിനെക്കുറിച്ചുള്ള ജ്ഞാനം നീ അറിയാതെത്തന്നെ നിന്നിൽ ആഴപ്പെട്ടുവരുന്നതായി നീ അനുഭവിക്കും.

ഈശോ

അദൃശ്യനായ ദൈവത്തിൻെറ ദൃശ്യമായ രൂപത്തിനാണ് ഈശോ എന്നുപറയുന്നത്. ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ ഈശോ യേശുവാണ്. യേശുവിലാണ് അദൃശ്യനായ ദൈവം അവതരിച്ചിരിക്കുന്നത്. ദൈവത്തെ ആരും കണ്ടിട്ടില്ല. പക്ഷെ യേശുവിനെ കാണുന്നവൻ പിതാവിനെ കാണുന്നു. ദൈവത്തെ ആരും കേട്ടിട്ടില്ല. യേശുവിനെ കേൾക്കുന്നവൻ പിതിവിനെ കേൾക്കുന്നു. യേശു കർത്താവും ദൈവവുമാകുന്നു; നമ്മുടെ സ്രഷ്ടാവും രക്ഷകനുമാകുന്നു. യേശുവിൻെറ മുമ്പിൽ നീ നില്ക്കുമ്പോൾ ദൈവത്തിൻെറ മുമ്പിൽത്തന്നെയാണ് നീ നില്ക്കുന്നത്. യേശുവിനെ നീ കേൾക്കുമ്പോൾ ദൈവത്തെത്തന്നെ നീ കേൾക്കുന്നു. യേശുവിനെ ഉൾക്കൊള്ളുമ്പോൾ ദൈവത്തെത്തന്നെ നീ ഉൾക്കൊള്ളുന്നു. യേശുവിനോട് സംസാരിക്കുമ്പോൾ ദൈവത്തോടുതന്നെ നീ സംസാരിക്കുന്നു. വാസ്തവത്തിൽ നാം ദിവ്യകാരുണ്യ സന്നിധിയിൽ നില്ക്കുന്ന നിമിഷങ്ങൾ എത്രയോ ഭാഗ്യപ്പെട്ടവയാണ്. ദൈവത്തിൻെറ മുമ്പിൽ നില്ക്കാൻ കഴിയുക! അവിടുത്തെ ഉൾക്കൊള്ളാൻ കഴിയുക! അവിടുത്തെ ശ്രവിക്കാനും അവിടുത്തോടു സംസാരിക്കാനും കഴിയുക. ഈ ഭൂമിയെ സ്വർഗ്ഗമാക്കിപ്പകർത്തുന്ന ദിവ്യാത്ഭുതമാണ് പരിശുദ്ധ കർബ്ബാന. എന്നിട്ടും, നാം ഈ മഹാരഹസ്യത്തെ വേണ്ടവിധം വിലമതിക്കുന്നില്ലതന്നെ. ദിവ്യകാരുണ്യസന്നിധിയിൽ നില്ക്കുന്നത് നമുക്ക് മടുപ്പായി തോന്നുന്നു; ദിവ്യകാരുണ്യം സ്വീകരിച്ചിട്ടും നാം ആത്മീയമന്ദതയിൽ കഴിയുന്നു. ദിവ്യനാഥനോട് നമുക്കൊന്നും പറയാനില്ലാത്തവണ്ണം നാം അന്യവിചാരങ്ങളിൽ ചിലവഴിക്കുന്നു. അവിടുത്തോട് നമുക്കൊന്നും ചോദിച്ചുവാങ്ങാനില്ലാത്തവണ്ണം, നാം അശ്രദ്ധരായിക്കഴിയുന്നു. ദിവ്യകാരുണ്യത്തിൻെറ മഹിമയും രഹസ്യവും നാം വേണ്ടവിധം മനസ്സിലാക്കിയിരുന്നെങ്കിൽ! ഭൂമിയിൽ നാം ചെലവഴിക്കുന്ന നിമിഷങ്ങളിൽ ഏററവും വിലപിടിച്ചത്, ദിവ്യകാരുണ്യസന്നിധിയിൽ നാം കഴിക്കുന്ന സമയമത്രെ. വാസ്തവത്തിൽ സ്വർഗ്ഗീയമായ നിമിഷങ്ങൾ തന്നെയാണത്.

കർമ്മാധ്യക്ഷൻ

നാം ചെയ്യുന്ന എല്ലാ കർമ്മങ്ങളുടെയും അധ്യക്ഷനായി നമ്മുടെ ഹൃദയത്തിൽ വാഴുന്നതു് ദൈവംതന്നെയാണു്. നമ്മുടെ പ്രാണൻ അവിടുന്നു് പിൻവലിക്കുന്ന നിമിഷത്തിൽ നാം വീണുപോകും. ദൈവമാണു് നമ്മുടെ പ്രവർത്തനങ്ങൾക്കിടയിലെ ജീവശക്തി. അതിനാൽ ദൈവത്തിനു യോജിച്ച പ്രവർത്തനങ്ങളേ നമ്മിലുണ്ടാകാവൂ. ദൈവത്തിൽനിന്നും മാറി, നാം നമുക്കുവേണ്ടിത്തന്നെ ജീവിക്കുന്നതും പ്രവർത്തിക്കുന്നതുമാണു് പാപം. അങ്ങനെയുള്ള ജീവിതവും പ്രവർത്തനവും ഒരുനാളും വിജയിക്കുകയില്ല. കാരണം, അപ്പോൾ നമ്മുടെ പ്രവർത്തനങ്ങളുടെ ശക്തികേന്ദ്രമായ ദൈവത്തിൽനിന്നും നാം അകന്നു പോയിരിക്കുന്നു എന്നതുതന്നെ. അതിനാൽ, ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു മാത്രമേ ശരിയായി പ്രവർത്തിക്കുവാൻ സാധിക്കൂ. ദൈവത്തോട് നാം ഐക്യപ്പെടുന്നതു് പ്രാർത്ഥന വഴിയാണു്. അതിനാൽ പ്രാർത്ഥനയില്ലാത്ത പ്രവർത്തനമൊന്നും വിജയിക്കുകയില്ല. പലപ്പോഴും നാം പ്രവർത്തനങ്ങളുടെപേരിൽ പ്രാർത്ഥന ഉപേക്ഷിച്ചുകളയുന്നു. അതു് എണ്ണയില്ലാതെ വിളക്കു കത്തിക്കുന്നതു പോലെയാണു്. തിരി അല്ലെങ്കിൽ നാട കുറച്ചുനേരത്തേയ്ക്കു കത്തുന്നതായി നമുക്കു തോന്നിയേക്കാം. പക്ഷെ കത്തി നശിക്കുന്നതിനുവേണ്ടി തിരി സ്വയം എരിയുക മാത്രം ചെയ്യുന്നു. നമ്മുടെ കർമ്മങ്ങളുടെ നാഥനായി ദൈവം നമ്മിൽ വാഴുന്നതിനാൽ, കർമ്മങ്ങളെല്ലാം ദൈവത്തിനുള്ള അർപ്പണമായി നാം ചെയ്യണം. ഏതുകർമ്മം ചെയ്യുമ്പോഴും ദൈവത്തെ ഓർക്കുക. ദൈവസ്തുതിക്കായിമാത്രം അതു് ചെയ്യുക. പരാജയമുണ്ടായാൽ, നിന്റെ കുററമായി ഏററു് പറഞ്ഞു്, ദൈവത്തിൽനിന്നും പൊറുതി അപേക്ഷിക്കുക. പരാജയത്തിനുള്ള കാരണം ആത്മശോധനചെയ്തു് കണ്ടുപിടിച്ചു്, അതു് തിരുത്തുന്നതിനായി പരിശ്രമിക്കുക. വിജയമുണ്ടായാൽ, അതിനു് ദൈവത്തെ സ്തുതിച്ചു് അവിടുത്തേയ്ക്കു നന്ദി പറയുക. ഇങ്ങനെയുള്ള മനുഷ്യരാണു്, തങ്ങളുടെ കർമ്മങ്ങൾക്കിടയിലെ യഥാർത്ഥ ശക്തിയായി ദൈവത്തെ അംഗീകരിക്കുന്നതു്. അവരിലൂടെ ദൈവം പ്രവർത്തിക്കും.

ജാഗരണം

ജാഗരണം, സ്വപ്നം, സുഷുപ്തി, തുരീയം എന്നിങ്ങനെ നാലു തലങ്ങളിൽ ആത്മാവ് സ്ഥിതി ചെയ്യുന്നതായി ഭാരതീയർ പറയുന്നു. നാം ഉണർന്നിരിക്കുന്ന അവസ്ഥയാണ് ജാഗരണം. ഉറക്കത്തിൽ സ്വപ്നം കാണുന്ന സമയമാണ് രണ്ടാമത്തേത്. സ്വപ്നമില്ലാതെ ഗാഢനിദ്രയിൽ ഉറപ്പെട്ടിരിക്കുന്ന അവസ്ഥയാണ് സുഷുപ്തി. ദൈവവുമായി ഒന്നിക്കുന്ന നിലയാണ് തുരീയം. ഉണർന്നിരിക്കുന്ന അവസ്ഥയിൽ നമ്മുടെ മനസ്സ് പലപ്പോഴും ദൈവത്തിൽനിന്നും മാറി, ഭൗതിക വസ്തുക്കളിൽ ലയിച്ചിരിക്കും. അതിനാൽ ഈ അവസ്ഥയെ, ദൈവത്തിൽനിന്നും നാം ഏററവും അകന്നിരിക്കുന്ന അവസ്ഥയുടെ പ്രതീകമായി ഭാരതീയർ കണക്കാക്കുന്നു. നാം ഉണർന്നിരിക്കുന്നു, പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടെല്ലാം, നാം ദൈവത്തോടു ഐക്യപ്പെട്ടാണ് ഇരിക്കുന്നത് എന്നു വരുന്നില്ല. പലപ്പോഴും, നാം ജീവിക്കുന്നതും പ്രവർത്തിക്കുന്നതും നമ്മുടെ കാര്യം നോക്കാൻവേണ്ടി മാത്രമായി അധഃപതിക്കുന്നു. നമ്മുടെ സുഖം, സന്തോഷം, സംതൃപ്തി, പ്രശസ്തി, സൗകര്യം, വളർച്ച എന്നിവയുടെ കാര്യത്തിലാണ് നമുക്കു കൂടുതൽ വ്യഗ്രത. നാം നമ്മെത്തന്നെ മറന്ന്, ദൈവത്തിൻേറയും മററുള്ളവരുടേയും സുഖത്തിലും സന്തോഷത്തിലുമാണ് കൂടുതൽ വ്യഗ്രതകാണിക്കേണ്ടതു്. അതിനുവേണ്ടിയായിരിക്കണം നാം ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും. അല്ലാതെ നാം നമുക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ, ജീവിക്കുന്നതുകൊണ്ടും പ്രവർത്തിക്കുന്നതുകൊണ്ടും നാം ദൈവത്തിൽനിന്നും മററുള്ളവരിൽനിന്നും കൂടുതൽ അകന്ന് പോകുകയേയുള്ളൂ. പ്രവർത്തനങ്ങൾക്കു നമ്മെ ദൈവത്തോടും മററുള്ളവരോടും അടുപ്പിക്കുന്നതിനുള്ള ശക്തിയുണ്ട്; അതുപോലെതന്നെ, നമ്മെ ദൈവത്തിൽനിന്നും മററുള്ളവരിൽനിന്നും അകററുന്നതിനുള്ള ശക്തിയുമുണ്ട്. അതുകൊണ്ട് കുറെ പ്രവർത്തിച്ചതുകൊണ്ടു മാത്രമായില്ല; ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തെപ്രതി പ്രവർത്തിക്കണം. ഇതു് സാധിക്കണമെങ്കിൽ അവനവനെത്തന്നെ മറക്കാൻ നാം പഠിക്കണം.

സ്വപ്നം

സ്വപ്നമാണ് ആത്മാവിൻെറ രണ്ടാമത്തെ അവസ്ഥ. സ്വപ്നങ്ങൾ നമ്മെ വേറൊരു ലോകത്തിലേയ്ക്കു ആനയിക്കുന്നു. സ്വപ്നലോകം യഥാർത്ഥലോകമല്ല. സ്വപ്നത്തിൽ കാണുന്ന ദൃശ്യങ്ങൾ, നാം കണ്ണുകൾ തുറക്കുന്നതോടെ അപ്രത്യക്ഷമാകുന്നു. അതിനാൽ സ്വപ്നാവസ്ഥയും യഥാർത്ഥത്തിലുള്ള അവസ്ഥയല്ല. നാം പലപ്പോഴും യഥാർത്ഥ്യങ്ങളുടെ ലോകത്തിൽ നിന്നും മാറി, ഒരു തരം സ്വപ്നലോകത്തിൽ കഴിയാറുണ്ട്. സ്വപ്നങ്ങൾ പലപ്പോഴും സുന്ദരഭാവനകളുടെതായ ഒരു ലോകം മാത്രമാണ്. ''നാം ദൈവത്തെ സ്നേഹിക്കുന്നു; ദൈവത്തിനു വേണ്ടി എല്ലാം ഉപേക്ഷിച്ചിരിക്കുന്നു; നാം പ്രാർത്ഥനയുടേയും ത്യാഗത്തിൻെറയും മനുഷ്യരാണ്: വിനയവും ദാരിദ്ര്യവുമാണ് നാം ആഗ്രഹിക്കുന്നതു്. നമ്മെത്തന്നെ മറന്നു് മററുള്ളവർക്കു വേണ്ടി ജീവിക്കുന്നതിലാണ് നമ്മുടെ ആനന്ദം''—ഇങ്ങനെയെല്ലാം നാം വിചാരിക്കുകയും പറയുകയും ചെയ്യാറുണ്ട്. പക്ഷെ ഇതു് പറച്ചിലിൽമാത്രം ഒതുങ്ങി നില്ക്കുന്നുവെങ്കിൽ, പ്രവർത്തനത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും പകരുന്നില്ലെങ്കിൽ, നാം യാഥാർത്ഥ്യങ്ങളുടെ ലോകത്തിലല്ല, ഒരുതരം സ്വപ്നലോകത്തിലാണ്. നാം നമ്മെത്തന്നെ കബളിപ്പിക്കുകയാണ്. പ്രവർത്തിയിൽ പകർത്താത്ത കാര്യങ്ങൾ, അവനവനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നതു് ഒരുതരം ആത്മവഞ്ചനയാണ്. ആത്മവഞ്ചനയാണ് ഏററവും വലിയ വഞ്ചന. നമുക്കു നമ്മോടുതന്നെ സത്യസന്ധത പുലർത്താൻ സാധിക്കുന്നില്ലെങ്കിൽ, മററുള്ളവരോടും ദൈവത്തോടും നമുക്കു എങ്ങനെ സത്യസന്ധമായി പെരുമാറാൻ സാധിക്കും? പുറമെ നാം ദൈവത്തിനുള്ള സമർപ്പണത്തിൻേറയും മനുഷ്യനുള്ള സേവനത്തിൻേറയും അടയാളമായ സന്ന്യാസവസ്ത്രം ധരിച്ചിരിക്കുന്നു. അകമെയും നാം അങ്ങനെതന്നെ ആയിരിക്കണം. അകമെ ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവിക്കാതെ, പുറമെ സമർപ്പണത്തിൻെറ ചിഹ്നം ധരിച്ചിരിക്കുന്നയാൾ യാഥാർത്ഥ്യലോകത്തിലല്ല, സ്വപ്നലോകത്തിലാണ്. അകം ശരിയാകാതെ, പുറം കൊണ്ടുമാത്രം നമുക്കു നമ്മുടെ ജീവിതത്തിൻെറ സന്ദേശത്തെ ദൈവത്തിനും മനുഷ്യർക്കും ബോധ്യപ്പെടുത്തിക്കൊടുക്കാനാവില്ല.

സുഷുപ്തി

ഗാഢനിദ്രയുടെ അവസ്ഥയ്ക്കാണ് സുഷുപ്തി എന്നു പറയുന്നത്. ഗാഢനിദ്രയിൽ നമുക്ക ഒന്നിനെക്കുറിച്ചും ഓർമ്മയില്ല. അതിനാൽ ആ സമയത്തു് നമുക്ക ദുഃഖാനുഭവങ്ങൾ ഒന്നുംതന്നെയില്ല. പക്ഷെ ഈ അവസ്ഥ അധികനേരം നില്ക്കുകയില്ല. നിദ്രകൊണ്ടുണ്ടാകുന്ന ആനന്ദം, എഴുന്നേററു കഴിയുമ്പോൾ തീരുന്നു. എഴുന്നേററിരിക്കുമ്പോൾ ഓരോ തരത്തിലുള്ള ദുഃഖാനുഭവങ്ങൾ നമ്മെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. നമുക്കുണ്ടാകുന്ന ആനന്ദം പലപ്പോഴും ഇത്തരത്തിലുള്ളതാണ്. ദൈവത്തേയും മനുഷ്യരേയും മറന്നുകൊണ്ട് ജീവിക്കുന്നയാൾ ഒരു തരത്തിലുള്ള നിദ്രാവസ്ഥയിലാണ്. ഉറക്കത്തിൽ അയാൾ ഒന്നിനെക്കുറിച്ചും ഓർമ്മിക്കാത്തതുപോലെ, നാം പലപ്പോഴും ദൈവത്തെയും മററുള്ളവരേയും ഓക്കാതെ ജീവിക്കാൻ പരിശ്രമിക്കുന്നു. പക്ഷെ ഇങ്ങനെ ജീവിക്കുവാൻ നമുക്ക ഏറെനാൾ കഴിയുകയില്ല. ദൈവത്തിൻേറയും മററുള്ളവരുടേയും സഹായംകൂടാതെ നമുക്ക നമ്മുടെ സ്വന്തംകാര്യം മാത്രം നോക്കി ജീവിക്കാൻ സാധിക്കുമെന്നു് കരുതുന്നതു് മൗഢ്യമാണ്. നാം നമുക്കുവേണ്ടി ഉറങ്ങാനുള്ളവരല്ല. ദൈവത്തിനും മററുള്ളവക്കും വേണ്ടി ഉണന്നിരിക്കാനുള്ളവരാണ്. മണവാളൻെറവരവ് കാത്തിരിക്കാതെ, തങ്ങൾക്കുവേണ്ടി ഉറങ്ങാൻപോയ കന്യകമാർ വിഡ്ഢികളായിരുന്നു. നമ്മുടെ സ്നേഹവും സഹായവും സഹകരണവും പ്രതീക്ഷിച്ച് ദൈവവും മനുഷ്യരും ഓരോദിവസവും നമ്മുടെ മുമ്പിൽ അനേകതരത്തിൽ വരുന്നുണ്ട്. അതു നാം പ്രതീക്ഷിച്ച് കാത്തിരുന്നാൽ, അവരെ നമുക്ക കാണാൻ സാധിക്കും. ദൈവത്തിൻേറയും മററുള്ളവരുടേയും കാര്യങ്ങളെക്കുറിച്ച് വിചാരമില്ലാതെ, നാം നമുക്കുവേണ്ടി ഉറങ്ങിക്കൊണ്ടിരുന്നാൽ—അതായതു്, നമ്മുടെ സ്വന്തം സുഖവും സന്തോഷവും മാത്രം അന്വേഷിച്ചുകൊണ്ടിരുന്നാൽ—നമുക്ക ദൈവത്തിൻേറയും മററുള്ളവരുടേയും ആനന്ദത്തിലേയ്ക്കു പ്രവേശിക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ളയാൾ, സദാനേരവും ഉറങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യനെപ്പോലെ, ജീവിതം പാഴാക്കുന്നുവെന്നേ പറയാനുള്ളൂ.

തുരീയം

നാം ദൈവത്തിൽ ലയിച്ചിരിക്കുന്ന അവസ്ഥയാണ് തുരീയം എന്നു പറയുന്നത്. ഇതാണ് ആത്മാവിന്റെ ശരിയായ അവസ്ഥ. ദൈവവുമായി ഐക്യപ്പെടാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ദൈവവാക്യത്തിൽ നിന്നും നമ്മെ അകററുന്നതെന്തും, നമ്മുടെ ലക്ഷ്യത്തിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്നവയാണ്. എല്ലാവരും ദൈവത്തിൽ ഒന്നാകേണ്ടവരാണ്. അതിനാൽ എല്ലാവരേയും നാം നമ്മുടെ സ്വന്തമായിത്തന്നെ കരുതിക്കൊള്ളണം. ആരും നമുക്കു അന്യരല്ല. ദൈവത്തിൽ എല്ലാവരും നമുക്കു സ്വന്തപ്പെട്ടവർ തന്നെയാണ്. ഈ അരൂപിയോടുകൂടിവേണം നാം മററുള്ളവരെ വീക്ഷിക്കാൻ. ദൈവത്തെ എല്ലാററിനും ഉപരിയായി സ്നേഹിക്കുക. മററുള്ളവരെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക. യേശുവിന്റെ എല്ലാ പഠനങ്ങളേയും ഇതിൽ ഒതുക്കാം. ദൈവത്തെ നാം പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം. ദൈവത്തോടുള്ള സ്നേഹം കാണിക്കുന്നതിനുള്ള ഒരു അവസരവും നാം പാഴാക്കിക്കളയരുത്. പ്രാർത്ഥന ഉപേക്ഷിക്കുന്നയാറം, ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്നുവെന്നു പറയാൻ കഴിയുന്നതെങ്ങനെ? ദൈവത്തിനുവേണ്ടി ചെറിയൊരു ത്യാഗം വരിക്കാൻ മടിക്കുന്നയാറം, അവിടുത്തെ പൂർണ്ണമായി സ്നേഹിക്കുന്നുവെന്നു പറയാനാകുമോ? അതിനാൽ, വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും ദൈവത്തെ മറക്കാതിരിക്കുക. നാം നമ്മുടെ സഹോദരരേയും നമ്മെപ്പോലെതന്നെ സ്നേഹിക്കണം. ആരാണ് നമ്മുടെ സഹോദരൻ എന്ന കാര്യം, നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ യേശു നമ്മെ മനസ്സിലാക്കിത്തരുന്നു. എല്ലാവരും, പ്രത്യേകിച്ച് കൂടുതൽ അവശതയനുഭവിക്കുന്നവരും, നമ്മുടെ സഹോദരരാണ്. ആരെയും നാം മറക്കാതെ, എല്ലാവരേയും സ്നേഹപൂർവ്വം ശുശ്രൂഷിക്കുകയും ത്യാഗപൂർവ്വം സേവിക്കുകയും ചെയ്യുക. ഇങ്ങനെ ദൈവവും മനുഷ്യരുമായി നാം വരിക്കുന്ന ഐക്യമാണ് ജീവിതത്തിന്റെ ശരിയായ അവസ്ഥ. അവനവനുവേണ്ടി മാത്രം ജീവിക്കുക മായയും മൗഢ്യവുമാണ്.

അവിദ്യ

അജ്ഞാനത്തിനാണ് അവിദ്യ എന്നു പറയുന്നത്. ഇരുട്ടുള്ള മുറിയിൽ ഒരു കയറ് കിടക്കുന്നുവെന്ന് കരുതുക. നാം അതു് പാമ്പാണെന്നു കരുതുന്നു. ഇതു് അജ്ഞാനം അഥവാ അവിദ്യയാണ്. എന്നാൽ വെളിച്ചം വന്നു കഴിയുമ്പോഠം, പാമ്പില്ല, കയറുമാത്രമെയുള്ളൂ എന്ന് നമുക്കു മനസ്സിലാകുന്നു. ഇതു് വിദ്യ അഥവാ ശരിയായ അറിവാണ്. നമ്മുടെ കാര്യത്തിലും ഇങ്ങനെയാണ്. നാം ആത്മീയാന്ധകാരത്തിൽ ഇരിക്കുമ്പോഠം, ലോകമാണ് കാര്യപ്പെട്ടതു്, ധനം, പ്രശസ്തി, സുഖം, സമ്പത്തു് ഇവയെല്ലാമാണ് നേടേണ്ടതു് എന്നെല്ലാം നാം വിചാരിച്ചുപോകുന്നു. എന്നാൽ, ശരിയായ ആത്മീയ പ്രകാശം വന്നു കഴിയുമ്പോഠം, ദൈവമാണ് കാര്യപ്പെട്ടതു്, സേവനം ദാരിദ്ര്യം വിനയം, അനുസരണം, ത്യാഗം, സ്നേഹം എന്നിവയാണ് നേടേണ്ടസുകൃതങ്ങഠം എന്നു നമുക്കു ബോധ്യപ്പെടും. ഇതാണ് ശരിയായ അറിവ് അഥവാ ആത്മീയജ്ഞാനം. നാം ആത്മീയമായ അന്ധകാരത്തിലാണിരിക്കുന്നതു്. അതിനാൽ ദൈവത്തിൻെറയും ലോകത്തിൻെറയും കാര്യങ്ങഠം തമ്മിൽ നമുക്കു തിരിച്ചറിയാൻ സാധിക്കാതെ വരുന്നു; ഇരുട്ടിലിരിക്കുമ്പോഠം പാമ്പും കയറും തമ്മിൽ തിരിച്ചറിയാൻ സാധിക്കാത്തതുപോലെ. അതിനാൽ, ശരിയായ ആത്മീയപ്രകാശം നേടാനാണ് നാം പരിശ്രമിക്കേണ്ടതു്. യേശുവിൽ നിന്നു മാത്രമെ ശരിയായ ആത്മീയപ്രകാശം നേടാൻ നമുക്കു സാധിക്കൂ. അതിനുള്ള വഴി പ്രാർത്ഥനയാണ്. പ്രാർത്ഥിക്കുന്ന മനുഷ്യനിലേ ആത്മീയമായ വീക്ഷണമുണ്ടാകൂ. അയാഠംക്കേ ദൈവികമായ കാര്യങ്ങളെ ലൗകികമായ കാര്യങ്ങളിൽനിന്നും വേർതിരിച്ചുകാണാനുള്ള കഴിവുണ്ടാകൂ. ജഡത്തിൻെറ പ്രകാശത്തിൽ മാത്രം കാര്യങ്ങളെ നോക്കുന്ന ആളുകഠംക്കു പ്രാർത്ഥന, പരിത്യാഗം, എളിമ, സേവനം, സന്ന്യാസവ്രതങ്ങഠം തുടങ്ങിയവയുടെ അർത്ഥം മനസ്സിലാക്കാൻ കഴിവുണ്ടാകുകയില്ല. ദൈവത്തിൻെറ പ്രകാശത്തിൽ കാര്യങ്ങളെ നോക്കുന്നയാഠംക്കു അവയെല്ലാം എത്രയോ വിലപ്പെട്ടതാണെന്നു കാണാനുള്ള ഉഠംക്കാഴ്ചയുണ്ടാകും. ദൈവം കാണുന്നതുപോലെ എല്ലാററിനേയും കാണുന്നതാണ് ശരിയായ അറിവ്. മനുഷ്യൻെറ കണ്ണുകഠം ഒരുനാഠം അടഞ്ഞുപോകും.

പ്രേയസ്സ്

പ്രേയസ്സ്, ശ്രേയസ്സ് എന്നിങ്ങനെ രണ്ടു കാര്യങ്ങളുണ്ട്. വിവേകിയായ ആൾ, രണ്ടിനേയുംപററി ശരിയായി ധ്യാനിച്ചിട്ട്, പ്രേയസ്സിനേക്കാൾ ശ്രേയസ്സിനെ തെരഞ്ഞെടുക്കുന്നു. നമ്മുടെ ഇന്ദ്രിയങ്ങൾക്കു ആനന്ദം നല്കുന്നവയാണ് പ്രേയസ്സ്. ആത്മാവിനു് ഉപകാരം ചെയ്യുന്നവയാണ് ശ്രേയസ്സ്. ലോകസുഖങ്ങൾ, വിനോദങ്ങൾ, രുചികരമായ ഭക്ഷണ പാനീയങ്ങൾ, ജീവിതസൗകര്യങ്ങൾ, സ്തുതി, പ്രതാപം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഇന്ദ്രിയങ്ങൾക്കു സന്തോഷം നല്കുന്നവയാണ്. എന്നാൽ പ്രാത്ഥന, പരിത്യാഗം, വിനയം, ദാരിദ്ര്യം, അനുസരണം, സ്നേഹം, സേവനം തുടങ്ങിയവയാണ് ആത്മാവിനു പ്രയോജനമേകുന്ന കാര്യങ്ങൾ. നാം പലപ്പോഴും ആത്മാവിനു പ്രയോജനം കിട്ടുന്ന കാര്യങ്ങളെ ഉപേക്ഷിച്ച്, ഇന്ദ്രിയ സുഖസന്തോഷങ്ങളുടെ പിന്നാലെ പോകുന്നു. ഇന്ദ്രിയനിഗ്രഹം നാം അഭ്യസിക്കേണ്ട പ്രധാനമായൊരു സുകൃതമാണ്. ഇന്ദ്രിയ സംയമംകൂടാതെ, നമുക്കു ദൈവത്തിനും മററുള്ളവക്കും പ്രയോജനം കിട്ടുന്ന മനുഷ്യരായി ജീവിക്കുവാൻ സാധിക്കുകയില്ല. പലപ്പോഴും നാം കോപിക്കുന്നതും, അക്ഷമരായി വത്തിക്കുന്നതും, നമുക്കു നമ്മുടെമേൽത്തന്നെ വേണ്ടത്ര നിയന്ത്രണം ഇല്ലാത്തതുകൊണ്ടാണല്ലോ. മററുള്ളവരെ സഹായിക്കാൻ നാം വിസമ്മതിക്കുന്നതിൻെറ പ്രധാന കാരണം, നമുക്കു അവക്കുവേണ്ടി നിസ്സാരമായൊരു ത്യാഗം അനുഭവിക്കാൻ സന്നദ്ധതയില്ലാത്തതുകൊണ്ടല്ലേ? നാം പ്രാത്ഥനയും മററു ഭക്താഭ്യാസങ്ങളും ഉപേക്ഷിക്കുന്നതിനു് അടിയിൽ കിടക്കുന്ന കാരണവും ഇതുതന്നെ. ദൈവത്തിനുവേണ്ടി അല്പമായൊരു ത്യാഗം അനുഷ്ഠിക്കാൻ നമുക്കു മനസ്സില്ല. ഇങ്ങനെ അവനവൻെറ സുഖസന്തോഷങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നയാൾ, സ്വന്തം ഇന്ദ്രിയങ്ങളുടെ അടിമയാണ്. സ്വന്തം ഇന്ദ്രിയവിഷയങ്ങളിൽനിന്നും തങ്ങളെത്തന്നെ മോചിപ്പിച്ച്, ദൈവത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും വികസിപ്പിക്കാനുള്ള കഴിവ് അവക്കില്ല. അങ്ങനെയുള്ളവർ മോചിതരല്ല, ബന്ധിതരാണ്.

ശ്രേയസ്സ്

ആത്മാവിനു ഉപകരിക്കുന്നവയാണ് ശ്രേയസ്സ്. ആത്മാവിൻെറ ജീവൻ ദൈവംതന്നെയാണ്. അതിനാൽ ദൈവമാണ് നമ്മുടെ ശ്രേയസ്സ്. ദൈവത്തെ അറിയാനും സ്നേഹിക്കാനും ഉതകുന്നതേ, ശരിയായ ശ്രേയസ്സിനു ഉതകൂ. ദൈവത്തെ പിടിച്ചടക്കുന്നതാണ് ശരിയായ ധനം. മററെല്ലാ ധനവും ഇന്നല്ലെങ്കിൽ നാളെ നമ്മെ വിട്ടുപോകും. ദൈവം മാത്രമാണ് ഒരു നാളും നമ്മെ വിട്ടുപിരിയാതെ, എന്നും നമ്മോട് ഒപ്പം നില്ക്കുന്ന ധനം. ദൈവത്തെ അറിയാനും സ്നേഹിക്കാനുമായിരിക്കണം നിൻെറ ഒടുങ്ങാത്ത ആവേശവും ആഗ്രഹവും. ദൈവത്തെ അറിയുക എന്നു വച്ചാൽ യേശുവിനെ അറിയുക എന്നു തന്നെയാണർത്ഥം. യേശുവിനെ കൂടുതൽ കൂടുതൽ അറിയുന്നതിനായി സുവിശേഷങ്ങളെ ശ്രദ്ധാപൂർവ്വം വായിക്കുക. ആത്മീയഗ്രന്ഥങ്ങൾ മനസ്സിരുത്തി പഠിക്കുക. ജ്ഞാനവായന അഥവാ സ്പിരിച്ച്വൽ റീഡിംഗ് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. മനുഷ്യനു് അറിവു കിട്ടുന്നതിനുള്ള വലിയൊരു പോംവഴിയാണ് വായന. വായനയില്ലാത്ത മനുഷ്യൻെറ അറിവ് എത്രയോ പരിമിതമാണ്. അതിനാൽ, ദൈവത്തേയും യേശുവിനേയുംകുറിച്ച് നീ കഴിയുന്നത്ര വായിച്ചു മനസ്സിലാക്കണം. ആത്മീയജ്ഞാനം ലോകത്തിൽ നിലനിറുത്താനുള്ളവരാണ് സന്ന്യാസികൾ. സന്ന്യാസികൾക്കു ആത്മീയജ്ഞാനത്തിൽ താല്പര്യമില്ലെങ്കിൽ, പിന്നെ മററുള്ളവർക്കു അതിൽ താല്പര്യമുണ്ടാകുന്നതെങ്ങനെ? അതിനാൽ, ജ്ഞാനവായനയുടെ കാര്യത്തിൽ നീ ഒരിക്കലും ഉപേക്ഷ വരുത്തരുത്. നല്ല പുസ്തകങ്ങൾ വാങ്ങി ശേഖരിക്കാനും അവ താല്പര്യപൂർവ്വം വായിക്കാനും സന്ന്യാസഭവനത്തിലുള്ളവർക്കു താല്പര്യം വേണം. ദൈവത്തെ അറിയാത്തതാണ്, നാം അവിടുത്തെ സ്നേഹിക്കാതിരിക്കുന്നതിൻെറ ഒരു പ്രധാന കാരണം. ദൈവത്തെ അറിയണമെങ്കിൽ, പ്രാർത്ഥിക്കുന്നതോടൊപ്പം നാം അവിടുത്തെക്കുറിച്ചു വായിക്കുകയും വേണം. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനമേ ബൗദ്ധികമായ ശ്രേയസ്സിനു ഉപകരിക്കൂ. ദൈവത്തെ മറന്നുകൊണ്ടുള്ള ഒരറിവും യഥാർത്ഥമായ ശ്രേയസ്സിനു് ഉപകരിക്കുകയില്ല.

ദയ

ഉപനിഷത്തുക്കളിൽ ഒരു കഥയുണ്ട്. ഒരിക്കൽ ദൈവം തന്നെ മൂന്നു ശിഷ്യന്മാരെ വിദ്യ അഭ്യസിപ്പിച്ചു. ഒരാറം ദേവൻ; മറെറയാറം അസുരൻ; മൂന്നാമത്തെയാറം മനുഷ്യൻ. മാലാഖാ, പിശാച്, മനുഷ്യൻ എന്നീ മൂന്നു ഗണങ്ങളിൽ നിന്നും ഓരോരുത്തൻ എന്നർത്ഥം. പഠനമെല്ലാം കഴിഞ്ഞപ്പോറം അവിടുന്ന് അവരെ വിളിച്ച്, അവർ പഠിച്ചതെന്തെന്ന് പറയാൻ ആവശ്യപ്പെട്ടു. മൂന്നുപേരും വന്ന് 'ദ' എന്നുമാത്രം ഉച്ചരിച്ചു. അവർ എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കാൻ അവിടുന്ന് ആവശ്യപ്പെട്ടപ്പോറം, ദേവൻ പറഞ്ഞു, 'ഞാൻ പഠിച്ചതു് ദയ' എന്നാണ്; അസുരൻ ദമം എന്നും മനുഷ്യൻ ദാനം എന്നും വിവരിച്ചു. ദയയിലും ദമത്തിലും ദാനത്തിലും ആദ്യം വരുന്നതു് ദ ആണല്ലോ. ദയയില്ലാത്ത മനുഷ്യനിൽ ദൈവികതയില്ല. ദൈവം എന്തുമാത്രം ദയയാണ് നമ്മോട് കാണിച്ചിരിക്കുന്നതു്. നമ്മുടെ ഇന്നുവരെയുള്ള ജീവിതത്തിൽ മററുള്ളവരും എത്രമാത്രം ദയയോടും ധാരണയോടും കൂടിയാണ് നമ്മോട് പെരുമാറിയിട്ടുള്ളതു്. എന്നിട്ടും മററുള്ളവരോട് പെരുമാറേണ്ടിവരുമ്പോറം നാം ദയയില്ലാത്തവരെപ്പോലെ വർത്തിക്കുന്നു. പരുഷവും നന്ദിയില്ലാത്തതുമായ വാക്കുകറം പറഞ്ഞു് മററുള്ളവരെ വ്രണപ്പെടുത്താൻ നമുക്കൊരു മടിയുമില്ല. സംസാരത്തിൽ ശാന്തത, ശാലീനത, വിനയം, ഔന്നത്യം, ഋജുത്വം, ശ്രവണസന്നദ്ധത, പ്രതിപക്ഷബഹുമാനം തുടങ്ങിയ ഗുണങ്ങറം നാം പ്രദർശിപ്പിക്കുന്നില്ല. പലപ്പോഴും നാം തെററായി മററുള്ളവരെ ദുർവിധി ചെയ്യുന്നു. നമുക്കു ഇഷ്ടമില്ലാത്തവരെപ്പററി നാം ദോഷമായി സംസാരിക്കുന്നു. അവരുടെ സൽഗുണങ്ങളെ നാം അംഗീകരിക്കുന്നില്ല. നമുക്കു ഇഷ്ടപ്പെട്ടവരുടെ ദുർഗ്ഗുണങ്ങളെ നാം മറച്ചുവെയ്ക്കുന്നു. ദയയുള്ള സംസാരം ദൈവികതയുള്ള മനുഷ്യൻെറ ലക്ഷണമാണ്. കരുണയുള്ളവക്കേ കരുണ ലഭിക്കൂ. ആരെയും കുററം പറയാതിരിക്കുക. നല്ലതു് പറയാനായി ഒന്നും കാണുന്നില്ലെങ്കിൽ മിണ്ടാതിരിക്കുകയെങ്കിലും ചെയ്യുക. നല്ല ഹൃദയത്തിൽനിന്നും നല്ല വാക്കുകറം മാത്രം വരുന്നു.

ദമം

അസുരൻ ദൈവത്തോടു പറഞ്ഞു: 'ഞാൻ അങ്ങേപക്കൽ നിന്നും പഠിച്ചതു്, ദമം അഭ്യസിക്കണം' എന്നാണു്. ദമം എന്നുവെച്ചാൽ ആത്മനിയന്ത്രണം, ഇന്ദ്രിയനിഗ്രഹം എന്നെല്ലാമാണർത്ഥം. ആത്മനിയന്ത്രണവും ഇന്ദ്രിയ നിഗ്രഹവുമില്ലെങ്കിൽ, നമ്മിലുള്ള മനുഷ്യരൂപം നശിച്ചു് പൈശാചികസ്വഭാവം വളർന്നുവളർന്നുവരും. കോപം, അസൂയ എന്നിവയെല്ലാം അടിപ്പെട്ടിരിക്കുന്ന മനുഷ്യൻെറ സംസാരത്തിൽ ദയ, ശാന്തത, സ്നേഹം തുടങ്ങിയ ദൈവികവും മാനുഷികവുമായ ഗുണങ്ങൾ ഉണ്ടാകുകയില്ലെന്നു് നമുക്കു അനുഭവമാണല്ലോ. നാം നമ്മെത്തന്നെ നിയന്ത്രിക്കുന്നില്ലെങ്കിൽ, നമ്മിൽ ദൈവികതസ്ഥപകരം ജഡികതയും, മാനുഷികതസ്ഥപകരം മൃഗീയതയുമായിരിക്കും വളരുക. പ്രാർത്ഥന, പരിത്യാഗം, ജ്ഞാനവായന, ഭക്താഭ്യാസങ്ങൾ എന്നിവയെല്ലാം നാം ഉപേക്ഷിക്കുന്നതു് ഇന്ദ്രിയ സംയമത്തിൻെറ കുറവുകൊണ്ടാണു്. പ്രാർത്ഥനയുടെ സമയത്തു് സംസാരിച്ചിരിക്കാനോ കിടന്നുറങ്ങാനോ നമുക്കു പ്രലോഭനം തോന്നുന്നു. ആ സന്തോഷങ്ങളെ വേണ്ടെന്നുവയ്ക്കാൻ മാത്രമുള്ള ആത്മസംയമനം—അവനവൻെറ മേൽത്തന്നെയുള്ള നിയന്ത്രണം—നാം പരിശീലിച്ചിട്ടില്ല. ഫലമോ? നാം പ്രാർത്ഥിക്കാത്ത മനുഷ്യരായി വളർന്നുവരുന്നു. നമ്മിൽ ദൈവികത കുറഞ്ഞും, മൃഗീയത ഏറിയും വരുന്നു. വിനയം, ക്ഷമ, ത്യാഗം, സേവനം, ദാരിദ്ര്യം, അനുസരണം, ശുദ്ധത എന്നീ പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ നമുക്കു വീഴ്ചവരുന്നതിൻെറ കാരണവും മററൊന്നല്ല. നമ്മെത്തന്നെ നിയന്ത്രിക്കാൻ നമുക്കു മനസ്സില്ല. നാം ഒരാളോടു് തെററുചെയ്താൽ ക്ഷമ ചോദിക്കാൻ മടിക്കുന്നു. നമ്മെത്തന്നെ സംയമംചെയ്തു് അല്പം എളിമപ്പെടാനുള്ള മടിയല്ലയോ ഇതിന്നടിയിലുള്ളതു്. ദൈവികനായ മനുഷ്യൻ എല്ലാക്കാര്യങ്ങളിലും തികഞ്ഞ ആത്മസംയമം കാണിക്കും. സന്ന്യാസി സംയമി ആയിരിക്കണം.

ദാനം

മനുഷ്യൻ ദൈവത്തോടുപറഞ്ഞു: ''ഞാൻ അങ്ങിൽനിന്നും പഠിച്ചതു് ദാനം എന്നാണു്.'' ദൈവത്തിൽനിന്നും വിദ്യ അഭ്യസിച്ചിട്ടുള്ള മനുഷ്യൻെറ ലക്ഷണം ദാനചൈതന്യമാണു്. നാം യേശുവോടൊന്നിച്ച് അവിടുത്തെ ഭവനത്തിൽ വസിക്കുന്നു. അവിടുത്തെ തിരുമുഖത്തുനിന്നും തിരുവചനങ്ങൾ കേട്ടഭ്യസിക്കുന്നു. യേശുവാണു് നമ്മുടെ ഗുരു. എന്നാൽ ദാനചൈതന്യം നമ്മിൽ കാണുന്നില്ലെങ്കിൽ, നാം വിജ്ഞാനം ആജ്ജിച്ചിട്ടുള്ളതു് ദൈവത്തിൽനിന്നല്ല, ലോകത്തിൽനിന്നാണു്. അവനവനുവേണ്ടി സാധിക്കുന്നത്ര സമ്പാദിച്ചുകൂട്ടുക എന്നതാണു് ലൗകികവിജ്ഞാനപ്രകാരം പ്രവൎത്തിക്കുന്നവരുടെ രീതി. അവനവനെയും അവനവനുള്ളവയേയും ദൈവത്തിനും മനുഷ്യക്കും ദാനമായി നല്കുക എന്നതാണു് ദൈവികവിജ്ഞാനപ്രകാരം പ്രവൎത്തിക്കുന്നവരുടെ രീതി. ദാനം കൊണ്ടാണു് നാം ദൈവത്തിൻെറ മക്കളാണെന്നു് തെളിയിക്കേണ്ടതു്. നാം നമ്മെത്തന്നെ ദൈവത്തിനും മനുഷ്യക്കും ദാനം ചെയ്യണം. പ്രാത്ഥന ഉപേക്ഷിക്കുന്ന മനുഷ്യൻ തൻെറ സമയവും ആരോഗ്യവുമൊക്കെ ദൈവത്തിനായി നല്കുന്നു എന്നു പറയാൻ സാധിക്കുന്നതെങ്ങനെ? മററുള്ളവരോടും സ്നേഹമായും ഉദാരമായും പെരുമാറുക. ഒരു മൈൽ കൂടെ ചെല്ലുവാൻ ആവശ്യപ്പെടുന്നവനോട്, രണ്ടു മൈൽ കൂടെചെല്ലാനുള്ള സന്നദ്ധത കാണിക്കണമെന്നല്ലേ യേശു ആവശ്യപ്പെട്ടിരിക്കുന്നതു്. എല്ലാവക്കും കഴിയുന്നത്ര ഉപകാരങ്ങൾ ചെയ്തുകൊടുക്കുക. മററുള്ളവക്കുവേണ്ടി അറിവും ആരോഗ്യവും സമയവും സമ്പത്തുമൊക്കെ നഷ്ടപ്പെടുത്തുന്നതു് ഒരു നഷ്ടമായി നീ ഒരിക്കലും പരിഗണിക്കരുതു്. 'എന്തു സഹായം ആവശ്യപ്പെട്ടാലും, നിവൃത്തിയുണ്ടെങ്കിൽ, യാതൊരു ഒഴികഴിവും പറയാതെ, ചെയ്തുതരും' എന്ന അനുഭവമായിരിക്കണം നിന്നോടിടപെടുന്നവക്കു് നിന്നെക്കുറിച്ചു പറയാനുണ്ടാകേണ്ടതു്. ദാനംകൊണ്ടു് നാം ദൈവത്തിനും മനുഷ്യക്കും സ്വന്തപ്പെട്ടവരാകണം. ദൈവവും മനുഷ്യരുമാണു് നമ്മുടെ നിക്ഷേപം.

വിജ്ഞാനം

യുക്തികൊണ്ടു് മനുഷ്യൻ സിദ്ധിക്കുന്ന അറിവാണു് വിജ്ഞാനം. ശാസ്ത്രങ്ങൾ പഠിക്കുന്നതുവഴി നമുക്കു വിജ്ഞാനം ലഭിക്കുന്നു. പക്ഷെ വിജ്ഞാനത്തിൻെറ വിഷയം പ്രകൃതിയാണു്. പ്രകൃതിയെക്കുറിച്ചുള്ള അറിവാണു് വിജ്ഞാനം നല്കുന്നതു്. തത്വശാസ്ത്രം, ഭൗതികശാസ്ത്രങ്ങൾ, കല, സാഹിത്യം എന്നിവയെല്ലാം വിജ്ഞാനത്തിനുള്ള വഴികളാണു്. വിജ്ഞാനസമ്പാദനത്തിൽ നമുക്കു താല്പര്യം വേണം. ദൈവം സൃഷ്ടിച്ച പ്രകൃതിയെ നാം വേണ്ടവിധം അറിഞ്ഞില്ലെങ്കിൽ, അതൊരു നഷ്ടം തന്നെയാണു്. വിജ്ഞാനസമ്പാദനത്തിനു ഒന്നാമതു് വേണ്ടതു് നിരീക്ഷണപാടവമാണു്. പ്രകൃതിയെ നാം നിരീക്ഷിക്കുക. പ്രകൃതിയിൽ കാണുന്ന കലയും കവിതയും, നിറങ്ങളും സ്വരങ്ങളും, താളങ്ങളും ലയങ്ങളും നമ്മെ പ്രകൃതിനാഥനിലേയ്ക്കു നയിക്കും. പ്രകൃതിനാഥനെക്കുറിച്ചുള്ള അറിവു് പ്രജ്ഞാനമാണു്. പ്രജ്ഞാനത്തിലേയ്ക്കു നയിക്കാത്ത വിജ്ഞാനം കൊണ്ടു് ഫലമില്ല. കായ്ക്കാതെ കൊഴിഞ്ഞു പോകുന്ന പൂപോലെയാണതു്. വിജ്ഞാനസമ്പാദനത്തിനുള്ള രണ്ടാമത്തെ മാർഗ്ഗം വായനയാണു്. മനുഷ്യനുമാത്രമെ വാക്കിനെ അക്ഷരത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള കൗശലമറിയൂ. വായനശീലം ബുദ്ധിമുട്ടിത്തന്നെ സമ്പാദിക്കണം. ദൈവത്തെക്കുറിച്ചും ആത്മീയയാഥാർത്ഥ്യങ്ങളെക്കുറിച്ചും കഴിയുന്നത്ര കാര്യങ്ങൾ വായിച്ചു മനസ്സിലാക്കണം. നല്ല പുസ്തകങ്ങളെ സ്നേഹിക്കുക. അവയെ താൽപര്യപൂർവ്വം വായിക്കുക. ശരീരത്തിനെന്നപോലെ ബുദ്ധിക്കും ഭക്ഷണം ആവശ്യമാണു്. ബുദ്ധിക്കാവശ്യമായ ഭക്ഷണങ്ങൾ പാകപ്പെടുത്തിവച്ചിരിക്കുന്നതു് പുസ്തകങ്ങളിലാണു്. ഏകാന്തതയിലും പ്രാർത്ഥനയിലും പുസ്തകങ്ങൾ നിന്നെ വളരെ സഹായിക്കും. അറിവിനുള്ള മൂന്നാമത്തെ വഴി അനുഭവമാണു്. പുസ്തകങ്ങളിൽനിന്നു കിട്ടാത്ത അനേകം കാര്യങ്ങൾ അനുഭവത്തിൽനിന്നും കിട്ടും. ജീവിതാനുഭവമുള്ളവരെ ശ്രദ്ധാപൂർവ്വം കേൾക്കണം. നിൻെറ സന്ന്യാസസമൂഹത്തിൽത്തന്നെ ജീവിതാനുഭവവും വിശുദ്ധിയുമുള്ള അനേകംപേർ ഉണ്ടായിരിക്കും. അവരെ താൽപര്യപൂർവ്വം കേൾക്കുക. അവരുടെ ഉപദേശം ആരായുക. നിൻെറ വിജ്ഞാനവും വീക്ഷണവും വളർന്നുവരുന്ന അനുഭവം നിനക്കുണ്ടാകും.

പ്രജ്ഞാനം

ഈശ്വരസാന്നിധ്യംമൂലം ഹൃദയത്തിൽ ഉദിക്കുന്ന പ്രകാശമാണ് പ്രജ്ഞാനം. പ്രകൃതിയിൽനിന്നു ബുദ്ധിക്കു കിട്ടുന്ന പ്രകാശമാണ് വിജ്ഞാനം. ദൈവത്തിൽനിന്നും ഹൃദയത്തിനു കിട്ടുന്ന തെളിച്ചമാണ് പ്രജ്ഞാനം. പ്രജ്ഞാനം സിദ്ധിച്ചു കഴിയുമ്പോൾ, നാം മനസ്സിലാക്കിയിരിക്കുന്ന സത്യങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അറിവിൻെറ മാത്രമല്ല, മനസ്സാക്ഷിയുടേയും വിഷയമായി മാറുന്നു. പലപ്പോഴും നമ്മുടെ അറിവ്, അറിവിൻെറ തലത്തിൽ മാത്രമായി നില്ക്കുന്നതേയുള്ളൂ; മനസ്സാക്ഷിയുടെ തലത്തിലേക്കു അതു് കടക്കുന്നേയില്ല. ഉദാഹരണത്തിനു്, പ്രാത്ഥിക്കണമെന്നു് നമുക്കെല്ലാവക്കും തത്വത്തിൽ അറിയാം. പക്ഷെ, പ്രാത്ഥിക്കാത്തതുകൊണ്ട് മനസ്സാക്ഷിക്കു ഒരു ഭാരവും തോന്നാത്തവരെപ്പോലെ പ്രയോഗത്തിൽ നാം ജീവിക്കുകയും ചെയ്യുന്നു. അതായതു്, പ്രാത്ഥനയെസംബന്ധിച്ച് നാം കുറെ തിയറികൾ—വിജ്ഞാനങ്ങൾ—ശേഖരിച്ചിട്ടുണ്ടെന്നല്ലാതെ, അതു സംബന്ധിച്ച് നമുക്കു പ്രജ്ഞാനം—മനസ്സാക്ഷിയിലുള്ള കടപ്പാട്—അനുഭവപ്പെട്ടിട്ടില്ല. പ്രാത്ഥനയെ സംബന്ധിച്ച് പ്രജ്ഞാനം സിദ്ധിച്ച മനുഷ്യനു്, പ്രാത്ഥന മുടക്കിയാൽ. അഥവാ മുടങ്ങിയാൽ, മനസ്സാക്ഷിയിൽ അതുമൂലം അസ്വാസ്ഥ്യം അനുഭവപ്പെടും. ഇന്നു തൻെറ പ്രാത്ഥന മുടങ്ങിയല്ലോ എന്ന വിചാരം അയാളെ ആ ദിവസം മുഴുവനും വിഷമിപ്പിച്ചുകൊണ്ടിരിക്കും. നാമാകട്ടെ, പ്രാത്ഥന മനസ്സറിഞ്ഞുതന്നെ മുടക്കിയിട്ടും മനസ്സാക്ഷിക്കു യാതൊരു ഭാരവും ഇല്ലാത്തവരെപ്പോലെ, കളിച്ചും ചിരിച്ചും നടക്കുന്നു! നമ്മിൽ ഇനിയും വിജ്ഞാനമല്ലാതെ പ്രജ്ഞാനം ഉദിച്ചിട്ടില്ല. ദൈവം ഹൃദയത്തിൽ വസിക്കുന്നവക്കേ പ്രജ്ഞാനം ഉണ്ടാകൂ. പരിശുദ്ധമായി ജീവിക്കുന്നവരുടെ ഹൃദയങ്ങളിലേ ദൈവം വാഴുകയുള്ളൂ. നമ്മുടെ ജീവിതപരിശുദ്ധി നഷ്ടപ്പെടുമ്പോൾ, നമുക്കു ദൈവികകാര്യങ്ങളെ മനസ്സിലാക്കാനുള്ള കഴിവും നഷ്ടപ്പെടുന്നു. നാം ദൈവികകാര്യങ്ങളിൽ സൂക്ഷമില്ലാതെ ജീവിച്ചാൽ, പ്രാത്ഥന, ത്യാഗം, സന്ന്യാസജീവിതം, ദാരിദ്ര്യം, അനുസരണം, പരിശുദ്ധി, മൗനം, വിനയം തുടങ്ങിയ ആത്മീയ കാര്യങ്ങളുടെ അത്ഥം മനസ്സിലാക്കാനുള്ള നമ്മുടെ കഴിവ് കുറേശ്ശെകുറേശ്ശയായി കുറഞ്ഞുകുറഞ്ഞുവരും. ദൈവസ്വരം കേൾക്കാനുള്ള നമ്മുടെ കഴിവ് നഷ്ടപ്പെടും. ആത്മീയമായ നാശത്തിൻെറ ഒന്നാമത്തെ പടിയാണിതു്.

ബ്രഹ്മഭാവന

ദൈവവുമായി ഏകത്വം പ്രാപിച്ച നിലയാണ് ബ്രഹ്മഭാവന എന്നു പറയുക. ദൈവത്തിന്റെ ഭാവം അഥവാ യാഥാർത്ഥ്യവുമായി നാം വരിക്കുന്ന ഒന്നിപ്പാണ് ബ്രഹ്മഭാവന. നമ്മുടെ പിന്താരീതികൾ പലപ്പോഴും ജഢികവും മൃഗീയവും ലൗകികവുമാണ്. കാരണം, നാം ഹൃദയത്തിൽ ദൈവവുമായി ഒന്നിച്ചിട്ടില്ല എന്നതുതന്നെ. നാം ജീവിക്കുന്നതു് ദൈവത്തിനു വേണ്ടിയല്ല, നമുക്കു വേണ്ടിയാണ്. നാം വിചാരപ്പെട്ടും വ്യഗ്രതപ്പെട്ടും നടക്കുന്നതു്, ദൈവത്തിന്റെ കാര്യങ്ങളെക്കുറിച്ചല്ല, നമ്മുടെ കാര്യങ്ങളെക്കുറിച്ചാണ്. ദൈവവുമായി ഐക്യമില്ലാത്തതിനാൽ നമ്മുടെ ഭാവനകൾ—വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും—ദൈവികതയില്ലാത്തവയും സ്വാർത്ഥത നിറഞ്ഞവയും ആയിരിക്കുന്നു. ദൈവികത നിറഞ്ഞ ഒരു മനുഷ്യനെ കാണുന്നതും, അയാളോട് സംസാരിക്കുന്നതുംതന്നെ അലൗകികവും അനുപമവുമായ ഒരു അനുഭവമാണ്. അയാളുടെ വിനയവും ശാന്തതയും ശാലീനതയും നമ്മെ ആകർഷിക്കും. ദൈവവുമായി പ്രാർത്ഥനയിലൂടെ താൻ വരിച്ചിരിക്കുന്ന ഐക്യത്തിന്റെ ശക്തി അയാളിൽ സർവ്വത്ര നിഴലിച്ചു കാണാം. അങ്ങനെയുള്ള ഒരാളുടെ ഉപദേശത്തിലും പ്രാർത്ഥനയിലും നമുക്കു വലുതായ വിശ്വാസമുണ്ടാകുന്നു. ഇത്തരത്തിലുള്ള ദൈവികമനുഷ്യരുടെ ദർശനം ലഭിക്കുന്നതുതന്നെ വലിയൊരു ഭാഗ്യമായി കരുതുന്നവരാണ് ഭാരതീയർ. ദൈവവുമായി ഐക്യപ്പെട്ടുകഴിയുമ്പോൾ നമ്മുടെ വീക്ഷണങ്ങൾക്കും പെരുമാററങ്ങൾക്കും വലിയ വ്യത്യാസം വരുന്നു. എല്ലാവരിലും നല്ലതു കാണാൻ നാം തുടങ്ങും. ആരോടും നമുക്കു വിദ്വേഷമുണ്ടാകില്ല. നമ്മെ ഉപദ്രവിക്കുന്നവരെപ്പോലും നാം സ്നേഹിക്കാൻ തുടങ്ങും. എല്ലാവർക്കും നല്ലതു വരണമെന്നേ നാം ആഗ്രഹിക്കൂ. ചെറിയവരേയും വലിയവരേയും അപ്പോൾ നാം ഒരുപോലെ കാണും. എല്ലാവരേയും സഹായിക്കാൻ നാം സന്നദ്ധരാകും. മററുള്ളവർക്കുവേണ്ടി സഹിക്കുന്നതിലും നഷ്ടം വരിക്കുന്നതിലും നാം പുതുതായൊരു ആനന്ദവും ലാഭവും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ തന്നെ ഭാവന ലഭിച്ചാൽ നമ്മിലുണ്ടാകുന്ന ചില പ്രധാന സവിശേഷതകൾ. ദൈവത്തിന്റെ തന്നെ ഹൃദയമുള്ള മനുഷ്യനാണ് ബ്രഹ്മഭാവനയുള്ളവൻ.

സർവഭാവന

എല്ലാവരുമായി നാം വരിക്കുന്ന ഏകതത്വത്തിനാണ് സവ്വഭാവന എന്നു പറയുക. ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്ന മനുഷ്യൻ എല്ലാവരേയും ഒരു പോലെയേ കാണൂ. ദൈവം തൻെറ മക്കളെല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നു. ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും തൻെറ സൂര്യനെ ഒരുപോലെ ഉദിപ്പിക്കുകയും, മഴ ഒരുപോലെ പെയ്യിക്കുകയും ചെയ്യുന്ന നല്ല പിതാവാണ് അവിടുന്ന്. സമൂഹത്തിൽ ജീവിക്കുമ്പോൾ സമഭാവന വളരെ ആവശ്യമുള്ള ഒരു ഗുണമാണ്. നമുക്ക വ്യക്തിപരമായി ഇഷ്ടപ്പെട്ടവക്ക് ആനുകൂല്യങ്ങൾ നല്ലുകയും ഇഷ്ടപ്പെടാത്തവരെ അവഗണിക്കുകയും ചെയ്യുന്ന തരത്തിലുള്ള പക്ഷപാതപരമായ പെരുമാററം ശരിയല്ല. നമുക്ക ഇഷ്ടപ്പെടാത്തവരെല്ലാം തെററുകാരാണെന്നു കരുതുന്നതും ശരിയല്ല. നമ്മുടെ മാനസികമായ ചില പ്രത്യേകതകൾ കാരണം, പലപ്പോഴും നമുക്ക മററുള്ളവരെ ഇഷ്ടപ്പെട്ടില്ലെന്നിരിക്കും. അതു് അവരുടെ കുററംകൊണ്ടാണെന്നു് കരുതുന്നതിൽ അത്ഥമില്ല. ഏതായാലും നമുക്ക ഇഷ്ടപ്പെടുന്നവരോടും ഇഷ്ടപ്പെടാത്തവരോടും നീതിയായും സത്യമായും സ്നേഹമായും മാത്രമെ നാം പെരുമാറാവൂ. ശാന്തവും സ്നേഹമയവുമായ പെരുമാററംകൊണ്ടേ നമുക്ക മററുള്ളവരെ നേടാൻ സാധിക്കൂ. കോപിച്ചിരിക്കുമ്പോൾ സംസാരിക്കാതിരിക്കുകയാണ് നല്ലതു്. തെററു ചെയ്യുവനെ നീ വെറുക്കരുതു്. അയാൾ തെററു തിരുത്തിക്കഴിയുമ്പോൾ, അക്കാര്യം പാടെ മറക്കുക. കഴിഞ്ഞ കാലത്തു് തെററു ചെയ്യയാൾ എന്ന മുൻവിധിയോടെ അയാളെ പിന്നീടും നോക്കിക്കൊണ്ടിരിക്കുന്നതു് ശരിയല്ല. സ്നേഹവും വിശ്വാസവുംകൊണ്ടേ നമുക്ക മററുള്ളവരെ നന്നാക്കാൻ കഴിയൂ. എന്തെങ്കിലും കാര്യത്തിൽ മററുള്ളവരെ തിരുത്താനാവശ്യപ്പെട്ടാൽപോലും, അവരോടുള്ള സ്നേഹംകൊണ്ടുമാത്രം അതു ചെയ്യുന്നു എന്നു് അവക്ക ബോധ്യം വരത്തക്ക മാധുരിയോടും ഉദാരതയോടുംകൂടി അതു് നിർവഹിക്കണം. ദൈവം നമ്മോടു എത്രമാത്രം കരുണ കാണിച്ചിരിക്കുന്നു. ആ കരുണയോടെ മററുള്ളവരോടും പെരുമാറുക. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവക്ക കരുണ ലഭിക്കും.

മായ

'ബ്രഹ്മസത്യം, ജഗത്മായ' എന്നാണ് ഉപനിഷത്തുക്കൾ പറയുന്നത്. ദൈവം സത്യവും ലോകം മായയുമാണെന്നാണ് ഇതിന്റെ അർത്ഥം. ദൈവം മാത്രമാണ് യഥാർത്ഥത്തിലുള്ള സത്യം. ലോകം സ്വപ്നംപോലെ തീർന്നുപോകുന്നു. നാം ഇതിനകം ഇരുപതോ നാല്പതോ അമ്പതോ അതിലധികമോ വർഷങ്ങൾ ജീവിച്ചുകഴിഞ്ഞിരിക്കാം. അത്രയും കൊല്ലങ്ങൾ എത്രയോ വേഗം കഴിഞ്ഞു പോയി എന്നു ചിന്തിക്കുക. നാം വിചാരിക്കുന്നതിലേറെ വേഗം നമ്മുടെ ജീവിതവും കഴിഞ്ഞുപോകും. അതിനാൽ ലോകജീവിതം ഒരു മായയാണെന്നു പറയുന്നതിൽ വളരെ പരമാർത്ഥമുണ്ട്. യേശു പറഞ്ഞ ഉപമ ശ്രദ്ധിക്കുക. ഒരുത്തന്റെ വയലുകൾ വളരെയേറെ വിളവു നല്കിയപ്പോൾ, ഏറെ നാളത്തേയ്ക്കു ഭക്ഷിച്ചാനന്ദിക്കുന്നതിനുള്ള വിഭവങ്ങൾ തനിക്കുണ്ടല്ലോ എന്നു കരുതി അവൻ ആനന്ദിച്ചു. ദൈവമാകട്ടെ, അയാളുടെ ആത്മാവിനെ ആ രാത്രിയിൽ അയാളോട് തിരികെ ചോദിച്ചു. ദൈവത്തിൽ സമ്പന്നനാകാൻ പരിശ്രമിക്കാതിരുന്ന ആ മനുഷ്യൻ ഭോഷനായിത്തീരുകയും ചെയ്തു. നമുക്കു പണമുണ്ട്, ആളുകളുണ്ട്, സ്ഥാപനങ്ങളുണ്ട്, പേരുണ്ട്, പെരുമയുണ്ട് എന്നിവയിലൊന്നുമാകരുത് നമ്മുടെ സന്തോഷവും ഉറപ്പും. ഇതൊന്നും ഉണ്ടായതുകൊണ്ടു കാര്യമില്ല. അവയെല്ലാം ഇന്നല്ലെങ്കിൽ നാളെ കഴിഞ്ഞുപോകുന്ന മായയാണ്. ദൈവത്തെ നേടാൻ കഴിഞ്ഞു എന്നതിലായിരിക്കണം നമ്മുടെ ആനന്ദം. പ. കന്യകാമറിയത്തിന്റെ സ്തോത്രഗീതത്തെപ്പററി ചിന്തിക്കുക. ദൈവത്തെ നേടാൻ സാധിച്ചതുമൂലം വിനീതമായ ഒരു ആത്മാവിലനുഭവപ്പെട്ട ആനന്ദത്തിന്റെ ബഹിർസ്ഫുരണമായിരുന്നു അതു്. ദൈവത്തിനുവേണ്ടി നാം ചെയ്യുവ മാത്രമേ നിലനിൽക്കൂ. ദൈവത്തെപ്രതി വേണം നാം മററുള്ളവർക്കു ഉപകാരം ചെയ്യേണ്ടതു്. യേശുവിന്റെ നാമത്തിൽ ഒരു പാത്രം പച്ചവെള്ളംപോലും മററുള്ളവർക്കു കൊടുത്താൽ, അതു നിലനിൽക്കും. ദൈവത്തെ സ്നേഹിക്കുന്നതും സേവിക്കുന്നതുമൊഴികെ മറെറല്ലാം മായയാണ്. പ്രായംകൂടി വരുംതോറും ഈ പാഠം നമുക്കു അനുഭവമായി വരും. ഇതു് നാം എത്രയും നേരത്തെ പഠിക്കുന്നുവോ, അത്രയും നന്നു്.

പ്രപത്തി

ഈശ്വരന്റെ തൃപ്പാദത്തിൽ സാഷ്ടാംഗംവീണ്, നമ്മുടെ ജീവിതഭാരങ്ങളുടെ ഭാണ്ഡങ്ങൾ അവിടെ ഇറക്കിവച്ച്, അവിടത്തെ ഭക്തിപൂർവ്വം നമസ്കരിച്ചു നില്ക്കുന്നതിനാണ് പ്രപത്തി എന്നു പറയുന്നത്. നമ്മുടെ ജീവിതഭാരങ്ങളെല്ലാം ഇറക്കിവയ്ക്കാനുള്ള അത്താണിയാണ് യേശുവിന്റെ തിരുഹൃദയം. 'അധ്വാനിച്ചും ഭാരംവഹിച്ചുമിരിക്കുന്നവരെ, നിങ്ങൾ എന്റെ പക്കൽ വരുവിൻ! നിങ്ങളുടെ ഹൃദയങ്ങൾക്കു ആശ്വാസം ലഭിക്കും' എന്നാണല്ലോ യേശു അരുളിചെയ്തിട്ടുള്ളത്. എല്ലാ ദിവസവും, നാം വിശ്രമിക്കുന്നതിനുമുമ്പ്, രാത്രിയിൽ യേശുവിന്റെ ദിവ്യകാരുണ്യഹൃദയത്തിന്റെ മുമ്പിൽ ചെന്ന് കുറച്ചുനേരം ഏകാന്തമായി ഇരിക്കുന്നത് വളരെ നല്ലൊരു ശീലമാണ്. നിന്റെ അന്നത്തെ വിജയങ്ങളും പരാജയങ്ങളും അവിടത്തെ മുമ്പിൽ ഇറക്കിവയ്ക്കുക. നീ ഇന്ന് പ്രാർത്ഥനകൾ ഉപേക്ഷിച്ചിട്ടുണ്ടാകാം; തിരുനാഥനെ കൂടെക്കൂടെ സന്ദർശിക്കുന്നതിനു ഇന്നു നീ മടി കാണിച്ചിട്ടുണ്ടാകാം; മററുള്ളവരോട് പരുഷമായി സംസാരിച്ചിട്ടുണ്ടാകാം; മറക്കാനും പൊറുക്കാനും വിമുഖത കാണിച്ചിട്ടുണ്ടാകാം; കരുണയില്ലാതെ പെരുമാറിയിട്ടുണ്ടാകാം; മററുള്ളവരെ സഹായിക്കുന്നതിനു ഇന്നു നിനക്കു ലഭിച്ച നൂറു നൂറു അവസരങ്ങൾ നിന്റെ സന്മനസ്സിന്റെ കുറവുകൊണ്ട് നഷ്ടപ്പെടുത്തിയിട്ടുണ്ടാകാം; അനേകമനേകം സംശയങ്ങളും ദുഃഖങ്ങളും പരാജയങ്ങളും നിന്നെ ഇന്ന് നിരാശപ്പെടുത്തിയിട്ടുണ്ടാകാം; നിന്റെ സന്ന്യാസജീവിതംതന്നെ നിനക്കു വലിയൊരു ഭാരമായി തോന്നിയിട്ടുണ്ടാകാം. എന്തൊക്കെയായാലും നീ മനസ്സ് മടുക്കരുത്. തിരുനാഥൻ നിന്റെ വരവും പാർത്ത് അക്ഷമനായി നിന്നെ കാത്തിരിക്കുന്നു. ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ, നീ മടങ്ങി വരുമ്പോൾ അവിടുന്നു നിന്റെ പക്കലേയ്ക്കു ഓടിവന്ന് നിന്നെ കൈ രണ്ടും നീട്ടി കെട്ടിപ്പിടിച്ച് സ്വീകരിക്കും. തന്റെതന്നെ മാംസരക്തങ്ങൾ മുറിച്ചു വിളമ്പി നിന്നെ അവിടുന്നു സല്ക്കരിക്കും. നിന്റെ കുറവുകളും നിറവുകളും ഒരുപോലെ കർത്താവിന്റെ പാദപത്മങ്ങളിൽ കാഴ്ചവയ്ക്കുക. കർത്താവിന്റെ തൃപ്പാദത്തിൽ മറിയത്തെപ്പോലെ തിരുവചനങ്ങൾ കേട്ടുകൊണ്ടിരിക്കുക. ജീവിതത്തിലെ ഏററവും വലിയ ആനന്ദം അതാണ്.

ജീവന്മുക്തൻ

ജീവിച്ചിരിക്കുമ്പോൾത്തന്നെ ദൈവവുമായി ഐക്യപ്പെട്ട് മുക്തി പ്രാപിച്ചിട്ടുള്ളവർക്കാണ് ജീവന്മുക്തന്മാർ എന്നു പറയുന്നതു്. യേശുവാണ് ഏററവുംവലിയ ജീവന്മുക്തൻ. അവിടുന്നു ശരീരത്തിലായിരുന്നപ്പോഴും സദാപി ദൈവവുമായി പൂർണ്ണമായ ഐക്യത്തിലാണ് കഴിഞ്ഞിരുന്നതു്. ശരീരത്തിൻെറ സ്വാർത്ഥതകളിൽനിന്നും കെട്ടുകളിൽനിന്നും പൂർണ്ണമായും മുക്തി പ്രാപിച്ച മനുഷ്യനായിരുന്നു യേശു. മുക്തി അഥവാ മോക്ഷമെന്നതു് നമ്മുടെ മരണശേഷം മാത്രം ഉടനെ ഒന്നായി പ്രാപിക്കാവുന്നൊരു കാര്യമല്ല. നാം പതുക്കെപ്പതുക്കെ മോക്ഷത്തിലേയ്ക്കു അഥവാ മുക്തിയിലേയ്ക്കു പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സ്വാർത്ഥതയുടെ ഓരോ കെട്ടിൽനിന്നും നാം മോചനം പ്രാപിക്കുമ്പോഴും, അത്രയ്ക്കും നാം മോക്ഷത്തിലേയ്ക്കു പ്രവേശിച്ചു കഴിഞ്ഞു. മോക്ഷം എന്ന പദത്തിൻെറതന്നെ അർത്ഥം മുക്തി അഥവാ മോചനം എന്നാണ്. നാം പ്രവർത്തിക്കുന്നതു് പലപ്പോഴും ദൈവത്തെയും മററുള്ളവരേയുംമറന്നു് നമുക്കുവേണ്ടിത്തന്നെയാണ്. ഇങ്ങനെ നമുക്കുവേണ്ടി നാം ചെയ്യുന്ന ഓരോ കർമ്മവുംവഴി നാം നമ്മോടുതന്നെ ചേർത്തു കെട്ടപ്പെടുന്നു. ഞാൻ എന്തുചെയ്താലും പറഞ്ഞാലും ചിന്തിച്ചാലും, അതെല്ലാം 'എനിക്കുവേണ്ടി എൻെറ സുഖത്തിനുവേണ്ടി, എൻെറ വളർച്ചയ്ക്കുവേണ്ടി, എന്ന രീതിയിലാണ് നമോരോരുത്തരും പ്രവർത്തിക്കുന്നതു്. അങ്ങനെ നോക്കുമ്പോഴും, സ്വാർത്ഥതയുടെ പാശംകൊണ്ട് നാം നമ്മോടുതന്നെ ചേർത്തു കെട്ടപ്പെട്ടിരിക്കുന്ന മനുഷ്യരാണെന്നു കാണാം. ഇതിനാണ് ഭാരതീയർ ബന്ധനം എന്നുപറയുന്നതു്. ബന്ധനത്തിലിരിക്കുന്ന നമുക്കു മുക്തി അഥവാ മോക്ഷം കിട്ടണം. നാം നമ്മെത്തന്നെ നാം കുടുങ്ങിക്കിടക്കുന്ന സ്വാർത്ഥതയുടെ ബന്ധനത്തിൽനിന്നും മോചിപ്പിക്കണം. പൂർണ്ണമായും മോചിതമായ ഒരു വസ്തുവിനു്, നീളപ്പാട് പൊങ്ങിപ്പൊങ്ങി ഏററവും മുകളിലുള്ളതുവരെയും, വീതിപ്പാട് നീങ്ങിനീങ്ങി ഏററവും അററത്തു് നില്ക്കുന്നതുവരെയും എത്താൻ കഴിയും. ഏററവും മുകളിലുള്ളതു് ദൈവമാണ്. സമൂഹത്തിൻെറ ഏററവും അററത്തു്, നമ്മുടെ സുഖസൗകര്യങ്ങളിലേയ്ക്കു ഇനിയും എത്തിനോക്കാൻകൂടി കഴിയാതെ നില്ക്കുന്നതു് ദരിദ്രരായ മനുഷ്യരുമാണ്. ദൈവത്തിലേയ്ക്കും ദരിദ്രരായ മനുഷ്യരിലേയ്ക്കും നാം നമ്മെത്തന്നെ നീക്കണം അഥവാ മോചിപ്പിക്കണം. ദരിദ്രർ ഭാഗ്യവാന്മാർ, കാരണം മുക്തി അവരുടേതാകുന്നു.

അദ്ധ്യാത്മയോഗം

ആത്മാവ് ദൈവവുമായി ഒന്നിക്കുന്നതിനു് ശ്വേതാശ്വതരോപനിഷത്തിൽ അധ്യാത്മയോഗം എന്നു പറയുന്നു. നമ്മുടെ ഹൃദയത്തെ ദൈവം അവിടുത്തേയ്ക്കുവേണ്ടിയാണു് സൃഷ്ടിച്ചിട്ടുള്ളതു്. അതിനാൽ ദൈവവുമായി ഒന്നിക്കാതെ നമ്മുടെ ഹൃദയത്തിനു ശാന്തി ലഭിക്കുകയില്ല. ലൗകികവസ്തുക്കളെ നേടി നമ്മെത്തന്നെ തൃപ്തരാക്കാമെന്നു കരുതുന്നതിലേറെ വലിയ മൗഢ്യമില്ല. ദൈവത്തോടു് നാം ഒന്നിച്ചിരിക്കുന്ന നിമിഷങ്ങളാണു് യഥാർത്ഥത്തിൽ ഏററവും ഭാഗ്യപ്പെട്ടവ. വിശുദ്ധന്മാർക്കു് പ്രാർത്ഥനയുടെ നിമിഷങ്ങൾ ഏററവും ആനന്ദസംദായകമായിരുന്നതിന്റെ കാരണമിതാണു്. വി. കുർബ്ബാന കൈക്കൊണ്ടുകഴിഞ്ഞിട്ടുള്ള നിമിഷങ്ങൾ ആയിരിക്കണം ഭൂമിയിലെ നിന്റെ സ്വർഗ്ഗീയ നിമിഷങ്ങൾ. ദിവ്യനാഥനുമായി നിന്റെ ഹൃദയം അധ്യാത്മയോഗം വരിക്കുന്ന സ്വർഗ്ഗീയനിമിഷങ്ങളാണവ. നീ ഒന്നും ഉച്ചരിക്കുകയോ ചിന്തിക്കുകയോ കൂടി വേണ്ട! സ്നേഹനാഥന്റെ സ്നേഹപാരമ്യത്തിൽ ലയിച്ചു്, കണ്ണുകളടച്ചു്, ധ്യാനലീനനായി കൈകൂപ്പി നില്ക്കുകമാത്രം ചെയ്താൽ മതി. നിന്റെ എല്ലാ ദുഃഖദുരിതങ്ങളും അപ്പോൾ നീ മറക്കും. അവിടുത്തോടുള്ള സ്നേഹാതിരേകത്തിൽ നീ ലയിക്കും. അവിടുത്തെ ആരാധിക്കുക, സ്നേഹിക്കുക, നന്ദിയുടേയും യാചനയുടേയും സ്തുതിയുടേയും സ്നേഹത്തിന്റേയും പ്രകരണങ്ങൾ നീ അറിയാതെതന്നെ നിന്റെ ഹൃദയത്തിൽനിന്നും ഉതിർന്നുകൊള്ളും. നിനക്കാവശ്യമുള്ളതെല്ലാം വാങ്ങാൻ, ഒഴിഞ്ഞ കൈകളുമായി അവിടുത്തെ മുമ്പിൽ നില്ക്കുക. നിനക്കു പ്രിയപ്പെട്ടവരെയും കടപ്പെട്ടവരേയും അവിടുത്തെ ആശീർവാദത്തിനായി സമപ്പിക്കുക. ദിവ്യകാരുണ്യത്തിന്റെ മഹത്വം നീ ഇനിയും വേണ്ടവിധം മനസ്സിലാക്കാത്തതും, അതിന്റെ മാധുരി വേണ്ടവിധം ആസ്വദിക്കാത്തതും കഷ്ടമാണു്. ദൈവത്തിന്റെ ദാനം നാം അറിഞ്ഞിരുന്നുവെങ്കിൽ! ദൈവവുമായി ഐക്യം പ്രാപിക്കുന്നതിനു ദിവ്യകാരുണ്യഭക്തിപോലെ ഉപകരിക്കുന്നതായി മറെറാന്നുമില്ല. ദിവ്യകാരുണ്യത്തെ നിന്റെ ജീവന്റെ ജീവനായി കരുതുക. അനുദിന ദിവ്യകാരുണ്യ സ്വീകരണം മുടങ്ങുന്നതാകണം, നിന്റെ ജീവിതത്തിൽ നിനക്കു ഏററവും വേദനാജനകമായ അനുഭവം.

ആര്യവൃത്തൻ

മനഃസംസ്ക്കരണം സിദ്ധിച്ച വ്യക്തിക്കാണ് ആര്യവൃത്തൻ എന്നു പറയുക. സംസ്ക്കാരമില്ലാത്ത വാക്കുകളേയും പ്രവൃത്തികളേയും മററുള്ളവർ സ്വീകരിക്കുകയില്ല, നിരാകരിക്കുകയേയുള്ളു. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും, ചിന്തിക്കുന്ന ഓരോ വിചാരവും, സംസാരിക്കുന്ന ഓരോ വാക്കും നമ്മുടെ മനസ്സിൽ നാം അറിയാതെതന്നെ അദൃശ്യമായ ഓരോ പാടുകൾ തെളിക്കുന്നുണ്ട്. ഈ പാടുകൾ എല്ലാം കൂടിചേർന്നാണ് നമ്മുടെ മനസ്സിൻെറ സംസ്ക്കാരത്തെ ഉളവാക്കുന്നതു്. ചീത്ത വാക്കുകളും വിചാരങ്ങളും വർത്തനങ്ങളും, ചീത്തയായ പാടുകൾ തെളിക്കുന്നു; നല്ല വാക്കുകളും വിചാരങ്ങളും വ്യാപാരങ്ങളും, നല്ലതായ പാടുകൾ തെളിക്കുന്നു. അതിനാൽ നമ്മുടെ വാക്കുകളുടേയും വിചാരങ്ങളുടെയും പ്രവൃത്തികളുടെയും മീതെ നമുക്കു നല്ല നിയന്ത്രണം വേണം. കോപം, അസൂയ, അസത്യം, പരനിന്ദ എന്നിവയാൽ പ്രേരിതരായി നാം സംസാരിക്കരുതു്. ശാന്തമായും മധുരമായും ശാലീനമായും സംസാരിക്കുക. സത്യവും സ്നേഹവും ദയയും വാക്കുകളിൽ നിഴലിക്കണം. നമ്മുടെ വിചാരങ്ങളും പരിശുദ്ധമായിരിക്കണം. ജഡികാഗ്രഹങ്ങൾ, അസൂയ, അഹംഭാവം, വിദ്വേഷം തുടങ്ങിയ വിചാരങ്ങൾക്കും വികാരങ്ങൾക്കും നാം സ്ഥാനം കൊടുക്കരുതു്. നല്ല വിചാരങ്ങളെക്കൊണ്ടു് നാം നമ്മുടെ മനസ്സിനെ നിറയ്ക്കണം. മനസ്സിൻെറ നിറവിൽനിന്നാണ് അധരങ്ങൾ സംസാരിക്കുക. ഇതിനു് ധ്യാനം, സൽഗ്രന്ഥപാരായണം എന്നിവ വളരെ സഹായിക്കും. ധ്യാനം കൊണ്ടും വായനകൊണ്ടും നമ്മുടെ മനസ്സിലേയ്ക്കു നല്ല ആശയങ്ങളും ആദർശങ്ങളും പ്രവേശിക്കും. നമ്മുടെ പ്രവൃത്തികളും പരിശുദ്ധമാകണം. ദാരിദ്രചൈതന്യം, വിനയം, ഏകാഗ്രത, ഇന്ദ്രിയസംയമനം, പരോപകാരതൽപ്പരത, പ്രാർത്ഥനാശീലം, പരക്ലേശവിചാരം, ദൈവഭയം എന്നിവയെല്ലാം നമ്മുടെ പ്രവൃത്തികളിൽ മററുള്ളവർക്ക് തെളിഞ്ഞുകാണാൻ കഴിയണം. ഇങ്ങനെ വിചാരത്തിലും വാക്കിലും വ്യാപാരത്തിലും നാം മനഃസംസ്ക്കാരം സിദ്ധിച്ചവരെപ്പോലെ പെരുമാറണം. സന്ന്യാസി സംസ്കൃത ചിത്തനായിരിക്കണം. സംസ്ക്കാരമില്ലാത്തവരെ എല്ലാവരും അകററി നിറുത്തും.

ത്രിദണ്ഡി

വാക്ക്, വിചാരം, പ്രവൃത്തി എന്നിവകൊണ്ട് പിഴക്കാത്ത സന്ന്യാസിയെ ത്രിദണ്ഡി എന്നു വിളിക്കുന്നു. ജീവിതയാത്രയിൽ വാക്ക്, വിചാരം, പ്രവൃത്തി എന്ന മൂന്ന് ദണ്ഡുകൾ അഥവാ ഊന്നുവടികൾ കുത്തി സുരക്ഷിതമായി അയാൾ മുന്നേറുന്നുവെന്നർത്ഥം. നാം വിചാരിക്കുന്നതിലേറെ വാക്കുകൊണ്ട് നാം പിഴയ്ക്കുന്നു. മൗനമായിരിക്കേണ്ടപ്പോൾ നാം സംസാരിച്ച് മററുള്ളവരുടെ ഏകാഗ്രതയ്ക്കും സ്വസ്ഥതയ്ക്കും ഭംഗം വരുത്തുന്നതു് തെററുതന്നെ. സൗഹാർദ്ദമായും സ്നേഹമായും സംസാരിക്കേണ്ടപ്പോൾ, സംസാരിക്കാതെ മുഖം വീപ്പിച്ചിരിക്കുന്നതും തെററാണ്. ദൈവത്തോട് സംസാരിക്കേണ്ട നേരത്ത് മനുഷ്യരോടു സംസാരിച്ചുകൊണ്ടിരിക്കുന്നതും ശരിയല്ല. മററുള്ളവർക്കു ഇങ്ങോട്ട് സംസാരിക്കാൻ ഇടം കൊടുക്കാതെ, സദാനേരവും അങ്ങോട്ട് സംസാരിച്ചുകൊണ്ടിരിക്കുന്നവനും ശരിയായല്ല പ്രവർത്തിക്കുന്നതു്. മററുള്ളവരെ കേൾക്കുക എന്നതു് അവരോട് സംസാരിക്കുന്നതുപോലെ തന്നെ പ്രധാനമാണ്. കോപം, അസൂയ, പരദൂഷണം, പരിഹാസം, പ്രതിപക്ഷവിരോധം തുടങ്ങിയവയെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ സംസാരിക്കുന്നതും ശരിയല്ല. ഇങ്ങനെ നോക്കിയാൽ സംസാരംകൊണ്ട് നാം അനേകതരത്തിൽ പിഴയ്ക്കുന്നുണ്ടെന്നു കാണാം. വിചാരംകൊണ്ടും നാം പിഴയ്ക്കാറുണ്ട്. മററുള്ളവരോട് വിരോധവും വിദ്വേഷവും നാം മനസ്സിൽ വച്ചു പുലർത്തുന്നു. അവർക്കു നന്മ വരരുതേ എന്നാഗ്രഹിക്കുന്നു. അതുപോലെതന്നെ, ചിലരോടുള്ള അമിതമായ താല്പര്യംകൊണ്ട് ദൈവത്തോടും മററുള്ളവരോടുമുള്ള കടപ്പാടുകൾ നാം മറന്നുപോകുന്നു. എല്ലാററിലും മററുള്ളവരെക്കാൾ മെച്ചപ്പെട്ടവർ നാമാണെന്നു നാം വിചാരിച്ചുപോകുന്നു. ദേവാലയത്തിൽ പ്രാർത്ഥിക്കാൻവന്ന ഫ്രീശൻ തന്നെത്തന്നെ, അവിടെ പശ്ചാത്താപ വിവശനായി പ്രാർത്ഥിച്ചിരുന്ന ചുങ്കക്കാരനേക്കാൾ നല്ലവനായി കരുതി. നാമും നമ്മെക്കുറിച്ച് വിചാരിച്ചുകൊണ്ടിരിക്കുന്നതു് പലപ്പോഴും ഇങ്ങനെയൊക്കെത്തന്നെയാണ്. നമ്മുടെ പ്രവൃത്തികളിലും സ്വാർത്ഥത, അഹംഭാവം, അസൂയ എന്നിവ മുഴച്ചുനില്ക്കാം. ഇവയെല്ലാം നാം ദൂരീകരിക്കണം. വാക്കിലും വിചാരത്തിലും വ്യാപാരത്തിലും പിഴക്കാത്തവനാണ് സുരക്ഷിതമായി ജീവിതയാത്ര ചെയ്യുന്നതു്. ശരിയായ വാക്കും വിചാരവും പ്രവർത്തിയും ജീവിതത്തെ ശരിയായി താങ്ങി നിറുത്തുന്ന മൂന്നു ദണ്ഡുകളാണ്.

നിത്യകർമ്മം

അന്നന്നു ചെയ്യാനുള്ള കർമ്മങ്ങളാണ് നിത്യകർമ്മം എന്നു പറയുക. നമുക്കു എന്നും ചെയ്യാനുള്ള കർമ്മം യേശുവിൻെറ തിരുബലിതന്നെയാണ്. 'നിങ്ങൾ ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്നാണല്ലോ അവിടുന്ന് നമ്മോട് ആജ്ഞാപിച്ചിട്ടുള്ളതു്. നമ്മുടെ ജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട കർമ്മമാണ് ദിവ്യബലി. ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധത്തിൻേറയും ഐക്യത്തിൻേറയും സ്നേഹത്തിൻേറയും അനുഭവവും അവതരണവുമാണതു്. ഒന്നാമത്തെ സത്യം, നാം മുഴുവനായി ദൈവത്തിനുള്ളവരാണെന്നുള്ളതാണ്. ദൈവത്തിനു് നാം എന്നും കാഴ്ചവയ്ക്കുന്ന ഈ അപ്പം നമ്മുടെതന്നെ ശരീരമാണ്. നമ്മുടെ ശരീരവും അതിനകത്തുള്ളതെല്ലാതും—നമ്മുടെ ജീവൻ, സ്നേഹം, അറിവ് തുടങ്ങി സമസ്തവും—ദൈവത്തിനുള്ളതാണ്. ദൈവത്തിനു സ്വന്തമാകാതെ, മനുഷ്യർക്കുള്ളവരാകുവാൻ പരിശ്രമിക്കുന്നതു്, ചക്രത്തെ അച്ചുതണ്ടിലുറപ്പിക്കാതെ കറക്കാൻ യത്നിക്കുന്നതുപോലെ, മൗഢ്യമാകുന്നു. നമ്മെത്തന്നെ എല്ലാ ദിവസവും യേശുവിൻെറ ശരീരത്തോടുചേർത്തു് നിത്യപിതാവിനു കാഴ്ചവയ്ക്കുക. നീ ദൈവത്തിൻെറ സ്വന്തമാണെന്നുള്ളതു് എത്രയോ ആശ്വാസകരവും ആനന്ദകരവുമായ ഒരു അനുഭവമാണ്. ഈ അനുഭവം നിന്നിലുറയ്ക്കേണ്ടതു് അനുദിനമുള്ള ദിവ്യകാരുണ്യബലിയിലൂടെയാണ്. ദിവ്യകാരുണ്യബലിയായിരിക്കണം നിൻെറ ജീവിതത്തിലെ ഏററവും ആനന്ദസംദായകമായ നിമിഷം. ദിവ്യബലി മുടങ്ങുന്നതുപോലെ വേദനാജനകമായി മറെറാരനുഭവവും നിനക്കുണ്ടാകരുതു്. ദിവ്യബലി മററുള്ളവരോടുള്ള നമ്മുടെ ഐക്യത്തിൻേറയും അനുഭവമാണ്. അവിടെ നാം കേൾക്കുന്ന വചനങ്ങൾ ഒന്നുതന്നെ. പിതാവായ ദൈവത്തിൻെറയും മാതാവായ സഭയുടേയും വചനങ്ങളാണവ. നാം എല്ലാവരും ഒരുപോലെ എടുത്തു ഭക്ഷിക്കുന്ന അപ്പവും, നമ്മുടെ പൊതുപിതാവിൻേറയും മാതാവിൻേറയും ദാനമാണ്. നാമെല്ലാവരും ഒരപ്പൻേറയും അമ്മയുടേയും മക്കളാണെന്ന അനുഭവം നമ്മിലുറയ്ക്കുന്നതു് അനുദിന ദിവ്യബലിയിലൂടെയാണ്.

സാക്ഷി

നമ്മുടെ ആത്മാവിനുള്ളിൽ വസിച്ച് നാം ചെയ്യുന്ന സകല കർമ്മങ്ങളേയും നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിനാണ് സാക്ഷി എന്നു ഇവിടെ പറയുന്നത്. മനുഷ്യാത്മാവിന് ഭാരതീയർ ജീവാത്മാവ് എന്നു പറയുന്നു. നമ്മുടെ ആത്മാവിനുള്ളിൽ, ആത്മാവിൻേറയും ആത്മാവായി വാഴുന്ന പരമാത്മാവാണ് ദൈവം. ദൈവം നമ്മുടെ ആത്മാവിനുള്ളിൽ വസിക്കുന്നതുകൊണ്ട് അവിടുന്നു എപ്പോഴും നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. ദൈവത്തിൻെറ ദൃഷ്ടികളിൽ നിന്നു മറഞ്ഞിരിക്കാമെന്ന് മനുഷ്യൻ കരുതുന്നത് മൗഢ്യമാണ്. നമ്മെ ദൈവം എപ്പോഴും, രാവും പകലും, ഒരുപോലെ കണ്ടുകൊണ്ടിരിക്കുന്നു. നീ എപ്പോഴും ദൈവസന്നിധിയിലാണെന്ന കാര്യം വിസ്മരിക്കാതിരിക്കുക. തെററു ചെയ്യാനുള്ള പ്രലോഭനമുണ്ടാകുമ്പോൾ, ഈ വിചാരം നിന്നെ തെററിലകപ്പെടാതെ കാത്തു സൂക്ഷിക്കും. ദൈവം നമ്മെ സദാപി കണ്ടുകൊണ്ടിരിക്കുന്നു എന്നത് വളരെ സമാശ്വാസകരമായൊരു ചിന്തയാണ്. നീ ചെയ്യുന്ന എല്ലാ സൽകൃത്യങ്ങളും അവിടുന്നു കണ്ടുകൊണ്ടിരിക്കുന്നു. അവയെ നീ മറന്നാലും, മററുള്ളവർ മറന്നാലും, ദൈവം മറക്കുകയില്ല. നിനക്കു ആവശ്യമുള്ളപ്പോഴെല്ലാം ഓടിയണയാൻ സാധിക്കുമാറ് ദൈവം നിന്നോട് അത്രയ്ക്കും അടുത്താണിരിക്കുന്നത്. ആവശ്യങ്ങളിൽ സഹായത്തിനായി അവിടുത്തെ പക്കലേയ്ക്കു കൈനീട്ടുക; അപകടങ്ങളിൽ കാത്തുകൊള്ളണമേ എന്നപേക്ഷിക്കുക; നന്മകൾ ലഭിക്കുമ്പോൾ പ്രതിനന്ദിയുടെ സ്പന്ദനങ്ങൾ ഉണർത്തുക; തെററുവന്നാൽ പശ്ചാത്തപിച്ച് പൊറുതി യാചിക്കുക. ഇതെല്ലാം നിനക്കു എപ്പോഴും ചെയ്യാവുന്ന കാര്യങ്ങളാണ്. കാരണം, എപ്പോഴും ദൈവം നിൻെറ ഹൃദയത്തിനുള്ളിൽ, നിന്നെ കണ്ടുകൊണ്ട്, നിൻെറ എല്ലാ വാക്കുകൾക്കും പ്രവൃത്തികൾക്കും സാക്ഷിയായി നിന്നിൽത്തന്നെ വസിക്കുന്നു. നിൻെറ ഹൃദയത്തിൽ വസിക്കുന്ന ദൈവത്തെ ഇടയ്ക്കിടയ്ക്കു സ്നേഹപൂർവ്വം ഓർക്കുക. സ്വന്തം ഹൃദയത്തിൽ വാഴുന്ന ദൈവത്തെ ഓർക്കാത്തതിനേക്കാൾ വലിയ നന്ദിഹീനത എന്താണുള്ളത്?

വചനം

ദൈവത്തിന്റെ വാക്ക് അഥവാ വചനമാണ് വേദം. ദൈവം നമ്മെ സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും തന്റെ വാക്കിലൂടെ അഥവാ വചനത്തിലൂടെയാണ്. ജീവന്റേയും സ്നേഹത്തിന്റേയും അറിവിന്റേയും പ്രതീകമാണ് വാക്ക്. വാക്കിലൂടെ നമുക്ക്, നമ്മുടെ ജീവനും സ്നേഹവും അറിവും പുറമേയ്ക്കു കൊണ്ടുവരാൻ സാധിക്കുന്നു. നമ്മെ സൃഷ്ടിച്ചപ്പോൾ തന്റെ ജീവനിലും സ്നേഹത്തിലും അറിവിലും നമുക്കു പങ്കു തരികയത്രെ ദൈവം ചെയ്തതു്. നാമും വാക്ക് ഉപയോഗിക്കേണ്ടതു് ഈ മൂന്നു കാര്യങ്ങൾക്കുവേണ്ടി ആയിരിക്കണം. സംസാരിച്ചു കൊണ്ട് നാം മററുള്ളവരെ സജീവരായി കാക്കണം. നമ്മുടെ വാക്കുകൾ കേട്ടാൽ അവർക്കു ധൈര്യവും ഉന്മേഷവും ഉണർവും തോന്നണം. അല്ലാതെ കേട്ടാൽ അവരുടെ പ്രാണൻ പോകത്തക്കവിധം പരുഷവും കോപിഷ്ഠവുമായല്ല നാം വാക്കു ഉപയോഗിക്കേണ്ടതു്. ശാന്തമായും മധുരമായും വിനയമായും സംസാരിക്കുക. ഹൃദയശാന്തതയും വിനീതഹൃദയവും നാം യേശുവിൽനിന്നും പ്രത്യേകം പഠിക്കേണ്ട രണ്ടു പ്രധാന സുകൃതങ്ങളാണ്. വാക്കു സ്നേഹം കാണിക്കുന്നതിനുള്ള ഉപാധിയുമാണ്. മനുഷ്യനു മാത്രമെ വാക്കിലൂടെ സ്നേഹം കാണിക്കാനുള്ള കഴിവുള്ളൂ. കുററം പറച്ചിൽ, ഏഷണി പറച്ചിൽ തുടങ്ങിയവവഴി നാം വാക്കിലൂടെ സ്നേഹത്തിനു പകരം വിദ്വേഷം വിതയ്ക്കുന്നു. ആരെയും കുററം പറയാതിരിക്കുന്നതു് മഹത്വവും വലിപ്പമുള്ളൊരു ഹൃദയത്തിന്റെ ലക്ഷണമാണ്. നീ ആരിലെങ്കിലും തിന്മ ദർശിച്ചാൽ, അതു് അയാളോട് തനിച്ച് സ്നേഹമായി പറഞ്ഞുകൊടുക്കുന്നതാണ് നല്ലതു്. അറിവ് പകരുന്നതിനുള്ള ഉപാധിയാണ് വാക്ക്. അറിവുള്ളവർ സംസാരിക്കുന്നതു് ശ്രദ്ധിച്ചു കേൾക്കുക. നിന്റെ സംസാരം കൊണ്ട് മററുള്ളവർക്കു ആത്മീയവും മാനസികവുമായ പ്രയോജനമുണ്ടാകണം. അറിവുള്ളവനേ അറിവോടുകൂടി സംസാരിക്കാനാവൂ. നമുക്കു അറിവു ലഭിക്കുന്നതിനുള്ള രണ്ടു പ്രധാന പോംവഴികളും പ്രാർത്ഥനയും വായനയുമാണ്. പ്രാർത്ഥനയിൽ നീ ദൈവത്തെ അറിയുന്നു; വായിക്കുമ്പോൾ നീ ദൈവത്തെക്കുറിച്ച് അറിയുന്നു. രണ്ടും ആവശ്യംതന്നെ. ഈ അറിവ് സംസാരത്തിലൂടെ മററുള്ളവരിലേയ്ക്കു പകരുക.

24 **മെയ്**

സംസ്‌ക്കാരം

പുറമെക്കാണുന്ന ശരീരത്തിനു സ്ഥൂലശരീരം എന്നു പറയുന്നു. സ്ഥൂലശരീരത്തിനകത്താണ് ആത്മാവ്. ആത്മാവിനു സ്വന്തമായിരിക്കുന്ന ശരീരം സൂക്ഷ്മശരീരമാണ്. നാം ശരീരംകൊണ്ടു ചെയ്യുന്ന ഓരോ പ്രവൃത്തിയും ആത്മാവിനു ചുററും നേരിയൊരു ആവരണം സൃഷ്ടിക്കുന്നുണ്ട്. നല്ല പ്രവൃത്തികൾ ചെയ്താൽ നല്ല ആവരണവും, ചീത്ത പ്രവൃത്തികൾ ചെയ്താൽ ചീത്ത ആവരണവും. ഈ ആവരണമാണ് സൂക്ഷ്മശരീരം. ഇതാണ് മനുഷ്യന്റെ സംസ്കാരത്തെ നിർണ്ണയിക്കുന്ന ഘടകം. നല്ല പ്രവൃത്തികൾ ചെയ്ത് ആത്മാവിനു ചുററും നല്ല ആവരണം സൃഷ്ടിച്ചിട്ടുള്ളവർ നല്ല സംസ്കാരമുള്ളവരാണ്. നാം കഴിഞ്ഞ കാലത്തു് ചെയ്ത പ്രവർത്തികൾമൂലം ആത്മാവിനു ചുററും ഉറഞ്ഞുകൂടിയിരിക്കുന്ന സംസ്കാരത്തിനനുസരിച്ചാകും, ഇനിയുള്ള ജീവിതത്തിലെ നമ്മുടെ കർമ്മങ്ങൾ നാം ചെയ്യാനിരിക്കുന്നത്. നമ്മുടെ ഭൂതകാലം നമ്മുടെ ഭാവികാലത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുവെന്നു സാരം. ചീത്ത പ്രവൃത്തികൾമൂലം ചീത്ത സംസ്കാരം ആർജ്ജിച്ചിട്ടുള്ളവർക്ക്, തിന്മയിലേയ്ക്കുള്ള ചായ്‌വും തിരിവുമുണ്ടാകും. അതിനാൽ നിന്റെ മനസ്സിനെ എപ്പോഴും സംസ്കാരമുള്ളതാക്കി കാക്കണം. മനസ്സിൽ കോപം, അസൂയ, അശുദ്ധി തുടങ്ങിയ ദുർവികാരങ്ങൾ തങ്ങിനില്ക്കാൻ അനുവദിക്കരുത്. പ്രാർത്ഥന, സൽഗ്രന്ഥപാരായണം, സൽകഥാശ്രവണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മനസ്സിലേയ്ക്കു നല്ല കാര്യങ്ങൾമാത്രം പ്രവേശിപ്പിക്കുക. അപ്പോൾ നമ്മുടെ മനസ്സിനുചുററും നല്ല ആവരണം രൂപപ്പെടും. നല്ല കാര്യങ്ങളിലേയ്ക്കു സ്വാഭാവികമായിത്തന്നെ നിനക്കു ആകർഷണം തോന്നുകയും ചെയ്യും. ജോലികൾക്കിടയ്ക്കും കഴിയുന്നത്ര ദൈവസ്മരണ കാക്കുക. ദൈവത്തെ ഇടയ്ക്കിടയ്ക്കു മനസ്സിൽ ഓർത്താൽ, നമ്മുടെ മനസ്സിനും ദൈവികമായ ഗുണങ്ങൾ കിട്ടും. 'മുല്ലപ്പൂമ്പൊടിയേററുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം' എന്നാണല്ലോ പ്രമാണം. ദൈവത്തെ നമ്മുടെ മനസ്സിലേയ്ക്കു സ്മരണംവഴി പ്രവേശിപ്പിക്കുമ്പോൾ, നമ്മുടെ മനസ്സിനും സ്നേഹം, ശാന്തത, വികാസം, മാധുരി, ശാലീനത, വിനയം, ത്യാഗസന്നദ്ധത. പ്രാർത്ഥനാ ചൈതന്യം തുടങ്ങിയ ദിവ്യഗുണങ്ങൾ സിദ്ധിക്കും.

7

ധാതാവ്

എല്ലാം പരിപാലിക്കുന്ന ദൈവമാണ് ധാതാവ്. ആകാശത്തിലെ പറവകളേയും വയലിലെ ലില്ലിപ്പൂക്കളേയും പരിപാലിക്കുന്ന അവിടുന്ന്, തൻെറ അരുമമക്കളായ നമ്മെ ഒരു നാളും മറക്കുകയില്ല. ദൈവപരിപാലനയിൽ നമുക്കു അചഞ്ചലമായ വിശ്വാസമുണ്ടാകണം. ജീവിതത്തിലെ ഒരു ഘട്ടത്തിൽ അല്ലെങ്കിൽ മറെറാരു ഘട്ടത്തിൽ ജീവിതം നമുക്കു ഭാരമായിത്തോന്നും; സന്ന്യാസജീവിതം വിരസമായി അനുഭവപ്പെടും; പ്രാർത്ഥനയിൽ ആശ്വാസം തോന്നാതാകും; കൂടെയുള്ളവരുടെ ആത്മാർത്ഥതയെപ്പററി സംശയം തോന്നിത്തുടങ്ങും; സന്ന്യാസവ്രതങ്ങൾ ഭാരമായി അനുഭവപ്പെടും; ആത്മീയജീവിതം സാധ്യമല്ലെന്നുതന്നെ തോന്നും. ഇവയോടൊപ്പം ലോകത്തിലെ സുഖസന്തോഷങ്ങൾ നമ്മെ ആകർഷിക്കും; പലരും സന്ന്യാസം ഉപേക്ഷിച്ചുപോകുന്ന ദൃശ്യം നമ്മെ ചഞ്ചലിപ്പിക്കും. പക്ഷെ എന്തെല്ലാം കണ്ടാലും കേട്ടാലും അനുഭവപ്പെട്ടാലും, യേശുവിലുള്ള വിശ്വാസത്തിൽനിന്നും നാം ഇളകരുതു്. ''എന്നെ വിളിച്ചിരിക്കുന്നതു് ആരാണെന്ന് എനിക്കറിയാം; ഞാൻ വിശ്വസിച്ചിരിക്കുന്നതു് ആരിലാണെന്നും എനിക്കുറപ്പുണ്ട്. എന്നെ വിളിച്ചിരിക്കുന്നതു് യേശുവാണ്. ഞാൻ വിശ്വസിച്ചിരിക്കുന്നതു് മരിച്ചവരിൽനിന്നും ഉയർത്തെണീററ നസ്രായനായ യേശുവിലാണ്. ലോകത്തിലെ എല്ലാ സുഖങ്ങളും മരണത്തോടെ അവസാനിക്കും. യേശുവിൽ വിശ്വസിച്ചിരിക്കുന്നവർ മരിച്ചാലും ഉയർത്തെണീക്കും''– ഇതായിരിക്കണം നമ്മുടെ വിശ്വാസവും ഉറപ്പും. യേശുവിനുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നതിൽ നീ മടുപ്പു വിചാരിക്കരുതു്. അവിടുത്തേയ്ക്കുവേണ്ടി നീ ചെയ്ത നിസ്സാരമായൊരു പ്രവൃത്തിപോലും വൃഥാവിലാവില്ല. ഒരു പാത്രം പച്ചവെള്ളം നീ അവിടുത്തെ നാമത്തിൽ മററുള്ളവർക്കു കൊടുത്തിട്ടുണ്ടെങ്കിൽ, അതുപോലും അവിടുന്നു മറക്കാതെ ഓർത്തിരുന്ന് നിനക്കു പ്രതിഫലമേകും. 'കർത്താവായ യേശുവെ! നിന്നിൽ ഞാൻ വിശ്വസിക്കുന്നു. എൻെറ വിശ്വാസക്കുറവിനെ നീ തീർക്കേണമെ' എന്നായിരിക്കണം ഇടമുറിയാതെയുള്ള നിൻെറ പ്രാർത്ഥന.

ബ്രഹ്മജ്ഞാനം

ദൈവത്തോട് മനുഷ്യനുള്ള കടപ്പാടിനാണ് ബ്രഹ്മജ്ഞാനം എന്നു പറയുക. പലപ്പോഴും മനുഷ്യരോടു നമുക്കുള്ള കടപ്പാടുകളെ നാം ഓർത്തിരിക്കും. നമ്മുടെ മാതാപിതാക്കന്മാരോട് നമുക്കു കടപ്പാടുണ്ടെന്നു നമുക്കറിയാം. അവരുടെ ചരമ വാർഷികം പോലും നാം മറക്കാതെ ഓർത്തിരുന്ന് ആചരിക്കും. നാം ഒരാളുടെ പക്കൽനിന്നും പണം കടം വാങ്ങിച്ചിട്ടുണ്ടെങ്കിൽ, അത് തിരികെക്കൊടുക്കുന്നതിനു നമുക്കു കടപ്പാടുണ്ടെന്ന് നമുക്കറിയാം. അത് വീട്ടാൻ നാം കഴിയുന്നത്ര പരിശ്രമിച്ചുകൊണ്ടിരിക്കും. പക്ഷെ, നമുക്കു ഏററവുമധികം കടപ്പാടുള്ളത് ദൈവത്തോടാണ്. നമ്മെ സൃഷ്ടിച്ചിട്ടുള്ളതും രക്ഷിക്കുന്നതും പരിപാലിക്കുന്നതും അവിടുന്നാണ്. നാം കൈക്കൊണ്ടിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും അവിടുന്ന് ദാനമായി നമുക്കു നല്കിയിട്ടുള്ളതാണ്. അതിനാൽ ദൈവത്തോട് നമുക്കു എന്നെന്നും വലിയ നന്ദിവേണം. യേശുവിൽനിന്ന് ഒരിക്കൽ പത്തു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചു. ഒരുവൻ മാത്രം തിരികെച്ചെന്ന് അവിടുത്തോടു നന്ദി പ്രാപിച്ചു. ബാക്കി ഒമ്പതുപേരുടെ നന്ദിരാഹിത്യത്തെ യേശു വേദനാപൂർവ്വം എടുത്തു പറഞ്ഞു. നന്ദി പറഞ്ഞവനെ കൂടുതലായി അനുഗ്രഹിക്കുകയും ചെയ്തു. നമ്മുടെ ഏററവും വലിയ നന്ദിയുടെ പ്രകടനം പരിശുദ്ധകർബ്ബാനയാണ്. ദിവ്യകാരുണ്യത്തെക്കുറിക്കാൻ ആദിമസഭയിൽ ഉപയോഗിച്ചിരുന്ന എവ്ക്കറിസ്തിയ എന്ന പദത്തിൻെറ അർത്ഥം നന്ദി പ്രകടനം എന്നാണ്. അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നത്, നിനക്കുദൈവത്തിന് സമർപ്പിക്കാവുന്ന നന്ദിപ്രകടനത്തിൻെറ ഏററവും വലിയ അടയാളമാണ്. ദിവ്യബലിയുടെ പരിശുദ്ധനിമിഷങ്ങളിൽ, ദൈവം നിനക്കു നല്കിയിട്ടുള്ള അനുഗ്രഹങ്ങളെ ഓരോന്നോരോന്നായി ഓർമ്മിക്കുക. നിൻെറ ഹൃദയംനന്ദിയുടെ തിരമാലകളാൽ നിറയട്ടെ. ദൈവത്തിനു നന്ദിപറയാനായി നൂറായിരം കാര്യങ്ങളില്ലാത്തതായി നിൻെറ ജീവിതത്തിൽ ഒരു ദിവസംപോലും നീ കാണുകയില്ല. നന്ദിയില്ലാത്തവർ മൃഗങ്ങളേക്കാൾ അധമരാണ്.

നന്ദി

മനുഷ്യരോട് നമുക്കുള്ള കടപ്പാടാണ് നന്ദി. ഒരു മനുഷ്യനും ഒററപ്പെട്ടൊരു ദ്വീപല്ല. അനേകം മനുഷ്യരോട് ബന്ധപ്പെട്ടും കടപ്പെട്ടുമാണ് നാം ജീവിക്കുന്നതും വളരുന്നതും. നാം കഴിക്കുന്ന ഭക്ഷണം, വസിക്കുന്ന കെട്ടിടം എന്നിവയെപ്പററി ചിന്തിച്ചുനോക്കുക. എത്രയോ മനുഷ്യരുടെ പ്രയത്ന ഫലമാണതു്. ഇങ്ങനെ നോക്കുമ്പോൾ നാം വിചാരിക്കുന്നതിലേറെ മനുഷ്യരോട് നമുക്കു കടപ്പാടുണ്ടെന്നു കാണാം. അതിനാൽ ആരും നമുക്കു അന്യരല്ല. എല്ലാവരേയും സ്നേഹിക്കുവാനും സേവിക്കുവാനും ശുശ്രൂഷിക്കുവാനും നാം കടപ്പെട്ടവരാണ്. എല്ലാവരേയും ശുശ്രൂഷിച്ച ശേഷം, യേശു പറഞ്ഞതുപോലെ, നാം നമ്മെക്കുറിച്ചുതന്നെ ഇങ്ങനെയേ കരുതാവൂ: ''ഞങ്ങൾ സാധാരണക്കാരായ ദാസന്മാർ മാത്രമാണ്. ചെയ്യാൻ കടപ്പെട്ടതു മാത്രമെ ഞങ്ങൾ ചെയ്തിട്ടുള്ളൂ.'' ഇങ്ങനെയൊക്കെയാണെങ്കിലും, വളരെ വ്യക്തമായ കടപ്പാടുകൾപോലും മറന്നു പ്രവർത്തിക്കുന്നവരാണ് മനുഷ്യർ. സന്ന്യാസികളും ഇങ്ങനെ പ്രവർത്തിക്കാറുണ്ട്. അനേകനാൾ സ്വന്തം സന്ന്യാസസഭയിൽനിന്ന്, സഭയുടെ സ്നേഹവും ലാളനയും അനുഭവിച്ചശേഷം, സഭയോട് യാതൊരു കടപ്പാടുമില്ലാത്തവരെപ്പോലെ സഭയെ വിട്ടുപേക്ഷിക്കുന്നവരേയും തള്ളിപ്പറയുന്നവരേയും നാം കണ്ടിരിക്കാം. സഭയെവിട്ടുപേക്ഷിച്ച് പോയില്ലെങ്കിൽത്തന്നെയും, സഭയോട് നന്ദിയും സ്നേഹവുമില്ലാതെ നാമും പ്രവർത്തിച്ചിട്ടുണ്ടാകും. സഭാനിയമങ്ങളെ ധിക്കരിക്കുന്നതും, സഭാധികാരികളെ അനാദരിക്കുന്നതും സ്വന്തം സന്ന്യാസസഹോദരങ്ങളെക്കുറിച്ച് വിചാരമില്ലാതെ അവനവന്റെ കാര്യംമാത്രം നോക്കുന്നതും, സഭയോട് നമുക്കു നന്ദിയില്ലാത്തതിന്റെ വലുതും ചെറുതുമായ ലക്ഷണങ്ങളാണ്. എല്ലാ സഭാംഗങ്ങളും നിനക്കു ഒരുപോലെ സ്വന്തപ്പെട്ടവരാണ്. ഭവനത്തിനകത്തു് ചെറിയ ജോലികൾ ചെയ്യുന്ന സഭാംഗങ്ങളോടുപോലും നിനക്കു വലുതായ കടപ്പാടുണ്ട്. നിന്റെ ജീവിതം സുഖകരവും സൗകര്യപ്രദവുമാക്കുന്നതിനു് അവരെല്ലാം വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്: അതിനാൽ എല്ലാവരോടും വലിയ സ്നേഹത്തോടും നന്ദിയോടുംകൂടി പെരുമാറുക. സ്നേഹവും നന്ദിയും വലിപ്പമുള്ള ഒരു ഹൃദയത്തിന്റെ ലക്ഷണങ്ങളാണ്.

ശ്രദ്ധായജ്ഞം

വിശ്വാസത്തോടുകൂടി ത്യാഗം ചെയ്യുന്നതിനാണ് ശ്രദ്ധായജ്ഞം എന്നു പറയുന്നതു്. വിശ്വാസമില്ലാതെ യാഗം ചെയ്തുകൊണ്ടു് ഒരു ഫലവുമില്ല. സ്നേഹവും വിശ്വാസവുമാണു് ഒരു കാര്യത്തെ വലുതാക്കുന്നതു്. വിധവയുടെ കൊച്ചുകാശിനു് വലിപ്പം കിട്ടിയതു്, അതു് അവൾ വലിയ സ്നേഹത്തോടും വിശ്വാസത്തോടുംകൂടി ദൈവത്തിനർപ്പിച്ചതുകൊണ്ടാണു്. ആ കൊച്ചുകാശ് ദൈവത്തിനായി നീക്കി വച്ചതിൽ അവൾ വലിയ ത്യാഗവും സ്നേഹവും കാണിച്ചു തൻെറ സംഭാവന ചെറുതാണെങ്കിലും, അതും ദൈവത്തിനു ആവശ്യമാണെന്നു അവൾ വിശ്വസിച്ചു. വിശ്വാസത്തിൻെറ കണ്ണുകൾകൊണ്ടു നോക്കുമ്പോൾ വലിയവയും ചെറിയവയും തമ്മിൽ വ്യത്യാസമില്ല. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്ന ദാസനെയാണു് കർത്താവ് വലിയ കാര്യങ്ങളിൽ നിയമിച്ചാക്കുക. അതുകൊണ്ടു് എല്ലാ കാര്യത്തിലും നീ വലിയ വിശ്വസ്തത കാണിക്കണം. നിൻെറ പ്രാർത്ഥനകൾ, ഭക്താനുഷ്ഠാനങ്ങൾ, മൗനം, സന്ന്യാസനിയമങ്ങൾ, ബ്രഹ്മചര്യപാലനം, പണത്തിൻെറ ഉപയോഗം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ, നിനക്കു പൂർണ്ണമായ നിഷ്ഠയും വിശ്വസ്തതയും വേണം. അവയെല്ലാം ചെറിയ ചെറിയ കാര്യങ്ങളാണെന്നു കരുതി അവഗണിക്കുന്നതു്, വിശ്വാസമില്ലാത്തൊരു മനസ്സിനെയാണു് സൂചിപ്പിക്കുന്നതു്. ദൈവതിരുമുമ്പിൽ ഒന്നും ചെറുതല്ലെന്നും നിസ്സാരമല്ലെന്നും മറക്കാതിരിക്കുക. നിയമങ്ങളെ അനാദരിക്കുന്നതു് ശരിയല്ല. അവ ദൈവത്തോടും മനുഷ്യരോടും നമുക്കുള്ള സ്നേഹം കാണിക്കുന്നതിനുള്ള വഴികളാണു്. യേശുവിൻെറ പ്രമാണങ്ങളുടെ പ്രായോഗികമായ രൂപങ്ങളാണു് നമ്മുടെ നിയമങ്ങളും ചട്ടങ്ങളുമെല്ലാം. നാം ഏതെങ്കിലുമൊരു നിയമം ലംഘിച്ചാൽ, അതുകൊണ്ടു് എത്രയോ പേർക്ക് ബുദ്ധിമുട്ടുകളുണ്ടാകുമെന്ന കാര്യം ഓർത്തുനോക്കുക. പല കാര്യങ്ങളും ചെറുതായി നിനക്കു തോന്നുന്നതു്, അവയെ നോക്കാൻ ദൈവത്തിൻെറ കണ്ണുകൾ നിനക്കില്ലാത്തതുകൊണ്ടാണു്. ചെറിയവയുടെ വലിപ്പം കാണാൻ കഴിവില്ലാത്തവയാണു് മനുഷ്യൻെറ കണ്ണുകൾ.

പ്രായശ്ചിത്തം

തെററിനു പ്രായശ്ചിത്തം ചെയ്യുക സ്വാഭാവിക നീതി മാത്രമാണ്. തെററു ചെയ്യാത്തവരായി ആരുംതന്നെയില്ല. അതിനാൽ 'എനിക്കു പ്രായശ്ചിത്തത്തിൻെറ ആവശ്യമില്ല' എന്നു ഒരാറാക്കും പറയാനാവില്ല. അനന്തസ്നേഹനിധിയായ ദൈവത്തെ നാം ഏതെല്ലാം തരത്തിൽ ഉപദ്രവിച്ചിരിക്കുന്നു. അവിടുത്തെ സ്നേഹം മറന്നു്, അവിടുന്നു നമുക്കുവേണ്ടി വരിച്ച ത്യാഗത്തെക്കുറിച്ച് വിചാരമില്ലാതെ, എത്രയോ പ്രാവശ്യം നാം നന്ദിയില്ലാത്തവരെപ്പോലെ നമ്മുടെ സുഖസന്തോഷങ്ങൾക്കായി ഓടിനടന്നിരിക്കുന്നു. വാസ്തവത്തിൽ നമ്മുടെപാപങ്ങളെക്കുറിച്ച് തോരാത്ത കണ്ണീരോടെ പ്രാർത്ഥിക്കാൻ നാം എത്രയോ കടപ്പെട്ടവരാണ്. എന്നിട്ടും നാം അതിനെപ്പററിയൊന്നും വിചാരമില്ലാതെ, ഉപരിപ്ലവമായ രീതിയിൽ കളിച്ചും ചിരിച്ചും നടക്കുന്നു. സ്വന്തം അപ്പനേയും അമ്മയേയും വ്രണപ്പെടുത്തിയശേഷം, അതേപ്പററി യാതൊരു വിചാരവും വികാരവുമില്ലാതെ, കളിച്ചും ചിരിച്ചും നടക്കുന്ന കൃതഘ്നരായ മക്കളെപ്പോലെയാണ് നാം. പല വിശുദ്ധാത്മാക്കളും കണ്ണീരോടെയാണ് പ്രാർത്ഥിച്ചിരുന്നതു്. ആലോചിച്ചു നോക്കിയാൽ, അതത്രയും ശരിയാണെന്നു കാണാം. അനന്തസ്നേഹമായിരിക്കുന്ന ദൈവത്തെ ഉപദ്രവിച്ചതിനെപ്രതി നാം എത്രയേറെ കരഞ്ഞാലും അധികമാകുകയില്ല. അടുക്കലടുക്കലുള്ള പാപസങ്കീർത്തനം നമുക്കു നമ്മുടെ പാപങ്ങളെപ്പററി കരയാനുള്ള ഒരു നല്ല അവസരമാണ്. ബാഹ്യമായിഒഴുകുന്ന കണ്ണുനീരിനല്ല, ഹൃദയത്തിൽ അനുഭവപ്പെടുന്ന വ്യഥയ്ക്കും പ്രതിജ്ഞയ്ക്കുമാണ് പ്രാധാന്യം. നമ്മുടെ തെററുകളെപ്പററി—അവ ചെറിയവ ആയിരുന്നാൽപോലും—നാം ആത്മാർത്ഥമായി മനസ്തപിക്കണം. അവ ഇനിമേൽ ആവർത്തിക്കുകയില്ലെന്ന് യേശുവിനു ഉറപ്പുകൊടുക്കുക. ക്രൂശിതരൂപത്തെ നോക്കി ധ്യാനിക്കുന്നതും പശ്ചാത്താപത്തിനു പററിയൊരു പോംവഴിയാണ്.

ക്രൂശിതരൂപം നമ്മുടെപാപത്തിൻെറ കഥയാണു. ആ കഥ കണ്ടാൽ കരളലിയാത്തഹൃദയം കഠോരവും കൃതഘ്നവുമാണ്.

ആചാരം

സമൂഹത്തിൽ നടപ്പുള്ള പാരമ്പര്യങ്ങളാണ് ആചാരം എന്നുപറയുന്നത്. എല്ലാ സമൂഹങ്ങൾക്കും അതിൻേറതായ ആചാരങ്ങളും പാരമ്പര്യങ്ങളും കാണും. അവയെ ഒന്നാകെ അടച്ച് ആക്ഷേപിക്കുന്നതും അവഗണിക്കുന്നതും ശരിയല്ല. സനാതനമൂല്യങ്ങൾ, വിവേകം, പ്രായോഗികബുദ്ധി, അനുഭവസമ്പത്ത് എന്നിങ്ങനെ പല നല്ലകാര്യങ്ങളും ആചാരങ്ങൾക്കിടയിൽ മറഞ്ഞുകിടക്കുന്നു. നിൻെറ സന്ന്യാസസഭയിലും പല നല്ല ആചാരങ്ങളും പാരമ്പര്യങ്ങളും കാണും. സഭാസ്ഥാപകരുടേയും സഭയിൽ ജീവിച്ചിട്ടുള്ള വിശുദ്ധാത്മാക്കളുടേയും പല നല്ല ഗുണവിശേഷങ്ങളും ആചാരങ്ങളുടെ രൂപത്തിലാണ് നമ്മുടെ പക്കലെല്ലാം എത്തുന്നത്. പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരപ്രവർത്തനങ്ങൾ, ദാരിദ്ര്യചൈതന്യം, അനുസരണശീലം, പരസ്നേഹം എന്നിങ്ങനെ പല നല്ല കാര്യങ്ങളും ഈ ആചാരങ്ങളിൽ നമുക്കു കാണാൻകഴിയും. അവയെല്ലാം നാം ഒരിക്കലും നഷ്ടപ്പെടുത്തരുതാത്ത മൂല്യങ്ങളാണ്. അതിനാൽ നിൻെറ സമൂഹത്തിലെയും സമുദായത്തിലേയും രാജ്യത്തിലേയും നല്ലതും ഉപയോഗപ്രദവുമായ ആചാരങ്ങളേയും പാരമ്പര്യങ്ങളേയും കൈവെടിയാതിരിക്കുക. അവയെ വിചാരശൂന്യമായി ഉപേക്ഷിച്ചിട്ട്, മററുള്ളവരുടെ ആചാരങ്ങൾ അന്ധമായി അനുകരിക്കുന്നത് അഭികാമ്യമല്ല. എന്നാൽ അവനവൻെറതന്നെ ആചാരങ്ങളോട് വികാരശൂന്യമായ മമത പുലർത്തുന്നതും ശരിയല്ല. പുതിയപുതിയ മൂല്യങ്ങളെ സ്വീകരിക്കുന്നതിനും പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുംവേണ്ടി നമ്മുടെ പഴയ പല ആചാരങ്ങളേയും മാററുകയോ, അവയ്ക്കു പുതിയ രൂപഭാവങ്ങൾ നൽകുകയോ ചെയ്യേണ്ടിവരും. അതിനുള്ള ഹൃദയവിശാലതയും നമുക്കുണ്ടാകണം. നമ്മുടെ സമൂഹത്തിൽത്തന്നെ അംഗീകൃതമായ മാർഗങ്ങളിലൂടെ രൂപപ്പെട്ടുവരുന്ന പുതിയ രീതികളെ നാം വിമർശിക്കുകയോ, അവയോട് സഹകരിക്കാതിരിക്കുകയോ ചെയ്യരുത്. ഏതുപുതിയ സാഹചര്യവുമായി പൊരുത്തപ്പെടാനുള്ളകഴിവ് വിവേകിയും വിശാലവീക്ഷണമുള്ളവനുമായ ഒരു മനുഷ്യൻെറ ലക്ഷണമാണ്.

മാർജ്ജാരൻ

പൂച്ചയാണല്ലോ മാർജ്ജാരൻ എന്നുപറയുന്നത്. പിറന്നു വീണ പൂച്ചക്കുട്ടിയെ തള്ളപ്പൂച്ച കഴുത്തിൽ കടിച്ചുപിടിച്ചുകൊണ്ട് തട്ടിൻപുറത്ത് സുരക്ഷിതമായ സ്ഥാനത്ത് കൊണ്ടുപോയി വയ്ക്കുന്നു. ഇവിടെ പ്രവർത്തനം മുഴുവനും തള്ളപ്പൂച്ചയുടേതാണ്. നമ്മുടെ ആധ്യാത്മികജീവിതത്തിലെ ഒരു വംശത്തെ കാണിക്കാൻ ഭാരതീയർ ഈ ഉപമ ഉപയോഗിക്കുന്നു. ആധ്യാത്മികജീവിതം മുഴുവനും ദൈവത്തിൻെറ സൗജന്യമായൊരു ദാനമാണ്. ആധ്യാത്മികജീവിതത്തിൻെറ ഉന്നതികളിലേയ്ക്കു നമ്മെ കൈപിടിച്ചുയർത്തുന്നത് ദൈവമാണ്. മനുഷ്യപ്രയത്നംകൊണ്ട് നമുക്കൊന്നും സാധിക്കുകയില്ല. യേശുവിനെക്കൂടാതെ നാം, ദൈവത്തെ, 'ആബാ, പിതാവെ!' എന്നുവിളിക്കാൻപോലും അശക്തരാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ, കാവൽക്കാരുടെ പരിശ്രമമെല്ലാം വൃഥാവിലാണ്. അതുകൊണ്ട് ദൈവത്തിൽ നിനക്കു അതിരില്ലാത്ത ശരണംവേണം. നിൻെറ ആത്മീയജീവിതം മുഴുവനും ദിവ്യനാഥനെ ഭാരമേല്പിക്കുക. മുന്തിരിവള്ളിയാകുന്ന അവിടുത്തെക്കൂടാതെ വെറും ശാഖമാത്രമായ നിനക്കു യാതൊന്നും ചെയ്യാൻ സാധിക്കുകയില്ലെന്നു ഉറച്ചുവിശ്വസിക്കുക. ഈ വിശ്വാസം നിന്നെ കൂടുതൽ വിനയമുള്ളവനും വിശ്വാസമുള്ളവനും ശരണമുള്ളവനുമാക്കിത്തീർക്കും. അങ്ങനെയായാൽ കൂടുതൽക്കൂടുതൽ പ്രാർത്ഥിക്കേണ്ടതിൻെറ ആവശ്യം നിനക്കു ഇന്നുള്ളതിനാൽ വളരെ അധികമായി ബോധ്യപ്പെടും. കർത്താവിൽനിന്നും നിനക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് എത്ര നന്ദി പറഞ്ഞാലും മതിയാകയില്ലെന്നു് നിനക്കു അപ്പോൾ മനസ്സിലാകും. അവിടുത്തെ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തിയതിനെപ്പററി ഇന്നുള്ളതിൽ വളരെക്കൂടുതലായ മനസ്താപം അപ്പോൾ നിനക്കു തോന്നും. 'ദൈവമാണ് എല്ലാം; ദൈവത്തെക്കൂടാതെ ഞാൻ ഒന്നുമല്ല; എനിക്കൊന്നും തനിയെ സാധിക്കുകയില്ല, എന്നിലൂടെ പ്രവർത്തിക്കേണ്ടത് യേശുവാണ്' എന്നെല്ലാം പറയാറുള്ളതിൻെറ ശരിയായ ആഴവും അർത്ഥവും അപ്പോൾ നീ മനസ്സിലാക്കാൻ തുടങ്ങും. നമ്മുടെ ശക്തിമുഴുവനും നമ്മെശക്തിപ്പെടുത്തുന്ന ദൈവത്തിലാണ്.

മർക്കടൻ

മക്കടൻ അഥവാ കുരങ്ങ് തൻെറ കുഞ്ഞിനെ മരത്തിൻെറ മുകളിലേയ്ക്കു കേററിക്കൊണ്ടുപോകുന്നതു് വേറൊരു തരത്തിലാണ്. കുട്ടിക്കുരങ്ങ് തള്ളക്കുരങ്ങിൻെറ അകിട്ടിൽ അള്ളിപ്പിടിച്ചിരിക്കും. ഇവിടെ കുട്ടിക്കുരങ്ങിൻെറ സഹകരണം ആവശ്യമാണ്. കുട്ടിക്കുരങ്ങ് പിടിവിട്ടാൽ താഴെ വീഴും. നമ്മുടെ ആധ്യാത്മികജീവിതത്തിലെ വേറൊരു വശത്തെയാണ് ഈ ഉപമ കാണിക്കുന്നതു്. ആധ്യാത്മികജീവിതം മുഴുവനും ദൈവത്തിൻെറ ദാനമാണെങ്കിലും, നമ്മുടെ സഹകരണം കൂടിയേ തീരൂ. ദൈവം, തൻെറ നാണയങ്ങൾ ദാസന്മാരെ ഏല്പിച്ച് ദൂരയാത്രയ്ക്കുപോയ യജമാനനെപ്പോലെയാണ്. നാണയങ്ങൾ മുഴുവനും യജമാനൻെറ ദാനമായിരുന്നു. എന്നാലും ദാസന്മാർ സ്വപരിശ്രമംകൊണ്ട് അവ വദ്ധിപ്പിക്കേണ്ടിയിരുന്നു. അങ്ങനെ ചെയ്യാതിരുന്ന ദാസനെ യേശു അംഗീകരിച്ചില്ല. അധ്യാത്മികജീവിതത്തിലും ഇങ്ങനെതന്നെയാണ്. നമ്മുടെ പരിശ്രമവും സഹകരണവുമില്ലാതെ, ദൈവകൃപകൊണ്ടുമാത്രം കാര്യമില്ല താൻ പാതി, ദൈവം പാതി എന്നാണല്ലോ ചൊല്ല്. അതുകൊണ്ടു് പ്രാത്ഥന, പരിത്യാഗം, പരസ്നേഹകൃത്യങ്ങൾ, ഇന്ദ്രിയനിഗ്രഹം തുടങ്ങിയവ അഭ്യസിക്കാതെ, ആധ്യാത്മികജീവിതത്തിൽ പുരോഗമിക്കാമെന്നു കരുതുന്നതു് മൗഢ്യമാണ്. ഇവ വഴിയാണല്ലോ നാം നമ്മുടെ സഹകരണവും പരിശ്രമവും പ്രകടമാക്കുന്നതു്. ആത്മീയാഭ്യാസങ്ങളെ ഉത്സാഹപൂർവ്വം നിഷ്ഠയോടെ പരിശീലിക്കാത്ത ഒരാൾ, ആത്മാത്ഥമായി ദൈവത്തോടു് സഹകരിക്കുന്നു എന്നു പറയാൻ സാധിക്കുകയില്ല. ദിവ്യബലി, അനുദിനധ്യാനം, കാനോനാനമസ്കാരം, ആത്മശോധന, ജ്ഞാനവായന, കുരിശിൻെറ വഴി, പാപസങ്കീത്തനം, ദൈവസാന്നിധ്യസ്മരണ എന്നിവയെല്ലാം വിശ്വസ്തതയോടെ ആചരിക്കാത്ത സന്ന്യാസി, തൻെറ ആത്മീയജീവിതത്തിൽ ശ്രദ്ധ ചെലുത്തുന്നുവെന്നു് ആത്മാത്ഥമായി പറയാൻ സാധിക്കുകയില്ല. തന്നെത്തന്നെ സഹായിക്കാത്ത സന്ന്യാസിയെ സഹായിക്കാൻ ദൈവത്തിനും സാധ്യമല്ല. നമുക്കു നമ്മെത്തന്നെ വളർത്താൻ മനസ്സില്ലെങ്കിൽ, നമ്മെ വളർത്താൻ ആരെക്കൊണ്ടും സാധ്യമല്ല.

സാലോക്യം

ഭാരതീയചിന്തപ്രകാരം ദൈവവുമായുള്ള നമ്മുടെ ഐക്യത്തിനു നാലു നിലകളാണുള്ളത്. ഒന്നാമത്തേതു് സാലോക്യമാണു്. നാം നമ്മുടേതായ ലോകം വെടിഞ്ഞ്, ദൈവത്തിന്റെ ലോകത്തിൽ ജീവിക്കുന്നതിനാണു് സാലോക്യം എന്നു പറയുന്നതു്. പലപ്പോഴും നാം നമ്മുടേതായ ആഗ്രഹങ്ങളുടേയും ആശയങ്ങളുടേയും ലോകത്തിലാണു് ജീവിക്കുന്നതു്. ദൈവത്തിന്റെ ആഗ്രഹവും ആശയങ്ങളുമല്ല നാം കാര്യമായി കണക്കാക്കുന്നതു്. നമ്മുടെ സുഖം, വളർച്ച, പ്രശസ്തി, സൗകര്യം എന്നിവയിലാണു് നമുക്കു താല്പര്യം. ദൈവത്തിന്റെ ആശയങ്ങളല്ല നമ്മെ ഭരിക്കുന്നതു്. സുവിശേഷാദർശങ്ങൾക്കു പകരം, നാം നമ്മുടേതായ ഭൗതികവും മാനുഷികവുമായ ആദർശങ്ങളെ വച്ചുപുലർത്തുന്നു. പ്രാർത്ഥന, വിനയം, ദാരിദ്ര്യം, അനുസരണം, ത്യാഗം, സഹനം, സേവനം എന്നിവയ്ക്കല്ല നാം പ്രാധാന്യം കല്പിക്കുന്നതു്. സന്ന്യാസജീവിതത്തിന്റെ മഹത്വം മനസ്സിലാക്കാത്തവരെപ്പോലെ നാം ജീവിക്കുന്നു. പ്രാർത്ഥനയ്ക്കുപകരം പ്രവർത്തനങ്ങളും, വിനയത്തിനു പകരം തന്റേടവും, ദാരിദ്ര്യത്തിനു പകരം സുഖസൗകര്യങ്ങളും, അനുസരണത്തിനുപകരം അധികാരസ്ഥാപനങ്ങളും, ത്യാഗത്തിനുപകരം സ്വാർത്ഥതയും, സേവനത്തിനുപകരം സ്തുതിയും നാം ആഗ്രഹിച്ചുപോകുന്നു. ഇതിന്റെയെല്ലാം അർത്ഥം, നാം ദൈവത്തിന്റെ ലോകത്തിലല്ല, നമ്മുടേതായ ഒരു ലോകത്തിലാണു് താമസിക്കുന്നതെന്നത്രെ. അവനവന്റെ ലോകത്തിൽ ജീവിക്കുന്നവർക്കു യേശുവിനെ കാണാൻ കഴിയുകയില്ല. യേശുവിനെ കാണണമെങ്കിൽ നാം യേശുവിന്റെ ലോകത്തിലേയ്ക്കു പ്രവേശിക്കണം. യേശുവിന്റെ ലോകം സുവിശേഷാദർശങ്ങളുടെ ലോകമാണു്. ലോകാരൂപിയാണു് സുവിശേഷാരൂപിയുടെ ബദ്ധശത്രു. നാം വളരെ സൂക്ഷിച്ചു ജീവിച്ചില്ലെങ്കിൽ, നാം അറിയാതെ തന്നെ ലോകാരൂപി നമ്മിൽ നുഴഞ്ഞുകയറും. അതുകൊണ്ടു് എപ്പോഴും നമുക്കു നമ്മുടെമേൽത്തന്നെ നല്ല ജാഗ്രതവേണം. ലോകത്തെ ഉപേക്ഷിച്ച്, കർത്താവിനെ തേടി നാം വന്നിട്ടു്, നാം ലോകത്തിൽത്തന്നെ മുഴുകി ജീവിച്ചാൽ ഫലമെന്തു്?

സാമീപ്യം

ദൈവവുമായുള്ള നമ്മുടെ ഐക്യത്തിന്റെ രണ്ടാമത്തെ ഘട്ടം സാമീപ്യമാണ്. ദൈവത്തിനരികെ നാം വസിക്കുന്നതാണ് സാമീപ്യം. ദൈവം നമ്മോടുകൂടി ഇരിക്കുന്നതു് യേശുവിലാണ്. അതിനാൽ യേശുവിനോടുകൂടി ഇരിക്കുന്നവർ മാത്രമെ ദൈവത്തോടു അടുത്തിരിക്കുന്നുള്ളൂ. നമുക്കു യേശുവിന്റെ അരികെയിരിക്കാൻവേണ്ട ക്ഷമയില്ല. യേശുവിനെ വിട്ട് ലോകത്തിലേയ്ക്കു ഓടാനാണ് നമുക്കു ധൃതി. അര മണിക്കൂർ സമയം രാവിലെ ധ്യാനത്തിനായി യേശുവിന്റെ അരികെ നാം ഇരിക്കുന്നതുതന്നെ എത്രയോ ബുദ്ധിമുട്ടിയാണ്! യേശുവിന്റെ ശിഷ്യന്മാർ ഒരിക്കൽ യേശുവിന്റെ അരികെ ഇരുന്നു് അവിടുത്തെ തിരുവചനങ്ങൾ കേൾക്കുന്നതു് എത്രയോ മാധുരിയുള്ളതാണെന്നു് അനുഭവിച്ചറിഞ്ഞു. അപ്പോൾ അവർ പറഞ്ഞതു് ശ്രദ്ധിക്കുക: ''കർത്താവെ, ഇവിടെ ഇരിക്കുന്നതു് നമുക്കു നല്ലതാകുന്നു.'' നിനക്കും ദിവ്യകാരുണ്യസന്നിധിയിൽ ഇരിക്കുമ്പോൾ ഇതേ അനുഭവം തന്നെ ഉണ്ടാകണം. കർത്താവിന്റെ അരികെ ഇരുന്നു്, അവിടുന്നു് എത്രയോ മധുരമുള്ളവനാണെന്നു് രുചിച്ചറിയുന്നതു് എത്രയോ ആനന്ദകരമാണ്. കഴിയുന്നത്ര നേരം ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിക്കുന്ന ശീലം സമാർജ്ജിക്കുക. പ്രത്യേകിച്ച്, ദിവസത്തിന്റെ ആരംഭത്തിലും അവസാനത്തിലും, അര മണിക്കൂർ നേരം വീതമെങ്കിലും, ദിവ്യകാരുണ്യനാഥന്റെ ദിവ്യസംസർഗ്ഗത്തിൽ ഏകാകിയായി ധ്യാധപൂർവ്വം കഴിക്കുന്നതു് എത്രയോ ആനന്ദകരമായൊരു അനുഭവമാണെന്നു്, നീ പരിശീലിച്ചുനോക്കിയാൽ നിനക്കു ബോധ്യപ്പെടാതിരിക്കുകയില്ല. കൂടാതെ ഞായറാഴ്ച തുടങ്ങിയ അവധി ദിവസങ്ങളിലും കഴിയുന്നത്രനേരം ദിവ്യകാരുണ്യസന്നിധിയിൽ കഴിക്കാൻ നീ ശ്രദ്ധവയ്ക്കുക. കർത്താവിന്റെ സാമീപ്യം അനുഭവിക്കുന്നതിനെക്കാൾ ആനന്ദകരമായി ഈ ജീവിതത്തിൽ മറ്റെന്താണ് ഉണ്ടാകുക!

സാരൂപ്യം

ദൈവത്തോട്ട സദൃശമാകുന്നതാണ് സാരൂപ്യം. നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിൽ അയാളോട്ട സാദൃശ്യമാകാൻ പരിശ്രമിക്കുമല്ലോ. നമുക്കു സാരൂപ്യം വരിക്കുവാനുള്ളത് യേശുവിനോടാണ്. യേശുവാണ് നമ്മുടെ മാതൃക. ക്രൂശിതനായ മിശിഹായോട്ട് സദൃശ്യനാകുവാനാണ്. വി. പൗലോസും ഫ്രാൻസിസ് അസീസ്സിയുമൊക്കെ ഉൽക്കടമായി ആഗ്രഹിച്ചിരുന്നത്. ഗുരുവും നാഥനുമായ യേശുവിൻെറ മാതൃകയാണ് നമുക്കും അനുകരിക്കാനുള്ളത്. ഗുരുവും നാഥനുമായ അവിടുന്ന് തൻെറ ശിഷ്യന്മാരുടെ കാലുകഴുകി. അങ്ങനെയെങ്കിൽ, നാമും പരസ്പരം സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും എത്രയധികം കടപ്പെട്ടിരിക്കുന്നു. ദാസന് യജമാനനെപ്പോലെയാകുന്നതും, ശിഷ്യനു ഗുരുവിനെപ്പോലെയാകുന്നതും മതിഎന്ന് യേശു അരുളിച്ചെയ്തിരിക്കുന്നു. കർത്താവിനെപ്പോലെ ആകാനായിരിക്കണം നമ്മുടെ പരിശ്രമം മുഴുവനും. സഹനം, വിനയം, ശുശ്രൂഷ എന്നിവയെ നാം സ്നേഹിക്കാത്തിടത്തോളംകാലം, നമുക്കു യേശുവുമായി സാരൂപ്യമില്ല. യേശു മററുള്ളവരെ സ്നേഹിക്കുകയും, വിനീതമായി ശുശ്രൂഷിക്കുകയും, അവസാനം അവക്കുവേണ്ടി മരിക്കുകയും ചെയ്ത മനുഷ്യനായിരുന്നു. യേശുവിനെ അനുകരിക്കുന്നവരുടെ വിളിയും വിധിയും ഇതുതന്നെയാകുന്നു. നാമും യേശുവിനോടൊപ്പം മററുള്ളവരെ സ്നേഹിക്കാനും, വിനീതമായി ശുശ്രൂഷിക്കാനും, അവസാനം അവക്കുവേണ്ടി മരിക്കാനുമായി വിളിക്കപ്പെടുകയും വിധിക്കപ്പെടുകയും ചെയ്തിരിക്കുന്നവരാണ്. അതുകൊണ്ട് മററുള്ളവരെ ശുശ്രൂഷിക്കാനും അവക്കുവേണ്ടി ഭാരം വഹിക്കാനും നഷ്ടംവരിക്കാനും അവസരം കിട്ടുന്നത് നാം ഒരു ഭാഗ്യമായി കണക്കാക്കണം. അത് ഒരു ഭാഗ്യമായി മാത്രമെ നാം പരിഗണിക്കാവൂ. യേശു, തനിക്കു എല്ലാം നഷ്ടപ്പെട്ടു എന്നുപറഞ്ഞു് മരിച്ച മനുഷ്യനായിരുന്നില്ല. മററുള്ളവർക്കുവേണ്ടി കുരിശിൽ മരിക്കേണ്ടി വന്നിട്ടുപോലും, 'എല്ലാം പൂർത്തിയായിരിക്കുന്നു' എന്നുപറഞ്ഞു് നമുക്കുവേണ്ടി പൂർണ്ണമായ സംതൃപ്തിയോടും സന്തോഷത്തോടുംകൂടി മരിച്ച മനുഷ്യനായിരുന്നു യേശു. ഈ യേശുവിനോടുവേണം നാം സദൃശരാകേണ്ടത്.

സായുജ്യം

ദൈവവുമായി ആത്മാവ് പൂർണ്ണമായ ഐക്യം കൈവരിക്കുന്നനിലയാണ് സായൂജ്യം എന്നു പറയുന്നത്. ഈ അവസ്ഥ നമുക്ക സ്വർഗ്ഗത്തിൽവച്ചു മാത്രം പ്രാപിക്കാവുന്ന ഒന്നാണ്. എന്നാലും ഇതിൻെറ മുന്നാസ്വാദനം ഇവിടെത്തന്നെ ഉണ്ടാകാവുന്നതാണ്. ഇതിനാണ് മിസ്റ്റിക്കുകൾ കൺടെംപ്ലേഷൻ അഥവാ ധ്യാനദർശനം എന്നു വിളിക്കുന്നത്. ദൈവത്തെ ബാഹ്യ രൂപത്തിൽ കാണുന്ന തരത്തിലുള്ള കാഴ്ചകൾ അല്ല ധ്യാനദർശനംകൊണ്ട് ഉദ്ദേശിക്കുന്നത്. ആത്മാവിൽ അധിവാസം ചെയ്യുന്ന ദൈവത്തെ ധ്യാനത്തിൽ ആത്മീയമായി അനുഭവിച്ച്, അവിടുത്തോടുള്ള സ്നേഹസംഭാഷണത്തിൽ നമുക്കു ലയിച്ചിരിക്കാൻ സാധിക്കും. അതാണ് ധ്യാനദർശനത്തിൻെറ കാതൽ. ദിവ്യകാരുണ്യത്തിലൂടെ നമ്മുടെ ഹൃദയങ്ങളിൽ എഴുന്നുള്ളിവരുന്ന സ്നേഹനാഥനെ സർവ്വാത്മനാ സ്വീകരിച്ച്, അവിടുത്തെ ദിവ്യമാധുരിയിൽ ശ്രദ്ധയും സ്നേഹവും കേന്ദ്രീകരിച്ച് നമുക്ക സമയം ചെലവഴിക്കാൻ പററും. ദിവ്യകാരുണ്യനാഥൻെറ സന്നിധിയിൽ ചെന്നിരുന്ന്, നമ്മെ കാത്തിരിക്കുന്ന ആ സ്നേഹസാഗരത്തിന് നമ്മെത്തന്നെ മുഴുവനായി സമർപ്പിച്ച്, അവിടുത്തെ സ്നേഹസ്പന്ദനങ്ങൾ നമ്മുടെ ഹൃദയത്തിലേയ്ക്കു ഏററുവാങ്ങി, അനിർവചനീയമായ ആ സ്നേഹമാധുരിയിൽ ലയിച്ച് കുറെ സമയമെങ്കിലും ചെലവഴിക്കാൻ നമുക്കു സാധിക്കും. ക്രൂശിതരൂപത്തിൻെറ മുമ്പിൽ ധ്യാനലീനരായി മുട്ടുകുത്തിനിന്ന്, ആ സ്നേഹപാരമ്യത്തിലേയ്ക്കു കണ്ണുകളുറപ്പിച്ച്, അവിടുത്തെ സ്നേഹാതിരേകത്തെ ധ്യാനദർശനം ചെയ്തുകൊണ്ടു നില്ക്കാൻ നമുക്ക സാധിക്കും. ധ്യാനദർശനം വലിയ മിസ്റ്റിക്കുകൾക്കു മാത്രം സാധിക്കുന്ന കാര്യമാണെന്നു കരുതി മാററിവയ്ക്കേണ്ട ഒന്നല്ല. നാം ശ്രദ്ധവച്ച് പരിശ്രമിച്ചാൽ, നമുക്ക കുറേനേരം ദൈവത്തിൽ ഏകാഗ്രമായി ലയിച്ചിരിക്കാൻ സാധിക്കും. ദൈവത്തിലുള്ള ലയം അവിടുത്തെ ദാനമാണെന്നതു് ശരിതന്നെ. പക്ഷെ ആത്മാർത്ഥമായി പരിശ്രമിക്കുന്നവർക്കു അവിടുന്നു് അതു് നല്കാതിരിക്കുകയില്ല. മുട്ടുന്നവർക്കു തുറന്നു കൊടുക്കുന്നവനാണ് ദൈവം. പരിശ്രമിക്കാത്തതിനുള്ള കുററം നമ്മുടേതുതന്നെ!

കാലം

അനന്തമായ പ്രവാഹമാണ് കാലം. അത് ദൈവത്തിൽ നിന്നും വരുന്നു; ദൈവത്തിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇതിലൂടെ വസ്തുക്കളും വ്യക്തികളും ഒഴുകിക്കൊണ്ടിരിക്കുന്നു. നാം കാലഗതിയിലാണ് ജീവിക്കുന്നത്. അതുകൊണ്ട് പല കാര്യങ്ങളും നാം കാലക്രമംകൊണ്ടേ പഠിക്കൂ. ഭാരതീയരുടെ ഇടയിൽ ഒരു ചൊല്ലുണ്ട്: അറിവിന്റെ നാലിലൊന്ന് ഗുരുനാഥനിന്നും പഠിക്കാം; നാലിലൊന്ന് തനിയെ വായിച്ചു മനസ്സിലാക്കാം; നാലിലൊന്ന് സഹപാഠികളിൽനിന്നും ഗ്രഹിക്കാം; അവസാനത്തെ നാലിലൊന്ന് കാലക്രമത്തിൽ ജീവിതാനുഭവംകൊണ്ടു മാത്രമേ കിട്ടൂ. അനുഭവംകൊണ്ട് പാകത വരാത്ത അറിവുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ട് ജീവിതാനുഭവമുള്ളവരുടെ അറിവിനും ഉപദേശത്തിനും നാം അതിന്റേതായ വില കൊടുക്കണം. മൂത്തവർ വാക്കും പഴനെല്ലിക്കയും ആദ്യം കയ്ക്കും, പിന്നെ മധുരിക്കും എന്നാണല്ലോ പ്രമാണം. നമ്മുടെ അധികാരികൾ, ഗുരുനാഥന്മാർ തുടങ്ങിയവർ നമ്മുടെ ഓരോരോ തെറ്റുകൾ തിരുത്തിത്തന്നിട്ടുള്ളത്, പിന്നീട് നമുക്കു എത്രയോ പ്രയോജനകരമായിത്തീർന്നുവെന്ന് ഇപ്പോൾ നമുക്കു മനസ്സിലാകുന്നുണ്ടാകണം. ഒരു പക്ഷെ, അന്നു നമുക്കു അതുമൂലം വേദന തോന്നിയെങ്കിലും, ഇന്നു നാം അതിന്റെ സൽഫലങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് പുതിയ കാര്യങ്ങളെ സ്വീകരിക്കുന്നതിനുള്ള അമിതമായ ആവേശത്താൽ, പഴയ കാര്യങ്ങളിലുള്ള മൂല്യങ്ങൾ നാം മറന്നുകളയരുത്. നാംതന്നെ പത്തോ ഇരുപതോ കൊല്ലംമുമ്പ് ചിന്തിച്ചിരുന്നതിനേക്കാൾ എത്രയോ വ്യത്യസ്തമായാണ് ഇന്നു ചിന്തിക്കുന്നത്. കാരണം, ഇക്കാലത്തിനിടയ്ക്കു നമുക്കു കിട്ടിയ അനുഭവജ്ഞാനംകൊണ്ട് നാം കാര്യങ്ങളുടെ പല പുതിയ വശങ്ങളും മനസ്സിലാക്കിക്കഴിഞ്ഞു എന്നതാണ്. അതുകൊണ്ട് നമ്മുടെ അഭിപ്രായങ്ങളുടെമേൽ ഒരുതരം പിടിവാശി ഉണ്ടാകുന്നത് ശരിയല്ല. മറ്റുള്ളവരുടെ അനുഭവങ്ങൾക്കും അഭിപ്രായങ്ങൾക്കും നാം വില കല്പിക്കണം. അനുഭവത്തേക്കാൾ വലിയ വൈദ്യനില്ല എന്നാണ് ചൊല്ല്. അനുഭവമാകട്ടെ, കാലക്രമംകൊണ്ടു മാത്രമെ കൈവരൂ.

ആദാനം

''ആദാനം ഹി വിസർഗ്ഗായ'' എന്നാണു് കാളിദാസൻ പറയുന്നതു്. സ്വീകരിക്കുന്നതു് കൊടുക്കുന്നതിനുവേണ്ടി ത്തന്നെയാണു് എന്നാണു് ഇതിൻെറ അർത്ഥം. മേഘങ്ങളെ ക്കുറിച്ചാണു് കവി ഇതു് പറയുന്നതു്. കടലിൽ കിടന്നി രുന്ന ജലത്തെ മേഘങ്ങൾ സ്വീകരിക്കുന്നതു്, അവ ആ ഭാര വും താങ്ങി നാടുമുഴുവൻ നീങ്ങി, എല്ലായിടത്തും ജലത്തെ മഴ യായി എത്തിച്ചുകൊടുക്കാൻ വേണ്ടിയാണു്. തങ്ങൾക്കു കിട്ടി യവ മററുള്ളവക്കു കൊടുക്കാൻവേണ്ടി ബുദ്ധിമുട്ടുകയും ഭാരം വഹിക്കുകയും ചെയ്യുന്നവരാണു് മേഘങ്ങൾ. നല്ല മനുഷ്യരും ഇങ്ങനെതന്നെ ആയിരിക്കണം. ആരോഗ്യം, അറിവു്, സമയം, സമ്പത്തു്, തുടങ്ങി അനേകം അനുഗ്രഹങ്ങൾ തങ്ങൾ ദൈവത്തിൽനിന്നും സ്വീകരിച്ചിട്ടുണ്ടെന്നു് അവക്കറിയാം. അവയെപ്രതി അവർ ദൈവത്തോടു് നിരന്തരമായ കൃതജ്ഞത യുള്ളവരുമാണു്. എന്നാൽ ഈ ദാനങ്ങളെല്ലാം തങ്ങൾ സ്വീ കരിച്ചിരിക്കുന്നതു്, അവയെ സസന്തോഷം മററുള്ളവർക്കു കൊടുക്കുന്നതിനുവേണ്ടിയാണെന്ന കാര്യം അവർ ഒരുനാളും മറക്കുകയില്ല. അതിനുവേണ്ടി ഭാരം വഹിക്കുന്നതാണു് അ വക്കു സന്തോഷം. നമുക്കു ലഭിച്ചിട്ടുള്ള ദാനങ്ങൾ മററുള്ളവ രിൽ എത്തിക്കണമെങ്കിൽ നാം മററുള്ളവക്കുവേണ്ടി ബുദ്ധി മുട്ടണം. 'എൻെറ സമയം എനിക്കുവേണ്ടി, എൻെറ സമ്പ ത്തു് എനിക്കുവേണ്ടി, എൻെറ ആരോഗ്യം എനിക്കുവേണ്ടി, എൻെറ അറിവു് എനിക്കുവേണ്ടി, എനിക്കുള്ളതെല്ലാം എ നിക്കുവേണ്ടി, ഞാൻതന്നെയും എനിക്കുവേണ്ടി' എന്ന തര ത്തിൽ നാം ഒരിക്കലും ചിന്തിച്ചുകൂടാ. നാമെല്ലാവരും ദൈവത്തിനുവേണ്ടിയും മററുള്ളവക്കുവേണ്ടിയുമാണു്. അതു കൊണ്ടു്, എത്രമാത്രം നമുക്കു ദൈവത്തിനുവേണ്ടിയും മററുള്ള വക്കുവേണ്ടിയും ജീവിക്കാൻ സാധിച്ചുവോ, അത്രയ്ക്കും നമ്മുടെ ജീവിതത്തിനു അർത്ഥമുണ്ടു്. എത്രമാത്രം നാം നമുക്കുവേണ്ടിത്ത ന്നെ ജീവിച്ചുവോ, അത്രയ്ക്കും നമ്മുടെ ജീവിതം നിരർത്ഥകമായി.

വൃക്ഷം

വൃക്ഷങ്ങൾ എത്രയോ മനോഹരമായപാഠങ്ങളാണ് നമുക്കു നല്കുന്നത്. തണലേകുക, വിറകു നല്കുക, മണ്ണൊലിപ്പു തടയുക, വായു ശുദ്ധീകരിക്കുക, ഫലങ്ങൾ നല്കുക തുടങ്ങി എണ്ണിയാലൊതുങ്ങാത്ത സേവനങ്ങളാണ് അവ നമുക്കു ചെയ്യുന്നത്. എന്നാൽ ഒന്നും മിണ്ടാതെ മൗനമായി സേവനം ചെയ്യുന്നു എന്നതാണ് അവയുടെ വലുതായൊരു പ്രത്യേകത. നാം കല്ലെറിഞ്ഞ് ഉപദ്രവിച്ചാൽപോലും, പകരം ഇങ്ങോട്ട് ഇലയും പൂക്കളും പഴവും പൊഴിച്ച് അവ നമ്മെ ആശീർവദിക്കുകയേയുള്ളൂ. ആരുവോരുമില്ലാത്ത പക്ഷികൾക്കുപോലും സേവനം ചെയ്യുന്ന കാര്യത്തിൽ വൃക്ഷങ്ങൾ ഉത്സുകരാണ്. ജലം മുഴുവൻ മത്സ്യങ്ങൾ അവകാശപ്പെടുത്തി· കര മുഴുവൻ മനുഷ്യരും മൃഗങ്ങളുംകൂടി കൈവശപ്പെടുത്തി. ഒരിടത്തു് ഒന്ന് ഇരിക്കാൻപോലും സൗകര്യമില്ലാത്ത ആകാശമാണ് പക്ഷികൾക്കു കിട്ടിയതു്. അവരുടെ സഹായത്തിനുള്ളതു് വൃക്ഷങ്ങളാണ്. ഇങ്ങനെ നോക്കിയാൽ എത്രയോ പാഠങ്ങളാണ് വൃക്ഷങ്ങൾ നമുക്കു തരുന്നതു്. ഏററവും വലിയ പാഠം അവ നിശബ്ദമായി സേവനം ചെയ്യുന്നുവെന്നതാണ്. നിശബ്ദസേവനങ്ങൾ വളരെ വിലപ്പെട്ടവയാണ്. യാതൊരു ശബ്ദവുമുണ്ടാക്കാതെ ആശ്രമത്തിനകത്തെ സാധാരണ ജോലികൾ ചെയ്യുന്ന സന്ന്യാസികൾ വലിയ സേവനംതന്നെയാണ് ചെയ്യുന്നതു്. അവരെ നീ ചെറിയതും താഴ്ന്നതുമായ ജോലികൾ ചെയ്യുന്നവരായി പരിഗണിക്കരുതു്. അവർ വലിയ സേവനം ചെയ്യുന്ന വലിയ മനുഷ്യർതന്നെയാണ്. ലൗകികദൃഷ്ടിയിൽ വലിയ ജോലികൾ ചെയ്യുന്ന സ്ഭാംഗങ്ങളെപ്പോലെതന്നെ പ്രാധാന്യമുള്ളവരായി നീ അവരേയും പരിഗണിക്കണം. വാസ്തവത്തിൽ എല്ലായിടത്തും ഓടിനടക്കുന്ന മൃഗങ്ങളേക്കാളും മത്സ്യങ്ങളേക്കാളും മനുഷ്യരേക്കാളും വലിപ്പത്തിൽ ഉയർന്നു നില്ക്കുന്നതു് നിശബ്ദസേവനം ചെയ്യുന്ന വൃക്ഷങ്ങൾ തന്നെയാണല്ലോ. മൃഗങ്ങളും മത്സ്യങ്ങളും മനുഷ്യരും മരിച്ചാലും, മരിക്കാതെ ജീവിച്ചുനില്ക്കുന്നതും മരങ്ങൾതന്നെ. നിശബ്ദസേവനങ്ങൾ നീണ്ടുനില്ക്കുന്നവയാണ്.

ആൽമരം

ഉപനിഷത്തുക്കളിൽ ഈ ലോകത്തെ വലിയൊരു ആൽമരത്തോടാണ് സങ്കല്പിച്ചിരിക്കുന്നത്. അതിൻെറ വേരുകൾ മേലോട്ടും ശാഖകൾ കീഴോട്ടും വളരുന്നു. ആലോചിച്ചുനോക്കിയാൽ, ഈ സങ്കല്പമെത്രയും ശരിയാണെന്നു കാണാം. ലോകത്തിൻെറ വേരുകൾ ഇറങ്ങിക്കിടക്കുന്നതു് മുകളിലിരിക്കുന്ന ദൈവത്തിലേയ്ക്കാണ്. ദൈവത്തിൽനിന്നാണ് അതു് ജീവനും പോഷണവും വലിച്ചെടുക്കുന്നതു്. ദൈവത്തിൽനിന്നും ലോകത്തിൻെറ വേരറുത്തു മാററിയാൽ, ലോകം ഉണങ്ങി വരണ്ടു് നശിച്ചുപോകും. പുറമെയ്ക്കു കാലപ്രവാഹത്തിലൂടെ നീണ്ടുനീണ്ടു വരുന്നതു് ശാഖകളും ഫലങ്ങളും മാത്രമാണ്. വാസ്തവത്തിൽ നമ്മുടെ ജീവിതത്തിൻെറ വേരുകൾ കിടക്കുന്നതു് ദൈവത്തിലാണ്. ദൈവത്തിൽനിന്നും മാറിയാൽ നമ്മുടെ പ്രവൎത്തനങ്ങളും നേട്ടങ്ങളുമായി കാണപ്പെടുന്ന ഫലങ്ങളെല്ലാം ഉടനെ ഉണങ്ങിപ്പോകും. യേശുവാകുന്ന മുന്തിരിവള്ളിയിൽനിന്നും മാറി ശാഖകളാകുന്ന നമുക്കു ജീവിക്കുവാനോ പ്രവൎത്തിക്കുവാനോ സാധിക്കുകയില്ല. ദൈവത്തെ കൂടാതെയുള്ള നമ്മുടെ പ്രവൎത്തനമെല്ലാം ഒരുതരം കാട്ടിക്കൂട്ടൽ മാത്രമായിരിക്കും. അവയൊന്നും സ്ഥായിയായി നിലനില്ക്കുകയില്ല. ശരിയായ ആന്തരിക ജീവിതവും ആത്മീയ ജീവിതവുമുള്ളവൎക്കേ, മനുഷ്യഹൃദയങ്ങളെ സ്പൎശിക്കത്തക്കവിധത്തിൽ പ്രവൎത്തിക്കാൻ കഴിയൂ. ഈ സത്യം തത്വത്തിൽ നാം അംഗീകരിക്കുമെങ്കിലും, പ്രായോഗികമായി അതു മറന്നാണ് നാം പലപ്പോഴും ജീവിക്കുന്നതു്. പ്രവൎത്തനങ്ങളുടെപേരിൽ എത്രയോ പെട്ടെന്നാണ് നാം പ്രാൎത്ഥന ഉപേക്ഷിച്ചു കളയുന്നതു്! മനുഷ്യരുടെ ഇടയിൽ സ്വാധീനവും പ്രശസ്തിയും കിട്ടുന്നതിനുവേണ്ടി എത്രയോ പ്രാവശ്യം നാം സാധുജനങ്ങളെ വിട്ടു് ധനികരെ ശുശ്രൂഷിക്കുന്നതിനായി പരക്കം പായുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നതു്, നമുക്കു് ദൈവത്തിലെന്നതിനെക്കാൾ വിശ്വാസം, നമ്മിലും നമ്മുടെ ശക്തിയിലുമാണ് എന്നല്ലേ! നാം ദൈവത്തിൽ വിശ്വാസം കാണിക്കുന്നില്ലെങ്കിൽ, ദൈവത്തിനു് എങ്ങനെ നമ്മിലൂടെ പ്രവൎത്തിക്കാൻ കഴിയും?

ആർജ്ജവം

ഋജു എന്ന പദത്തിൽനിന്നാണ് ആർജ്ജവം എന്ന വാക്കു ഉണ്ടാകുന്നത്. ആർജ്ജവം എന്നു വച്ചാൽ ഋജുത്വം അഥവാ നേർപോക്ക് എന്നാണർത്ഥം. നാം പ്രാവുകളെപ്പോലെ നിഷ്കളങ്കരും ശിശുക്കളെപ്പോലെ ലളിതമാനസരും ആയിരിക്കണമെന്നാണല്ലോ യേശു ആവശ്യപ്പെട്ടിട്ടുള്ളത്. വക്രത, കൗശലം, കഠിനത എന്നിവയെല്ലാം സന്ന്യാസികൾക്കു ചേർന്ന ഗുണങ്ങളല്ല. വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും നാം സത്യസന്ധതയുള്ളവരായിരിക്കണം. ദ്വയാർത്ഥപ്രയോഗങ്ങൾ, പരിഹാസ വചനങ്ങൾ, കഠിനവാക്കുകൾ എന്നിവ നമ്മിൽനിന്നും ഉതിർന്നുവീഴരുത്. അതുപോലെ നമുക്കു തെററുപററിയാൽ ആത്മാർത്ഥമായി അതു് ഏററു പറയുക. നമ്മുടെ തെററുകൾ മററുള്ളവർ തിരുത്തിത്തരുമ്പോൾ, നന്ദിയോടുകൂടി അതു സ്വീകരിക്കുക. തെററ് ആർക്കും പററാം. തെററാണെന്നറിയുമ്പോൾ അതു് തിരുത്തുന്നതാണ് മാന്യത. തെററു നമ്മുടെ ഭാഗത്താണെന്നറിഞ്ഞിട്ടും, അതു് തിരുത്താതെ, ദുരഭിമാനത്തിൻെറ പേരിൽ സ്വയം നീതീകരിച്ചുകൊണ്ടിരിക്കുന്നതു് മാന്യതയല്ല, അല്പത്വമാണ്. നമ്മുടെ അധികാരികളോടും സഭാനിയമങ്ങളോടും നാം വിശ്വസ്തമായി പെരുമാറണം. കണക്ക്, പണമിടപാടുകൾ, സാധനങ്ങൾ സമ്പാദിക്കൽ എന്നിവയുടെ കാര്യത്തിലും നീതിയും സത്യസന്ധതയും സന്ന്യാസലാളിത്യവും പുലർത്തണം. നമ്മുടെ കൂടെയുള്ളവരോടും നാം നേർപോക്കോടുകൂടി പെരുമാറണം. ഇല്ലാത്ത താല്പര്യങ്ങൾ ഉണ്ടെന്നു നടിച്ചു നടക്കുന്നതിനേക്കാൾ നല്ലതു്, നമുക്കു അവരോട് എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അതു് സൗമ്യമായും വിനയമായും സ്നേഹമായും പറഞ്ഞുതീർത്ത് യഥാർത്ഥമായ ധാരണയിൽ കഴിയുകയാണ്. എല്ലാററിലുമുപരിയായി നാം ദൈവത്തോടും നമ്മെ വിളിച്ച യേശുവിനോടും സത്യസന്ധത പുലർത്തണം. പ്രാർത്ഥന, പരിത്യാഗം വ്രതങ്ങൾ എന്നിവ ലംഘിച്ചും ഉപേക്ഷിച്ചും ജീവിക്കുന്ന സന്ന്യാസി, ദൈവത്തോടും സഭയോടും മററുള്ളവരോടും അവനവനോടുതന്നെയും സത്യസന്ധത പുലർത്തുന്നില്ല.

പ്രാണപ്രതിഷ്ഠ

പുരോഹിതൻ ദൈവത്തിൻെറ പ്രാണനെ അഥവാ ശക്തിയെ മന്ത്രം ചൊല്ലി വിളിച്ച് താഴേയ്ക്കിറക്കിക്കൊണ്ടു വന്നു്, പൂജയ്ക്കായുള്ള വിഗ്രഹത്തിൽ പ്രതിഷ്ഠിക്കുന്നു. ഇതിനാണു് ഭാരതീയർ പ്രാണപ്രതിഷ്ഠ എന്നു പറയുന്നതു്. പിതാവായ ദൈവം വചനമാകുന്ന മന്ത്രത്തിലൂടെ തൻെറ പ്രാണനെ നമുക്കു പ്രതിഷ്ഠിച്ചുതന്നിട്ടുള്ളതു് യേശുവിൻെറ മനുഷ്യത്വത്തിലാണു്. അതിനാൽ യേശുവിൻെറ ശരീരമാണു് നമുക്കു പൂജയ്ക്കായുള്ള പുതിയതും പരമവുമായ വിഗ്രഹം. ക്രിസ്തീയബലിയുടെ വിഷയം യേശുവിൻെറ ശരീരമാണല്ലോ. യേശുവിൻെറ മനുഷ്യത്വത്തിൻെറ മുമ്പിൽ നീ ധ്യാനലീനനായി, കൈകൂപ്പി, ഭക്തിപൂർവ്വം നില്ക്കുക. ക്രിസ്തീയധ്യാനത്തിൻെറ പരമമായ വിഷയം യേശുവിൻെറ മനുഷ്യത്വമാണു്. ആ മനുഷ്യത്വത്തിലൂടെമാത്രമെ നമുക്കു പിതാവിൻെറ സ്നേഹത്തേയും ജ്ഞാനത്തേയും രക്ഷാകരപദ്ധതിയേയും മനസ്സിലാക്കാൻ കഴിയൂ. കർത്താവിൻെറ തിരുജനനവും അജ്ഞാതജീവിതവും വാക്കുകളും അത്ഭുതങ്ങളും പീഡാസഹനവും കുരിശുമരണവും തിരുവുത്ഥാനവും സ്വർഗ്ഗാരോഹണവും ദിവ്യകാരുണ്യദാനവും നിൻെറ നിരന്തരമായ ധ്യാനത്തിനു് വിഷയമാകണം. അവയുടെ അർത്ഥം മുഴുവനും നീ ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു എന്നു കരുതുന്നതു് ശരിയല്ല. ഒരു പക്ഷെ, ചരിത്രപരമായ സംഭവങ്ങൾ എന്ന നിലയിൽ അവ നിനക്കു കുറെയൊക്കെ അറിയാമായിരിക്കും. എന്നാൽ നീ ഇനിയും ധ്യാനിച്ചു മനസ്സിലാക്കിയിട്ടില്ലാത്ത അനേകമനേകം ആന്തരാർത്ഥങ്ങൾ അവയ്ക്കടിയിൽ ഇനിയും മറഞ്ഞുകിടപ്പുണ്ടു്. നിരന്തരമായ ധ്യാനംകൊണ്ടേ അവയെല്ലാം നിനക്കു കുറെയെങ്കിലും മനസ്സിലാകൂ. കർത്താവിൻെറ ഏതെങ്കിലുമൊരു ജീവിതരഹസ്യത്തെക്കുറിച്ച് ഇന്നു നീ ധ്യാനിക്കുമ്പോൾ, അതേപ്പറ്റി ഇന്നലെ നീ കണ്ടിട്ടില്ലാതിരുന്ന പുതിയൊരു വശം ഇന്നു നിനക്കു കാണാൻ കഴിയും; നാളെ ധ്യാനിക്കുമ്പോൾ ഇന്നു നീ കാണാതെപോയ പുതിയൊരർത്ഥം, നാളെയും നിനക്കു കാണാൻ കഴിയും. കർത്താവിൻെറ മനുഷ്യത്വത്തെക്കുറിച്ചുള്ള ധ്യാനത്തിൽനിന്നും ഒരുനാളും നീ മാറിപ്പോകരുതു്. ദൈവം തൻെറ അഗാധരഹസ്യങ്ങൾ നമുക്കായി നിക്ഷേപിച്ചുതന്നിട്ടുള്ള അനന്തവും അവർണ്ണനീയവുമായ അക്ഷയനിധിയാണു് യേശുവിൻെറ ശരീരം.

സൃഷ്ടി

ദൈവത്തിൻെറ മൂന്നു കർമ്മങ്ങളായി ഭാരതീയ മതഗ്രന്ഥങ്ങളിൽ പറയുന്നതു് സൃഷ്ടി, സ്ഥിതി, ലയം എന്നിവയെയാണു് നമ്മെ സൃഷ്ടിക്കുന്നതും ജീവിതത്തിൽ നിലനിറുത്തുന്നതും അവസാനം തന്നോടു ചേർത്തു് രക്ഷിക്കുന്നതും ദൈവമാണു്. ക്രിസ്തീയ സിദ്ധാന്തപ്രകാരം ദൈവത്തിൻെറ കർമ്മങ്ങൾ സൃഷ്ടി, രക്ഷണം, വിശുദ്ധീകരണം എന്നിങ്ങനെ മൂന്നാണു് എന്നു പറയുന്നതും കാര്യത്തിൽ ഇതുതന്നെയാണു്. നമ്മെ സൃഷ്ടിച്ചിട്ടുള്ളതു് ദൈവമാണു്. ഇതു് ഒരു പ്രാഥമിക സത്യമാണെങ്കിലും, ഇതിൻെറ അർത്ഥം നാം പലപ്പോഴും പൂർണ്ണമായി ഗ്രഹിക്കാറില്ല. നമുക്കുള്ളതും നാം ആയിരിക്കുന്നതും മുഴുവനായി ദൈവം നമുക്കു ദാനമായി നല്കിയിട്ടുള്ളതാണു്. നമുക്കു നമ്മുടേതായി യാതൊന്നുമില്ലെന്നുള്ളതാണു് പരമാർത്ഥം. എന്നിട്ടും, നമുക്കുള്ളതെല്ലാം നമ്മുടെ സ്വന്തമാണെന്നുള്ള തെററായ ധാരണയിൽ നാം കഴിയുകയാണു്. നാം ദൈവദാനങ്ങളുടെ വീട്ടുകാര്യസ്ഥന്മാർ മാത്രമാണു്. യജമാനൻ തൻെറ സമ്പത്തുകൾ വീട്ടുകാര്യസ്ഥനെ ഏല്പിച്ചു് ദൂരയാത്രയ്ക്കു പോയിരിക്കുകയാണു്. വീട്ടുകാര്യസ്ഥൻ തനിക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന സമ്പത്തുകൾ തൻെറ സ്വന്തം കാര്യത്തിനായല്ല ഉപയോഗിക്കേണ്ടതു്; യജമാനൻെറ കാര്യങ്ങൾക്കു വേണ്ടിയും യജമാനൻെറ മക്കളുടെ കാര്യങ്ങൾക്കുവേണ്ടിയുമാണു് അയാൾ അവ ഉപയോഗിക്കേണ്ടതു്. നമ്മുടെ ധനം, സമയം, ആരോഗ്യം, അറിവു്, വസ്തുവകകൾ എന്നിവയെല്ലാം നാം നമ്മുടെ സുഖസൗകര്യങ്ങൾക്കു വേണ്ടിയല്ല ഉപയോഗപ്പെടുത്തേണ്ടതു്. ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും ഉപയോഗപ്പെടുത്താനുള്ളവയാണവ. അവയെല്ലാം നമ്മുടെ സ്വന്തമായിരുന്നാലെന്നവണ്ണം, ദൈവത്തേയും മററുള്ളവരേയും മറന്നു്, നമ്മുടെ സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുക തെററാണു്. യജമാനൻ മടങ്ങിവരുമ്പോൾ, വീട്ടുകാര്യസ്ഥൻ യജമാനൻെറ ദ്രവ്യംകൊണ്ടു് തിന്നുകയും കുടിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നവനായി കണ്ടാൽ, അയാളെ പിരിച്ചുവിടുകയും ശിക്ഷിക്കുകയും ചെയ്യുമെന്നാണല്ലോ യേശു പറഞ്ഞിട്ടുള്ളതു്.

സ്ഥിതി

ദൈവം നമ്മെ ജീവിതത്തിൽ പരിപാലിക്കുന്നതിനാണ് സ്ഥിതി എന്നു പറയുന്നതു്. വാസ്തവത്തിൽ ഓരോ നിമിഷവും നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്നതു് ദൈവമാണ്. ഇന്നുതന്നെ എത്രയോ അപകടങ്ങൾ ശാരീരികമായും ആത്മീയമായും എനിക്കു സംഭവിക്കാമായിരുന്നു. അവയിൽ നിന്നെല്ലാം ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ എന്നെ കാത്തുരക്ഷിച്ചു. അപകടങ്ങളിൽനിന്നു കാത്തുരക്ഷിക്കുക മാത്രമല്ല ദൈവം ചെയ്യുന്നതു്. എത്രയോ അധികം ദാനങ്ങൾ നല്കി എന്നെ അവിടുന്നു അനുഗ്രഹിക്കുക കൂടിയാണ് ചെയ്തിട്ടുള്ളതു്. ഇങ്ങനെ നോക്കുമ്പോൾ, ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു ഞാൻ എത്ര നന്ദി പറഞ്ഞാലും മതിയാകുകയില്ല. എന്നിട്ടും ദൈവത്തോട് പ്രത്യേകിച്ച് ഒന്നും പറയാനില്ലാത്തവനെപ്പോലെയാണ് ഞാൻ പലപ്പോഴും പ്രാർത്ഥനയുടെ നിമിഷങ്ങളിൽ നില്ക്കുന്നതു്! ദിവ്യകാരുണ്യസന്നിധിയിൽ ചെന്നിരുന്നശേഷം, സ്നേഹനാഥനോട് അധികമൊന്നും പറയാൻ വിഷയമില്ലാത്തവനെപ്പോലെ, ഞാൻ അവിടെ നിന്നു് നിർവ്വികാരനായി ഇറങ്ങിപ്പോരാൻ ധൃതികൂട്ടുന്നു! എന്റെ ബുദ്ധിഹീനതയും നന്ദികേടും മാത്രമാണ് ഇതിനുകാരണം. എത്രയോ കാര്യങ്ങളാണ് യഥാർത്ഥത്തിൽ എടുത്തെടുത്തു് പറഞ്ഞ് സ്നേഹനാഥന് നന്ദി ചൊല്ലേണ്ടതായിട്ട് എന്റെ ജീവിതത്തിലുള്ളതു്. എന്റെ ജനനം, മാതാപിതാക്കന്മാർ, ജ്ഞാനസ്നാനം, ക്രിസ്തീയവിശ്വാസം, വിദ്യാഭ്യാസം, ദിവ്യകാരുണ്യം, സന്ന്യാസവിളി, പ്രസാദവരങ്ങൾ തുടങ്ങി അവിടുന്നു് എനിക്കു നല്കിയിട്ടുള്ള ദാനങ്ങൾക്കു നന്ദി പറഞ്ഞുതീർക്കാൻ ഒരു ജീവിതകാലം മുഴുവനും പോരായെന്നതാണ് പരമാർത്ഥം. സന്ന്യാസത്തിൽ വന്നതിനുശേഷവും എത്രയോ വിശേഷവരങ്ങളാണ് അവിടുന്നു് എനിക്കു നല്കിയിട്ടുള്ളതു്. എന്റെ നൊവിഷ്യേററ്, സന്ന്യാസവ്രതവാഗ്ദാനം തുടങ്ങിയ അവസരങ്ങളിൽ അവിടുന്നു് എനിക്കു നല്കിയിട്ടുള്ള ദിവ്യവരങ്ങളുടെ വില ആർക്കുനിശ്ചയിക്കാൻ കഴിയും! ഇപ്പോഴും അവിടുന്നു് എല്ലാ ദിവസവും എനിക്കു നല്കിക്കൊണ്ടിരിക്കുന്ന വരങ്ങൾ എത്രയോ അനർഘങ്ങളാണ്. എന്നെ ഇത്രയധികം പരിപാലിക്കുന്ന ദൈവത്തിന്റെ സ്നേഹപാരമ്യം ഞാൻ മനസ്സിലാക്കാതിരിക്കുന്നതാണ് തെററു്.

ലയം

താൻ സൃഷ്ടിച്ചുപരിപാലിക്കുന്ന ലോകത്തെ ദൈവം തന്നിലേയ്ക്കുതന്നെ ലയിപ്പിക്കുന്നു. ആദിയിൽ ദൈവം തൻെറ വചനത്തിലൂടെ മണ്ണ്, മരം, മൃഗം, മനുഷ്യൻ എന്നിവയെ സൃഷ്ടിച്ചു. ഇവയെല്ലാം വീണ്ടും വചനത്തിലൂടെതന്നെ ദൈവത്തിലേയ്ക്കു കരേറിപ്പോകണം. മണ്ണ് മരങ്ങളിലേയ്ക്കും, മരങ്ങൾ മൃഗങ്ങളിലേയ്ക്കും, മൃഗങ്ങൾ മനുഷ്യനിലേയ്ക്കും പതുക്കെപ്പതുക്കെ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. നാം ഭക്ഷിക്കുമ്പോൾത്തന്നെ ഇതാണ് ഒരു തരത്തിൽ നടക്കുന്നത്. മണ്ണും മരവും മൃഗങ്ങളും അവസാനമായി നാനാതരത്തിൽ ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്നത് മനുഷ്യനാണ്. അതിനാൽ അവയെല്ലാം മനുഷ്യനിലേയ്ക്കു ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്നു എന്നു പറയാം. മനുഷ്യനാകട്ടെ, മാംസംധരിച്ച ദൈവവചനം വഴി, ക്രിസ്തുവിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. ക്രിസ്തുവിലൂടെ മനുഷ്യൻ—മനുഷ്യനിലൂടെ ലോകം മുഴുവനും—ദൈവത്തിലേയ്ക്കു കരേറിപ്പോകുകയും ചെയ്യുന്നു. ഇങ്ങനെ നോക്കുമ്പോൾ നമ്മെ ദൈവവുമായി ലയിപ്പിക്കുന്നകണ്ണി ക്രിസ്തുവാണ്. യേശുവുമായി ഐക്യപ്പെടുകവഴി മാത്രമെ നമുക്കു ദൈവവുമായി ഒന്നിക്കുവാൻ സാധിക്കു. അറിവും സ്നേഹവുമാണ് ലയത്തിനുള്ള രണ്ടു വഴികൾ. ബുദ്ധിയുടെ ലയമാണ് അറിവ്. ഹൃദയത്തിൻെറ ലയമാണ് സ്നേഹം. നമ്മുടെ ബുദ്ധിയും ഹൃദയവും ഒരുപോലെ യേശുവിൽ ലയിക്കണം. യേശുവിനെ നാം അറിയുന്നതു് സുവിശേഷങ്ങളിൽക്കൂടിയാണ്. സുവിശേഷങ്ങൾ നാം എന്നെന്നും ധ്യാനപൂർവ്വം വായിക്കണം. യേശുവിനെക്കുറിച്ചു് എഴുതപ്പെട്ടിട്ടുള്ള ആത്മീയഗ്രന്ഥങ്ങൾ താല്പര്യപൂർവ്വം വായിച്ചു്, അവിടത്തെക്കുറിച്ചുള്ള വിശേഷാത്തരമായ അറിവിൽ കൂടുതൽ കൂടുതൽ ആഴപ്പെടാൻ നാം ഉത്സാഹിക്കണം. ഹൃദയത്തിനു ലയം കിട്ടുക പ്രാർത്ഥനയിലാണ്. ധ്യാനത്തിൽ നിൻെറ ഹൃദയത്തിൽനിന്നും സ്നേഹസ്പന്ദനങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണപോലെ യേശുവിലേക്കു പ്രവഹിക്കണം. യേശുവിൽ ലയിക്കുന്നതാണ് പരമമായ ആനന്ദം.

ഇരുൾ

മനുഷ്യൻ ഇരുളിലാണെന്നു ശൈവസിദ്ധാന്തക്കാർ പറയുന്നു. യേശുവിനെക്കൂടാതെ നാമും ഇരുളിൽത്തന്നെയാണ് കഴിയുക. ഈ ലോകത്തിലേയ്ക്കുവരുന്ന ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് യേശു. അവിടുത്തെ പിഞ്ചെല്ലുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. നാം പലപ്പോഴും കാര്യങ്ങളെ നോക്കിക്കാണുന്നതു് യേശുവിൻെറ വെളിച്ചത്തിലല്ല, നമ്മുടെ മാനുഷികജ്ഞാനത്തിൻെറ വെളിച്ചത്തിലാണ്. യേശുവിൻെറ വെളിച്ചം സുവിശേഷാദർശങ്ങളുടെ വെളിച്ചമാണ്. നാം ലൗകികവെളിച്ചത്തിൽ നോക്കുകയാണെങ്കിൽ പ്രാർത്ഥന, ത്യാഗം, വിനയം, സന്ന്യാസദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം, അജ്ഞാതസേവനം തുടങ്ങിയ പല കാര്യങ്ങളുടേയും അർത്ഥം നമുക്കു മനസ്സിലാകുകയില്ല. അവയുടെ അർത്ഥം നമുക്കു മനസ്സിലാകണമെങ്കിൽ, അവയെയെല്ലാം നാം സുവിശേഷങ്ങളുടെ വെളിച്ചത്തിൽ നോക്കണം. ലൗകികവീക്ഷണം മാത്രമുള്ള ഒരാൾ, നാം പ്രാർത്ഥനയ്ക്കു സമയം ചെലവഴിക്കുന്നതു് ഒരു സമയനഷ്ടമായിക്കരുതും. ആ സമയത്തു് മനുഷ്യനു് ഉപകാരപ്രദമായ മറെറന്തെല്ലാം കാര്യങ്ങൾ ചെയ്യാം എന്നായിരിക്കും അയാൾ ചോദിക്കുക. അതുപോലെതന്നെ ദരിദ്രജീവിതം, എളിമ, അജ്ഞാതസേവനം തുടങ്ങിയ മൂല്യങ്ങളുടെയും അർത്ഥം അയാൾക്കു മനസ്സിലാകുകയില്ല. നമ്മുടെ ബുദ്ധിക്കു ഇനിയും യേശുവിൻെറ പ്രകാശം സിദ്ധിച്ചിട്ടില്ല. ശിഷ്യന്മാർ യേശുവിൻെറ കൂടെ അനേകനാൾ നടന്നിട്ടും, 'തങ്ങളിൽ വലിയവൻ ആരാണെന്നാണ്' അവർ ചിന്തിച്ചിരുന്നതു്. കാരണം, അവരുടെ ചിന്താരീതികൾക്കു യേശുവിൻെറ ചൈതന്യംകൊണ്ടു് മാററം വന്നിരുന്നില്ല. നമ്മിലും ഒട്ടൊക്കെ ഇങ്ങനെതന്നെയാണ്. സന്ന്യാസികളിൽ എത്രയധികം ലൗകായതികത്വമാണ് ഓരോരോ വിജ്ഞാനങ്ങളുടെ പേരിൽ നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നതെന്നു് നീ അനുദിനം കണ്ടുകൊണ്ടിരിക്കുന്നതല്ലേ! യേശുവാകുന്ന വെളിച്ചം ലോകത്തിൽ ഉണ്ടായിരുന്നിട്ടും നാം അന്ധകാരത്തിൽ നടക്കാൻ ഇഷ്ടപ്പെടുന്നതു് വിചിത്രമായിരിക്കുന്നു.

മരുൾ

അന്ധകാരത്തിൽ ഇരിക്കുന്നതുകൊണ്ട് ആത്മാവിനുണ്ടാകുന്ന പരിഭ്രാന്തിക്കാണ് മരുൾ എന്നു പറയുന്നത്. ദൈവം നമ്മുടെ ആത്മാവിലില്ലാതെ വരുമ്പോൾ, നമുക്കു ആന്തരികമായ അസ്വസ്ഥത അനുഭവപ്പെട്ടു തുടങ്ങും. പലപ്പോഴും നാം ഉള്ളിലുള്ള ആ അസ്വസ്ഥതയെ മറച്ചുപിടിക്കുന്നതിനായി പുറമെ കളിച്ചും ചിരിച്ചും നടക്കുന്നവരായി ഭാവിക്കും. ലൗകികമായ വിനോദങ്ങളും സുഖസൗകര്യങ്ങളും അന്വേഷിച്ചുകൊണ്ട്, ദൈവം ആത്മാവിൽ ഇല്ലാതെ വരുന്നതുമൂലമുണ്ടാകുന്ന ശൂന്യത നികത്താമെന്ന് നാം വെറുതെ വ്യാമോഹിക്കുന്നു. ദൈവത്തിനല്ലാതെ മറ്റൊന്നിനും നമ്മുടെ ഹൃദയത്തെ നിറയ്ക്കാൻ സാധിക്കുകയില്ല. ലോകത്തിലെ എല്ലാ സുഖസന്തോഷങ്ങളും അനുഭവിച്ച വി. അഗസ്റ്റിന് അവസാനം പറയാനുണ്ടായതു്, ''ദൈവമെ! നീ ഞങ്ങളെ നിനക്കായി സൃഷ്ടിച്ചു; ഞങ്ങൾ നിന്നിൽ വിലയം കൊള്ളുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ സ്വസ്ഥതയനുഭവിക്കില്ല'' എന്നുമാത്രമായിരുന്നു. നാം നമ്മെത്തന്നെ വഞ്ചിക്കാതിരിക്കാൻ ശ്രദ്ധിക്കണം. സ്തുതി, ബഹുമാനം, ധനം, അധികാരം, ലൗകികവസ്തുക്കൾ, ശാരീരികസന്തോഷങ്ങൾ എന്നിവകൊണ്ട് നമ്മെത്തന്നെ സംതൃപ്തരാക്കാമെന്ന ധാരണയിൽ നാം നീങ്ങുന്നതു്, ഒരുതരത്തിൽ നമ്മെത്തന്നെ വഞ്ചിക്കലാണ്. മരണക്കിടക്കയിൽ കിടക്കുന്ന ഒരു മനുഷ്യനോട്, ജീവിതകാലത്തു് അയാൾ നേടിയിട്ടുള്ള ധനത്തേയോ അനുഭവിച്ചിട്ടുള്ള സുഖസന്തോഷങ്ങളേയോ പററി പറഞ്ഞുനോക്കുക. അതെല്ലാം ഒരു തരത്തിലുള്ള മായയായിരുന്നുവെന്ന് അയാൾ പറയും. വാസ്തവത്തിൽ ദൈവത്തിനുവേണ്ടി ജീവിതകാലത്തു് അയാൾ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അതുമാത്രമെ അയാൾക്കു ശരിയായ ആനന്ദം നല്കുകയുള്ളു. അതുകൊണ്ട് ദൈവത്തെ മറന്ന് ജീവിക്കുന്നതുകൊണ്ട് ആത്മാവിനു അസ്വസ്ഥതമാത്രമെ അവശേഷിക്കുകയുള്ളു. ദൈവമാണ് യഥാർത്ഥമായ ശാന്തി. ദൈവത്തെ ഉപേക്ഷിച്ചവരാരും യഥാർത്ഥമായ ശാന്തി അനുഭവിച്ചിട്ടില്ല.

അരുൾ

ആത്മാവിലെ ഇരുളകററി, ആത്മാവിനു ജീവനും പ്രകാശവും നല്കുന്ന പ്രസാദവരത്തിനാണ് അരുൾ എന്നു പറയുന്നത്. യേശുവിൻെറ പ്രസാദമാണ് നമ്മുടെ ആത്മാവിൻെറ ജീവൻ. പ്രസാദമായി യേശു തന്നെത്തന്നെയാണ് നമുക്കു നല്കുന്നത്. യേശുവിൻെറ ശരീരത്തെയാണല്ലോ ദിവ്യബലിയിൽ പ്രസാദമായി നാം ഉൾക്കൊള്ളുന്നത്. യേശുവിൻെറ ശരീരം ഭക്ഷിക്കാതെയും, അവിടുത്തെ രക്തം പാനം ചെയ്യാതെയും നമുക്കു നമ്മിൽത്തന്നെ ജീവനില്ല. നമുക്കു ഇനി ഒരിക്കലും ദാഹിക്കുകയില്ലാത്ത ജീവൻെറ ജലമാണ് യേശു നമുക്കു നല്കുന്നത്. ദിവ്യകാരുണ്യം നമ്മുടെ ആത്മാവിൻെറ ഭക്ഷണമാണ്. ദിവ്യകാരുണ്യത്തോടുള്ള ഭക്തി ക്രിസ്തീയവിശ്വാസത്തിൻെറ കാതലാണ്. യേശുവിൻെറ ശരീരരക്തങ്ങൾ എന്നും പ്രസാദമായി ലഭിക്കുന്നതിനെ, നീ നിൻെറ ജീവിതത്തിലെ ഏററവും വലിയ ഭാഗ്യമായി കരുതണം. ഈ ദിവ്യഭോജനത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്നതായിരിക്കണം, നിനക്കു ജീവിതത്തിലുണ്ടാകുന്ന ഏററവും വ്യസനകരമായ അനുഭവം. അനുദിനമുള്ള ദിവ്യബലിയിൽ ഏററവും ഭക്തിപൂർവ്വം ഏകാഗ്രമായി നീ സംബന്ധിക്കണം. ഓരോ ദിവസവും നിന്നെത്തന്നെ മറന്നു് ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീവിക്കുന്നതിനു് നിനക്കു ആത്മീയമായ ശക്തി ആവശ്യമുണ്ട്. ഇതിനു് ഓരോ ദിവസവും ആവശ്യമുള്ള ശക്തി, അന്നന്നു സംബന്ധിക്കുന്ന ദിവ്യബലിയിൽനിന്നും സമ്പാദിക്കണം. ഓരോ ദിവസത്തെയും ജീവിതം മുഴുവനും അന്നു കണ്ട ദിവ്യബലിയുടെ തുടർച്ചയാകണം. ദൈവത്തെ ആ ദിവസം മുഴുവനും ഇടയ്ക്കിടക്കു് ആരാധിച്ചുകൊണ്ടും, അവിടുത്തേയ്ക്കു നന്ദി പറഞ്ഞുകൊണ്ടും, നമ്മുടെ പാപങ്ങൾക്കു പൊറുതി ചോദിച്ചുകൊണ്ടും, നമുക്കാവശ്യമുള്ള അനുഗ്രഹങ്ങൾ യാചിച്ചുകൊണ്ടും, ജീവിതത്തെ ദിവ്യകാരുണ്യത്തിൻെറ തുടർച്ചയാക്കിത്തീർക്കാം. ദിവ്യകാരുണ്യനാഥനെ ഇടയ്ക്കിടയ്ക്കു സന്ദർശിച്ചുകൊണ്ടുവേണം ഇതു് നിർവഹിക്കുക. അതുപോലെ തന്നെ നമ്മെത്തന്നെ ശുശ്രൂഷയിലൂടെ മററുള്ളവർക്കായി അനുദിനം ബലി ചെയ്യുമ്പോഴും നാം ദിവ്യകാരുണ്യജീവിതം നമ്മിൽ തുടരുകയാണ്. ദിവ്യബലിയിൽ നാം ഒരുമിച്ചു കൂടുന്നതു് കർത്താവ് നമുക്കുവേണ്ടി ചെയ്ത അതേ കാര്യംതന്നെ നാം മററുള്ളവർക്കുവേണ്ടി ചെയ്യുന്നതിനാണ്.

പതി

ദൈവത്തെ പതി അഥവാ ഇടയനായും, ആത്മാവിനെ പശ്ശുഅഥവാ അജഗണമായും, പാപത്തെ പശ്ശുവിനെ പതിയിൽനിന്നും അകററി ബന്ധിച്ചിരിക്കുന്ന പാശം അഥവാ കയറായും ശൈവസിദ്ധാന്തത്തിൽ സങ്കല്പിച്ചിരിക്കുന്നു. വാസ്തവത്തിൽ ആടുകളുടെ ഇടയൻ യേശുവാണ്. യേശുവിൻെറ സ്വരമാണ് നമുക്കു കേഠക്കാനുള്ളതു്. യേശുവിൻെറ സ്വരം സുവിശേഷങ്ങളുടെ സ്വരമാണ്. പ്രാത്ഥന, വിനയം, അനുസരണം, ദാരിദ്ര്യം, ജീവിതപരിശുദ്ധി, സ്നേഹം, ത്യാഗം, വിനീതശുശ്രൂഷ, സഹനം എന്നിവയിലേയ്ക്കു നമ്മെ ക്ഷണിക്കുന്ന സ്വരമാണതു്. ഈ സ്വരത്തിൽനിന്നും മാറിയുള്ള വേറെ സ്വരങ്ങളും നമുക്കു ലോകത്തിൽ കേഠക്കാം. അവയൊന്നും യേശുവിൻെറ സ്വരമല്ല. പക്ഷെ, പലപ്പോഴും യേശുവിൻെറ സ്വരം കേഠക്കാതെ, നാം ലോകാരൂപിയുടെ സ്വരത്തിനു പിറകെ പോകുന്നു. യേശു ഇനിയും നമ്മുടെ ഹൃദയത്തിൻെറ ഇടയനായി കഴിഞ്ഞിട്ടില്ലെന്നത്ഥം. എത്രയോ ചെറിയ കാരണങ്ങളാലാണ് നാം പ്രാത്ഥനയ്ക്കു മുടക്കം വരുത്തുന്നതു്! നിസ്സാരമായ അസൗകര്യങ്ങളെപ്രതി നാം പ്രതിദിനധ്യാനം, ആത്മശോധന, ജ്ഞാനവായന, ദിവ്യകാരുണ്യ സന്ദശ്നം തുടങ്ങിയ ആത്മീയാഭ്യാസങ്ങഠം മുടക്കിക്കളയുന്നു. ഫലമോ? യേശുവിൻെറസ്വരം കേഠക്കാതെ ജഡികാരൂപി നമ്മിൽ ബലപ്പെട്ടു വരികയും ചെയ്യുന്നു. അല്പം സഹിക്കുന്നതിനും ത്യാഗമനുഷ്ഠിക്കുന്നതിനും ആവശ്യപ്പെട്ടുമെന്ന് മുൻകൂട്ടികണ്ടാൽ, നാം അവിടെനിന്നും തന്ത്രപൂവ്വം മാറിക്കളയുന്നു. വിനയം, ശാന്തത, അജ്ഞാതസേവനം തുടങ്ങിയവയെ നാം ബലഹീനതയായി കരുതുന്നു. എല്ലാററിലും സ്തുതിയും ബാഹ്യമായ വളച്ചയുമാണ് നാം അന്വേഷിക്കുന്നതു്. ഇതിൻെറയെല്ലാം അത്ഥം, കത്താവല്ല ഇനിയും നമ്മുടെ ഹൃദയങ്ങളെ ഭരിക്കുന്നതു് എന്നു മാത്രമാണ്. യേശുവിനു നിന്നെത്തന്നെ അടിയറവയ്ക്കുക. അവിടുത്തെ തൃപ്പാദത്തിങ്കൽ ചെന്നിരുന്നു, ക്രൂശിതമായിരിക്കുന്ന ആ ദിവ്യ സ്നേഹപാരമ്യത്തിൻെറ മുമ്പിലിരുന്ന്, ദിവ്യഹൃദയത്തിലേയ്ക്കു ധ്യാനപൂവ്വം ഉററുനോക്കിക്കൊണ്ടിരിക്കുക. നിൻെറഹൃദയത്തെ അവിടുന്ന് ചലിപ്പിക്കാൻതുടങ്ങും.

പശു

യേശുവാകുന്ന ഇടയൻ മേയ്ക്കുന്ന പശു അഥവാ അജഗണമാണ്ˇ നാം. നമ്മെ നയിക്കേണ്ടതും മേയ്ക്കേണ്ടതും യേശുവാണ്ˇ. യേശു തൻെറ ശിഷ്യപ്രമുഖനായ വി. പത്രോസിനെയാണ നമ്മെ മേയ്ക്കേണ്ട ഭാരം ഏല്പിച്ചിരിക്കുന്നത്ˇ. വി. പത്രോസിൻെറ പിൻഗാമികളാണ്ˇ റോമാമാർപ്പാപ്പമാർ. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ മാർപ്പാപ്പയാണ്ˇ. സഭയിലൂടെയും സഭാധികാരികളിലൂടെയും നാം നയിക്കപ്പെടണമെന്നാണ്ˇ യേശുവിൻെറ ഇഷ്ടം. അവിടുന്ന്ˇ മനുഷ്യരിലൂടെയാണ്ˇ മനുഷ്യരെ രക്ഷിക്കുന്നത്ˇ. തിരുസ്സഭയെ നാം ആത്മാർത്ഥമായി സ്നേഹിക്കണം. ഞാൻ തിരുസ്സഭയുടെ ഒരു പുത്രനാകുന്നു അഥവാ പുത്രിയാകുന്നു എന്നു പറയുന്നതിൽ നാം അഭിമാനം കൊള്ളണം. സഭയുടെ പഠനങ്ങളോടും വിശ്വാസങ്ങളോടും നാം വിശ്വസ്തത പുലർത്തണം. സഭാധികാരികളെ നാം ആദരിക്കുകയും ബഹുമാനിക്കുകയും വേണം. തിരുസ്സഭയുടെതന്നെ ഒരു ചെറിയ പ്രതീകമാണ്ˇ നാം ഉൾപ്പെട്ടിരിക്കുന്ന രൂപതയും ഇടവകയും. രൂപതാധ്യക്ഷൻെറ നിർദ്ദേശങ്ങൾ നാം വിശ്വസ്തതയോടെ പാലിക്കണം. രൂപതയുടെ പ്രവർത്തനങ്ങളിൽ നാം ആളും അർത്ഥവും നല്കിക്കൊണ്ട്ˇ ആത്മാർത്ഥമായി സഹകരിക്കണം. അതുപോലെതന്നെ ഇടവകാധ്യക്ഷനെ നാം ആദരിക്കുകയും, അദ്ദേഹത്തിനു വിധേയരായി ഇടവകയുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുവേണ്ടി യത്നിക്കുകയും വേണം. ഇടവകയിലെ മതാധ്യയനം, സാമൂഹ്യസേവനങ്ങൾ തുടങ്ങിയ രംഗങ്ങളിൽ നമ്മുടെ സഹായവും സഹകരണവും നിർല്ലോഭമായി നല്കണം. നാം ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ളവരാണ്ˇ. യേശു തൻെറ മാംസരക്തങ്ങൾ അനേകരുടെ രക്ഷയ്ക്കുവേണ്ടി മുറിക്കുകയും ഒഴുക്കുകയും ചെയ്ത ഇടയനാണ്ˇ. അവിടുത്തെപ്പോലെ, നാമും നമ്മെത്തന്നെയും നമ്മുടെ വിഭവങ്ങളേയും ദൈവജനത്തിൻെറ സമഗ്രമായ വിമോചനത്തിനായി ബലി ചെയ്യണം. ഇടയനിണങ്ങിയ ആടുകളായിരിക്കണം നാം. യേശു നമ്മെ പഠിപ്പിക്കുന്ന ഏററവും വലിയ പാഠം മററുള്ളവരുടെ രക്ഷയ്ക്കായി നമ്മെത്തന്നെ ബലി ചെയ്യുക എന്നതാണ്ˇ.

പാശം

ആത്മാവാകുന്ന ആടിനെ, ഇടയനാകുന്ന പതിയിൽനിന്നും അകററി നിറുത്തുന്ന കയറ് അഥവാ ബന്ധനമാണ് പാശം. ദൈവത്തിൽനിന്നും നമ്മെ അകററിനിറുത്തുന്ന പാപംതന്നെയാണ് യഥാർത്ഥത്തിലുള്ള പാശം. ദൈവത്തോട് നാം കാണിക്കുന്ന ഉദാരതയുടെ കുറവാണ് എല്ലാ പാപത്തിലുമുള്ളത്. ദൈവത്തോട് നന്ദിയും ഉദാരതയുമില്ലാതെ, വല്ലതും ചെറുതുമായ രീതിയിൽ, പലപ്പോഴും നാം പ്രവർത്തിക്കുന്നു. ദൈവം രാവും പകലും നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്നു. നാമാകട്ടെ, നമ്മുടെ പ്രാർത്ഥന, ആത്മീയാഭ്യാസങ്ങൾ എന്നിവയ്ക്കുവേണ്ടി വരുന്ന അല്പം ചില മണിക്കൂറുകൾ പോലും ദൈവത്തിനുവേണ്ടി ചെലവഴിക്കാൻ മടിക്കുന്നു. ദൈവം നമ്മോടുള്ള സ്നേഹം കൊണ്ട് തൻെറ പുത്രനെത്തന്നെ നമുക്കായി ബലിചെയ്തു. നാമാകട്ടെ, ദൈവത്തെപ്രതി നിസ്സാരമായൊരു ത്യാഗം പോലും അനുഷ്ഠിക്കുവാൻ മടിക്കുന്നു. നമ്മെ ദൈവത്തിൽനിന്നും അകററിനിറുത്തുന്ന വലിയൊരു പാശമാണ് ആത്മീയമന്ദത. നമ്മുടെ സന്ന്യാസജീവിതത്തിൻെറ ആരംഭത്തിൽ, പ്രത്യേകിച്ച്, നമ്മുടെ നവസന്ന്യാസകാലത്ത്, നാം എത്രയോ വലിയ ആത്മീയതീക്ഷ്ണതയോടെ ജീവിച്ചിരുന്നു. പ്രാർത്ഥന, ധ്യാനം, ദിവ്യകാരുണ്യസ്വീകരണം, ദിവ്യകാരുണ്യസന്ദർശനം, ജ്ഞാനവായന, പാപസങ്കീർത്തനം, വിനീതമായ ജോലികൾ, പരസ്നേഹകൃത്യങ്ങൾ എന്നിവയെല്ലാം അക്കാലത്ത് നാം എത്രയോ അധികമായ സ്നേഹത്തോടും തീക്ഷ്ണതയോടും കൂടി നടത്തിയിരുന്നു. അന്ന് വാസ്തവത്തിൽ നാം സന്ന്യാസജീവിതവും യേശുവിനോടുള്ള നമ്മുടെ അടുപ്പവും യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്നു. പക്ഷെ കാലക്രമത്തിൽ നാം മന്ദജീവിതത്തിലേയ്ക്കു വഴുതിവീണു. നമ്മുടെ ഭക്തകൃത്യങ്ങൾ ഓരോന്നോരോന്നായി നാം ഉപേക്ഷിക്കുകയോ, അവയിൽ വിശ്വസ്തതയില്ലാത്തവരായി വ്യാപരിക്കുകയോ ചെയ്തുപോയി. അങ്ങനെ നാം യേശുവിൽ നിന്നും അകന്നകന്നു പോയി. നിൻെറ ഭക്താഭ്യാസങ്ങളിൽ പോരായ്കയുള്ളത് നീ പരിഹരിക്കുക. നിൻെറ ആത്മാവിൻെറ കെട്ടുകൾ ഓരോരോന്നോരാന്നായി അഴിയും. യേശുവിനോട് നീ കൂടുതൽ അടുക്കും.

തിരോഭാവം

ദൈവം ഭക്തസന്നിധിയിൽ നിന്നും അപ്രത്യക്ഷമാകുന്ന തിനാണ് തിരോഭാവം എന്നു പറയുന്നത്. വാസ്തവത്തിൽ ഒരിക്കലും ദൈവം നമ്മിൽനിന്നും അപ്രത്യക്ഷനാകുന്നില്ല. അവിടുന്ന് എപ്പോഴും നമ്മോടുകൂടിയുണ്ട്. എന്നാലും, നമ്മു ടെ വിശ്വാസത്തെ പരീക്ഷിക്കുന്നതിന്, താൻ നമ്മിൽനിന്നും മറഞ്ഞിരിക്കുന്ന പ്രതീതി ചിലപ്പോഴം അവിടുന്ന് നമ്മിലുള വാക്കിയെന്നിരിക്കും. ഒരിക്കൽ ശിഷ്യന്മാർ സഞ്ചരിച്ചിരുന്ന തോണി, കൊടുങ്കാററിൽപ്പെട്ട് നശിക്കാറായിരുന്ന ഘട്ട ത്തിൽ, യേശു ഒന്നുമറിയാത്തവനെപ്പോലെ അതിൽ ഉറങ്ങുക യായിരുന്നു. അവിടുന്ന് തങ്ങളെ കാണുന്നില്ലെന്നു കരുതി, ശിഷ്യന്മാർ പരിഭ്രമിച്ചു. യേശു എല്ലാം അറിയുന്നുണ്ടായി രുന്നു. അവിടുന്ന് ഉണർന്ന് കാററിനേയും കടലിനേയും ശകാ രിച്ച് ശാന്തമാക്കിയശേഷം, ശിഷ്യന്മാരുടെ അവിശ്വാസത്തെ ക്കുറിച്ച് അവരെ കുററപ്പെടുത്തി. നാമും ശിഷ്യന്മാരെപ്പോലെ യാണ്. യേശു നമ്മെ കൈവിട്ടുവെന്നുകരുതി നാം ഭയപ്പെ ടുന്നു. പ്രാർത്ഥനയിൽ ആനന്ദം തോന്നാതാകുമ്പോഴം, ദൈവം നമ്മിൽനിന്നും അകന്നിരിക്കുകയാണെന്നു കരുതി, നാം പ്രാ ർത്ഥന ഉപേക്ഷിക്കുന്നു. ലോകത്തിൽ നമ്മെ പ്രലോഭിപ്പിക്കുന്ന പല കാഴ്ചകളും കാണുമ്പോഴം നമ്മുടെ വിശ്വാസം ഇളകുന്നതാ യി നമുക്കു തോന്നും. പലരും സന്ന്യാസം വിട്ടുപോകുന്നതാ യി നാം കാണുന്നു; ഏറെപ്പേർ തിരുസ്സഭയെ ധിക്കരിച്ചു ജീവി ക്കുന്നു. ഇവരെല്ലാം ലൗകികമായി ഉയർന്നുവരുന്നതായും നമുക്കു തോന്നിയേക്കാം. ഇതെല്ലാം കാണുമ്പോഴം നാം സന്ന്യാസം തെരഞ്ഞെടുത്തതും യേശുവിൻെറ വിളി കേട്ടതും വിഡ്ഢിത്തര മായോ എന്നുപോലും നമുക്കു സംശയം തോന്നിത്തുടങ്ങിയേ ക്കാം. പക്ഷെ, നാം ശങ്കിക്കരുത്. നാം വിശ്വസിച്ചിരിക്കു ന്നത് ആരിലാണെന്ന കാര്യം നാം മറക്കരുത്. യേശുവിൽ വിശ്വസിച്ചവർ ഒരുനാളും പരാജയപ്പെടുകയില്ല. നാം പരാ ജയത്തിലേയ്ക്കു മുങ്ങിത്താണുകഴിഞ്ഞു എന്നു ലോകം വിധിയെ ഴുതുമായിരിക്കും. പക്ഷെ, അവസാനം യേശു നമ്മുടെ മുമ്പിൽ വന്ന് 'ഞാനാകുന്നു, നിങ്ങൾ ഭയപ്പെടേണ്ട' എന്ന് പറഞ്ഞ്, കാററിനേയും കടലിനേയും ലജ്ജിപ്പിച്ച്, നമ്മെ വിജയത്തി ലേയ്ക്കുയർത്തും.

മഹാമൗനം

ഉപനിഷത്തുക്കളിൽ ഒരു കഥയുണ്ട്. ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനെ സമീപിച്ചുകൊണ്ട് ചോദിച്ചു: ''ഗുരോ, ദൈവത്തിന്റെ പ്രകൃതിയെപ്പററി എനിക്കു പറഞ്ഞുതരിക! ''ഗുരു മിണ്ടാതിരുന്നു. അപ്പോൾ ശിഷ്യൻ വീണ്ടും അതേ ചോദ്യം തന്നെ ചോദിച്ചു. അപ്പോൾ ഗുരു പറഞ്ഞു: ഞാൻ ഇതുവരെയും നിനക്കു പറഞ്ഞുതരികയായിരുന്നു: പക്ഷേ, നീ മനസ്സിലാക്കിയില്ല. ദൈവം മൗനമാകുന്നു.'' മനുഷ്യവചനങ്ങളല്ല ദൈവവചനം. മനുഷ്യന്റെ വചനങ്ങളിൽ നിന്നും നാം മാറുമ്പോൾ, നമുക്കു ദൈവവചനം കേൾക്കാറാകുന്നു. മൗനത്തിൽ മനനം ചെയ്യുന്ന മുനിമാരാണ് ദൈവവചനം ശ്രവിക്കുക. ധ്യാനപൂർവ്വം പ്രാർത്ഥനാനിമഗ്നരായി ചിന്തിക്കുന്നതിനാണ് മനനം ചെയ്യുക എന്നു പറയുന്നത്. മൗനമില്ലാതെ, നമുക്കു ആത്മാവിന്റെ അന്തരാളത്തിൽ വസിക്കുന്ന ദിവ്യാതിഥിയെ ശ്രവിക്കാൻ സാധിക്കുകയില്ല. ശബ്ദമാണ് ആധുനിക മനുഷ്യനെ അസഹ്യപ്പെട്ടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രതിബന്ധം. എവിടെ ചെന്നാലും ശബ്ദമുഖരിതമായ അന്തരീക്ഷമേ ഇന്നുള്ളൂ. അതു് അവന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയെ ഒരു പോലെ ഹനിക്കുന്നു. മൗനത്തെ സ്നേഹിക്കുക. നിന്റെ ആത്മാവിനും ശരീരത്തിനും അതു് ഒരുപോലെ ഗുണം ചെയ്യും. വാക്കുകൾ ഉച്ചരിക്കാതിരിക്കുന്നതുകൊണ്ടു മാത്രം മൗനമുണ്ടാകയില്ല. അതു് വെറും ശൂന്യാത്മകതയാണ്. മനസ്സിനെയും ഹൃദയത്തെയും ദൈവത്തിൽ സ്നേഹപൂർവ്വം ഉറപ്പിച്ചുനിറുത്തുകകൂടി വേണം. മൗനം നമ്മെ പ്രാർത്ഥനയിലേയ്ക്കും പഠനത്തിലേയ്ക്കും ആനയിക്കണം. ദിവ്യകാരുണ്യസന്നിധിയിൽ അഥവാ ക്രൂശിതരൂപത്തിന്റെ മുമ്പിൽ ചെന്നിരുന്ന്, കണ്ണുകൾ തിരുനാഥനിലേയ്ക്കുയർത്തി, മൗനമായി, ഒന്നും ഉച്ചരിക്കാതെ, ഹൃദയത്തിൽ ഉയർന്നുവരുന്ന സ്നേഹവികാരങ്ങളിൽ മനസ്സുറപ്പിച്ച് കൈകൂപ്പി നിൽക്കുക. ധ്യാനനേരത്ത്, ഹൃദയത്തിൽ തെളിഞ്ഞുവരുന്ന സ്നേഹനാഥനെ മനസ്സാ ദർശിച്ച് ഒന്നും ഉരിയാടാതെ ആ സ്നേഹമാധുരിയിൽ കഴിയുന്നത്രനേരം ലയിച്ചുനില്ക്കുന്നതും ആത്മീയമായി ഏറെ പ്രയോജനം ചെയ്യും. മൗനത്തിലൂടെ ദൈവം വാക്കുകളിൽക്കൂടി എന്നതിനേക്കാൾ ശക്തമായി നമ്മോടു സംസാരിക്കും. മുനിമാർ മൗനത്തിലൂടെ മനനം ചെയ്ത് മനസ്സിലാക്കിയിട്ടുള്ള മഹാമൗനമാണ് ദൈവം.

നേതി, നേതി

ദൈവത്തെക്കുറിച്ച് ഉപനിഷത്തുക്കളിൽ പറയുന്നതു് 'നേതി, നേതി' എന്നാണ്. 'ഇതല്ല, ഇതല്ല' എന്നാണ് ഈ വാക്കുകളുടെ അർത്ഥം. ലോകത്തിൽ സത്യം, നീതി, സൗന്ദര്യം, നന്മ തുടങ്ങിയ അനേക ഗുണങ്ങൾ നാം കാണുന്നുണ്ട്. പക്ഷെ ദൈവം അവയൊന്നുമല്ല; അവയ്ക്കെല്ലാം അതീതനാണ് ദൈവം. സൃഷ്ടവസ്തുക്കളെ കിട്ടിയതുകൊണ്ട് ദൈവത്തെ കിട്ടുന്നില്ല. അതുകൊണ്ട്, ഏതു വസ്തുവിനെ കിട്ടിയാലും, 'ഇതല്ല ദൈവം' എന്നു മനസ്സിലാക്കി, അവയിൽ നിന്നെല്ലാം ദൈവത്തിലേയ്ക്കു ഉയരുന്ന മനുഷ്യനുമാത്രമെ ദൈവത്തെ കണ്ടെത്താൻ സാധിക്കൂ. നമുക്കു ആളുകൾ, പണം, പദവി, ജോലി, വസ്തുക്കൾ, സ്ഥലങ്ങൾ തുടങ്ങിയ അനേകം കാര്യങ്ങളുമായി ബന്ധപ്പെടാതെ ജീവിക്കുവാൻ സാധിക്കുകയില്ല. പക്ഷെ നമ്മുടെ മനസ്സ് അവയോടൊന്നും കെട്ടുപിണയരുതു്. ദൈവം ആവശ്യപ്പെടുന്നതുകൊണ്ടുമാത്രവും, ദൈവം ആവശ്യപ്പെടുന്ന അളവിലും, നാം അവയെ ഉപയോഗിക്കുക. അപ്പോഴും നമ്മുടെ മനസ്സ് തേടിക്കൊണ്ടിരിക്കേണ്ടതു് ദൈവത്തെ ആയിരിക്കണം. ഒരുപക്ഷെ നമുക്കു അധികാരസ്ഥാനങ്ങൾ വഹിക്കേണ്ടി വന്നേക്കും. പക്ഷെ ദൈവം ആവശ്യപ്പെടുന്നതുകൊണ്ടു മാത്രം അങ്ങനെ ചെയ്യുക. അധികാരത്തിൽ നിന്നും മാറാൻ ദൈവം അനുവദിക്കുമ്പോൾ, സസന്തോഷം അധികാരം ഒഴിഞ്ഞുകൊണ്ട്, വിനീതനായ സന്ന്യാസിയെപ്പോലെ അധികാരത്തിനു കീഴ്പ്പെട്ട് അനുസരണത്തോടെ വ്യാപരിക്കുക. അതുപോലെതന്നെ പണം, വസ്തുക്കൾ തുടങ്ങിയവയോടും നാം ശരിയായ അനാസക്തി പുലർത്തണം. ദൈവത്തെക്കൊണ്ടുമാത്രമെ നമ്മുടെ മനസ്സുനിറയൂ; പിന്നെ, എന്തിനു് സൃഷ്ടവസ്തുക്കളെ നേടി നമ്മെത്തന്നെ സംതൃപ്തരാക്കികാക്കാമെന്ന മിഥ്യാധാരണയിൽ നാം കഴിയുന്നു! വസ്തുക്കളും ആളുകളുമായി നമ്മുടെ മനസ്സ് കെട്ടുപിണഞ്ഞാൽ, നമ്മുടെ മനസ്സിന്റെ സ്വാതന്ത്ര്യം പോയി. അതുകൊണ്ടാണ് ലൗകികവസ്തുക്കൾക്കുവേണ്ടിയുള്ള ആഗ്രഹങ്ങൾക്കു അടിമപ്പെടാതെ സൂക്ഷിക്കണമെന്നു പറയുന്നതു്. എത്രയും കുറച്ച് വസ്തുക്കൾ കൊണ്ടും സൗകര്യങ്ങൾ കൊണ്ടും തൃപ്തിപ്പെടാനും ജീവിക്കാനും നാം നമ്മെത്തന്നെ പരിശീലിപ്പിക്കുന്നുവോ, അത്രയ്ക്കും സമാധാനമായും സന്തോഷമായും നമുക്കു ജീവിക്കാൻ കഴിയും. ദൈവം മാത്രമാണ് യഥാർത്ഥമായ ധനം.

മാർഗം

മതത്തിനു മാർഗ്ഗം എന്നാണു് ഭാരതീയർ പറയുക. ദൈവവുമായി യോജിക്കുന്നതിനുള്ള ആത്മീയ വഴി എന്നാണു് മാർഗ്ഗം എന്ന പദത്തിനു് ഇവിടെയുള്ള അർത്ഥം. യേശുവിൻെറ സന്ദേശത്തെ പുതിയ മാർഗ്ഗമായാണു് ശ്ലീഹന്മാരുടെ നടപടിയിൽ വിശേഷിപ്പിച്ചിരിക്കുന്നതു്. യേശു തന്നെയാണു് മാർഗ്ഗം. നമ്മുടെ എല്ലാം അവിടുന്നാണു്. യേശുവിൽക്കൂടിമാത്രമെ നമുക്കു പിതാവിലെത്താൻ കഴിയുകയുള്ളൂ. ഇതു നാം ശരിക്കു മനസ്സിലാക്കിയിരുന്നെങ്കിൽ, അവിടുത്തോടു് ഇപ്പോൾ നമുക്കു തോന്നുന്നതിൽ എത്രയോ കൂടുതൽ മമതയും കടപ്പാടും തോന്നുമായിരുന്നു. വാസ്തവത്തിൽ, യേശു നമ്മുടെ ഹൃദയത്തിൻെറ ഏററവും വലിയ അഭിലാഷവും, മനസ്സിൻെറ ജ്വരവും ആയിപ്പകരേണ്ടിയിരിക്കുന്നു. യേശുനാമം നാം ഹൃദയം കൊണ്ടു് സദാപി ഉരുവിടേണ്ടതാണു്. 'യേശുവെ! അങ്ങേ കരുണ എന്നിൽ വർഷിക്കണെ!' എന്ന ദിവ്യമന്ത്രം ധ്യാനപൂർവ്വം ഉരുവിട്ടുകൊണ്ടിരിക്കുന്നതു്, പൗരസ്ത്യ ക്രിസ്തീയ സന്ന്യാസികളുടെ ഇടയിൽ വളരെ പ്രചാരമുള്ളൊരു ധ്യാനരീതിയായിരുന്നു. ധ്യാനത്തിനായി സ്വസ്ഥമായി ഏകാന്തമായൊരു സ്ഥലത്തു് കണ്ണുകൾ അടച്ചിരിക്കുക. ദേഹം ചെലുത്താതെ, വായ് അടച്ചു്, മൂക്കിൽക്കൂടി ശാന്തമായി വളരെ സാവധാനം ഉള്ളിലേയ്ക്കെടുക്കുകയും, പുറത്തേയ്ക്കു വിടുകയും ചെയ്യുക. ശ്വാസം ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതോടൊപ്പം, മനസ്സിൽ, സ്വരം കേൾപ്പിക്കാതെ, യേശു എന്നു ചൊല്ലുന്നതായി സങ്കല്പിക്കുക. ശ്വാസഗതിക്കു എത്ര സമയം ആവശ്യപ്പെടുന്നുവോ, അത്രയും സമയം കൊണ്ടേ യേശുവെന്ന നാമവും ചൊല്ലിത്തീർക്കാവൂ. അതുപോലെതന്നെ ശ്വാസം പുറത്തേയ്ക്കു വിടുമ്പോഴും യേശുനാമം മനസ്സിൽ ചൊല്ലിക്കൊണ്ടിരിക്കണം. നാമം ചൊല്ലുമ്പോൾ ഹൃദയത്തിൽ നിന്നും സ്നേഹം യേശുവിലേയ്ക്കു പ്രവഹിപ്പിച്ചുകൊണ്ടിരിക്കണം. ശ്വാസം ഉള്ളിലേയ്ക്കെടുക്കുമ്പോൾ നീ യേശുവിൻെറ ജീവശക്തികൊണ്ടു് നിറയുന്നതായും, പുറത്തേയ്ക്കുവിടുമ്പോൾ യേശുവിൻെറ ജീവചൈതന്യം നീ പുറമേയ്ക്കു പ്രസരിപ്പിക്കുന്നതായും സങ്കല്പിക്കണം. അനുദിനം കുറച്ചുനേരം തനിയെ ഇങ്ങനെ ചെയ്യുന്നതു് വളരെ നല്ലതാണു്. തന്മൂലം നിൻെറ ശക്തിയും മാർഗ്ഗവും യേശുവാണെന്ന അനുഭവം നിന്നിൽ കൂടുതൽ കൂടുതൽ ഉറയ്ക്കും.

മനസ്ക്കാരം

ധ്യാനം പരിശീലിക്കുന്നതിനു് നാം മനസ്സുകൊണ്ടു നടത്തേണ്ട പരിശ്രമത്തിനാണു് മനസ്ക്കാരം എന്നു പറയുന്നതു്. ഇതിൽ പ്രധാനമായി താഴെക്കാണുന്ന കാര്യങ്ങളാണു് ഉൾക്കൊള്ളുന്നതു്. അഭ്യാസം, നിശ്ചയം, സമാധാനം, വിവേകം, സങ്കല്പം, വിചാരം, സംയമം, ഏകാഗ്രത. നിരന്തരമായ പരിശ്രമത്തിനാണു് അഭ്യാസം എന്നു പറയുന്നതു്. പരാജയമുണ്ടായാലും, പിന്മാറാതെ ധ്യാനത്തിൽ ഉറച്ചുനില്ക്കുന്നതാണു് നിശ്ചയം. മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കാതെ പ്രശാന്തമായി പരിശ്രമിക്കുന്നതാണു് സമാധാനം. വിവേകമെന്നു വച്ചാൽ, വിവേചിക്കൽ എന്നാണർത്ഥം. ദൈവത്തിന്റെ അരൂപിയെ ലോകാരൂപിയിൽ നിന്നും വേർതിരിച്ചുമനസ്സിലാക്കുകയാണു് ഇതിന്റെ ഉദ്ദേശ്യം. ദൈവത്തെ ഭാവനചെയ്യാൻ മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും എല്ലാ ശക്തികളേയും ഉപയോഗപ്പെടുത്തുന്നതാണു് സങ്കല്പം. ദൈവത്തെപ്പററി ശ്രദ്ധാപൂർവ്വം പരിചിന്തിക്കുന്നതാണു് വിചാരം. ചിന്തയും വിചാരങ്ങളും പതറിപ്പോകാനിടവരാതെ, ബാഹ്യേന്ദ്രിയങ്ങളേയും അന്തരിന്ദ്രിയങ്ങളേയും നിയന്ത്രിച്ചുനിറുത്തുന്നതിനു സംയമമെന്നു പറയുന്നു. ഇതിന്റെയെല്ലാം ഫലമായി മനസ്സ് ദൈവമെന്ന ഒരേയൊരു അഗ്രത്തിൽ അഥവാ ബിന്ദുവിൽ ഉറച്ചുനില്ക്കും. ഇതാണു് ഏകാഗ്രത. ഇവയെല്ലാം കൂടിയ പരിശ്രമമാണു് മനസ്ക്കാരം. ഈ പരിശ്രമം ചെയ്യാതെ, ധ്യാനശീലം ആർജ്ജിക്കുവാൻ സാധിക്കുകയില്ല. വാസ്തവത്തിൽ നാം ധ്യാനത്തിൽ പുരോഗമിക്കാതിരിക്കുന്നതിനുള്ള ഒരു പ്രധാന കാരണം, ഇത്രയും നിഷ്ഠവെച്ചുള്ള പരിശ്രമമൊന്നും നാം ചെയ്യുന്നില്ല എന്നതുതന്നെയാണു്. ധ്യാനം സ്വർഗ്ഗീയമായൊരു കലയാണു്. കലാവാസന ഒരേസമയം ദൈവദത്തവും കർമ്മസിദ്ധവുമാണു്. ദൈവത്തിന്റെ ദാനമാണു് ധ്യാനമെന്നു പറഞ്ഞ്, നാം അതിനുവേണ്ടി പരിശ്രമം ചെയ്യാതിരിക്കരുതു്. സ്ഥിരമായി ആഗ്രഹത്തോടെ പരിശ്രമിക്കുന്നവർക്കു ദൈവം ധ്യാനത്തിനുള്ള സിദ്ധി അഥവാ വരം നല്കും. അനുദിനമുള്ള നമ്മുടെ ധ്യാനത്തിന്റെ കാര്യത്തിൽ നാം ഒരുതരം നിർബ്ബന്ധബുദ്ധിതന്നെ കാണിക്കണം. ഒരിക്കലും അതു് മുടക്കരുതു്. ഇങ്ങനെ സ്ഥിരബുദ്ധിയോടുകൂടി പരിശ്രമിച്ചാൽ, അതിന്റെ സൽഫലങ്ങൾ അത്ഭുതാവഹമായ രീതിയിൽ നിനക്കു അനുഭവിക്കാനിടവരും.

ഈശാവാസ്യം

'ഈശാവാസ്യമിദം സർവ്വം' എന്നാണ് ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നത്. ഇക്കാണുന്ന എല്ലാററിലും ദൈവത്തിൻെറ ആവാസമുണ്ടെന്നാണ് ഇതിൻെറ അർത്ഥം. ദൈവം എല്ലാററിനുള്ളിലും, എല്ലാററിൻേറയും ജീവശക്തിയായി വർത്തിക്കുന്നു. നമ്മുടെ ആത്മാവിനുള്ളിൽ, അതിൻെറ അന്തരാത്മാവായി വസിക്കുന്നതു് ദൈവമാണ്. ആത്മാവിനുള്ളിൽ ദിവ്യാതിഥിയായി വസിക്കുന്ന പ. ത്രിത്വത്തെ നാം ഇടയ്ക്കിടെ സ്നേഹപൂർവ്വം അനുസ്മരിക്കണം. 'നിങ്ങൾ ഇടമുറിയാതെ പ്രാർത്ഥിക്കുവിൻ' എന്നാണല്ലോ വി. പൗലോസ് അനുശാസിക്കുന്നതു്. ഇതിനുള്ള പ്രായോഗികമായൊരു മാർഗ്ഗം ആത്മാവിൽ അധിവസിക്കുന്ന പ. ത്രിത്വത്തെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നതാണ്. ജോലി ചെയ്യുമ്പോഴും യാത്ര ചെയ്യുമ്പോഴും വിശ്രമിക്കുമ്പോഴും നമുക്കു ഈ ഭക്താഭ്യാസം യാതൊരു തടസ്സവും കൂടാതെ നിർവ്വഹിക്കാവുന്നതാണ്. ആത്മാവിലേയ്ക്കു മനോദൃഷ്ടികളെ തിരിക്കുക. അവിടെ അന്തർവാസം ചെയ്യുന്ന യേശുവിനെ ആത്മനാ ദർശിക്കുക. സ്നേഹപൂർവ്വം, 'യേശുവെ!' എന്നു് മനസ്സാ ഉച്ചരിക്കുക. ദൈവസാന്നിധ്യസ്മരണയെന്നു് നാം സാധാരണ രീതിയിൽ പറയുന്നതു് ഇതിനെയാണ്. ഈ ഭക്താഭ്യാസം കുറച്ചുനാളത്തെ മനസ്സിരുത്തിയുള്ള പരിശ്രമം കൊണ്ടു് പരിശീലിച്ചാൽ, നിൻെറ സംസാരം, വിചാരം, വ്യാപാരങ്ങൾ എന്നിവയിൽ മാത്രമല്ല, ആദ്ധ്യാത്മികജീവിതം മുഴുവനിലും, വളരെ കാര്യമായ വ്യത്യാസം നിനക്കുതന്നെ അനുഭവപ്പെടും. ദൈവത്തോടുള്ള സംസർഗ്ഗം കൊണ്ടു് നിന്നിൽ ദൈവികതയുടെ അനുഭവവും പ്രവർത്തനവും നിനക്കുതന്നെ ബോധ്യപ്പെട്ടുതുടങ്ങും. പ്രാർത്ഥിക്കുമ്പോൾ, മുറിയിലേയ്ക്കു തിരിഞ്ഞു്, രഹസ്യത്തിൽ പിതാവിനോടു് പ്രാർത്ഥിക്കാനാണല്ലോ യേശു ആവശ്യപ്പെട്ടിരിക്കുന്നതു്. ഏററവും ആന്തരികമായ മുറി നമ്മുടെ ആത്മാവിൻെറ ഉള്ളറതന്നെയാണ്. അതിലേയ്ക്കു പ്രവേശിച്ച്, അവിടെ വസിക്കുന്ന ദൈവത്തെ സ്നേഹപൂർവ്വം നമസ്കരിക്കുക. നമ്മുടെ ആത്മാവിനേക്കാളും നമ്മോടു് അടുത്തിരിക്കുന്നതു് ദൈവം തന്നെയാണ്. അങ്ങനെയുള്ള ദൈവത്തെ നാം മറന്നുപോകുന്നതു് എത്രയോ വലിയ വിചാരശൂന്യതയാണ്.

സാധന

ദൈവൈക്യം എന്ന ആത്മീയലക്ഷ്യത്തിൽ സാധ്യമാക്കുന്ന മാർഗ്ഗങ്ങൾക്കാണ് സാധന എന്നു പറയുന്നത്. നമ്മുടെ ആത്മീയാഭ്യാസങ്ങളെല്ലാം സാധനകളാണ്. അവയെ പരിശീലിക്കുന്ന സന്ന്യാസിയെ സാധകൻ എന്നു പറയുന്നു. ആത്മീയജീവിതത്തിൻെറ കാര്യത്തിൽ നാം ഒരുതരം വഞ്ചനയ്ക്കു അടിപ്പെടരുത്. ആത്മീയാഭ്യാസങ്ങൾ നിഷ്ഠവച്ച് പരിശീലിക്കാതെ, താനെ, യാന്ത്രികമായി ആത്മീയജീവിതത്തിൽ നാം പുരോഗമിച്ചുകൊള്ളും എന്നു നാം വിചാരിക്കുന്നെങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. ധ്യാനത്തിൽ പുരോഗമിക്കണമെങ്കിൽ, നാം അതിനുവേണ്ടി ശ്രദ്ധവച്ച് ഒരുങ്ങണം; അതിനുവേണ്ടി നിർബ്ബന്ധപൂർവ്വം സമയം ചെലവഴിക്കണം. യേശുവിനെക്കുറിച്ചുള്ള അറിവിൽ വളർക്കണമെങ്കിൽ, അവിടുത്തെക്കുറിച്ച് നാം താല്പര്യപൂർവ്വം വായിക്കണം. ആത്മവിജയവും ആത്മനിയന്ത്രണവും നേടണമെങ്കിൽ, നാം പ്രായശ്ചിത്തപ്രവൃത്തികളും തപോകർമ്മങ്ങളും മനസ്സറിഞ്ഞുതന്നെ പരിശീലിക്കണം. ആത്മീയാഭ്യാസങ്ങൾ നാം പതുക്കെപ്പതുക്കെ, കാലം ചെല്ലുംതോറും, ഉപേക്ഷിച്ചുകളയുന്നു. അനുദിനമുള്ള വിയാസാക്ര, കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസന്ദർശനം, അടുക്കലടുക്കലുള്ള പാപസങ്കീർത്തനം, ജ്ഞാനവായന, ജപമാല തുടങ്ങി വളരെയധികം ആത്മീയാഭ്യാസങ്ങൾക്കു നാം സാധാരണയായി മുടക്കം വരുത്തുകയോ, അവയിൽ ചിലതിനെ ഇതിനകം പാടെ ഉപേക്ഷിച്ചുകളയുകയോ ചെയ്തിട്ടുണ്ടായിരിക്കാം. ഇങ്ങനെ നാം ജീവിച്ചിട്ടും, നമ്മിൽ ആത്മീയപുരോഗതി താനെ ഉണ്ടായിക്കൊള്ളും എന്നു നാം കരുതുകയാണെങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. ആത്മീയജീവിതത്തിൻെറ ഏതു പദവിയിലെത്തിയാലും, ആത്മീയസാധനകൾ അഥവാ ഭക്താഭ്യാസങ്ങൾ ഉപേക്ഷിക്കേണ്ടവയല്ല. നമ്മുടെ നവസന്ന്യാസകാലത്ത്, ആത്മീയാഭ്യാസങ്ങൾ നാം എത്രയോ താല്പര്യത്തോടും ഉദാരതയോടുംകൂടി നിർവ്വഹിച്ചിരുന്നുവെന്ന കാര്യം നാം ഓർത്തുനോക്കുക. അന്ന് അതിനനുസരിച്ചുള്ള ആത്മീയപുരോഗതിയും നമുക്കു കൈവന്നിരുന്നു. പില്ക്കാലത്ത് ശ്രദ്ധക്കുറവും മടിയും മൂലം നാം അവയിൽ പലതും ഉപേക്ഷിച്ചു. അതിനനുസരിച്ച് നാം ആത്മീയമന്ദതയിൽ നിപതിക്കുകയും ചെയ്തു.

നിത്യം

ആത്മാക്കൾ നിത്യം, മുക്തം, ബദ്ധം എന്നിങ്ങനെ മൂന്നു തരത്തിലുണ്ടെന്നാണ് ഭാരതീയരുടെ ഭക്തിശാസ്ത്രങ്ങൾ പറയുന്നതു്. ഒരിക്കലും ലോകത്തിലേയ്ക്കു ജനിക്കാതെ, എന്നും ദിവ്യസംസർഗ്ഗത്തിൽ കഴിയുന്ന ആത്മാക്കൾക്കാണ് നിത്യം എന്നു പറയുന്നതു്. ക്രിസ്തീയസങ്കല്പപ്രകാരം മാലാഖമാരെ അഥവാ ദിവ്യാരൂപികളെ ഈ ഗണത്തിൽ പെടുത്താം. ദിവ്യാരൂപികൾ ഉണ്ടെന്നുള്ളതു് ആവിഷ്കൃതമായൊരു സത്യമാണ്. അവർ ദൈവത്തെ മുഖാഭിമുഖം ദർശിച്ചു് ആനന്ദിച്ചുകൊണ്ടിരിക്കുന്നു; സദാപി, 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടി അവിടുത്തെ ആരാധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവരുടെ പരിശുദ്ധമായ ഈ സ്വർഗ്ഗീയാരാധനയിൽ നീയും ആത്മനാ പങ്കുചേരുക. ദൈവത്തെ സ്തുതിക്കാനാണ് വാനവരും മാനവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. പ്രകൃതി മുഴുവനും മൂകമെങ്കിലും ദൃശ്യമായ ഭാഷയിൽ അവിടുത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. വാനദൂതന്മാർ ദിവ്യാലാപങ്ങൾ പാടിക്കൊണ്ടു് സ്വർഗ്ഗത്തിലും അവിടുത്തെ പുകഴ്ത്തുന്നു. മനുഷ്യൻ മാത്രം ഭൂമിയിൽ അവിടുത്തെ ആരാധിക്കാതെ നടക്കുകയോ? ദൈവത്തെ ആരാധിക്കാത്തവൻ, അവൻെറ ജീവിതലക്ഷ്യം നിറവേററുന്നില്ല. അതുകൊണ്ടു്, ദൈവാരാധനയ്ക്കുടുത്ത കാര്യങ്ങളെ വെറും ഭക്താഭ്യാസങ്ങളായി മാത്രം നീ കരുതിയാൽപ്പോരാ; അവ നിൻെറ കടപ്പാടും ജീവിതലക്ഷ്യവുമാണ്. ജീവിതത്തിലെ എല്ലാ സ്തുതിയും ബഹുമതിയും ദൈവത്തിനേകുക. നിൻെറ സംരക്ഷകനും സഹായിയുമായി ദൈവം മാലാഖമാരെ നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തനും ഓരോ കാവൽമാലാഖയുണ്ടെന്ന വിശ്വാസം ക്രിസ്തീയപാരമ്പര്യത്തിലുള്ളതാണ്. കാവൽ മാലാഖയോടുള്ള ഭക്തി തിരുസ്സഭ അംഗീകരിച്ചിട്ടുള്ളതുമാണ്. നിൻെറ ഹൃദയത്തിൽ വാഴുന്ന പ. ത്രിത്വത്തെ ആരാധിക്കുന്നതിൽ ആ ദിവ്യാരൂപിയുമായി നീ പങ്കുചേരുക. ദിവസത്തിൻെറ ആരംഭത്തിലും അവസാനത്തിലും നിൻെറ കാവൽ മാലാഖയുടെ സഹായം പ്രത്യേകമായി അപേക്ഷിക്കുക. ദിവസത്തിൽ ഇടക്കിടെ ആ സഹായിയെ ഓർമ്മിക്കുക. നീ മനുഷ്യനായിരിക്കുന്നിടത്തോളം കാലം ഇത്തരത്തിലുള്ള സ്വർഗ്ഗീയസഹായങ്ങൾ നിനക്കു ആവശ്യമാണ്.

മുക്തം

ഭൂമിയിൽ ജീവിച്ചിരുന്നവെങ്കിലും, മരിച്ച് മുക്തിനേടിയ ആത്മാക്കളെയാണ് മുക്തം എന്നു പറയുന്നത്. സ്വർഗ്ഗത്തിൽ വാഴുന്ന എല്ലാ മനുഷ്യാത്മാക്കളേയും ഇതിൽപ്പെടുത്താം. സ്വർഗ്ഗവാസികളും ഭൂവാസികളും തമ്മിൽ യഥാർത്ഥമായ ഐക്യവും ഒരുമയുമാണുള്ളത്. ഇതിനാണല്ലോ നാം വിശ്വാസപ്രമാണത്തിൽ വിശുദ്ധന്മാരുടെ ഐക്യം എന്നു പറയുന്നത്. വിശുദ്ധന്മാരോടു നമുക്കു ഭക്തി വേണം. അവർ ദൈവത്തിന്റെ പക്കൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. അവരുടെ ജീവിതമാതൃക നാം അനുസരിക്കുകയും വേണം. നിന്റെ സഭാംഗങ്ങളായ വിശുദ്ധർ, നിന്റെ നാമഹേതുകനായ വിശുദ്ധൻ, നിന്റെ പ്രത്യേക മദ്ധ്യസ്ഥരായ വിശുദ്ധർ എന്നിവരോട് നിനക്കു പ്രത്യേകമായ ഭക്തിവേണം അവരുടെ ജീവചരിത്രവും ആദ്ധ്യാത്മികചൈതന്യവും നീ പ്രത്യേകം മനസ്സിരുത്തി പഠിക്കുകയും പരിശീലിക്കുകയും വേണം. നമുക്കെല്ലാവർക്കും പ്രത്യേകമായ ഭക്തി വേണ്ട ഒരു വിശുദ്ധനാണ്, തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പ്. വി. യൗസേപ്പിന്റെ ജീവിതം, ആധ്യാത്മികപാഠങ്ങളുടെ ഒരു കലവറതന്നെയാണ്. വിനീതശുശ്രൂഷ, പ്രാർത്ഥനാജീവിതം, അധ്വാനം, സഹനം, ദാരിദ്ര്യം, വിശ്വാസം, ബ്രഹ്മചര്യം, സർവ്വോപരി യേശുവിനും അവിടുത്തെ ജനത്തിനും വേണ്ടിയുള്ള ത്യാഗോജ്ജ്വലമായ ജീവിതം എന്നിങ്ങനെ എത്രയെത്ര അമൂല്യരത്നങ്ങളാണ് ആ ജീവിതത്തിൽ നിന്നും നമുക്കു ശേഖരിക്കാനുള്ളത് നൽമരണത്തിന്റെ മദ്ധ്യസ്ഥനായ അവിടുത്തോട്, എന്നും നല്ലൊരു മരണത്തിനുവേണ്ടി അപേക്ഷിക്കുന്നതും വളരെ പ്രയോജനകരവും പരമ്പരാഗതവുമായൊരു ഭക്തിമുറയാണ്. എന്തെങ്കിലുമൊരു ചെറിയ ജപം ഈ വിശുദ്ധനോടുള്ള സ്നേഹത്തിന്റെ അടയാളമായി പ്രതിദിനം ചൊല്ലുന്ന ശീലവും വളരെ പ്രശംസനീയമായ ഒന്നാണ്. ഇത്തരം ഭക്താഭ്യാസങ്ങളെ നാം വളരെ ലാഘവബുദ്ധിയോടെ തള്ളിപ്പറയരുത്. അനുഭവത്തേക്കാൾ വലിയ അദ്ധ്യാപകനില്ലല്ലോ. വി. യൗസേപ്പിനോടുള്ള ഭക്തികൊണ്ടുള്ള ആത്മീയ പ്രയോജനം ആവിലായിലെ വി. ത്രേസ്യാ തുടങ്ങി എത്രയോ വിശുദ്ധർ പ്രായോഗികമായി അനുഭവിച്ചറിഞ്ഞിരിക്കുന്നു.

ബദ്ധം

ഈ ലോകത്തിൽ ജീവിച്ച് മുക്തിക്ക് അഥവാ മോക്ഷത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളാണ് ബദ്ധം എന്നു പറയുന്നതു്. അവർ ഇനിയും ലോകബന്ധനങ്ങളിൽ കെട്ടുപിണഞ്ഞുകിടക്കുകയാണ്. കെട്ടപ്പെട്ടു കിടക്കുന്നവർക്കാണല്ലോ മോക്ഷം അഥവാ മുക്തി ആവശ്യമായിരിക്കുന്നതു്. മുക്തി, മോക്ഷം എന്നു തുടങ്ങിയ പദങ്ങളുടെ അർത്ഥം മോചനം എന്നാണ്. നാം നമ്മുടെ സ്വാർത്ഥതയുടെ കെട്ടുകളിൽ കുടുങ്ങിക്കിടക്കുകയാണ്. ഈ ബന്ധത്തിനു ഭാരതീയർ മമതാബോധം എന്നു പറയുന്നു നമ്മുടെ വസ്തുക്കളെക്കുറിച്ച് നമുക്കുള്ള വിചാരം 'അവയെല്ലാം എൻേറതു്, എൻേറതു്' എന്നാണ്. നാം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ മനോഭാവം ''അവയെല്ലാം എനിക്കുവേണ്ടി, എൻെറ സുഖത്തിനുവേണ്ടി, വളർച്ചയ്ക്കുവേണ്ടി'' എന്നാണ്. 'എൻേറതു്, എനിക്കുവേണ്ടി' എന്നു തുടങ്ങിയ ഈ വിചാരങ്ങൾക്കാണ് ഭാരതീയർ മമതാബോധം എന്നു വിളിക്കുന്നതു്. മമതാബോധത്തോടുകൂടി കർമ്മം ചെയ്യുമ്പോൾ ഞാൻ എന്നോടുതന്നെ ചേർത്തുകെട്ടപ്പെടുന്നു. എൻെറ വാക്കിൻെറയും വിചാരത്തിൻെറയും പ്രവൃത്തിയുടെയും കേന്ദ്രം ഞാൻ തന്നെ എന്ന നില വരുന്നു. എന്നെ പ്രദർശിപ്പിക്കാനും വളർത്താനും വേണ്ടി മാത്രം അപ്പോൾ ഞാൻ സംസാരിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഫലമോ? എനിക്കു എന്നിൽ നിന്നും പുറത്തുകടക്കാനാവാത്ത നിലയിൽ ഞാൻ അകപ്പെട്ടുപോകുന്നു. ഞാൻ എന്നിൽത്തന്നെ കുടുങ്ങിപ്പോകുന്നു. ഇതാണ് സാക്ഷാൽ ബന്ധനം. ഇങ്ങനെയുള്ള ആത്മാവ് ബദ്ധം അഥവാ കെട്ടപ്പെട്ട അവസ്ഥയിലാണ് കഴിയുന്നതു്. ഈ നിലയിൽ നിന്നും നമുക്കു മോചനം അഥവാ മുക്തി കിട്ടണം. നാം നമ്മെയും നമുക്കുള്ളവയേയും, നമ്മിൽ നിന്നും മോചിപ്പിച്ച്, ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കും നീക്കണം. ഇതാണ് മുക്തി അഥവാ മോക്ഷം. മോക്ഷം പ്രാപിക്കണമെങ്കിൽ നാം നമുക്കുവേണ്ടി വിചാരിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യാതെ, ദൈവത്തിനും മററുള്ളവർക്കും വേണ്ടി വിചാരിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

തമോയോഗ്യം

ദൈവത്തേയും നന്മയേയും നിത്യമായി തിരസ്കരിച്ചിരിക്കുന്ന ആത്മാക്കാംക്കാണ് തമോയോഗ്യം എന്നു പറയുന്നതു്. അവർ അന്ധകാരനിലയമായ നരകത്തിൽ വസിക്കുന്നു. നരകം ഒരു യാഥാർത്ഥ്യമാണെന്നു് ക്രിസ്തുവിൻെറ പഠനങ്ങളിൽനിന്നും നമുക്കുമനസ്സിലാക്കാം. ദൈവത്തേയും മററു മനുഷ്യരേയും സ്നേഹിക്കാൻ ഇനി തങ്ങാംക്കു ഒരുനാളും സാധിക്കുകയില്ല എന്നതാണ് നരകവാസികളുടെ ഏററവും വലിയ പീഢ. തങ്ങളെ സ്നേഹിച്ച, സൃഷ്ടിച്ച, പരിപാലിച്ച, നമുക്കുവേണ്ടി മരിച്ച, ദിവ്യകാരുണ്യത്തിലൂടെ തീററിപ്പോററിയ തങ്ങാംക്കു സ്വർഗ്ഗഭാഗ്യം നല്കാൻ കാത്തിരുന്ന ദൈവത്തെ നഷ്ടമാക്കിക്കളഞ്ഞു എന്ന ചിന്തയാണ് അവരെ എന്നെന്നും പീഡിപ്പിക്കുക. അതുപോലെതന്നെ. തങ്ങളെ സ്നേഹിച്ചു ലാളിച്ചു വളർത്തിയ അനേകായിരം സഹോദരങ്ങളുടെ സഹവാസം അവർ നിത്യമായി നഷ്ടപ്പെടുത്തി എന്ന ചിന്തയും അവരെ എന്നെന്നും ദുഃഖിപ്പിച്ചുകൊണ്ടിരിക്കും. ആരെങ്കിലും ദൈവത്തിൻെറയും മനുഷ്യരുടേയും സ്നേഹം ഉപേക്ഷിച്ചു്, നരകം തെരഞ്ഞെടുക്കുമോ എന്നതായിരിക്കും നിനക്കു സംശയം തോന്നാവുന്ന ഒരു കാര്യം. മനുഷ്യമനസ്സ് കട്ടത്തുപോയാൽ ഇന്നതേ ചെയ്യൂ എന്നു് ആക്കും പറയാനാവില്ല. മരണസമയത്തുപോലും ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടാൻ വിസമ്മതിച്ച മനുഷ്യരെ, അവനവൻെറ ദുർവാശികളിൽ അവസാനംവരെ കഠിനതയോടെ പിടിച്ചുനിന്ന മനുഷ്യരെ, ഒരുപക്ഷെ നമ്മിൽ ചിലരെങ്കിലും അനുഭവത്തിൽ കണ്ടിട്ടുണ്ടാകും. നാം ആരെയും വിധിച്ചിട്ടാവശ്യമില്ല. വിധിയെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക. എന്നാൽ, മനുഷ്യമനസ്സ് നമുക്കു് സങ്കല്പിക്കാവുന്നതിലേറെ കൂടുതലായി കട്ടത്തുപോകാൻ സാധ്യതയുണ്ടെന്ന സത്യം വിസ്മരിക്കുക. നിനക്കും ഈ ദുരവസ്ഥ വന്നുകൂടാൻ പാടില്ലാത്തതല്ല. തങ്ങളുടെ സന്ന്യാസജീവിതം വളരെ തീക്ഷ്ണതയോടെ ആരംഭിച്ച പല സന്ന്യാസികളുംശ്രദ്ധക്കുറവുമൂലം പതുക്കെപ്പതുക്കെ ആത്മീയമന്ദതയിൽ അകപ്പെടുകയും, അവസാനം വളരെ ശോചനീയമായി അധഃപതിക്കുകയും ചെയ്തിട്ടുണ്ടു്. നില്ക്കുന്നെന്നു വിചാരിക്കുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ. ഭയത്തോടും വിറയലോടും കൂടി ഓരോരുത്തനും അവനവൻെറ രക്ഷയുടെ കാര്യത്തിൽ ശ്രദ്ധിക്കണം.

ഐശ്വര്യം

നിമ്പാർക്കൻ എന്ന തത്വചിന്തകൻ ഐശ്വര്യപ്രധാന ഭക്തി, മാധുര്യപ്രധാനഭക്തി എന്നിങ്ങനെ രണ്ടുതരം ഭക്തികളെപ്പററി പ്രതിപാദിക്കുന്നു. ഐശ്വര്യം എന്നു വച്ചാൽ ദൈവത്തിൻെറ മഹിമകരം എന്നാണർത്ഥം. ദൈവത്തിൻെറ വർണ്ണനാതീതമായ മഹിമകകളെ നാം ബുദ്ധികൊണ്ടു് മനസ്സിലാക്കുന്നതിൻെറ ഫലമായി നമുക്കു അവിടുത്തോടു തോന്നുന്ന സ്നേഹമാണു് ഐശ്വര്യപ്രധാനഭക്തി. പ്രാർത്ഥന വഴി ഹൃദയത്തിൽ ദൈവത്തോടു തോന്നുന്ന ആന്തരികസ്നേഹമാണു് മാധുര്യപ്രധാനഭക്തി. ദൈവത്തോടുള്ള ഭക്്തി പരിശീലിക്കുന്നതിൽ പഠനവും പ്രാർത്ഥനയും നാം ഒരുപോലെ ഉപയോഗപ്പെടുത്തണം. മനുഷ്യനു് അപ്പം കൊണ്ടുമാത്രം ജീവിക്കുവാൻ സാധിക്കുകയില്ല. ആത്മാവിൻെറ ആഹാരം ദൈവജ്ഞാനമാണു്. ലോകത്തിൽ ദൈവത്തേയും ആത്മീയകാര്യങ്ങളേയും കുറിച്ചുള്ള അറിവു് നിലനിറുത്താൻ പ്രത്യേകമായ കടപ്പാടുള്ളതു് സന്ന്യാസികരംക്കാണു്. മററു ലൗകികവിഷയങ്ങളെക്കുറിച്ചുള്ള അറിവ് ലൗകികരായ മനുഷ്യർ സമ്പാദിച്ചു് നിലനിറുത്തിക്കൊള്ളും. സന്ന്യാസികരം ദൈവത്തെക്കുറിച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും ധാരാളമായി വായിക്കുകയും പഠിക്കുകയും വേണം. അങ്ങനെ കിട്ടുന്ന അറിവു് മററുള്ളവക്കു പ്രയോജനകരമായി നല്കുകയും വേണം. ആളുകരം ആത്മീയകാര്യങ്ങരംക്കു വേണ്ടി ദാഹമുള്ളവരാണു്. ദൈവികകാര്യങ്ങരം ആകർഷകമായ രീതിയിൽ നാം അവതരിപ്പിച്ചാൽ ആളുകരംക്കു അവ രുചിക്കുകയും ചെയ്യും. ആത്മീയഗ്രന്ഥങ്ങരം വായിക്കുക, ദൈവികകാര്യങ്ങളെക്കുറിച്ചു് നടത്തപ്പെടുന്ന പ്രസംഗങ്ങരം, സെമിനാറുകരം എന്നിവയിൽ താല്പര്യപൂർവ്വം സംബന്ധിക്കുക എന്നിവ വഴിയെല്ലാം നമുക്കു നമ്മുടെ ആധ്യാത്മികവിജ്ഞാനത്തെ വർദ്ധിപ്പിക്കുവാൻ കഴിയും. നാം വായിക്കുകയും കേരംക്കുകയും ചെയ്യുന്ന പുതിയ കാര്യങ്ങരം അപ്പോഴപ്പോരം കുറിച്ചുവയ്ക്കണം. ഞായറാഴ്ചകരം, അവധിക്കാലങ്ങരം തുടങ്ങി നമുക്കു കൂടുതൽ വിശ്രമം ലഭിക്കുന്ന അവസരങ്ങളിൽ നാം കഴിയുന്നത്ര ആത്മീയഗ്രന്ഥങ്ങരം വായിച്ചു്, ദൈവത്തെക്കുറിച്ചു് കൂടുതലായ അറിവുനേടാൻ ശ്രമിക്കണം. നല്ല പുസ്തകങ്ങളെ സ്നേഹിക്കുക. 'നീ വായിക്കുന്ന പുസ്തകങ്ങരം ഏവയെന്നു് എന്നോടു പറയുക; നീ ഏതു തരക്കാരനാണെന്നു് ഞാൻ പറയാം' എന്നൊരു ചൊല്ലുണ്ടു്.

മാധുര്യം

പ്രാർത്ഥനകൊണ്ടു് ഹൃദയത്തിൽ ദൈവത്തോടു് തോന്നുന്ന ഭക്തിയാണ് മാധുര്യഭക്തി. ദൈവത്തെ ധ്യാനത്തിൽ രുചിച്ചറിയാനും അവിടത്തെ മാധുരി അനുഭവിക്കാനും നാം ശ്രദ്ധിക്കണം. ഇതെല്ലാം സാധാരണക്കാരായ നമുക്കു പററിയ കാര്യങ്ങളല്ലെന്നും, വലിയ മിസ്റ്റിക്കുകൾക്കുമാത്രം ചേരുന്ന കാര്യങ്ങളാണെന്നും പറഞ്ഞ് നാം ഒഴിഞ്ഞുമാറേണ്ടതല്ല. ധ്യാനം ആത്മാവിനും ശരീരത്തിനും ഒരുപോലെ ശാന്തിയരുളുന്ന കാര്യമാണ്. അത് വലിയ ഭാരമാണെന്നോ ബുദ്ധിമുട്ടാണെന്നോ നാം കരുതരുത്. വളരെ ശാന്തമായും ലളിതമായും സ്വാഭാവികമായും നാം അതിനെ സമീപിക്കണം. ജോലികളെല്ലാം തീർത്തു്, ധ്യാനസ്ഥലത്ത് ചെന്ന് ശാന്തമായി ഇരിക്കുകയോ മുട്ടുകുത്തി നില്ക്കുകയോ ചെയ്യുക. കഴിയുന്നപോലെ യേശുവിനെ മനസ്സിൽ ഭാവനചെയ്യുവാൻ ശ്രമിക്കുക. അതിനു് എളുപ്പം തോന്നുന്നില്ലെങ്കിൽ, കണ്ണുകൾ സക്രാരിയിലേക്കോ ക്രൂശിതരൂപത്തിലേക്കോ ഉയർത്തി, അപ്പോൾ മനസ്സിൽ താനെ ഉയർന്നുവരുന്ന പ്രകരണങ്ങളെ ഒട്ടും സ്വരം കേൾപ്പിക്കാതെ സാവധാനം ചുണ്ടുകളനക്കി ഉച്ചരിച്ചുകൊണ്ടിരിക്കുക. എത്രനേരം മടുക്കാതെ ഇങ്ങനെ ചെയ്തുകൊണ്ടിരിക്കാൻ സാധിക്കുമോ, അത്രയും നേരത്തേയ്ക്കുമാത്രം ചെയ്താൽമതി. മടുപ്പുതോന്നുമ്പോൾ ഉടനെ വേറെ ഏതെങ്കിലും രീതിയിലേയ്ക്കു കടക്കണം. ഉദാഹരണത്തിന് ജപമാലയെടുത്ത്, ഓരോ ചെറിയ പ്രകരണങ്ങൾ സാവധാനം ചുണ്ടുകൊണ്ടു് ചെല്ലുന്നതിനോടൊപ്പം, മണികൾ വിരലുകൾകൊണ്ടു് നീക്കിക്കൊണ്ടിരിക്കുക. അല്ലെങ്കിൽ സുവിശേഷമോ പ്രാർത്ഥനപ്പുസ്തകമോ എടുത്ത്, അതിലെവാചകങ്ങൾ ഓരോന്നോരോന്നായി നിറുത്തി നിറുത്തി സാവധാനം വായിക്കുക. ഓരോ വാചകവും വായിച്ചശേഷം കണ്ണുകളടച്ച് അതേപ്പററി കഴിയുന്നപോലെ ചിന്തിക്കുക; അപ്പോൾ നമ്മുടെ മനസ്സിൽ ഓരോരോ സൽവികാരങ്ങൾ പൊങ്ങിവരുന്നതായി നമുക്കനുഭവപ്പെടും; അവയെ സ്നേഹം, വിശ്വാസം, ശരണം, നന്ദി, ആരാധന, മനസ്താപം എന്നിവയുടെ പ്രകരണങ്ങളാക്കി മാററി, ചുണ്ടുകളനക്കി സ്വരംകേൾപ്പിക്കാതെ കർത്താവിനോടു് പറഞ്ഞുകൊണ്ടിരിക്കുക. ഇങ്ങനെ ലളിതമായ രീതികൾ നാം പരീക്ഷിച്ചുനോക്കിയാൽ അരമണിക്കൂർ ധ്യാനനേരം വളരെവേഗം കടന്നുപോകുന്നതായി നമുക്കു അനുഭവപ്പെടും. യേശുവിൻെറ മാധുരി സാധാരണക്കാരായ നമുക്കുനമ്മുടേതായ രീതികളിൽ ധ്യാനത്തിൽ അനുഭവിക്കാൻ സാധിക്കുകയും ചെയ്യും.

പുഷ്ടിമാർഗം

ആദ്ധ്യാത്മികജീവിതത്തിൽ മുന്നോട്ടുപോകുന്നതിനു് രണ്ടു മാർഗ്ഗങ്ങളുണ്ടെന്നു് വല്ലഭാചാര്യർ എന്ന തത്വചിന്തകൻ പറയുന്നു. മര്യാദമാർഗ്ഗം, പുഷ്ടിമാർഗ്ഗം എന്നിങ്ങനെയാണു് അവയെ അദ്ദേഹം വിളിക്കുന്നതു്. മനുഷ്യന്റെ പരിശ്രമത്തിനാണു് മര്യാദമാർഗ്ഗമെന്നു പറയുന്നതു്. ദൈവത്തിന്റെ പ്രസാദവരത്തിനാണു് പുഷ്ടിമാർഗ്ഗമെന്നു പറയുക. ആത്മീയജീവിതത്തിനു് രണ്ടും വേണം. നമ്മുടെ പരിശ്രമം കൂടാതെ പുരോഗതിയുണ്ടാകുകയില്ല. നാം കളിച്ചും ചിരിച്ചും ഉല്ലസിച്ചും നടന്നിരുന്ന വേളകളിൽ, വിശുദ്ധാത്മാക്കൾ ആത്മീയപുരോഗതിക്കുള്ള ശ്രമം ചെയ്യുകയായിരുന്നു. ആശ്രമം എന്ന വാക്കിന്റെതന്നെ അർത്ഥം ആത്മീയപുരോഗതിക്കായുള്ള ശ്രമം ചെയ്യുന്നതിനുള്ള സ്ഥലം എന്നാണു്. സന്ന്യാസാശ്രമങ്ങൾ, പ്രാർത്ഥന, പഠനം, കായികാദ്ധ്വാനം തുടങ്ങി ആത്മീയവും ശാരീരികവുമായ ശ്രമങ്ങളുടെ നിലയങ്ങളായിരിക്കണം. ഈ പരിശ്രമമായിരിക്കണം സന്ന്യാസഭവനങ്ങളിൽ വിളങ്ങിക്കാണേണ്ട മര്യാദ അഥവാ നല്ലനടപ്പു്. എന്നാൽ നമ്മുടെ പരിശ്രമം കൊണ്ടുമാത്രം ആത്മീയജീവിതം പുഷ്ടിപ്പെടുകയില്ല. അതിനു ദൈവത്തിന്റെ കൃപാവരം കൂടി വേണം. നാം എത്ര പരിശ്രമിച്ചാലും ദൈവാനുഗ്രഹമില്ലെങ്കിൽ ഒന്നും സാധിക്കുകയില്ല. അതിനാൽ നമുക്കു ദൈവത്തിൽ വലിയ വിശ്വാസവും ശരണവും വേണം. പ്രവർത്തനത്തോടൊപ്പം പ്രാർത്ഥനയും കൂടി ആവശ്യമാണു്. നമുക്കു അറിവുണ്ടു്, കഴിവുണ്ടു്, പ്രവർത്തനസാമർത്ഥ്യമുണ്ടു് എന്നിവയൊന്നും പ്രാർത്ഥനയിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനു് മതിയായ കാരണങ്ങളല്ല. എത്ര കൂടുതലായി നമുക്കറിവുണ്ടോ, അത്രയും കൂടുതലായി പ്രാർത്ഥിക്കാൻ നമുക്കു കടമുണ്ടു്; എത്ര കൂടുതലായി നാം പ്രവർത്തിക്കുന്നുവോ, അത്രയും കൂടുതലായി നാം പ്രാർത്ഥിക്കുവാനും ആവശ്യമായിരിക്കുന്നു. ദൈവം താങ്ങുന്നില്ലെങ്കിൽ, മനുഷ്യന്റെ കരങ്ങൾ അശക്തങ്ങളാണു്; ദൈവം പ്രാണനെ തിരികെ വിളിക്കുമ്പോൾ അവ തളർന്നുവീഴും. അതുകൊണ്ടു്, ദൈവത്തിൽ അചഞ്ചലമായ വിശ്വാസവും ശരണവുമുള്ളവനായിരിക്കുക. മനുഷ്യന്റെ ഇളകാത്ത വിശ്വാസത്തിന്റെ മുമ്പിൽ ദൈവം പോലും 'തോററുപോകും;' കാനാൻകാരി സ്ത്രീയുടെ വിശ്വാസത്തിന്റെ മുമ്പിൽ യേശു തോററുപോയതുപോലെ.

സേവാനന്ദം

മോക്ഷം പ്രാപിച്ചശേഷംവും, നമ്മുടെ യഥാർത്ഥമായ ആനന്ദം സ്ഥിതിചെയ്യുന്നതു് ദൈവത്തെ സേവിക്കുവാൻ കഴിയുന്നു എന്നതിലാണെന്നു് ചൈതന്യദ് എന്ന ചിന്തകൻ പഠിപ്പിക്കുന്നു. ഇതിനു് അദ്ദേഹം സേവാനന്ദം എന്നു പറയുന്നു. നമ്മുടെ ജീവിതത്തിൻെറ ലക്ഷ്യം തന്നെ ദൈവസേവനവും ദൈവശുശ്രൂഷയുമാണു്. അതിനാൽ ദൈവശുശ്രൂഷാപരമായ കാര്യങ്ങളിൽ നമുക്കു അത്യധികമായ താല്പര്യം വേണം. ദൈവശുശ്രൂഷയ്ക്കാണു് നാം ലിററർജി എന്നു പറയുന്നതു്. തിരുകർമ്മജീവിതം നമ്മുടെ ആദ്ധ്യാത്മികതയുടെ അതിപ്രധാനമായൊരു വശമാണു്. തിരുകർമ്മജീവിതത്തിൻെറ കേന്ദ്രം പരിശുദ്ധകർബ്ബാനയാണു്. പരിശുദ്ധ കർബ്ബാനയോടുള്ള ഭക്തി ക്രിസ്തീയജീവിതത്തിൻെറ കാതലാണു്. ബലിയർപ്പണം നമ്മുടെ അനുദിനജീവിതത്തിലെ ഏററവും കേന്ദ്രസ്ഥാനത്തു് നില്ക്കേണ്ട കർമ്മമാണു്. മററെല്ലാം അതിനുള്ള ഒരുക്കമോ, അതിൻെറ തുടർച്ചയോ ആയിരിക്കണം. ദിവ്യബലിയിൽ ആന്തരികമായും ബാഹ്യമായും നാം സജീവമായി പങ്കുകൊള്ളണം. ബലിപീഠം, ബലിവസ്തുക്കൾ എന്നിവ വൃത്തിയായും അലംകൃതമായും കാക്കുക, ജപങ്ങളും ഗീതങ്ങളും വ്യക്തമായും ഭക്തിദ്യോതകമായും ചൊല്ലുക എന്നിവയെല്ലാം ബാഹ്യമായ ഭാഗഭാഗിത്വത്തിൻെറ ലക്ഷണങ്ങളാണു്. സുവിശേഷപ്രഘോഷണം, ബലിയർപ്പണം, ദിവ്യകാരുണ്യദാനം എന്നീ രഹസ്യങ്ങളെപ്പററി ധ്യാനപൂർവ്വകമായി ഭക്തിപൂർവ്വം പരിചിന്തിച്ചുകൊണ്ടു് ബലിയിൽ പങ്കെടുക്കുന്നതാണു് ആന്തരികമായ ഭാഗഭാഗിത്വം. ദിവ്യബലിയുടെതന്നെ തുടർച്ചയാണു് നമ്മുടെ ആരാധനക്രമത്തിലുള്ള മററു പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും. പ്രത്യേകിച്ചു്, നാം എല്ലാദിവസവും സമൂഹമായി ചൊല്ലുന്ന കാനോനാ നമസ്ക്കാരം സഭയുടെ ആരാധനാജീവിതത്തിൻെറ പരസ്യമായ തുടർച്ചയാണു്. നമുക്കു ദൈവത്തോടും തിരുസ്സഭയോടും തമ്മിൽത്തമ്മിലുമുള്ള സ്നേഹത്തിൻേറയും ഐക്യത്തിൻേറയും അടയാളവും അനുഭവവുമാണതു്. കൂടാതെ, ആരാധനക്രമവത്സരത്തിലെ ഓരോ കാലഘട്ടത്തിനനുസരിച്ചുള്ള ഭക്താഭ്യാസങ്ങളും നാം താല്പര്യപൂർവ്വം അനുഷ്ഠിക്കണം. ദൈവശുശ്രൂഷയും ദൈവസേവനവും നമുക്കു യഥാർത്ഥമായ ജീവിതാനന്ദം നല്കും.

അദ്ധ്യാസം

ഒരിടത്തു് ഒരു കയറു് കിടക്കുന്നു. ഇരുട്ടായതുകൊണ്ടു് അതു് പാമ്പാണെന്നു നാം തെററിദ്ധരിക്കുന്നു. ഇതിനു് കയറ് എന്ന യാഥാർത്ഥ്യത്തിന്മേൽ പാമ്പ് എന്ന മിഥ്യയെ നാം അദ്ധ്യാസം ചെയ്യുന്നു എന്നു പറയും. ശരിയായ വെളിച്ചം വന്നു കഴിയുമ്പോഠം അവിടെ പാമ്പില്ലായിരുന്നു, കയറുമാത്രമെ യാഥാർത്ഥത്തിലുള്ളൂ എന്നു നമുക്കു ബോധ്യം വരികയും ചെയ്യും. ഇത്തരത്തിലുള്ള തെററിദ്ധാരണകഠം ആദ്ധ്യാത്മികജീവിതത്തിലും നാം പുലത്തുന്നുണ്ടു്. പ്രശസ്തി, സുഖം, ബഹുമാനം, സമ്പത്തു് എന്നിവയെല്ലാം കിട്ടിയാൽ സമാധാനമുണ്ടാകുമെന്നു് നാം വിചാരിക്കുന്നു. അതിനുവേണ്ടി അഹോരാത്രം നാം പണിപ്പെടുകയും ചെയ്യുന്നു. നാം ആത്മീയമായ അന്ധകാരത്തിലിരിക്കുന്നതുകൊണ്ടാണു് ഈ തെററിദ്ധാരണയ്ക്കു വശംവദരാകുന്നതു്. ശരിയായ ആത്മീയവെളിച്ചം സിദ്ധിച്ചുകഴിയുമ്പോഠം, ദൈവത്തെ കിട്ടാതെ മറെറന്തു കിട്ടിയാലും, യഥാർത്ഥമായ സ്വാസ്ഥതയുണ്ടാവില്ലെന്നു നമുക്കു ബോധ്യം വരും. സമാധാനം തരാത്ത ലൗകികയാഥാർത്ഥ്യത്തിന്മേൽ യഥാർത്ഥമായ സമാധാനത്തെ, കയറിന്മേൽ പാമ്പിനെ എന്ന പോലെ, നാം അദ്ധ്യാസം ചെയ്യുകയാണു്. ദൈവം മാത്രമെ നിലനില്ക്കുന്ന സമാധാനവും ശാന്തിയും നൽകൂ എന്ന ബോധ്യം നമ്മിലുറച്ചാൽ, നമ്മുടെ ജീവിതത്തിലാകമാനം വലിയ വ്യത്യാസം വരും. നാം ഉടനെ പ്രാർത്ഥനയിൽ ദൈവത്തെ തേടിത്തുടങ്ങും; പ്രാത്ഥന നമുക്കു അവണ്ണനീയമായൊരു അനുഭവവും ഒഴിച്ചുകൂടാൻ വയ്യാത്തൊരു ആവശ്യവുമായി മാറും. ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ശരണവും ആഴപ്പെടും. എല്ലാററിലും ദൈവതിരുമനസ്സ് കാണാൻ നാം ശീലിക്കും. അവിടുത്തെ ഹിതം, നമ്മെ സംബന്ധിച്ചു് എല്ലാ കാര്യങ്ങളിലും നിറവേറണമെന്ന ആഗ്രഹം മാത്രമെ അപ്പോഠം നമ്മിലുണ്ടാകൂ. നാം കാണുകയും കേഠക്കുകയും ചെയ്യുന്ന എല്ലാററിൽ നിന്നും സ്വാഭാവികമായിത്തന്നെ നാം ദൈവത്തിലേയ്ക്കു ഉയരും. ഇത്തരത്തിലുള്ളൊരു മനോഭാവം നമ്മിൽ വരണമെങ്കിൽ നമുക്കു ആത്മീയപ്രകാശം ലഭിക്കുക തന്നെ വേണം. അന്ധകാരത്തിലിരിക്കുന്നിടത്തോളം ലോകമാണു് കാര്യപ്പെട്ടതു് എന്ന ധാരണയോടെ നാം വത്തിക്കുകതന്നെ ചെയ്യും.

ഗുരൂപാസത്തി

ഗുരുവിനെ പൂജിക്കുന്നതിനാണ് ഗുരുപാസത്തി എന്നു പറയുന്നതു്. നമ്മുടെ പൂജയുടെ വിഷയം, ഗുരുവായ യേശു തന്നെയാണ്. യേശുവാണ് നമ്മുടെ പരമഗുരു. യേശുപൂജയാണ് നമ്മുടെ ഗുരൂപാസത്തി. നമ്മെത്തന്നെ യേശുവിനു അടിയറ വയ്ക്കുന്നതാണ് ഗുരൂപാസത്തിയുടെ കാതൽ. യേശു നമ്മുടെ സ്നേഹത്തിൻെറ ഏകവിഷയമായി മാറണം. അവിടുത്തെ ദിവ്യരൂപങ്ങൾ കാണുന്നതായിരിക്കണം നമ്മുടെ കണ്ണുകൾക്കാനന്ദം. അവിടുത്തെ സൽച്ചരിതം കേൾക്കുന്നതു് നമ്മുടെ കാതുകൾക്കു പീയൂഷമായിരിക്കണം. അവിടുത്തേയ്ക്കുവേണ്ടി പുണ്യകർമ്മങ്ങൾ ചെയ്യാനുള്ളവയാണ് നമ്മുടെ കൈകൾ. യേശുവിൻെറ കാര്യങ്ങൾക്കുവേണ്ടി എത്ര നടന്നാലും നമ്മുടെ കാലുകൾ തളരരുതു്. ബുദ്ധികൊണ്ട് എന്നും നാം പഠിക്കുകയും അന്വേഷിക്കുകയും ചെയ്തുകൊണ്ടിരിക്കേണ്ടതു് യേശുവിനെക്കുറിച്ചുള്ള വിജ്ഞാനമായിരിക്കണം. ധ്യാനത്തിൽ നമ്മുടെ ഹൃദയം യേശുവിൽ നിർല്ലീനമായിരിക്കുന്നതിലാകണം നമ്മുടെ പരമമമായ ആനന്ദം. യേശു നമ്മുടെ ജീവിതത്തിലെ ഏക ജ്വരവും ആശയും ആവേശവുമായി മാറണം. യേശുവിനോടുള്ള പരമപ്രേമമാണ് ക്രിസ്തീയഭക്്തിയുടെ കാതൽ. അവിടുത്തോടു് പ്രാർത്ഥനയിൽ വ്യക്്തിപരമായ മൈത്രി സമാർജ്ജിച്ചിട്ടുള്ളവർക്കേ ഈ ഭക്്തി ഉണ്ടാകൂ. അതുകൊണ്ടു് പ്രാർത്ഥനയിൽ യേശുവിനെ കൂടുതൽ കൂടുതലായി അറിയുക, സ്നേഹിക്കുക എന്നതു് നമ്മുടെ ഏററവും വലിയ അഭിലാഷമായും അഭിനിവേശമായും പകരണം. പ്രാർത്ഥന നമുക്കു തീർത്താൽ തീരാത്തൊരു ആശയും ആഗ്രഹവും ആദർശവും അഭിലാഷവും അനുഭവവുമായിത്തീരണം. പ്രാർത്ഥനയിലൂടെയല്ലാതെ യേശുവിനോടുള്ള വ്യക്്തിപരമായ അടുപ്പം സിദ്ധിക്കുകയില്ല. അതിനാൽ പ്രാർത്ഥനയുടെ ആവശ്യത്തെപ്പററി സന്ന്യാസികളോടു് പറഞ്ഞാലും അധികമാകുന്നതല്ല. യേശുവിനെ അടുത്തറിയുകയും സ്നേഹിക്കുകയും ചെയ്യുക എന്നതു് നമ്മെ ഊണിലും ഉറക്കത്തിലും പ്രചോദിപ്പിക്കുന്ന ഒരേയൊരു ജ്വരമായി പകർന്നു കഴിഞ്ഞാൽ, പ്രാർത്ഥന നമുക്കു ജീവവായുപോലെ ഒഴിച്ചുകൂടാത്തതായി അനുഭവപ്പെടും. ഇങ്ങനെ പ്രാർത്ഥനയിൽ നമ്മെത്തന്നെ യേശുവിനു അടിയറ വയ്ക്കുന്നതാണ് ശരിയായ ഗുരൂപാസത്തി.

സിദ്ധി

ദൈവം നമുക്ക പ്രത്യേകമായി കനിഞ്ഞരുളുന്ന വരങ്ങളാണ് സിദ്ധികൾ എന്നു പറയുന്നതു്. ഓരോരുത്തനും ദൈവം ഓരോ വരം നല്കുന്നു. ഒരാൾക്കു പഠിപ്പിക്കാനുള്ള വരം, ഒരാൾക്കു ശുശ്രൂഷിക്കാനുള്ള വരം, ഒരാൾക്കു സ്നേഹമായും വിനയമായും ഭരിക്കാനുള്ള വരം—ഇങ്ങനെ നാനാതരത്തിലുള്ള വരങ്ങളാണ് ദൈവം തൻെറ സഭയിൽ വർഷിച്ചിരിക്കുന്നതു്. ഈ വരങ്ങളെല്ലാം രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണെന്നാണ് വി. പൗലോസ് പഠിപ്പിക്കുന്നതു്. ഒന്നാമതു് സഭയുടെ വർദ്ധനവിനുവേണ്ടി; അതായതു , നമുക്കു ഓരോരോ വരങ്ങൾ ദൈവം തന്നിട്ടുള്ളതു്, അവ ഉപയോഗിച്ച് നാം നമ്മെത്തന്നെ വളർത്താനും പ്രദർശിപ്പിക്കാനുമല്ല, തിരുസ്സഭയെ വളർത്താനും തിരുസ്സഭാംഗങ്ങൾക്ക് ഉപകാരം ചെയ്യാനുമാണ്. നമ്മുടെ അറിവും സമയവും സമ്പത്തും ആരോഗ്യവും ഉപയോഗിച്ച് നമ്മുടെ കാര്യങ്ങൾ നോക്കുകയും അവ സുരക്ഷിതമാക്കുകയുമല്ല നാം ചെയ്യേണ്ടതു്. യേശുവിൻേറയും അവിടുത്തെ ജനങ്ങളുടേയും സുഖത്തിനും സൗകര്യത്തിനും സന്തോഷത്തിനും സമുൽക്കർഷത്തിനും വേണ്ടി നമുക്കുള്ളവയെല്ലാം ത്യാഗപൂർവ്വം ഉപയോഗിക്കുകയാണ് നാം ചെയ്യേണ്ടതു്. വരങ്ങൾ അഥവാ സിദ്ധികൾ നല്കപ്പെട്ടിരിക്കുന്നതിൻെറ രണ്ടാമത്തെ ഉദ്ദേശ്യം, അരൂപിയുടെ പ്രദർശനമാണെന്ന് വി. പൗലോസ് പറയുന്നു. ദൈവം തൻെറ അരൂപിയുടെ ശക്തി നമ്മിലൂടെ പ്രദർശിപ്പിക്കുന്നു. ചെറിയ മനുഷ്യരായ നമ്മിലൂടെ എങ്ങനെ ദൈവത്തിനു തൻെറ വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു എന്നു ദൈവം ഇതുവഴി ലോകത്തെ പഠിപ്പിക്കുന്നു. അതിനാൽ, നമുക്കു കിട്ടിയിരിക്കുന്ന വരങ്ങളെ പ്രതി നാം അഹങ്കരിക്കരുതു് അവ എളിമയോടെ സ്വീകരിച്ച്, ത്യാഗപൂർവ്വം അവയെ ദൈവത്തിനും മനുഷ്യർക്കും വേണ്ടി ഉപയോഗപ്പെടുത്തുകയാണ് വേണ്ടതു്. എല്ലാ വരങ്ങളും ചെന്നൊന്നിക്കേണ്ട ഒരു മഹാവരമുണ്ട്. അതാണ് സ്നേഹം. സ്നേഹമില്ലെങ്കിൽ നമുക്കു മറെറന്തുണ്ടായാലും പ്രയോജനമില്ല. നമുക്കു ലഭിച്ചിട്ടുള്ള എല്ലാ ദാനങ്ങളും ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം കാണിക്കുവാനുള്ള മാർഗ്ഗങ്ങളായി നാം ഉപയോഗിക്കണം. അവയെല്ലാം ത്യാഗബുദ്ധിയോടുകൂടി ദൈവത്തിനും മനുഷ്യർക്കും വേണ്ടി ഉപയോഗപ്പെടുത്തുകയാണ് ഇതിനുള്ള വഴി.

തീർത്ഥങ്കരൻ

ജൈനസന്ന്യാസികൾ തങ്ങളുടെ മതാചാര്യന്മാരെ തീർത്ഥങ്കരന്മാർ എന്നാണ് വിളിക്കുന്നത്. ലോകം അഥവാ സംസാരം ഒരു സാഗരമാണ്. ഈ കടലിൻെറ മറുകരയിൽ നമ്മെ എത്തിക്കുന്നവർ എന്നാണ് തീർത്ഥങ്കരന്മാർ എന്ന പദത്തിൻെറ അർത്ഥം. ലോകമാകുന്ന ഈ കടലിൽക്കൂടിയുള്ള നമ്മുടെ അപകടം പിടിച്ച യാത്രയിൽ, നമ്മെ സുരക്ഷിതമായി സ്വർഗ്ഗീയ തുറമുഖത്തെത്തിക്കുന്നത് യേശുവാണ്. ആദിമസഭയിൽ യേശുവിനെ ഒരു മത്സ്യമായി ചിത്രീകരിച്ചിരുന്നു. ഈ സ്വർഗ്ഗീയ മത്സ്യത്തെ പൂജിക്കുന്നവരെ, ലോകസാഗരത്തിൽക്കൂടിയുള്ള അവരുടെ യാത്രയിൽ, അതു് സുരക്ഷിതമായി കാക്കും എന്ന ആശയമാണ് ഈ ചിത്രീകരണത്തിന്നടിയിലുള്ളത്. ലോകം ഇന്ന് പ്രക്ഷുബ്ധമായിരിക്കുന്നൊരു കടലുപോലെയാണ്. ദൈവം, മതം, സാന്മാർഗ്ഗികത, ആത്മീയമൂല്യങ്ങൾ എന്നിവ എവിടെയും ചോദ്യം ചെയ്യപ്പെടുന്നു. സന്ന്യാസജീവിതം തന്നെ അർത്ഥമില്ലാത്ത ഒന്നായി പരിഗണിക്കപ്പെടുന്നു. സന്ന്യാസികൾ പോലും സന്ന്യാസജീവിതത്തിൻെറ മഹത്വത്തെ വിലയിടിച്ചു സംസാരിക്കുന്നു. പ്രമുഖരായ പല സന്ന്യാസികളും സന്ന്യാസജീവിതം ഉപേക്ഷിച്ചുപോകുന്നു. ഇതെല്ലാം കാണുമ്പോൾ നമ്മുടെ വിശ്വാസം ഇളകിയേക്കാൻ ഇടയുണ്ട്. നമ്മുടെ തെരഞ്ഞെടുപ്പ് തെററിപ്പോയോ എന്നു നമുക്കു സംശയം തോന്നിയേക്കാം; ലോകത്തിലെ സുഖസൗഭാഗ്യങ്ങൾ പരിത്യജിച്ചതു് ഒരു വിഡ്ഢിത്തരമായില്ലേ എന്നുപോലും നാം വിചാരിച്ചുപോയെന്നു വരാം. നാം ഇത്രയും ത്യാഗം സഹിച്ച് ഇങ്ങനെയൊരു ജീവിതസ്ഥിതി വിവരിച്ചിട്ട്, ലോകം അതു് വേണ്ടവിധം വിലമതിക്കുന്നില്ലല്ലോ എന്നു കാണുമ്പോൾ നമ്മുടെ മനസ്സിനു വലിയ വ്യഥയും ഭാരവും തോന്നിയെന്നു വരാം. ഇങ്ങനെ ഈ സംസാരമാകുന്ന സാഗരത്തിലെ തിരമാലകളിൽപ്പെട്ട് നമ്മുടെ ഹൃദയമാകുന്ന വഞ്ചി തകരുന്ന അനുഭവം നമുക്കുണ്ടാകും. പക്ഷെ നാം ഭയപ്പെടരുതു്. യേശു നമ്മോടൊപ്പമുണ്ട്. നാം പരിഭ്രമിക്കാതെ അവിടുത്തെ ശരണം വിളിക്കുക. അവിടുന്ന് എഴുന്നേററ് കാററിനേയും കടലിനേയും ശാസിക്കും. നാം സുരക്ഷിതരായി സ്വർഗ്ഗീയതുറമുഖത്ത് എത്തുകയും ചെയ്യും.

വ്രതം

ദൈവത്തിൻെറയും സഭയുടേയും മുമ്പിൽ നാം വരിച്ചിരിക്കുന്ന നിത്യമായ കടപ്പാടുകളാണ് വ്രതങ്ങൾ. നമ്മുടെ സ്നേഹവും സേവനവും നാം നമുക്കു സ്വന്തമായവരിലേയ്ക്കു ചുരുക്കിക്കളയാതെ, അവയെ ദൈവത്തിനും മറെറല്ലാവർക്കുമായി സമർപ്പിച്ചുകൊള്ളാം എന്ന വാഗ്ദാനമാണ് ബ്രഹ്മചര്യത്തിൻെറ കാതൽ. നമ്മുടെ സമയം, സമ്പത്ത്, അറിവ്, ആരോഗ്യം തുടങ്ങി നമ്മൾക്കുള്ളവയെ നാം നമുക്കായി സംവരണം ചെയ്യാതെ, ദൈവത്തിനും മററുള്ളവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ അവയെ സമർപ്പിതമായി ഉപയോഗിക്കുന്നതാണ് ദാരിദ്ര്യചൈതന്യത്തിൻെറ കാതൽ. നമ്മെയും നമുക്കുള്ളവയേയും നമ്മുടെ സ്വന്തമായ വചനങ്ങൾക്കനുസരിച്ചു നീക്കാതെ, അവയെ ദൈവവചനത്തിനനുസരിച്ച് ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കും നീക്കുന്നതാണ് അനുസരണത്തിൻെറ സന്ദേശം. ദൈവവും മററുള്ളവരുമായി നമ്മെ ബന്ധപ്പെടുത്തുകയാണ് സന്ന്യാസവ്രതങ്ങളുടെ പരമമായ ഉദ്ദേശ്യം. നമ്മുടെ ജീവിതം നമുക്കുവേണ്ടിയുള്ളതല്ല; അതു് ദൈവത്തിനും മററുള്ളവർക്കും വേണ്ടി പ്രാർത്ഥനയിലും സഹനത്തിലും ശുശ്രൂഷയിലും ചെലവഴിക്കപ്പെടാനുള്ളതാണ്- സന്ന്യാസം സമർപ്പണമാണ്. അതിനാൽ അതു് ബന്ധനമല്ല, ബന്ധമാണ്. നമ്മെയും നമുക്കുള്ളവയേയും പ്രാർത്ഥന, സഹനം, ശുശ്രൂഷ എന്നിവവഴി പൂർണ്ണമായി ദൈവത്തിനും മനുഷ്യർക്കും സമർപ്പിച്ചുകൊണ്ടു് ദൈവത്തോടും മനുഷ്യരോടും ബന്ധപ്പെടുകയാണ് സന്ന്യാസവിളിയുടെ രഹസ്യം. സമ്മുടെ സമ്പാദ്യം ദൈവവും മനുഷ്യരുമാണ്. ഇതു് മറന്നു്, സന്ന്യാസത്തിൽ നാം നമ്മെത്തന്നെ അന്വേഷിച്ചാൽ, നമ്മുടെ ജീവിതം പരാജയപ്പെടും. നിൻെറ വ്രതങ്ങളെക്കുറിച്ച് നിനക്കു വലിയ അഭിമാനം വേണം. അവയെ എന്നും നീ യേശുവിൻെറ മുമ്പിൽ ആത്മനാനവീകരിക്കുക. അനേകർക്കുവേണ്ടി, അതിലുപരി· ദൈവത്തിനുവേണ്ടി, അവനവനെത്തന്നെ മറന്നു് ജീവിക്കുന്ന സന്ന്യാസിക്കു മാത്രമെ വാസ്തവത്തിൽ സന്ന്യാസജീവിതം ആസ്വദിക്കാൻ കഴിയൂ. അങ്ങനെയുള്ള ജീവിതത്തിൻെറ മാധുരിയും മഹത്വവും ഒന്നു വേറെതന്നെയാണ്.

ക്രമമുക്തി

രണ്ടു തരത്തിലുള്ള മുക്തികളെപ്പററി ഭാരതീയ ചിന്തകർ പറയുന്നുണ്ട്. ക്രമമുക്തി, ക്ഷണമുക്തി എന്നിവയാണവ. മരിച്ചശേഷം ഉടനെ സ്വർഗ്ഗഭാഗ്യത്തിലേയ്ക്കു പ്രവേശിക്കുന്നതാണ് ക്ഷണമുക്തി. ജീവിതകാലത്തു് പൂർണ്ണമായും പരിഹാരം ചെയ്യിട്ടില്ലാത്ത പാപകടങ്ങൾക്കു മരണശേഷം പരിഹാരം ചെയ്തശേഷം ക്രമേണ സ്വർഗ്ഗീയ ഭാഗ്യത്തിലേയ്ക്കു പ്രവേശിക്കുന്നതാണ് ക്രമമുക്തി. ക്രിസ്തീയ വിശ്വാസപ്രകാരം ക്രമമുക്തി പ്രാപിക്കുന്ന ആത്മാക്കളാണ് ശുദ്ധീകര സ്ഥലത്തുള്ളതു്. മരിച്ചവരേയും നാം മറക്കരുതു്. കൺമുമ്പിൽനിന്നും മറയുന്നതോടെ, മരിച്ചവരെ മറക്കുന്ന സ്വഭാവമുള്ളവരാണ് നാം. ജീവിതകാലത്തു് അവരിൽനിന്നും എത്രയോ ഉപകാരങ്ങൾ നാം കൈക്കൊണ്ടിരിക്കുന്നു. ഇപ്പോൾ അവർ നമ്മുടെ സഹായം ആവശ്യമുള്ളവരാണ് അവരെ നാം മറക്കാതെ സഹായിക്കുക എന്നതു് സ്വാഭാവിക നീതി മാത്രമാണ്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നതു് ക്രിസ്തീയ വിശ്വാസത്തിൻെറ ആരംഭം മുതല്ക്കേ സഭയിലുണ്ടായിരുന്ന ഒരു വിശുദ്ധ പാരമ്പര്യമാണ്. എന്നും മരിച്ചവരെ നീ നിൻെറ പ്രാർത്ഥനകളിൽ അനുസ്മരിക്കണം. പ്രത്യേകിച്ച്, നീ സംബന്ധിക്കുന്ന ദിവ്യബലികൾ മരിച്ചവർക്കുവേണ്ടി കാഴ്ചവെക്കുന്നതു് വളരെ നല്ലതും പ്രശംസനീയവുമായൊരു ഭക്താഭ്യാസമാണ്. ശുദ്ധീകരാത്മാക്കളുടെ മദ്ധ്യസ്ഥ ശക്തിയിലും നിനക്കു വലിയ വിശ്വാസമുണ്ടായിരിക്കണം. ദൈവത്തിൻെറ ഈ സഹിക്കുന്ന മക്കൾ അവിടുത്തേയ്ക്കു വളരെ പ്രിയപ്പെട്ടവരാണ്. അവരുടെ പ്രാർത്ഥന തീർച്ചയായും അവിടുന്നു കേൾക്കും. നിൻെറ സഭയിൽ മരിച്ച സന്ന്യാസികളെ നീ പ്രത്യേകമായി അനുസ്മരിക്കണം. അവർ നിൻെറ സഹായികളും സഹപ്രവർത്തകരുമായിരുന്നു. അവരുടെ ജീവിത മാതൃക നീ ജീവിതത്തിലേയ്ക്കു പകർത്താൻ പ്രത്യേകമായി ശ്രദ്ധവയ്ക്കണം. മരിച്ചവരെപ്പററി ഒരിക്കലും കുററമായി പറയരുതു്. ആരെയും വിധിക്കാതിരിക്കുന്നതാണ് വിവേകം. മരിച്ചവർ നമുക്കു അന്യരല്ല; അവർ നമ്മിൽനിന്നും അകലെയുമല്ല. മരിച്ചവരും ജീവിച്ചിരിക്കുന്നവരും മഹത്വം പ്രാപിച്ചവരും ഉൾപ്പെടുന്ന കുടുംബമാണ് ദൈവജനമെന്ന തിരുഭവനം.

മുഹൂർത്തം

ഓരോന്നിനും അതതിന്റെ സമയമുണ്ട്. ആ സമയത്തു് ചെയ്താലേ, ചെയ്യുന്ന കർമ്മം മംഗളകരമാകൂ. മംഗളകരമായ സമയത്തിനാണ് മുഹൂർത്തം എന്നു പറയുന്നതു്. നമ്മുടെ ജീവിതത്തിലും ഇങ്ങനെതന്നെയാണ്. ഓരോന്നും ചെയ്യുന്നതിനു് നമുക്കു നിശ്ചിതമായ ചില രീതികളും മുഹൂർത്തങ്ങളുമൊക്കെ വേണം. നമ്മുടെ ടൈംടേബിളം അഥവാ ദിനചര്യയുടെ ഉദ്ദേശ്യം ഇതാണ്. ഊണ്, ഉറക്കം, എഴുന്നേല്പ്, ജോലി, പഠനം, പ്രാർത്ഥന, വിശ്രമം തുടങ്ങിയവയുടെ കാര്യത്തിൽ നമുക്കു ചില നിഷ്ഠകളും നിർബന്ധങ്ങളുമൊക്കെ വേണം. പരസ്നേഹം യഥാർത്ഥത്തിൽ ആവശ്യപ്പെടുമ്പോളൊഴികെ, നാം അത്തരം നിഷ്ഠകളിൽനിന്നും വ്യത്യാസം വരുത്തരുതു്. കൃത്യസമയത്തു് എഴുന്നേല്ക്കുക, പ്രാർത്ഥനയ്ക്കായുള്ള സമയങ്ങൾ കൃത്യമായി അതിനുതന്നെ ഉപയോഗപ്പെടുത്തുക. എല്ലാ ദിവസവും കുറച്ചുനേരമെങ്കിലും വായനയ്ക്കും പഠനത്തിനുമായി കരുതിവയ്ക്കണം. ഭക്ഷണത്തിനും കൃത്യമായ സമയമുണ്ടായിരിക്കണം. തോന്നുമ്പോഴൊക്കെ ഭക്ഷിക്കുന്നതു് നല്ല ശീലമല്ല. അതുപോലെതന്നെ വിശ്രമം, ശാരീരിക വ്യായാമം എന്നിവയ്ക്കും നിയതമായ ചില രീതികളും സമയങ്ങളും വേണം. അലക്കു്, ഗൃഹശുചീകരണം തുടങ്ങിയവ സാധിക്കുമെങ്കിൽ അവനവൻതന്നെ ചെയ്യുന്നതാണ് ഉത്തമം. കായികമായ അധ്വാനത്തിനും നാം കുറച്ചു സമയം കണ്ടുവയ്ക്കണം. ചെറിയ പൂന്തോട്ടമോ പച്ചക്കറിത്തോട്ടമോ വച്ചുപിടിപ്പിച്ച് ശുശ്രൂഷിക്കുന്നതു് ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനകരമാണ്. നാം നമുക്കായി നിശ്ചയിച്ചിരിക്കുന്ന രീതികളിൽനിന്നും സമയങ്ങളിൽനിന്നും മാറി കുറേ കാര്യങ്ങൾ ദൈവപരിപാലനയിൽ വന്നെന്നിരിക്കും. അവ ദൈവത്തിന്റെ മുഹൂർത്തങ്ങളാണ്. നാം വഹിക്കേണ്ട ഉദ്യോഗം അഥവാ ജോലി താമസിക്കേണ്ട സ്ഥലം, നമുക്കു വരാവുന്ന രോഗങ്ങൾ, നമുക്കു ലഭിക്കുന്ന വിജയങ്ങൾ അഥവാ പരാജയങ്ങൾ, നമ്മുടെ മരണം തുടങ്ങി അനേകം കാര്യങ്ങൾ നമ്മുടെ പ്രതീക്ഷക്കെതിരായി സംഭവിച്ചെന്നിരിക്കും. അവ ദൈവത്തിന്റെ മുഹൂർത്തമാണ്. ആ വിശ്വാസത്തോടെ അവയെ സസന്തോഷം സ്വീകരിക്കുക.

സന്ന്യാസം

സന്ന്യാസം എന്ന പദത്തിൻെറ അത്ഥം പൂണ്ണമായ എടുത്തുവയ്പ്പ് എന്നാണ്. സന്ന്യാസം വഴി നാം നമ്മെത്തന്നെ ദൈവശുശ്രൂഷയ്ക്കും മനുഷ്യശുശ്രൂഷയ്ക്കുമായി ദൈവത്തിൻേറയും മനുഷ്യരുടേയും കൈകളിലേയ്ക്കു സമ്പൂണ്ണമായി എടുത്തുവയ്ക്കുന്നു. സന്ന്യാസത്തിൻെറ സാരം യേശുവിൻെറ കുരിശാണ്. യേശു കുരിശിൽ കിടന്ന്. 'പിതാവെ! എന്നെത്തന്നെ നിൻെറ കരങ്ങളിൽ ഞാൻ സമപ്പിക്കുന്നു' എന്നു പറഞ്ഞ്, തന്നെ പിതാവിൻെറ കരങ്ങളിലേയ്ക്കു എടുത്തുവച്ചു. നമുക്കു എടുത്ത് ഭക്ഷിക്കാൻ കഴിയുമാററ്, തൻെറ മാംസം അവിടുന്നു കുരിശിൽ കിടന്നുകൊണ്ട് നമുക്കായി മുറിച്ചു. അങ്ങനെ അവിടുന്ന് തന്നെത്തന്നെ മനുഷ്യരുടെ കൈകളിലേയ്ക്കും എടുത്തുവച്ചു. ദൈവത്തിനും മനുഷ്യക്കും ഒരുപോലെ നാം സംലഭ്യരാകണം. കുരിശ് യേശുവിൻെറ പ്രാത്ഥനയുടേയും സഹനത്തിൻേറയും ശുശ്രൂഷയുടേയും പ്രതീകമാണ്. അവിടുന്ന് കുരിശിൽ കിടന്നുകൊണ്ട് പിതാവിനോട് നമുക്കായി പ്രാത്ഥിച്ചു; ദൈവത്തിനും മനുഷ്യക്കും വേണ്ടി സഹിച്ചു; തൻെറ മാംസരക്തങ്ങൾ ദൈവത്തിനപ്പിക്കുകയും മനുഷ്യക്കായി മുറിച്ചു വിളമ്പുകയും ചെയ്തുകൊണ്ട്, ദൈവത്തേയും മനുഷ്യരേയും അവിടുന്ന് ശുശ്രൂഷിച്ചു. നമ്മുടെ സന്ന്യാസജീവിതവും പ്രാത്ഥനയുടേയും സഹനത്തിൻേറയും ശുശ്രൂഷയുടേയും ജീവിതമാണ്. പ്രാത്ഥന നമ്മുടെ ജീവിതത്തിലെ ഏററവും വലിയ കടപ്പാടാണ്. ദൈവത്തോട് പ്രാത്ഥനയിൽ സായുജ്യം വരിക്കാനുള്ളവരാണ് നാം; മനുഷ്യക്കുവേണ്ടി പ്രാത്ഥിക്കുകയാണ് നമ്മുടെ ജീവിതത്തിൻെറ ഒരു പ്രധാന ഉദ്ദേശ്യം. അതുപോലെതന്നെ, ദൈവത്തിനും മനുഷ്യക്കും വേണ്ടി സഹിക്കാനുള്ളവരാണ് നാം. ദൈവത്തിൻേറയും മനുഷ്യരുടേയും കാര്യങ്ങൾ നന്നായി നടക്കുന്നതിനുവേണ്ടി അദ്ധ്വാനിക്കുകയും സഹിക്കുകയും ചെയ്യുക എന്നതു് നമ്മുടെ പരമമായ ഒരു ധമ്മമാണ്. ദൈവത്തേയും മനുഷ്യരേയും ശുശ്രൂഷിക്കുക എന്നതും നമ്മുടെ അതിപ്രധാനമായൊരു ജീവിതലക്ഷ്യമാണ്. അതിനുവേണ്ടി ജീവിതം ബലിചെയ്യാനുള്ളവരാണ് നാം. ഇങ്ങനെ നമ്മെത്തന്നെ സമ്പൂണ്ണമായി പ്രാത്ഥന, സഹനം, ശുശ്രൂഷ എന്നിവവഴി ദൈവത്തിനും മനുഷ്യക്കും സംലഭ്യരാക്കുമ്പോൾ മാത്രമെ, നാം യഥാത്ഥ സന്ന്യാസികളാകൂ.

ബ്രഹ്മസംസ്ഥൻ

ബ്രഹ്മത്തിൽ സമ്പൂർണ്ണമായി ഉറച്ചുനില്ക്കുന്ന ആൾ എന്നാണു് ബ്രഹ്മസംസ്ഥൻ എന്ന പദത്തിൻെറ അർത്ഥം. ബ്രഹ്മം എന്ന വാക്കിനു് വേദം അഥവാ ദൈവവചനം എന്നാണർത്ഥം. ഇങ്ങനെ നോക്കുമ്പോൾ, ശരിയായ ബ്രഹ്മസംസ്ഥൻ യേശു തന്നെയാണു്. കുരിശുമരണം തന്നെ സഹിക്കേണ്ടിവന്നിട്ടും, പിതാവിൻെറ വചനത്തിൽ നിന്നും എള്ളിടമാറാതെ, അതിൽ വിശ്വാസപൂർവ്വം അവസാനം വരെ ഉറച്ചുനിന്ന ബ്രഹ്മസംസ്ഥനായിരുന്ന യേശു. നാം എത്രയോ പെട്ടെന്നു് ദൈവവചനത്തിൽ വിശ്വാസക്കുറവ് കാണിക്കുകയും, നിസ്സാരമായ ബുദ്ധിമുട്ടുകളെ പ്രതി ദൈവവചനത്തിൽ നിന്നു് മാറിപ്പോകുകയും ചെയ്യുന്നു എന്നു് ആലോചിച്ചു നോക്കുക. സർവ്വവും ദൈവത്തെപ്രതി ഉപേക്ഷിച്ചു് സന്ന്യാസത്തിലേയ്ക്കു വന്ന നാം, വളരെ ചെറിയൊരു ബുദ്ധിമുട്ട് സഹിക്കേണ്ടി വരുമ്പോൾ, എത്രയോ വേഗം പിറുപിറുക്കുകയും അസംതൃപ്തരാകുകയും ചെയ്യുന്നു. ദൈവം തങ്ങളെ വിളിച്ച വിളിയിൽ വിശ്വാസമില്ലാതെ, എത്രയോ പേർ സന്ന്യാസം തന്നെ ഉപേക്ഷിച്ചു് ലോകത്തിലേയ്ക്കു് മടങ്ങിപ്പോകുന്നു. ആധുനിക മനുഷ്യനു് ഇന്നത്തെ ലോകത്തിൽ ലഭിക്കുന്ന സുഖസൗകര്യങ്ങളും സ്വാതന്ത്ര്യങ്ങളും കാണുമ്പോൾ, ദൈവത്തോടു വിശ്വസ്തരായിരിക്കുന്നതിനു വേണ്ടി നാം അവയെല്ലാം നഷ്ടപ്പെടുത്തിയതു് ഒരു ഭോഷത്വമായിപ്പോയില്ലേ എന്നുപോലും ചില ദുർബല നിമിഷങ്ങളിൽ നമുക്കു തോന്നിപ്പോകാം. വളരെപ്പേർ സന്ന്യാസം ഉപേക്ഷിച്ചു പോകുന്നതു കാണുമ്പോൾ, നമ്മുടെ വിശ്വാസംപോലും ഇളകുന്നതായി നമുക്കു തോന്നിയേക്കാം. ദൈവത്തിൽ വിശ്വസിച്ചവർ അവസാനം വിഡ്ഢികളായിത്തീരുമോ എന്നുപോലും നാം സംശയിക്കുന്നു. ഒരിക്കൽ യേശുവിൻെറ ശിഷ്യന്മാർക്കു് ഈ അനുഭവമുണ്ടായി. അനേകം പേർ, യേശുവിനെ അനുകരിക്കുക തങ്ങൾക്കു പ്രയാസമാണെന്നു് പറഞ്ഞ് അവിടത്തെ വിട്ടുപോയി. ഇതു കണ്ടു് ശിഷ്യന്മാർ ചഞ്ചലിച്ചു. യേശു അപ്പോൾ അവരോടു ചോദിച്ചു: 'നിങ്ങൾക്കും എന്നെ വിട്ടു പോകണമോ?' അതിനു് പത്രോസ് പറഞ്ഞ മറുപടി നമുക്കും ഏററു പറയാം: 'നാഥാ നിന്നെ വിട്ടു് ഞങ്ങൾ എവിടെപ്പോകും. നിത്യജീവൻെറ വാക്കുകൾ നിൻെറ പക്കലുണ്ടല്ലോ'. യേശുവിൽ ഉറച്ചുനില്ക്കുക. മററെല്ലാം കടന്നുപോകും. യേശു മാത്രം നിലനില്ക്കും.

പരമപ്രേമം

ദൈവത്തോടുള്ള ഭക്തിക്കു ഭാരതീയർ നല്കുന്ന നിർവചനം പരമപ്രേമം, പരാനുരക്തി എന്നെല്ലാമാണ്. മറ്റെല്ലാററിനേക്കാളും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്നതാണ് പരമപ്രേമം. 'നിന്റെ കർത്താവായ ദൈവത്തെ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുക' എന്നതാണല്ലോ, മനുഷ്യൻ അനുസരിക്കേണ്ട ഒന്നാമത്തെ പ്രമാണമായി യേശു അരുളി ചെയ്തിട്ടുള്ളത്. നമ്മുടെ മനസ്സും ഹൃദയവും എല്ലാററിനും ഉപരിയായി ദൈവത്തോട് ഒട്ടിച്ചേർന്നിരിക്കുന്നതിനാണ് പരാനുരക്തി എന്നു പറയുന്നത്. നാം മറ്റെല്ലാററിനേക്കാളും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്നു എന്ന് വാക്കുകൾ കൊണ്ടു പറഞ്ഞാൽ പോരാ; പ്രവൃത്തികൊണ്ട് അതു് തെളിയിക്കണം. നിസ്സാരമായൊരു അസൗകര്യത്തെ പ്രതി നാം പ്രാർത്ഥന ഉപേക്ഷിക്കുന്നുവെങ്കിൽ, ദൈവത്തെ നാം എല്ലാററിലുമുപരിയായി സ്നേഹിക്കുന്നുവെന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. ദൈവത്തോടുള്ള സ്നേഹത്തെ പ്രതി, ലോകത്തിലെ സുഖസന്തോഷങ്ങൾ പരിത്യജിക്കാൻ നമുക്കു മനസ്സില്ലെങ്കിൽ, നാം ദൈവത്തെക്കാൾ കൂടുതലായി സ്നേഹിക്കുന്നതു് ലോകത്തെയാണ്. നാം സന്ന്യാസികളാണെന്നു ലോകത്തിന്റെ മുമ്പിൽ ഏററു പറയാനും, സന്ന്യാസസുകൃതങ്ങളായ ദാരിദ്ര്യം, വിനയം, ത്യാഗം, പ്രാർത്ഥന എന്നിവയുടെ ജീവിതം നയിക്കാനും മടിക്കുന്നുവെങ്കിൽ, ദൈവത്തിനുവേണ്ടി ജീവിക്കുന്ന കാര്യത്തിൽ നാം ലജ്ജിക്കുകയാണ്. അപ്പോൾ നമ്മെപ്രതി ദൈവവും ലജ്ജിക്കും. ദൈവമാകുന്ന നിധി കണ്ടെത്തിയപ്പോൾ, അതു് കൈവശപ്പെടുത്തുന്നതിനു വേണ്ടി, നമുക്കുള്ളതെല്ലാം വിററ്, സന്ന്യാസത്തിലേയ്ക്കു വന്നിരിക്കുന്നവരാണ് നാം. ഇനി നാം സന്ന്യാസത്തിൽ നിന്നുകൊണ്ടു് ലോകത്തിലേയ്ക്കു തിരിഞ്ഞുപോകാൻ യത്നിക്കുന്നതു് ശരിയല്ല. കലപ്പയിൽ കൈവച്ചശേഷം പിറകിലേയ്ക്കു തിരിഞ്ഞുനോക്കുന്നവൻ സ്വർഗ്ഗഭാഗ്യത്തിനു അർഹനല്ല. നിന്നെ വിളിച്ചിരിക്കുന്നതു് യേശുവാണ്. അവിടുത്തെ എല്ലാററിലുമുപരിയായി സ്നേഹിക്കുക. യേശുവിനെ നേടുന്നതാണ് ഏററവും വലിയ നേട്ടം. അവിടുന്നു നഷ്ടമാകുന്നതാണ് ഏററവും വലിയ നഷ്ടം.

ഏകാന്തത

ദൈവത്തോടുണ്ടാകേണ്ട ഭക്തിയെ ഏകാന്തതാഭക്തി, ഏകാഗ്രതാഭക്തി എന്നെല്ലാം ഭാരതീയർ വിശേഷിപ്പിക്കുന്നു. അന്തം അഥവാ അഗ്രം എന്ന പദത്തിൻെറ അർത്ഥം അററം എന്നാണല്ലോ. നമ്മുടെ മനസ്സിൻെറയും ഹൃദയത്തിൻെറയും ഇന്ദ്രിയങ്ങളുടെയും ആഗ്രഹാഭിലാഷങ്ങരം അവസാനമായി ചെന്നുനില്ക്കേണ്ട ഒരേയൊരു അററം അഥവാ അഗ്രം ദൈവമാണ്. ദൈവത്തിൽ നിന്നും നമ്മുടെ മനസ്സിനെയും ഹൃദയത്തെയും ഇന്ദ്രിയങ്ങളെയും പതറിപ്പിക്കുന്ന യാതൊന്നിനെയും നാം അനുവദിക്കരുതെന്നു സാരം. സന്ന്യാസഭവനങ്ങളിൽ ക്രമേണ കടന്നുകൂടുന്ന ലോകാരൂപിയും സുഖജീവിതവും, നമ്മെ പതുക്കെപ്പതുക്കെ ദൈവത്തിൽ നിന്നും മാററിക്കളയുന്നു. തൽഫലമായി ദൈവത്തോട് നമുക്ക് ആകർഷണം തോന്നാതാകുന്നു. ലോകത്തിലെ സുഖസൗകര്യങ്ങരം നമ്മുടെ മനസ്സിനെ ഭ്രമിപ്പിച്ചുകളയുന്നു. പ്രാർത്ഥന നമുക്കു വിഷമവും അരോചകവുമാകുന്നു. ത്യാഗത്തേയും കുരിശിനേയും നാം ഭയപ്പെടുന്നു. വിനീതരും ദരിദ്രരുമായിക്കാണപ്പെടാൻ നാം ലജ്ജിക്കുന്നു. പാവപ്പെട്ടവരുടെ കൂടെ വസിച്ച് അവൎക്കുവേണ്ടി പ്രവൎത്തിക്കാൻ നാം മടിക്കുന്നു. അധികാരവും പ്രശസ്തിയുമില്ലാതെ, അജ്ഞാത ശുശ്രൂഷകരം മാത്രം ചെയ്തു ജീവിക്കുന്നതിൽ നമുക്കു സംതൃപ്തിയുമില്ലാതെ വരുന്നു. സന്ന്യാസവിളി ഉപേക്ഷിച്ച് ലോകത്തിലേയ്ക്കു തിരിഞ്ഞുപോകുന്നതിനെ, വലിയൊരു 'തീരുമാനമായും ധീരതയായും' നാം കൊട്ടിഘോഷിക്കാൻ തുടങ്ങുന്നു. ദൈവത്തിൻെറ ശക്തിയിൽ നമുക്കു വിശ്വാസമില്ലാതെയാകുന്നു. ലോകത്തിൽ ജീവിച്ച്, മരിക്കുന്നതിനുമുമ്പ് ലഭിക്കാവുന്ന സുഖസന്തോഷങ്ങളും ധനവും അനുഭവിക്കുന്നതാണ് ബുദ്ധി എന്നു നാം വിധിയെഴുതുന്നു. ഇതിൻെറയെല്ലാം അർത്ഥം, നമ്മുടെ മനസ്സും ബുദ്ധിയും ദൈവത്തിൽ നിന്നും ചിന്നിച്ചിതറി ലോകത്തിലേയ്ക്കു മടങ്ങിപ്പോയിരിക്കുന്നു എന്നല്ലയോ? ദൈവത്തിലുള്ള നമ്മുടെ ഏകാഗ്രത നഷ്ടപ്പെട്ടിരിക്കുന്നു. സന്ന്യാസത്തിൽ നാം ദൈവത്തെ മാത്രമെ അന്വേഷിക്കാവൂ. 'നീ ദൈവത്തെ ആഗ്രഹിക്കുന്നുവെങ്കിൽ പ്രവേശിക്കുക' എന്നാണ് പുരാതനസന്ന്യാസഭവനങ്ങളുടെ പടിവാതിലിൽ എഴുതിവച്ചിരുന്നത്.

അഹൈതുകം

സ്വന്തമായി ഒരു ഹിതമില്ലാത്തതിനാണ് അഹൈതുകം എന്നു പറയുന്നത്. നമ്മുടെ ഭക്തി അഹൈതുകമായിരിക്കണമെന്നാണ് ഭാരതീയർ പറയുന്നത്. ദൈവഹിതത്തിൽ നിന്നും മാറി നമുക്കു നമ്മുടേതായ ഒരു ഹിതമുണ്ടാകരുത്. ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കം എന്നു നാം സാധാരണ പറയുന്നത് ഇതിനെയാണ്. ഓരോ ദിവസവും വലുതും ചെറുതുമായ അനേക കാര്യങ്ങൾ നമ്മുടെ ഹിതത്തിനെതിരായി സംഭവിക്കും. അവയെപ്പററി അസംതൃപ്തി ഭാവിക്കാതെ, ചെറുപുഞ്ചിരിയോടെ അവയെ സ്വാഗതം ചെയ്യുക. നാം യാത്രയ്ക്കു തീരുമാനിച്ചിരിക്കുന്ന ദിവസം വാഹനങ്ങളുടെ പണിമുടക്കായെന്നു വരാം; നാം കാര്യമായി ശുശ്രൂഷിച്ച് വളത്തിക്കൊണ്ടുവന്ന ഒരു ചെടി അകാലത്തിൽ വാടിപ്പോയെന്നു വരാം; നമ്മുടെ കൂടെ സഹപ്രവത്തനത്തിനു കിട്ടിയ ആളുടെ സംസാരരീതികളും പെരുമാററവും നമുക്കു തീരെ പിടിച്ചില്ലെന്നു വരാം; നാം ഒട്ടും ഇഷ്ടപ്പെടാത്ത ആളാകാം നമ്മുടെ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടതു്; നമ്മുടെ ആരോഗ്യത്തിനും താല്പര്യത്തിനും വളരെയൊന്നും ഇണങ്ങാത്ത സ്ഥലമാകാം നമുക്കു ജോലിക്കായി കിട്ടിയതു്; നമുക്കു തീരെ അഭിരുചിയില്ലാത്ത ജോലി അധികാരികൾ നമുക്കായി നിശ്ചയിച്ചുതന്നെന്നിരിക്കും; നാം വിജയം പ്രതീക്ഷിച്ചിരുന്നിടത്തു് പരാജയമാകാം നമ്മെ സ്വാഗതം ചെയ്യുന്നതു്; നാം ഒട്ടും പ്രതീച്ചിരിക്കാത്ത നേരത്തു്, രോഗിയായിത്തീർന്നെന്നുവരാം; ചിലപ്പോൾ ചെറുപ്രായത്തിൽത്തന്നെ നമുക്കു ഈ ലോകത്തോട് വിടവാങ്ങേണ്ടി വരികയും ചെയ്യേക്കാം, ഇങ്ങനെ നൂറായിരം കാര്യങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ നമ്മുടെ പ്രതീക്ഷയ്ക്കും ഹിതത്തിനും വിപരീതമായി അനുദിന ജീവിതത്തിൽ സംഭവിക്കും. അപ്പോഴെല്ലാം ദൈവത്തിലുള്ള വിശ്വാസം കൈവെടിയാതിരിക്കുക. ദൈവം അറിയാതെ ഒന്നും വരുന്നില്ലെന്നു ദൃഢമായി വിശ്വസിക്കുക. ദൈവഹിതപ്രകാരം സംഭവിക്കുന്നതാണ് നമ്മെ സംബന്ധിച്ച് ഏററവും പ്രയോജനകരമായതു്. നാം നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ തെരഞ്ഞെടുത്താൽ വിജയിക്കുമോ എന്നു തീർച്ചയില്ല. പരാജയപ്പെട്ടാൽ, നമ്മോടു സഹതപിക്കുന്നതിനും ആരുമുണ്ടാകുകയില്ല. ദൈവഹിതം മാത്രം അനുസരിച്ചാൽ, ദൈവം എപ്പോഴും നമ്മുടെ സഹായത്തിനുണ്ടാകും.

അപരാഭക്തി

മനസ്സും ഹൃദയവും സ്നേഹത്തിൽ ദൈവത്തോട് ഒട്ടിച്ചേന്നിരിക്കുന്നതാണ് ഭക്തി. ഭക്തിയുടെ അകവശമാണ്. ഇതിനു ഭാരതീയർ പരാഭക്തി എന്നു പറയുന്നു. പരമപ്രേമം, പരാനുരക്തി എന്നെല്ലാം പറയുന്നതും ഇതിനുതന്നെയാണ്. പക്ഷെ നമ്മുടെ ഹൃദയവും മനസ്സും ദൈവത്തോട് ഒട്ടിച്ചേന്നിരിക്കുന്നുവെന്ന് നാം വാക്കുകാംകൊണ്ട് പറഞ്ഞതുകൊണ്ടായില്ല. അതു് പ്രവൃത്തികൊണ്ട് തെളിയിക്കണം. ദൈവത്തോടുള്ള നമ്മുടെ ഭക്തി കാണിക്കുന്നതിനുള്ള ബാഹ്യമായ ചില മാഗ്ഗങ്ങളാണ് ഭക്താഭ്യാസങ്ങാം. ഇതിനാണ് അപരാഭക്തി എന്നു പറയുന്നതു്. സന്ന്യാസികളിൽ വിളങ്ങിക്കാണേണ്ട ഒരു വിശേഷഗുണമാണ് ബാഹ്യമായ ഭക്തി. ദൈവത്തെ എല്ലാററിലുമുപരിയായി സ്നേഹിക്കുന്നുവെന്ന് സ്വയം അവകാശപ്പെടുന്ന സന്ന്യാസിയിൽ ഭക്തി കാണുന്നില്ലെങ്കിൽ മററുള്ളവരിൽ അതു് നമുക്കു എങ്ങനെ പ്രതീക്ഷിക്കാൻ കഴിയും? തിരുസ്സഭയിൽ പരമ്പരാഗതമായുള്ള ഭക്താഭ്യാസങ്ങളെ നാം തള്ളിപ്പറയുന്നതും, നിരാകരിക്കുന്നതും, ശരിയല്ല. അങ്ങനെയുള്ള സന്ന്യാസികളെപ്പററി മററുള്ളവക്കു വെറുപ്പേ തോന്നൂ. ജപമാല, വിയാസാക്ര തുടങ്ങിയ അതിവിശിഷ്ടമായ ചില ഭക്താഭ്യാസങ്ങളെപ്പോലും ഇന്നത്തെ ചില സന്ന്യാസികാം പുച്ഛിച്ചു പറയുന്നതിനെപ്പററി വളരെ കഷ്ടമെന്നല്ലാതെ, മറെറന്തു് പറയാനാണ്! യേശുവിൻെറ തിരുഹൃദയം പ. കന്യകാമറിയം, വി. യൗസേപ്പ് പിതാവു്, ശുദ്ധീകരാത്മക്കാം എന്നിവരോടുള്ള ഭക്തി നമ്മുടെ നാട്ടിൽ വളരെ പ്രചരിച്ചിട്ടുള്ളവയാണ്. അവ ദൈവശാസ്ത്രപരമായി വളരെ അടിസ്ഥാനമുള്ളവയുമാണ്. ഈ ഭക്താഭ്യാസങ്ങാംക്കു തിരുസ്സഭ പ്രത്യേകമായി ചില മാസങ്ങളെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭക്താഭ്യാസങ്ങാം സന്ന്യാസിയായ നിനക്കു ഭൂഷണമല്ല എന്നു കരുതുന്നതു് ശരിയല്ല. ബുദ്ധികൊണ്ട്മാത്രം ആത്മീയ ജീവിതം നയിക്കാമെന്നു കരുതുന്നതു് തെററാണ്. ഹൃദയത്തിൻെറ നിറവില്ലാതെ, ബുദ്ധികൊണ്ടുമാത്രം നമുക്കു യഥാത്ഥമായ സ്വസ്ഥതയുണ്ടാവില്ല. പരിശുദ്ധമായ ഭക്തി ഹൃദയത്തിനു നിറവും മനസ്സിനു പ്രകാശവും നല്കും. ശരിയായ ഭക്തി മുറകാം ഹൃദയത്തിനു നല്കുന്ന ആനന്ദം, അതു് അനുഭവിച്ചറിഞ്ഞിട്ടുള്ളവക്കേ മനസ്സിലാകൂ. അനുഭവത്തേക്കാാം വലിയ അധ്യാപകനില്ല.

വ്യാപാരന്യാസം

സന്ന്യാസി കർമ്മം ചെയ്യേണ്ട രീതിക്കു ഭാരതീയർ ലോകവേദ വ്യാപാരന്യാസം എന്നു പറയുന്നു. ലോകവ്യാപാരങ്ങളും വേദവ്യാപാരങ്ങളും ദൈവത്തിനു ന്യാസം ചെയ്യണം എന്നാണ് ഇതിൻെറ അർത്ഥം. ഭക്ഷിക്കുക, ഉറങ്ങുക, നടക്കുക എന്നു തുടങ്ങിയ ലൗകികകർമ്മങ്ങൾകൊണ്ട് ലോകവ്യാപാരങ്ങൾ എന്നു പറയുന്നതു്. പ്രാർത്ഥിക്കുക, ത്യാഗം ചെയ്യുക എന്നു തുടങ്ങിയ ആത്മീയകർമ്മങ്ങൾകൊണ്ട് വേദവ്യാപാരങ്ങൾ എന്നു പറയുന്നതു്. ചുരുക്കത്തിൽ നാം ചെയ്യുന്ന എല്ലാ കർമ്മങ്ങളും ദൈവത്തിനു് ന്യാസം ചെയ്തുകൊണ്ട് അഥവാ സമർപ്പിച്ചുകൊണ്ട് ചെയ്യണം എന്നാണ് ലോകവേദവ്യാപാരന്യാസം എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നതു്. നമ്മുടെ കർമ്മങ്ങളെ നാം ദൈവത്തിനു സമർപ്പിച്ചു കഴിയുമ്പോൾ, അവ ദൈവത്തിൻേറതായി. ദൈവത്തിൻേറതായിട്ടുള്ളവ മുഴുവനും അവിടുത്തെ മക്കൾക്കു അവകാശപ്പെട്ടതാണ്. അതിനാൽ നമ്മുടെ കർമ്മങ്ങളും ദൈവമക്കൾക്കു അവകാശപ്പെട്ടതായി ഭവിക്കുന്നു. നാം മനുഷ്യർക്കുവേണ്ടി കർമ്മം ചെയ്യാൻ കടപ്പെട്ടവരായിത്തീരുന്നു എന്നർത്ഥം. ഒരു ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. നാം ഭക്ഷിക്കുക എന്ന കർമ്മം ചെയ്യുന്നു. ഇതു് ദൈവത്തിനു സമർപ്പിച്ചുകൊണ്ട് നാം ചെയ്യണം. അപ്പോൾ ആ കർമ്മം ദൈവത്തിനുള്ളതായി. പിതാവിനുള്ളതെല്ലാം അവിടുത്തെ മക്കൾക്കു് അനുഭവിക്കാനുള്ളതാണ്. അതിനാൽ, നാം ഭക്ഷിച്ചതു് മനുഷ്യർക്കുവേണ്ടി കൂടിയാണ്. ഭക്ഷിക്കുക എന്ന നമ്മുടെ കർമ്മം എങ്ങനെയാണ് മനുഷ്യർക്കുവേണ്ടിയുള്ളതാകുക? ഭക്ഷിച്ചതിൻെറ ഫലമായി നമുക്കു കിട്ടിയ ആരോഗ്യം മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കാനും സഹിക്കാനും അവരെ ശുശ്രൂഷിക്കാനും നാം ഉപയോഗിക്കുന്നുവെങ്കിൽ, നാം ഭക്ഷിച്ചതു് അവർക്കു വേണ്ടിയാണ്. സന്ന്യാസി ഭക്ഷിക്കുന്നതു് അതിനുവേണ്ടിത്തന്നെയാകണം. സ്വന്തം സുഖത്തിനും സന്തോഷത്തിനുംവേണ്ടി ഭക്ഷിക്കുന്നവനാകരുതു് അയാൾ. ഇങ്ങനെ സന്ന്യാസി എന്തുചെയ്താലും, അതു് ദൈവത്തിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ആയിരിക്കണം. അതു് അയാളെ ദൈവത്തോടും മററുള്ളവരോടും ബന്ധപ്പെടുത്തും. സന്ന്യാസം ബന്ധമാണ്, ബന്ധനമല്ല.

ഭജനം

ഭജ് എന്ന സംസ്കൃത ധാതുവിൽനിന്നാണ് ഭജനം, ഭക്തി തുടങ്ങിയ വാക്കുകളുടെ ഉത്ഭവം. ഭക്തി പ്രദർശിപ്പിക്കുന്നതിനുള്ള മാർഗ്ഗമാണ് ഭജനം. ഭജിക്കുക എന്ന ക്രിയയ്ക്കു് സേവിക്കുക, സ്നേഹിക്കുക, നമസ്കരിക്കുക, പങ്കുപററുക എന്നെല്ലാം അർത്ഥങ്ങളുണ്ടു്. ഭജനത്തിലൂടെ നാം ദൈവത്തെ സേവിക്കുന്നു അഥവാ ശുശ്രൂഷിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹം കാണിക്കുന്നതിനുള്ള വഴിയാണതു്. ഭജനത്തിലൂടെ നാം ദൈവത്തെ നമസ്കരിക്കുകയും അവിടുത്തെ ആന്തരികജീവിതത്തിൽ പങ്കുപററുകയും ചെയ്യുന്നു. കീർത്തനങ്ങൾ ചൊല്ലിയാണല്ലോ നാം ഭജനം നടത്തുന്നതു്. ഈ കീർത്തനങ്ങൾ നാം നേരെ ദൈവസ്തുതിക്കായിട്ടാണ് ചൊല്ലുന്നതു്. അതിനാൽ ഭജനംവഴി നാം എല്ലാവരുംകൂടി ഒരുമിച്ച് ദൈവത്തെ സ്നേഹിക്കുകയും കീർത്തനം പാടി സ്തുതിക്കുകയും ചെയ്യുന്നു. കീർത്തനങ്ങൾ നാം ഉച്ചരിക്കുന്നതു് ദൈവസ്തുതിക്കായിട്ടാണ്. അതേ സമയം നാം പാടുന്ന കീർത്തനങ്ങൾ നാമെല്ലാവരും ഒരുമിച്ച് ഒരുപോലെ കേൾക്കുകയും അതുവഴി ആത്മീയമായ സ്വസ്ഥതയും സമാധാനവും നമുക്ക് എല്ലാവർക്കും ഒരുപോലെ അനുഭവപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ നോക്കുമ്പോൾ, നാം എല്ലാവരും ഒരുമിച്ച് ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുന്നതിൻേറയും സേവിക്കുന്നതിൻേറയും ഒരു പ്രകടനമാണ് ഭജനം എന്നു കാണാം. നമ്മുടെ എല്ലാ കർമ്മങ്ങളും മനുഷ്യനു പ്രയോജനം കിട്ടത്തക്കവിധത്തിൽ ദൈവസ്തുതിക്കായിട്ടു് ചെയ്യാനുള്ളതാണ്. അങ്ങനെ കർമ്മം ചെയ്യുന്നതിനുള്ള നമ്മുടെ നിശ്ചയത്തിൻെറ ഒരു മുന്നാസ്വാദനമാണ് ഭജനം. ഭക്തിയുടെ പ്രകടനമാണ് ഭജനം. ദൈവത്തോടു നമ്മെ ബന്ധപ്പെടുത്തുകയാണ് ഭക്തിയുടെ പ്രയോജനം. ദൈവത്തോടു ബന്ധപ്പെട്ടുകഴിഞ്ഞാൽ, നാം മറെറല്ലാവരോടും ഒരുപോലെ ബന്ധപ്പെടേണ്ടിവരും, കാരണം, എല്ലാവരും ഒരുപോലെ ദൈവത്തിൻെറ മക്കളാണ്. യേശുവിൻെറ ബലിയാണ് ഏററവും വലിയ ഭജനം. ഈ ബലിയിൽ അവിടുന്ന് തൻെറ ശരീരത്തെ പിതാവിനുള്ള കാഴ്ചയായി ഉയർത്തി, നമ്മുടെ കൈകളിലേയ്ക്കു വച്ചുതന്നു, ദൈവത്തോടും നമ്മോടും തന്നെത്തന്നെ ഒരു പോലെ ബന്ധപ്പെടുത്തുന്നു. നമ്മുടെ ഭജനത്തിൻേറയും ഉദ്ദേശ്യം ഇതുതന്നെയാണ്. കർത്താവ് നമുക്കായി ചെയ്ത അതേ കാര്യംതന്നെ നാം കർത്താവിൻെറ ഓർമ്മയ്ക്കായി ചെയ്യുവാൻ ബലിയാകുന്ന ഭജനത്തിൽ ഒരുമിച്ചു കൂടുന്നു.

നമസ്ക്കാരം

കൈകറം കൂപ്പി കുമ്പിട്ടാണ് നാം നമസ്കാരം പറയുക. ദൈവത്തിൻെറ തൃപ്പാദങ്ങറംക്കു മുന്നിൽ നാം നില്ക്കുന്നുവെന്നാണ് ഇവിടത്തെ സങ്കല്പം. നാം നമ്മെത്തന്നെ കൈക്കുമ്പിളിനുള്ളിൽ അടക്കി ഒതുക്കി ദൈവത്തിനുള്ള കാഴ്ചയായി പിടിച്ചിരിക്കുന്നു. ഈശ്വരസന്നിധാനത്തിൽ ചെന്നുനിന്ന് കുനിഞ്ഞ് നമ്മെത്തന്നെ അവിടുത്തെ തൃപ്പാദത്തിൽ കാഴ്ചവച്ച്, 'നമ' എന്നു ചൊല്ലി, അവിടുത്തെ പാദം തൊട്ട് നമ്മുടെ നിറുകയിൽ വയ്ക്കുന്നു. ഇതാണ് നമസ്ക്കാരത്തിൻെറ രീതി. 'നമ' എന്നു വച്ചാൽ ന + മ എന്നാണ്. 'ന' എന്നു പറഞ്ഞാൽ 'അല്ല' എന്നർത്ഥം; 'മ' എന്നാൽ 'മമ' അഥവാ 'എൻേറതു്'' എന്നർത്ഥം. അതിനാൽ 'നമ' എന്നു പറഞ്ഞാൽ, 'ഞാൻ എൻേറതല്ല, അങ്ങയുടേതാണ്'' എന്നാണർത്ഥം. നാം നമ്മെത്തന്നെ ഈശ്വരപാദത്തിങ്കൽ കാണിയ്ക്കവച്ച്, നാം നമ്മുടേതല്ല, ദൈവത്തിൻേറതാണ് എന്നു ഏററുപറയുന്നതാണ് നമസ്ക്കാരം. നാം ദൈവത്തിൻേറതായിക്കഴിയുമ്പോറം, മററുള്ളവരുടേതുമായി. ദൈവത്തിൻേറതായിട്ടുള്ളതെല്ലാം, അവിടുത്തെ മക്കളുടേതുമാണല്ലോ. അതിനാൽ, നാം മനുഷ്യരുടെ മുമ്പിലും കൈകൂപ്പി തലകുനിച്ച് നമസ്ക്കാരം എന്നു പറയുവാൻ കടപ്പെട്ടവരായിത്തീരുന്നു. ഓരോ മനുഷ്യനോടും നമുക്കു പറയുവാനുള്ളതു് 'ഞാൻ എൻേറതല്ല, നിൻേറതാണ്'' എന്നത്രെ. അതിനാൽ നാം നമുക്കുവേണ്ടി ജീവിക്കുവാനുള്ളവരല്ല. ദൈവത്തിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ജീവിക്കുവാനുള്ളവരാണ് നാം. നമ്മുടെ സുഖസൗകര്യങ്ങളല്ല നാം അന്വേഷിക്കേണ്ടതു്; ദൈവത്തിൻേറയും മററുള്ളവരുടേയും സുഖസൗകര്യങ്ങറം മാത്രമായിരിക്കണം എല്ലാ കാര്യത്തിലും നാം തേടേണ്ടതു്. ദൈവത്തിൻേറയും മററുള്ളവരുടേയും കാര്യങ്ങറം ബുദ്ധിമുട്ടുകൂടാതെ നന്നായി നടക്കുന്നതിനുവേണ്ടി, നമ്മുടെ സ്വന്തം കാര്യങ്ങളും സുഖങ്ങളും സൗകര്യങ്ങളും മറക്കാനുള്ള ധീരതയും വിശാലതയും ത്യാഗസന്നദ്ധതയും നാം കാണിക്കണം. നാം ദൈവത്തിനും മററുള്ളവർക്കും സ്വന്തമാകാതെ, നമുക്കുവേണ്ടിമാത്രം ഒററപ്പെട്ട് ജീവിച്ച് മരിച്ച് മണ്ണടിയുന്നതിൽ എന്തു മഹത്വമാണുള്ളതു്?

ശ്രവണം

ഭജനത്തിൻെറ ഒന്നാമത്തെ ഘട്ടം ശ്രവണമാണ്. ദൈവത്തോടുള്ള സംസാരമാണല്ലോ ഭജനത്തിൻെറ കാതൽ. സംസാരിക്കാൻ സാധിക്കണമെങ്കിൽ, ഒന്നാമതായി നാം കേൾക്കണം. പിറന്നുവീഴുന്ന ശിശു എട്ടൊമ്പതുമാസം കഴിഞ്ഞിട്ടേ സംസാരിക്കാൻ തുടങ്ങുന്നുള്ളൂ. അതുവരെ അതിനു സംസാരിക്കാനുള്ള വാക്കുകൾ അതു് മററുള്ളവരിൽനിന്നും കേട്ടു പഠിക്കുകയാണ്. ദൈവത്തോടു സംസാരിക്കുന്നതിലും ഈ നിയമം ബാധകമാണ്. ആദ്യം നാം ദൈവത്തെ ശ്രദ്ധാപൂർവ്വം കേൾക്കണം. നമുക്കു കേൾക്കാനുള്ള ദൈവവചനം യേശുവും അവിടുത്തെ വചനങ്ങളുമാണ്. യേശു ദൈവത്തിൻെറ ജീവിക്കുന്ന വചനമാണ്: സുവിശേഷങ്ങൾ ദൈവത്തിൻെറ എഴുതപ്പെട്ട വചനങ്ങളാണ്. ആദ്യത്തേതു് അവിടുത്തെ വാമൊഴിയും, രണ്ടാമത്തേതു് അവിടുത്തെ വരമൊഴിയുമാണ്. രണ്ടിനേയും നാം ഭക്തിപൂർവ്വം കേൾക്കണം. ദിവ്യകാരുണ്യസന്നിധിയിൽ നാം കഴിയുന്നത്രനേരം ധ്യാനലീനരായി നില്ക്കണം. അവിടെ നാം ഒന്നും സംസാരിക്കുകകൂടി വേണ്ട. തിരുനാഥൻെറ സന്നിധിയിൽ കണ്ണുകളടച്ച്, കൈകൂപ്പി ശാന്തമായി നില്ക്കുക. ഇടയ്ക്കിടെ കണ്ണുകളുയർത്തി ദിവ്യസക്രാരിയിലേയ്ക്കു സ്നേഹപൂർവ്വം നോക്കുക. അവിടുന്നു തൻെറ സ്നേഹമന്ത്രങ്ങൾ നിൻെറ ഹൃദയമാകുന്ന വീണയിൽ മീട്ടും. അവിടുത്തെ ദിവ്യമാധുരിയിൽ ലയിച്ചുനില്ക്കാൻ നിനക്കു സാധിക്കുന്നിടത്തോളംനേരം അങ്ങനെ ധ്യാനനിർലീനതയിൽ അവിടെ കഴിയുക. അതുപോലെ തന്നെ, നിൻെറ തന്നെ ഹൃദയാന്തരാളത്തിലേയ്ക്കും നീ ഇടയ്ക്കിടയ്ക്കു് ആത്മീയമായി ഇറങ്ങിച്ചെല്ലണം. അവിടെ വസിക്കുന്ന ദിവ്യാതിഥിയായ യേശുവിനെ സ്നേഹപൂർവ്വം ഉററുനോക്കുക. അവിടുത്തെ മധുരവചനങ്ങൾ നിനക്കു നിൻെറ ഹൃദയത്തിൻെറ ഏകാന്തതയിൽ കേട്ടനുഭവിക്കാറാകും. യേശുവിൻെറ എഴുതപ്പെട്ട വചനങ്ങളും നാം ധ്യാനവിഷയമാക്കണം. ഒരുദിവസമെങ്കിലും സുവിശേഷങ്ങളിൽനിന്നും അല്പമെങ്കിലും വായിച്ച് ധ്യാനിക്കാതെ കടത്തിവിടരുതു്. യേശുവിനെ കേൾക്കുന്നതിനേക്കാൾ മധുരതരമായി മറെറന്താണുള്ളതു്?

കീർത്തനം

ഭജനത്തിൻെറ രണ്ടാമത്തെ ഘട്ടം കീർത്തനമാണ്. ദൈവ വചനത്തെ നാം പാടിപ്പുകഴ്ത്തണം. ഗാനത്തിനു ഹൃദയത്തെ വശീകരിക്കാനുള്ള ശക്തി നമുക്കുതന്നെ അനുഭവമുള്ള ഒരു കാര്യമാണല്ലോ. ശ്രുതി മധുരമായ പാട്ടു കേൾക്കുമ്പോൾ മൃഗങ്ങൾപോലും അതിൽ ലയിച്ചു നില്ക്കുന്നതു് നാം സാധാരണ കാണാറുള്ള ഒരു ദൃശ്യമാണ്. സംഗീതത്തിനു നമ്മെ ദൈവത്തിൽ ലയിപ്പിക്കുന്നതിനു പ്രത്യേകമായൊരു കഴിവുണ്ട്. പാടി പ്രാർത്ഥിക്കുമ്പോൾ നാം ഇരട്ടിയായി പ്രാർത്ഥിക്കുന്നുവെന്നാണ് വി. അഗസ്റ്റിൻ പറയുന്നതു്. നമ്മുടെ തിരുകർമ്മങ്ങളിലുള്ള പാട്ടുകളെല്ലാം നാം നന്നായി ഒരുങ്ങി ഭക്തിമധുരമായി പാടണം. പുതിയ പുതിയ ഗാനങ്ങൾ നാം താല്പര്യത്തോടുകൂടി പഠിക്കണം. സംഗീതത്തിലൂടെ നമുക്കു നമ്മുടെയും മററുള്ളവരുടെയും ഹൃദയങ്ങളെ വളരെ എളുപ്പത്തിൽ ദൈവത്തിലേയ്ക്കു ഉയർത്താൻ സാധിക്കും. നാം അനുദിനം ദൈവത്തെ ഒരുമിച്ച് പാടിപ്പുകഴ്ത്തുന്ന ഒരു പ്രത്യേക അവസരമാണ് നമ്മുടെ കാനോനാ നമസ്ക്കാരം. തിരുസ്സഭയുടെ നാമത്തിൽ നാം ‘എന്നും ഒരുമിച്ച് ചൊല്ലുന്ന പ്രാർത്ഥനയാണതു്. സന്ന്യാസികൾ, പ്രാർത്ഥിക്കുന്ന സമൂഹമാണെന്നു് നാം അതുവഴി ലോകത്തിൻെറ മുമ്പിൽ സാക്ഷ്യം വഹിക്കുന്നു. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുകയാണ് നമ്മുടെ ഒരു പ്രധാന ജീവിത ദൗത്യം. അതു് നാം സംഘാതമായി നിർവഹിക്കുന്നതു് കാനോനാ നമസ്ക്കാരത്തിലൂടെയാണ്. അതിനാൽ ഈ ഭക്താഭ്യാസത്തെ നീ വളരെ പ്രധാനപ്പെട്ട ഒന്നായി കരുതണം. നിവൃത്തിയുണ്ടെങ്കിൽ, അതിനു ഒരിക്കലും മുടക്കം വരുത്തരുതു്. ഭക്തിയായും നിറുത്തിയും ധ്യാനചിന്തയോടുകൂടിയും അതു് ചൊല്ലണം. നമ്മുടെ കാനോനാ നമസ്ക്കാരത്തിലുള്ളതു് തിരുസ്സഭയുടെ പ്രാർത്ഥനകളും ദൈവവചനവുമാണ്. മാതാവായ സഭയുടേയും പിതാവായ ദൈവത്തിൻേറയും വാക്കുകളാണവ. അപ്പൻേറയും അമ്മയുടേയും ഭാഷതന്നെയാണല്ലോ മക്കളും സംസാരിക്കേണ്ടതു്. അതുവഴി പിതാവായ ദൈവത്തിൻേറയും മാതാവായ സഭയുടേയും ഹൃദയചൈതന്യംതന്നെ നമ്മിലുണ്ടാകും. അപ്പൻേറയും അമ്മയുടേയും ഹൃദയ ലക്ഷണങ്ങൾ തന്നെയാണ് മക്കൾക്കു ഭൂഷണം.

സ്മരണം

ഭജനത്തിൻെറ മൂന്നാമത്തെ ഘട്ടം സ്മരണമാണ്. ദൈവത്തെ ധ്യാനപൂർവ്വം ഹൃദയത്തിൽ കാത്തു്, സ്നേഹപൂർവ്വം ഓർക്കുന്നതിനാണ് സ്മരണം എന്നു പറയുന്നതു്. ദൈവസാന്നിധ്യസ്മരണ എന്നു നാം സാധാരണയായി പറയുന്നതു് ഇതിനെയാണ്. നമ്മുടെ ഹൃദയത്തിൽ വാഴുന്ന ദൈവത്തെ ഇടയ്ക്കിടയ്ക്കു നാം ഓർക്കുകയാണെങ്കിൽ നമ്മുടെ മനസ്സുതന്നെ പരിശുദ്ധമാകും. മനസ്സ് പരിശുദ്ധമായാൽ, ആ പരിശുദ്ധി നമ്മുടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കാതിരിക്കുകയില്ല. ഉദാഹരണത്തിനു്, നാം ഒരാളോട് കോപിച്ച് സംസാരിക്കാൻ ഭാവിക്കുകയാണെന്നു് വിചാരിക്കുക. അതിനിടയിൽ, നാം ദൈവത്തെ ഓർക്കുകയാണെങ്കിൽ, തീർച്ചയായും നമ്മുടെ സംസാരത്തിൻെറ രീതി മാറും. കോപത്തിനു പകരം ശാന്തതയും സമചിത്തതയും നമ്മുടെ വാക്കുകളിൽ നിഴലിക്കും. തൽഫലമായി, നമുക്കും അയാൾക്കും കൂടുതൽ ഉപകാരം സിദ്ധിക്കുകയും ചെയ്യും. യേശുവിൻെറ ശിഷ്യന്മാർ ഇടമുറിയാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നാണ് വി. പൗലോസ് പറയുന്നതു്. ഇതിനുള്ള ഒരു എളുപ്പവഴിയും ദൈവസാന്നിധ്യസ്മരണതന്നെയാണ്. നടക്കുമ്പോഴും, ഇരിക്കുമ്പോഴും, ജോലിചെയ്യുമ്പോഴും, യാത്ര ചെയ്യുമ്പോഴും നമുക്കു യാതൊരു ബുദ്ധിമുട്ടും കൂടാതെ പരിശീലിക്കാവുന്ന ഒരു പ്രാർത്ഥനാരൂപമാണിതു്. നിൻെറ ഹൃദയത്തെ ഇടയ്ക്കിടെ, അതിൽ ദിവ്യാതിഥിയായി വാഴുന്ന ദൈവത്തിലേയ്ക്കു സ്നേഹപൂർവ്വം ഉയർത്തുക മാത്രമെ ഇതിന്നാവശ്യമുള്ളൂ. തന്മൂലം നിൻെറ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കു ഒരു കുറവും വരികയില്ല. എന്നു മാത്രമല്ല, നിൻെറ പ്രവർത്തികൾ കുറെക്കൂടി നന്നായും പ്രശാന്തമായും ചെയ്യുന്നതിനു നിനക്കു സാധിക്കുകയും ചെയ്യും. ഇതു് അനുഭവംകൊണ്ടുതന്നെ നിനക്കു മനസ്സിലാക്കാവുന്ന ഒരു കാര്യമാണ്. ദൈവം നമ്മുടെ ഹൃദയത്തിൽ രാപകൽ വാണിട്ട്, നമ്മുടെ സർവ്വസ്വവുമായ ആ ദിവ്യാതിഥിയെ ഇടക്കിടെ സ്നേഹപൂർവ്വം നാം ഓർക്കാതിരിക്കുന്നതു് കൃതഘ്നതയും കഠിനതയും ആകുന്നു.

പാദസേവനം

പാദസേവനമാണ് ഭജനത്തിൻെറ നാലാമത്തെ ഘട്ടം. ഈശ്വരപാദങ്ങളെ പൂജിക്കുക എന്നതു് ഭാരതീയർക്കു വളരെ പ്രിയംകരമായ ഒരു കാര്യമാണ്. നമ്മെ മുഴുവൻ അവിടുത്തെ പാദപത്മങ്ങളിൽ കാഴ്ചവച്ച്, അവിടുത്തെ ഭക്തിപൂർവം നമസ്കരിക്കുക. നാം നമ്മുടേതല്ല, അവിടുത്തേതാണ് എന്ന ബോധം ഈശ്വരപാദത്തിങ്കൽ ചെന്നിരുന്നു് നമസ്കരിച്ച് നമസ്കരിച്ച് നമ്മിൽ ഉറപ്പിക്കുകയാണ് നമസ്കാരത്തിൻെറ ലക്ഷ്യം. യേശുവിൻെറ തൃപ്പാദത്തിൽ ചെന്നിരുന്നു്, അവിടുത്തെ തിരുവചനങ്ങൾ സ്നേഹപൂർവ്വം കേട്ടുകൊണ്ടിരിക്കുക. മറിയം തെരഞ്ഞെടുത്ത നല്ല ഭാഗമായി യേശു പ്രകീർത്തിച്ചിട്ടുള്ളതു് ഇതിനെയാണ്. ദിവസത്തിൻെറ ആരംഭത്തിലും അവസാനത്തിലും കുറച്ചുസമയം ദിവ്യകാരുണ്യസന്നിധിയിൽ ഏകാകിയായി, തിരുനാഥനുമായുള്ള ദിവ്യസംസർഗ്ഗത്തിൽ ലയിച്ചിരിക്കുന്ന ശീലം ആത്മീയമായി വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണ്. അതുപോലെതന്നെ, നമ്മുടെ മാസധ്യാനം, വാർഷികധ്യാനം എന്നിവയും യേശു പാദാന്തികത്തിൽ ചെന്നിരുന്നു്, ഏകാന്തതയിലും മൗനത്തിലും അവിടുത്തെ ദിവ്യസ്വരമാധുരി നുകരുന്നതിനുള്ള വിശേഷാവസരങ്ങളാണ്. നിവൃത്തിയുണ്ടെങ്കിൽ, ഈ ദിനങ്ങൾ പൂർണ്ണമായ മൗനത്തിൽത്തന്നെ കഴിച്ചുകൂട്ടണം. ശരീരത്തിനും മനസ്സിനും സ്വസ്ഥതയേകുന്നതിനു് മൗനത്തിനുള്ള വിശേഷശക്തി അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് പലരും മൗനത്തെ വേണ്ടവിധം ആദരിക്കാതെയും ആചരിക്കാതെയുമിരിക്കുന്നതു്. സ്വരം ആധുനികമനുഷ്യൻെറ ഒരു ശാപമായിത്തീർന്നിരിക്കുകയാണ്. മൗനത്തിനും സ്വസ്ഥതയ്ക്കുമുള്ള അവൻെറ അവകാശം ഇന്നു എവിടെയും ഭഞ്ജിക്കപ്പെടുന്നു. സ്വരം അവൻെറ മനസ്സിനെ എപ്പോഴും എല്ലായിടത്തും പ്രക്ഷുബ്ധമാക്കിക്കൊണ്ടിരിക്കുകയാണ്. അതിനാൽ, സ്വരത്തിൻേറയും ചലനത്തിൻേറയും ലോകത്തിൽനിന്നും മാറി, കുറേ നേരം മൗനത്തിൻേറയും സ്വസ്ഥതയുടെയും ലോകത്തിൽ കഴിയുക എന്നതു് ഇന്നത്തെ മനുഷ്യൻെറ വലിയൊരു ആവശ്യം കൂടിയാണ്. ഇതിനു ഏററവും പററിയതു്, യേശുവിൻെറ പാദാന്തികത്തിൽ, കണ്ണുകളടച്ച്, കൈകൂപ്പി, ഭക്തിപൂർവ്വം പ്രാർത്ഥനാനിമഗ്നനായി നില്ക്കുകയാണ്. അപ്പോൾ നിൻെറ ഹൃദയത്തിലേയ്ക്കു ഒഴുകിവരുന്ന അലൗകികമായ ശാന്തി അനുഭവിച്ചുതന്നെ അറിയേണ്ട ഒന്നാണ്.

അർച്ചനം

ഈശ്വരപാദത്തിൽ നാം ചെയ്യുന്ന അർച്ചനയാണ് ഭജനത്തിൻെറ അഞ്ചാമത്തെ ഘട്ടം. പുഷ്പങ്ങളും ഫലങ്ങളും അർപ്പിച്ചുകൊണ്ടാണ് നാം അർച്ചന നടത്തുക. നമ്മുടെ കർമ്മങ്ങളുടെ അവസാനത്തെ ഫലത്തെയാണ് പൂക്കളും കായ്കളും സൂചിപ്പിക്കുന്നത്. നാം ഒരു മരം നട്ടാൽ അതിൻെറ അവസാനത്തിലുണ്ടാകുന്നത് പൂക്കളും കായ്കളുമാണല്ലോ. ചില മരങ്ങൾ പൂക്കുക മാത്രം ചെയ്യുന്നു; കായ്ക്കുന്നില്ല. വേറെ ചിലവ പൂത്തശേഷം കായ്ക്കുന്നു. നമ്മുടെ കർമ്മങ്ങൾകൊണ്ടുണ്ടാകുന്ന അവസാന ഫലങ്ങൾ നാം ഈശ്വരസന്നിധിയിൽ കാഴ്ചവയ്ക്കണമെന്നാണ് ഇതിൻെറ സാരം. ഉദാഹരണത്തിന്, നാം പഠിക്കുന്നുവെന്നു കരുതുക. അതിൻെറ അവസാന ഫലം അതുമൂലം നമുക്കു കിട്ടുന്ന അറിവാണ്. അതു് നാം ഈശ്വരപാദത്തിൽ കാഴ്ച വയ്ക്കണം. നാം ഭക്ഷിക്കുന്നു. അതിൻെറ ഫലം ആരോഗ്യമാണ്. ആ ആരോഗ്യം നാം കർത്താവിൻെറ പാദപത്മങ്ങളിൽ കാണിക്ക വെക്കണം. നാം ഒരു കെട്ടിടം പണിയുന്നു. അതിൻെറ അവസാനഫലം, ആ കെട്ടിടമാണ്. അതു് കർത്താവിനു നാം സമർപ്പിക്കണം. ഇങ്ങനെ നമ്മുടെ കർമ്മഫലങ്ങളെല്ലാം ഈശ്വരപാദത്തിൽ കാണിക്കവെക്കുന്നതിനുള്ള നമ്മുടെ നിശ്ചയത്തിൻെറ ഒരു ബാഹ്യപ്രതീകമായിട്ടാണ്, നാം പൂക്കളും കായ്കളും അൾത്താരയിൽ അർച്ചന ചെയ്യുന്നതു്. യേശു തൻെറ ശരീരത്തെ എല്ലാ ദിവസവും ബലിപീഠത്തിൽ പിതാവിനു അർച്ചന ചെയ്യുകയാണല്ലോ. പിതാവിനു അർച്ചന ചെയ്തിട്ടുള്ളതെല്ലാം, അവിടത്തെ മക്കൾക്കു എടുത്തു ഭക്ഷിക്കുന്നതിനുള്ളതാണ്. അതിനാൽ, തൻെറ ശരീരം എടുത്തു ഭക്ഷിക്കുവാൻ യേശു നമ്മോടു ആവശ്യപ്പെടുന്നു. ഇതുപോലെതന്നെ നാം ദൈവത്തിനു അർച്ചന ചെയ്തിട്ടുള്ള നമ്മുടെ സമയം, സമ്പത്തു്, അറിവ്, ആരോഗ്യം എന്നിവയെല്ലാം മററുള്ളവക്കു പ്രയോജനപ്പെടുമാറ്, അവരിലേയ്ക്കു നീക്കാനുള്ളതാണ്. നാം നമുക്കു വേണ്ടിയല്ല ജീവിക്കേണ്ടതു്, ദൈവത്തിനും മററുള്ളവക്കുംവേണ്ടിയാണ്. ഇതിനു സന്നദ്ധതയില്ലെങ്കിൽ, നാം പൂക്കളും പഴങ്ങളും ദൈവത്തിനു അർച്ചന ചെയ്യുന്നതു് അർത്ഥമില്ലാത്ത വെറും കാട്ടിക്കൂട്ടൽ മാത്രമായിരിക്കും.

വന്ദനം

ദൈവത്തെ ആരാധിച്ചുകൊണ്ട് കൈകൂപ്പിനില്ക്കുന്ന നിലയാണ് വന്ദനം. ഭജനത്തിന്റെ ആറാമത്തെ ഘട്ടമാണതു്. ജീവിതത്തിൽ ചില പ്രതീകങ്ങളും ചിഹ്നങ്ങളുമെല്ലാം ആവശ്യമാണ്. അല്ലെങ്കിൽ ജീവിതംതന്നെ വിരസമാകും. ദൈവത്തോടുള്ള നമ്മുടെ ബന്ധങ്ങളെ പ്രതീകങ്ങളുടെയും വാക്കുകളുടെയും രൂപത്തിൽ നാം പ്രദർശിപ്പിക്കുന്നതു് ആരാധനാക്രമത്തിലാണ്. ദിവ്യബലിയിലെ വാക്കുകളുടെയും പ്രതീകങ്ങളുടെയും അർത്ഥം നാം ശരിയായി മനസ്സിലാക്കണം. ആരാധനാക്രമത്തിലെ വിവിധ കർമ്മങ്ങളുടെ തിയോളൊജി—ലിററർജി—നാം നന്നായി പഠിക്കണം. അപ്പോൾ നമുക്കു അതിൽ കൂടുതൽ സജീവമായി പങ്കെടുക്കാൻ സാധിക്കും. ദൈവത്തോട്ട് നാം കാണിക്കുന്ന വന്ദനമാണ് നമസ്കാരം. അവിടുത്തെ തിരുമുമ്പിൽ മുട്ടുകുത്തിനിന്നു്, കൈകൂപ്പി 'നമഃ' (എന്നു വച്ചാൽ, 'ഞാൻ എൻേറതല്ല, അങ്ങയുടേതാണ്') എന്നു ചൊല്ലിക്കൊണ്ടാണ് നാം നമസ്കരിക്കുന്നതു് മനുഷ്യരോട് നമുക്കു കാണിക്കാനുള്ള വന്ദനവും ഇതുതന്നെയാണ്. മനുഷ്യരുടെ മുമ്പിലും നാം കൈകൂപ്പി തലകുനിച്ച് 'നമസ്കാരം' എന്നു പറയുന്നു. ചുരുക്കത്തിൽ നാം നമ്മുടേതല്ല, ദൈവത്തിൻേറതും മററുള്ളവരുടേതുമാണ്, എന്നു് പ്രതീകാത്മകമായി കാണിക്കുകയാണ് 'നമസ്കാരം' എന്നു് പറഞ്ഞ് ദൈവത്തേയും മനുഷ്യരേയും നാം അഭിവാദനം ചെയ്യുന്നതിന്റെ ഉദ്ദേശ്യം. ഈ ബോധം നാം പ്രവൃത്തിയിലാക്കണം. ജീവിതത്തിലേയ്ക്കു പകർത്താൻ നാം കരുതിയിട്ടില്ലെങ്കിൽ, ചിഹ്നങ്ങൾ അസ്ഥാനത്താണ് നമ്മുടെ സമയം, സമ്പത്തു്, ആരോഗ്യം, അറിവ് തുടങ്ങിയവയെല്ലാം നമുക്കു വേണ്ടിയല്ല, ദൈവത്തിനു വേണ്ടിയും മററുള്ളവർക്കു വേണ്ടിയുമാണ്. അവയൊന്നും നമ്മുടേതല്ല, ദൈവത്തിൻേറതാണ്. ദൈവത്തിൻേറതാണെങ്കിൽ, അവ അവിടുത്തെ മക്കളായ മനുഷ്യരുടേതുമാണ്. ഈ ബോധത്തോടുകൂടി അവ മുഴുവനും നാം ദൈവത്തിനും മനുഷ്യർക്കുമായി ചെലവഴിക്കണം. പ്രാർത്ഥന, സഹനം, ശുശ്രൂഷ എന്നിവയിലൂടെ അവയെല്ലാം ഉപയോഗിക്കുകയാണ് ഇതിനുള്ള വഴി. ഇങ്ങനെ ജീവിച്ചാൽ നാം ദൈവത്തോടും മനുഷ്യരോടും 'നമസ്കാരം' (ഞാൻ എൻേറതല്ല, നിങ്ങളുടേതാണ്) എന്നു പറയുന്നതിനു് അർത്ഥമുണ്ടാകും.

ദാസ്യം

ദാസന്മാരെപ്പോലെ ഈശ്വരനെ പൂജിക്കുന്നതാണ് ദാസ്യം. ഇതാണ് ഭജനത്തിൻെറ ഏഴാമത്തെ പടി. യേശുവിൻെറ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുന്ന അവിടുത്തെ ദാസന്മരാണ് നാം. ശമ്പളത്തിനുവേണ്ടി ചെയ്യുന്ന വേലക്കാരെയല്ല ഇവിടെ ദാസന്മാർ എന്നു പറയുന്നത്. തങ്ങളെത്തന്നെ മറന്നു്, തങ്ങൾക്കെന്തു കിട്ടും എന്നു വിചാരിക്കാതെ, യജമാനൻെറ കാര്യങ്ങൾ ഭംഗിയായി നടക്കണം എന്ന ഏക വിചാരത്തോടെ, അഹോരാത്രം, വിശ്രമമറിയാതെ, ജോലി ചെയ്യുന്ന സമർപ്പിത ശുശ്രൂഷകരാണ് ഇവിടെപ്പറയുന്ന ദാസന്മാർ. നാമും ഇങ്ങനെയായിരിക്കണം. നാം ദൈവത്തേയും മനുഷ്യരേയും ശുശ്രൂഷിക്കാൻ കടപ്പെട്ടവരാണ്. അതിനാൽ നമ്മുടെ സമയം, സമ്പത്തു്, അറിവ്, ആരോഗ്യം എന്നു തുടങ്ങിയവയെല്ലാം ദൈവത്തിനും മനുഷ്യർക്കുംവേണ്ടി പ്രാർത്ഥനയിലും സഹനത്തിലും ശുശ്രൂഷയിലും ചെലവഴിച്ചശേഷം, നാം നമ്മെപ്പററിത്തന്നെ ഇങ്ങനെയേ വിചാരിക്കാവൂ: 'ഞങ്ങൾ സാധാരണ ഭൃത്യന്മാർ മാത്രമാണ്: ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ചെയ്യാൻ കടപ്പെട്ടതു മാത്രമെ ഞങ്ങൾ ചെയ്തിട്ടുള്ളു.' നാം ദൈവരാജ്യത്തിൻെറ ശുശ്രൂഷകരാണ്. ദൈവത്തേയും അവിടുത്തെ മക്കളേയും ശുശ്രൂഷിക്കുക എന്നതായിരിക്കണം നമ്മുടെ ജീവിതവ്രതം. ഏററവും കൂടുതൽ ശുശ്രൂഷ അർഹിക്കുന്നവരെവേണം നാം ഒന്നാമതായി ശുശ്രൂഷിക്കേണ്ടതു്. ദരിദ്രർ, അനാഥർ, തുടങ്ങിയവരാണ് നമ്മുടെ ശുശ്രൂഷ ഏററവും കൂടുതലായി അർഹിക്കുന്ന ദൈവമക്കൾ. അതിനാൽ അവർക്കു നമ്മുടെ സേവനം ലഭിക്കത്തക്ക വിദ്യാലയങ്ങളും ആശുപത്രികളും സേവനകേന്ദ്രങ്ങളുമാണ് നാം പ്രധാനമായി തുടങ്ങേണ്ടതു്. വളരെയധികം പണം ചെലഴിച്ച് നടത്തുന്ന വലിയ സ്ഥാപനങ്ങളെക്കാൾ, ചെറിയ തോതിൽ നടത്തുന്ന സാധാരണ സ്ഥാപനങ്ങളാണ് കാര്യത്തിൽ ദരിദ്രർക്കു കൂടുതൽ പ്രയോജനപ്പെടുക. നമ്മുടെ വലിയ ആശുപത്രികളും ഇംഗ്ലീഷ്മീഡിയം സ്കൂളുകളുമൊക്കെ പ്രധാനമായി പ്രയോജനപ്പെടുന്നതു് താരതമ്യേന ധനികരായവർക്കാണ്, പാവങ്ങൾക്കു പ്രയോജനപ്പെടുന്ന തരത്തിലുള്ള വിനീത സ്ഥാപനങ്ങൾ നടത്തുന്നതിൽ നാം അഭിമാനം കൊള്ളണം. ഇങ്ങനെയുള്ള ദാസന്മാരാണ് യഥാർത്ഥ ശുശ്രൂഷകർ.

സഖ്യം

നാം യേശുവിൻെറ ദാസന്മാർ മാത്രമല്ല, അവിടുത്തെ സ്നേഹിതന്മാർ കൂടിയാണ്. 'നിങ്ങളെ ഇനിമേൽ ഞാൻ ദാസന്മാരെന്നു വിളിക്കുകയില്ല; നിങ്ങൾ എൻെറ സ്നേഹിതന്മാരാണ്' എന്നാണല്ലോ യേശു നമ്മോട് അരുളിച്ചെയ്തിട്ടുള്ളത്. ദൈവത്തോടുള്ള ഈ സ്നേഹഭാവത്തിനാണ് സഖ്യം എന്നു പറയുന്നതു്. ഇതാണ് ഭജനത്തിൻെറ എട്ടാമത്തെ ഘട്ടം. നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിൽ, അയാൾക്കുവേണ്ടി ജോലി ചെയ്തതുകൊണ്ടു മാത്രമായില്ല; അയാളോട് സ്നേഹപൂർവം സംഭാഷിക്കുകകൂടി വേണം. ഇതാണ് പ്രാർത്ഥനകൊണ്ട് സാധിക്കുന്നതു്. നാം ദിവസത്തിൽ ഇടയ്ക്കിടയ്ക്ക് പ്രവൎത്തനങ്ങളിൽനിന്നും മാറി, പ്രാർത്ഥനയിലേയ്ക്കു തിരിയണം. സമൂഹമായും തനിച്ചും നാം പ്രാൎത്ഥിക്കണം, ദിവ്യബലി, കാനോനാനമസ്ക്കാരം, നിൻെറ സഭയിൽ പൊതുവായി അനുഷ്ഠിക്കുന്ന ഭക്തഭ്യാസങ്ങൾ എന്നിവയിൽ താല്പര്യപൂർവ്വം ഭക്തിയോടെ സംബന്ധിക്കുക. നമ്മുടെ ജീവിതത്തിൻെറ പ്രധാനമായൊരു ലക്ഷ്യം പ്രാൎത്ഥനയാണ്. പ്രാൎത്ഥിക്കാത്ത സന്ന്യാസി ഒരു വിരുദ്ധതയാണ്. അയാൾ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതിൽ അൎത്ഥമില്ല. പൊതുവായി പ്രാൎത്ഥിക്കുന്നതോടൊപ്പം വ്യക്തിപരമായും നാം പ്രാൎത്ഥിക്കണം. ഇടയ്ക്കിടയ്ക്കുള്ള ദിവ്യകാരുണ്യസന്ദർശനം ഇതിനുള്ള പ്രായോഗികമായ ഒരു മാർഗ്ഗമാണ്. ദിവ്യകാരുണ്യനാഥൻെറ തിരുസന്നിധിയിൽ നിൽക്കുമ്പോൾ നിൻെറ ബുദ്ധിക്കു പ്രകാശം ലഭിക്കും; സംശയങ്ങളിൽ നിനക്കു ഉറപ്പു കിട്ടും; ഭയത്തിൽനിന്നും മോചനം ലഭിക്കും. മററുള്ളവരോട് സ്നേഹമായും മധുരമായും സംസാരിക്കുന്നതിനും, ത്യാഗബുദ്ധിയോടുകൂടി അവരെ ശുശ്രൂഷിക്കുന്നതിനും, അവനവനെത്തന്നെ മറന്ന്, ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീവിക്കുന്നതിനും, ഓരോ ദിവസവും നിനക്കു വളരെ ശക്തിയും ധൈര്യവും പ്രകാശവും ആവശ്യമുണ്ട്. അതെല്ലാം ദിവ്യകാരുണ്യസന്നിധിയിൽനിന്നും സംഭരിക്കുക. നിനക്കു പ്രിയംകരങ്ങളായ മററ് ഭക്താഭ്യാസങ്ങളും ഉണ്ടായിരിക്കും. വ്യക്തിപരമായ ഈ ഭക്തികളും നല്ലതാണ്. നമുക്കു വ്യക്തിപരമായി ചേരുന്നവ പ്രത്യേകമായ രുചിയോടെ ആസ്വാദിക്കാൻ നമുക്കു കഴിയും. തനിച്ചും പൊതുവായും ഉള്ള പ്രാൎത്ഥനകൾ നമുക്കു ആവശ്യമാണ്. പ്രാൎത്ഥിക്കാത്ത സന്ന്യാസി ദൈവത്തെ സ്നേഹിക്കുന്നില്ല തന്നെ.

ആത്മനിവേദനം

നമ്മുടെ ഉള്ളം ഉള്ളിലുള്ളവയും പൂർണ്ണമായി ദൈവത്തെ പറഞ്ഞറിയിക്കുന്നതാണ് ആത്മനിവേദനം. ഇതാണ് ഭജനത്തിൻെറ ഒമ്പതാമത്തെ പടി. വാസ്തവത്തിൽ നമ്മുടെ ആത്മാവിനുള്ളിൽ, ആത്മാവിൻെറതന്നെ ആത്മാവായി വാഴുന്നതു് ദൈവമാണ്. അതുകൊണ്ടു് ദൈവത്തിൽനിന്നും നമുക്കു യാതൊന്നുംതന്നെ മറച്ചുവയ്ക്കാനില്ല. നമ്മുടെ സന്തോഷവും സന്താപവും, പാപവും പുണ്യവും അവിടുത്തെ ആത്മാർത്ഥമായി അറിയിക്കുക. നമ്മുടെ ആത്മാവിൻെറ സ്ഥിതി നാം അവിടുത്തെ മുമ്പിൽ തുറന്നുകാട്ടി, അങ്ങിൽനിന്നു് കൃപയും കരുണയും പ്രത്യേകമായി സ്വീകരിക്കുന്ന അവസരമാണ് പാപസങ്കീർത്തനം. അടുക്കലടുക്കലുള്ള പാപസങ്കീർത്തനം നമ്മുടെ ആത്മീയപുരോഗതിക്കു വളരെ സഹായകരമായ ഒന്നാണ്. നമുക്കു ദൈവത്തോടു് ഏറ്റുപറയേണ്ടതായി പാപങ്ങളൊന്നും തന്നെ ഇല്ലെന്നുപറയുന്നതു് ഒരുതരം ആത്മവഞ്ചനയാണ്. അനന്തസ്നേഹനിധിയായ ദൈവത്തോടു് നാം കാണിക്കുന്ന നിസ്സാരമായൊരു അവിശ്വസ്തതപോലും, ഏററവും പരിതാപകരമായ കൃതഘ്നതയും തെററുമാണ്. ദൈവം അനേകം നന്മകൾ നമുക്കു നൽകിയിട്ടും, അവയെ വിലമതിക്കാതെ, നാം നമ്മുടെ സ്വാർത്ഥതപ്രകാരം നടന്നിട്ടുള്ളതു് വലിയ നന്ദികേടും ഹൃദയശൂന്യതയുമാണ്. അതുകൊണ്ടു് നമ്മുടെ പാപങ്ങളും അപൂർണ്ണതകളും നാം അവിടുത്തെ തിരുമുമ്പിൽ പശ്ചാത്താപപൂർവ്വം ഏററുപറഞ്ഞു് അവയ്ക്കു് പരിഹാരം ചെയ്ക എന്നതും, അവിടുത്തെ കൃപയും കാരുണ്യവും വീണ്ടും ഏററുവാങ്ങി പുതിയൊരു ജീവിതത്തിനു പ്രതിജ്ഞയെടുക്കുക എന്നതും നീതി മാത്രമാണ്. നാം പാപം ചെയ്യുന്നതു് പിതാവായ ദൈവത്തോടു മാത്രമല്ല, മാതാവായ സഭയോടുമാണ്. സഭതൻെറ മദ്ധ്യസ്ഥതമൂലം നമുക്കായി നേടിത്തന്നിട്ടുള്ള പ്രസാദവരത്തെയാണ് നാം പാപത്തിലൂടെ നിന്ദാപൂർവം ധിക്കരിച്ചിട്ടുള്ളതു്. അതുകൊണ്ടു് നമ്മുടെ പാപങ്ങൾ പിതാവായ ദൈവത്തിൻെറ മുമ്പിലെന്നപോലെ, മാതാവായ സഭയുടെ മുമ്പിലും ഏററുപറയേണ്ടതാണ്. ഇതാണ് ദൈവത്തിൻേറയും സഭയുടേയും പ്രതിനിധിയായ വൈദികനോടു് പാപസങ്കീർത്തനം ചെയ്യുമ്പോൾ നാം നിർവഹിക്കുന്നതു്. അപ്പനോടും അമ്മയോടും നാം തെററു ചെയ്തു; രണ്ടുപേരിൽനിന്നും നമുക്കു പൊറുതിയും ആശീർവാദവും ലഭിക്കണം.

പ്രമാ

ശരിയായ അറിവിനാണ് പ്രമാ എന്നു പറയുന്നതു്. ക്രിസ്തീയവീക്ഷണപ്രകാരം സത്യവും നിത്യവുമായ അറിവ് യേശുവിലത്രെ നിക്ഷിപ്തമായിരിക്കുന്നതു്. നാം നമ്മുടെ അറിവ് വചനത്തിലൂടെ അഥവാ വാക്കിലൂടെയാണല്ലോ പ്രകാശിപ്പിക്കുക. പിതാവു് തൻെറ നിത്യജ്ഞാനത്തിൻെറ സംഗ്രഹവും സമാഹാരവുമായ വചനത്തെ യേശുവിലാണ് നിക്ഷേപിച്ചിട്ടുള്ളതു്. അതിനാൽ യേശുവിനെ അറിയാതെ ശരിയായ അറിവുണ്ടാകയില്ല. യേശുവിനെ അറിയാത്തവർ അന്ധകാരത്തിൽ നടക്കുന്നു. യേശുവാകുന്നു സത്യവും ജീവനും വെളിച്ചവും. നിനക്കു ലൗകികരീതിപ്രകാരം ഒരു പാട് അറിവുണ്ടായിരിക്കാം; ബിരുദങ്ങളും നീ സമ്പാദിച്ചിട്ടുണ്ടാകാം. എങ്കിലും, യേശുവിനെ അറിയാത്തിടത്തോളം നാം നീ ആത്മീയമായ അന്ധതയിൽത്തന്നെയാണ് കഴിയുന്നതു്. നീ സമ്പാദിച്ചിരിക്കുന്ന അറിവെല്ലാം പരിമിതമാണ്. നിൻെറ ഓർമ്മ ക്ഷയിക്കുന്നതോടെ ആ അറിവും ക്ഷയിച്ചു ക്ഷയിച്ചുവരും. ലൗകികമായ അറിവുകൾ മരണംവരെ മാത്രമെ നമുക്കു പ്രയോജനപ്പെടൂ. നിത്യമായി നമുക്കു പ്രയോജനപ്പെടുക യേശുവിനെക്കുറിച്ചുള്ള അറിവാണ്. നശിച്ചുപോകുന്ന അല്പമായ ലൗകികജ്ഞാനത്തിനായല്ല, നശിച്ചുപോകാത്ത അല്പമായ യേശുവിനെക്കുറിച്ചുള്ള അറിവിനായത്രെ നാം പരിശ്രമിക്കേണ്ടതു്. യേശുവിനെക്കുറിച്ചു വായിക്കാനും പഠിക്കാനും ചിന്തിക്കാനും സംസാരിക്കാനും നീ അത്യധികമായ താല്പര്യം പ്രദർശിപ്പിക്കണം. ആത്മീയഗ്രന്ഥങ്ങൾ ആഗ്രഹത്തോടുകൂടി വായിക്കുക. സുവിശേഷങ്ങളെ ശ്രദ്ധാപൂർവ്വം പഠിക്കുക. ദൈവികയാഥാർത്ഥ്യങ്ങളെപ്പററി പണ്ഡിതന്മാരായ ആത്മീയഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ളവ കഴിയുന്നിടത്തോളം വായിച്ചു മനസ്സിലാക്കുക. ജ്ഞാനവായന ആത്മീയജ്ഞാനത്തിനുള്ള മുഖ്യമായൊരു മാർഗ്ഗമാണ്. അതൊരിക്കലും ഉപേക്ഷിക്കാതിരിക്കുക. യേശുവിനെ നീ സ്നേഹിക്കുന്നെങ്കിൽ, അവിടുത്തെക്കുറിച്ചു പഠിക്കും. പഠനത്തിനുള്ള ഒരു പ്രധാന പോംവഴി പാരായണമാണ്.

പ്രമാണം

ശരിയായിട്ടുള്ള അറിവിനെ തെററായിട്ടുള്ള അറിവിൽനിന്നും വേർതിരിക്കുന്നതിനുള്ള മാനദണ്ഡത്തിനാണ് പ്രമാണം എന്നു പറയുന്നത്. ശരിയായിട്ടുള്ള അറിവു നേടുന്നതിനു് നാം കൈക്കൊള്ളുന്ന മാർഗ്ഗം എന്നും പ്രമാണത്തെ നിർവ്വചിക്കാം. ക്രിസ്തീയജ്ഞാനത്തിന്റെ പ്രമാണം യേശുവും അവിടുത്തെ സുവിശേഷവുമാണ്. യേശുവിനും അവിടുത്തെ സുവിശേഷ ചൈതന്യത്തിനും നിരക്കാത്ത പഠനങ്ങളെല്ലാം തെററായ പ്രമാണങ്ങളാണ്. സന്ന്യാസജീവിതത്തിൽ വളരെയേറെ മന്ദതയും സുഖലോലുപതാവും പ്രാർത്ഥനാരാഹിത്യവും തപസ്സില്ലായ്കയും കടന്നു കൂടുന്നതിനുള്ള കാരണം, നാം സുവിശേഷമാനദണ്ഡങ്ങളെ തള്ളി, ലോകത്തിന്റെ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതാണ്. പ്രാർത്ഥന, പരിത്യാഗം, ഉപവി, വിനയം, ദാരിദ്ര്യം, ക്ഷമ, അനുസരണം, സഹനം തുടങ്ങിയവയെല്ലാമാണ് സുവിശേഷത്തിന്റെ മാനദണ്ഡങ്ങൾ. പ്രാർത്ഥനയുടെ സമയം പലപ്പോഴും നാം സംസാരത്തിനും വിനോദങ്ങൾക്കുമായി ചെലവഴിക്കുന്നു. ത്യാഗമനുഷ്ഠിക്കാൻ നമുക്കു മനസ്സില്ല. ഭക്ഷണം, ഭവനം, പെരുമാററ സാധനങ്ങൾ, വിശ്രമം എന്നിവയിലെല്ലാം നാം ലോകത്തിന്റെ മാനദണ്ഡങ്ങളും സുഖസന്തോഷങ്ങളും തേടുന്നു. വിനയം ദുർബലതയായി നാം കണക്കാക്കിപ്പോകുന്നു. ദാരിദ്ര്യത്തിനു പകരം, പണവും പ്രതാപവും പ്രദർശിപ്പിക്കുന്നതാണ് വലിപ്പമെന്നു് നാം തെററിദ്ധരിച്ചിരിക്കുന്നു. ക്ഷമിക്കാനും പൊറുക്കാനും താഴാനും തഴയപ്പെടാനുമെല്ലാം നമുക്കു വിഷമമാണ്. നാം നമ്മെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയാണ്. അനുസരിക്കാനും ആദരിക്കാനും നമുക്കു പ്രയാസം തോന്നുന്നു. അധികാരം ദൈവികമാണെന്നതു് പ്രയോഗത്തിൽ അംഗീകരിക്കാൻ നാം മടിക്കുന്നു. സഹനത്തിന്റെ വില അറിയാത്തവരെപ്പോലെ നാം പെരുമാറിപ്പോകുന്നു. കാര്യങ്ങളെ കാണുന്നതിലും വിലയിരുത്തുന്നതിലും നാം കൈക്കൊള്ളുന്ന മാർഗ്ഗങ്ങൾ സുവിശേഷപ്രമാണങ്ങളിൽ നിന്നും എത്രയോ അകന്നിരിക്കുന്നുവെന്നു നോക്കുക. സുവിശേഷങ്ങളിലേയ്ക്കു ഇനിയും നാം തിരിഞ്ഞു പോകേണ്ടിയിരിക്കുന്നു.

പ്രത്യക്ഷം

അറിവിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാരതീയ ശാസ്ത്രമാണ് ന്യായദർശനം അഥവാ തർക്കശാസ്ത്രം. അറിവിനുള്ള പോംവഴികളായി അതിൽ പറഞ്ഞിരിക്കുന്നതു് താഴെപ്പറയുന്ന കാര്യങ്ങളെയാണ്: പ്രത്യക്ഷം, അനുമാനം, ഉപമാനം. ശബ്ദം. നേരിൽ കാണുന്ന കാര്യങ്ങളിൽനിന്നും നമുക്കു കിട്ടുന്ന അറിവാണ് പ്രത്യക്ഷം. പ്രകൃതിയിൽനിന്നും നമുക്കു പ്രകൃതിനാഥനെ അറിയാം. ഈ കാണുന്ന പ്രകൃതി മുഴുവനും നിനക്കു ധ്യാനവിഷയമാകണം. ഉദിച്ചുയരുന്ന സൂര്യനെയും, പാലൊളി തൂകുന്ന ചന്ദ്രനെയും, മിന്നിമിനുങ്ങുന്ന നക്ഷത്രജാലങ്ങളെയും നോക്കിയിരുന്നാൽ ഏതൊരു മനസ്സാണ് പ്രപഞ്ചശില്പിയുടെ അനന്തതയിലേയ്ക്കും അഗാധതയിലേയ്ക്കും ഉയരാതിരിക്കുക. ഉയർന്നുനില്ക്കുന്ന പർവ്വതശൃംഖങ്ങളും പരന്നുകിടക്കുന്ന അലയാഴിയും നീണ്ടുനീണ്ടുപോകുന്ന നദീനിരകളും ദൈവത്തിന്റെ മഹിമയെത്തന്നെ പ്രകീർത്തിക്കുന്നു. കാററത്തുലയുന്ന വൻമരങ്ങളും, മഞ്ഞിൻകണമേന്തി നില്ക്കുന്ന പുല്ക്കൊടികളും, പുഞ്ചിരിച്ചുനില്ക്കുന്ന മലർവാടികളും പ്രപഞ്ചസൃഷ്ടാവിന്റെ കരചാതുരിയെ പ്രഘോഷിക്കുന്നു. പാട്ടുപാടുന്ന പറവകളും, ഓടിമറയുന്ന മൃഗക്കൂട്ടവും, തേൻതേടി നടക്കുന്ന പൂമ്പാററകളും ഈശ്വരന്റെ കനിവിനെ പ്രപഞ്ചനം ചെയ്യുന്ന അത്ഭുതദൃശ്യങ്ങളാണ്. എല്ലാററിനുമുപരി, ദൈവത്തിൽതന്നെ തനിപ്പകർപ്പായ മനുഷ്യനും ഈശ്വരന്റെ വാസഗേഹമായ ഈ പ്രപഞ്ചത്തിലെ ഓരോ മണൽത്തരിയും അവിടുത്തെ കാരുണ്യത്തേയും മഹിമാവിനേയും പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. മണ്ണിനോടും മരത്തോടും, വാനവരോടും മാനവരോടും, തീയ്യോടും വെള്ളത്തോടും, മലയോടും കടലിനോടുംചേർന്നു് ദൈവത്തെ വാഴ്ത്തിയ വി. ഫ്രാൻസീസ് അസ്സീസ്സിയുടെ ആത്മീയദർശനം എത്രയോ മഹത്തരവും അഗാധവുമാണ്. യേശു പറഞ്ഞതുപോലെ, കണ്ണുണ്ടായിട്ടും നാം കാണുന്നില്ല; ചെവിയുണ്ടായിട്ടും നാം കേൾക്കുന്നില്ല. പ്രപഞ്ചം ഒരു തുറന്ന പുസ്തകമാണ്. ദൈവത്തെ ആർക്കും പ്രത്യക്ഷമായി കാണാവുന്ന ഈ പുസ്തകം നോക്കി, ദൈവത്തെ കണ്ടുകണ്ടറിയുക.

അനുമാനം

ബുദ്ധികൊണ്ടു് കാര്യകാരണസഹിതം നാം നിഗമിച്ചെടുക്കുന്ന അറിവാണ് അനുമാനം. പ്രത്യക്ഷം അഥവാ കാഴ്ച നമുക്കു അറിവു തരുമെങ്കിലും, പല കാര്യങ്ങളുടെയും സത്യാവസ്ഥ നാം പുറമെ കാണുന്നതുപോലെയല്ല. മിന്നുന്നതെല്ലാം പൊന്നല്ലല്ലോ. അതിനാൽ സത്യമറിയുന്നതിന് ഇന്ദ്രിയങ്ങൾക്കു പുറമെ നാം ബുദ്ധികൂടി ഉപയോഗപ്പെടുത്തണം. ബുദ്ധികൊണ്ടാലോചിച്ചാൽ, നാം പലപ്പോഴും കാര്യങ്ങൾ ചെയ്യുന്ന രീതികളിലുള്ള ബുദ്ധിമോശം നമുക്കു മനസ്സിലാകും. ഉദാഹരണത്തിനു്, നാം നമ്മുടെ ശരീരത്തെ പ്രസാദിപ്പിക്കുന്നതിന്നായി ആത്മാവിനു ദോഷം വരുത്തുന്നു. എത്ര ലഭിച്ചാലും തൃപ്തിവരാത്ത ഒന്നാണ് ശരീരമെന്നും, നാം പ്രസാദിപ്പിക്കുന്ന ശരീരം മരണത്തോടെ ചീഞ്ഞളിയുമെന്നും ബുദ്ധികൊണ്ടു ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. അതിനാൽ ആത്മാവിനു ദോഷം വരുന്ന തരത്തിൽ ശരീരത്തെ പ്രസാദിപ്പിക്കുന്നതു് ബുദ്ധിഹീനതയാണെന്നു വ്യക്തമാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും, ബുദ്ധിയില്ലാത്തവരെപ്പോലെ, അല്ലെങ്കിൽ, ഉണ്ടായിട്ടും അതു് ഉപയോഗിക്കാത്തവരെപ്പോലെയാണു്, നാം പലപ്പോഴും ജീവിക്കുന്നതു്. സന്ന്യാസികളായ നാം പ്രാർത്ഥന, ത്യാഗം, ദാരിദ്ര്യം, സേവനം, ഏകാഗ്രത എന്നിവ കൂടാതെ ജീവിക്കുന്നതു് മൗഢ്യമാണെന്നു് നമുക്കു അല്പം ശാന്തമായി ആലോചിച്ചു നോക്കിയാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ഇങ്ങനെ നോക്കിയാൽ ബുദ്ധിയേക്കാൾ കൂടുതലായി നമ്മെ നയിക്കുന്നതു് നമ്മുടെ വികാരങ്ങളും ജഡികാസക്തികളുമാണെന്നു് നമുക്കു കാണാം. ലോകത്തിൻെറ വിജ്ഞാനത്തിലുള്ള നമ്മുടെ അമിതാശ്രിതത്വംകൊണ്ടു്, ദൈവത്തിൻെറ ഭോഷത്വത്തിൽ ഒളിഞ്ഞിരിക്കുന്ന നിധി കണ്ടെടുക്കുവാൻ നമുക്കു സാധിക്കുന്നില്ല. യേശുവിൻെറ കുരിശിലെ വിജ്ഞാനം നാം മനസ്സിലാക്കാതെ ജീവിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ വിജ്ഞാനം മനസ്സിലാക്കുന്നതാണു് ശരിയായ ബുദ്ധി. ഇതിനു മനുഷ്യൻെറ സാമർത്ഥ്യത്തെക്കാൾ ദൈവത്തിൻെറ കൃപ്പാണാവശ്യം.

ഉപമാനം

ഒരു കാര്യത്തെ മറെറാരു കാര്യത്തോട് താരതമ്യം ചെയ്തു മനസ്സിലാക്കുന്നതാണ് ഉപമാനം. സ്വർഗ്ഗരാജ്യത്തെക്കുറിച്ച് നമ്മെ മനസ്സിലാക്കിത്തരാൻ യേശു ഉപയോഗിച്ചിരിക്കുന്ന ഉപമകളെപ്പററി ചിന്തിക്കുക. അവയോരോന്നും സുന്ദരങ്ങളായ കലാസൃഷ്ടികളാണെന്നു മാത്രമല്ല, നാം എത്രയധികം ധ്യാനിച്ചാലും തീരാത്തവണ്ണം അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന അക്ഷയനിധികളുമാണ്. യേശുവിൻെറ ഉപമകൾ നിൻെറ പ്രത്യേകവിധമായ ധ്യാനത്തിനും പരിചിന്തനത്തിനും വിഷയമാക്കുക. യേശുവിൻെറ ഉപമകളെ ഓരോന്നോരോന്നായി എടുത്ത് ധ്യാനിച്ചുതീർക്കുന്നതിനുള്ളൊരു പരിപാടിതന്നെ നിൻെറ ധ്യാനജീവിതത്തിൽ ആസൂത്രണം ചെയ്യുന്നതു് വളരെ ഉപകാരപ്രദമായിരിക്കും. ദൈവത്തിൻെറ ഉദാരത, സ്നേഹം, കരുണ, അവിടുന്നു നിനക്കുവേണ്ടി ചെയ്തിട്ടുള്ള എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങൾ എന്നിവയെല്ലാം ആ ഉപമകളിൽ നിനക്കു വ്യക്തമായി കാണാം. നിൻെറ പാപം, അജ്ഞത, നന്ദികേട്, ലൗകികത, സ്നേഹക്കുറവ് എന്നിവയും നിനക്ക് അവിടെ ജീവിക്കുന്നൊരു ചിത്രത്തിലെന്നപോലെ ഉററുനോക്കി ദർശിക്കാം. ദൈവം നിന്നെ ഇത്രമാത്രം സ്നേഹിച്ചിട്ടും, ആ സ്നേഹത്തിനു നീ പ്രതിസ്നേഹം നല്കാതെ, നിൻെറ സ്വാർത്ഥതകൾതേടി ജീവിക്കുന്നതിനെപ്പററി അപ്പോൾ നിനക്കു ലജ്ജയും പശ്ചാത്താപവും തോന്നും. ചുങ്കക്കാരനെപ്പോലെ നീ മാറത്തടിച്ചു കരയും; ധൂർത്തപുത്രനെപ്പോലെ നീ യേശുവിൻെറ പക്കലേയ്ക്കു തിരികെച്ചെല്ലും. നിന്നെ അത്ഭുതപ്പെടുത്തുമാറ് യേശു തൻെറ രണ്ടു കയ്യും നീട്ടി നിന്നെ സ്വീകരിക്കും. അവിടുത്തെ സ്നേഹമാധുരിയിൽ നീ നിൻെറ ക്ലേശങ്ങൾ മറക്കും. യേശുവിൻെറ ഉപമകളെപ്പററി ധ്യാനിച്ചാൽ നിൻെറ ഹൃദയം ഉജ്ജ്വലിക്കും; ബുദ്ധി പ്രകാശിക്കും; വികാരങ്ങൾ സരളങ്ങളാകും; വാക്കുകൾ കരുണാമയങ്ങളാകും; കർമ്മങ്ങൾ ത്യാഗപൂർണ്ണങ്ങളാകും. ആകപ്പാടെ നിനക്കൊരു ദിവ്യതയും വശ്യതയും കൈവരും.

ശബ്ദം

മററുള്ളവരുടെ വാക്കുകളിൽനിന്നും—സാക്ഷ്യങ്ങളിൽനിന്നും—അറിവു നേടുന്നതിനാണ് ശബ്ദം എന്നു പറയുന്നത്. ഈ വാക്കുകൾ മാനുഷികമോ ദൈവികമോ ആകാം. മാനുഷികമായതിന് ലൗകികമെന്നും, ദൈവികമായതിന് വൈദികമെന്നും പറയുന്നു. ദൈവവചനമാണല്ലോ വേദപുസ്തകം. അതിൽനിന്നുള്ള അറിവാണ് വൈദികം. മററുള്ളവരിൽനിന്നു നമുക്കു വളരെയേറെ അറിവ് കിട്ടാനുണ്ട്. നമ്മെക്കാൾ അറിവും പഠനവും കുറഞ്ഞവരിൽനിന്നുകൂടിയും നമുക്കു ഏറെ കാര്യങ്ങൾ പഠിക്കാനുണ്ട്. മററുള്ളവരെ കേൾക്കാനുള്ള കഴിവ് നാം നമ്മിൽ വികസിപ്പിച്ചെടുക്കണം. പലപ്പോഴും നമുക്കു സംസാരിച്ചുകൊണ്ടിരിക്കാനാണ് താല്പര്യം. കേൾക്കാൻ നമുക്കു മടിയാണ്. സംസാരിക്കുന്നതുപോലെ, മററുള്ളവരെ കേൾക്കാൻ കഴിയുന്നതും വലിയൊരു കലയാണ്. നന്നായി ശ്രവിക്കാൻ കഴിവുള്ളവനുമാത്രമെ നന്നായി സംസാരിക്കാനും കഴിയൂ. നമ്മുടെ കൂടെയുള്ളവരെ നാം വിശ്വസിക്കണം. മററുള്ളവരെ നാം വിശ്വസിച്ചാലെ, അവർ നമ്മെയും വിശ്വസിക്കൂ. ഓരോരുത്തരെയും ഓരോ ജോലി ഏല്പിച്ചശേഷം, അനാവശ്യമായി അവരുടെ ജോലിയിൽ നാം തലയിടരുത്. അതുപോലെതന്നെ, നമ്മുടെ കൂടെയുള്ളവരെ വിശ്വസിച്ച് ഉത്തരവാദിത്വങ്ങൾ എല്ലാവർക്കുമായി ഭാഗിച്ചു കൊടുക്കണം. ഉത്തരവാദിത്വത്തോടുകൂടി ജോലി ചെയ്താലേ ആളുകൾ വളരു. നാം സ്വയം വളരാൻ പഠിച്ചാൽമാത്രംപോരാ, മററുള്ളവരെ വളർത്താൻകൂടി പഠിക്കണം. അതു് വലിയൊരു കലയാണ്. ആരെങ്കിലും തെററുചെയ്താൽ സ്നേഹത്തോടുകൂടി അതു് തിരുത്തുക. അയാൾ തെററു തിരുത്തിയശേഷം, പണ്ട് തെററു ചെയ്തയാൾ എന്ന രീതിയിൽ സംശയത്തോടെ അയാളെ പിന്നീട് ജീവിതകാലം മുഴുവനും വീക്ഷിച്ചുകൊണ്ടിരിക്കുക ശരിയല്ല. ആളുകളെ സംശയിക്കുന്നതുകൊണ്ട് നമുക്കു അവരെ നന്നാക്കാൻ സാധ്യമല്ല. ആളുകളെ നാം വിശ്വസിച്ചാലെ അവർ നന്നാകൂ. മററുള്ളവരുടെ ഉദ്ദേശ്യങ്ങളെ ചോദ്യം ചെയ്യാതെ, അവരും നമ്മെപ്പോലെ നന്മയും തിന്മയും ഉള്ളവരാണെന്നു കരുതി, അവരെ വിശ്വസിക്കയും സ്നേഹിക്കയും ചെയ്യുക.

ഉപമാനം

ഒരു കാര്യത്തെ മറെറാരു കാര്യത്തോട് താരതമ്യം ചെയ്ത മനസ്സിലാക്കുന്നതാണ് ഉപമാനം. സ്വർഗ്ഗരാജ്യത്തെക്കുറിച്ച് നമ്മെ മനസ്സിലാക്കിത്തരാൻ യേശു ഉപയോഗിച്ചിരിക്കുന്ന ഉപമകളെപ്പററി ചിന്തിക്കുക. അവയോരോന്നും സുന്ദരങ്ങളായ കലാസൃഷ്ടികളാണെന്നു മാത്രമല്ല, നാം എത്രയധികം ധ്യാനിച്ചാലും തീരാത്തവണ്ണം അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന അക്ഷയനിധികളുമാണ്. യേശുവിൻെറ ഉപമകൾ നിൻെറ പ്രത്യേകവിധമായ ധ്യാനത്തിനും പരിചിന്തനത്തിനും വിഷയമാക്കുക. യേശുവിൻെറ ഉപമകളെ ഓരോന്നോരോന്നായി എടുത്ത് ധ്യാനിച്ചുതീർക്കുന്നതിനുള്ളൊരു പരിപാടിതന്നെ നിൻെറ ധ്യാനജീവിതത്തിൽ ആസൂത്രണം ചെയ്യുന്നത് വളരെ ഉപകാരപ്രദമായിരിക്കും. ദൈവത്തിൻെറ ഉദാരത, സ്നേഹം, കരുണ, അവിടുന്നു നിനക്കുവേണ്ടി ചെയ്തിട്ടുള്ള എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങൾ എന്നിവയെല്ലാം ആ ഉപമകളിൽ നിനക്കു വ്യക്തമായി കാണാം. നിൻെറ പാപം, അജ്ഞത, നന്ദികേട്, ലൗകികത, സ്നേഹക്കുറവ് എന്നിവയും നിനക്ക് അവിടെ ജീവിക്കുന്നൊരു ചിത്രത്തിലെന്നപോലെ ഉററുനോക്കി ദർശിക്കാം. ദൈവം നിന്നെ ഇത്രമാത്രം സ്നേഹിച്ചിട്ടും, ആ സ്നേഹത്തിനു നീ പ്രതിസ്നേഹം നല്കാതെ, നിൻെറ സ്വാർത്ഥതകൾതേടി ജീവിക്കുന്നതിനെപ്പററി അപ്പോൾ നിനക്കു ലജ്ജയും പശ്ചാത്താപവും തോന്നും. ചുങ്കക്കാരനെപ്പോലെ നീ മാറത്തടിച്ചു കരയും; ധൂർത്തപുത്രനെപ്പോലെ നീ യേശുവിൻെറ പക്കലേയ്ക്കു തിരികെച്ചെല്ലും. നിന്നെ അത്ഭുതപ്പെടുത്തുമാറ് യേശു തൻെറ രണ്ടു കയ്യും നീട്ടി നിന്നെ സ്വീകരിക്കും. അവിടുത്തെ സ്നേഹമാധുരിയിൽ നീ നിൻെറ ക്ലേശങ്ങൾ മറക്കും. യേശുവിൻെറ ഉപമകളെപ്പററി ധ്യാനിച്ചാൽ നിൻെറ ഹൃദയം ഉജ്ജ്വലിക്കും; ബുദ്ധി പ്രകാശിക്കും; വികാരങ്ങൾ സരളങ്ങളാകും; വാക്കുകൾ കരുണാമയങ്ങളാകും; കർമ്മങ്ങൾ ത്യാഗപൂർണ്ണങ്ങളാകും. ആകപ്പാടെ നിനക്കൊരു ദിവ്യതയും വശ്യതയും കൈവരും.

പ്രമേയം

അറിവിൻെറ വിഷയത്തിനാണ് പ്രമേയം എന്നു പറയുക. നമുക്കു അറിയാനുള്ളതു് ദൈവത്തെയും നമ്മെത്തന്നെയുമാണ്: ഭാരതീയശൈലിയിൽ പറഞ്ഞാൽ, പരമാത്മാവിനെയും ജീവാത്മാവിനെയുമാണ്. മനുഷ്യാത്മാവിനാണ് ജീവാത്മാവു് എന്നു പറയുന്നതു്. ജീവാത്മാവിനുള്ളിൽ, അതിൻെറയും ആത്മാവായി അഥവാ ജീവനായി വാഴുന്ന ദൈവമാണ് പരമാത്മാവ്. ഇവ രണ്ടും ഉള്ളിൽ വാഴുന്നതിനാൽ, മാംസനയനങ്ങൾകൊണ്ടു് നമുക്കു അവയെ കാണാവുന്നതല്ല. തന്മൂലം പലപ്പോഴും നാം അവയെ മറന്നുപോകുകയും അറിയാതെ വരികയും ചെയ്യുന്നു. മനുഷ്യാ, നീ ദൈവത്തെയും നിന്നെത്തന്നെയും അറിയുക എന്നാണ് വി. അഗസ്റ്റിൻ പറഞ്ഞിട്ടുള്ളതു്. നമുക്കു നമ്മെക്കുറിച്ചുതന്നെയുള്ള അറിവ് വളരെ പരിമിതമാണ്. നാം ക്ഷമയുള്ളവരും ശാന്തതയുള്ളവരുമാണെന്നു് നാം വിചാരിക്കുന്നു. പക്ഷെ, മററുള്ളവർമൂലം നമുക്കു അല്പമൊരു അസൗകര്യം അനുഭവിക്കേണ്ടിവരുമ്പോഴാണ് നാം എത്രയോ ക്ഷിപ്രകോപികളും അസ്വസ്ഥചിത്തരുമാണെന്നു് നാം അറിയുക! നമുക്കു നമ്മെക്കുറിച്ചുതന്നെയുള്ള അജ്ഞതയുടെ ഒരു തെളിവാണിതു്. നാം ദൈവത്തെ സ്നേഹിക്കുന്നുവെന്നും അവിടുത്തെപ്രതി എല്ലാം ഉപേക്ഷിച്ചിരിക്കുന്നുവെന്നും നാം കരുതുന്നു. പക്ഷെ, പ്രാൎത്ഥനക്കുള്ള സമയം നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി നമുക്കു സന്തോഷകരമായ മറെറാരു പരിപാടി ഉപേക്ഷിക്കുവാൻ പലപ്പോഴും നമുക്കു മനസ്സില്ലാതെ വരുന്നു. നാം വിചാരിക്കുന്നത്ര ദൈവത്തെ നാം സ്നേഹിക്കുന്നില്ലെന്നും, അവിടുത്തെപ്രതി എല്ലാം ഉപേക്ഷിക്കുവാൻ ഇനിയും നാം മനസ്സായിട്ടില്ലെന്നും, അപ്പോഴാണ് നമുക്കു മനസ്സിലാകുക. ചുരുക്കത്തിൽ, നാം നമ്മെത്തന്നെ ഇനിയും വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല. നമുക്കു ഏററവും അജ്ഞാതനായിരിക്കുന്ന വ്യക്തി നാംതന്നെയാണ്. മറെറല്ലാ താല്പര്യങ്ങളെയും ജയിക്കുക താരതമ്യേന എളുപ്പമാണ്. അവനവനെ ജയിക്കുകയാണ് ഏററവും വിഷമകരമായിട്ടുള്ളതു്. ആത്മവിജയമാണ് ഏററവും വലിയ വിജയം. മനുഷ്യാ നീ നിന്നെത്തന്നെ അറിയുക എന്നത്രെ സോക്രട്ടീസ് എപ്പോഴും ഉപദേശിച്ചിരുന്നതു്.

ത്രിഗുണം

ഭാരതീയ തത്വചിന്തയിലെ ഒരു വിഭാഗമായ സാംഖ്യ ദർശനപ്രകാരം സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങൾ കൊണ്ടാണ് ചിത്തം അഥവാ മനസ്സ് നിർമ്മിതമായിട്ടുള്ളത്. പ്രകാശവും ഋജുത്വവുമാണ് സത്വഗുണത്തിന്റെ പ്രത്യേകത. ചലനവും ശക്തിയുമാണ് രാജോഗുണം സൂചിപ്പിക്കുന്നത്. ഇരുട്ടും നിഷ്ക്രിയത്വവുമത്രെ തമോഗുണത്തിന്റെ ലക്ഷണം. ഇവയിൽ ഓരോന്നു് ഏറിവരുംതോറും മററുള്ളവയുടെ നില തെററും. പാപമാണ് നമ്മുടെ ബുദ്ധിയെ അഥവാ ചിത്തത്തെ തമോമയം അഥവാ ഇരുട്ട് നിറഞ്ഞതാക്കുന്നതു്. ദൈവത്തെയും മററുള്ളവരെയും കാണാൻ കണ്ണില്ലാതെ, അവനവന്റെ സുഖവും താല്പര്യവും മാത്രം മനസ്സിൽ കണ്ട് അതിനു പററിയ തരത്തിൽ ചിന്തിക്കുന്നതും സംസാരിക്കുന്നതും പ്രവർത്തിക്കുന്നതുമാണ് പാപം. ഏതു പാപവും നമ്മുടെ ബുദ്ധിയെ സ്വാർത്ഥതയുടെ ഇരുളിൽ താഴ്ത്തിക്കളയുന്നു. പാപം തമസ്സാണ്. ഏതു കാര്യത്തിലും നിന്നെത്തന്നെ മറന്നു്, ദൈവത്തെയും മററുള്ളവരെയും ഓർത്തു്, അവർക്കായി വിചാരിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. തമസ്സകന്നു്, ആത്മപ്രകാശം സിദ്ധിച്ചിട്ടുള്ള മനുഷ്യൻ ഇങ്ങനെയേ ചെയ്യൂ. ദൈവത്തെ മറന്ന് നാം നമുക്കുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും പ്രവർത്തനങ്ങളിൽമാത്രം മുഴകിക്കൊണ്ട് ജീവിക്കുക, രാജസികമായ മനോഭാവമാണ്. പ്രവർത്തനംകൊണ്ടു മാത്രം നമുക്കു സത്യമായ, സാത്വികമായ, മനോഭാവം കിട്ടുകയില്ല. പ്രാർത്ഥനകൊണ്ട് മനസ്സിനു നൈർമ്മല്യവും ശാന്തിയും കൈവരണം—ദൈവത്തിന്റെ പ്രകാശത്തിൽ നോക്കുന്നവനേ കാര്യങ്ങൾ ഋജുവായി കാണുകയുള്ളൂ. നാം പലപ്പോഴും കാര്യങ്ങളെ നമ്മുടേതായ വക്രതയോടുകൂടിയാണ് കാണുന്നതു്. ധ്യാനത്തിലും പ്രാർത്ഥനയിലും ആന്തരികശാന്തി നേടിയിട്ടുള്ളയാൾ എല്ലാററിനേയും ദൈവത്തിന്റെ കണ്ണുകൾകൊണ്ടു നോക്കുന്നു. ഇതാണ് സാത്വികമായ വീക്ഷണം. സത്വഗുണമുള്ളവരുടെ വിചാരത്തിനും വാക്കിനും പ്രവൃത്തികൾക്കും ദൈവത്തിന്റേതായ അഴകും ആകർഷകത്വവുമുണ്ടാകും.

കൈവല്യം

ചിത്തം അഥവാ മനസ്സ് വിക്ഷോഭങ്ങളിൽനിന്നെല്ലാം മോചിതമാകുമ്പോഴാണ്, ആത്മാവ് നിത്യമായ ശാന്തി അനുഭവിക്കുന്നു. ഈ നിത്യശാന്തി അഥവാ ഭാഗ്യമാണ് കൈവല്യം. സ്വാർത്ഥത, അസൂയ, കോപം, സുഖപ്രിയം, അഹംഭാവം തുടങ്ങി നമ്മുടെ മനസ്സിനെ കലുഷമാക്കുന്ന കാര്യങ്ങളാണ് ഇവിടെ വിക്ഷോഭം എന്നു പറയുന്നതു്. മനസ്സിനു അവയിൽ നിന്നെല്ലാം മോചനം ലഭിക്കണമെങ്കിൽ, അതു് ദൈവത്തിൽ ധ്യാനലീനമായിരിക്കണം. ഇതിനു ധ്യാനചിന്ത വേണം. ധ്യാനനിർല്ലീനതയിലൂടെ മാത്രമെ മനസ്സിനു് ദൈവത്തിൽ ലയിച്ചിരിക്കാൻ സാധിക്കൂ. ദിവസവും കുറേ നേരം നാം ഈശ്വരസന്നിധിയിൽചെന്നു് സ്നേഹപൂർവ്വം അവിടുത്തെ പാദാന്തികത്തിൽ ലയിച്ചിരിക്കണം. ദിവ്യകാരുണ്യ സന്നിധിയാണ് ഇതിന്നേററം പററിയ സ്ഥലം. അവിടെ ഏകാകിയായി, തിരുനാഥൻെറ പാദപത്മങ്ങളിൽ ധ്യാനലീനനായിരിക്കുക. നീ ഒന്നും സംസാരിക്കുകകൂടി വേണ്ട; ഒന്നിനെപ്പററിയും ചിന്തിക്കുവാനുംകൂടി ആവശ്യമില്ല. സ്നേഹപൂർവ്വം തിരുനാഥൻെറ ദിവ്യവദനത്തിലേക്കു ഉററുനോക്കിക്കൊണ്ടിരിക്കുകമാത്രം ചെയ്താൽ മതി. നിൻെറ ആത്മാവിലേക്കു അവിടുത്തെ പ്രസാദം ഒഴുകും; നിൻെറ ഹൃദയം അവിടുത്തെ ശാന്തികൊണ്ടു നിറയും. നിൻെറ മനസ്സിലെ ആകുലതകൾ അകലും. ഒന്നിനും നിന്നെ അസ്വസ്ഥനാക്കാൻ കഴിവില്ലാതാകും. സ്വർഗ്ഗത്തിൽ നീ അനുഭവിക്കാനിരിക്കുന്ന കൈവല്യത്തിൻെറ ഒരു മുന്നാസ്വാദനം ദിവ്യകാരുണ്യസന്നിധിയിൽ ഇപ്പോൾത്തന്നെ നിനക്കു രുചിച്ചറിയാറാകും. കർത്താവു് എത്രയോ മധുരമുള്ളവനാണെന്നു് നീ രുചിച്ചുതന്നെ അറിയണം. വായിച്ചും കേട്ടും അവിടുത്തെ അറിഞ്ഞതുകൊണ്ടായില്ല. യേശുവിൻെറ പാദാന്തികത്തിൽ മറിയത്തെപ്പോലെ ധ്യാനലീനമായിരിക്കുമ്പോൾ, അവിടുത്തെപ്പററി നിനക്കു കിട്ടുന്ന അറിവ് ഒന്നു വേറെതന്നെയാണു്. അതു് ധ്യാനംകൊണ്ടുമാത്രമെ കിട്ടൂ.

യോഗം

യോഗം എന്ന വാക്കിനു് യോജിപ്പ്, ചേച്ച് എന്നൊക്കെയാണർത്ഥം. നമ്മുടെ സ്വാത്ഥതമൂലം നാം നമ്മിൽത്തന്നെ ബന്ധിതരായിക്കഴിയുകയാണു്. നാം എന്തുചെയ്താലും നമുക്കവേണ്ടി—ഉണ്ടാൽ നമുക്കവേണ്ടി, ഉറങ്ങിയാൽ നമുക്കവേണ്ടി, എണീററാൽ നമുക്കവേണ്ടി, എന്ന മട്ടിലാണു് നമ്മുടെ പെരുമാററം. നമുക്ക നമ്മിൽനിന്നും ഉയന്നു്, ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കും വികസിക്കാനുള്ള കഴിവില്ലാതായിരിക്കുന്നു. നാം നമ്മെ നമ്മിൽത്തന്നെ തളച്ചിട്ടിരിക്കുന്നു. തളച്ചിടപ്പെട്ടിരിക്കുന്നതെന്തും ബന്ധിതമാണു്. ബന്ധിതമായിരിക്കുന്നതിനു് മോക്ഷം കിട്ടണം. മോക്ഷം എന്ന വാക്കിൻെറ തന്നെ അത്ഥം മോചനം, മുക്തി എന്നെല്ലാമാണു്. നമ്മെയും നമുക്കുള്ളവയേയും ദൈവത്തിലേയ്ക്കും മററുള്ളവരിലേയ്ക്കും മോചിപ്പിക്കുക. നമുക്ക അറിവുണ്ടെങ്കിൽ, ആരോഗ്യമുണ്ടെങ്കിൽ സമയമുണ്ടെങ്കിൽ, സമ്പത്തുണ്ടെങ്കിൽ, അവയെ നാം നമുക്ക വേണ്ടി കാത്തുസൂക്ഷിക്കാതെ, ദൈവത്തിലേയ്ക്കും മനുഷ്യരിലേക്കും വികസിപ്പിക്കുക. നമ്മുടെ അറിവും ആരോഗ്യവും സമയവും സമ്പത്തും ദൈവത്തിനും മററുള്ളവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ പ്രാത്ഥനയ്ക്കും സഹനത്തിനും ശുശ്രൂഷയ്ക്കുമായി പ്രയോജനപ്പെടുത്തുക. അല്ലെങ്കിൽ, അവയെല്ലാം നിന്നിൽത്തന്നെ കെട്ടിക്കിടന്നു് നശിച്ചുപോകും.! നാം നമ്മിൽനിന്നും സ്വതന്ത്രരായി മുക്തി പ്രാപിക്കേണ്ടതു് നമ്മെത്തന്നെയും നമുക്കുള്ളവയേയും, നീളത്തിൽ ദൈവവും വീതിയിൽ മനുഷ്യരുംവരെ നീട്ടിക്കൊണ്ടാണു്. നാം നമ്മിൽനിന്നും നമ്മുടെ സ്വാത്ഥവലയത്തിൽനിന്നും മോചനം പ്രാപിച്ച് ദൈവത്തിനും മനുഷ്യർക്കും സംലഭ്യരാകുന്നതാണു് മുക്തി. യേശുവിനു ലഭിച്ച മുക്തി ഇതായിരുന്നു. യേശു കരിശിൽ കിടന്നു് തന്നെത്തന്നെ പിതാവിൻെറ കരങ്ങളിലേയ്ക്കു സമപ്പിച്ചു. 'എടുത്തു ഭക്ഷിക്കുക' എന്നു പറഞ്ഞ് അവിടുന്നു തന്നെത്തന്നെ നമ്മുടെ കരങ്ങളിലേയ്ക്കും സമപ്പിച്ചു. അവനവനിൽനിന്നും മുക്തിപ്രാപിച്ചു് ദൈവത്തോടും മനുഷ്യരോടും ചേരുന്നതാണു് യോഗം.

ചിത്തവൃത്തി

ചിത്തവൃത്തികളെ നിരോധിക്കുന്നതിനാണ് യോഗം എന്നു പറയുക. സ്വാർത്ഥത, അഹംഭാവം, സുഖപ്രിയം, കോപം അസൂയ തുടങ്ങിയവയാൽ, നമ്മുടെ ചിത്തത്തിന്റെ ഏകാഗ്രത നശിച്ച്, നാം വികാരങ്ങൾക്കടിപ്പെട്ടുപോകുന്നു. വികാരങ്ങൾക്കടിപ്പെട്ടവന് തന്റെ ചിത്തവൃത്തികളെ - മനോവ്യാപാരങ്ങളെ - നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. കോപം, അസൂയ, സുഖപ്രിയം തുടങ്ങിയ ദുർവികാരങ്ങൾക്കടിപ്പെട്ടു പോകുമ്പോൾ, നമ്മുടെ വിചാരവും വാക്കുകളും പ്രവൃത്തികളും നിയന്ത്രണം വിട്ടുപോകുന്നതു് നമുക്കുതന്നെ അനുഭവമുള്ള കാര്യമാണല്ലോ. അതിനാൽ നമ്മുടെ മനോഭാവങ്ങളുടെമേൽ ശരിയായ നിയന്ത്രണം - ആത്മസംയമനം - പരിശീലിക്കാതെ നമുക്കു ഏകാഗ്രത കിട്ടില്ല. ഏകാഗ്രത എന്നു വച്ചാൽ ഏകമായിരിക്കുന്ന അഗ്രത്തിൽ നമ്മുടെ മനസ്സും ഹൃദയവും ലയിച്ചിരിക്കുന്ന അവസ്ഥ എന്നാണർത്ഥം. ഈ അഗ്രം ദൈവം തന്നെയാണ്. ദൈവത്തോടുള്ള ആന്തരികമായ ചേർച്ചതന്നെയാണ് യോഗം. വികാരങ്ങൾക്കടിമപ്പെട്ടു കിടക്കുന്ന ആളുടെ ഇന്ദ്രിയങ്ങളും മനസ്സും ഓരോരോ വസ്തുക്കളിലും വിഷയങ്ങളിലും അകപ്പെട്ട് ചിന്നിച്ചിതറിക്കിടക്കും. അങ്ങനെയുള്ള അവസ്ഥയിൽ ദൈവവുമായുള്ള ലയം അഥവാ ചേർച്ച സാധിക്കുകയില്ല. അതിനാൽ ദൈവവുമായി ഒന്നിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെതന്നെ ഹൃദയത്തിന്റെ ആന്തരികതയിലേയ്ക്കു തിരിയണം. മനോവൃത്തികളെ സ്വന്തം ആഗ്രഹങ്ങൾക്കും സന്തോഷങ്ങൾക്കുമായി വിട്ടുകൊടുക്കാതെ, ദൈവത്തിൽ ഏകാഗ്രമായി കാക്കണം. ഹൃദയത്തിന്റെ ആന്തരികതയിലാണ് ദൈവത്തിന്റെ വാസം. അതിനാൽ നാം ധ്യാനനിർല്ലീനതയിൽ നമ്മിലേയ്ക്കുതന്നെ പിൻതിരിയാതെ നമുക്കു ദൈവത്തെ കാണാൻ സാധിക്കുകയില്ല. മനസ്സിന്റെ ശാന്തതയിലാണ് നാം ദൈവത്തെ കാണുക.

നദി

പതഞ്ജലി മഹർഷി തൻെറ യോഗസൂത്രത്തിൽ മനുഷ്യമനസ്സിനെ ചിത്തനദി എന്നു വിളിക്കുന്നു. മനുഷ്യചിത്തം അഥവാ മനസ്സ് ഒരു നദി കണക്കെ എപ്പോഴും അങ്ങോട്ടും ഇങ്ങോട്ടും വളഞ്ഞും പുളഞ്ഞും ഒഴുകിക്കൊണ്ടിരിക്കുന്നു. ഒരിക്കലും, ഒന്നിലും, അതു് സ്ഥിരമായി ഉറച്ചുനില്ക്കുകയില്ല. മരഞ്ചാടി അഥവാ കുരങ്ങ് വൃക്ഷത്തിൻെറ ഒരു കൊമ്പിൽനിന്നും മറെറാന്നിലേയ്ക്കു സദാ ചാടിക്കൊണ്ടിരിക്കുന്നതുപോലെ നമ്മുടെ മനസ്സും ഒരു വിഷയത്തിൽനിന്നും മറെറാന്നിലേയ്ക്കു സദാ ചഞ്ചലിച്ചുകൊണ്ടിരിക്കും. മനസ്സിൻെറ ഈ ചപലതയ്ക്കും ചാഞ്ചല്യത്തിനുമാണു് കഴിഞ്ഞ ധ്യാനത്തിൽ ചിത്തവൃത്തി എന്നു പറഞ്ഞതു്. അതിനാൽ, ഒന്നാമതായി നാം പരിശീലിക്കേണ്ട ഗുണം ഏകാഗ്രതയാണു്. കാലത്തും വൈകീട്ടും കുറച്ചുനേരം മനസ്സിനെ കുരുതിക്കൂട്ടി ഏകാഗ്രമായി കാക്കാൻ പരിശ്രമിക്കുക. ധ്യാനമാണു് ഇതിനുള്ള ഏററവും പററിയ പോംവഴി. കുരിശുരൂപത്തേയോ ദിവ്യസക്രാരിയേയോ ഉററുനോക്കി, ശാന്തമായി പ്രാർത്ഥനാലയത്തിലിരിക്കുക. കണ്ണും മനസ്സും യേശുരൂപത്തിൽനിന്നും വിട്ടുമാറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ യേശുരൂപം മനസ്സിൽ പതിഞ്ഞു കഴിയുമ്പോൾ പതുക്കെ കണ്ണുകൾ അടയ്ക്കുക. മനസ്സിൽ തെളിഞ്ഞു നില്ക്കുന്ന ആ ദിവ്യരൂപത്തെ പിന്നീടു് ആന്തരിക നയനങ്ങൾകൊണ്ടു് ദർശിക്കുവാൻ ശ്രമിക്കുക. യേശുവിൻെറ രൂപം മനസ്സിൽ ആന്തരികമായി തെളിഞ്ഞു വരുന്നതിനനുസരിച്ചു്, ജപമാലയുടെ സഹായത്തോടെ ചെറിയ സ്നേഹപ്രകരണങ്ങൾ സ്വരം കേൾപ്പിക്കാതെ ചുണ്ടുകൾ അനക്കിക്കൊണ്ടുമാത്രം സാവധാനത്തിൽ ഏകാഗ്രതയോടെ ചൊല്ലിക്കൊണ്ടിരിക്കുക. ഈ സ്നേഹമന്ത്രം എത്രയും സാവധാനത്തിൽ ചൊല്ലാമോ അത്രയും നല്ലതു്. ഇങ്ങനെയുള്ള തന്ത്രം കൊണ്ടു് നിൻെറ മനസ്സിനു കൂടുതൽ ഏകാഗ്രത കിട്ടുന്നതായി നിനക്കനുഭവപ്പെടും. ഏകാഗ്രമായി യേശുവിൽ ലയിച്ച മനസ്സിനു യേശുവിൻെറ ഗുണങ്ങൾതന്നെ കാണും.

വിപര്യയം

മനസ്സിനു സ്ഥിരമായ ഒരവസ്ഥയില്ല. ഒന്നിൽനിന്നും മറെറാന്നിലേയ്ക്കു അതു് സദാപി, കാററത്തിളകുന്ന ദീപനാളം പോലെ, ചഞ്ചലിച്ചുകൊണ്ടിരിക്കും. യോഗദർശനത്തിൽ ഇത്തരം അഞ്ചു് അവസ്ഥകളെപ്പററി പറയുന്നുണ്ടു്. പ്രമാണം, വിപര്യയം, വികല്പം, നിദ്ര, സ്മൃതി എന്നിവയാണവ. ശരിയായ അറിവിനാണു് ഇവിടെ പ്രമാണം എന്നു പറയുന്നതു്. ചില നേരത്തു മനസ്സിനു ശരിയായ അറിവു ലഭിച്ചെന്നിരിക്കും. ശരിയായ അറിവു് നേടുന്നതിനുള്ള പ്രമാണങ്ങളെപ്പററി ഇതിനു മുമ്പുള്ള ഭാഗങ്ങളിൽ നാം ധ്യാനിച്ചിട്ടുണ്ടു്. പ്രമാണം കഴിഞ്ഞാൽ പിന്നീടുള്ളതു് വിപര്യയമാണു്. തെററായ അറിവു് എന്നാണതിന്നർത്ഥം. സത്യം അറിഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ നാം അറിയാതെ തെററായ അറിവിലേയ്ക്കു വഴുതിവീണുപോകും. ഇത്തരത്തിലുള്ള വിപര്യയം നമ്മിൽ സാമാന്യേന സംഭവിച്ചുകൊണ്ടിരിക്കുന്നു. നാം ദൈവത്തിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ജീവിക്കുന്നതിനിടയ്ക്കു്, അറിയാതെതന്നെ നമ്മുടെ സ്വാർത്ഥതയിൽ അകപ്പെട്ടുപോകുന്നു. പരിപൂർണ്ണമായ ബ്രഹ്മചര്യജീവിതത്തിനു നാം നമ്മെത്തന്നെ സമർപ്പിച്ചിരിക്കുന്നെങ്കിലും, അറിയാതെ ശരീരത്തിൻെറ സുഖസന്തോഷങ്ങൾ നാം തേടിപ്പോകുന്നു. യേശുവിൻെറ ദാരിദ്ര്യം വ്രതം ചെയ്തിരിക്കുന്നവരാണു് നാം. എങ്കിലും വസ്ത്രം, ഉപയോഗസാമഗ്രികൾ തുടങ്ങിയവ വിലകൂടിയവയും സുഖദായകവും ആയിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. മരണംവരെ കീഴ്‌വഴങ്ങിയ യേശുവിനെയാണു് നമ്മുടെ മാതൃകയായി നാം സ്വീകരിച്ചിരിക്കുന്നതു്. എന്നിട്ടും നമ്മുടെ സ്വന്തം ഇഷ്ടം നടക്കണമെന്നു് നാം നിർബന്ധം പിടിക്കുന്നു. പ്രാർത്ഥനയുടെ ജീവിതമാണു് സന്ന്യാസമെന്നു് നമുക്കറിയാം. എങ്കിലും നിസ്സാരകാരണങ്ങളെ പ്രതി പ്രാർത്ഥന നാം ഉപേക്ഷിച്ചു കളയുന്നു. ഇതുപോലെതന്നെ സഹനം, സഹകരണം, ക്ഷമ, വിനയം, സേവനം തുടങ്ങിയ കാര്യങ്ങളിലും നമുക്കു വീഴ്ച വരുന്നു. സത്യവും ശരിയുമെന്നു് നാം കരുതിയിട്ടുള്ള കാര്യങ്ങളിൽനിന്നും വഴുതിമാറി നാം തെററിലേയ്ക്കു വീണുപോകുന്നു. ഇതാണു് വിപര്യയം. യേശുവിനെക്കൂടാതെ നമുക്കു സത്യത്തിൻെറ പാതയിൽ ചരിക്കുവാൻ സാധിക്കുകയില്ല.

വികല്പം

ഭാവനസ്സാണ് വികല്പം എന്നു പറയുന്നതു്. പലപ്പോഴും ഭാവനകളാണ് നമ്മുടെ ഏകാഗ്രതയ്ക്കു ഭംഗം വരുത്തുന്നതു്. ആഗ്രഹങ്ങങ്ങളാണ് ഭാവനകളെ നമ്മുടെ മനസ്സിൽ വരുത്തുന്നതു്. നാം ആഗ്രഹിക്കുന്ന കാര്യങ്ങളെ നാം ഭാവന ചെയ്യുന്നു. അതിനാൽ നമ്മുടെ ആഗ്രഹങ്ങളുടെമേൽ ശരിയായ നിയന്ത്രണം നാം അഭ്യസിക്കണം. ധനം, സുഖം, അധികാരം, പ്രശംസ തുടങ്ങി അനേകം കാര്യങ്ങൾ നാം ആഗ്രഹിച്ചു പോകുന്നു. അത്തരം ആഗ്രഹങ്ങളെ ബോധപൂർവ്വം നാം നിയന്ത്രിക്കണം. യേശുവിനെ സ്നേഹിക്കാനും സ്നേഹിപ്പിക്കാനും കഴിയണം എന്നതായിരിക്കണം നമ്മുടെ ഏകവും ഗാഢവുമായ ആഗ്രഹം. അങ്ങനെ വന്നുകഴിയുമ്പോൾ, എന്തു കണ്ടാലും എന്തു കേട്ടാലും, അതെല്ലാം നമ്മെ യേശുവിനെക്കുറിച്ചു മാത്രമെ അനുസ്മരിപ്പിക്കൂ. എന്തെങ്കിലും കിട്ടിയാൽ, 'ഇതു് യേശുവിനും അവിടുത്തെ സഹോദരങ്ങൾക്കുംവേണ്ടി എനിക്കു എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കും?' എന്നായിരിക്കും നാം ഒന്നാമതായി ചിന്തിക്കുക. വേദനയും പരാജയവും വന്നാൽപ്പോലും, അതിലും നാം അപ്പോൾ യേശുവിൻെറ സ്നേഹമുള്ള തൃക്കൈ ദർശിക്കും. അതിനാൽ ഭാവനകളോട് അന്ധമായി എതിരിട്ടുകൊണ്ടല്ല, നാം അവയെ നിയന്ത്രിക്കേണ്ടതു്; അവയെല്ലാം യേശുവിലേയ്ക്കു ശാന്തമായി പ്രാർത്ഥനാപൂർവ്വം തിരിച്ചു വിട്ടുകൊണ്ടാണ്. മനസ്സിൽനിന്നും ഹൃദയത്തിൽ നിന്നുമാണ് ഭാവനകൾ ഉയർന്നുവരുന്നതു്. അതിനാൽ നാം നമ്മുടെ മനസ്സിലേയ്ക്കും ഹൃദയത്തിലേയ്ക്കും നല്ലവമാത്രം ഇട്ടുകൊടുക്കണം. അപ്പോൾ നല്ല ഭാവനകൾമാത്രമെ അവയിൽ നിന്നും ഉയർന്നുവരൂ. നല്ല പുസ്തകങ്ങൾ വായിക്കുക, നല്ല ദൃശ്യങ്ങൾമാത്രം കാണുക, നമുക്കു പ്രയോജനമില്ലാത്ത വായന, കാഴ്ച, കലാദൃശ്യങ്ങൾ എന്നിവയിൽനിന്നും മാറുക, നല്ല സംഭാഷണങ്ങളിൽ ഏർപ്പെടുക തുടങ്ങിയവവഴി നമുക്കു നമ്മുടെ മനസ്സിലേയ്ക്കും ഹൃദയത്തിലേയ്ക്കും നല്ലവയെമാത്രം പ്രവേശിപ്പിക്കാൻ സാധിക്കും. അപ്പോൾ നമ്മുടെ ഭാവനകളും നന്നായിക്കൊള്ളും.

നിദ്ര

മനസ്സിനു മന്ദതയും ഉന്മേഷവും നല്കാൻ കഴിവുള്ള ഒരു അവസ്ഥയാണ് നിദ്ര. മററു പല കാര്യങ്ങളെയുംപോലെ, മിതത്വമാണ് ഇവിടെയും പാലിക്കേണ്ട നിയമം. മിതമായ ഉറക്കം ശരീരത്തിനും മനസ്സിനും ഒരുപോലെ ഉന്മേഷം നല്കും. അമിതമായാൽ, അതു് ശരീരത്തേയും മനസ്സിനേയും ഒരു പോലെ മന്ദമാക്കുകയും ചെയ്യും. കൃത്യസമയത്തു് കിടക്കാനും കൃത്യസമയത്തു് ഉണരാനും പരിശീലിക്കുന്നതു് വളരെ പ്രയോജനകരമായൊരു സൽഗുണമാണ്. ഉണന്നാലുടനെ ശരീര ശുദ്ധി വരുത്തി, കുറച്ചുനേരം കണ്ണടച്ച് ദൈവധ്യാനത്തിലിരുന്നശേഷം, പ്രാണായാമം, ലഘു വ്യായാമങ്ങൾ എന്നിവ അനുഷ്ഠിക്കുന്നതും വളരെ പ്രയോജനകരമാണ്. ശരീരത്തിൻെറ ഉറക്കംപോലെ ആത്മാവിൻെറ ഉറക്കവും—ആത്മീയ മന്ദത—നമ്മുടെ ഉത്സാഹത്തെ കെടുത്തിക്കളയുന്ന ഒന്നാണ്. ആത്മീയ മന്ദതയിൽ ഉൾപ്പെടാതിരിക്കാൻ നീ പ്രത്യേകമായ ശ്രദ്ധ വയ്ക്കണം. പ്രാത്ഥന, സ്വയനിഗ്രഹം, എളിമ, പരസ്നേഹം, ത്യാഗചൈതന്യം എന്നിവയെല്ലാം ഉപേക്ഷിക്കുകയും, അവയിലുള്ള താല്പര്യം കുറഞ്ഞുപോകുകയുമാണ് ആത്മീയമന്ദതയുടെ ഒന്നാമത്തെ ലക്ഷണം ആത്മാവിനെ നാം എപ്പോഴും ഉണർവും ജാഗ്രതയുമുള്ളതായി കാക്കണം. ആത്മാവിനു ഊജ്ജം അഥവാ ശക്തി ലഭിക്കുന്ന ഒന്നാമത്തെ സ്രോതസ്സ് പ്രാത്ഥനയാണ്. പ്രാത്ഥന ഉപേക്ഷിച്ചിരിക്കുന്ന സന്ന്യാസി ആത്മീയമായ നിദ്രയിലാണ്. പ്രാത്ഥന, പ്രത്യേകിച്ച് അനുദിനധ്യാനം, ഉപേക്ഷിച്ചിരിക്കുന്ന സന്ന്യാസിക്കു ആത്മീയതീക്ഷ്ണത ഉണ്ടാവുക അസാധ്യമാണ്. അതിനാൽ പ്രാത്ഥനാജീവിതത്തിൻെറ കാര്യത്തിൽ നിനക്കു വലുതായ നിർബന്ധവും താല്പര്യവും വേണം. ദിവ്യബലി, ദിവ്യകാരുണ്യസ്വീകരണം, ഇടയ്ക്കിടയ്ക്കുള്ള ദിവ്യകാരുണ്യ സന്ദർശനം, ജ്ഞാനവായന, ആത്മശോധന, വിയാസാക്ര, കാനോനാനമസ്കാരം, അടുക്കലടുക്കലുള്ള പാപസങ്കീർത്തനം, ദൈവസ്മരണ ഇത്രയും കാര്യങ്ങൾ ശ്രദ്ധവച്ച് ചെയ്യുന്ന സന്ന്യാസി ഒരിക്കലും ആത്മീയമന്ദതയിൽ ഉൾപ്പെടുകയില്ല.

ഓർമ്മ

നാം കാണുകയും കേരംക്കുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളുടെയും പാടുകരം നമ്മുടെ മനസ്സിൻെറ അടിത്തട്ടിൽ പതിഞ്ഞു കിടക്കുന്നുണ്ട്. ഒരു കർമ്മം നമ്മുടെ മനസ്സിൽ പതിപ്പിക്കുന്ന പാടിനാണ് ഭാരതീയർ സംസ്കാരം എന്നു പറയുന്നത്. ഈ പാടുകരം ഇടയ്ക്കിടക്ക് മനസ്സിൻെറ മുകരംത്തട്ടോളം കേറിവന്ന്, അവിടെ തെളിഞ്ഞുനില്ക്കും. ഇതിനാണ് സ്മൃതി അഥവാ ഓമ്മ എന്നു പറയുന്നത്. നാം ചെയ്യുകയും കാണുകയും കേരംക്കുകയും ചെയ്തിട്ടുള്ള കാര്യങ്ങളെ കുറിച്ചുള്ള ഓമ്മകരം നമ്മുടെ മനസ്സിലേയ്ക്കു പ്രാത്ഥനാസമയത്ത് കേറിവന്ന്, നമ്മുടെ മനസ്സിൻെറ ഏകാഗ്രതയെ നശിപ്പിക്കും. അതുകൊണ്ടാണ് പ്രാത്ഥനാസമയത്ത് കണ്ണുകരം അടച്ച് മൗനമായിരിക്കുന്നത് വളരെ പ്രയോജനകരമാണെന്ന് പറയുന്നത്. ഓമ്മകളെ അഥവാ വിചാരങ്ങളെ നമ്മുടെ മനസ്സിൽനിന്നും പൂണ്ണമായി തുടച്ചുമാററാൻ സാധിക്കുകയില്ല. അന്യവിചാരങ്ങളോട് അന്ധമായി മല്ലിടുന്നതിനെക്കാരം നല്ലതു്, നമ്മുടെ മനസ്സിലേയ്ക്കു നല്ല വിചാരങ്ങളെ വരുത്തി, മനസ്സിനെ അവകൊണ്ട് നിറയ്ക്കുന്നതാണ്. യേശുവിനെ ഇടയ്ക്കിടയ്ക്കു സ്നേഹപൂവ്വം ഓക്കുക. ദൈവസാന്നിധ്യസ്മരണ എന്ന ഭക്താഭ്യാസം വളരെ പ്രയോജനകരമാണ്. നിൻെറ ഹൃദയത്തിൽ വാഴുന്ന ദൈവത്തെ ഇടയ്ക്കിടയ്ക്ക് സ്നേഹപൂർവ്വം ഓത്ത്, നിന്നെത്തന്നെ അവിടുത്തേയ്ക്കു സമർപ്പിക്കുന്നതാണ് ഇതിൻെറ കാതൽ. ദൈവത്തെ ഓത്താൽ നിൻെറ വിചാരങ്ങരംക്കു കൂടുതൽ നൈമ്മല്യമുണ്ടാകും; നിൻെറ വാക്കുകരംക്കു കൂടുതൽ പ്രശാന്തതയും മാധുരിയുമുണ്ടാകും; നിൻെറ പ്രവൃത്തികരംക്കു കൂടുതൽ ത്യാഗചൈതന്യവും സേവന തല്പരതയുമുണ്ടാകും. ദൈവത്തെ മറക്കുമ്പോരം കോപം, അസൂയ, സ്വാത്ഥത, അഹംഭാവം, പരമനിന്ദ, അശുദ്ധി തുടങ്ങിയ ദോഷങ്ങരം നമ്മിൽ നുഴഞ്ഞുകയറും. ദൈവത്തെ ഓത്താൽ എല്ലാററിനും ഒരു പവിത്രതയും പ്രശാന്തതയും ലഭിക്കും.

ക്ലേശം

മനസ്സിനെ അസ്വസ്ഥമാക്കി ദൈവവുമായുള്ള ഐക്യത്തിൽനിന്നും അകററുന്ന കാര്യങ്ങൾക്ക യോഗദർശനത്തിൽ ക്ലേശങ്ങൾ എന്നു പറയുന്നു. അവിദ്യ, അസ്മിതം, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയാണ് ക്ലേശങ്ങൾ. ശരിയായ അറിവാണ് വിദ്യ. തെററായ അറിവിനു അവിദ്യ എന്നു പറയുന്നു. യേശുവിനെക്കുറിച്ചുള്ള അറിവാണ് ശരിയായ അറിവ്. യേശുവിനെ അറിയുന്നതിൽനിന്നും സ്നേഹിക്കുന്നതിൽനിന്നും നമ്മെ അകററുന്നതെല്ലാം തെററായ അറിവാണ്. നമുക്കു പഠനവും പ്രാപ്തിയും കൂടിവരുന്നതോടെ നാം പ്രാർത്ഥനയിൽനിന്നും കുറേശ്ശെക്കുറേശ്ശെ വഴുതിമാറുന്നുണ്ടെങ്കിൽ, പഠനത്തിലും പ്രാപ്തിയിലും നാം കാണിക്കുന്ന അറിവ് തെററാണെന്നുള്ളതിനു സംശയമൊന്നും വേണ്ട. ദാരിദ്ര്യചൈതന്യം വിട്ട്, നമ്മുടേതായ സുഖസൗകര്യാദികളിൽ ജീവിക്കുന്നതിനുവേണ്ടി നാം ഉപയോഗപ്പെടുത്തുന്ന അറിവും തെററായതുതന്നെ. യേശുവിൻെറ കുരിശിലെ വിജ്ഞാനത്തെ മറന്നു്, സഹനം, എളിമ, ക്ഷമ, ദരിദ്രജീവിതം എന്നിവയ്ക്കു അർത്ഥമില്ല എന്നവിധം നാം ജീവിക്കുകയാണെങ്കിൽ, ശരിയായ അറിവിൽ ഇനിയും നാം എത്തിച്ചേർന്നിട്ടില്ല. യേശുവിനെക്കുറിച്ചുള്ള അതിവിശിഷ്ടമായ അറിവ് നേടുന്നതിനായി മറെറല്ലാ അറിവുകളും ശൂന്യങ്ങളായി വി. പൗലോസ് കരുതി. യേശുവിനെക്കുറിച്ചുള്ള അറിവ് നേടുന്നതിനുവേണ്ടി എന്തുതന്നെയും നഷ്ടപ്പെടുത്താൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഈ സന്നദ്ധത പലപ്പോഴും നമ്മിൽ കാണാറില്ല. മററുള്ളവരുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതിലുള്ള സന്തോഷം, ഉറങ്ങുന്നതിലുള്ള ആനന്ദം, ചെറിയൊരു അസൗകര്യം അനുഭവിക്കുന്നതിനുള്ള മടി തുടങ്ങിയ നിസ്സാരകാരണങ്ങളെപ്രതി പ്രാർത്ഥന, ധ്യാനം തുടങ്ങിയവയെല്ലാം നാം മാററിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. ദിവ്യജ്ഞാനത്തെ അത്രമാത്രമെ നാം വിലമതിക്കുന്നുള്ളു എന്നാണ് ഇതിൻെറയെല്ലാം അർത്ഥം. നിൻെറ വിദ്യയും വിത്തവും നസ്രസ്സിലെ ദരിദ്രനായ യേശുവായിരിക്കണം.

അസ്മിതം

അസ്മിതം എന്നുവെച്ചാൽ സ്വാതന്ത്ര്യം എന്നാണർത്ഥം. ഓരോരുത്തനും അവനവൻെറ കാര്യം മാത്രം നോക്കുന്നു. യേശുവിൻെറ കാര്യംനോക്കാൻ ആളില്ല; കൂടെയുള്ള സഹോദരൻെറ കാര്യം നോക്കാനും ആളില്ല. അവനവൻെറ സുഖം, സൗകര്യം, പേരു്, പ്രശസ്തി—ഇതാണു് എല്ലാവക്കും കാര്യം. അവനവനെ മറന്നു് യേശുവിനും മററുള്ളവക്കുമായി ജീവിക്കുന്നതാണു് ക്രിസ്തീയതയുടെ കാതൽ. എവിടെ ചെന്നാലും നിനക്കു എന്തു കിട്ടും, മററുള്ളവർ നിനക്കുവേണ്ടി എന്തെല്ലാം ചെയ്യും എന്നാകരുതു് നീ ചിന്തിക്കുന്നതു്. യേശുവിനും മററുള്ളവക്കും നിന്നിൽനിന്നും എന്തു ലഭിക്കും, യേശുവിനും സഹോദരങ്ങൾക്കുംവേണ്ടി നിനക്കു എന്തുകൊടുക്കാൻ സാധിക്കും എന്നു മാത്രമെ നീ ചിന്തിക്കാവൂ. ദൈവത്തിനുവേണ്ടി ത്യാഗമനുഷ്ഠിക്കാൻ പഠിക്കുക. യേശുവിനുവേണ്ടി അല്പമായൊരു ത്യാഗമനുഷ്ഠിക്കാനുള്ള മടികൊണ്ടാണു് നീ പലപ്പോഴും പ്രാത്ഥനയും മററു ഭക്താഭ്യാസങ്ങളും ഉപേക്ഷിക്കുന്നതു്. പക്ഷെ ഒരു കാര്യം ഒരിക്കലും മറക്കാതിരിക്കുക. കത്താവിനുവേണ്ടി ത്യാഗമനുഷ്ഠിച്ചതിനെക്കുറിച്ചു് നിനക്കു ഒരുനാളും ദുഃഖിക്കേണ്ടി വരികയില്ല. ഔദാര്യത്തിൽ ആക്കും യേശുവിനെ വെല്ലുവാൻ സാധിക്കുകയില്ല. യേശുവിനുവേണ്ടി ത്യാഗമനുഷ്ഠിക്കാൻ കിട്ടിയ ചെറിയ ചെറിയ അവസരങ്ങൾ നഷ്ടമാക്കിയതിനെപ്പററി ഒരുനാൾ നീ ദുഃഖിക്കും. അവിടുത്തേയ്ക്കുവേണ്ടി ഇപ്പോൾ നീ അനുഷ്ഠിച്ച ചെറിയ ചെറിയ ത്യാഗങ്ങൾ ഒരുനാൾ നിനക്കു അപാരമായ സന്തോഷത്തിനു കാരണമായിത്തീരുകയും ചെയ്യും. മററുള്ളവക്കുവേണ്ടി നാം അനുഷ്ഠിക്കുന്ന ത്യാഗങ്ങളും വളരെ വിലപ്പെട്ടതാണു്. അവനവനുവേണ്ടി മാത്രം ജീവിച്ച മനുഷ്യനെ ആരാണു് ഓമ്മിക്കുക! എല്ലാ കാര്യത്തിലും അവനവൻെറ സുഖസൗകര്യങ്ങൾമാത്രം അന്വേഷിക്കുന്ന മനുഷ്യനെപ്പററി ആക്കാണു് ഉള്ളിൽ മതിപ്പുണ്ടാകുക? അയാളെ എല്ലാവരും മറക്കുകയും വെറുക്കുകയും ചെയ്യും. മററുള്ളവക്കുവേണ്ടി ത്യാഗം സഹിച്ച മനുഷ്യനെ ആരും ഒരുനാളും മറക്കാതെ, എന്നും ഓത്തിരിക്കും.

രാഗം

നമുക്കു സുഖവും സന്തോഷവും നല്കുന്ന കാര്യങ്ങളോട് ഹൃദയവും മനസ്സും ഒട്ടിപ്പിടിക്കുന്നതിനാണ് രാഗം എന്നു പറയുന്നത്. ഒരു പ്രത്യേക വ്യക്തിയോടോ വസ്തുവിനോടോ അവിഹിതമായ ആസക്തി പുലർത്തുന്നത് തെററാണ്. അങ്ങനെയുള്ള മനുഷ്യനു് ദൈവത്തിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ത്യാഗമനുഷ്ഠിക്കുന്നതിനുവേണ്ട ആത്മീയമായ ഉന്മേഷമുണ്ടാകുകയില്ല. എല്ലാവരോടും സ്നേഹം വേണം. പക്ഷെ ഒരാളോടുള്ള സ്നേഹം ദൈവത്തോടും മററു മനുഷ്യരോടുമുള്ള കടപ്പാടുകളിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്നുവെങ്കിൽ, ആ സ്നേഹം ശരിയല്ലതന്നെ. ഉദാഹരണത്തിനു്, ഒരാളോടുള്ള സ്നേഹംമൂലം, പ്രാർത്ഥനയ്ക്കായുള്ള സമയത്തു്, യഥാർത്ഥത്തിൽ ആവശ്യമില്ലെങ്കിലും, നാം അയാളുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നു കരുതുക. അപ്പോൾ, മനുഷ്യസ്നേഹം നമ്മെ ദൈവസ്നേഹത്തിൽനിന്നും മാററുന്നു. ഇതു് തെററാണ്. അതുപോലെതന്നെ, മനുഷ്യരോടുള്ള സ്നേഹം നമ്മെ സഭാ നിയമങ്ങളുടെ ലംഘനത്തിലേയ്ക്കും ത്യാഗത്തിൻെറ ഉപേക്ഷയിലേയ്ക്കും നയിക്കുന്നെങ്കിൽ, ആ സ്നേഹവും തെററായതുതന്നെ. നമ്മുടെ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ നാം ശരിയായും സൂക്ഷ്മമായും പരിശോധിക്കണം. ദൈവസ്നേഹത്തിലേയ്ക്കും മനുഷ്യസ്നേഹത്തിലേയ്ക്കും നമ്മെ നയിക്കുന്നതിന് സഹായിക്കുന്നവയെ മാത്രമെ നാം ആഗ്രഹിക്കാവൂ. പലപ്പോഴും നമുക്കു നല്ലതു് എന്താണെന്നു് നാം തന്നെ നിശ്ചയിക്കുന്നതു് ശരിയല്ല. ഒരുവനും അവനവൻെറ സ്വന്തം കാര്യത്തിൽ ശരിയായ വിധിയാളനല്ല. അധികാരികൾ, സഭാനിയമങ്ങൾ, ദൈവപരിപാലനയിൽ സംഭവിക്കുന്ന ക്രമീകരണങ്ങൾ തുടങ്ങിയവയിലൂടെ നമ്മെക്കുറിച്ച് എടുക്കപ്പെടുന്ന നിശ്ചയങ്ങൾ വിശ്വാസപൂർവ്വം കൈക്കൊള്ളുകയാണ് ഏററവും നല്ലതു്. അവനവൻെറ ബുദ്ധി കാട്ടി പരാജയപ്പെടുന്നതിനെക്കാൾ നല്ലതു്, ദൈവത്തിൻെറ 'ഭോഷത്വം' അനുസരിച്ചുകൊണ്ട് വിജയിക്കുന്നതാണ്.

ദ്വേഷം

നമുക്കു സുഖവും സന്തോഷവും നല്കാത്ത കാര്യങ്ങളെ നാം വെറുക്കുന്നു. ഇതിനാണ് ദ്വേഷം എന്നു പറയുക. നമ്മുടെ തെററുകൾ ഓർമ്മിപ്പിച്ചുതരുന്നവരെ നമുക്കിഷ്ടമില്ല. നമ്മുടെ ആശയങ്ങൾ അംഗീകരിക്കാത്തവരെ നാം അകററി നിറുത്തുന്നു. ചുരുക്കത്തിൽ എല്ലാവരും നമ്മുടെ താളത്തിനൊപ്പിച്ച് തുള്ളണമെന്നാണ് നമ്മുടെ ആഗ്രഹം. ദൈവികകാര്യങ്ങളോടും നാം വെറുപ്പ് പ്രദർശിപ്പിക്കാറുണ്ട്. പ്രാർത്ഥനയെ നാം ഇഷ്ടപ്പെടുന്നില്ല. പ്രാർത്ഥനയ്ക്കുള്ള സമയം വിനോദങ്ങൾക്കായും വിശ്രമത്തിനായും ചെലവഴിക്കാനാണ് നമുക്കിഷ്ടം. സഹനം, ത്യാഗം, എളിമ, ക്ഷമ, ദരിദ്രജീവിതം, ആശാനിഗ്രഹം, ഇന്ദ്രിയസംയമം തുടങ്ങിയ കാര്യങ്ങളോടും നമുക്കു വെറുപ്പാണ്. ജഡത്തിൻെറ കാര്യങ്ങളെ നാം ഇഷ്ടപ്പെടുന്നു. ഇതിനു രാഗം എന്നു പറയും. അരൂപിയുടെ കാര്യങ്ങളെ നാം വെറുക്കുന്നു. ഇതിനു ദ്വേഷം എന്നു പറയും. രണ്ടിനേയും നാം ഒരുപോലെ ജയിക്കണം. നമുക്കു ഇഷ്ടമില്ലാത്തവരും നമ്മെ വിമർശിക്കുന്നവരും നമ്മുടെ ശത്രുക്കളാണെന്നു നാം കരുതരുത്. നമ്മെ പ്രശംസിക്കുന്നവരിൽ നിന്നെന്നതിനെക്കാൾ നമുക്കു പലപ്പോഴും പ്രയോജനം ലഭിക്കുക നമ്മെ വിമർശിക്കുന്നവരിൽ നിന്നായിരിക്കും. വിമർശനങ്ങളെ നാം പ്രശാന്തചിത്തരായി അഭിമുഖീകരിക്കണം. നമ്മുടെ തെററുകൾ മനസ്സിലാകുമ്പോൾ നാം മാന്യമായി അവയെ തിരുത്തണം. തെററു മനസ്സിലായിട്ടും ദുരഭിമാനത്തിൻെറ പേരിൽ അതു് സമ്മതിക്കാതെ സ്വയം നീതികരിക്കാൻ ശ്രമിക്കുന്നതു് മാന്യതയല്ല. അതുപോലെതന്നെ നാം ആരോടെങ്കിലും തെററു ചെയ്താൽ അവരോട് ക്ഷമ ചോദിക്കുന്നതിനും നാം മടിക്കരുതു്. നമ്മോട് തെററു ചെയ്തവരോട് നാം ഹൃദയം തുറന്ന് ക്ഷമിക്കുകയും വേണം. ഇതെല്ലാം മാന്യതയും ദിവ്യതയും ഉള്ള ഒരു ഹൃദയത്തിൻെറ ലക്ഷണങ്ങളാണ്. തെററിനെ വെറുക്കുക; തെററു ചെയ്തവനെ സ്നേഹിക്കുക. സ്നേഹമാണ് ഏററവും പ്രധാനം. സ്നേഹമില്ലെങ്കിൽ ഒന്നുകൊണ്ടും പ്രയോജനമില്ല.

അഭിനിവേശം

ജീവിക്കാനുള്ള ആഗ്രഹത്തിനാണ് അഭിനിവേശം എന്നു ഇവിടെ പറയുന്നതു്. ഈ ആഗ്രഹം അതിൽത്തന്നെ തെററുള്ളതല്ല. പക്ഷെ, മരിച്ചുകൊണ്ടു് ജീവിക്കാനും, ജീവിച്ചുകൊണ്ടു് മരിക്കാനും യേശു നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. സ്വന്തം ജീവനെ തനിക്കായി കാത്തുസൂക്ഷിക്കുന്നവൻ അതു് നശിപ്പിക്കും; യേശുവിനെപ്രതി അതു് നഷ്ടമാക്കുന്നവൻ, അതു് നേടും. ഗോതമ്പുമണി നിലത്തു വീണു് അഴിയുന്നില്ലെങ്കിൽ അതു തനിയെ ഇരിക്കുന്നു. അഴിഞ്ഞാലോ, അറുപതും നൂറും മേനി വിളവു തരുന്നു. ദൈവത്തിനും മററുള്ളവർക്കുംവേണ്ടി നഷ്ടം വരിക്കുന്നതിനുള്ള കല നാം അഭ്യസിക്കണം. ഒരുത്തനും അവനവൻെറ കാര്യം മാത്രം നോക്കരുതു്. കൂടെയുള്ള സഹോദരനെക്കുറിച്ചു് വ്യഗ്രതയില്ലാത്തവൻ കായേനെപ്പോലെയാണു്. അവനെ ദൈവം തിരസ്കരിക്കുന്നു. യേശു സ്വന്തം കാര്യം നോക്കിയ മനുഷ്യനല്ലായിരുന്നു. തനിക്കുള്ളതെല്ലാം – തൻെറ അറിവും ആരോഗ്യവും സമയവും സമ്പത്തും – നമുക്കു നല്കി, അവസാനം തന്നെത്തന്നെ നമുക്കായി കുരിശിൽ ബലിയർപ്പിച്ച അനുപമസ്നേഹനിധിയാണവിടുന്നു്. നമ്മുടെ വാക്കുകൾ 'ഉവ്വു്, ഉവ്വു്' എന്നും 'ഇല്ല, ഇല്ല' എന്നുമായിരിക്കണം. ദൈവത്തോടും മനുഷ്യരോടും 'ഉവ്വു്, ഉവ്വു്' എന്നു മാത്രം പറയുക. നമ്മുടെ സഹായവും സന്മനസ്സും തേടി ദൈവവും മനുഷ്യരും ഓരോ ദിവസവും നമ്മെ നൂറായിരം തരത്തിൽ സമീപിക്കുന്നു. ഒരിക്കലും ദൈവത്തോടും മനുഷ്യരോടും 'ഇല്ല, ഇല്ല' എന്നു പറയാതിരിക്കുക. നമ്മുടെ സ്വന്തം സുഖത്തിൻെറയും സൗകര്യത്തിൻെറയും കാര്യത്തിൽ മാത്രമെ 'ഇല്ല, ഇല്ല' എന്നു നാം പറയാവൂ. ഇങ്ങനെ അവനവനു് മരിച്ചു്, ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീവിക്കുക. അങ്ങനെയുള്ളവർ മരിച്ചാലും, ദൈവവും മനുഷ്യരും അവരെ മറക്കാതെ, തങ്ങളുടെ ഹൃദയത്തിൽ കാത്തുസൂക്ഷിച്ചുകൊള്ളും. ദൈവവും മനുഷ്യരും നിന്നെ മറക്കുന്നില്ലെങ്കിൽ നീ എന്നും ജീവിക്കും.

ചിത്തശുദ്ധി

മനസ്സിൻെറ നൈർമ്മല്യത്തിനാണ് ചിത്തശുദ്ധി എന്നു പറയുന്നത്. നല്ല നിയോഗം എന്നു നാം സാധാരണയായി പറയുന്നതു് ഇതിനാണ്. ദൈവത്തിനുവേണ്ടിയും മററുള്ളവരുടെ പ്രയോജനത്തിനായും കർമ്മം ചെയ്യുക എന്നതാണ് ഇതിൻെറ സാരം. നാം പലപ്പോഴും ഓരോ ജോലികൾ ചെയ്യുന്നതു്, അറിഞ്ഞും അറിയാതെയും നമ്മുടെ സ്വന്തം സംതൃപ്തിക്കുവേണ്ടിയാണ്. ദൈവത്തിനുവേണ്ടി അല്പം ത്യാഗം ചെയ്യുന്നതിനു് വലിയ മടിയാണ് നമുക്കു്. കടപ്പെട്ടതിൽ അല്പംകൂടി കൂടുതലായി പ്രാർത്ഥിക്കുക, തിരുനാൾ ദിനങ്ങളിലെ ഭക്തകൃത്യങ്ങൾ കൂടുതൽ ആകർഷകവും ഭക്തിദ്യോതകവുമാക്കുന്നതിനു് അല്പം ബുദ്ധിമുട്ടുക, ആഗമനകാലം, നൊയമ്പുകാലം തുടങ്ങിയ വേളകളിൽ കൂടുതലായി എന്തെങ്കിലും ത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം നാം എത്രയോ മടിയും മന്ദതയും ഉള്ളവരാണ്. ഇതാണു് നമ്മുടെ മനോഭാവമെങ്കിൽ, നാം ദൈവത്തിനുവേണ്ടി കർമ്മം ചെയ്യുന്നതിൽ തല്പരരാണ് എന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. അതുപോലെതന്നെ നമ്മെത്തന്നെ മറന്നു് മററുള്ളവരുടെ സുഖത്തിനും സംതൃപ്തിക്കുംവേണ്ടി കർമ്മം ചെയ്യുന്നതിലും നാം വളരെ താല്പര്യം കുറഞ്ഞവരാണ്. നമ്മുടെ വസ്ത്രം, ഭക്ഷണം, സുഖസൗകര്യങ്ങൾ, പെരുമാററസാധനങ്ങൾ എന്നിവയിൽ കുറച്ചുകൂടി മിതത്വവും പരിത്യാഗചൈതന്യവും നാം അഭ്യസിച്ചിരുന്നെങ്കിൽ അതുവഴി മിച്ചമുണ്ടാകുന്ന പണംകൊണ്ടു് ഇന്നു നാം ചെയ്യുന്നതിൽ എത്രയോ കൂടുതലായി ദരിദ്രരെ സഹായിക്കാൻ നമുക്കു കഴിയുമായിരുന്നു. ഭവനത്തിലെ സാധാരണ ജോലികൾ എല്ലാവരുംകൂടി സഹകരിച്ചു് ചെയ്യുക, കൂടുതൽ നല്ല സാധനങ്ങളും സൗകര്യങ്ങളും മററുള്ളവർക്കായി ഉപേക്ഷിച്ചുകൊണ്ടു് വിനീതവും സാധാരണവുമായവകൊണ്ടു് തൃപ്തിപ്പെടുക, ഇങ്ങനെ എത്രയോ തരത്തിൽ, നാം നമുക്കുവേണ്ടിയല്ല, മററുള്ളവർക്കുവേണ്ടിയാണ് ജീവിക്കുന്നതെന്നു് പ്രായോഗികമായി നമുക്കു തെളിയിക്കുവാൻ കഴിയും. നമ്മുടെ ഓരോ പ്രവൃത്തിയേയും നാം നന്നായി പരിശോധിക്കണം. അവയിലുള്ള സ്വാർത്ഥത കഴിയുന്നത്ര ഒഴിവാക്കി, ദൈവത്തിനും മനുഷ്യർക്കും അവ പ്രയോജനപ്പെടുമാറ്, ത്യാഗം സഹിച്ചുകൊണ്ടു് അവ ചെയ്യുന്നതാണ് നിയോഗശുദ്ധി.

സത്വശുദ്ധി

സത്വശുദ്ധിയില്ലാതെ ചിത്തശുദ്ധി ഉണ്ടാകുകയില്ല. നമ്മുടെ ജീവിതം പരിശുദ്ധമാകാതെ, നമ്മുടെ മനസ്സ് ശുദ്ധമാകുകയില്ല എന്നർത്ഥം. ജീവിതപരിശുദ്ധിക്കാണ് സത്വശുദ്ധി എന്നു പറയുന്നത്. നമ്മുടെ സ്വന്തം സ്വാർത്ഥതയും സുഖസൗകര്യങ്ങളും വെടിഞ്ഞ്, ദൈവത്തിനും മററുള്ളവർക്കും വേണ്ടി ത്യാഗം ചെയ്തുകൊണ്ട് ജീവിക്കാൻ നമുക്ക് മനസ്സില്ല. അതിനാൽ നമ്മുടെ സമയം, സമ്പത്ത്, അറിവ്, ആരോഗ്യം എന്നിവയെ ദൈവത്തിനും മനുഷ്യർക്കുംവേണ്ടി എത്രമാത്രം ഉപയോഗപ്പെടുത്താമെന്നല്ല നാം ചിന്തിക്കുന്നത്; അവയെല്ലാം ഉപയോഗിച്ച് നമുക്ക് എത്രമാത്രം സുഖവും സൗകര്യവും സന്തോഷവും സാധ്യമാക്കാം എന്നാണ് നാം പലപ്പോഴും ചിന്തിക്കുന്നത്. അതായത്, അവയെ സംബന്ധിച്ച് നാം പുലർത്തുന്ന ചിത്തം അഥവാ മനോഭാവം പരിശുദ്ധമല്ല എന്നർത്ഥം. ഇതിന്റെ കാരണം, നമ്മുടെ സൗകര്യങ്ങൾ മാററിവച്ച്, ദൈവത്തിനും മനുഷ്യർക്കുംവേണ്ടി അവ പ്രയോജനപ്പെടുത്താൻ നമുക്ക് മനസ്സില്ല എന്നുള്ളതുതന്നെയാണ്. അതാണ് നമുക്ക് ജീവിതപരിശുദ്ധി പോരാ എന്നു പറയുന്നതിനുള്ള കാരണം. ജീവിതപരിശുദ്ധി അഥവാ സത്വശുദ്ധി കൈവരാതെ, നമുക്ക് ചിത്തശുദ്ധി അഥവാ മനഃശുദ്ധി ഉണ്ടാകുകയില്ല. അതുകൊണ്ട് നമുക്ക് എന്തെങ്കിലും ലഭിച്ചാൽ, ഉടനെ നാം ചിന്തിക്കേണ്ടതു്, 'ഇതു് എനിക്ക് ദൈവത്തിനും മനുഷ്യർക്കുംവേണ്ടി എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും' എന്നാണ്. അറിവു്, ആരോഗ്യം, സമയം, സമ്പത്ത്, ആളുകൾ, കെട്ടിടങ്ങൾ എന്നിങ്ങനെ എന്തെല്ലാം കാര്യങ്ങൾ നമുക്കുണ്ട്. അവയെല്ലാം ദൈവത്തിനും മനുഷ്യർക്കുംവേണ്ടി, പ്രാർത്ഥനയ്ക്കും സഹനത്തിനും ശുശ്രൂഷയ്ക്കുമായി ചെലവഴിക്കപ്പെടാനുള്ളതാണ്. നിന്റെ സമയം, ആരോഗ്യം, കഴിവുകൾ എന്നിവയെപ്പററി നീ പുലർത്തുന്ന വീക്ഷണം ഇതാണോ? കഴിയുന്നത്ര പ്രാർത്ഥിക്കാനും സഹിക്കാനും ശുശ്രൂഷിക്കാനും കഴിയുന്നതു് നീ ജീവിതത്തിലെ വലിയൊരു ഭാഗ്യമായി കരുതിക്കൊള്ളണം. നിനക്കുള്ളവയെല്ലാം അതിനുവേണ്ടി നഷ്ടപ്പെടുത്തുന്നതാണ് ലാഭം. യേശുവിനും മററുള്ളവർക്കുംവേണ്ടി നാം വരിക്കുന്ന ഒരു നഷ്ടവും നഷ്ടമല്ല, ലാഭമാണ്.

യമം—നിയമം

സത്വശുദ്ധി അഥവാ ജീവിതപരിശുദ്ധി നേടുന്നതിനു് ഭാരതീയർ നിർദ്ദേശിക്കുന്ന മാർഗ്ഗമാണു് അഷ്ടാംഗയോഗം. ഈ യോഗത്തിനു് എട്ടു് അംഗങ്ങരം അഥവാ ഭാഗങ്ങളുണ്ടു്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണവ. അഹിംസ, സത്യം, അസ്തേയം (നമ്മെ സമ്പന്നരാക്കുന്നതിനുവേണ്ടി മററുള്ളവരിൽനിന്നും ഒന്നും ഇങ്ങോട്ടു് വാങ്ങിക്കാതിരിക്കൽ), ബ്രഹ്മചര്യം, അപരിഗ്രഹം (നമുക്കുള്ളവ മററുള്ളവക്കു് അങ്ങോട്ടു് കൊടുക്കൽ) ഇവയാണു് ഒന്നാമത്തെ അംഗമായ യമത്തിൽ ഉരംപ്പെടുന്നതു്. ശൗചം (ആത്മശരീരപരിശുദ്ധി), സന്തോഷം (സംതൃപ്തി), തപസ്സു്, സ്വാദ്ധ്യായം (ദൈവവചന പഠനം), ഈശ്വരപ്രണിധാനം (ദൈവത്തിനുള്ള ആത്മശരീര സമപ്പണം) എന്നിവയാണു് രണ്ടാമത്തെ അംഗമായ നിയമത്തിൽ ഉരംപ്പെടുന്നതു്. മേല്പറഞ്ഞ പത്തു് കാര്യങ്ങളെ ഇന്ത്യൻ സ്പിരിച്ച്വാലിററിയിലെ പത്തു് പ്രമാണങ്ങളായി കരുതാം അവയെ ഇങ്ങനെ സംഗ്രഹിക്കാം: 1. ഒരാരംക്കും നീ മനസ്സാ, വാചാ, കമ്മണാ വേദന ഉളവാക്കരുതു്; 2. അസത്യം പറയരുതു്; 3. മററുള്ളവക്കുള്ളവ നിനക്കു സ്വന്തമായി കിട്ടണമെന്നു് നീ ആഗ്രഹിക്കരുതു്; 4. ആത്മശരീര ശുദ്ധത നീ പാലിക്കണം; 5 നിനക്കുള്ളവ മററുള്ളവക്കു കൊടുക്കാതെയിരിക്കരുതു്; 6. നിൻെറ വാക്കും വിചാരവും പ്രവൃത്തിയും പരിശുദ്ധമായിരിക്കണം; 7. നിനക്കുള്ളവകൊണ്ടു് നീ സംതൃപ്തനാകണം; 8 നീ തപസ്സും ഇന്ദ്രിയസംയമവും അഭ്യസിക്കണം; 9. നീ ദൈവവചനം ശ്രദ്ധാപൂർവം പഠിക്കണം. 10. നീ നിന്നെയും നിനക്കുള്ളവയേയും സമ്പൂണ്ണമായി ദൈവത്തിനു സമർപ്പിക്കണം. നമ്മുടെ ആധ്യാത്മികജീവിതത്തിൻെറ മൂന്നു് അടിസ്ഥാനതത്വങ്ങളാണു് ഈ പ്രമാണങ്ങളിൽ അന്തർഭവിച്ചിരിക്കുന്നതു്. ഒന്നാമതായി നാം നമ്മെത്തന്നെ മറക്കണം. നമ്മെത്തന്നെ പരിത്യജിക്കാതെയും ഉപേക്ഷിക്കാതെയും ആത്മീയജീവിതത്തിൽ പുരോഗതിയുണ്ടാകുക സാധ്യമല്ല. രണ്ടാമതായി നാം നമ്മെത്തന്നെ പൂണ്ണമായി ദൈവത്തിനു സമപ്പിക്കണം. ആത്മീയജീവിതം സമപ്പണത്തിൻെറ ജീവിതമാണു്. ദൈവത്തിനു സ്വന്തമാകുകയാണു് ആത്മീയജീവിതത്തിൻെറ പരമലക്ഷ്യം. ദൈവത്തിനു സ്വന്തമായി കഴിഞ്ഞാൽ, നാം ദൈവമക്കരംക്കു അവകാശപ്പെട്ടതായിത്തീരും എന്നതാണു് ആത്മീയജീവിതത്തിലെ മൂന്നാമത്തെ തത്വം.

ആസനം

ധ്യാനത്തിനുള്ള ഇരിപ്പിനാണ് ആസനം എന്നു പറയുന്നതു്. ധ്യാനസമയത്തു് സ്വീകരിക്കാവുന്ന അനേകം ശാരീരികനിലകളെപ്പററി യോഗശാസ്ത്രം പ്രതിപാദിക്കുന്നുണ്ട്. ഏററവും പ്രധാനമായ കാര്യം, ധ്യാനത്തിനിരിക്കുമ്പോൾ, ശാന്തവും സ്വസ്ഥവുമായ ഒരു ശാരീരികനില നാം സ്വീകരിക്കണമെന്നുള്ളതാണ്. ശരീരത്തിൻെറ നിലപോലെതന്നെ പ്രധാനപ്പെട്ടതാണ് ആത്മാവിൻെറ നിലയും. ധ്യാനത്തിനു് ഭാരതീയർ ഉപയോഗിക്കുന്ന വാക്കു് ഉപാസനം എന്നാണ്. ഉപാസനം എന്ന വാക്കിൻെറ അത്ഥം, 'അരികെ ഇരിക്കുക' എന്നാണു. ധ്യാനനേരത്തു് മനസ്സുകൊണ്ടും ശരീരംകൊണ്ടും നാം ദൈവത്തിന്നരികെ ഇരിക്കണം. നമ്മുടെ മനസ്സ് ദൈവത്തിൽനിന്നും ചിതറിപ്പോകാൻ നാം അനുവദിക്കരുതു്. മനസ്സ് സ്വസ്ഥവും ശാന്തവുമായിരിക്കണം. ജോലികളെല്ലാം തീർത്തു്, അന്യവിചാരങ്ങളെല്ലാം മാററി, സ്വസ്ഥമായ മനസ്സോടുകൂടി വേണം നാം ധ്യാനത്തിലേക്കു പ്രവേശിക്കേണ്ടതു്. ദിവ്യകാരുണ്യസന്നിധിയിൽ എഴുന്നുള്ളിയിരിക്കുന്ന യേശുവിൻെറ അരികെ ഇരിക്കുന്നതു് ധ്യാനത്തിനു് അത്യുത്തമമായൊരു നിലയാണ്. ക്രൂശിതരൂപത്തിൻെറ മുമ്പിലോ, യേശുവിൻെറ തിരുഹൃദയത്തിൻെറ ചിത്രത്തിൻെറ മുമ്പിലോ, ഇരുന്നു്, കണ്ണുകൾ സ്നേഹപൂർവ്വം ആ ദിവ്യചിത്രത്തിൽ ഉറപ്പിച്ചു് ധ്യാനിക്കുന്നതും വളരെ പ്രയോജനകരമാണ്. കഴിയുന്നിടത്തോളം ശരീരവും ധ്യാനനേരത്തു് നിശ്ചലമായി കാക്കണം. കണ്ണുകൾ അടച്ചു് ഹൃദയത്തിൽ വാഴുന്ന സ്നേഹഈശോയോട് സംസാരിക്കുന്നതും വളരെ ഹൃദ്യമായൊരു ധ്യാനരീതിയാണ്. തീക്ഷ്ണതയുള്ള പ്രകാശത്തേക്കാൾ മങ്ങിയ വെളിച്ചമാണ് ധ്യാനിക്കുന്ന മുറിയിൽ കൂടുതൽ അഭികാമ്യം. സമൂഹമായി ധ്യാനിക്കുമ്പോൾ, എല്ലാവരും വൃത്തത്തിലിരുന്നു്, യേശുവിൻെറ രൂപത്തെ നടുവിൽ ദീപം, ധൂപം എന്നിവകൊണ്ട് അലങ്കരിച്ചുവച്ചു്, ദൈവം ഹൃദയത്തിൽ തോന്നിക്കുന്ന സദ്വികാരങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതും പ്രയോജനകരമായ ഒരു ധ്യാന രീതിയാണ്. ദൈവസന്നിധിയിൽ ഇരിക്കുന്നതു് മനസ്സിനും ശരീരത്തിനും ഒരുപോലെ സ്വസ്ഥത നൽകും.

പ്രാണായാമം

ധ്യാനനേരത്തു് ക്രമീകൃതമായ രീതിയിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതിനാണു് പ്രാണായാമം എന്നു പറയുന്നതു്. ശരീരത്തിൽ യാതൊരുവക ഹേമവും ശക്തിയും ചെലുത്താതെ, ശാന്തമായി, കഴിയുന്നിടത്തോളം ദീർഘമായി ശ്വസിക്കുകയും ഉച്ഛ്വസിക്കുകയും ചെയ്യുക. തന്മൂലം ശരീരത്തിലേയ്ക്കു കൂടുതലായി പ്രാണവായു പ്രവേശിക്കുകയും, ശ്വാസകോശങ്ങളിൽ കെട്ടിക്കിടക്കുന്ന ദൂഷിച്ചവായു മുഴുവനായി പുറത്തേയ്ക്കു പോകുകയും ചെയ്യും. പ്രാണവായുമൂലം രക്തം ശുദ്ധീകരിക്കപ്പെട്ടു്, തലച്ചോറിന്റെ പ്രവത്തനം സുഗമമാകുകയും, തന്മൂലം ചിന്തയ്ക്കു കൂടുതൽ ഏകാഗ്രത കിട്ടുകയും ചെയ്യും. പ്രാണായാമവും ധ്യാനത്തിലെ ഏകാഗ്രതയും തമ്മിൽ വലിയ ബന്ധമുള്ളതായി പൗരസ്ത്യരായ ക്രൈസ്തവമിസ്റ്റിക്കുകളും സമ്മതിച്ചിട്ടുണ്ടു്. അവരുടെ ഒരു പ്രത്യേക പ്രാത്ഥനാരീതിക്കു് 'യേശുനാമജപം' എന്നു പറയുന്നു. ഏകാഗ്രമായ ഒരു സ്ഥലത്തു് നട്ടെല്ലു് വളയാതെ സന്ന്യാസി നേരെ ഇരിക്കുന്നു. കണ്ണുകൾ അടച്ചിരിക്കും. സാവധാനത്തിൽ, യാതൊരു വക ശക്തിയും ശരീരത്തിന്മേൽ ചെലുത്താതെ, കഴിയുന്നിടത്തോളം ദീർഘമായി ശ്വാസം ഉള്ളിലേയ്ക്കു വലിക്കുന്നു. ശ്വാസം ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതിനോടൊപ്പം, ശ്വാസഗതിക്കു എത്ര നീളമുണ്ടോ അത്രയും സമയംകൊണ്ടു് പറഞ്ഞുതീരത്തക്കവിധം, 'യേശുവെ!' എന്നു് യാതൊരു സ്വരവും കേൾപ്പിക്കാതെ മനസ്സുകൊണ്ടു് ഉച്ചരിച്ചുകൊണ്ടിരിക്കും. അതിനുശേഷം, കഴിയുന്നത്ര സമയം എടുത്തുകൊണ്ടു് സാവധാനത്തിൽ ശ്വാസം പുറത്തേയ്ക്കു വിടുന്നു. അപ്പോഴും അത്രയും സമയംകൊണ്ടു് പറഞ്ഞു തീരത്തക്ക വിധത്തിൽ, 'യേശുവെ!' എന്നു് സാവധാനത്തിൽ ചുണ്ടനക്കാതെ മനസ്സ്കൊണ്ടു് ഉച്ചരിച്ചുകൊണ്ടിരിക്കും. ശ്വാസം ഉള്ളിലേയ്ക്കു പ്രവേശിക്കുമ്പോൾ യേശുവിനെക്കൊണ്ടും അവിടുത്തെ കരുണകൊണ്ടും തന്റെ ഉള്ളു് നിറഞ്ഞുവരുന്നതായി സന്ന്യാസി സങ്കല്പിക്കുന്നു. ശ്വാസം പുറമേയ്ക്കു വിടുമ്പോൾ, യേശുവിന്റെ കരുണ തന്നിൽനിന്നു പുറമേയ്ക്കു പോകുന്നതായും താൻ അനുഭവിച്ചറിഞ്ഞ അതേ കരുണയോടുകൂടിത്തന്നെ മററുള്ളവരെ വീക്ഷിക്കുന്നതായും സങ്കല്പിക്കുന്നു. എല്ലാ ദിവസവും ഈ അഭ്യാസം പത്തോ പതിനഞ്ചോ പ്രാവശ്യം ചെയ്യുന്നതു് വളരെ പ്രയോജനകരമാണെന്നു് നിനക്കു നിന്റെ അനുഭവത്തിൽനിന്നും ബോധ്യപ്പെടാതിരിക്കുകയില്ല.

പ്രത്യാഹാരം

ഇന്ദ്രിയങ്ങളെ അവയുടെ വിഷയങ്ങളിൽനിന്നും പിൻതിരിക്കുന്നതിനാണ് പ്രത്യാഹാരം എന്നു പറയുന്നതു്. ഓരോ ഇന്ദ്രിയത്തിനും അതതിൻേറതായ ആഹാരമുണ്ടു്. കണ്ണിൻെറ ആഹാരം കാഴ്ചവസ്തുക്കളാണ്; ചെവിയുടെ ആഹാരം സ്വരമാണ്; നാവിൻെറ ആഹാരം രുചികരമായ പദാൎത്ഥങ്ങളാണ്. ഇങ്ങനെ ഇന്ദ്രിയങ്ങൾക്കു സന്തോഷകരമായുള്ള ആഹാരങ്ങളിൽനിന്നും അവയെ പിൻവലിക്കുന്നതാണ് പ്രത്യാഹാരം. ഇന്ദ്രിയസംയമവും ആശാനിഗ്രഹവും കൂടാതെ, ധ്യാനജീവിതത്തിൽ പുരോഗതി പ്രാപിക്കുവാൻ സാധിക്കുകയില്ല. ഇന്ദ്രിയങ്ങളെ അവയ്ക്കു ഇഷ്ടപ്പെട്ടവിധം വിട്ടുകൊടുത്താൽ, അവ മനസ്സിനെ ദൈവത്തിൽനിന്നും വലിച്ചിഴച്ചു്. ലോകത്തിൽകൊണ്ടുപോയി തറയ്ക്കും. പരിത്യാഗചൈതന്യം, ദാരിദ്ര്യാരൂപി എന്നിവ നാം എല്ലാ കാര്യങ്ങളിലും പാലിക്കണം. വസ്ത്രം, ഭക്ഷണം, പെരുമാററസാധനങ്ങൾ എന്നിവയിൽ സാധാരണത്വം പാലിക്കുകയാണ് ഉത്തമം. അതുപോലെതന്നെ ആന്തരികമായ ഇന്ദ്രിയങ്ങളേയും നാം നിയന്ത്രിക്കണം. ഭാവനയുടെമേൽ നമുക്കു സ്വാധീനംവേണം. അധികാരം, സ്തുതി തുടങ്ങിയവയ്ക്കുവേണ്ടിയുള്ള നമ്മുടെ അഭിനിവേശത്തിനു നാം മനസ്സറിഞ്ഞുതന്നെ കടിഞ്ഞാണിടണം. വായന, കാഴ്ചകൾ, സംസാരം, പെരുമാററം എന്നിവയിലും നാം പരിശുദ്ധിയും മഹത്വവും പാലിക്കണം. ഇന്ദ്രിയങ്ങളെ അവയ്ക്കു് ഇഷ്ടപ്പെട്ടപടി വിട്ടുകൊടുത്തിട്ട്, ഏകാഗ്രതയോടുകൂടി ധ്യാനിക്കാൻ നമുക്കു സാധിക്കുമെന്നു നാം കരുതിയാൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. താപസോചിതമായ ജീവിതമാണ് സന്ന്യാസിക്കു ഭൂഷണം. ലൗകികതയും, ആഡംബരപ്രിയവും, സുഖലോലുപത്വവും, വിലകൂടിയ പെരുമാററ സാധനങ്ങളും സന്ന്യാസിയിൽ കണ്ടാൽ, അതേപ്പററി മററുള്ളവൎക്കു പുച്ഛമേ തോന്നൂ. സന്ന്യാസിക്കു ഭാരതീയർ പറയുന്ന ഒരു പദം സംയമി എന്നാണ്. അന്തരേന്ദ്രിയങ്ങളേയും ബാഹ്യേന്ദ്രിയങ്ങളേയും സംയമം ചെയ്തിട്ടുള്ളവനാണ് സംയമി.

ധാരണ

ശരിയായി ധ്യാനിക്കുന്നതിനു് മനസ്സിനു ആവശ്യമായ ഏകാഗ്രതയാണു് ധാരണ എന്നു പറയുന്നതു്. നമ്മുടെ മനസ്സു്, മക്കടനെപ്പോലെ ചപല പ്രകൃതിയുള്ളതാണു്. കുരങ്ങ് സദാപി ഒരു മരക്കൊമ്പിൽനിന്നും മറെറാന്നിലേയ്ക്കു ചാടിക്കൊണ്ടിരിക്കുന്നതുപോലെ, നമ്മുടെ മനസ്സും ഒന്നിലും ഉറച്ചു നില്ക്കാതെ ഒരു വിഷയത്തിൽനിന്നും മറെറാരു വിഷയത്തിലേയ്ക്കു ചലിച്ചുകൊണ്ടിരിക്കും. ധ്യാനത്തിൽ നമുക്കനുഭവപ്പെടുന്ന ബോധപ്പകച്ച്, അന്യവിചാരങ്ങൾ എന്നെല്ലാം നാം സാധാരണയായി പറയുന്നതു് ഇതിനെയാണു്. ഇങ്ങനെ അന്യവിചാരങ്ങളായി നമ്മുടെ മനസ്സിലേയ്ക്കു കടന്നുവരുന്നതു് നാമരൂപങ്ങളാണെന്നാണു് ഭാരതീയർ പറയുന്നതു്. നാം ചിന്തിച്ചു കൊണ്ടിരിക്കുന്നതു് എപ്പോഴും ഏതെങ്കിലുമൊരു നാമത്തേയോ രൂപത്തേയോ കുറിച്ചായിരിക്കും എന്നാണു് ഇതിൻെറ അത്ഥം. നമുക്കു കൃത്യമായി പേരു പറയാൻ സാധിക്കുന്ന കാര്യങ്ങളാണു് നാമങ്ങൾ. കൃത്യമായി പേരുപറയാനില്ലെങ്കിലും, മനസ്സുകൊണ്ടു് ഭാവന ചെയ്യാൻ സാധിക്കുന്നവയാണു് രൂപങ്ങൾ. അതായതു്, അന്യവിചാരങ്ങളായി നമ്മുടെ മനസ്സിലേയ്ക്കു കടന്നുവരുന്നതു്, ഏതെങ്കിലും വ്യക്തികളെയോ വസ്തുക്കളെയോ കാര്യങ്ങളെയോകുറിച്ചുള്ള ഭാവനകളായിരിക്കും എന്നു സാരം. അതിനാൽ ഈ നാമരൂപങ്ങളെ നമ്മുടെ മനസ്സിൽനിന്നും അകററാതെ, നമുക്കു ശരിയായ ഏകാഗ്രത കിട്ടുകയില്ല. പക്ഷെ, ചിന്തിക്കുന്നതിനായി എപ്പോഴും ഏതെങ്കിലുമൊരു നാമരൂപം ഉണ്ടായിരിക്കണമെന്നതാണു് നമ്മുടെ മനസ്സിൻെറ പ്രകൃതി. അതിനാൽ ദൈവത്തിൻെറതന്നെ നാമരൂപങ്ങൾ നാം നമ്മുടെ മനസ്സിൽ ഉറപ്പിച്ചുനിറുത്തണം. അപ്പോൾ മനസ്സിനു അതിൽ ഏകാഗ്രമായി നില്ക്കുവാൻ സാധിക്കും. യേശുവിൻെറ ഏതെങ്കിലുമൊരു രൂപം നാം ധ്യാനനേരത്തു് മനസ്സിൽ ഭാവന ചെയ്യണം. തിരുഹൃദയം, ക്രൂശിതനായ യേശു, നല്ലയിടയൻ, പുൽക്കൂട്ടിലെ ദിവ്യശിശു എന്നിങ്ങനെ ഏതെങ്കിലുമൊരു രൂപത്തിൽ നാം അവിടുത്തെ രൂപം ഭാവന ചെയ്യുക. അപ്പോൾ നമ്മുടെ ഹൃദയത്തിൽ ഉണർന്നുവരുന്ന സ്നേഹവികാരങ്ങൾ നാമങ്ങളായി സാവധാനം ചൊല്ലിക്കൊണ്ടിരിക്കുക. ഇങ്ങനെ നമ്മുടെ മനസ്സിനെ നമുക്കു യേശുവിൽ ഏകാഗ്രമാക്കി കാക്കുവാൻ കഴിയും.

ഇഷ്ടദേവത

മനസ്സിനു ഏകാഗ്രത കിട്ടാൻ ധ്യാനനേരത്ത് യേശുവിൻെറ ഏതെങ്കിലുമൊരു രൂപം മനസ്സിൽ ഉറപ്പിച്ചു നിറുത്തണമെന്നു് പറഞ്ഞതല്ലോ. ദൈവത്തിനു അനേകരൂപങ്ങളുണ്ടു്. അതിൽ നമ്മുടെ മനസ്സിനു് ഏററവും ഇണങ്ങിയൊരു രൂപം നാം തെരഞ്ഞെടുക്കണം. ഇതിനു ഭാരതീയർ ഇഷ്ടദേവത എന്നു പറയുന്നു. ഓരോ വിശുദ്ധർക്കും യേശുവിൻെറ ഓരോ രൂപമായിരുന്നു കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതു്. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാമ്മയ്ക്കു് യേശുവിൻെറ ശിശുരൂപവും, അസീസ്സിയിലെ വി. ഫ്രാൻസിസിനു് അവിടുത്തെ ക്രൂശിതമായ രൂപവുമായിരുന്നു കൂടുതൽ പ്രിയംകരം. നമുക്കും യേശുവിൻെറ കൂടുതൽ പ്രിയംകരമായൊരു രൂപമുണ്ടാകണം. ഇതു സാധിക്കണമെങ്കിൽ, നാം ഒന്നാമതായി നമ്മുടെ മനസ്സിൻെറയും ആശയങ്ങളുടേയും പ്രത്യേകതകൾ ഏവയൊക്കെയാണെന്നു പഠിച്ചറിയണം. നമ്മുടെ ആദ്ധ്യാത്മികതയുടെ പ്രത്യേകമായ രൂപഭാവം എന്താണെന്നു് നമുക്കുതന്നെ ഉറപ്പ് വരണം. അങ്ങനെ വന്നു കഴിയുമ്പോൾ, നമ്മുടെ മനസ്സിനും ആദർശങ്ങൾക്കും ആധ്യാത്മികതയ്ക്കും ചേരുന്ന യേശുവിൻെറ രൂപം ഏതാണെന്നു് നമുക്കു എളുപ്പം തിരിച്ചെടുക്കാൻ സാധിക്കും. ഇതു് ഓരോരുത്തർക്കും ഓരോന്നായിരിക്കും. ഒരാൾക്കു യേശുവിൻെറ തിരുഹൃദയമായിരിക്കാം; വേറൊരാൾക്കു അവിടുത്തെ ദിവ്യകാരുണ്യരൂപമാകാം; വേറൊരാൾക്കു ക്രൂശിതരൂപമാകാം. ഏതായാലും, നമ്മുടെ മനസ്സിനു് ഏററവും ഇണങ്ങിയ യേശുവിൻെറ രൂപം കണ്ടുകിട്ടിക്കഴിഞ്ഞാൽ, പിന്നെ നമുക്കു ധ്യാനത്തിനു് അതു് മതി. യേശുവിനെപ്പററി എന്തു കണ്ടാലും, കേട്ടാലും, വായിച്ചാലും, ആ രൂപം മനസ്സിൽ ഭാവന ചെയ്യുക. നിൻെറ എല്ലാ ചിന്തകളേയും പിടിച്ചുനിറുത്താൻ ആ രൂപത്തിനു ശക്തിയുണ്ടാകും. ആ രൂപത്തെ കാണുന്നതു് നിൻെറ കണ്ണുകൾക്കു ആനന്ദമായിരിക്കും. അവിടുത്തെ കേൾക്കുന്നതു് നിൻെറ കാതുകൾക്കു പീയൂഷമായിരിക്കും. അവിടുത്തെ ഭജിക്കുന്നതു് നിൻെറ ഹൃദയത്തിനു അമൃതായിരിക്കും.

നാമജപം

രൂപം മനസ്സിൽ തെളിഞ്ഞുവന്നു കഴിഞ്ഞാൽ, നാം അതിനനുസരിച്ചുള്ള നാമം ജപിച്ചുകൊള്ളണം. ഏതെങ്കിലുമൊരു രൂപം കണ്ടിട്ട്, അതിൻെറ നാമം നമുക്ക അറിയാത്തിടത്തോളം കാലം, നമ്മുടെ മനസ്സിൻെറ ജിജ്ഞാസ ശമിക്കുകയില്ല. ജിജ്ഞാസ ശമിക്കാത്തിടത്തോളംനാം മനസ്സിനു ഏകാഗ്രതയും ലഭിക്കില്ല. മന്ത്രം ചൊല്ലിയാണ് നാമം ജപിക്കേണ്ടതു്. ഉദാഹരണത്തിനു്, ''ഓം ക്രിസ്തായ നമഃ'' എന്ന മന്ത്രം പരിശോധിക്കുക. ''ഓം! ക്രിസ്തുവിനു് നമസ്കാരം'' എന്നാണിതിൻെറ അത്ഥം. ഈ മന്ത്രം ചൊല്ലുന്ന സാധകൻെറ ഇഷ്ടദേവത—അയാൾക്ക ഏററവും ഇഷ്ടപ്പെട്ട ദൈവരൂപം—ക്രിസ്തുവാണ്. ക്രിസ്തു അയാൾക്ക് 'ഓം' ആകുന്നു. അ + ഉ + മ് എന്നതാണ് ഓം. വായ് തുറന്നാൽ നമുക്ക ആദ്യം ഉച്ചരിക്കാവുന്ന ശബ്ദം—ആദി—ആണ് 'ആ' എന്ന സ്വരം. വായ് പകുതി തുറന്നും പകുതി അടഞ്ഞുമിരിക്കുന്ന അവസ്ഥയിൽ നമുക്കുച്ചരിക്കാവുന്ന ശബ്ദം—മദ്ധ്യം—ആണ് 'ഉ' എന്ന സ്വരം. വായ് മുഴുവനായും അടച്ചശേഷം നമുക്കുച്ചരിക്കാവുന്ന ശബ്ദം—അന്ത്യം—ആണ് 'മ്' എന്ന സ്വരം. അതായതു് സാധകൻെറ ആദിയും മധ്യവും അന്ത്യവും യേശുവാണെന്നത്ഥം. എൻെറ എല്ലാം യേശുവാണെന്നു വന്നാൽ, പിന്നെ 'ഞാൻ എൻേറതല്ല, യേശുവിൻേറതാണ്' എന്നതാവും എൻെറ മനോഭാവം. അതാണ് 'നമഃ' എന്നു പറയുന്നതിൻെറ അത്ഥം. 'ന' എന്നു വച്ചാൽ 'അല്ല' എന്നത്ഥം; 'മ' എന്നു വച്ചാൽ 'മമ' അഥവാ 'എൻേറതു്' എന്നത്ഥം. അതിനാൽ യേശുവിനോട്ട് നമഃ എന്നു പറയുമ്പോൾ, 'ഞാൻ എൻേറതല്ല, യേശുവിൻേറതാണ്' എന്നു ഏററു പറയുകയത്രെ നാം ചെയ്യുന്നതു്. ഈ ബോധം യേശുനാമം ജപിച്ച് ജപിച്ച്, അവിടത്തെ നമസ്കരിച്ച് നമസ്കരിച്ച്, നാം നമ്മിൽ ഉറപ്പിക്കണം. അപ്പോഴേ മനസ്സിനു് ഏകാഗ്രത കിട്ടൂ. നമുക്ക യേശു എല്ലാമാകണം. അപ്പോൾ, സുഖത്തിനോ ദുഃഖത്തിനോ, ജയത്തിനോ പരാജയത്തിനോ, ധനത്തിനോ ദാരിദ്ര്യത്തിനോ, സ്തുതിക്കോ നിന്ദയ്ക്കോ നമ്മെ യേശുവിൽനിന്നും മാററാൻ ശക്തിയില്ലാതാകും. യേശു നമുക്ക എല്ലാമാകും. 'കത്താവീശോമിശിഹായുടെ സ്നേഹത്തിൽ നിന്നും ആർ എന്നെ വേർതിരിക്കും?' എന്നതാകും അപ്പോൾ നമ്മുടെ നില. ഇതാണ് ഏകാഗ്രത.

ധ്യാനം

മനസ്സിനെ ദൈവത്തിൻെറ രൂപത്തിലും നാമത്തിലും ഏകാഗ്രമാക്കി നിർത്തുന്നതാണു് ധാരണം. ഇതു് മിക്കവാറും നമ്മുടെ പരിശ്രമംകൊണ്ടു് സാധിക്കുന്നതാണു്. ഇതിനെ മനസ്സിൻെറ പ്രവർത്തനമായി കരുതാം. ഇങ്ങനെ നമ്മുടെ മനസ്സിൽ നാം ഉറപ്പിച്ചുനിറുത്തിയിരിക്കുന്ന ദൈവത്തിലേയ്ക്കു്, ഇനി നാം നമ്മുടെ ഹൃദയത്തെ തുറക്കണം. സ്നേഹം ഹൃദയത്തിൽ നിന്നും ദൈവത്തിലേയ്ക്കു ഒഴുകണം. ധ്യാനത്തിൽ സ്നേഹം ഹൃദയത്തിൽനിന്നും ദൈവത്തിലേയ്ക്കു ഒഴുക്കേണ്ടതു് തൈലധാരപോലെയാണെന്നാണു് ഭാരതീയർ പറയുന്നതു്. തൈലധാര എന്നുവച്ചാൽ ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണ എന്നാണർത്ഥം. ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണപോലെ സ്നേഹം ഇടമുറിയാതെ ദൈവത്തിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കണം എന്നു സാരം. ധ്യാനം ഹൃദയത്തിൻേറയും സ്നേഹത്തിൻേറയും പ്രവർത്തനമാണു്. ബുദ്ധിശക്തിയും പഠനവുമല്ല അതിന്നാവശ്യം. ദൈവത്തെ സ്നേഹിക്കാനുള്ള മനസ്സിൻെറ നിശ്ചയവും ഹൃദയത്തിൻെറ സരളതയുമാണു് ധ്യാനത്തിനാവശ്യം. ഇതു് നമുക്കു എത്രയോ ആശ്വാസകരമായ ഒരു ചിന്തയാണു്. നമുക്കു ദൈവശാസ്ത്രപരമായ അഗാധജ്ഞാനമില്ല എന്ന കാരണം പറഞ്ഞു് ധ്യാനത്തിൽനിന്നും മാറിയിരിക്കേണ്ട ആവശ്യമില്ല. സ്നേഹിക്കാനുള്ള ശക്തി എല്ലാഹൃദയത്തിനുമുണ്ടു്. അതുകൊണ്ടു്, മനസ്സുണ്ടെങ്കിൽ നമുക്കെല്ലാവക്കും ധ്യാനജീവിതത്തിൽ പുരോഗമിക്കാൻ കഴിയും. തിരുനാഥൻെറ മുമ്പിൽചെന്നു് കണ്ണുകളടച്ചു് ശാന്തമായിരിക്കുക. മനോദൃഷ്ടികൾകൊണ്ടു് അവിടുത്തെ രൂപം ഭാവനചെയ്യുക. നിൻെറ എല്ലാമാണു് അവിടുന്നു് എന്ന വികാരം നിന്നിൽ ഊഷ്മളമാക്കുക. അവിടുത്തെ നമസ്കരിക്കുക. നീ നിൻേറതല്ല, മുഴുവനായും അവിടുത്തേതാണു് എന്ന ചിന്തയിൽ മുഴുകി നില്ക്കുക. ഇതോടെ നിൻെറ ഹൃദയത്തെ പൂർണ്ണമായി അങ്ങിലേയ്ക്കുതുറക്കുക. നിൻെറ ഹൃദയത്തിൻനിന്നും നിർഗ്ഗമിക്കുന്ന സ്നേഹവികാരങ്ങളെ ചെറിയ പ്രകരണങ്ങളാക്കി മാററി അവയെ സാവധാനത്തിൽ വികാരവായ്പോടെ ഉച്ചരിച്ചുകൊണ്ടിരിക്കുക.

സമാധി

ദൈവത്തിലുള്ള പൂർണ്ണമായ ലയമാണ് സമാധി. സാധു അഥവാ സന്ന്യാസി മരിച്ച് അടക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിനു സമാധി എന്നാണ് പറയുക. മരിച്ച സന്ന്യാസി ദൈവത്തിൽ ലയിച്ചിരിക്കുന്നതിന്റെ ഒരു ബാഹ്യപ്രതീകമാണ് സമാധി. നാം ലയിക്കേണ്ടതു് ദൈവത്തിലാണ്. ദൈവത്തിൽ ലയിച്ചു കഴിയുമ്പോൾ നാം പൂർണ്ണമായി ദൈവത്തിന്റേതായിത്തീരും. ദൈവത്തിന്റേതായിട്ടുള്ളവയെല്ലാം, അവിടുത്തെ മക്കൾക്ക് അവകാശപൂർവ്വം അനുഭവിക്കാനുള്ളതാണ്. അതിനാൽ സമാധി അഥവാ കൺടെംപ്ലേഷൻ നമ്മെ മനുഷ്യരിൽനിന്നും അകററിക്കളയുമെന്ന ധാരണ തെററാണ്. അതു നമ്മെ മനുഷ്യരുമായി കൂടുതൽ അടുപ്പിക്കുകയേയുള്ളു. യേശു എല്ലാ ദിവസവും സമാധികൊള്ളുന്നതു്–മരിച്ചുവീഴുന്നതും ലയിച്ചുനില്ക്കുന്നതും – പിതാവിന്റേയും മനുഷ്യരുടേയും കൈകളിലാണ്. യേശുവിന്റെ മരണത്തിന്റെ–സമാധിയുടെ – പുനരാവർത്തനമാണല്ലോ അൾത്താരയിലെ ബലി. ഈ ബലിയിൽ, അവിടുന്ന് തന്നെത്തന്നെ പിതാവിന്റെ കൈകളിലേക്കു ഉയർത്തുന്നു. പിതാവിനുള്ള കാഴ്ചയായി യേശുവിന്റെ ശരീരം നമ്മുടെ സക്രാരികൾക്കുള്ളിൽ സമാധികൊണ്ടിരിക്കുകയാണ്. പിതാവിനു കാഴ്ചയായി അർപ്പിക്കപ്പെട്ടിരിക്കുന്നതെന്തും അവിടുത്തെ മക്കൾക്കു അനുഭവിക്കാനുള്ളതാണ്. 'എടുത്തു ഭക്ഷിക്കുക' എന്നു പറഞ്ഞ് എല്ലാ ദിവസവും യേശു തന്റെ ശരീരത്തെ നമ്മുടെ കൈകളിലേക്കും എടുത്തുവക്കുന്നു. അവിടുത്തെ നാം ഉൾക്കൊള്ളുക വഴി, അവിടുന്ന് നമ്മിലും ലയിച്ച് സമാധികൊള്ളുകയാണ്. ഇതുതന്നെയായിരിക്കണം നമ്മുടെ സമാധിയുടെയും പ്രകൃതി. ദൈവത്തിൽ പൂർണ്ണമായും ലയിക്കുക. നിന്റെ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയെയെല്ലാം ധ്യാനത്തിലൂടെ ദൈവത്തിൽ നിർല്ലീനമായി കാക്കുക. നിശ്ചലനായി, ഏകാഗ്രചിത്തനായി, ദൈവത്തെമാത്രം മനസ്സിൽ ഭജിച്ചിരിക്കുക. കൈകൂപ്പി, നമ്മെത്തന്നെ കൈക്കുമ്പിളിലെടുത്തു്, അവിടുത്തെ പാദാരവിന്ദങ്ങളിൽ കാണിക്കവെച്ച്, നമഃ ചൊല്ലി ('ഞാൻ എന്റേതല്ല, അങ്ങയുടേതാണ്'' എന്ന് ചൊല്ലി) അങ്ങിൽ ലയിച്ചു നില്ക്കുക. ഈ ലയം നമ്മെ മനുഷ്യരോടും ബന്ധമുള്ളവരാക്കും. ദൈവത്തിലും മനുഷ്യരിലുമുള്ള ലയമാണ് സമാധി.

വിവേകം

ധ്യാനജീവിതത്തിൽ പുരോഗമിക്കാൻ നാലു സുകൃതങ്ങൾ പ്രത്യേകം അഭ്യസിക്കണമെന്ന് ശ്രീ. ശങ്കരാചാര്യർ പറയുന്നു. വിവേകം, വൈരാഗ്യം, ഷഡ്സമ്പത്തി, മുമുക്ഷത്വം എന്നിവയാണവ. ഇതിന് ഒന്നാകെ സാധനചതുഷ്ടയം എന്നു പറയുന്നു. വിവേചിക്കുന്നതിന് അഥവാ വേർതിരിച്ചെടുക്കുന്നതിനുള്ളകഴിവാണ് വിവേകം. ദൈവത്തിൻെറ അരൂപിയെ ലോകത്തിൻെറ അരൂപിയിൽനിന്നും വേർതിരിച്ചറിയുന്നതിനെയാണ് ഇവിടെ വിവേകം എന്നു പറയുന്നത്. നാം അറിയാതെ തന്നെ, ഇന്ന് ധാരാളം ലോകാരൂപി, പുതിയ സിദ്ധാന്തങ്ങളുടെയും അനുരൂപങ്ങളുടെയും മറപിടിച്ചുകൊണ്ട്, സന്ന്യാസഭവനങ്ങളിൽ കയറിപ്പററുന്നുണ്ട്. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയുടെവില ഇന്ന് സന്ന്യാസികൾതന്നെ ചോദ്യം ചെയ്യുന്നു. പ്രവത്തനങ്ങളുടെപേരിൽ വളരെ ലാഘവമായിനാം പ്രാത്ഥന ഉപേക്ഷിക്കുന്നു. തപസ്സും പ്രായശ്ചിത്തവും ശരീരപീഡനങ്ങളാണെന്ന് പറഞ്ഞ് നാം തിരസ്കരിക്കുന്നു. വിനീതജീവിതം, അധ്വാനം എളിമ തുടങ്ങിയവയുടെ വില നാം മറന്നുപോയിരിക്കുന്നു. ദൈവത്തിൻെറ അരൂപിയെ ലോകത്തിൻെറ അരൂപിയിൽനിന്നും വിവേചിച്ചറിയാനുള്ള നമ്മുടെ കഴിവുകുറവിനെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. നിങ്ങളിലുള്ള ദൈവാരൂപിയെ നിങ്ങൾ കെടുത്തിക്കളയരുതെന്ന് വി. പൗലോസ് ഉപദേശിക്കുന്നു. നാം സൂക്ഷം കൂടാതെ, നമ്മുടെ ശരീരസന്തോഷങ്ങൾ തേടി, പ്രാത്ഥന ഉപേക്ഷിച്ച് ജീവിച്ചാൽ, ദൈവത്തിൻെറ കാര്യങ്ങളുടെ സത്യം അനുഭവിച്ചറിയാനുള്ള നമ്മുടെ മനസ്സിൻെറ കഴിവ് കെട്ടുപോകും. നമ്മുടെ മനസ്സാക്ഷി കട്ടുത്തുപോയാൽ പിന്നെ, ആത്മീയകാര്യങ്ങളെല്ലാം അത്ഥമില്ലാത്ത അഭ്യാസങ്ങളായേ നമുക്കു തോന്നൂ. നമ്മുടെ സുഖത്തിനും സ്വാത്ഥതയ്ക്കും ജഡികാസക്തികൾക്കും അനുസരിച്ച് നാം ജീവിക്കുന്നതിനെ ന്യായീകരിക്കുന്നതിന് പററിയ പുതിയ പുതിയ തിയോളൊജികളും ഫിലോസഫികളും നാം തേടിപ്പിടിക്കും. നമ്മുടെ മനസ്സാക്ഷിയുടെ സ്വരത്തെ അവഗണിച്ചുകൊണ്ടുതന്നെ, നമ്മുടെ ലൗകികരീതികളെ പുറമെ നീതികരിച്ചുകൊണ്ടു നടക്കേണ്ട ഗതികേടും നമുക്കു വന്നുപെടും. ദൈവത്തോട് പ്രാത്ഥനയിൽ അടുത്തു ജീവിക്കാത്തവർ, തങ്ങൾ അനുഭവിച്ചിട്ടില്ലാത്ത ദൈവികകാര്യങ്ങൾ അത്ഥമില്ലാത്തവയാണെന്ന് തള്ളിപ്പറയുന്നതിൽ കാണിക്കുന്ന ആവേശം വിചിത്രമായിരിക്കുന്നു!

വൈരാഗ്യം

രാഗം, ദ്വേഷം എന്നിവയാണ് മനുഷ്യൻെറ രണ്ട് പ്രധാന വികാരങ്ങൾ. ചില കാര്യങ്ങളെ നാം ഇഷ്ടപ്പെടുന്നു; അതാണ് രാഗം. ചില കാര്യങ്ങളെ നാം വെറുക്കുന്നു അതാണ് ദ്വേഷം. ശരീരത്തിനു സന്തോഷം നല്കുന്ന കാര്യങ്ങളോട് നമുക്കു രാഗം അഥവാ ആകർഷണമുണ്ട്. പ്രാർത്ഥന, ത്യാഗം, തപസ്സ് തുടങ്ങിയ ദൈവികകാര്യങ്ങളിൽ നമുക്കു മടുപ്പാണ്. അവയോട് നമുക്കു രാഗത്തേക്കാൾ ദ്വേഷമാണ്. ഇവ രണ്ടിനേയും നാം ജയിക്കണം. വികാരങ്ങളെ സംയമം ചെയ്തിരിക്കുന്ന വിരാഗിയാകണം സന്ന്യാസി. നമ്മിലെല്ലാം പ്രധാനപ്പെട്ട ചില ദുർവികാരങ്ങൾ അഥവാ ദുർഗ്ഗുണങ്ങൾ കാണും. അവയെ നാം മനസ്സിരുത്തി പരിശ്രമിച്ച് ജയിക്കുകതന്നെ വേണം. നാം സാധാരണയായി പ്രത്യേകാത്മശോധന എന്നു പറയുന്ന കാര്യത്തിൻെറ ഉദ്ദേശ്യം ഇതാണ്. ഒരാൾക്കു കോപമാകാം പ്രത്യേക ദുർഗ്ഗുണം; വേറൊരാൾക്കു മടിയാകാം; മററു ചിലർക്ക് പ്രാർത്ഥിക്കാനുള്ള വൈമനസ്യം, ജഡികാസക്തി, ശത്രുവിരോധം, ചിലരോടുള്ള അമിതമായ പ്രതിപത്തി ഇങ്ങനെ വേറെ എന്തെങ്കിലുമാകാം. ഏതായാലും നാം നമ്മുടെമേൽത്തന്നെ ശ്രദ്ധവച്ച്, നമ്മിൽ പ്രത്യേകം മുഴച്ചുനില്കുന്ന ദുർഗ്ഗുണങ്ങളെ പരിഹരിക്കുകതന്നെ വേണം. ഇതു് അസാദ്ധ്യമാണെന്നു കരുതേണ്ട. വി. ഫ്രാൻസിസ് സാലസ് ആദ്യം വലിയ ക്ഷിപ്രകോപിയായിരുന്നു. പക്ഷെ, നിരന്തരമായ പരിശ്രമംകൊണ്ട് അദ്ദേഹം മധുരമായ പെരുമാററത്തിൻെറയും സംസാരത്തിൻെറയും അത്യുത്തമമാതൃകയായിത്തീർന്നു. നാം പരിശ്രമിക്കുമെങ്കിൽ, തീർച്ചയായും ദൈവാനുഗ്രഹമുണ്ടാകും. ദൈവാനുഗ്രഹവും നമ്മുടെ പരിശ്രമവുംകൂടി ചേന്നാൽ ഏതു ദുർഗ്ഗുണത്തേയും നമുക്കു ജയിക്കാൻ കഴിയും. സന്ന്യാസി കത്തിയടങ്ങിയ അഗ്നികുണ്ഡംപോലെയായിരിക്കണം എന്നാണ് ശങ്കരാചാര്യർ പറയുന്നതു്. സകല ദുർവികാരങ്ങളും ശമിച്ചിട്ടുള്ളവനാകണം സന്ന്യാസി എന്നാണ് ഇതിൻെറ അർത്ഥം. ഇങ്ങനെ ദുർവികാരങ്ങളെല്ലാം ശമിച്ച സന്ന്യാസിയുടെ ചിത്രമാണ് 'ഹൃദയശാന്തതയും എളിമയും' അഭ്യസിക്കാൻ നമ്മോടു കല്പിച്ചപ്പോൾ യേശുവിൻെറ മനസ്സിലുണ്ടായിരുന്നതു്.

ശമം

സാധനചതുഷ്ടയത്തിലെ മൂന്നാമത്തെ സുകൃതമായി ശങ്കരാചാര്യർ പറയുന്നതു് ഷഡ്സമ്പത്തിയെയാണ്. ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നീ ആറ് സുകൃതങ്ങളാണ് ഷഡ്സമ്പത്തി എന്നു പറയുന്നതു്. ദുർവികാരങ്ങളെല്ലാം ശമിച്ച മാനസികാവസ്ഥയാണ് ശമം എന്നു പറയുന്നതു്. നമ്മിൽ രാഗദ്വേഷാദികൾ ഇനിയും വേണ്ടവിധം ശമിച്ചിട്ടില്ലെന്നതാണ് വാസ്തവം. ഭക്ഷണം, വസ്ത്രം, പെരുമാററസാധനങ്ങൾ, താമസസ്ഥലം, ജോലി തുടങ്ങിയവയെല്ലാം നാം നമ്മുടെ സുഖവും സംതൃപ്തിയും സന്തോഷവും തേടുന്നു. നമുക്കു ഇഷ്ടമില്ലാത്തവരോട് ശാന്തമായും സ്നേഹമായും സംസാരിക്കാനും സഹകരിക്കാനും സഹവസിക്കാനും നമുക്കു സാധിക്കുന്നില്ല. സന്യാസഭവനത്തിലെ പ്രശാന്തതയെക്കാളും മൗനത്തെക്കാളും നാം ഇഷ്ടപ്പെടുന്നതു് ലോകത്തിലെ വിനോദങ്ങളും ശബ്ദബാഹുല്യവുമാണ്. നമ്മെ ന്യായമായിട്ടുപോലും മററുള്ളവർ കുററപ്പെടുത്തുമ്പോൾ, അതു് ശാന്തമായി കേൾക്കുന്നതിനുള്ള പ്രശാന്തത നമുക്കില്ല. നമുക്കു പറയാനുള്ളതു് ശാന്തമായി പറയുന്നതിനുപകരം, കോപവും വികാരവും ആവേശവും നിറഞ്ഞ് നാം സംസാരിക്കുന്നു. അനുദിനധ്യാനം, മാസധ്യാനം, വാർഷികധ്യാനം തുടങ്ങിയ പ്രാർത്ഥനയുടെ നിമിഷങ്ങളേയും ദിനങ്ങളേയും നമുക്കു ഭയമാണ്. ദൈവത്തെക്കുറിച്ച് കൂടുതൽ കൂടുതൽ വായിച്ചറിയാനുള്ള ആഗ്രഹമോ, അതിനുവേണ്ട ഏകാഗ്രതയോ നമ്മിലില്ല. ഇതെല്ലാം കാണിക്കുന്നതു് നാം ഇനിയും ശമം സിദ്ധിച്ചിട്ടുള്ള മനുഷ്യരായിക്കഴിഞ്ഞിട്ടില്ല എന്നാണ്. സ്വാർത്ഥത, സുഖപ്രിയം, അഹംഭാവം, അസൂയ, ജഡികത, മടി തുടങ്ങി അനേകം ദുർഗ്ഗുണങ്ങൾ ഇനിയും നമ്മിൽ ശമിക്കേണ്ടതായുണ്ട്. ഇങ്ങനെ ശമം സിദ്ധിച്ചിട്ടുള്ള സന്യാസി ശാന്തനും വിനീതഹൃദയനുമായിരിക്കും; ആരോടും അയാൾ പരുഷമായി സംസാരിക്കുകയില്ല; ദൈവത്തിൻെറ കയ്യിൽനിന്നും വരുന്നതെന്തും അയാൾ സമചിത്തതയോടെ സ്വീകരിക്കും; ആരോടും അയാൾക്കു അസൂയയില്ല; മൗനത്തേയും ദൈവവചന പഠനത്തേയും അയാൾ സ്നേഹിക്കുന്നു; പ്രാർത്ഥനയിൽ ദൈവത്തോടൊന്നിച്ചിരിക്കുന്നതിൽ അയാൾ വലിയ അർത്ഥവും ആനന്ദവും ദർശിക്കുന്നു. ഇങ്ങനെയുള്ള സന്യാസികളുടെ സഹവാസം ലഭിക്കുന്നതു തന്നെ ഒരു മഹാഭാഗ്യമാണ്.

ദമം

ദമം എന്ന പദത്തിന്റെ അത്ഥം ആത്മനിയന്ത്രണം, ഇന്ദ്രിയനിഗ്രഹം എന്നെല്ലാമാണ്. ദമം കൂടാതെ ശമമുണ്ടാകുകയില്ല. നമ്മുടെ ദുർഗ്ഗുണങ്ങൾ ശമിക്കണമെങ്കിൽ, നാം നമ്മെത്തന്നെ നിയന്ത്രിക്കാനും ഇന്ദ്രിയനിഗ്രഹം അഭ്യസിക്കാനും തയ്യാറായിരിക്കണം. ഇന്ദ്രിയങ്ങളെ അവയ്ക്കു തോന്നുംപടി വിട്ടുകൊടുത്തശേഷം, വികാരങ്ങൾക്കു അടിമപ്പെടാത്തവരായി ജീവിക്കാമെന്നു് നാം വിചാരിക്കുന്നുണ്ടെങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണു്. ഇഷ്ടമുള്ളതെല്ലാം കാണുകയും കേൾക്കുകയും പറയുകയും വായിക്കുകയും സംസാരിക്കുകയും ചെയ്യുന്നൊരു സന്ന്യാസിക്കു്, ധ്യാനത്തിൽ ഏകാഗ്രത കിട്ടുക സാധ്യമല്ല. നമുക്കു അനുവദനീയമായി പലതുമുണ്ടാകാം: പക്ഷെ എല്ലാം നമുക്കു പ്രയോജനകരമല്ല. നീ എല്ലാററിനേയും വിവേചിക്കുക; നല്ലതുമാത്രം സ്വീകരിക്കുക എന്നാണു് വി. പൗലോസ് പറയുന്നതു്. അതിനാൽ നാം നമ്മുടെ മേൽത്തന്നെ ചില നിയന്ത്രണങ്ങളൊക്കെ വയ്ക്കണം. ഭക്ഷണം, ഉറക്കം, എഴുന്നേല്ക്കൽ, പ്രാത്ഥന, പഠനം, തപശ്ചര്യകൾ തുടങ്ങിയ കാര്യങ്ങളിൽ നമുക്കു നമ്മുടേതായ ചില നിഷ്ഠകളും നിർബന്ധങ്ങളുമുണ്ടായിരിക്കണം. അതുപോലെ തന്നെ നമ്മുടെ വസ്ത്രം, പെരുമാററസാധനങ്ങൾ, വിശ്രമം, സൗകര്യങ്ങൾ എന്നിവയെല്ലാം സാധിക്കുന്നത്ര ലളിതവും വിനീതവുമായിരിക്കണമെന്നു് നമുക്കു നല്ല നിർബന്ധം വേണം. മററുള്ളവർ അവരുടെ നന്മകൊണ്ടു്, നല്ലതും വില കൂടിയതുമായ സാധനങ്ങൾ നമുക്കു നല്കിയെന്നിരിക്കും; എന്നിരുന്നാലും, നാം ഉപയോഗിക്കുന്നവ സാധാരണവും ദരിദ്രോചിതവുമായിരിക്കണമെന്നകാര്യത്തിൽ നാം ഒരുതരം നിർബന്ധം തന്നെ പിടിക്കണം. വിനീതവും താപസോചിതവുമായി ജീവിക്കുന്ന സന്ന്യാസിയെപ്പററി മാത്രമേ മററുള്ളവക്കു ഹൃദയത്തിൽ മതിപ്പുണ്ടാകൂ. നാം ഇന്ദ്രിയനിഗ്രഹമില്ലാതെ സുഖസന്തോഷങ്ങളിൽ മുഴുകി ജീവിക്കുന്നതായിക്കാണുമ്പോൾ, മററുള്ളവക്കു നമ്മെപ്പററി പുച്ഛമേ തോന്നൂ. സന്ന്യാസിയുടെ വസ്തുക്കളും സൗകര്യങ്ങളും വില കുറഞ്ഞവയും ദരിദ്രോചിതവുമായിരിക്കുന്നതുകൊണ്ടു്. ആക്കും അയാളെപ്പററി ഒരു മതിപ്പുകുറവും തോന്നുകയില്ല; കൂടുതൽ മതിപ്പേ തോന്നൂ. മററുള്ളവക്കു നാം നല്കുന്ന സൗകര്യങ്ങൾ ഒന്നാംതരമായിരിക്കണം; നമുക്കായി നാം ഉപയോഗപ്പെടുത്തുന്ന സൗകര്യങ്ങളും കാര്യങ്ങളും സാധിക്കുന്നത്ര സാധാരണവും വിനീതവും ദരിദ്രോചിതവും.

ഉപരതി

ദൈവത്തേയും മററുള്ളവരേയുംപ്രതി നമ്മുടെ സുഖസന്തോഷങ്ങൾ ഉപേക്ഷിക്കാനുള്ള മനസ്സിനാണ് ഉപരതി എന്നു പറയുന്നത്. നമ്മെത്തന്നെ നിയന്ത്രിക്കാൻ നമുക്കു സാധിക്കണമെങ്കിൽ, പല കാര്യങ്ങൾ ഉപേക്ഷിക്കാനും നാം സന്നദ്ധരായിരിക്കണം. ഒന്നും ഉപേക്ഷിക്കാൻ മനസ്സില്ലാതെ, നമുക്കു തോന്നുംപടി ജീവിക്കുകയും, അതേസമയം ആത്മനിയന്ത്രണം പരിശീലിക്കുകയും ചെയ്തുകൊള്ളാമെന്ന് നാം വിചാരിച്ചാൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. ജഡത്തിനു സന്തോഷം നല്കുന്ന കാര്യങ്ങളുടെ പിറകെ പോകാനാണ് ഇന്ദ്രിയങ്ങൾക്കു താല്പര്യം. ആത്മാവിനു പ്രയോജനം കിട്ടണമെങ്കിൽ, ഇന്ദ്രിയങ്ങളുടെ ജഡികാസക്തികൾ നാം കടിഞ്ഞാണിടുകതന്നെ വേണം. പ്രാർത്ഥനയുടെ സമയത്ത് സംസാരിച്ചുകൊണ്ടിരിക്കാനോ, ലൗകികവിനോദങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കാനോ നമുക്കു പ്രലോഭനം തോന്നിയേക്കാം. ഇന്ദ്രിയങ്ങളുടെ ഈ ആകർഷണത്തെ നാം ചെറുത്തുനിൽക്കുകതന്നെ വേണം. നാം ഒരാളോടു തെററു ചെയ്താൽ, ക്ഷമ ചോദിക്കുന്നതിന്ന് നമ്മുടെ അഹംഭാവം തടസ്സം നില്ക്കും; വേറൊരാൾക്കുവേണ്ടി നമ്മുടെ സമയം, ആരോഗ്യം, സൗകര്യങ്ങൾ എന്നിവ അല്പമായിട്ടെങ്കിലും ഉപേക്ഷിക്കുന്നതിന് നമ്മുടെ സ്വന്തം കാര്യത്തിൽ നമുക്കുള്ള അമിത താല്പര്യംമൂലം, നമുക്കു മടി തോന്നും. നമ്മെത്തന്നെ ന്യായീകരിക്കാനും സമർത്ഥിക്കാനുമുള്ള അമിതമായ നമ്മുടെ ആവേശംകൊണ്ട്, മൗനമായിരിക്കാനും കോപിക്കാതെ ശാന്തമായി സംസാരിക്കാനും നമുക്കു കഴിയാതെ പോകും. ഇതെല്ലാം കാണിക്കുന്നത്, ഇനിയും നാം നമ്മുടെമേൽത്തന്നെ വേണ്ടത്ര വിജയം--ആത്മവിജയം നേടിയിട്ടില്ലെന്ന സത്യത്തെയാണ്. ഇതിനുള്ള കാരണം, നമ്മുടെ ഇന്ദ്രിയങ്ങൾക്കും ജഡികതയ്ക്കും താല്പര്യമുള്ള പല കാര്യങ്ങളും ഉപേക്ഷിക്കാൻ ഇനിയും നമുക്കു മനസ്സില്ലെന്നുള്ളതുതന്നെയാണ്. നമ്മെത്തന്നെ ഉപേക്ഷിക്കാതെ നമുക്കു യേശുവിനെ പിഞ്ചെല്ലുക സാധ്യമല്ല. യേശുവിനേക്കാൾ ഉപരിയായി നാം മററു പലതിനെയും സ്നേഹിക്കുന്നു. അവയെ യേശുവിനെപ്രതി ഉപേക്ഷിക്കാൻ നമുക്കു മനസ്സില്ല. ഫലമോ? നാം നമ്മുടെത്തന്നെ സ്വാർത്ഥതയുടെയും ജഡികതയുടെയും അടിമയായിക്കഴിയുകയും ചെയ്യുന്നു. യേശുവിനേയും നമ്മെത്തന്നെയും ഒരുമിച്ച് പ്രസാദിപ്പിക്കാമെന്നു കരുതുന്നതു മൗഢ്യമാണ്.

തിതിക്ഷ

സുഖത്തേയും ദു:ഖത്തേയും ജയത്തേയും പരാജയത്തേയും ഒരുപോലെ കാണാൻ നമ്മെ പ്രാപ്തരാക്കുന്ന സമഭാവനയാണ് തിതിക്ഷ എന്നു പറയുന്നത്. ഈ സമഭാവനയുടെ കുറവു കൊണ്ടാണ്, നമുക്കു പലപ്പോഴും ഉപേക്ഷ വിഷമമായിത്തോന്നുന്നത്. ദു:ഖത്തേക്കാൾ എന്തോ കൂടുതലായി സുഖത്തിലുണ്ടെന്നു നാം വിചാരിക്കുന്നു; പരാജയത്തേക്കാൾ എന്തോ കൂടുതലായി ജയത്തിലുണ്ടെന്നു നാം തെററിദ്ധരിക്കുന്നു. നാം നമുക്കായി തെരഞ്ഞെടുക്കുന്ന സുഖത്തേക്കാളും ജയത്തേക്കാളും നമുക്കു നല്ലത്, ദൈവം അറിഞ്ഞും മനസ്സായും നമ്മുടെ നന്മയ്ക്കുവേണ്ടി അനുവദിക്കുന്ന ദു:ഖവും പരാജയവുമാണെന്നു നാം മറന്നു പോകുന്നു. അതിനാൽ നമ്മുടേതായ സുഖങ്ങളും ജയങ്ങളും ഉപേക്ഷിച്ച്, ദൈവപരിപാലനയിൽ നമുക്കുവരുന്ന ദു:ഖങ്ങളേയും പരാജയങ്ങളേയും സമചിത്തതയോടെ സമാശ്ലേഷിക്കാൻ നമുക്കു സാധിക്കാതെ വരുന്നു. ഒന്നിനോടും നിൻെറ മനസ്സ് ഒട്ടിപ്പിടിക്കരുത്. ദൈവ പരിപാലനയിൽ വരുന്നതെന്തും, ദൈവത്തെ സ്നേഹിക്കുന്നവക്കു എല്ലാം നന്മയ്ക്കായി സംഭവിക്കുന്നു എന്ന ഉത്തമവിശ്വാസത്തോടെ, ശാന്തചിത്തനായി സ്വീകരിക്കുക. നിൻെറ ആരോഗ്യം, ജോലി, പ്രവത്തനസ്ഥലം, അധികാരികൾ, സഹപ്രവത്തകർ, വിജയം തുടങ്ങിയ അനേകം കാര്യങ്ങൾ, നിൻെറ പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കും കണക്കുക്കൂട്ടലുകൾക്കും വിപരീതമായി ചിലപ്പോഴെങ്കിലും സംഭവിച്ചെന്നിരിക്കും. അത്തരം സന്ദർഭങ്ങളിൽ നീ അന്ധമായി പ്രതിഷേധിച്ചും, മററുള്ളവരെ പഴിപറഞ്ഞും. അവരോട് നിസ്സഹകരിച്ചും നടക്കരുത്. അപ്പോഴെല്ലാം ക്ഷമയും പ്രസന്നതയും സമചിത്തതയും കൈവെടിയാതെ, ദൈവത്തിൻെറ പരിപാലനയിൽ വിശ്വസിച്ച് നിൻെറ കടമകൾ കഴിയുന്നത്ര പൂർണ്ണതയോടും ഉത്തരവാദിത്വബോധത്തോടുംകൂടി നിർവഹിക്കുക. ദൈവത്തിൽ വിശ്വസിച്ചിട്ടുള്ള ആക്കും ഒരുനാളും ലജ്ജിക്കേണ്ടിവരികയില്ല. 'എൻെറ മനസ്സല്ല, നിൻെറ മനസ്സ് നിറവേററട്ടെ' എന്നുച്ചരിച്ച് കുരിശിലേറിയ യേശുവിനെ, പിതാവ് ഉയിപ്പിച്ച് മഹത്വീകരിച്ചതു് ഒരിക്കലും മറക്കാതിരിക്കുക. നാം നമ്മുടെ വിജ്ഞാനം കാട്ടി പരാജയപ്പെടുന്നതിനേക്കാൾ നല്ലതു്, ദൈവത്തിൻെറ ഭോഷത്വം അനുവത്തിച്ച് വിജയിക്കുന്നതാണ്.

ശ്രദ്ധ

ശ്രദ്ധ എന്ന പദത്തിൻെറ അത്ഥം വിശ്വാസം എന്നാണു്. ദൈവവചനം ശ്രദ്ധാപൂവ്വം കേട്ടനുസരിക്കുന്നതാണല്ലോ വിശ്വാസത്തിൻെറ കാതൽ. ദൈവപരിപാലനയിൽ നമുക്കു സംഭവിക്കുന്നതെന്തും സമഭാവനയോടെ സ്വീകരിക്കാൻ നമുക്കു കഴിയാത്തതിനുള്ള കാരണം, ദൈവത്തിലുള്ള നമ്മുടെ വിശ്വാസക്കുറവത്രെ. നാം നമുക്കായി നമ്മുടെ മാനുഷിക വിജ്ഞാനം ഉപയോഗിച്ചു് ഓരോരോ പരിപാടികരം ആസൂത്രണം ചെയ്യുന്നു. നമ്മുടെ പരിപാടിപ്രകാരം കാര്യങ്ങരം പര്യവസാനിച്ചാൽ, എല്ലാം മംഗളകരമായി എന്നു നാം വിചാരിക്കുകയും ചെയ്യുന്നു. പക്ഷെ മനുഷ്യൻെറ കാഴ്ച എത്രയോ ഹ്രസ്വമാണെന്ന കാര്യത്തെപ്പററി നാം വിചാരിക്കുന്നേയില്ല. കണ്ണു തുറന്നു് നേരെ നോക്കിയാൽ, നമുക്കു ആകെപ്പാടെ കാണാവുന്നതു് അങ്ങു് മുന്നിൽക്കാണുന്ന ചക്രവാളംവരെയുള്ള കാര്യങ്ങരം മാത്രമാണു്. അകലേയ്ക്കുള്ള നമ്മുടെ കാഴ്ച അത്രയ്ക്കേയുള്ളു; അതുപോകട്ടെ, വളരെ അടുത്തിരിക്കുന്ന കാര്യങ്ങരംപോലും നമുക്കു ശരിയായി കാണാൻ സാധിക്കുന്നില്ലെന്നതാണു് പരമാത്ഥം. നാം വായിക്കുന്ന പുസ്തകംതന്നെ കണ്ണിനോടു വളരെ അടുപ്പിച്ചുപിടിച്ചാൽ നമുക്കു വ്യക്തമായി കാണാൻ സാധിക്കാതെ വരുമല്ലോ. അതുകൊണ്ടു് അടുത്തുള്ളവയുടെ കാര്യത്തിലായാലും, അകലെയുള്ളവയുടെ കാര്യത്തിലായാലും, മനുഷ്യനു വളരെ പരിമിതമായ കാഴ്ചയേയുള്ളു. എല്ലാം ഒരുപോലെ വ്യക്തമായി കാണുന്നതു് എല്ലാററിനും മുകളിലിരിക്കുന്ന ദൈവമൊരാരം മാത്രമാണു്. തന്മൂലം ദൈവത്തിനു നമ്മെക്കുറിച്ചുള്ള കാഴ്ചയാണു് ഏററവും ശരിയായ കാഴ്ച. അതുകൊണ്ടു് നമ്മുടെ പരിപാടികളിൽനിന്നും കണക്കുകൂട്ടലുകളിൽനിന്നും വിഭിന്നമായി നമ്മെ സംബന്ധിച്ചുള്ള ദൈവത്തിൻെറ തീരുമാനങ്ങരം വരുമ്പോരം നാം ചഞ്ചലിക്കരുതു്. നമ്മെ സംബന്ധിച്ചു് ഏററവും നല്ലതു് ദൈവത്തിൻെറ തീരുമാനം തന്നെയാണെന്നു് ദൃഢമായി വിശ്വസിച്ചുകൊണ്ടു്, സമാധാനമായും സംതൃപ്തമായുമിരിക്കുക. ദൈവത്തിൽ വിശ്വസിച്ചവക്ക് ഒരുനാളും ലജ്ജിക്കേണ്ടിവന്നിട്ടില്ല. അബ്രാഹത്തിൻെറ ചരിത്രമതാണു്, യേശുവിൻെറ ചരിത്രമതാണു്; നാം ദൈവത്തിൽ അചഞ്ചലമായി വിശ്വസിച്ചാൽ നമ്മുടേയും ചരിത്രം അതുതന്നെ ആയിരിക്കും.

സമാധാനം

ദൈവവചനം – ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഹിതം – അറിയാൻ ശ്രദ്ധിക്കാതെ, ഓരോരോ കാര്യങ്ങൾ നമ്മുടെ പരിപാടിപ്രകാരം നടത്താൻ നാം വ്യഗ്രതപ്പെട്ടു നടന്നാൽ, ഉണ്ടാകാവുന്ന ഫലം സമാധാനക്കേടുമാത്രമാണു്. മർത്താസ്സു പിണഞ്ഞ അപകടം ഇതായിരുന്നു. യേശുവിൻെറ ഹിതം അറിഞ്ഞ് അതനുവർത്തിക്കുന്നതിനല്ലായിരുന്നു മർത്തായുടെ വ്യഗ്രത. യേശുവിനുവേണ്ടി തനിക്കിഷ്ടപ്പെട്ട കുറെക്കാര്യങ്ങൾ ചെയ്തുകൂട്ടുന്നതിനായിരുന്നു അവൾ തത്രപ്പെട്ടതു്. തന്മൂലം അവൾ അനേകകാര്യങ്ങളിൽ പര്യാകുലയും വ്യഗ്രചിത്തയുമായിത്തീർന്നു. അവളുടെ സമാധാനം നഷ്ടപ്പെട്ടു. യേശുവിനു ഇഷ്ടകരമായതു് ഏതെന്നു് തിരിച്ചറിയാൻപോലും അവൾക്കു സാധിക്കാതെപോയി. മറിയം തെരഞ്ഞെടുത്തതു് നല്ല ഭാഗമാണെന്ന കാര്യവും അവളുടെ ശ്രദ്ധയിൽ പെട്ടില്ല. നമുക്കും ഇങ്ങനെതന്നെ സംഭവിക്കാം. ദൈവഹിതം അറിയാൻ പരിശ്രമിക്കാതെ, നാം നമ്മുടെ പരിപാടികളനുസരിച്ച് ദൈവത്തിനുവേണ്ടി എന്നു പറഞ്ഞ് ഓരോരോ കാര്യങ്ങൾ ചെയ്യുന്നതിനായി ഓടി നടക്കും. ദൈവഹിതം നമ്മുടെ പരിപാടികളിൽനിന്നും വിഭിന്നമാണെന്നു് മനസ്സിലായാൽപ്പോലും, നാം ദുശ്ശാഠ്യപൂർവം നമ്മുടെ പരിപാടികളിൽ അമിതവിശ്വാസം പുലർത്തി മുന്നോട്ടുപോകും. ഫലം സമാധാനക്കേടു മാത്രമായിരിക്കും. ദൈവഹിതത്തിനു എല്ലാക്കാര്യത്തിലും സസന്തോഷം കീഴ്പ്പെട്ടു നടക്കുന്നയാൾക്കു് സമാധാനക്കേടിനു ഒരു കാരണവുമില്ല. വിജയം വന്നാൽ, അതിനെപ്രതി അയാൾ ദൈവത്തിനു നന്ദി പറയും. പരാജയം വന്നാലും, അയാൾ ഒട്ടും അസ്വസ്ഥനാകില്ല. ദൈവത്തിൻെറ ഹിതം അനുവർത്തിച്ചതു മൂലം തനിക്കു പരാജയം വരാൻ ദൈവം അനുവദിക്കുകയില്ലെന്ന വിശ്വാസം, ദൈവത്തിൻെറ വഴികളിലുള്ള അയാളുടെ പ്രതീക്ഷയെ സജീവമായി കാക്കും. സ്വന്തം ഇഷ്ടം ചെയ്യുന്ന ആളെ, താൻ വിജയിക്കുമോ എന്ന ചിന്ത എപ്പോഴും അസ്വസ്ഥനാക്കിക്കൊണ്ടിരിക്കും. പുറമെ വിജയം ലഭിച്ചാൽ, അതു് എത്രനാൾ നിലനില്ക്കുമെന്നു് അയാൾക്കറിയില്ല. പരാജയം വന്നാൽ, ദൈവത്തിലോ മററുള്ളവരിലോ ആശ്വാസം തേടാൻ അയാൾക്കു ധൈര്യമുണ്ടാകില്ല. ദൈവത്തെയും മററുള്ളവരെയും ധിക്കരിച്ചാണല്ലോ അയാൾ സ്വന്തം വഴികളെ പിൻതുടർന്നതു്. ദൈവത്തിൽ വിശ്വസിക്കുന്നവരത്രെ ശാശ്വതമായ സമാധാനം അനുഭവിക്കുക.

മുമുക്ഷുത്വം

സാധനചതുഷ്ടയത്തിലെ നാലാമത്തെ സുകൃതം മുമുക്ഷുത്വമാണ്. മോക്ഷം പ്രാപിക്കാനുള്ള ആഗ്രഹത്തിനാണ് മുമുക്ഷുത്വം എന്നു പറയുന്നത്. നശ്വരമായ ഇഹലോക സമ്പത്തുകളിലല്ല നാം മനസ്സുറപ്പിക്കേണ്ടത്. ചിതൽ തിന്നുന്നതും കള്ളൻ മോഷ്ടിക്കുന്നതുമായ ധനത്തിലല്ല നമുക്കു താല്പര്യമുണ്ടാകേണ്ടത്; നമ്മുടെ ഹൃദയം ചിതൽ തിന്നാത്തതും കള്ളൻ കവരാത്തതുമായ സ്വർഗ്ഗീയ നിക്ഷേപങ്ങളിലായിരിക്കണം. നാം പലപ്പോഴും പരാതിപ്പെടുന്നത്, സന്ന്യാസത്തിൽ വന്നിട്ട് നമുക്കു വേണ്ടത്ര പഠിക്കാൻ കഴിഞ്ഞില്ല, ഉയരാൻ കഴിഞ്ഞില്ല എന്നെല്ലാം പറഞ്ഞാണ്. വാസ്തവത്തിൽ നമുക്കു ദുഃഖമുണ്ടാകേണ്ടത് ഈ വക കാര്യങ്ങളെ ചൊല്ലിയല്ല. 'യേശുവിനെ ഇനിയും ഞാൻ വേണ്ടത്ര സ്നേഹിച്ചിട്ടില്ലല്ലോ, യേശുവിനുവേണ്ടി ഇനിയും ഞാൻ കാര്യമായൊന്നും സഹിച്ചിട്ടില്ലല്ലോ, എന്റെ സഹോദരന്മാർക്കുവേണ്ടി, പ്രത്യേകിച്ച് അവരിൽ കൂടുതൽ അവശതയനുഭവിക്കുന്നവർക്കുവേണ്ടി ഇനിയും ഞാൻ എന്നാൽ സാധിക്കുന്നതിന്റെ പരമാവധി ചെയ്തിട്ടില്ലല്ലോ' - ഇങ്ങനെയുള്ള കാര്യങ്ങളെ ഓർത്തിട്ടാകണം നാം പരിഭവിക്കേണ്ടതും പരാതി പറയേണ്ടതും. നമ്മുടെ മനസ്സ് നമ്മിലല്ല, യേശുവിലും നമ്മുടെ സഹോദരരിലുമാണ് എന്നതിനുള്ള ശരിയായ തെളിവാണത്. നമുക്കിഷ്ടപ്പെട്ട ബിരുദം ജോലി, സുഖസൗകര്യങ്ങൾ എന്നിവയെല്ലാം നേടുന്നതിനായി നാം എത്രയോ കിണഞ്ഞു പരിശ്രമിക്കുന്നു. എന്നാൽ വിനയം, പ്രാർത്ഥനാശീലം, ദാരിദ്ര്യചൈതന്യം, ശുശ്രൂഷാതാല്പര്യം, സഹനസന്നദ്ധത, ക്ഷമ തുടങ്ങിയ സുകൃതങ്ങൾ ആർജ്ജിക്കുന്നതിനു് നാം കാര്യമായ യാതൊരു പരിശ്രമവും ചെയ്യുന്നില്ല. സ്വർഗ്ഗീയകാര്യങ്ങളിലല്ല, ലൗകിക കാര്യങ്ങളിലാണ് നമ്മുടെ മനസ്സ് ഇനിയും കെട്ടുപിണഞ്ഞു കിടക്കുന്നത് എന്ന വാസ്തവമാണ് ഇതെല്ലാം കാണിക്കുന്നത്. ആത്മീയ കാര്യങ്ങൾക്കുവേണ്ടിയുള്ള നിന്റെ ആഗ്രഹത്തെ ആഴപ്പെടുത്തുക. യേശുവിനെ അറിയണം, സ്നേഹിക്കണം എന്നതായിരിക്കണം നിന്റെ ഒരേയൊരു ജ്വരം. യേശുവിനെപ്പററി എത്ര വായിച്ചാലും മതിയാകില്ല, അവിടത്തെ എത്ര ശുശ്രൂഷിച്ചാലും മതിവരില്ല, അവിടത്തേയ്ക്കുവേണ്ടി എത്ര സഹിച്ചാലും തളരില്ല, അവിടത്തോട് പ്രാർത്ഥനയിൽ എത്ര സംസാരിച്ചാലും മതിയാകയില്ല എന്ന നില വരുമ്പോൾ നീ സ്വർഗ്ഗീയ കാര്യങ്ങളിൽ ആഗ്രഹമുള്ളവനായി.

സ്ഥിതപ്രജ്ഞൻ

ഒന്നിനും തന്നെ ദൈവത്തിൽനിന്നും ഇളക്കാൻ വയ്യാത്ത വിധം അത്രയ്ക്കും ഗാഢമായും സ്ഥിരമായും ദൈവത്തിൽ ഉറച്ചിരിക്കുന്ന സന്ന്യാസിയാണ് സ്ഥിതപ്രജ്ഞൻ. അയാളുടെ പ്രജ്ഞ ദൈവത്തിൽ ഇളകാത്തവിധം ഉറച്ചുനില്ക്കുന്നു. യാതൊരു ശക്തിക്കും—ധനത്തിനോ ദാരിദ്ര്യത്തിനോ, സുഖത്തിനോ ദുഃഖത്തിനോ, ലാഭത്തിനോ നഷ്ടത്തിനോ, ജീവിതത്തിനോ മരണത്തിനോ—അയാളെ ദൈവത്തിൽനിന്നും വ്യതിചലിപ്പിക്കാൻ കഴിയുകയില്ല. പ്രജ്ഞ എന്നതു് വെറുതെ ബോധം മാത്രമല്ല; ബോധവും ബോധ്യവും, മനസ്സും മനസ്സാക്ഷിയും ഒന്നിച്ചുചേർന്നിട്ടുള്ള പ്രതിജ്ഞയാണതു്. ദൈവത്തെ സ്നേഹിക്കണം, യേശുവാണ് ഏററവും വലിയ നിധി, സന്ന്യാസം ഭാഗ്യമാണ്, പ്രാർത്ഥന അപരിത്യാജ്യമാണ് എന്നു തുടങ്ങിയ കാര്യങ്ങൾ നമുക്കെല്ലാം അറിയാം; താത്വികമായി നാം അവ സമ്മതിക്കുകയും ചെയ്യും. പക്ഷെ അവ ഇനിയും നമുക്കു മനഃസാക്ഷിയുടെ പ്രശ്നങ്ങളായിത്തീർന്നിട്ടില്ല. നാം യേശുവിനെ സ്നേഹിക്കാത്തതുകൊണ്ടും, സന്ന്യാസം ഏററവും നന്നായി ജീവിക്കാത്തതുകൊണ്ടും, പ്രാർത്ഥന പലപ്പോഴും ഉപേക്ഷിക്കുന്നതുകൊണ്ടും നമുക്കു കാര്യമായ അസ്വസ്ഥതയൊന്നും തോന്നാറില്ല! അതായതു്, അവയെല്ലാം നമ്മെ സംബന്ധിച്ചിടത്തോളം, തത്വത്തിൽ നാം അംഗീകരിക്കുന്ന വിഷയങ്ങളായി നിലനില്ക്കുന്നതല്ലാതെ നമ്മുടെ ഒരേയൊരു ജ്വരവും അഭിലാഷവുമായിക്കഴിഞ്ഞിട്ടില്ല. അങ്ങനെയായിക്കഴിയുമ്പോൾ, പ്രാർത്ഥന ഉപേക്ഷിച്ചാൽ നമുക്കു ഉറക്കം വരാതാവും; സന്ന്യാസജീവിതത്തിൽ വിശ്വസ്തതക്കുറവ് കാണിച്ചാൽ നമുക്കു സമാധാനക്കേടാവും; യേശുവിനെ സങ്കടപ്പെടുത്തുക എന്നതു് നമുക്കു പ്രാണൻ പോകുന്നതിലേറെ വേദനാജനകമായിരിക്കും. പല സന്ന്യാസികളും തങ്ങൾക്കു ധനം, വിദ്യാഭ്യാസം, ഉദ്യോഗം, സ്വാതന്ത്ര്യം എന്നിവ ലഭിച്ചു കഴിയുമ്പോൾ യേശുവിനേയും സന്ന്യാസത്തേയും സ്വന്തം സഭയേയും വിട്ടുപിരിയുന്നതു് നാം കാണാറില്ലേ? യേശുവിനോടും സന്ന്യാസത്തോടും തങ്ങളെ വളർത്തിയ സഭയോടും അവർക്കുള്ള സ്നേഹവും കടപ്പാടും സമർപ്പിതത്വവും അത്രയ്ക്കേ ഉള്ളൂ എന്നർത്ഥം! അവർക്കാർക്കും സ്ഥിതപ്രജ്ഞതയില്ല. 'യേശുവിനോടുള്ള സ്നേഹത്തിൽനിന്നും ആർ എന്നെ വേർപെടുത്തും?' എന്നു വെല്ലുവിളിച്ച വി. പൗലോസ് സ്ഥിതപ്രജ്ഞനായിരുന്നു.

അധ്യയനം

അധ്യയനം എന്ന വാക്കിൻെറ അത്ഥം പഠിക്കൽ എന്നാണ്. ദൈവവചനം പഠിക്കുന്നതിനെയാണ് ഇവിടെ അധ്യയനമായി കണക്കാക്കുന്നതു്. ദൈവവചനപഠനം സന്ന്യാസിയുടെ മുഖ്യമായ ഒരു കടമയാണ്. ലോകത്തിൽ ദൈവത്തിൻെറ വചനവും വിജ്ഞാനവും നിലനിറുത്താനുള്ളവരാണ് സന്ന്യാസികൾ. ലൗകികങ്ങളായ വിജ്ഞാനങ്ങൾ നിലനിറുത്താൻ ലോകത്തിലുള്ളവർ പരിശ്രമിച്ചുകൊള്ളും. സന്ന്യാസികളെന്ന നിലയിൽ നമ്മുടെ പ്രധാനമായ കടമ ദൈവത്തെക്കുറിച്ചുള്ള അറിവ് ആജ്ജിക്കുകയും, അതു് ലോകത്തിൽ പ്രചരിപ്പിക്കുകയും നിലനിറുത്തുകയുമാണ്. ദൈവത്തിൻെറ വിജ്ഞാനം പൂർത്തീകരിച്ചിരിക്കുന്നതു് യേശുവിലാണ്. അതിനാൽ യേശുവിനെ അറിയാനായിരിക്കണം നമ്മുടെ മുഖ്യമായ യത്നം. സുവിശേഷങ്ങളിലൂടെയല്ലാതെ നമുക്കു യേശുവിനെ അറിയാൻ നിവ്വാഹമില്ല. അതിനാൽ സുവിശേഷങ്ങൾ നമ്മുടെ നിരന്തരമായ പഠനവിഷയമാകണം. അവ പ്രാത്ഥനാപൂവ്വം വായിച്ചാൽ നമുക്കു നമ്മുടേതായ പല ഉൾക്കാഴ്ചകളും കിട്ടുന്നതാണ്. നമ്മുടെ നിരന്തരമായ ധ്യാനവിഷയമായിരിക്കണം സുവിശേഷങ്ങൾ. അവ എന്നും ഭക്തിപൂവ്വം കയ്യിലെടുത്തു് ധ്യാനപൂർവം വായിക്കുക. നിൻെറ ചിന്തയിലും സംസാരത്തിലും പ്രവത്തനങ്ങളിലും വലിയ വ്യത്യാസമുണ്ടാകും. യേശുവെന്ന മനുഷ്യനെ നീ ഇതുവരെയും വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. അവിടുത്തെ ശാന്തത, മാധുരി, ദൈവസ്നേഹം, ത്യാഗചൈതന്യം, ക്ഷമ, വിനയം, മനുഷ്യശുശ്രൂഷ, പ്രാത്ഥനാഭാവം, ലാളിത്യം, ഗഹനത തുടങ്ങി അവിടുത്തെ വ്യക്തിത്വത്തിൻെറ പല ആഴങ്ങളിലേയ്ക്കും നിൻെറ മനസ്സ് ഇനിയും വേണ്ടവിധം കടന്നുചെന്നിട്ടില്ല. സുവിശേഷങ്ങളെക്കുറിച്ചു് ഓരോ ദിവസവും നീ ധ്യാനിച്ചുധ്യാനിച്ചു വരുന്നതനുസരിച്ച്, യേശുവിനെ നിനക്കു കൂടുതൽ കൂടുതൽ മനസ്സിലായിത്തുടങ്ങും. യേശുവിൻെറ വ്യക്തിത്വം നിൻെറ മനസ്സിനെ ഭ്രമിപ്പിക്കാൻ തുടങ്ങും. യേശുവിനെ അറിയാതെ, മറെറന്തറിഞ്ഞാലും, പ്രയോജനമില്ലെന്നു നിനക്കു ബോധ്യമാകും. ആ സവ്വോൽകൃഷ്ടമായ ജ്ഞാനം നേടുന്നതിനായി എത്ര ബുദ്ധിമുട്ടിയാലും അധികമായെന്നു നീ കരുതുകയില്ല. യേശുവില്ലാത്തൊരു ലോകത്തെപ്പററി നിനക്കു ചിന്തിക്കാനേ കഴിയാതാകും.

ആഗമം

പഠനത്തിനുവേണ്ട ഒന്നാമത്തെ വ്യവസ്ഥ ആഗമമാണെന്നു് ഭാരതീയർ പറയുന്നു. ശിഷ്യനു പഠിക്കാൻ കഴിയണമെങ്കിൽ ഒന്നാമതായി, പഠിക്കാനുള്ള വചനം ഗുരുമുഖത്തുനിന്നും ആഗമിക്കണം. നമ്മുടെ ഗുരു യേശുവാണ്. യേശുവിൻെറ പാദപത്മങ്ങളിൽ ധ്യാനനിർല്ലീനരായിരുന്നു്, അവിടുത്തെ തിരുമുഖത്തുനിന്നും ഉതിരുന്ന വാക്കുകൾ നാം സ്നേഹപൂർവ്വം ശ്രവിച്ചുകൊണ്ടിരിക്കണം. ഇതാണ് മറിയം ചെയ്തതു്. നാം എത്രയ്ക്കധികമായി പ്രവർത്തിക്കുന്നുവോ, അത്രയ്ക്കും കൂടുതലായി ധ്യാനനിർല്ലീനരായി ജീവിക്കുക ആവശ്യമാണ്. അല്ലെങ്കിൽ, നാം യേശുവിൻെറ വചനം കേട്ട്, അവിടുത്തേയ്ക്കിഷ്ടപ്പെട്ടവ ചെയ്യുന്നതിനുപകരം, അവിടുത്തേയ്ക്കുവേണ്ടി എന്ന പേരിൽ നമ്മുടെ സ്വന്തം പരിപാടികൾ നടപ്പിലാക്കുക എന്ന അബദ്ധത്തിൽ ചെന്നുചാടും. അതുകൊണ്ടു്, പ്രവർത്തനങ്ങളുടെ പേരിൽ പ്രാർത്ഥന മാററി വയ്ക്കുന്നതും ഉപേക്ഷിക്കുന്നതും ശരിയല്ല. ഓരോ ദിവസവും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ്, കിട്ടാവുന്നത്ര സമയം, ദിവ്യകാരുണ്യസന്നിധിയിൽ യേശുവിൻെറ മുമ്പാകെ ധ്യാനലീനനായിരിക്കുക. അവിടുത്തെ വചനം പലപല രൂപത്തിൽ നിന്നിലേയ്ക്കു ആഗമിക്കും. നിനക്കു പ്രകാശം ആവശ്യമാണു്; ധൈര്യം കിട്ടണം; ആശ്വാസവും മാർഗ്ഗദർശനവും ലഭിക്കണം. മാതൃകായോഗ്യമായി പ്രവർത്തിക്കാൻ, ശാന്തമായി സംസാരിക്കാൻ, സഹകരിച്ചു് ഓരോ കാര്യങ്ങൾ ചെയ്യാൻ, സ്നേഹത്തോടെ പെരുമാറാൻ, മറക്കാൻ, പൊറുക്കാൻ, ക്ഷമിക്കാൻ, സഹിക്കാൻ, സഹായിക്കാൻ—എന്നിങ്ങനെ ന്യൂറായിരം കാര്യങ്ങൾക്കു് ഓരോ ദിവസവും നിനക്കു യേശുവിൻെറ സഹായവും സംരക്ഷണയും ആവശ്യമുണ്ടു്. അതെല്ലാം നീ അതിരാവിലെതന്നെ അവിടുത്തെ തിരുമുമ്പിൽ ചെന്നിരുന്നു് സ്വാതന്ത്ര്യമായി അവിടുത്തോടു് ചോദിച്ചു വാങ്ങണം. അതുപോലെതന്നെ, ഓരോ ദിവസവും നിനക്കു വിജയങ്ങളും പരാജയങ്ങളുമുണ്ടായിക്കാണും. നീ നിൻെറ സ്വന്തം കാര്യം നോക്കി, മററുള്ളവരോടു് സ്നേഹമായി പെരുമാറിയില്ല, അവരെ പ്രോത്സാഹിപ്പിച്ചില്ല, പ്രവർത്തനങ്ങൾക്കിടയിൽ നീ യേശുവിനേയും സഹോദരങ്ങളെയും മറന്നു കളഞ്ഞു, ഇങ്ങനെ പല തരത്തിൽ ഓരോ ദിവസവും നിനക്കു പരാജയങ്ങൾ വന്നുകാണും. അവയേയും നീ ദിവസത്തിൻെറ അവസാനത്തിൽ യേശുവിൻെറ തിരുമുമ്പിൽ കാഴ്ചവയ്ക്കുക. നിനക്കു അവിടുത്തെ ആശീർവ്വാദമുണ്ടാകും.

സ്വാദ്ധ്യായം

വചനം ഗുരുമുഖത്തുനിന്നും ആഗമിച്ചതുകൊണ്ടായില്ല; ശിഷ്യൻ അതു് ശ്രദ്ധാപൂർവ്വം കേട്ട്, തന്നെത്തന്നെ അതിനു സമർപ്പിച്ചു്, അതിനെ തൻെറ ഹൃദയത്തിൽ പിടിച്ചെടുക്കണം. ഇതിനാണ് സ്വാദ്ധ്യായം എന്നു പറയുന്നതു്. യേശുവിൻെറ വചനങ്ങൾ നാം ബുദ്ധികൊണ്ടു് മനസ്സിലാക്കിയതുകൊണ്ടായില്ല. നമ്മുടെ ഹൃദയത്തിൽ ഉറയ്ക്കണം. നമ്മുടെ സ്നേഹവിഷയവും ധ്യാനവിഷയവും അവതന്നെയാകണം. ഇങ്ങനെ വരുമ്പോൾ, ഓരോ ദിവസം കഴിയുംതോറും, നമ്മുടെ മനസ്സും ബുദ്ധിയും ഹൃദയവും യേശുവിനോടു് കൂടുതൽ കൂടുതൽ കെട്ടുപിണഞ്ഞുവരും. ഒന്നിനും നമ്മെ യേശുവിൽനിന്നും മാററാൻ കഴിവില്ലാതാകും. നമുക്കു പണം കിട്ടിയാൽ, ജോലി ലഭിച്ചാൽ, ബിരുദം കിട്ടിയാൽ—ചുരുക്കത്തിൽ, നമ്മെ സംബന്ധിച്ചു് എന്തു സംഭവിച്ചാലും—നമ്മുടെ ഒന്നാമത്തെ ചിന്ത, 'ഇതുകൊണ്ടു് യേശുവിനുവേണ്ടി എനിക്കു എന്തു ചെയ്യാൻ കഴിയും' എന്നായിരിക്കും. നേരേമറിച്ചു് യേശു നമ്മുടെ ജ്വരമായിട്ടില്ലെങ്കിൽ, നമുക്കു പണമോ ബിരുദമോ ഉദ്യോഗമോ ലഭിച്ചാൽ, അവമൂലം നാം യേശുവിൻെറ കാര്യം മറന്നു്, അവകൊണ്ടു് നമ്മുടെ സ്വന്തം സുഖവും സൗകര്യവും നോക്കിത്തുടങ്ങും. തങ്ങൾക്കു പഠനവും ഉദ്യോഗവുമൊക്കെ ആയിക്കഴിയുമ്പോൾ, യേശുവിനേയും സ്വന്തം സഭയേയും മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന സന്ന്യാസികളെ ഇക്കാലത്തു് കൂടുതലായി നാം കാണുന്നുണ്ടല്ലോ. ഓരോ ദിവസം ചെല്ലുംതോറും നമ്മുടെ ഹൃദയം യേശുവിനോടുള്ള സ്നേഹംകൊണ്ടും നന്ദികൊണ്ടും കടപ്പാടുകൊണ്ടും നിറഞ്ഞു നിറഞ്ഞു വരണം. ആലോചിച്ചു നോക്കിയാൽ, നമ്മുടെ സന്ന്യാസവിളിതന്നെ എത്രയോ വലിയൊരു ഭാഗ്യമാണു്. നമ്മെത്തന്നെ മറന്നു്, ദൈവത്തിനും മററുള്ളവർക്കുംവേണ്ടി ജീവിക്കാൻ, അതുമൂലം നമുക്കു എത്രയോ അവസരങ്ങൾ ഓരോ ദിവസവും ലഭിക്കുന്നു. നാം ഓരോരുത്തരും നമ്മുടെതന്നെ ജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കിയാൽ, യേശുവിൽനിന്നും നാം കൈക്കൊണ്ടിട്ടുള്ള വലുതും ചെറുതുമായ അനുഗ്രഹങ്ങളുടെ ഒരു കരകാണാക്കടൽതന്നെ അവിടെ കാണാം. നമ്മുടെ നന്ദിഹീനതകളും അവിശ്വസ്തതകളും ഇത്രയേറെ ഉണ്ടായിട്ടും, തൻെറ അനുഗ്രഹവർഷങ്ങൾ കൈനിറയെ പിടിച്ചുകൊണ്ടു് യേശു ഓരോ ദിവസവും നമ്മുടെ മുമ്പിൽ നില്ക്കുന്നു. ആ കൃപാസാഗരത്തിൻെറമുമ്പിൽ സാഷ്ടാംഗംവീണു് അവിടുത്തെ നമിച്ചു നില്ക്കുക.

പ്രവചനം

ഗുരുമുഖത്തുനിന്നും പഠിച്ച വചനത്തെ മററുള്ളവരെ പഠിപ്പിക്കുന്നതിനാണു് പ്രവചനം എന്നു പറയുന്നതു്. യേശുവിൽ നിന്നും നാം പഠിച്ചിട്ടുള്ള വചനത്തെ, ലോകത്തിൻെറ അതിർത്തികൾവരെ അറിയിക്കണമെന്നാണല്ലോ യേശു നമ്മോടു് ആവശ്യപ്പെട്ടിരിക്കുന്നതു്. യേശുവിൻെറ വചനം പ്രസംഗിക്കുകയാണു് ക്രിസ്തീയപ്രേഷിതൻെറ ധർമ്മം. തിരുവചനം പഠിക്കുന്നതു് നമുക്കു് ഏററവും താല്പര്യമുള്ള കാര്യമായിരിക്കണം. മതാധ്യാപനത്തിലൂടെ നാം ഇതു് പ്രധാനമായി നിർവഹിക്കുന്നു. പ്രത്യേകമായി ഞായറാഴ്ചകളിൽ ബാലികാബാലന്മാരെ വേദാധ്യയനം ചെയ്യിക്കുന്നതിൽ നാം അതീവമായ താല്പര്യം പ്രദർശിപ്പിക്കണം. വേദപാഠം നാം നന്നായി പഠിച്ചു് ഒരുങ്ങണം. അതു് ആകർഷകമായി അവതരിപ്പിക്കുന്നതിനുള്ള പ്രായോഗികമായ വഴികൾ നാം കണ്ടുപിടിക്കണം. യേശുവിനെ മററുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നതിലുപരിയായി, മറെറാരു സന്തോഷം നമുക്കുണ്ടാകരുതു്. അതിനുവേണ്ടി സമയവും ആരോഗ്യവും അറിവും ചെലവഴിക്കുന്നതു് നമുക്കു ആനന്ദമായിരിക്കണം. അതുപോലെതന്നെ നമ്മുടെ സഭയുടെ ആളും അർത്ഥവും, ഇനിയും യേശുവിനെ അറിഞ്ഞിട്ടില്ലാത്ത മിഷ്യൻപ്രദേശങ്ങളിലേയ്ക്കു നാം കൂടുതലായി നീക്കണം. അവിടെ പോയി ജോലി ചെയ്യാൻ കൂടുതൽ കൂടുതൽ സഭാംഗങ്ങൾ സസന്തോഷം മുന്നോട്ടു വരണം. എല്ലാ ക്രിസ്ത്യാനികളും മിഷനറിമാരായിരിക്കണം എന്ന ആറാം പൗലോസ് മാർപ്പാപ്പായുടെ വാക്കുകൾ എന്നും ചിന്തനീയമാണു്. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് നമ്മുടെ ദൈവവിളിയുടെ ഒരു പ്രധാനമായ ഉദ്ദേശ്യമാണു്. ഇതിൽ ലിസ്യൂവിലെ വി. കൊച്ചുത്രേസ്യായെ നമുക്കു മാതൃകയാക്കാം. ഇങ്ങനെ നാം നമ്മെത്തന്നെ ചെറുപ്പം മുതല്ക്കേ പരിശീലിപ്പിച്ചാൽ, വാർദ്ധക്യംമൂലം ബാഹ്യപ്രവർത്തനങ്ങളിൽനിന്നും വിരമിച്ചു് ജീവിക്കുന്ന കാലഘട്ടത്തിൽപോലും, നമുക്കു പ്രാർത്ഥനയുടെയും സഹനത്തിൻെറയും പ്രേഷിതരായിരിക്കാൻ കഴിയും. 'യേശുവിൻെറ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്കു ശാപം' എന്നു വിശ്വസിച്ച വി. പൗലോസിൻെറ ചൈതന്യം നമുക്കു പ്രചോദനമരുളണം.

വ്യവഹാരം

വചനം കേട്ടതുകൊണ്ടും പഠിച്ചതുകൊണ്ടും പഠിപ്പിച്ചതുകൊണ്ടുമായില്ല. നാം കേൾക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത വചനം, നമ്മുടെതന്നെ ജീവിതത്തിൽ നാം പരിശീലിക്കണം. ഇതിനാണു് വ്യവഹാരം എന്നു പറയുന്നതു്. 'വൈദ്യാ, നീ നിന്നെത്തന്നെ സുഖപ്പെടുത്തുക' എന്നു മററുള്ളവർ നമ്മോടു പറയാൻ നാം ഇടയാക്കരുതു്. വാസ്തവത്തിൽ നമ്മുടെ അറിവും കഴിവും കെട്ടിടവും പ്രവർത്തനങ്ങളുമൊന്നുമല്ല ആളുകളെ ആകർഷിക്കുക. നമ്മുടെ ജീവിതവിശുദ്ധിയും സന്ന്യാസചൈതന്യവുമാണു് മററുള്ളവരുടെ ഹൃദയങ്ങളെ സ്പർശിക്കുക. നമുക്കു കുറേക്കൂടി വിനയവും ദാരിദ്ര്യവും പ്രാർത്ഥനാചൈതന്യവും ത്യാഗമനോഭാവവും സേവനസന്നദ്ധതയും നിസ്വാർത്ഥതയും ഉണ്ടായിരുന്നെങ്കിൽ ഇന്നത്തെക്കാൾ എത്രയോ അധികമായി മററുള്ളവർ നാംവഴി യേശുവിലേയ്ക്കു ആകർഷിക്കപ്പെടുമായിരുന്നു. വിലകൂടിയ വസ്തുക്കൾ ഉപയോഗിക്കുന്ന സന്ന്യാസി, ലൗകികങ്ങളായ വിനോദങ്ങളുടെ പിന്നാലെ പരക്കം പായുന്ന സന്ന്യാസി, പ്രാർത്ഥിക്കാത്ത സന്ന്യാസി, സ്വയം പ്രശംസിച്ചു് സംസാരിക്കുന്ന സന്ന്യാസി— ഇങ്ങനെയുള്ള സന്ന്യാസിയെക്കുറിച്ചു് മററുള്ളവർക്കു ഹൃദയത്തിൽ പുച്ഛമേ തോന്നൂ. വിനീതനും, വസ്ത്രം, സുഖസൗകര്യങ്ങൾ, ഉപയോഗസാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ ദാരിദ്ര്യചൈതന്യം പുലർത്തുന്നവനും, എളിയ ജോലികൾപോലും സസന്തോഷം ചെയ്യുന്നവനും, ധ്യാനലീനനും, ശാന്തസ്വഭാവിയും, സഹനസന്നദ്ധനും നിസ്വാർത്ഥനുമായ സന്ന്യാസിയെപ്പററി, അയാൾക്കു മററു കഴിവുകൾ അധികമൊന്നും ഇല്ലെങ്കിൽപോലും, എല്ലാവർക്കും ആഴമായ മതിപ്പുണ്ടാകും. അനേകം കഴിവുകളുണ്ടെങ്കിലും, എപ്പോഴും ലൗകികമായ രീതിയിൽ മാത്രം വിചാരിക്കയും സംസാരിക്കുകയും പ്രവർത്തിക്കയും ചെയ്തിരുന്ന ഒരു സന്ന്യാസിയെപ്പററി ഒരിക്കൽ ഒരാൾ അഭിപ്രായപ്പെട്ടതു് ഇങ്ങനെയാണു്: ''അദ്ദേഹം കർത്താവീശോമിശിഹായുടെ ചിത്രമൊഴികെ മറെറല്ലാ ചിത്രങ്ങളും തന്നിൽ പ്രതിഫലിപ്പിക്കുന്നു.'', നാം സന്ന്യാസത്തിൽ ചേർന്നിരിക്കുന്നതു്, ഒരു അധ്യാപകനോ ഡോക്ടറോ പ്രവർത്തകനോ ആയി ലോകത്തിൽ പേരെടുക്കാനല്ല; യേശുവിൻെറ ദൈവസ്നേഹത്തിനും മനുഷ്യസേവനത്തിനും ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കാനാണു്.

ഗുരു

ശിഷ്യന്ന് ദൈവവചനം പകരുകയാണ് ഗുരുവിന്റെ ധർമ്മം. അതിനാൽ ഗുരു ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായിരിക്കണമെന്ന് ഉപനിഷത്തുകൾ പറയുന്നു. പ്രാർത്ഥനയിൽ ദൈവവചനം ശരിയായി കേട്ടിട്ടുള്ള ആൾക്കാണ് ശ്രോത്രിയൻ എന്നു പറയുന്നത്. താൻ ആന്തരികമായി കേട്ട ദൈവവചനത്തിൽനിന്നും ഒരിക്കലും മാറാതെ, അതിൽ എന്നും വിശ്വസ്തമായി ഉറച്ചിരിക്കുന്ന ആൾക്കാണ് ബ്രഹ്മനിഷ്ഠൻ എന്നു പറയുന്നത്. നമ്മുടെ ഗുരു യേശുവാണ്. സമൂഹത്തിൽ യേശുവിന്റെ സ്ഥാനമാണ് അധികാരികൾക്ക് വഹിക്കാനുള്ളത്. അതിനാൽ അധികാരികൾക്കുണ്ടായിരിക്കേണ്ട രണ്ടു പ്രധാന ഗുണങ്ങൾ ശ്രുതിയും ബ്രഹ്മനിഷ്ഠയുമായിരിക്കണം. ദൈവവചനം പ്രാർത്ഥനയിൽ ശരിക്കും ശ്രവിച്ചിട്ടുള്ള ആളായിരിക്കണം അധികാരി. അല്ലെങ്കിൽ, മറ്റുള്ളവരെ ദൈവത്തിന്റെ വചനംകൊണ്ട് കടപ്പെടുത്തുന്നതിനുപകരം, തന്റെ സ്വന്തം വചനംകൊണ്ടും ഇഷ്ടംകൊണ്ടും കടപ്പെടുത്താൻ അധികാരി ആരംഭിക്കും. ദൈവം നമ്മിൽനിന്നും എന്താഗ്രഹിക്കുന്നു എന്നു നമുക്കു വെളിപ്പെടുത്തിത്തരികയാണ് അധികാരിയുടെ ധർമ്മം. അതിനാൽ, സ്വന്തം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ കീഴുള്ളവരുടെ മേൽ കെട്ടിയേൽപ്പിക്കാതിരിക്കാൻ അധികാരി ശ്രദ്ധിക്കണം. ഇതു സാധിക്കണമെങ്കിൽ, അധികാരികൾ ദൈവത്തിന്റെതന്നെ കാഴ്ചപ്പാടുവേണം. ഇത് പ്രാർത്ഥനയിൽ ദൈവവുമായി ഐക്യപ്പെട്ടുകൊണ്ടുള്ളൊരു ജീവിതം കൊണ്ടുമാത്രമേ കിട്ടൂ. അധികാരി വളരെയധികം പ്രവർത്തനങ്ങൾ സ്വയം ചെയ്തുകൂട്ടുന്ന ഒരാളെന്നതിനെക്കാൾ, വളരെയധികമായി പ്രാർത്ഥനയിൽ കഴിയുന്നൊരു വ്യക്തിയായിരിക്കണം. ദൈവത്തിന്റെ വചനം അഥവാ ഇഷ്ടം മനസ്സിലാക്കിയശേഷം അധികാരി അതിൽ നിന്നും ഇളകരുത്. ഇതിനാണ് ബ്രഹ്മനിഷ്ഠ എന്നു പറയുന്നത്. സ്വന്തം ഇഷ്ടങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി, ദൈവത്തിന്റെ ഇഷ്ടത്തിൽനിന്നും അധികാരി ഒരിക്കലും മാറരുത്. മനുഷ്യന്റെ വിജ്ഞാനത്തിലെന്നതിനെക്കാൾ, ദൈവത്തിന്റെ ശക്തിയിലായിരിക്കണം അധികാരിയുടെ വിശ്വാസം. സർവ്വോപരി ദൈവത്തിന്റെ ഹൃദയത്തോടുകൂടി അധികാരി അധീനരെ സ്നേഹിക്കണം. ദൈവത്തിന്റെ സ്നേഹം അധികാരിയിലൂടെ അധീനർക്കു അനുഭവവേദ്യമാകണം.

ശിഷ്യൻ

ശിഷ്യനുവേണ്ട രണ്ടു ഗുണങ്ങളായി ഉപനിഷത്തുക്കൾ പറയുന്നതു്, ശ്രദ്ധയും ക്രിയയുമാണു്. വിശ്വാസത്തിനാണു് ശ്രദ്ധയെന്നു പറയുന്നതു്. ഗുരു വചനത്തിൽ ദൈവവചനം തന്നെ കാണുന്നതാണു് വിശ്വാസം. വിശ്വാസംമൂലം അധികാരിയിൽ നാം ദൈവത്തെത്തന്നെ കാണണം. നമ്മുടെ പ്രതീക്ഷകൾക്കും താല്പര്യങ്ങൾക്കും എതിരായി ദൈവവചനം നമ്മുടെ പക്കൽ വന്നണഞ്ഞാൽപോലും, ദൈവത്തിൻെറ പരിപാലനയിലും വിവേകത്തിലും നാം അവിശ്വസിക്കരുതു്. ദൈവവചനത്തിൻെറ അവസാനവിജയത്തെക്കുറിച്ചു് സംശയിച്ചു്, അതിനെതിരായി നമ്മുടെ വിജ്ഞാനപ്രകാരം നീങ്ങി വിജയിക്കാമെന്നു് നാം വ്യാമോഹിക്കരുതു്. അങ്ങനെയുള്ളവരുടെ വിജ്ഞാനത്തെ ദൈവം തൻെറ ഭോഷത്വം കൊണ്ടു് പരാജയപ്പെടുത്തും. നേരേമറിച്ചു്, നമ്മുടെ സകല കണക്കുകൂട്ടലുകൾക്കും എതിരായി ദൈവവചനം വന്നാലും, നാം അതിൽ വിശ്വാസപൂർവ്വം ഉറച്ചിരുന്നാൽ, അത്ഭുതകരമായ രീതിയിൽ ദൈവം നമ്മെ വിജയിപ്പിക്കും. അബ്രാഹത്തിൻെറ കഥയിതാണു്, മൂശയുടെ പ്രമാണത്തിലൂടെ മനുഷ്യനോടു് ദൈവം പറഞ്ഞു: 'നീ കൊല്ലരുതു്'. അതേ ദൈവംതന്നെ നിർദോഷിയായ അബ്രാഹത്തോടു് ആവശ്യപ്പെടുന്നു, 'നിഷ്കളങ്കനായ നിൻെറ ഏകമകനെ നീ കൊല്ലണം' എന്നു്. അബ്രാഹത്തിൻെറ മക്കളെ കടലിലെ മണൽത്തരികൾപോലെ വർദ്ധിപ്പിക്കുമെന്നു് ദൈവം അയാളോടു് വാഗ്ദാനം ചെയ്തതാണു്. അതേ ദൈവംതന്നെ ഇപ്പോൾ, തൻെറ ഏകമകനായ ഇസഹാക്കിനെ താൻ ബലി ചെയ്യണമെന്നു് അബ്രാഹത്തോടു് ആവശ്യപ്പെടുന്നു. മാനുഷിക വീക്ഷണപ്രകാരം നോക്കിയാൽ, ദൈവത്തിൻെറ പ്രവർത്തനരീതി അർത്ഥശൂന്യവും വേദനാജനകവുമായിതോന്നും. എങ്കിലും വിശ്വാസത്തിൻെറ മനുഷ്യനായ അബ്രാഹം ഒന്നുകൊണ്ടും ചഞ്ചലിച്ചില്ല. ദൈവത്തിൻെറ ഭോഷത്വത്തെ മാനുഷികമായ തൻെറ വിജ്ഞാനംകൊണ്ടു ജയിക്കാമെന്നു കരുതാൻമാത്രം ഭോഷനല്ലായിരുന്നു അബ്രാഹം. ദൈവത്തിൽ വിശ്വസിച്ചു്, അവിടുത്തെ വചനം കൃത്യമായി അബ്രാഹം പ്രവർത്തിച്ചു. ദൈവം ആവശ്യപ്പെടുന്നതു്, അതുപോലെതന്നെ ചെയ്യണമെന്നുള്ള നിർബന്ധത്തിനാണു് ക്രിയ എന്നു പറയുക. ദൈവവചനത്തിലുള്ള നമ്മുടെ ശ്രദ്ധ അഥവാ വിശ്വാസം, അതു് പ്രാവർത്തികമാക്കിക്കൊണ്ടു് ക്രിയയിലൂടെ നാം തെളിയിക്കണം.

ഉപാസനം

ധ്യാനത്തിനു ഉപാസനം എന്നാണു് ഭാരതീയർ പറയുന്നതു്. ഉപ, ആസനം എന്ന രണ്ടു പദങ്ങളിൽനിന്നാണു് ഉപാസനം എന്ന വാക്കുണ്ടാകുന്നതു്. ഉപ എന്നുവച്ചാൽ അരികെ എന്നാണർത്ഥം; ആസനം എന്നുവച്ചാൽ ഇരിപ്പു് എന്നർത്ഥം. അതിനാൽ ഉപാസനം എന്ന വാക്കിൻെറ അർത്ഥം അരികെ ഇരിപ്പു് എന്നാണു്. ധ്യാനത്തിൽ നാം ദൈവസന്നിധിയിലിരുന്നു്, അവിടുത്തെ ശ്രവിക്കുകയും, അവിടുത്തോടു് സംഭാഷിക്കുകയുമാണല്ലോ ചെയ്യുന്നതു്. അതിനാലാണു് ധ്യാനത്തിനു ഉപാസനം എന്നു പറയുന്നതു്. യേശുവിൻെറ അരികെ ചെന്നിരുന്നു് അവിടുത്തോടു് സംഭാഷിക്കുന്നതിലേറെ സന്തോഷകരമായി മററന്താണു് നമുക്കു ഉണ്ടാകാനുള്ളതു്? ഒരിക്കൽ പത്രോസും യാക്കോബും യോഹന്നാനും മലമുകളിൽ യേശുവിന്നരികെ ഇരുന്നിരുന്നപ്പോഠം അവക്കുണ്ടായ അനുഭവത്തെപ്പററി അവർതന്നെ ഇങ്ങനെ പറഞ്ഞല്ലോ ''കത്താവെ! ഇവിടെ ഇരിക്കുക നമുക്കു നല്ലതാകുന്നു.'' യേശുവിന്നരികെ ഇരിക്കുമ്പോഠം, നമുക്കും തീർച്ചയായും ഇതേ അനുഭവംതന്നെയുണ്ടാകും. രാവിലെയും വൈകീട്ടും അരമണിക്കൂർ നേരമെങ്കിലും യേശുവിന്നരികെ ധ്യാനലീനമായിരിക്കുക എന്നതു് നാമൊരു ശീലമാക്കണം. ആദ്യമൊക്കെ ഇതു് കുറച്ചെല്ലാം വിരസമായി നമുക്കു തോന്നിയേക്കാം; എങ്കിലും, കാലക്രമം കൊണ്ടു് ഇതു് വർണ്ണനാതീതമായൊരു അനുഭവമായിത്തീരാതിരിക്കില്ല. ധ്യാനാത്മകത, ആത്മാവിനും ശരീരത്തിന്നും ഒരുപോലെ ശാന്തിയരുളുന്ന ഒരു അനുഭവമാണു്. ഓരോ ദിവസവും നമ്മുടെ മനസ്സിൽ നാം അറിയാതെതന്നെ ഓരോ തരത്തിലുള്ള ആഘാതങ്ങഠം വന്നുപതിയുന്നുമുണ്ടു്. ദുഃഖം, പരാജയം, രോഗം, തിരസ്ക്കരണം തുടങ്ങി വലുതും ചെറുതുമായ അനേകമനേകം രൂപങ്ങളിൽ ഈ ആഘാതങ്ങഠം നമുക്കു അനുഭവപ്പെടും. അവ നമ്മുടെ മനസ്സിനെയും ശരീരത്തേയും പതുക്കെപ്പതുക്കെ തളത്തിക്കളയും. യേശുവിൻെറ കരുണയേകുന്ന കരങ്ങഠംക്കു മാത്രമേ, നമ്മുടെ മനസ്സിലേയ്ക്കു് സ്നേഹത്തിൻെറയും ശാന്തിയുടെയും എണ്ണ പകന്നു്, നമുക്കു സുഖമരുളാൻ പകരൂ. മനസ്സിൻെറ ശാന്തിയില്ലായ്കയാണു് ഇന്നത്തെ മനുഷ്യൻെറ ഏററവും വലിയ ശാപം. ധ്യാനംകൊണ്ടു് മനസ്സിലുദിക്കുന്ന ശാന്തിപോലെ ദിവ്യവും അലൗകികവുമായ മറെറാരനുഭവവും ഈ ലോകത്തിൽ നമുക്കുണ്ടാകാനില്ല.

ശബ്ദം

ദൈവവചനത്തോട് നമുക്കുണ്ടാകേണ്ട മൂന്നു പ്രതികരണങ്ങൾ ശ്രവണം, മനനം, നിദിധ്യാസനം എന്നിവയാണെന്നു ഭാരതീയ ചിന്തകർ പറയുന്നു. നമുക്കു ധ്യാനത്തിൽ കേൾക്കാനുള്ള ശബ്ദമാണ് ദൈവവചനം. ദൈവവചനം കേൾക്കുന്നതിനാണ് ശ്രവണം എന്നു പറയുന്നത്. ദൈവത്തോട് സംസാരിക്കുന്നതാണല്ലോ പ്രാർത്ഥന. ശരിയായി സംസാരിക്കുന്നതിനുവേണ്ട ഒന്നാമത്തെ വ്യവസ്ഥ, നാം ആരോടു സംസാരിക്കുന്നുവോ, അയാളെ സശ്രദ്ധം ശ്രവിക്കുകയാണ്. ദൈവത്തെ കേൾക്കാനുള്ള കല നാം പഠിക്കണം. ദൈവം സംസാരിക്കുന്നത് തൻെറ വചനങ്ങളിലൂടെയാണ്. അതിനാൽ ദൈവം സംസാരിക്കുന്നത് നമുക്കു മനസ്സിലാകണമെങ്കിൽ, നാം അവിടത്തെ വചനങ്ങളും ഭാഷയും നന്നായി പഠിച്ചിരിക്കണം. ദൈവത്തിൻെറ വാമൊഴിയാണ് യേശു. യേശുവിലൂടെ ദൈവം നമ്മോട് സജീവ ശബ്ദത്തിൽ സംസാരിച്ചിരിക്കുന്നു. അവിടത്തെ വരമൊഴിയാണ് വി. ഗ്രന്ഥം. അവിടത്തേയ്ക്കു നമ്മോട് സംസാരിക്കാനുള്ളവ വി. ഗ്രന്ഥത്തിൽ അവിടുന്നു നമുക്കായി എഴുതിത്തന്നിരിക്കുന്നു. അതിനാൽ ദൈവത്തെ ശ്രവിക്കണമെന്നുള്ളവർ വി. ഗ്രന്ഥവുമായി യേശുവിൻെറ പാദാന്തികത്തിൽ ചെന്നിരിക്കണം. ദിവ്യകാരുണ്യസന്നിധിയിലോ ക്രൂശിതരൂപത്തിൻെറ മുമ്പിലോ ചെന്നിരുന്ന്, വി. ഗ്രന്ഥം, പ്രത്യേകിച്ച് സുവിശേഷങ്ങൾ, തുറന്ന്, നിന്നെ സ്പർശിക്കുന്ന ഏതെങ്കിലുമൊരു ഭാഗം സാവധാനത്തിൽ ധ്യാനപൂർവം വായിക്കുക. സ്നേഹത്തോടുകൂടി വായിക്കുമ്പോൾ, മുമ്പ് നിന്നെ സ്പർശിച്ചിട്ടില്ലാത്ത പല കാര്യങ്ങളും നീ അവിടെ പുതുതായി കാണാൻ തുടങ്ങും. അതിനനുസരിച്ച് നിൻെറ ഹൃദയത്തിൽ സ്നേഹം, വിശ്വാസം, ശരണം, നന്ദി, സ്തുതി, പശ്ചാത്താപം, യാചന എന്നിവയുടെ വികാരങ്ങൾ ഉണർന്നുണർന്നു വരും. അവയെ ചെറിയ ചെറിയ പ്രകർണ്ണങ്ങളാക്കി മാററി, യേശുവിനു സമർപ്പിച്ചുകൊണ്ടിരിക്കുക. നിൻെറ ഹൃദയം ജ്വലിക്കും; ബുദ്ധിക്കു തെളിച്ചം കിട്ടും; മനസ്സിനു ധൈര്യം ലഭിക്കും; യേശുവിന്നരികെ ഇരിക്കുന്നതിൻെറ മാധുരി നീ അനുഭവിക്കും. ദൈവത്തിൻെറ ശബ്ദം കേട്ടതിൻെറ ഫലങ്ങളാണിവ.

മനനം

യേശുവിൻെറ പാദാന്തികത്തിലിരുന്ന് നാം കേട്ട വചനത്തെക്കുറിച്ച് കൂടുതൽ കൂടുതൽ പഠിക്കുന്നതും ചിന്തിക്കുന്നതുമാണ് മനനം. സന്ന്യാസികറം ഏററവും കൂടുതലായി പഠിക്കേണ്ടതു് ദൈവവചനമാണ്: വായിക്കാനും പഠിക്കാനുമുള്ള ശീലം നാം ആരംഭംമുതല്ക്കേ നമ്മിൽ വളർത്തിയെടുക്കണം. ശാരീരികമായ നിരവധി തപോകൃത്യങ്ങറം അനുഷ്ഠിക്കുന്നതിനേക്കാറം വിഷമകരമായൊരു പ്രവൃത്തിയാണ്, ആത്മീയ പ്രയോജനം നല്കുന്ന നല്ലൊരു പുസ്തകം ശ്രദ്ധയോടും താല്പര്യത്തോടുംകൂടി വായിച്ചുതീർക്കുക എന്നതു്. അത്യധികം ആത്മനിയന്ത്രണവും ക്ഷമയും ഏകാഗ്രതയും അതിനു ആവശ്യമുണ്ട്. വായനാശീലം ചെറുപ്പംമുതല്ക്കേ നാം വളർത്തിയെടുത്താൽ ജീവിതത്തിൽ സമയം ഒട്ടും വെറുതെ പാഴാക്കാതിരിക്കാൻ അതു് നമ്മെ കാര്യമായി സഹായിക്കും. പ്രായമായി ജോലികളിൽനിന്നെല്ലാം വിരമിച്ച് വിശ്രമിക്കുന്ന അവസ്ഥയിൽ പോലും പുസ്തകങ്ങറം നമ്മുടെ വിശ്വസ്ത സഹചാരികളായിരിക്കും. യാത്രയ്ക്കിടയിലും വിശ്രമവേളകളിലും അവ നമുക്കു വളരെ പ്രയോജനം ചെയ്യും. യേശുവിനെക്കുറിച്ച് ഇനിയും എത്രയോ കാര്യങ്ങറം നമുക്കു മനസ്സിലാക്കാനുണ്ട്. അവിടുത്തെക്കുറിച്ച് എത്രയധികം അറിയാൻ സാധിക്കുമോ, അത്രയധികം അറിയാൻ നാം മനസ്സുവയ്ക്കണം. പണ്ഡിതന്മാരായ ഗ്രന്ഥകാരന്മാർ എഴുതിയിട്ടുള്ള സുവിശേഷവ്യാഖ്യാനങ്ങറം നാം ശ്രദ്ധാപൂർവ്വം വായിച്ചുമനസ്സിലാക്കണം. അതുപോലെതന്നെ സന്ന്യാസജീവിതം, ദൈവശാസ്ത്രം, അദ്ധ്യാത്മജീവിതം, മനഃശാസ്ത്രം തുടങ്ങിയ ശാഖകളിലും അനേകം പുസ്തകങ്ങറം ഇന്നു പുറത്തിറങ്ങുന്നുണ്ട്. അവയെല്ലാം നാം കഴിയുന്നപോലെ വായിച്ച്, നമ്മുടെ ആത്മീയജ്ഞാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഒരാളെ നാം സ്നേഹിക്കുന്നുവെങ്കിൽ, അയാളെക്കുറിച്ച് കഴിയുന്നത്ര അറിയാനും നമുക്കു താല്പര്യമുണ്ടാകും. യേശുവിനോട് നമുക്കു യഥാർത്ഥമായ സ്നേഹമുണ്ടെങ്കിൽ, അവിടുത്തെക്കുറിച്ച് നമുക്കു സാധിക്കുന്നതിൻെറ പരമാവധി അറിയാനും നാം പരിശ്രമിച്ചുകൊണ്ടിരിക്കും. മനുഷ്യന് അറിവു ലഭിക്കാനുള്ള ഒരു പ്രധാന പോംവഴിയാണ് പുസ്തകങ്ങറം. പുസ്തകങ്ങളെ സ്നേഹിക്കാത്ത മനുഷ്യൻെറ മനസ്സുമാത്രമല്ല, മനുഷ്യത്വവും വികസിച്ചിട്ടില്ല.

നിദിധ്യാസനം

നാം കേശക്കുകയും ധ്യാനിച്ചറിയുകയുംചെയ്ത ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ചു നിറുത്തുന്നതിനാണ് നിദിധ്യാസനം എന്നു പറയുന്നതു്. പ. കന്യകാമറിയത്തിൻെറ പ്രധാന ലക്ഷണം ഇതായിരുന്നല്ലോ. അവശ ദൈവവചനത്തെ വിശ്വാസപൂർവം ശ്രവിക്കുക മാത്രമല്ല, അതിനെ സ്നേഹപൂർവ്വം തൻെറ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുക കൂടി ചെയ്തു. ദൈവവചനത്തെ നാം ആത്മാത്ഥമായി സ്നേഹിക്കുന്നുവെന്നതിൻെറ ശരിയായ അടയാളമാണിതു്. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുള്ളവരാണ് ആത്മീയരായ മനുഷ്യർ. ദൈവത്തിൻെറ ആത്മാവുകൊണ്ട് നയിക്കപ്പെടുന്നവരാണവർ. ലോകാരൂപി ഇന്നു നമ്മെ ആകർഷിക്കുന്നതിനും വഴിതെററിക്കുന്നതിനുമായി പലവിധത്തിലും പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ''പ്രാത്ഥനയ്ക്കായി സമയം ചെലവഴിക്കുന്നതു് പാഴ്വേലയാണ്; ദാരിദ്ര്യം, ബ്രഹ്മചര്യം, എളിമ, അജ്ഞാതശുശ്രൂഷ, അനുസരണം, മൗനം, സഹനം, പ്രായശ്ചിത്തങ്ങശ എന്നിവയെല്ലാന്നും അത്ഥമില്ല; യേശു വെറുമൊരു മനുഷ്യൻ മാത്രമായിരുന്നു; നിത്യനരകം, ശുദ്ധീകരസ്ഥലം എന്നിവയിലൊന്നും വിശ്വസിക്കേണ്ടതില്ല'' എന്നിങ്ങനെ അനേകം തരത്തിൽ യേശുവിൻെറ സിദ്ധാന്തങ്ങശക്കെതിരായി മനുഷ്യൻ പ്രചരിപ്പിക്കുന്ന ലൗകികസിദ്ധാന്തങ്ങശ സന്ന്യാസികളിൽപോലും നുഴഞ്ഞുകേറിക്കൊണ്ടിരിക്കുന്നു. ദൈവവചനത്തെ സ്നേഹിക്കുകയും, അതിനെ നിധിപോലെ ഹൃദയത്തിൽ കാത്തുകൊണ്ടിരിക്കുകയും ചെയ്യുന്നവക്കു മാത്രമേ യേശുവിൻെറ അരൂപിയെ ലോകാരൂപിയിൽനിന്നും ജഡികാരൂപിയിൽനിന്നും വേർതിരിച്ചറിയാൻ കഴിയൂ. നാം ഒരിക്കലും മറക്കരുതാത്ത ഒരു സത്യമുണ്ട്. മനുഷ്യൻെറ ഇന്നത്തെ പുതിയ സിദ്ധാന്തങ്ങശ നാളെ പഴയവയായും; ഒരു വരയ്ക്കോ കുറിയ്ക്കോ വ്യത്യാസംവരാതെ, ലോകവസാനംവരെ നില്ക്കുന്നതു് യേശുവിൻെറ വചനമൊന്നു മാത്രമാണ്. അതിനാൽ മനുഷ്യൻ അവതരിപ്പിക്കുന്ന ഓരോരോ പുത്തൻ സിദ്ധാന്തങ്ങളുടെ പിന്നാലെ കാര്യമറിയാതെ ഭ്രമിച്ച് ഓടി നടക്കേണ്ടവരല്ല നാം. യേശുവിൻെറ വചനത്തെ അതിൻെറ കാക്കശ്യത്തിലും പരിശുദ്ധിയിലും ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്നവക്കു ഒരു നാളും ലജ്ജിക്കേണ്ടിവരികയില്ല.

തൈലധാര

നമ്മുടെ ഹൃദയത്തിൽനിന്നും സ്നേഹം തൈലധാരപോലെ ദൈവത്തിലേയ്ക്കു ഒഴുകിക്കൊണ്ടിരിക്കണം എന്നാണു് ഭാരതീയ സിദ്ധാന്തങ്ങൾ പറയുന്നതു്. ഇടമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണയ്ക്കാണു് തൈലധാര എന്നു പറയുന്നതു്. നമ്മുടെ ആത്മാവിനുള്ളിൽ, ആത്മാവിൻെറയും ആത്മാവായി വസിക്കുന്നതു് ദൈവമാണു്. ആ ദൈവത്തിലേയ്ക്കു നാം ഇടയ്ക്കിടെ നമ്മുടെ ആത്മീയദൃഷ്ടികൾ സ്നേഹപൂർവ്വം തിരിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ, സ്നേഹത്തോടുകൂടി നാം അവിടത്തെ നോക്കിക്കൊണ്ടിരിക്കുന്നതിനു് ആത്മാവലോകനം എന്നു പറയുന്നു. നമ്മുടെ ആത്മാവിൻെറ കേന്ദ്രധ്രുവമാണു് ദൈവം. ഇരുമ്പിൻ തരികളെല്ലാം ഒപ്പം കാന്തത്തിലേയ്ക്കു ആകഷിക്കപ്പെട്ടു്, കാന്തത്തിൽ ഒന്നാകെ പററിപ്പിടിച്ചിരിക്കുന്നതുപോലെ, നമ്മുടെ മനസ്സും ഹൃദയവും ഇന്ദ്രിയങ്ങളും ഒന്നാകെ ദൈവത്തോടു് ഒട്ടിച്ചേർന്നിരിക്കണം. ഇങ്ങനെ ദൈവമാകുന്ന ധ്രുവത്തിൽ നമ്മുടെ മനസ്സിനെ ധ്യാനനിർലീനമായി കാക്കുന്നതിനു് ധ്രുവസ്മൃതി എന്നുപറയുന്നു. ഒരു കാര്യത്തിനും നമ്മെ യേശുവിൽനിന്നും മാററാനുള്ള കഴിവുണ്ടാകരുതു്. ജീവിതത്തിൽ സന്തോഷകരമോ സന്താപകരമോ ആയി എന്തെല്ലാം സംഭവിച്ചാലും, ''കത്താവെ! നിന്നെ വിട്ടു് ഞങ്ങൾ എവിടെപ്പോകും!'' എന്നു മാത്രമേ നാം വിചാരിക്കുകയും പറയുകയും ചെയ്യാവൂ. പലരും സന്ന്യാസത്തിൽ വന്നശേഷം, തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ പഠിച്ചുയരാനോ, തങ്ങൾ ആഗ്രഹിക്കുന്ന ജോലികൾ കിട്ടാനോ സാധ്യതയില്ലെന്നു കാണുമ്പോൾ സന്ന്യാസത്തോടു യാത്ര പറയുകയോ, ഉള്ളില്ലാതെ സന്ന്യാസത്തിൽ കഴിയുകയോ ചെയ്യുന്നു. ഇവരാരും യേശുവിനെ അന്വേഷിച്ച് സന്ന്യാസത്തിലേക്കു വന്നവരല്ല. വേറെ ചിലർ, തങ്ങൾക്കു പഠനവും ഉദ്യോഗവും പേരും പെരുമയുമാകുമ്പോൾ സന്ന്യാസത്തിൽനിന്നും പിരിയുന്നു. ഇവരും സന്ന്യാസത്തിൽ അറിയാതെ തേടി നടന്നിരുന്നതു യേശുവിനെ ആയിരുന്നില്ല; തങ്ങളെത്തന്നെയായിരുന്നു. ഇങ്ങനെയുള്ളവരുടെ ഹൃദയവും മനസ്സും യേശുവിനോടു് ഒട്ടിപ്പിടിച്ചിട്ടില്ല. അവരുടെ സ്നേഹവും തെരച്ചിലും ഒഴുകിക്കൊണ്ടിരുന്നതു് യേശുവിലേയ്ക്കായിരുന്നില്ല. യേശുവിനെ മറെറല്ലാററിലും ഉപരിയായി അന്വേഷിക്കുക; അവിടത്തെ നീ കണ്ടെത്തും.

സത്സംഗം

സന്ന്യാസികളുടെ ഒരുമിച്ചുള്ള സഹവാസത്തിനാണ് സത്സംഗം എന്നു പറയുന്നത്. മൂന്നു നദികൾ തമ്മിൽ ഒന്നിച്ചുചേരുന്ന പുണ്യസ്ഥലത്തിനു സാധാരണയായി സംഗം എന്നു പറയാറുണ്ട്. അവ തമ്മിൽ, സമ്പൂർണ്ണമായ ഐക്യവും പരസ്പരമുള്ള പങ്കുവയ്ക്കലുമാണല്ലോ ഉള്ളത്. സന്ന്യാസ സമൂഹത്തിലും ഇത്തരത്തിലുള്ള ഐക്യമാണ് വേണ്ടത്. സമൂഹത്തിലെ അംഗങ്ങൾ ഒരേ ഹൃദയത്തോടും ഒരേ മനസ്സോടും കൂടി തങ്ങൾക്കുള്ളവ മുഴുവനും പരസ്പരം പങ്കുവയ്ക്കണം. പരിശുദ്ധ ത്രിത്വമാണ് സന്ന്യാസസമൂഹത്തിന്റെ ഒന്നാമത്തെ മാതൃക. ത്രിത്വത്തിൽ പിതാവ് പുത്രനെ സ്നേഹിക്കുകയും, പുത്രൻ സ്വയം ദാനം ചെയ്യുകയും. പിതാവിന്റേയും പുത്രന്റെയും ആനന്ദവിഷയമായി പരിശുദ്ധാപി, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുകയും ചെയ്യുന്നു. സ്നേഹത്തോടുകൂടി പരസ്പരം ദാനം ചെയ്യുന്നതിൽ ആനന്ദംകൊള്ളുന്ന ജീവിതമാണ് പ. ത്രിത്വത്തിലുള്ളത്. സന്ന്യാസസമൂഹത്തിലുള്ളവരുടെയും ആനന്ദം, സ്നേഹത്തോടുകൂടി പരസ്പരം ദാനം ചെയ്യുന്നതിലായിരിക്കണം. നസ്റസ്സിലെ തിരുകുടുംബമാണ് സന്ന്യാസസമൂഹത്തിലെ രണ്ടാമത്തെ മാതൃക. യേശുവിനുവേണ്ടി, അധ്വാനത്തിലും പ്രാർത്ഥനയിലും ഒരുമിച്ചിരിക്കുന്ന കുടുംബമാണ് അത്. കർത്താവിന്റെ കാര്യങ്ങൾക്കുവേണ്ടി പരസ്പരസ്നേഹത്തോടും ഐക്യത്തോടുംകൂടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും സഹിക്കുകയും ചെയ്യുന്ന അംഗങ്ങളുടെ ഒരുമയായിരിക്കണം സന്ന്യാസസമൂഹം. വചനം കേൾക്കുന്നതിലും അപ്പം മുറിക്കുന്നതിലും ഒരേ മനസ്സോടും ഒരേ ഹൃദയത്തോടുംകൂടി ഒരുമിച്ചിരുന്ന ആദിമസഭയാണ് സന്ന്യാസസമൂഹത്തിന്റെ മൂന്നാമത്തെ മാതൃക. സന്ന്യാസത്തിൽ നാമെല്ലാവരും ഒരേ മനസ്സോടും ഒരേ ഹൃദയത്തോടുംകൂടി സ്നേഹത്തിൽ ഒരുമിച്ച് വസിക്കുന്നത്, നമ്മെയും നമുക്കുള്ളവയേയും ദൈവജനത്തിന്നായി മുറിച്ചു വിളമ്പുന്നതിനുവേണ്ടിത്തന്നെയായിരിക്കണം. ഒരേ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിലും ശുശ്രൂഷിക്കുന്നതിനുംവേണ്ടി നാം സന്ന്യാസസമൂഹത്തിൽ ഒരുമിച്ചു വസിക്കുന്നു; ഒരേ ഹൃദയത്തോടെ പരസ്പരം സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുംവേണ്ടി നാം അവിടെ ഒരുമിച്ചു വസിക്കുന്നു; ഒരേ ഹൃദയത്തോടുകൂടിത്തന്നെ ദൈവജനത്തെ സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുംവേണ്ടി നാം സന്ന്യാസത്തിൽ ഒരുമിച്ചു വസിക്കുന്നു.

ഗുരുപൂജ

ആചാര്യൻ അഥവാ ഗുരു നിനക്കു ദേവനായിരിക്കണം എന്നാണ് ഉപനിഷത്തുക്കളിൽ പറഞ്ഞിരിക്കുന്നത്. ദൈവ സാന്നിധ്യം ഗുരുവിലുണ്ട്. നമ്മുടെ നാഥനും ഗുരുവും യേശു വാണ്. യേശു ദൈവവുമാണ്. അതിനാൽ അവിടുന്ന് ന മുക്കു എല്ലാമാണ്. ഗുരുവിൽ നിന്നുവേണം നാം ശരിയായ വിദ്യ അഭ്യസിക്കാൻ. യേശുവിൻെറ വചനങ്ങൾ രേഖപ്പെ ടുത്തപ്പെട്ടത്തിയിരിക്കുന്നതു് സുവിശേഷങ്ങളിലാണ്. അതി നാൽ സുവിശേഷങ്ങളിലെ വിജ്ഞാനമാണ് നാം എന്നെന്നും ധ്യാനിച്ച ധ്യാനിച്ച് ഓരോ ദിവസവും നമ്മിലേയ്ക്കു കൂടുതൽ കൂടുതലായി കൈക്കൊള്ളേണ്ടതു്. സുവിശേഷചൈതന്യ ത്തിനു നിരക്കാത്തതായി നമ്മിൽ ഒന്നും കേറിപ്പററാതിരി ക്കാൻ നാം അത്യധികമായ ശ്രദ്ധവയ്ക്കണം. പ്രാത്ഥന, പരി ത്യാഗം, വിനയം, സേവനം, ക്ഷമ, വിനീത ശുശ്രൂഷ, സ ഹനം, ദാരിദ്ര്യം തുടങ്ങിയവയ്ക്കു വില കല്പിക്കാതെ, ധനം, പ്രൗഢി, സുഖം, സൗകര്യം, പ്രശസ്തി എന്നിവയുടെ പിന്നാ ലെ നാം പോയാൽ, നാം വിദ്യ അഭ്യസിച്ചിരിക്കുന്നതു് യേ ശുവാകുന്ന ഗുരുവിൻെറ പാദത്തിൽ നിന്നല്ലെന്നതു് തീച്ചയാ ണ്. അങ്ങനെയെങ്കിൽ യേശുവല്ല, ലോകമാണ് നമ്മുടെ ഗുരു. ലോകത്തിൽനിന്നും ജ്ഞാനം തേടി ലൗകികരായി ന ടക്കുന്നവർക്കു യേശുശിഷ്യന്മാരെന്നു് സ്വയം അവകാശപ്പെടാ നുള്ള അർഹതയില്ല. മറിയത്തെപ്പോലെ യേശുവിൻെറ തൃ പ്പാദത്തിലിരുന്നു്, അവിടുത്തെ തിരുവചനങ്ങൾ കേംക്കുക യും അതിനനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരാണ് യേശു വിൻെറ ശിഷ്യന്മാർ. യേശു നമ്മെ മനുഷ്യരിലൂടെയാണ് തന്നിലേയ്ക്കു നയിക്കുന്നതു്. അതിനാൽ നമ്മുടെ അധികാരി കൾ, ആത്മപാലകർ തുടങ്ങിയവരിൽ നമുക്കു ശരിയായ വി ശ്വാസം വേണം. നമ്മുടെ വിഷമതകൾ വിശ്വാസപൂർവം അവരെ അറിയിക്കുക; അവരുടെ നിർദ്ദേശങ്ങൾ കൃത്യമായി അനുസരിക്കുക. അടുക്കലടുക്കൽ പാപസങ്കീർത്തനത്തിനണ ഞ്ഞ്, ആത്മീയ ജീവിതത്തിൽ ശരിയായ മാർഗ്ഗനിർദ്ദേശം കൃത്യമായി തേടിക്കൊണ്ടിരുന്നാൽ, നീ ആത്മീയജീവിത ത്തിൽ വളരെ വേഗം പുരോഗമിക്കും എന്നതു് തക്കമെററൊരു കാര്യമത്രെ.

മാതൃപൂജ

അമ്മയെ ദൈവത്തെപ്പോലെ കരുതണമെന്നാണ് ഉപനിഷത്തുക്കൾ അനുശാസിക്കുന്നത്. കന്യകാമേരിയാണ് നമ്മുടെ അമ്മ. അവൾ ദൈവമാതാവാണ്. കന്യകാമേരിയെ ബഹുമാനിക്കുക എന്നതു് ക്രിസ്തീയഭക്തിയുടെ ആരംഭം മുതൽ കാണാവുന്നൊരു പ്രതിഭാസമാണ്. ദൈവവചനം വിശ്വാസപൂർവം കേട്ട്, അതിനു സ്നേഹപൂർവം പ്രത്യുത്തരമേകിയ കന്യകയും മാതാവുമാണവൾ. കേരളത്തിലെ ക്രിസ്തീയ കുടുംബങ്ങളിൽ കന്യകാമേരിയോടുള്ള ഭക്തി എന്നും വിളങ്ങി നിന്നിരുന്നു. ഈ ഭക്തിയെ നാം നമ്മിലും മറ്റുള്ളവരിലും താല്പര്യപൂർവം വളർത്തണം. അമ്മയെ മറക്കുക മക്കൾക്കു ഭൂഷണമല്ല; അമ്മയുടെ തണലിപ്പകപ്പാകുന്നതാണ് മക്കൾക്കു ഭംഗി. ആവശ്യങ്ങളിൽ അമ്മയുടെ പക്കൽ ഓടിയെത്തുക. കന്യകാമേരിയോടുള്ള ഭക്തിപ്രകടനത്തിന്റെ അത്യുത്തമമായൊരു അഭ്യാസമാണ് ജപമാല. ജപമാലയുടെ സവിശേഷതയെ ഇടിച്ചു കാണിക്കാൻ ഇക്കാലത്തു് ചിലരെല്ലാം പരിശ്രമിക്കുന്നതായിക്കാണാം. അതു് നീ കണക്കാക്കേണ്ട. യേശു പഠിപ്പിച്ച ജപം, മാതൃവന്ദനം, ത്രിത്വസ്തുതി ഇവയെക്കാൾ അത്യുത്തമമായി മറെറന്താണുള്ളതു്? സ്വന്തം അമ്മയെ പേർ ചൊല്ലി വിളിച്ച്, 'ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ഞങ്ങളെ കൈവെടിയരുതെ' എന്നു ചൊല്ലുന്നതിനെക്കാൾ ഇമ്പകരമായി മക്കൾക്കു മറെറന്താണുണ്ടാകുക? അമ്മയെ വന്ദിക്കുന്നതു് അടിസ്ഥാനരഹിതവും അഭിമാനക്കുറവുമാണെന്നു് കരുതുന്നതിൽ ഒരു യുക്തിയുമില്ല. യേശുവിനെ സ്വന്തം ശരീരത്തിൽ വഹിച്ച്, യേശുവിനോടൊപ്പം കുരിശിലേയ്ക്കു നീങ്ങി, മരണത്തിലും അവിടുത്തെ പിരിയാതെ, അവിടുത്തെ പക്കലേയ്ക്കു കരേറിപ്പോയിട്ടുള്ള സ്വർഗ്ഗീയ മാതാവാണവൾ. ഇങ്ങനെയുള്ള കന്യകാമാതാവിനോടുള്ള ഭക്തി, നമ്മെ യേശുവിൽ നിന്നും ഒരുതരത്തിലും അകറ്റുകയില്ല; മറിയംവഴി യേശുവിലേയ്ക്കു നാം അടുത്തടുത്തുവരും. മരിയാത്മക ജീവിതം എന്നതു് മറിയത്തോടൊപ്പം, ദൈവവചനം കേട്ട്, അതിനു സ്വയം സമർപ്പിച്ച്, ദൈവത്തിനും മനുഷ്യർക്കും ശുശ്രൂഷചെയ്തു് ജീവിക്കുന്നതിനുള്ള വിളിയാണ്. ഈ വിളിതന്നെയാണു് നമ്മുടെ സന്ന്യാസത്തിന്റെ കാതൽ.

തീർത്ഥം

തീർത്ഥം എന്ന വാക്കിനു് തരണം ചെയ്യിക്കുന്നതു് എന്നാണർത്ഥം. നാമെല്ലാവരും ലോകമാകുന്ന സാഗരത്തിൽ കിടന്നു് നട്ടംതിരിയുകയാണു്. അതിൽനിന്നും നമ്മെ തരണം ചെയ്യിച്ചു്, സ്വർഗ്ഗമാകുന്ന മറുകരയിലെത്തിക്കുന്ന പരിശുദ്ധ സങ്കേതങ്ങളാണു് തീർത്ഥങ്ങൾ. സന്ന്യാസഭവനങ്ങൾ തീർത്ഥങ്ങളായിരിക്കണം. അവിടെ വരുന്നവർക്കു് സ്വർഗ്ഗത്തിന്റെ പ്രതീതിയാകണം ലഭിക്കേണ്ടതു്. സന്ന്യാസഭവനങ്ങളിൽ ശാന്തി, പ്രാർത്ഥനാചൈതന്യം, ഈശ്വരപൂജ, സ്നേഹചൈതന്യം, സാഹോദര്യം, മൗനം, പരിശുദ്ധി എന്നിവയുടെ അന്തരീക്ഷം തളംകെട്ടി നിന്നാലേ, ഈ അനുഭവം അവിടെ വരുന്നവരിലുണ്ടാകൂ. സന്ന്യാസ ഭവനങ്ങളാകുന്ന തീർത്ഥങ്ങളിൽ താഴെക്കാണുന്ന സുകൃതങ്ങൾ പ്രത്യേകമായി വിളങ്ങിക്കാണണമെന്നു് ഭാരതീയരുടെ ഭക്തിശാസ്ത്രങ്ങളിൽ കാണുന്നു: ആദ്ധ്യാത്മികജ്ഞാനം, ശാന്തത, ഇന്ദ്രിയനിഗ്രഹം, സ്നേഹം, സത്യം, ദാനം, ആത്മസംയമം, സംതൃപ്തി, സമാധാനം എന്നിവയാണവ. ധ്യാനത്തിന്റെയും പൂജയുടെയും അദ്ധ്യാത്മപാരായണത്തിന്റെയും സങ്കേതങ്ങൾ ആയിരിക്കണം സന്ന്യാസാശ്രമങ്ങൾ. ലോകത്തിലുള്ളവർ, തങ്ങളുടെ വിഷമതകളിലും ദുഃഖങ്ങളിലും പ്രാർത്ഥനയും പ്രകാശവും തേടി വരുന്നതു് സന്ന്യാസാശ്രമങ്ങളിലേയ്ക്കാണു്. അവിടെയാണു് അവർ ആത്മീയഗുരുക്കളെ കണ്ടെത്തുക. ലൗകികതയെയും സുഖസന്തോഷങ്ങളെയും പ്രതിധ്വനിപ്പിക്കുന്ന തരത്തിലുള്ള പ്രതീകങ്ങളല്ല സന്ന്യാസാശ്രമങ്ങൾക്കു ഭൂഷണം. പ്രാർത്ഥന, മൗനം, സൽഗ്രന്ഥപാരായണം, ശാന്തത, ഈശ്വരപൂജ, അതിഥിസൽക്കാരം, വൃത്തി, ലാളിത്യം എന്നിവയെ പ്രതിഫലിപ്പിക്കുന്ന വിനീതവും ദരിദ്രോചിതവും താപസികവുമായ ചിഹ്നങ്ങളും ക്രമീകരണങ്ങളുമാണു് സന്ന്യാസഭവനത്തിനു അലങ്കാരം. അവിടെനിന്നും ഈശ്വരപൂജയുടെയും ഭജനത്തിന്റെയും രാഗാലാപങ്ങൾ സദാപി ഉയർന്നു കേൾക്കണം. **അവിടെ വരുന്നവർ, സന്ന്യാസികളുടെ ഈശ്വരഭക്തിയും പര.** സ്നേഹചൈതന്യവും കണ്ടു്, സ്വർഗ്ഗത്തോളം ഉയരണം. അപ്പോഴേ സന്ന്യാസഭവനങ്ങൾ ശരിക്കും തീർത്ഥങ്ങളാകൂ.

ഈശ്വരപൂജ

സന്ന്യാസാശ്രമങ്ങളിൽ വിളങ്ങിക്കാണേണ്ട രണ്ട് പ്രധാന പുണ്യകൃത്യങ്ങളാണ് ഈശ്വരപൂജയും അതിഥിപൂജയും. പൂക്കളും കായ്കളും അച്ചന ചെയ്തുകൊണ്ടാണ് ഈശ്വരപൂജ ചെയ്യേണ്ടതു്. ദൈവത്തെ മനസ്സിൽ ഭജിച്ച്, അവിടുത്തേയ്ക്കു മാനസപൂജ ചെയ്യുന്നതായിരിക്കണം. നമുക്ക് ജീവിതത്തിൽ ഏററവും ഇമ്പകരമായ അനുഭവം. ദിവസത്തിൻെറ ആരംഭം തന്നെയാണ് മാനസപൂജയ്ക്കു ഏററം ചേന്ന മുഹൂത്തം. രാവിലെ എഴുന്നേററ്, ദേഹശുദ്ധി വരുത്തി, ഈശ്വരസന്നിധിയിൽ ചെന്നിരുന്ന് കൈകരം കൂപ്പി, കണ്ണുകരം അടച്ച്, മനസ്സിൽ അവിടുത്തെ സ്നേഹപൂർവം ഭജിച്ചുകൊണ്ടിരിക്കുക. സന്ന്യാസാശ്രമങ്ങളിൽ പതിവുള്ള പ്രഭാതധ്യാനം മാനസപൂജ തന്നെയാണ്. ഇതു് കഴിയുന്നത്ര ജാഗ്രതയോടും ഏകാഗ്രതയോടും സ്നേഹത്തോടുംകൂടി ചെയ്യാൻ പരമാവധി ശ്രദ്ധവയ്ക്കണം. എന്നും പ്രഭാതത്തിൽ നിഷ്ഠയോടെ മാനസപൂജ ചെയ്യുന്ന സന്ന്യാസികരം, ദിവസം മുഴുവനും അതിൻേറതായ പ്രകാശവും പ്രശാന്തതയും അനുഭവപ്പെടാതിരിക്കുകയില്ല. മാനസപൂജയ്ക്കുശേഷം പുഷ്പപൂജചെയ്യണം. പുഷ്പങ്ങളും ഫലങ്ങളും ഈശ്വരൻെറ തൃപ്പാദത്തിങ്കൽ കാഴ്ചവച്ചുകൊണ്ടാണ് പുഷ്പപൂജ ചെയ്യേണ്ടതു്. നമ്മുടെ പ്രവൃത്തികളുടെ അവസാനഫലങ്ങളെയാണ് പൂവും കായും സൂചിപ്പിക്കുന്നതു്. നാം ഒരു മരം നട്ടാൽ, അതിൻെറ അവസാനത്തെ ഫലം പൂവ് അഥവാ കായ് ആണല്ലോ. നമ്മുടെ കമ്മഫലങ്ങരം എല്ലാംതന്നെ ദൈവത്തിനു നാം പൂജചെയ്യണം. കണ്ണുകരംകൊണ്ട് കാണുന്നതും കാതുകരംകൊണ്ട് കേരംക്കുന്നതും കൈകരംകൊണ്ട് പ്രവത്തിക്കുന്നതും കാലുകരംകൊണ്ട് നടക്കുന്നതും നാക്കുകൊണ്ട് രുചിക്കുന്നതും മനസ്സുകൊണ്ടു ചിന്തിക്കുന്നതുമെല്ലാം ദൈവത്തിനുള്ള അച്ചനയായി ചെയ്യുക. നമ്മുടെ പരമമായ പുഷ്പാച്ചനയും ഫലാച്ചനയുമാണ് ദിവ്യകാരുണ്യബലി. നമ്മുടെ കമ്മഫലങ്ങളുടെ ആകെത്തുകയായ അപ്പവും വീഞ്ഞും നാം സ്നേഹപൂവ്വം അനുദിനം ദൈവത്തിനണയ്ക്കുന്നു. എന്തു കിട്ടിയാലും, 'ഇതു് ദൈവത്തിനു കൊടുക്കണം' എന്ന ചിന്തയത്രെ നമ്മിൽ ഉടനടി ഉണരേണ്ടതു്.

അതിഥിപൂജ

നരനിൽ നാരായണനെ കാണണമെന്നാണ് ഭാരതീയരുടെ പ്രമാണം. അതിനാൽ മനുഷ്യനു നാം ചെയ്യുന്ന പൂജ, ദൈവത്തിനുതന്നെ ചെയ്യുന്ന പൂജയാണ്. 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യപ്പോൾ എനിക്കുതന്നെയാണ് നിങ്ങൾ ചെയ്യുതു്'' എന്നാണല്ലോ യേശുവും നമ്മോട്ട പറഞ്ഞിട്ടുള്ളതു്. സന്ന്യാസാശ്രമങ്ങളിൽ വരുന്ന അതിഥികളെ ദൈവത്തെപ്പോലെ പൂജിക്കണമെന്നാണ് വിധി. സന്ന്യാസാശ്രമങ്ങളിൽ വരുന്നവർക്ക നമ്മുടെ ഹൃദ്യവും ഉദാരവുമായ പെരുമാററം ലഭിക്കണം. നമ്മെക്കുറിച്ച് മററുള്ളവർ തങ്ങളുടെ ആദ്യത്തെ അഭിപ്രായം രൂപപ്പെടുത്തുക സ്വീകരണമുറിയിൽ അവർക്ക് ലഭിച്ച പെരുമാററത്തിൽനിന്നാണ്- അതിഥികളോട് ഉദാരമായും മാന്യമായും ഹൃദ്യമായും പെരുമാറുക. സന്ന്യാസാശ്രമങ്ങളിൽ ഗുരു, അതിഥി, ഭിക്ഷു തുടങ്ങി എല്ലാവർക്കും ഒരുപോലെ സ്നേഹസമന്വിതമായ സ്വീകരണം ലഭിക്കണമെന്നാണ് ഭക്തിശാസ്ത്രങ്ങൾ നിർദ്ദേശിക്കുന്നതു്. ദൈവത്തെ മാത്രമല്ല നമുക്ക നമസ്കരിക്കാനുള്ളതു്; മനുഷ്യനോടും നാം നമസ്കാരം പറയേണ്ടതാണ്. മനുഷ്യനെ സ്നേഹിക്കാതെയും, സേവിക്കാതെയും, നാം ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു എന്നു പറയുന്നതിലർത്ഥമില്ല. സ്നേഹാന്വിതവും ശാന്തവും മധുരവും ഋജുവും ശാലീനവും ഉദാരവുമായ പെരുമാററശീലം സമാർജ്ജിക്കുക. എല്ലാവരും ഒരുപോലെ ദൈവത്തിൻെറ മക്കളാണ്. അതിനാൽ എല്ലാവരേയും ഒരുപോലെ ശുശ്രൂഷിക്കാൻ നാം കടപ്പെട്ടവരാണ്. മററുള്ളവർക്കുവേണ്ടി ചെയ്യുകൊടുക്കാൻ കടപ്പെട്ടവയെല്ലാം ചെയ്യശേഷം, നാം നമ്മെപ്പററിത്തന്നെ ഇങ്ങനെയേ വിചാരിക്കാവൂ: ''ഞങ്ങൾ സാധാരണ ഭൃത്യന്മാർ മാത്രമാണ്; ചെയ്യാൻ കടപ്പെട്ടതുമാത്രമെ ഞങ്ങൾ ചെയ്യിട്ടുള്ളൂ.'' നീ നിന്നെത്തന്നെ മറന്നു്, നിൻെറ നഷ്ടങ്ങളും അസൗകര്യങ്ങളും കാര്യമാക്കാതെ, മററുള്ളവർക്ക നിന്നാൽ സാധിക്കുന്നതിൻെറ പരമാവധി ചെയ്യുകൊടുക്കാൻ സന്നദ്ധതയുള്ളവനായി വ്യാപരിച്ചാൽ, ഈ ജീവിതം കൊണ്ട് നിനക്ക അനേകർക്ക് ഉപകാരം ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ, നിൻെറ ജീവിതം പാഴായതുതന്നെ

മമത

'എൻേറതു്, എൻേറതു്' എന്നുള്ള വിചാരമാണു് മമത. എനിക്കു സമയമുണ്ടെങ്കിൽ അതു് എൻെറ സമയം, എനിക്കു വേണ്ടിയുള്ള സമയം; ആരോഗ്യമുണ്ടെങ്കിൽ, അതു് എൻെറ ആരോഗ്യം, എനിക്കുവേണ്ടിയുള്ള ആരോഗ്യം; സമ്പത്തുണ്ടെങ്കിൽ, അതു് എൻെറ സമ്പത്തു്, എനിക്കുവേണ്ടിയുള്ള സമ്പത്തു്. ഇങ്ങനെ, എനിക്കു എന്തെല്ലാമുണ്ടായാലും, ഞാൻ എന്തെല്ലാം ചെയ്താലും, അവയെല്ലാം എൻേറതു്, അവയെല്ലാം എനിക്കുവേണ്ടി എന്ന മട്ടിലാണു് ഞാൻ അവയെപ്പററി ചിന്തിക്കുന്നതു്. ഇതാണു് മമത. മമതയുള്ളപ്പോൾ എനിക്കുള്ളവയെല്ലാം എന്നോടു ചേർത്തുകെട്ടപ്പെട്ടിരിക്കുന്നു. തൻെറ സമയവും സമ്പത്തും അറിവും ആരോഗ്യവുമൊക്കെ തനിക്കു വേണ്ടിയാണെന്നു ചിന്തിക്കുന്ന ആളോട്, അവയെല്ലാം ചേർത്തു കെട്ടപ്പെട്ടിരിക്കുകയാണു്. ഇതാണു് ബന്ധനം. ഈ ബന്ധനത്തിൽനിന്നും നാം മുക്തി നേടണം. ഈ മുക്തിയാണു് മോക്ഷം. നമ്മുടെ സമയം, ആരോഗ്യം, അറിവ്, സമ്പത്തു തുടങ്ങി, നമ്മോടു ബന്ധിതമായി നില്ക്കുന്ന എല്ലാററിനേയും നാം നമ്മിൽനിന്നും വിമോചിപ്പിച്ച് ദൈവത്തിലും മററുള്ളവരിലും എത്തിക്കണം. അപ്പോൾ നാം മോചനം അഥവാ മുക്തി പ്രാപിച്ച മനുഷ്യരാകും. അതിനാൽ, തനിക്കുള്ളവയെല്ലാം എങ്ങനെ തൻെറ സുഖത്തിനും സന്തോഷത്തിനുമായി ചെലവഴിക്കാൻ സാധിക്കും എന്നു മാത്രം എല്ലാ കാര്യത്തിലും ചിന്തിക്കുന്ന മനുഷ്യൻ, ബന്ധിതനായ മനുഷ്യനാണു്. അറിവ്, ആരോഗ്യം, സമയം, സമ്പത്തു് തുടങ്ങി തനിക്കുള്ളവയെല്ലാം എങ്ങനെ ദൈവത്തിനും മററുള്ളവക്കുംവേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കും എന്നു എപ്പോഴും ചിന്തിക്കുന്ന മനുഷ്യനാണു് മുക്തി പ്രാപിച്ച മനുഷ്യൻ. നമ്മെത്തന്നെ മറക്കുന്ന കലയിൽ നാം നമ്മെ പരിശീലിപ്പിക്കണം. എല്ലാക്കാര്യത്തിലും ദൈവത്തിൻെറയും മററുള്ളവരുടെയും സുഖവും സന്തോഷവും സംതൃപ്തിയും അന്വേഷിക്കുക. അതുകൊണ്ടു മാത്രമേ നമുക്കു ജീവിതത്തിൽ യഥാർത്ഥമായ ആനന്ദമുണ്ടാകൂ. 'മററുള്ളവർ വളരാൻവേണ്ടി ഞാൻ കുറയുക' എന്നതാണു് ശരിയായ ക്രിസ്തീയാദർശം. ദൈവത്തിനും മററുള്ളവക്കുംവേണ്ടി ജീവിച്ചവൻെറ വ്യക്തിത്വത്തിനേ വൈശിഷ്ട്യമുള്ളൂ.

കർമ്മസന്ന്യാസം

കർമ്മം മുക്തിക്കുള്ള മാർഗ്ഗമാണ്. നമുക്ക് സമയം, സമ്പത്ത്, അറിവ്, ആരോഗ്യം തുടങ്ങി അനേകം കാര്യങ്ങൾ നമ്മുടേതായുണ്ട്. അവ നാം നമുക്കുവേണ്ടി മാത്രമായി ഉപയോഗിക്കുമ്പോൾ, അവയെല്ലാം നമ്മോട് കെട്ടപ്പെട്ടു നില്ക്കുകയാണ്. ഇതു് ബന്ധനമാണ്. ഇതിൽനിന്നും നമുക്കു മുക്തി അഥവാ മോചനം കിട്ടണം. ഇതിനുള്ള വഴിയാകട്ടെ, സമയം, സമ്പത്ത്, അറിവ്, ആരോഗ്യം തുടങ്ങി നമ്മുടേതായുള്ള കാര്യങ്ങളെ നാം നമുക്കായി ഉപയോഗിക്കാതെ, അവയെ ദൈവത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും മോചിപ്പിക്കുക എന്നതു മാത്രമാണ്. കർമ്മം ചെയ്തുകൊണ്ടുമാത്രമേ അവയെ ദൈവത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും മോചിപ്പിക്കാൻ നമുക്കു കഴിയൂ. നമ്മുടെ അറിവ്, ആരോഗ്യം, സമയം, സമ്പത്ത് എന്നിവ ഉപയോഗിച്ച് നാം ദൈവത്തിനും മററുള്ളവർക്കുമായി കർമ്മം ചെയ്യണം. അങ്ങനെ കർമ്മത്തിലൂടെ നമുക്ക്, നമുക്കുള്ളവയെ നമ്മിൽനിന്നും മോചിപ്പിച്ച്, ദൈവത്തിലും മററുള്ളവരിലും എത്തിക്കുവാൻ കഴിയും. ഇങ്ങനെ ചെയ്യുന്ന മനുഷ്യന്, കർമ്മം മോചനത്തിന് അഥവാ മുക്തിക്കുള്ള മാർഗ്ഗമായിത്തീരുന്നു. ഇതു് സാധിക്കണമെങ്കിൽ, എല്ലാ കാര്യത്തിലും നമ്മെത്തന്നെ മറന്ന്, ദൈവത്തേയും മററുള്ളവരേയുംപററി ഒന്നാമതായി ചിന്തിക്കുവാൻ പഠിക്കണം. നമ്മുടെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും കാര്യമാക്കാതെ, ദൈവത്തിനും മററുള്ളവർക്കും എന്തുമാത്രം സുഖങ്ങളും സൗകര്യങ്ങളും നമുക്കു നൽകാൻ സാധിക്കുമെന്നുമാത്രം എല്ലാ കാര്യത്തിലും നാം ചിന്തിക്കണം. അതനുസരിച്ച്, നമ്മുടെ സുഖസൗകര്യങ്ങൾ മറന്നും മാററിവച്ചും, ദൈവത്തിന്റെയും മററുള്ളവരുടെയും സുഖസൗകര്യങ്ങൾക്കും സന്തോഷത്തിനുമായി നാം ഊണും ഉറക്കവുമുപേക്ഷിച്ച് ജോലി ചെയ്യണം. അറിവ്, ആരോഗ്യം, സമയം, സമ്പത്ത് എന്നിങ്ങനെ നമുക്കുള്ളവയെല്ലാം, ദൈവത്തിന്റെയും മററുള്ളവരുടേയും കാര്യങ്ങൾ കൂടുതൽ ഭംഗിയായി നടത്തുന്നതിനായി, പ്രാർത്ഥനയുടേയും സഹനത്തിന്റെയും ശുശ്രൂഷയുടെയും രൂപത്തിൽ നാം സസന്തോഷം വ്യയം ചെയ്യണം. ജീവിച്ചിരിക്കുമ്പോൾത്തന്നെ മുക്തിമാർഗ്ഗത്തിൽ ചരിക്കുന്ന മഹത്വമുള്ള ഒരു മനുഷ്യന്റെ ലക്ഷണമാണിതു്.

യജ്ഞം

നമ്മുടെ കർമ്മങ്ങളെല്ലാം യജ്ഞമായാണ് നാം ചെയ്യേണ്ടതു്. യജ്ഞം ബലിയാണ്. തന്നെത്തന്നെ ബലിയായി അർപ്പിച്ചശേഷം യേശു നമ്മോടു് പറഞ്ഞിട്ടുള്ളതു്, 'നിങ്ങൾ ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്നാണല്ലോ. യേശുവിൻെറ ആത്മബലിയായിരിക്കണം കർമ്മം ചെയ്യുന്നതിൽ നമുക്കുള്ള മാതൃക. യേശു അപ്പം കയ്യിലെടുത്തു് കണ്ണുകൾ പിതാവിലേയ്ക്കുയർത്തി അവിടുത്തേയ്ക്കു് നന്ദി പറഞ്ഞു. അവിടുന്നു് തന്നെത്തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിച്ചു. ഇതാണ് യേശുവിൻെറ ബലിയുടെ ഒന്നാമത്തെ വശം. നാം നമ്മെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കണം. നമ്മുടെ അറിവ്, ആരോഗ്യം, സമയം, സമ്പത്തു് തുടങ്ങി നമുക്കുള്ളവയെല്ലാം സമ്പൂർണ്ണമായി ദൈവത്തിനു കാഴ്ചയായി അർപ്പിക്കുക. ദൈവത്തിനു സമർപ്പിക്കപ്പെട്ടവ മുഴുവനും അവിടുത്തെ മക്കൾക്കു അവകാശപൂർവ്വം അനുഭവിക്കാനുള്ളതാണ്. അതിനാൽ യേശുവിൻെറ ശരീരം നമുക്കു അനുഭവിക്കാനുള്ള ഭോജ്യമായിത്തീരുന്നു. തന്മൂലം തൻെറ ശരീരരക്തങ്ങൾ നമ്മുടെ പക്കലേയ്ക്കു നീട്ടിക്കൊണ്ടു് യേശു നമ്മോടു പറയുന്നു: ''എടുത്തു ഭക്ഷിക്കുക; എടുത്തു പാനം ചെയ്യുക'' എന്നു്. ഇതാണ് യേശുവിൻെറ ബലിയുടെ മറുവശം. താൻ മുഴുവനും മനുഷ്യർക്കുള്ളവനാണ്. നമ്മുടെ സമയം, അറിവ്, ആരോഗ്യം, സമ്പത്തു് തുടങ്ങി നമുക്കുള്ളവയെല്ലാം മററുള്ളവർക്കുവേണ്ടിയുള്ളതാണ്. അവയെ നാം അവർക്കു പ്രയോജനകരമായ വിധത്തിൽത്തന്നെ ഉപയോഗപ്പെടുത്തണം. ഇങ്ങനെ നമ്മെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചു്, മററുള്ളവർക്കു പ്രയോജനം കിട്ടുന്ന തരത്തിൽ നാം നമുക്കുള്ളവയെ മററുള്ളവർക്കായി മുറിച്ചു വിളമ്പണമെന്നാണ് യേശു നമ്മോടു് ആവശ്യപ്പെടുന്നതു്. ഇങ്ങനെ ചെയ്യുന്നവരാണ് യേശുവിൻെറ ഓർമ്മയ്ക്കായി കർമ്മം ചെയ്യുന്നതു്. ഇങ്ങനെ നാം ചെയ്യുകയാണെങ്കിൽ, 'നമ്മിലൂടെ യേശു ഇന്നും ജീവിക്കുന്നു' എന്നു നാം മററുള്ളവരെ നമ്മുടെ പ്രവൃത്തികൾ വഴി ഓർമ്മിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. യേശുവിൻെറ ദൈവത്തിനും മനുഷ്യർക്കുമുള്ള ആത്മദാനമാണ് നാം നമ്മുടെ കർമ്മങ്ങളിലൂടെ അനുവർത്തിക്കേണ്ടതു്.

ദേവയജ്ഞം

തൻെറ എല്ലാ കർമ്മങ്ങളും ദൈവത്തിനും മനുഷ്യർക്കുമുള്ള അർപ്പണമായി ചെയ്യുന്ന മനുഷ്യനാണ് കർമ്മയോഗി. കർമ്മങ്ങളെ അയാൾ യജ്ഞമായി ചെയ്യുന്നു. യജ്ഞത്തിൽ യാഗദ്രവ്യം നേരെ ദൈവത്തിനുള്ള അർപ്പണമായാണല്ലോ ബലി ചെയ്യപ്പെടുന്നത്. എന്നാൽ, അതേ ബലിവസ്തുതന്നെ വിഭജിക്കപ്പെട്ട് പ്രസാദമായി മനുഷ്യർക്ക് നല്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ, ദൈവത്തിനും മനുഷ്യർക്കുംവേണ്ടി തന്നെത്തന്നെ ബലി ചെയ്യുന്ന മനുഷ്യനാണ് കർമ്മയോഗി. കർമ്മയോഗിക്ക അനുദിനം ചെയ്യാനുള്ള കർമ്മങ്ങൾ അഞ്ചാണ്. ദേവയജ്ഞം, ബ്രഹ്മയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, നരയജ്ഞം എന്നിവയാണവ. നമ്മെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നതാണ് ദേവയജ്ഞം. നമ്മുടെ സന്ന്യാസവ്രതവാഗ്ദാനംവഴി നാം നമ്മെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിലെ ഏററവും വലിയ അർപ്പണമായി നാം നമ്മുടെ സന്ന്യാസവ്രതങ്ങളെ പരിഗണിക്കണം. എല്ലാ ദിവസവും ദിവ്യപൂജയുടെ സമയത്തു് നമ്മുടെ സന്ന്യാസവ്രതങ്ങളെ നാം സ്നേഹപൂർവ്വം നവീകരിക്കണം. ഇങ്ങനെ നാം അനുദിനം വിശ്വസ്തതയോടെ ചെയ്തുകൊണ്ടിരുന്നാൽ, നമ്മുടെ സന്ന്യാസവ്രതവാഗ്ദാനം ഉപേക്ഷിക്കുന്നതിനുള്ള ദുർഭാഗ്യത്തിൽ നാം ഒരിക്കലും ഉൾപ്പെടുന്നതല്ല. ദൈവത്തിനു സ്വന്തമാകുന്നതിനെക്കാൾ സന്തോഷകരമായി മററ് എന്തൊരനുഭവമാണു നമുക്കു ഉണ്ടാകാനുള്ളതു്! അതിനാൽ നമ്മുടെ സന്ന്യാസവ്രതവാഗ്ദാനം ഉപേക്ഷിക്കുന്നതിനെക്കാൾ വേദനാജനകവും ദുഃഖകരവുമായി മറെറാരു ദൗർഭാഗ്യവും നമുക്കു ജീവിതത്തിൽ സംഭവിക്കാനില്ല. നാം ഏററവും പൂജ്യമായി മരണംവരെ കാത്തുസൂക്ഷിക്കേണ്ട പരിപാവനമായ നിധിയാണ് നമ്മുടെ ദൈവവിളി. നമ്മുടെ ദൈവവിളിക്ക് നാം എന്നും ദൈവത്തിനു ആത്മാർത്ഥമായി നന്ദിപറയണം. നമ്മുടെ സന്ന്യാസവ്രതവാഗ്ദാനം എന്നും നാം നവീകരിക്കുകയും വേണം. ഇങ്ങനെ തങ്ങളെത്തന്നെ എന്നും ദൈവത്തിനു സമർപ്പിച്ചുകൊണ്ടിരിക്കുന്നവർ, തങ്ങളുടെ സമർപ്പിതജീവിതത്തിൽ മരണംവരെ നിലനിൽക്കും.

ബ്രഹ്മയജ്ഞം

കർമ്മയോഗി അനുദിനം അനുഷ്ഠിക്കേണ്ട രണ്ടാമത്തെ യജ്ഞം ബ്രഹ്മയജ്ഞമാണ്. ബ്രഹ്മത്തിന് അയാരം തന്നെത്തന്നെ സമർപ്പിക്കണം. ബ്രഹ്മമെന്നാൽ വേദം അഥവാ ദൈവവചനം എന്നാണർത്ഥം. ദൈവവചനത്തിനു നാം നമ്മെത്തന്നെ സമർപ്പിക്കണം. ദൈവവചനപഠനത്തിനാണ് ബ്രഹ്മയജ്ഞം എന്നു പറയുന്നതു്. സന്ന്യാസികളായ നാം ദൈവവചനത്തോട് സജീവമായ ആഭിമുഖ്യവും ബന്ധവും പുലർത്തണം. നമ്മുടെ ആത്മാവിൻെറ പ്രാണവായുവാണ് ദൈവവചനം. സുവിശേഷങ്ങൾ എന്നും നാം കയ്യിലെടുത്തു്, സ്നേഹപൂർവ്വം വായിക്കുകയും ശ്രദ്ധാപൂർവ്വം ധ്യാനിക്കുകയും വേണം. സുവിശേഷങ്ങളിൽക്കൂടി മാത്രമെ നമുക്കു യേശുവിനെ അടുത്തറിയാൻ കഴിയൂ. സുവിശേഷങ്ങളെ സ്നേഹിക്കാത്തവൻ യേശുവിനെ സ്നേഹിക്കുന്നില്ല. സുവിശേഷങ്ങളിലെ യേശുവചനങ്ങളെപ്പററി നാം ധ്യാനിക്കുംതോറും നമ്മുടെ ഹൃദയം അവിടുത്തോടുള്ള സ്നേഹത്താൽ കൂടുതൽ കൂടുതലായി ഉജ്ജ്വലിക്കും. എമ്മാവൂസിലേയ്ക്കുപോയ ശിഷ്യന്മാരുടെ അനുഭവം അതായിരുന്നു. സുവിശേഷങ്ങളെപ്പററി നാം ഓരോ ദിവസവും വീണ്ടും വീണ്ടും ധ്യാനിച്ചു വരുംതോറും, യേശുവിനെക്കുറിച്ച് നവംനവങ്ങളായ ഉൾക്കാഴ്ചകൾ നമുക്കു കിട്ടും. നാം നമ്മുടെ മരണംവരെ തുടർച്ചയായി ധ്യാനിച്ചാലും തീരാത്തവിധം അത്രയധികം ആത്മീയനിക്ഷേപങ്ങളാണ് സുവിശേഷങ്ങളിൽ ഒളിഞ്ഞുകിടക്കുന്നതു്. നമുക്കു യേശുവിനെക്കുറിച്ച് നമ്മുടേതായ കാഴ്ചപ്പാടും അടുപ്പവും വേണം. ഇതു് സുവിശേഷങ്ങളെക്കുറിച്ചുള്ള തുടർച്ചയായ ധ്യാനംകൊണ്ടുമാത്രമെ നമുക്കു ലഭിക്കൂ. യേശുവിൻെറ വാക്കുകളും ഉപമകളും അത്ഭുതങ്ങളും ജനനവും മരണവും ഉയിർപ്പും നാം വീണ്ടും വീണ്ടും ധ്യാനവിഷയമാക്കണം. അങ്ങനെയായാൽ അവയിൽ ഇന്നലെ നാം കാണാതെപോയ പുതിയൊരു വശം ഇന്നു നമുക്കു കാണാറാകും; ഇന്നു നമ്മുടെ ദൃഷ്ടിയിൽ പെടാതെപോയ മറെറാരു വശം നാളെ നമുക്കു അവിടെ കണ്ടെത്താൻ കഴിയും. ഇങ്ങനെ യേശുവിനെക്കുറിച്ചുള്ള അതിവിശിഷ്ടമായ അറിവിൽ നാം ഉത്തരോത്തരം വളർന്നുവരണം. നമ്മുടെ എല്ലാമായ യേശുവിനെ കൂടുതൽ കൂടുതൽ അറിയാൻ സാധിക്കുന്നതിലേറെ ഭാഗ്യകരമായി മറെറന്താണുള്ളതു്?

പിതൃയജ്ഞം

മരിച്ചുപോയ പിതാക്കന്മാക്കുവേണ്ടി നാം ബലി അപ്പിക്കുന്നതാണ് പിതൃയജ്ഞം. മരിച്ചുപോയവരേയും നമുക്കു മറക്കാവതല്ല. അവരും നമുക്കു സ്വന്തപ്പെട്ടവർ തന്നെയാണ്. വാസ്തവത്തിൽ അവരുടെ പ്രവത്തനഫലങ്ങളല്ലയോ നാം ഇന്നു് അനുഭവിക്കുന്നതു്? നന്ദി മനുഷ്യനുവേണ്ടൊരു ഗുണമാണ്. നന്ദിയില്ലാതായാൽ നാം മൃഗങ്ങളേക്കാറം അധഃപതിക്കുന്നു. മരിച്ചവക്കുവേണ്ടി പ്രാത്ഥിച്ചും ബലി അപ്പിച്ചും നമുക്കു അവരോടുള്ള നന്ദി നാം പ്രദശിപ്പിക്കണം. ദിവ്യബലിയുടെ നേരത്തു് നാം മരിച്ചവരെ—പ്രത്യേകിച്ചു് നമ്മോടു് കൂടുതലായി ബന്ധപ്പെട്ടവരെ—എന്നും ഓക്കണം. ശുദ്ധീകരാത്മാക്കളോടുള്ള ഭക്തി തിരുസ്സഭയിൽ പരമ്പരാഗതമായി പ്രചരിച്ചിരിക്കുന്ന ഒന്നാണ്. തനിക്കു കടപ്പെട്ടവരെ മറക്കുക എന്നതു് മഹത്വമുള്ളൊരു മനുഷ്യനു് ചേന്നതല്ല. മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കുന്നതുപോലെ പ്രധാനപ്പെട്ടൊരു കാര്യമാണ്, അവരുടെ ജീവിതാദശങ്ങളെ നമ്മുടെ ജീവിതത്തിൽ പകത്തുക എന്നതും. നമ്മുടെ സഭയിൽ മരിച്ചുപോയിട്ടുള്ളവരുടെ ജീവചരിത്രവും ഓമ്മകളും നാം എഴുതി സൂക്ഷിക്കണം. അവരുടെ ജീവിതാദശങ്ങളും സുകൃതമാതൃകകളും അനുകരിക്കാൻ അതു് നമ്മെ സഹായിക്കും. നമ്മുടെ സഭയുടെ സ്ഥാപകപിതാക്കന്മാരോടു് നമുക്കു ഹൃദയംഗമമായ ഭക്തിയും സ്നേഹവും വേണം. അവരുടെ ജീവചരിത്രവും സുകൃതോപദേശങ്ങളും നാം ശ്രദ്ധവച്ചു് പഠിക്കുകയും, നിഷ്ഠയോടെ ജീവിതത്തിൽ പകത്തുകയും വേണം. അതുപോലെതന്നെ, വിശുദ്ധന്മാരുടെ ജീവചരിത്രങ്ങറം നാം താല്പര്യത്തോടെ വായിക്കണം. യേശുവിനുവേണ്ടി അവർ വരിച്ച ത്യാഗങ്ങളിൽ നിന്നും, മനുഷ്യരെ അവർ ത്യാഗപൂർവം ശുശ്രൂഷിച്ച രീതികളിൽനിന്നും നാം പ്രചോദനം ഉറംക്കൊള്ളണം. ഒരു മനുഷ്യനും ഒററപ്പെട്ടൊരു ദ്വീപല്ല എന്നു പറയാറുണ്ടു്. മരിച്ചവരും ജീവിച്ചിരിക്കുന്നവരും പരസ്പരം അന്യരല്ല. നാം എല്ലാവരും പരസ്പരം ബന്ധപ്പെട്ടവരാണ്. ജീവിച്ചിരിക്കുന്നവർ മരിച്ചവരുടെ ലോകത്തിലേയ്ക്കു അടുത്തുകൊണ്ടിരിക്കുകയുമാണ്. പരസ്പരമുള്ള പ്രാത്ഥനയും അനുസ്മരണവും ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും തമ്മിൽ ബന്ധിച്ചു നിറുത്തുന്നു.

ഭൂതയജ്ഞം

കർമ്മയോഗിയുടെ നാലാമത്തെ യജ്ഞം ഭൂതയജ്ഞമാണ്. മണ്ണ്, മരം, മൃഗം, മനുഷ്യൻ തുടങ്ങി എല്ലാ ജീവരൂപങ്ങളിലും ദൈവത്തിൻെറ ജീവചൈതന്യമുണ്ട്. ഇതിനാണ് ഇവിടെ ഭൂതം എന്നു പറയുന്നതു്. പ്രകൃതി മുഴുവനിലും നാം ഈശ്വര ചൈതന്യം ദർശിച്ച്, നാം നമ്മെത്തന്നെ പ്രകൃതിയ്ക്ക് സമർപ്പിക്കണം. മണ്ണിൽ വേല ചെയ്യുന്ന മനുഷ്യൻ തന്നെത്തന്നെ വിയർപ്പാക്കി ഒഴുക്കി, സ്വയം പ്രകൃതിക്കു നല്കുന്നു. പ്രകൃതി മനുഷ്യനെ സസ്നേഹം തീററിപ്പോററുന്നു; പകരം മനുഷ്യൻ പ്രകൃതിയേയും ഉദാരമായി തീററിപ്പോററണം. മണ്ണിനോടും മരങ്ങളോടും മൃഗങ്ങളോടും നമുക്കു സ്നേഹം വേണം. അവയെ നാം നമ്മുടെ വിയർപ്പൊഴുക്കി തീററിപ്പോററണം. കൃഷി, മൃഗ സംരക്ഷണം തുടങ്ങിയ കായികാദ്ധ്വാനങ്ങൾ ചെയ്യുന്ന കാര്യത്തിൽ നാം കാര്യമായ ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിക്കണം. പ്രാചീനസന്ന്യാസികൾ ഭൂമിയിൽ ജോലി ചെയ്താണ് തങ്ങളുടെ നിത്യവൃത്തി കഴിച്ചിരുന്നതു്. സന്ന്യാസഭവനത്തിൻെറ പറമ്പും നിലവും കൃഷിചെയ്യാതെ അല്പംപോലും നാം തരിശായിടരുതു്. ആവക ജോലികൾ കഴിയുന്നിടത്തോളം ജോലിക്കാരോടുകൂടി നാമും ചെയ്യണം. നാം അല്പം കൂടി ശ്രദ്ധവച്ച് അദ്ധ്വാനിച്ചാൽ ഭവനത്തിനാവശ്യമുള്ള സസ്യവിഭവങ്ങളിൽ കുറെയെങ്കിലും നമുക്കുതന്നെ കൃഷിചെയ്തുണ്ടാക്കാവുന്നതാണ്. ദാരിദ്ര്യജീവിതം, അദ്ധ്വാനജീവിതം, താപസികജീവിതം തുടങ്ങിയ പല സുകൃതങ്ങൾക്കും അങ്ങനെ നമുക്കു പ്രായോഗികമായി സ ക്ഷ്യം വഹിക്കാനും സാധിക്കും. മരങ്ങളെ നാം സ്നേഹിക്കണം. കഴിയുന്നിടത്തോളം ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ തുടങ്ങിയ നാം നമ്മുടെ സ്ഥലത്തു് വച്ചുപിടിപ്പിക്കണം. ഒരു മരം സ്വയമായി വച്ചുപിടിപ്പിച്ചിട്ടില്ലാത്ത ഒരാൾക്ക്, മററാരോ വച്ചുപിടിപ്പിച്ചിട്ടുള്ള വേറൊരു മരം വെട്ടിക്കളയാനുള്ള അർഹതയില്ലെന്ന് സാധാരണ പറയാറുണ്ട്. ഭവനത്തിനു പ്രയോജനകരമായ വളർത്തു മൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലും നമുക്കു താല്പര്യംവേണം. മണ്ണിനേയും മരങ്ങളെയും മൃഗങ്ങളെയും നാം സ്നേഹിച്ച് പരിചരിച്ചാൽ, ആറിരട്ടി ധാരാളിത്വത്തോടുകൂടി അവ നമുക്കും പ്രതിഫലമേകും. പ്രകൃതിയോട് വേണ്ടത്ര അടുപ്പമില്ലെങ്കിൽ, നമ്മുടെ ജീവിതംതന്നെ ഒരു തരത്തിൽ കൃത്രിമമായിത്തീരും.

നരയജ്ഞം

കർമ്മയോഗിയുടെ അഞ്ചാമത്തെ യജ്ഞം നരയജ്ഞമാണു്. അയാൾ തന്നെത്തന്നെ മററു മനുഷ്യർക്കു ആത്മബലിയായി സമർപ്പിക്കണം. നാം ജീവിക്കുന്നതു് നമുക്കുവേണ്ടിയല്ല; മററുള്ളവർക്കുവേണ്ടിയാണു്. മററുള്ളവരെ മറന്നു്, നാം നമ്മുടെ സ്വന്തം സുഖത്തിനും സന്തോഷത്തിനുമായിമാത്രം ജീവിച്ചാൽ, നമ്മുടെ ജീവിതത്തിനു് എന്തു് മഹത്വമാണുണ്ടാകുക? നാം സ്വാർത്ഥമതികളായിരുന്നാൽ, ആരും നമ്മെ ഇഷ്ടപ്പെടുകയില്ല. എല്ലാ കാര്യത്തിലും തൻെറ സ്വന്തം സുഖവും സൗകര്യവും മാത്രം തേടുന്ന സന്ന്യാസിയെ ആരാണിഷ്ടപ്പെടുക? നേരേമറിച്ചു്, തന്നെത്തന്നെ മറന്നു്, മററുള്ളവർക്കു സുഖവും സന്തോഷവും സൗകര്യവും ഉണ്ടാകാൻവേണ്ടി, ഏതൊരു അസൗകര്യവും സസന്തോഷം അനുഭവിക്കുന്ന വിനീതനായ സന്ന്യാസിയെപ്പററി എല്ലാവർക്കും ഹൃദയത്തിൽ മതിപ്പുണ്ടാകും. നമ്മുടെ പഠിപ്പും കഴിവും കാര്യപ്രാപ്തിയും ഒന്നുമല്ല മററുള്ളവരെ ആകർഷിക്കുക. സ്വന്തം അസൗകര്യങ്ങളെയും ബുദ്ധിമുട്ടുകളെയും നഷ്ടങ്ങളെയും ഒട്ടും കാര്യമാക്കാതെ, മററുള്ളവർക്കു തന്നാൽ സാധ്യമായതെന്തും ചെയ്തുകൊടുക്കാൻ എപ്പോഴും സന്നദ്ധനായി സസന്തോഷം ഓടിയെത്തുന്ന സന്ന്യാസിയെ, അയാൾക്കു അറിവും കഴിവും കുറഞ്ഞിരുന്നാലും, എല്ലാവരും വളരെ കാര്യമായി കരുതും. വാസ്തവത്തിൽ ഇങ്ങനെയുള്ള സന്ന്യാസികളാണു്, വളരെ പഠനവും സാമർത്ഥ്യവുമുള്ളവരെക്കാൾ, ആളുകളെ സ്പർശിക്കുന്നതും ആകർഷിക്കുന്നതും. നന്മ ചെയ്തുകൊണ്ടു കടന്നുപോയ യേശുവിൻെറ ചിത്രമാണല്ലോ ജനഹൃദയങ്ങളിൽ പതിഞ്ഞതു്. ലാളിത്യം, ഋജുത്വം, വിനയം, ശാലീനത, ശാന്തത, ക്ഷമ, മധുരശീലം, ത്യാഗസന്നദ്ധത തുടങ്ങിയവ നമ്മുടെ പെരുമാററത്തിലും വാക്കുകളിലും വിളങ്ങിക്കാണാൻ നാം പ്രത്യേകം മനസ്സുവയ്ക്കണം. പലപ്പോഴും ഈ സുകൃതങ്ങളുടെ കുറവുകൊണ്ടാണു്, നമ്മുടെ അറിവും കഴിവും ഉപയോഗിച്ചു് നാം ചെയ്യുന്ന പല വലിയ കാര്യങ്ങൾപോലും വേണ്ടത്ര ഫലമുളവാക്കാതെ പോകുന്നതു്. സ്വാർത്ഥത, അസൂയ, അഹംഭാവം, കോപശീലം തുടങ്ങിയ സ്വഭാവദൂഷ്യങ്ങൾകൊണ്ടു്, വളരെ കഴിവുള്ള സന്ന്യാസികൾ പോലുംവളരെ വേഗം മററുള്ളവർക്കു അസ്വീകാര്യരായിത്തീരുന്നു.

മന്ത്രം

യജ്ഞത്തിന് മന്ത്രം, തന്ത്രം എന്നിങ്ങനെ രണ്ടു ഘടകങ്ങളുണ്ട്. ബലിയിൽ ഉച്ചരിക്കപ്പെടുന്ന വാക്കുകൾ മന്ത്രവും, അതിൽ ചെയ്യപ്പെടുന്ന കർമ്മങ്ങൾ തന്ത്രവുമാണ്. വചനമാകുന്ന മന്ത്രം ഉച്ചരിച്ചുകൊണ്ടാണ് ബലി അർപ്പിക്കപ്പെടുന്നത്. വാക്ക് അഥവാ വചനം ജീവന്റെ അടയാളമാണ്. ജീവനുള്ളവ മാത്രമാണല്ലോ വാക്കുകൾ ഉച്ചരിക്കുക; വാക്ക് സ്നേഹത്തിന്റെ അടയാളമാണ്. വാക്കിലൂടെ നാം നമുക്കു മറ്റുള്ളവരോടുള്ള സ്നേഹം കാണിക്കുന്നു. വാക്ക് അറിവിന്റെയും അടയാളമാണ്. നമ്മുടെ അറിവ് നാം മറ്റുള്ളരിലേക്കു പകരുന്നതും വാക്കിലൂടെയാണ്. യേശു തന്നെത്തന്നെ നമുക്കായി ബലിചെയ്തു. അതുവഴി താൻ നമുക്കുവേണ്ടി ജീവിക്കുന്നു, താൻ നമ്മെ സ്നേഹിക്കുന്നു, താൻ നമ്മെ ഒരുനാളും മറക്കാതെ എന്നെന്നും നമ്മെ അറിഞ്ഞും ഓർത്തുംകൊണ്ടിരിക്കുന്നു എന്ന് അവിടുന്ന് നമ്മെ അനുഭവിപ്പിക്കുന്നു. ഇതുതന്നെയാണ് വചനപ്രഘോഷണത്തിന്റെ സാരം. നാം നമ്മെത്തന്നെ മറ്റുള്ളവർക്കുവേണ്ടി വ്യയം ചെയ്യണം. തന്മൂലം, നാം അവർക്കുവേണ്ടി ജീവിക്കുന്നു, അവരെ സ്നേഹിക്കുന്നു, ഒരുനാളും അവരെ മറക്കാതെ എന്നെന്നും അവരെ അറിഞ്ഞും ഓർത്തുംകൊണ്ടിരിക്കുന്നു എന്ന് അവർക്ക് നമ്മുടെ പ്രവർത്തനത്തിൽനിന്നും അനുഭവപ്പെടണം. അപ്പോഴാണ് നമ്മുടെ പ്രവർത്തനങ്ങൾ വചനപ്രഘോഷണത്തിനുള്ള ഉപാധികളായി മാറുക. മറ്റുള്ളവർക്ക് ജീവനും സ്നേഹവും അറിവും പകരത്തക്കവിധമാണ് നാം വചനം ഉച്ചരിക്കേണ്ടത്. ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും അഭിനന്ദിക്കുകയും ചെയ്യുന്ന രീതിയിൽ സംസാരിച്ച് മറ്റുള്ളവർക്കു ജീവൻ പകരുക; അല്ലാതെ കേട്ടാൽ മറ്റുള്ളവരുടെ പ്രാണൻ പോകുന്ന തരത്തിൽ കരുണയില്ലാതെയും ഹൃദയമില്ലാതെയും നാം സംസാരിക്കരുത്. പരസ്പരമുള്ള സ്നേഹം വർദ്ധിപ്പിക്കുന്ന തരത്തിലേ, നാം സംസാരിക്കാവൂ: ശത്രുതയും പകയും തെറ്റിദ്ധാരണയും ഉളവാകുന്ന തരത്തിൽ നാം ഒരിക്കലും വാക്കുകൾ ഉച്ചരിച്ചേക്കരുത്. മറ്റുള്ളവർക്ക് ആത്മീയമായ പ്രകാശം കിട്ടത്തക്കവിധം വേണം നാം സംസാരിക്കുക; അല്ലാതെ തെറ്റായ പഠനങ്ങൾ സംസാരിച്ച്, ലൗകികാരൂപിയും ജഡികതയും ആത്മീയാന്ധകാരവും വർദ്ധിപ്പിക്കുവാൻ നാം ഒരിക്കലും കാരണമാകരുത്.

തന്ത്രം

ബലിയിൽ യാഗവസ്തു ദൈവത്തിനുള്ള കാഴ്ചയായും മനുഷ്യനുള്ള പ്രസാദമായും കീറിമുറിക്കപ്പെടുന്നു. ഇതാണ് ബലിയിലെ തന്ത്രം. നാം എന്തുചെയ്താലും, അതു് നമ്മെത്തന്നെ ദൈവത്തിനും മനുഷ്യർക്കും നല്കുന്നതിനുള്ള ദിവ്യതന്ത്രമായി ചെയ്യണം. യേശു തന്റെ ബലിയെപ്പററി നമ്മോടു പറയുന്നതു്, 'നിങ്ങൾ ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്നാണല്ലോ. യേശുവിന്റെ ബലി ദൈവത്തിനും മനുഷ്യർക്കുമുള്ള തന്റെ ആത്മദാനമാണു്. ഈ ആത്മദാനം എല്ലാ ദിവസവും നാം നമ്മിൽ തുടരണം. അങ്ങനെയുള്ള മനുഷ്യർ സ്വന്തം ജീവിതത്തിലൂടെ യേശുവിന്റെ ബലി തന്നിൽ തുടർന്നു് അവിടുത്തെ ഓർമ്മ നിലനിറുത്തുന്നു. ഒന്നാമതായി നാം മുഴുവനായും ദൈവത്തിനുള്ളവരാകണം. യേശുവിന്റെ ശരീരം രാവും പകലും നമ്മുടെ സക്രാരികൾക്കുള്ളിൽ പിതാവിനുള്ള കാഴ്ചയായി ഇരിക്കുകയാണു്. പിതാവിനു സ്വന്തമാകയാലാണ്, അവിടുത്തെ ശരീരം മക്കൾക്കു അവകാശപ്പെട്ടതായിത്തീരുന്നതു്. നാം ഒന്നാമതായി ദൈവത്തിനു സ്വന്തമാകണം. നാം ദൈവത്തോടു് എത്രയും അടുത്തിരിക്കുന്നുവോ, അത്രയും നാം മനുഷ്യർക്കുവേണ്ടിയുള്ളവരാകും. അതിനാൽ പ്രാർത്ഥന നമ്മെ മനുഷ്യരിൽനിന്നും അകററിക്കളയുമെന്ന ഭയം അസ്ഥാനത്താണു്. നാം ഇനിയും വേണ്ടത്ര മനുഷ്യർക്കുവേണ്ടി ത്യാഗപൂർവ്വം ജീവിക്കാത്തതിനുള്ള പ്രധാനമായൊരു കാരണം, നാം വേണ്ടിടത്തോളം പ്രാർത്ഥനയിൽ ദൈവവുമായി യോജിച്ചിട്ടില്ല എന്നതുതന്നെയാണ്. നാമും നമുക്കുള്ളവയും നമ്മുടേതാണെന്നാണ് ഇപ്പോഴും നാം വിചാരിച്ചുകൊണ്ടിരിക്കുന്നതു്. നാം ശരിയായ പ്രാർത്ഥനയുടെ മനുഷ്യരായിക്കഴിയുമ്പോൾ, നാമും നമുക്കുള്ളവയും പൂർണ്ണമായും ദൈവത്തിന്റേതാണെന്ന ബോധം നമ്മിലുറയ്ക്കും. ദൈവത്തിന്റേതാണെങ്കിൽ, നാം അവിടുത്തെ മക്കളായ മനുഷ്യരുടേതുമാണ്. ഈ ബോധ്യം, നമ്മെക്കുറിച്ചും നമുക്കുള്ളവയെക്കുറിച്ചും നാം പ്രാർത്ഥിച്ചുപ്രാർത്ഥിച്ചുതന്നെ നമ്മിൽ വളർത്തിക്കൊണ്ടുവരണം. യേശുവിനു്, താൻ ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ സ്വന്തമാണെന്ന ബോധ്യം അതിന്റെ പൂർണ്ണതയിലുണ്ടായിരുന്നു. ആ ബോധ്യംതന്നെ നമ്മിലും ആഴപ്പെട്ടാഴപ്പെട്ടുവരണം.

ഗുണമാഹാത്മ്യം

ദൈവത്തിനു സമർപ്പിതരായി ജീവിക്കുന്ന ബ്രഹ്മചാരികൾക്ക്, തങ്ങളുടെ ഉള്ളിൽ പ്രത്യേകമായ ചില പ്രചോദനങ്ങൾ തോന്നും. അവയ്ക്കു ആസക്തികൾ എന്നു പറയുന്നു. ഒന്നാമത്തേതു് ഗുണമാഹാത്മ്യാസക്തി ആണ്. ദൈവത്തിന്റെ ഗുണങ്ങളും മാഹാത്മ്യങ്ങളും പാടിപ്പുകഴ്ത്തുന്നതിനു് നമുക്കു ഉള്ളിൽ തോന്നുന്ന ആവേശവും അഭിനിവേശവുമാണു് ഗുണമാഹാത്മ്യാസക്തി. കർത്താവിന്റെ കരുണകൾ പാടിപ്പുകഴ്ത്തുന്നതു് കന്യകമാർക്കു് ഏറ്റവും ഇമ്പകരമായ അനുഭവമായിരിക്കണം. നമ്മുടെ സമൂഹത്തിൽനിന്നും ദൈവസ്തുതിപരമായ രാഗാലാപങ്ങളും കീർത്തനങ്ങളും മുഴങ്ങിക്കേൾക്കണം. സന്യാസ ഭവനങ്ങളിൽനിന്നു് പ്രാർത്ഥനയുടെയും ഭജനത്തിന്റെയും ദൈവസ്തുതിയുടെയും ശബ്ദം ഉയർന്നുകേൾക്കണമെന്നുള്ളതു്, ഭാരതീയർ വളരെ പ്രതീക്ഷിക്കുന്ന ഒരു കാര്യമാണ്. പ്രാർത്ഥനയുടെയും കീർത്തനത്തിന്റെയും രാഗമാധുരി മുഴങ്ങിക്കേൾക്കാത്ത ഒരു സ്ഥലം സന്ന്യാസഭവനമാണെന്നേ മററുള്ളവർക്കു തോന്നുകയില്ല. നമ്മുടെ കാനോനാനമസ്കാരം അഥവാ യാമപ്രാർത്ഥന, നാമെല്ലാവരുംകൂടി ഒരുമിച്ച് ദൈവത്തെ പാടിപ്പുകഴ്ത്തുന്നതിന്റെ അനുഭവമാകണം നമുക്കു നല്കേണ്ടതു്. അതു് ഭക്തിയായും നിറുത്തിയും ശ്രുതിമധുരമായും ജപിക്കുവാൻ നാം ശ്രദ്ധവയ്ക്കണം. ദൈവത്തെ സ്തുതിക്കുകയാണ് നമ്മുടെ ജീവിതത്തിന്റെ പ്രധാനലക്ഷ്യമെന്നു് നാം അതുവഴിയായി ലോകത്തെ ബോധ്യപ്പെടുത്തുന്നു. ദിവ്യബലിയിൽ ചൊല്ലുന്ന പ്രാർത്ഥനകൾ, പാടുന്ന പാട്ടുകൾ തുടങ്ങിയവയും ഭക്തിയായും നിറുത്തിയും നാം നിർവ്വഹിക്കണം. ദൈവാരാധനയാണ് നമ്മുടെ ജീവിതത്തിന്റെ പ്രധാനലക്ഷ്യം. ദൈവാരാധനാപരമായ നമ്മുടെ എല്ലാ കർമ്മങ്ങളും ഭംഗിയായും ഭക്തിയായും ചെയ്യപ്പെടണം. അൾത്താര, തിരുപ്പാത്രങ്ങൾ, പൂജാവസ്ത്രങ്ങൾ തുടങ്ങിയവ വൃത്തിയായും ഭംഗിയായുമിരിക്കണം. ഇതിലെല്ലാമുള്ള നമ്മുടെ നിഷ്ഠ, ദൈവത്തിന്റെ ഗുണമാഹാത്മ്യങ്ങൾ പാടിപ്പുകഴ്ത്തുന്ന കാര്യത്തിൽ നമുക്കുള്ള താല്പര്യത്തിന്റെ പ്രകടമായ തെളിവാണ്.

രൂപം

കന്യകമാരുടെ രണ്ടാമത്തെ ആസക്തി രൂപാസക്തി ആണ്. നാം സ്നേഹിക്കുന്ന ദൈവത്തിന്റെ രൂപം ദർശിക്കുന്നതിനുള്ള ഉൽക്കടമായ അഭിലാഷമാണ് രൂപാസക്തിയുടെ സാരം. ദൈവത്തെ ഇന്നു നാം പ്രധാനമായി ദർശിക്കുന്നതു് ദരിദ്രരിലാണ്. നമ്മുടെ സേവനവും സഹായവും പ്രധാനമായി ദരിദ്രർക്ക് ലഭിക്കത്തക്കവിധം അവയെ നാം സംവിധാനം ചെയ്യണം. വലിയവലിയ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമുണ്ടാക്കാൻ നാം നമ്മുടെ ആളും അർത്ഥവും വ്യയം ചെയ്താൽ, അതു് പ്രധാനമായി വലിയവർക്കും ധനികർക്കും മാത്രമെ ഉപകാരപ്പെടു പ്രായേണ ചെറിയ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളുമാണ് ദരിദ്രർക്ക് കൂടുതലായി പ്രയോജനപ്പെടുക. ചെറിയ ചെറിയ സേവനരംഗങ്ങളിൽ ശുശ്രൂഷ ചെയ്യാൻ നാം സന്തോഷത്തോടെ മുന്നോട്ടു വരണം. അത്തരം മേഖലകളിൽ ജോലി ചെയ്യുന്നതു് അഭിമാനമായും നാം കരുതണം. നാം ഈ ലോകത്തിൽ വലിയവരെയും ധനികരെയും എത്രയൊക്കെ ശുശ്രൂഷിച്ചാലും, ''ഞാൻ അഗതിയായിരുന്നു, ദരിദ്രനായിരുന്നു, രോഗിയായിരുന്നു, വിശപ്പുള്ളവനായിരുന്നു, വസ്ത്രമില്ലാത്തവനായിരുന്നു; നിങ്ങൾ എനിക്കുവേണ്ടി എന്തു ചെയ്തു?'' എന്നു മാത്രമെ യേശു നമ്മോട് അവസാനം ചോദിക്കൂ. ഈ ലോകത്തിലെ ധനികരെയും വലിയവരേയും ശുശ്രൂഷിക്കുന്നതിനു് നമ്മുടെ സമയവും സമ്പത്തും പ്രധാനമായി വ്യയം ചെയ്ത നമുക്ക്, അപ്പോൾ യേശുവിനോട് തൃപ്തികരമായ ഉത്തരം പറയാൻ ഇല്ലാതെ പോകുകയും ചെയ്യും. ഈ അപകടം നമുക്ക പിണയാതിരിക്കണമെങ്കിൽ, നാം കരുതിക്കൂട്ടി തന്നെ നമ്മുടെ ആളും അർത്ഥവും ദരിദ്രരുടെ പക്കലേയ്ക്കു കൂടുതലായി നീക്കണം. രോഗികൾക്കും അഗതികൾക്കും അനാഥർക്കും ദരിദ്രർക്കും അവശർക്കും പ്രധാനമായി പ്രയോജനം കിട്ടുന്ന തരത്തിലുള്ള പ്രസ്ഥാനങ്ങൾക്ക നാം മുൻതൂക്കം കൊടുക്കണം. ദരിദ്രരിൽ ദൈവത്തെകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യാനുള്ളവരാണ് സന്ന്യാസികൾ. ദരിദ്രരോടു പ്രസംഗിക്കപ്പെടാനുള്ള ദൈവവചനമാണ് യേശു.

പൂജ

നാം നമ്മുടെ സർവ്വസ്വവുമായി കരുതുന്ന ദൈവത്തിനു നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നതിനുള്ള അത്യുൽക്കടമായ ആഗ്രഹമാണു് പൂജാസക്തി. നമ്മെയും നമ്മുടെ കർമ്മഫലങ്ങളെയും ദൈവത്തിനു അർച്ചന ചെയ്യുന്നതിലായിരിക്കണം നമ്മുടെ സന്തോഷം. യേശു കുരിശിലെ ബലിയിലൂടെ തന്നെത്തന്നെ നിത്യപിതാവിനു പരമമായി ഹോമിച്ചു. ആ ബലി ഇന്നും അവിടുന്നു് തൻെറ ശരീരത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. അനുദിനം നാം സംബന്ധിക്കുന്ന ദിവ്യബലി ആയിരിക്കണം നമ്മുടെ ജീവിതത്തിലെ ഏററവും ആനന്ദകരമായ അനുഭവം. യേശുവിൻെറ ശരീരത്തോടൊപ്പം നമ്മെത്തന്നെ എന്നും ദൈവത്തിനുള്ള പൂജാദ്ര്യവ്യമായി അർച്ചന ചെയ്യുക. ദൈവത്തിനു സ്വന്തമാകാൻ കഴിയുന്നതാണു് നമ്മുടെ പരമമായ ഭാഗ്യം. നമ്മുടെ ദൈവവിളി, സന്ന്യാസസമർപ്പണം, ജോലികൾ, വിജയങ്ങൾ, പരാജയങ്ങൾ തുടങ്ങി എല്ലാററിനേയും യേശുവിൻെറ ശരീരത്തോടൊപ്പം പിതാവിനുള്ള തിരുമുൽക്കാഴ്ചയായി അർപ്പിക്കുക. കൈകൂപ്പി, ധ്യാനലീനമായി അവിടുത്തെ ആരാധിക്കുക; നമ്മുടെ തെററുകൾക്കു മാപ്പു് ചോദിക്കുക; അവിടുന്നു് നമുക്കു നല്കിയിട്ടുള്ള എണ്ണിയാലൊതുങ്ങാത്ത നന്മകൾക്കു ഹൃദയം തുറന്നു് നന്ദിപറയുക; ഓരോ ദിവസവും ദൈവത്തിനുവേണ്ടിയും മനുഷ്യർക്കുവേണ്ടിയും ജീവിക്കുന്നതിനാവശ്യമായ ശക്തിയും ധൈര്യവും അവിടുത്തോടു് ചോദിച്ചു വാങ്ങിക്കുക. എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ അനുദിനമുള്ള ദിവ്യബലി നാം ഒരിക്കലും മുടക്കരുതു്. യേശുവിൻെറ ദിവ്യശരീരം ഉൾക്കൊണ്ടു്, ആ സ്വർഗ്ഗീയമാധുരിയിൽ ധ്യാനലീനമായി നാം നില്ക്കുന്ന നിമിഷങ്ങളെക്കാൾ ആനന്ദസംദായകമായി മറെറന്താണുണ്ടാവുക! യേശു പിതാവിനുള്ള നിത്യകാണിക്കയായി നമ്മുടെ സക്രാരികൾക്കുള്ളിൽ രാപകൽ വാഴുന്നു. അവിടുത്തെ തിരുമുമ്പിൽ നാം കൂടെക്കൂടെ ചെന്നു്, നമ്മെത്തന്നെ ആ സ്നേഹസാഗരത്തിനു് ഭക്തിപൂർവ്വം പൂജിക്കുക; അവിടുന്നു് നമ്മെ തൃക്കൈനീട്ടി ആശീർവദിക്കും.

സ്മരണാസക്തി

നമ്മുടെ എല്ലാമായ ദൈവത്തെ നാം ഒരുനാളും മറക്കാതെ, എപ്പോഴും ഓർത്ത്, മനസ്സിൽ സ്നേഹപൂർവം ഭജിച്ചുകൊണ്ടിരിക്കുന്നതാണ് സ്മരണാസക്തി. നമ്മുടെ പരമമായ സ്നേഹവിഷയം ദൈവമാകയാൽ, അവിടത്തെക്കുറിച്ചുള്ള നിരന്തരമായ സ്നേഹസ്മരണയിലാണ് നാം കഴിയേണ്ടത്. ദൈവത്തെ ഇടയ്ക്കിടയ്ക്ക് മനസ്സുകൊണ്ട് ഓർക്കുക; നമ്മുടെ ഹൃദയത്തിൽ ദിവ്യാതിഥിയായി വാഴുന്ന അവിടത്തെ ആത്മനാ നമസ്കരിക്കുക. ദൈവത്തെ നാം സ്മരിക്കുമ്പോൾ അവിടുന്ന് നമ്മുടെ മനസ്സിൽ തെളിയുന്നു. അപ്പോൾ നമ്മുടെ മനസ്സിനു നവ്യമായൊരു പ്രശാന്തതയും പവിത്രതയും സിദ്ധിക്കും. മറ്റുള്ളവരോട് കോപകലുഷിതമായി സംസാരിക്കുന്നതിനുള്ള ആവേശവും ധൃതിയും നമുക്കു നമ്മിൽ അനുഭവപ്പെടുന്നുവെന്നു വിചാരിക്കുക. അങ്ങനെ സംസാരിക്കുന്നതിനു മുമ്പ്, നമ്മുടെ മനസ്സിൽ വാഴുന്ന ദൈവത്തെ നാം ഓർമ്മിക്കുക. അങ്ങനെ നാം ചെയ്താൽ തീർച്ചയായും നമ്മുടെ സംസാരരീതിയിൽ മാറ്റം വരും. കോപത്തിനു പകരം ശാന്തതയും, വിരോധത്തിനു പകരം ധാരണയും, ആലോചനയില്ലായ്കയ്ക്കു പകരം ചിന്തയും നമ്മിൽ ഉണർന്നു വരും. മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം എന്നല്ലേ നാം പറയാറ്. നമ്മുടെ മനസ്സിൽ ദൈവം തെളിഞ്ഞു വരുമ്പോൾ, ദൈവത്തിന്റേതായ പരിശുദ്ധിയുടേയും പ്രശാന്തതയുടെയും പൂമ്പൊടികൾ നമ്മുടെ ഹൃദയത്തിലും പററിപ്പിടിക്കും. അപ്പോൾ നമ്മുടെ വാക്കുകൾക്കും വിചാരങ്ങൾക്കും പ്രവൃത്തികൾക്കും ദിവ്യമായൊരു ശാന്തതയും ശാലീനതയും താനെ ഉണ്ടായിക്കൊള്ളും. എങ്കിലും നമ്മുടെ ഹൃദയം പരുഷവും കഠിനവുമാകയാൽ ഈ ദിവ്യതയും സ്വച്ഛതയും അവിടെ ഏറെ നേരം നില്ക്കുകയില്ല. അതിനാൽ നാം ഇടയ്ക്കിടെ നമ്മുടെ ഹൃദയത്തെ ദൈവത്തിൽ ആലീനമാക്കിക്കൊണ്ടിരിക്കണം. നമ്മുടെ ഹൃദയത്തിൽ വാഴുന്ന ദൈവത്തെ സ്നേഹപൂർവം കൂടെക്കൂടെ സ്മരിക്കുകയാണ് ഇതിനുള്ള വഴി. ദൈവം നമ്മുടെ മനസ്സിൽ എപ്പോഴും വാഴണം. അപ്പോൾ നാം ദൈവികതയോടെ ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും തുടങ്ങും.

ദാസ്യാസക്തി

യേശുവിൻെറ മുന്തിരിത്തോപ്പിൽ ദാസന്മാരെപ്പോലെ പ്രതിഫലമിച്ഛിക്കാതെ ജോലി ചെയ്യുന്നതിനുള്ള ആസക്തിയാണ് ദാസ്യാസക്തി. നാം നമ്മുടെ സന്ന്യാസവ്രതങ്ങൾ വഴി നമ്മെ മുഴുവനായി ദൈവത്തിനു നല്കിയിരിക്കുന്നു. ദൈവത്തിൻെറ കൈകളിലേയ്ക്ക്, അവിടുത്തേയ്ക്കുള്ള കാഴ്ചയായി നാം നമ്മെത്തന്നെ സമർപ്പിച്ചിരിക്കുകയാണ്. ദൈവത്തിനു സ്വന്തമായവ മുഴുവനും അവിടുത്തെ മക്കൾക്കു് അവകാശപൂർവം അനുഭവിക്കാനുള്ളതാണ്. അതിനാൽ നാം നമ്മെത്തന്നെയും നമുക്കുള്ളവയേയും ദൈവത്തിനും അവിടുത്തെ മക്കൾക്കുമായി ചെലവഴിക്കാൻ കടപ്പെട്ടവരാണ്. തന്മൂലം ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും നാം എത്രയെല്ലാം ചെയ്താലും, അതു് ഒരിക്കലും അധികമാകുന്നതല്ല. ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും നമ്മാൽ ആവുന്നതൊക്കെയും ചെയ്തശേഷം, നാം നമ്മെപ്പററിത്തന്നെ ഇങ്ങനെ മാത്രമെ കരുതാവൂ: ''ഞങ്ങൾ സാധാരണക്കാരായ ഭൃത്യന്മാർ മാത്രമാണ്. ഞങ്ങൾ ചെയ്യാൻ കടപ്പെട്ടതു മാത്രമെ ഞങ്ങൾ ചെയ്തിട്ടുള്ളൂ''. ദൈവത്തിനുവേണ്ടിയും അവിടുത്തെ മക്കൾക്കുവേണ്ടിയും ത്യാഗമനുഷ്ഠിക്കാനും നഷ്ടം വരിക്കാനും അവസരമുണ്ടാകുമ്പോൾ, നാം പിന്മാറാതെ, സസന്തോഷം അതിന്നായി മുന്നോട്ടു വരണം. ധനികരെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക എന്നതു് ലോകത്തിൻെറ രീതിയാണ്. സ്വയം നഷ്ടം വഹിച്ച്, ദരിദ്രരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് യേശുശിഷ്യന്മാരുടെ പ്രത്യേകമായ ലക്ഷണം. ദരിദ്രരെ ശുശ്രൂഷിക്കുമ്പോൾ ലോകരീതിപ്രകാരം നമുക്കു കാര്യമായ പ്രതിഫലമൊന്നും ലഭിക്കുകയില്ല. പക്ഷെ പ്രതിഫലമിച്ഛിക്കാതെ, പ്രതിഫലം കിട്ടാത്തപ്പോഴും, യേശുവിനെയും അവിടുത്തെ ജനത്തേയും സസന്തോഷം ശുശ്രൂഷിക്കുന്നതാണ്, യേശുവിൻെറ ശരിയായ ദാസന്മാരുടെ ലക്ഷണം. അതിനാൽ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾക്കു സേവനം ചെയ്യുന്നതിൽ നാം പ്രത്യേകമായ സന്തോഷം കണ്ടെത്തണം. ദരിദ്രരെ സേവിക്കുന്നതു് യേശുവിനെ സേവിക്കുക തന്നെയാണ്.

സഖ്യാസക്തി

കർത്താവിനോട് സ്നേഹപൂർവം സ്നേഹിതന്മാരെപ്പോലെ ഹൃദയം തുറന്നു് സംസാരിക്കുന്നതിനുള്ള ഉൽക്കടമായ അഭിനിവേശമാണു് സഖ്യാസക്തി. നാം യേശുവിൻെറ ദാസന്മാർ മാത്രമല്ല, സ്നേഹിതന്മാർകൂടിയാണു്. അതിനാൽ യേശുവിനു വേണ്ടി അവിടുത്തെ മുന്തിരിത്തോപ്പിൽ നാം ദാസന്മാരെപ്പോലെ ജോലി ചെയ്യതുകൊണ്ടു മാത്രമായില്ല. നാം അവിടുത്തോട് സ്നേഹപൂർവം സംഭാഷിക്കുകകൂടിവേണം. അതിനാൽ പ്രവത്തനങ്ങളുടെ പേരിൽ നാം പ്രാത്ഥന ഉപേക്ഷിക്കുന്നതു് ഒട്ടും ശരിയല്ല. നമ്മെ സ്നേഹിക്കുന്ന ഒരാൾ നമുക്കുവേണ്ടി രാപകൽ വയലിൽ അധ്വാനിക്കുന്നുവെന്നു കരുതുക. പക്ഷെ ഒരിക്കലും നമ്മെ ഒന്നു വന്നു് കാണുന്നതിനോ, നമ്മുടെ അരികെ ഇരുന്നു് അല്പനേരം നമ്മോട് സംസാരിക്കുന്നതിനോ അയാൾ മനസ്സുവയ്ക്കുന്നില്ല. ഇങ്ങനെയെങ്കിൽ അയാൾക്കു നമ്മോടുള്ള സ്നേഹം വേണ്ടപോലെയുള്ള ഒന്നാണെന്നു പറയാൻ സാധിക്കുകയില്ല. യേശുവിനോടുള്ള സ്നേഹം കാണിക്കുന്ന കാര്യത്തിൽ നാമും പലപ്പോഴും ഇങ്ങനെയാണു് പ്രവത്തിക്കാറുള്ളതു്. കർത്താവിൻെറ കാര്യങ്ങൾ നടത്താനെന്നും പറഞ്ഞ് നാം രാപകൽ ഓടിനടക്കുന്നു. പക്ഷെ അതിനിടയ്ക്കു് യേശുവിനോട് ഉള്ളുതുറന്നു് സംസാരിക്കുന്നതിനോ, ദിവ്യകാരുണ്യത്തിൽ നമ്മെ പാത്തു് കാത്തുകാത്തിരിക്കുന്ന യേശുവിനെ ഇടയ്ക്കിടെ ചെന്നു് സന്ദർശിക്കുന്നതിനോ നാം മെനക്കെടാറില്ല. പ്രവത്തനങ്ങളുടെപേരിൽ നാം പ്രാത്ഥന മുടക്കുകയോ, അതിനുള്ള സമയം വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നതു് ശരിയല്ല. നാം എത്ര കൂടുതലായി പ്രവത്തിക്കുന്നുവോ, അത്രയ്ക്കും കൂടുതലായി നാം പ്രാത്ഥനയുടെ മനുഷ്യരായിരിക്കാനും ആവശ്യമുണ്ടു്. അല്ലെങ്കിൽ നാം പ്രവത്തിച്ച് പ്രവത്തിച്ച്, അവസാനം നാം ആക്കുവേണ്ടി പ്രവത്തിച്ചുവോ, ആ യേശുവിനെ മറന്നുപോകുകയായിരിക്കും ഫലം. യേശുവിനുവേണ്ടി ഒരുപാട് പ്രവത്തിച്ചു നടന്നിരുന്ന ചിലർ, അവസാനം യേശുവിനെയും സന്യാസത്തെയും ഉപേക്ഷിച്ചുപോയ കഥകൾ നമ്മുടെ കാലത്തു തന്നെ നാം പലതും കേട്ടിരിക്കും. പ്രാത്ഥിക്കാത്ത മനുഷ്യൻ യേശുവിനുവേണ്ടിയല്ല പ്രവത്തിക്കുന്നതു്.

വാത്സല്യാസക്തി

ശിശുസഹജമായ നിഷ്കളങ്കതയോടും സ്നേഹവായ്പോടും കൂടി ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അഭിനിവേശമാണ് വാത്സല്യാസക്തി. നാം ശിശുക്കളെപ്പോലെ ആകണമെന്നാണല്ലോ യേശു നമ്മോട് ആവശ്യപ്പെട്ടിട്ടുള്ളത്. യേശുവിനെ ഹൃദയംഗമമായി സ്നേഹിക്കുക; സർവ്വോപരി സ്നേഹിക്കുക. ശിശുവിൻെറ പൂർണ്ണമായ ആശ്രയം മാതാപിതാക്കളിലാണ്. നമ്മുടെ പൂർണ്ണമായ വിശ്വാസവും ശരണവും യേശുവിലായിരിക്കണം. ഇന്നത്തെ സന്ന്യാസി ഒരുതരം മാനസികമായ ഭയത്തിന് അടിമപ്പെട്ടു കഴിയുന്ന ഒരാളാണ്. നമ്മെ പലപ്പോഴും ലോകം ദ്വേഷിക്കുന്നതായി നമുക്കനുഭവപ്പെടും; നാം യേശുവിനുവേണ്ടി ഒട്ടേറെ ത്യാഗങ്ങൾ സഹിച്ച്, എല്ലാം ഉപേക്ഷിച്ച്, അവിടുത്തെ പിന്നാലെ വന്നിട്ടും, നാം ചെയ്തിരിക്കുന്ന ത്യാഗത്തെ ലോകം വേണ്ടവിധം മനസ്സിലാക്കുന്നില്ലെന്ന തോന്നൽ നമുക്കുണ്ടാകും; സന്ന്യാസികൾതന്നെ സന്ന്യാസം ഉപേക്ഷിച്ച് ലോകത്തിലേയ്ക്കു തിരിഞ്ഞുപോകുന്ന കാഴ്ചകൾ നാം കാണും; ലോകത്തിൽ നമുക്കു ലഭിക്കാമായിരുന്ന സുഖസന്തോഷങ്ങൾ നാം നഷ്ടപ്പെടുത്തിയതു് ഒരു വിഡ്ഢിത്വമായില്ലേ എന്നുപോലും ചിലപ്പോൾ നാം ചിന്തിച്ചുപോയേക്കും. ഇങ്ങനെയുള്ള നൂറായിരം കാര്യങ്ങൾ ഒരുമിച്ചുകൂടി നമ്മിൽ ഒരു തരം ഭയം ഉണ്ടാക്കും. അതിൻെറ ഫലമായി, ലോകത്തിൽ കിട്ടാവുന്നതെല്ലാം നഷ്ടപ്പെടുത്തി, സന്ന്യാസത്തിൽ ജീവിക്കുന്നതിനെപ്പററി നമുക്കുതന്നെ പേടി തോന്നിത്തുടങ്ങും. പക്ഷെ, നാം ഒരിക്കലും മറന്നുകളയരുതാത്ത ഒരു സത്യമുണ്ട്. ലോകവും അതിൻെറ വാഗ്ദാനങ്ങളും ഇന്നല്ലെങ്കിൽ നാളെ അവസാനിക്കും; നാമെല്ലാവരും നമ്മുടെ മരണത്തിലേയ്ക്കു ഓരോ ദിവസം കഴിയുംതോറും അടുത്തുകൊണ്ടിരിക്കുകയാണ്. ദൈവത്തിൽ വിശ്വസിച്ചവരും ആശ്രയിച്ചവരും ഒരു നാളും പരാജയപ്പെടുകയില്ല. ഔദാര്യത്തിൽ ദൈവത്തെ വെല്ലുവാൻ ആർക്കും കഴിയുകയില്ല. നാം ദൈവത്തെപ്രതി പലതും നഷ്ടപ്പെടുത്തി അങ്ങിൽ ആശ്രയവും വിശ്വാസവും കാണിച്ചിട്ടുണ്ടെങ്കിൽ, നമുക്കു അതുകൊണ്ട് ഒരുതരത്തിലും നഷ്ടംവരാൻ അവിടുന്നു സമ്മതിക്കുകയില്ല. ദൈവത്തിൽ ഉറച്ചിരിക്കുക; നിനക്കു ഒരു നാളും ലജ്ജിക്കേണ്ടിവരികയില്ല.

കാന്താസക്തി

ആത്മമണവാളനായ ദൈവത്തോടു നമുക്കു അനുഭവപ്പെടുന്ന അനിർവചനീയമായ സ്നേഹാതിരേകമാണ് കാന്താസക്തി. യേശു നമ്മുടെ ആത്മാവിന്റെ മണവാളനാണ്. അതിനാൽ അവിടുത്തോട് നമുക്കു സമർപ്പിതവും ത്യാഗാന്വിതവുമായ സ്നേഹമാണ് വേണ്ടതു്. യേശുവിനോട് അഭംഗമായ വിശ്വസ്തത പുലർത്തുക. പല സന്ന്യാസികളും ഇന്നു് തങ്ങൾക്കു പണവും പ്രതാപവും ഉദ്യോഗവും ആയിക്കഴിയുമ്പോൾ, യേശുവിനുള്ള തങ്ങളുടെ സമർപ്പണം മറന്നു്, സന്ന്യാസംതന്നെ ഉപേക്ഷിക്കുന്ന കാഴ്ചകൾ നാം കാണുന്നുണ്ടല്ലോ. തങ്ങൾ ആഗ്രഹിക്കുന്നവയെല്ലാം സന്ന്യാസത്തിൽ കിട്ടാതെ വരുമ്പോൾ, അവർ യേശുവിനെ മറന്നു്, അവരുടെ സ്വന്തം കാര്യം നോക്കിത്തുടങ്ങുന്നു. സന്ന്യാസത്തിൽ നില്ക്കുന്നവരായ നമ്മിലും ഇത്തരത്തിലുള്ള വിശ്വസ്തതക്കുറവു് വലുതോ ചെറുതോ ആയ രീതികളിൽ കാണാം. സന്ന്യാസത്തിൽ വന്ന ശേഷം, നാം യേശുവിന്റെ കാര്യങ്ങൾക്കായി ത്യാഗപൂർവം ജീവിക്കാതെ, നമ്മുടെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും തേടിനടക്കുന്നു. ആശാനിഗ്രഹം, ഇന്ദ്രിയസംയമം, തപോനിഷ്ഠകൾ, ത്യാഗം, അധ്വാനം, ദാരിദ്ര്യം എന്നിവയോട് നമുക്കു വെറുപ്പും മടുപ്പുമാണു്. ത്യാഗമാണ് സ്നേഹത്തിന്റെ മാററുരയ്ക്കുന്നതിനുള്ള ഉരക്കല്ലു്. ത്യാഗപൂർണ്ണവും സമർപ്പിതവുമായ ശുശ്രൂഷയാണ് വധൂസഹജമായ സ്നേഹത്തിന്റെ പ്രത്യേകത. അല്പമായ അസൗകര്യങ്ങളെപ്രതി നാം പലപ്പോഴും പ്രാർത്ഥന ഉപേക്ഷിക്കുന്നു. വിലകൂടിയതും സുഖപ്രദവുമായ ജീവിത സൗകര്യങ്ങളും പെരുമാററ സാധനങ്ങളും തേടുന്ന നമുക്കു യേശുവിന്റെ ദാരിദ്ര്യത്തിനും വിനീത ശുശ്രൂഷയ്ക്കും സാക്ഷ്യം വഹിക്കാൻ മനസ്സില്ല. മററുള്ളവർക്കു കൂടുതൽ സുഖവും സൗകര്യവുമുണ്ടാകാൻവേണ്ടി, നമുക്കു അല്പമായ അസൗകര്യങ്ങൾപോലും സഹിക്കാൻ ഇഷ്ടമില്ല. യേശുവിനെക്കുറിച്ച് വായിച്ചും പഠിച്ചും അവിടുത്തെ കൂടുതൽക്കൂടുതലായി അറിയുന്നതിലേറെ നമുക്കു താല്പര്യം, ലൗകികങ്ങളും വിനോദകരങ്ങളുമായ കാര്യങ്ങൾ വായിച്ചുകൊണ്ടിരിക്കാനാണ്. ഇതെല്ലാം കാണിക്കുന്നതു് യേശുവിനോട് നമുക്കുള്ള സ്നേഹം ഇനിയും വേണ്ടത്ര സമർപ്പിതവും ത്യാഗാന്വിതവും ആയിട്ടില്ലെന്നാണ്.

നിവേദനാസക്തി

നിവേദിപ്പിക്കുക എന്ന പദത്തിന് പറഞ്ഞറിയിക്കുക എന്നാണർത്ഥം. യേശുവിൻെറ തൃപ്പാദത്തിങ്കൽ ചെന്നിരുന്ന്, നമ്മുടെ ഉള്ളം ഉള്ളിലുള്ളതും സ്നേഹപൂർവ്വം അവിടുത്തെ പറഞ്ഞറിയിക്കുന്നതിനുള്ള അത്യുൽക്കടമായ ആഗ്രഹത്തിനു ആത്മനിവേദനാസക്തി എന്നു പറയുന്നു. പ്രഭാതത്തിൽ ജോലികളെല്ലാം തുടങ്ങുന്നതിനുമുമ്പ്, ദിവ്യകാരുണ്യനാഥൻെറ തൃപ്പാദത്തിങ്കൽ അരമണിക്കൂർ നേരമെങ്കിലും ധ്യാനനിർലീനരായിരിക്കുക എന്നതു് നമുക്കു അതുല്യമായൊരു അനുഭവമായിരിക്കണം. വൈകുന്നേരം, ജോലികളെല്ലാം തീർന്നശേഷം, ദിവ്യകാരുണ്യനാഥൻെറ തൃപ്പാദത്തിലേയ്ക്കു വീണ്ടും തിരികെ വന്നു്, നമ്മെത്തന്നെ അവിടെ പാദകാണിക്കയായിവച്ച്, അവിടുത്തെ നമസ്കരിച്ചിരിക്കുന്നതും നമ്മുടെ ആനന്ദവും ആഗ്രഹവുമാകണം. ഇന്നത്തെ മനുഷ്യനു് ഇല്ലാത്തതു്. ആത്മസ്വസ്ഥതയും ആന്തരിക ശാന്തിയുമാണ്. പ്രാർത്ഥനപോലെ നമ്മുടെ ആത്മാവിനു ശാന്തിയരുളുന്ന മറെറാരു കാര്യം വേറെയില്ലെന്നു് നാം അനുഭവിച്ചുതന്നെ മനസ്സിലാക്കേണ്ട ഒന്നാണ്. പ്രാർത്ഥിക്കാത്തവരോട് പ്രാർത്ഥനയുടെ ഫലസിദ്ധികളെപ്പററി പറഞ്ഞതുകൊണ്ടു് പ്രയോജനമില്ല. അനുഭവിച്ചറിയേണ്ട കാര്യങ്ങൾ പറഞ്ഞുകേട്ടതുകൊണ്ടുമാത്രം നമുക്കു മനസ്സിലാകുന്നതല്ല. അതിനാൽ പ്രാർത്ഥനയുടെ മാധുരി പ്രാർത്ഥിച്ചുകൊണ്ടുതന്നെ മനസ്സിലാക്കാൻ നാം ശ്രമിക്കണം. എല്ലാപ്പോഴും പ്രാർത്ഥനയിൽ അവാച്യമായ മാധുരിയും ആനന്ദവും നമുക്കു വൈകാരികമായി അനുഭവപ്പെടുമെന്നല്ല ഇപ്പറഞ്ഞതിൻെറ അർത്ഥം. എന്നാൽ, വ്യഥകളിലും വേദനകളിലും പ്രാർത്ഥനയിൽ അഭയം തേടാൻ കഴിയുന്ന ഒരാളുടെ, എന്തെല്ലാം സംഭവിച്ചാലും ദൈവത്തിലുള്ള ആശ്രയത്തിനു ഇളക്കംതട്ടാതെ ഒരാളുടെ, ആന്തരികമായ ആശ്വാസവും ആനന്ദവും വർണ്ണനാതീതമാണ്. ഇതാണ് പ്രാർത്ഥിക്കുന്ന മനുഷ്യൻെറ പ്രത്യേകത. അതിനാൽ, എത്രയൊക്കെ മാനസികമായ അസ്വസ്ഥതയും അരോചകത്വവും തോന്നിയാലും നാം പ്രാർത്ഥന ഉപേക്ഷിക്കരുതു്. പ്രാർത്ഥിച്ചതിനെപ്പററി ഒരുനാളും നമുക്കു ദുഃഖിക്കാനിട വരികയില്ല. എന്നാൽ വേണ്ടത്ര പ്രാർത്ഥിക്കാതിരുന്നതിനെപ്പററി നാം പിന്നീടു് വളരെ ദുഃഖിക്കേണ്ടിവരികയും ചെയ്യേക്കാം.

താദാത്മ്യാസക്തി

യേശുവിനോട് സാദൃശ്യം പ്രാപിക്കാൻ നമുക്കു തോന്നുന്ന തീവ്രമായ ആഗ്രഹത്തിനാണ് താദാത്മ്യാസക്തി എന്നു പറയുന്നത്. നാം സ്നേഹിക്കുന്നവരെ അനുകരിക്കാനും, അവരോടു സാരൂപ്യം വഹിക്കാനും നമുക്കു ആഗ്രഹം തോന്നുക സ്വാഭാവികമാണല്ലോ. നമ്മുടെ ഏകമായ അനുകരണവിഷയം നസ്രസ്സിലെ യേശു മാത്രമാണ്. നമുക്കു നടക്കാനുള്ള വഴിയും കാണാനുള്ള വെളിച്ചവും അവിടുന്ന് മാത്രമാണ്. യേശുവിനെ എല്ലാവിധത്തിലും അനുകരിക്കുക; പ്രവൎത്തനരീതികളിൽ അവിടുത്തെപ്പോലെ ശാന്തനും വിനീതഹൃദയനുമാകുക. കോപം, അഹങ്കാരം, സ്വാൎത്ഥത എന്നിവയെ പ്രദ്യോതിപ്പിക്കുന്ന തരത്തിൽ, ധിക്കാരമായും പരബഹുമാനമില്ലാതെയും നാം ഒരിക്കലും സംസാരിക്കയോ പ്രവൎത്തിക്കുകയോ ചെയ്യരുത്. ശാന്തമായ സംസാരരീതിയെയും വിനീതമധുരമായ പെരുമാററരീതിയെയുമാണ് മററുള്ളവർ ഇഷ്ടപ്പെടുക. നമ്മെ ആളുകൾ അവഗണിക്കുകയും വിഷമിപ്പിക്കുകയും ചെയ്യുമ്പോൾ, യേശുവിനെപ്പോലെ മൗനമായിരിക്കാൻ പഠിക്കുക. ഭവനത്തിനുള്ളിൽ അജ്ഞാതമായ ജോലികൾ ചെയ്യേണ്ടിവരുമ്പോൾ, മുപ്പതുകൊല്ലക്കാലം അജ്ഞാതജീവിതം നയിച്ച യേശുവിൻെറ വിനയത്തോടും അനുസരണസന്നദ്ധതയോടുംകൂടി, നമ്മുടെ കടമകൾ വിശ്വസ്തതയോടെ നിൎവ്വഹിക്കുക. വാക്കിലും വിചാരത്തിലും വൎത്തനത്തിലും ഒട്ടും അഹംഭാവമില്ലാതെ, എല്ലാവൎക്കും സേവനം ചെയ്യുന്നതിൽമാത്രം ആത്മസംതൃപ്തി കണ്ടെത്തുക. യേശുവിനെപ്പോലെ നിയും പ്രാൎത്ഥനയെ സ്നേഹിക്കണം. ദിവസത്തിൻെറ ആരംഭത്തിലും അവസാനത്തിലും പിതാവിനോടുള്ള സ്നേഹസംഭാഷണത്തിൽ ധ്യാനലീനനായിരുന്ന യേശുവിനെ നിന്നിൽ പകൎത്തുക. വ്യഥകളിലും വിഷാദങ്ങളിലും ''അങ്ങേ തിരുചിത്തം നിറവേറട്ടെ'' എന്നുച്ചരിച്ച യേശുവിൻെറ ചൈതന്യത്തിൽ, നീയും ആന്തരികസ്വസ്ഥത കൈവിടാതെ ദൈവത്തിൽ ശാന്തചിത്തനായിരിക്കുക. യേശുവിൻെറ രൂപത്തേക്കാൾ അനുകരണീയവും അഭിലഷണീയവുമായി മറെറന്താണുള്ളത്?

പരമവിരഹം

നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിൽ, അയാളെ പിരിഞ്ഞിരിക്കുക എന്നതു് നമുക്കു ദുഃഖകരമായിരിക്കും. ദൈവത്തിൽനിന്നും താൻ ഇനിയും അകന്നാണല്ലോ ഇരിക്കുന്നതു് എന്ന വിചാരംമൂലം തീവ്രമായ ദുഃഖവും, തത്ഫലമായി ദൈവത്തെ കഴിയുന്നത്ര വേഗത്തിൽ കാണണമെന്നുള്ള ഉൽക്കടമായ അഭിവാഞ്ഛയും നമ്മിൽ ഉളവാകണം. ഇതിനു പരമവിരഹാസക്തി എന്നു പറയുന്നു. യേശുവിനെ പിരിഞ്ഞിരിക്കുക എന്നതായിരിക്കണം നമ്മുടെ ജീവിതത്തിലെ ഏററവും വേദനാജനകമായ അനുഭവം. യേശു നമ്മെ രാവും പകലും ദിവ്യകാരുണ്യത്തിൽ സ്നേഹപൂർവ്വം കാത്തുകാത്തിരിക്കുന്നു. നാമാകട്ടെ, യേശുവിനെ ചെന്നു കാണാത്തതുകൊണ്ടു് പ്രത്യേകിച്ചൊരു വിഷമവുമില്ലാത്തവരെപ്പോലെ, നമ്മുടെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും തേടി, അവിടെയും ഇവിടെയും അലഞ്ഞുനടക്കുന്നു. വാസ്തവത്തിൽ നമ്മെ പാർത്തുപാർത്തിരുന്നു് ഓരോദിവസവും എത്രയോ പ്രാവശ്യം ദിവ്യകാരുണ്യനാഥൻ മടുത്തിട്ടുണ്ടാകണം! ദിവ്യകാരുണ്യനാഥനെ ഇടയ്ക്കിടെ സന്ദർശിക്കുക എന്നതു് നമ്മുടെ അനുദിനജീവിതത്തിലെ ഏററവും ഇമ്പകരമായ അനുഭവമായിരിക്കണം. എത്രയോ പ്രാവശ്യം നാം അധ്വാനിച്ചും ഭാരം വഹിച്ചും ജീവിതത്തിൽ തളർന്നുപോകുന്നു; പ്രാർത്ഥിക്കുവാൻ, സഹിക്കുവാൻ, സഹായിക്കുവാൻ, സഹകരിക്കുവാൻ, ക്ഷമിക്കുവാൻ, ശാന്ത മധുരമായി സംസാരിക്കുവാൻ—എന്നിങ്ങനെ എത്രയോ കാര്യങ്ങളിൽ നാം ഓരോ ദിവസവും പരാജയപ്പെട്ടുപോകുന്നു. ഇതിനെല്ലാം ശക്തിയരുളാൻ, വീഴ്ചകളിൽ താങ്ങി എഴുന്നേല്പിക്കാൻ, മുറിവുകളിൽ തൈലം പൂശാൻ, സന്തോഷങ്ങളിൽ നമ്മോടൊപ്പം ആനന്ദിക്കാൻ, സന്താപങ്ങളിൽ നമ്മെ സമാശ്വസിപ്പിക്കാൻ ദിവ്യകാരുണ്യത്തിൽ യേശു നമ്മെ ആകാംക്ഷാപൂർവം കാത്തിരിക്കുന്നു. എന്നിട്ടും നാം അവിടത്തെ പക്കൽ ചെല്ലാൻ മനസ്സാവാതെ, നമ്മുടെ സ്വന്തം കാര്യങ്ങളിൽ ചുററിപ്പററിക്കഴിയുന്നതു് എത്രയോ വലിയ നന്ദികേടും വിചാരശ്ശൂന്യതയും വികാരമില്ലായ്കയുമാണു്!

അനസൂയ

കാളിദാസൻെറ ശാകുന്തളത്തിൽ, ശകുന്തളയുടെ രണ്ടു തോഴിമാരായി പറയുന്നതു് അനസൂയയേയും പ്രിയംവദയേയുമാണു്. കണ്വമഹർഷിയുടെ ആശ്രമമാണു് കഥാരംഗം. ഇതിലൂടെ സന്ന്യാസാശ്രമങ്ങളിൽ വസിക്കുന്നവർ അനസൂയമാരും പ്രിയംവദമാരും ആയിരിക്കണമെന്നു് കവി അനുശാസിക്കുന്നു. അസൂയ അല്പംപോലും ഇല്ലാത്തവളാണു് അനസൂയ. മററുള്ളവരുടെ വളർച്ചയിൽ നാം അസൂയപ്പെടരുതു്. അവക്കു ലഭിക്കുന്ന വളർച്ച, നന്മ, ആനുകൂല്യങ്ങൾ എന്നിവയെപ്പററി നാം സന്തോഷിക്കുക മാത്രമെ ചെയ്യാവൂ. ആരും ആക്കും അന്യരല്ല. മററുള്ളവരുടെ വളർച്ച അവർ മററു സന്ന്യാസസഭകളിൽ പെട്ടവരായിരുന്നാൽപ്പോലും, നമ്മുടെതന്നെ വളർച്ചയാണു്. നാമെല്ലാവരുംകൂടി ഒരുമിച്ചാണു് യേശുവിൻെറ ശരീരത്തിൻെറ നിമ്മിതിക്കായി സംഭാവന ചെയ്തുകൊണ്ടിരിക്കുന്നതു്. മററുള്ളവരെ ഒരിക്കലും അസൂയയോടെ വീക്ഷിക്കാതിരിക്കുക. അവരിലുള്ള നന്മകളുടെ നേരെ കണ്ണടയ്ക്കാതിരിക്കുക. അവർ നന്നായി പ്രവത്തിക്കുമ്പോഴും, അവക്കു നന്മ വരുന്നതു കാണുമ്പോഴും സന്തോഷിക്കുകയും, അവരെ അഭിനന്ദിക്കുകയും ചെയ്യുക. മററുള്ളവർ അവരെ പ്രശംസിച്ചു സംസാരിക്കുന്നതായി കേട്ടാൽ, അതിനിടയിൽകൂടി അവരെ ഇടിച്ചു താഴ്ത്തിപ്പറയുന്നതിനു തുനിയരുതു്. അതുവഴി നിൻെറ അല്പത്വം നീ വെളിവാക്കുക മാത്രമെ ചെയ്യൂ. പ്രത്യേകിച്ചു്, നിനക്കു ഇഷ്ടമില്ലാത്തവരെപ്പററി ദോഷമായി സംസാരിക്കാതിരിക്കാൻ കൂടുതലായി ശ്രദ്ധിക്കണം. നമുക്കു ഇഷ്ടമില്ലാത്തവരിലുള്ള നന്മപോലും തിന്മയായി കാണുന്നതിനു് ചാച്ചിലുള്ളവരാണു് നാം. ആരെയും കുററം പറയാതിരിക്കുക; സ്ഥലത്തില്ലാത്തവർ, മരിച്ചവർ തുടങ്ങിയവരെപ്പററി ഒരുനാളും കുററമായി സംസാരിക്കരുതു്. എല്ലാവരിലും നല്ലതു് കാണുക എന്നതു് മഹത്വമുള്ളൊരു ഹൃദയത്തിൻെറ ലക്ഷണമാണു്. മററുള്ളവരിൽ കുററമായി വല്ലതും കണ്ടാൽ, അതു് അവരോടു തന്നെ സ്നേഹമായി പറഞ്ഞു കൊടുക്കുകയാണു് നല്ലതു്; അല്ലാതെ അവരുടെ കുററങ്ങൾ മററുള്ളവരോടു പറഞ്ഞതുകൊണ്ടു് പ്രയോജനമൊന്നുമില്ല. ആരോടും അസൂയയില്ലാതെ, എല്ലാവക്കും നന്മമാത്രം ചെയ്തുകൊണ്ടു് കടന്നുപോകേണ്ടവനാണു് സന്ന്യാസി.

പ്രിയംവദ

ശകുന്തളയുടെ രണ്ടാമത്തെ തോഴി പ്രിയംവദയാണ്. പ്രിയംവദ എന്നുവച്ചാൽ പ്രിയമായി സംസാരിക്കുന്നവരം എന്നാണർത്ഥം. സന്ന്യാസാശ്രമങ്ങളിൽ വസിക്കുന്നവർ പ്രിയമായും മധുരമായും വേണം സംസാരിക്കുക. പരുഷവും കോപിഷ്ഠവുമായ സംസാരം സന്ന്യാസികരംക്കു ചേർന്നതല്ല. ശാന്തമായും മധുരമായും വിനയമായും വേണം സന്ന്യാസി സംസാരിക്കുക. മററുള്ളവരെ ധിക്കരിച്ചും അനാദരിച്ചും സംസാരിക്കുക സന്ന്യാസിക്കു ഭൂഷണമല്ല. കീഴെയുള്ളവരോടുപോലും, അവരെ നാം ബഹുമാനിക്കുകയും വിലമതിക്കുകയും ചെയ്യുന്നതരത്തിൽ, ആദരവോടും ആത്മാർത്ഥതയോടുംകൂടി മാത്രമെ നാം സംസാരിക്കാവൂ. നാം പ്രസന്നമായി സംസാരിക്കണം. അവനവനെപ്പററിത്തന്നെ പ്രശംസിച്ചുപറയുക, മററുള്ളവരെ ഇടിച്ചുതാഴ്ത്തി സംസാരിക്കുക, എപ്പോഴും അവനവൻതന്നെ സംസാരിച്ചുകൊണ്ടിരിക്കുക, മററുള്ളവർ സംസാരിക്കുന്നതു് കേരംക്കുന്നതിൽ താല്പര്യമില്ലാതിരിക്കുക എന്നിവയൊന്നും പ്രസന്നമായ സംസാരരീതിയല്ല. അധികം സ്വരമുയർത്തി, എപ്പോഴും വാദിച്ചും കലഹിച്ചും സംസാരിക്കുന്നവരെ മററുള്ളവർ ഇഷ്ടപ്പെടുകയില്ല. ഫലിതങ്ങരം പറയുന്നതു് നല്ലതാണെങ്കിലും, അതു് മററുള്ളവരെ വ്രണപ്പെടുത്തുന്ന തരത്തിലാകരുതു്. മററുള്ളവക്കും ഒന്നും അറിയാൻ പാടില്ലെന്ന മട്ടിൽ ഗർവ്വോടും അഹങ്കാരത്തോടുംകൂടി സംസാരിക്കുന്നതും പ്രിയംകരമായ സംസാരരീതിയല്ല. എത്ര ചെറിയ ആളായാലും, അയാരം പറയുന്നതു് നാം ശ്രദ്ധാപൂർവം കേരംക്കണം. മററുള്ളവരെ ക്ഷമാപൂവ്വം കേരംക്കാനറിയുന്ന ആരംക്കേ, അവരോടു് പ്രിയംകരമായി സംസാരിക്കാൻ പററു. ഒരിക്കലും ഇടയ്ക്കുകയറി പറയാതിരിക്കുക. മററുള്ളവക്കു പറയാനുള്ളതു് ക്ഷമാപൂർവം കേട്ടശേഷം; നീ അതിനോടു് വിയോജിക്കുന്നുവെങ്കിൽ, നിൻെറ അഭിപ്രായഗതി ശാന്തമായും വ്യക്തമായും അവരെ അറിയിക്കുക. നിൻേറതിൽനിന്നും വിഭിന്നമായ അഭിപ്രായമുള്ളവരോടു്, അതിൻെറ പേരിൽ നീ ഒരിക്കലും വ്യക്തിപരമായ വിദ്വേഷം വച്ചുപുലത്തരുതു്. എല്ലാപ്പോഴും എല്ലാവരോടും ശാന്തമധുരമായി സംസാരിക്കുന്ന സന്ന്യാസി എല്ലാവക്കും പ്രിയംകരനായിരിക്കും.

സാധകൻ

സന്ന്യാസിക്ക ഭാരതീയർ സാധകൻ, സാധു എന്നെല്ലാം സാധാരണ പറയാറുണ്ട്. സാധു എന്ന പദത്തിൻെറ അത്ഥം 'ശരിയായതു്, ക്രമപ്രകാരമുള്ളതു്, വഞ്ചനയില്ലാത്തതു്, മൂട പടമണിയാത്തതു്'' എന്നെല്ലാമാണു്. ക്രമപ്രകാരം രേഖപ്പെ ടുത്തപ്പെടാത്ത ഒരു വോട്ടു് അസാധുവാണെന്നു് നാം പറയാറു ണ്ടല്ലോ. സന്ന്യാസിയിൽ സത്യവും ക്രമവും കാണണം. അ സത്യമായതെല്ലാം അസാധുവാണു്. നാം പുറമെ ദൈവസേ വനത്തിൻെറയും മനുഷ്യശ്രുശ്രൂഷയുടെയും പ്രതീകമായ സ ന്ന്യാസവസ്ത്രം അണിഞ്ഞിരിക്കുന്നു; പക്ഷെ ഉള്ളിൽ നാം ദൈ വത്തിനുവേണ്ടിയും മനുഷ്യക്കുവേണ്ടിയും ത്യാഗപൂർവം ജീവി ക്കാതെ, നമ്മുടെ സുഖവും സൗകര്യവും തേടി നടക്കുന്നുവെ ങ്കിൽ, നമ്മിൽ സത്യമില്ല; നമ്മുടെ അകവും പുറവും തമ്മിൽ ചേർച്ചയില്ല. അപ്പോഠം നമ്മുടെ സന്ന്യാസവസ്ത്രം ഒരുതരം മൂടുപടമായി അധഃപതിക്കും. നമ്മുടെ ഉള്ളിൽ സ്വാത്ഥമതി യായി കഴിയുന്ന മനുഷ്യനു്, ദൈവസേവനത്തിനും മനുഷ്യ ശുശ്രൂഷയ്ക്കുമായി സമർപ്പിതനായി ജീവിക്കുന്നുവെന്നു് സ്വ യം നടിക്കുന്ന ഒരാളുടെ രൂപം വ്യാജമായി നല്കാനെ അപ്പോഠം സന്ന്യാസവസ്ത്രം ഉപകരിക്കു. ഇങ്ങനെയുള്ള മനുഷ്യർ സാധു ക്കളല്ല, അസാധുക്കളാണു്. അതിനാൽ, നമ്മുടെ സന്ന്യാസ വസ്ത്രം സൂചിപ്പിക്കുന്ന ത്യാഗത്തിൻെറയും സമപ്പണത്തിൻെറ യും ജീവിതം നാം നിഷ്ഠവച്ച് അഭ്യസിക്കുകതന്നെ വേണം. ക്രമപ്രകാരമല്ലാത്തതെല്ലാം അസാധുവാണു്. സന്ന്യാസി ക്ര മവും ചിട്ടയും ആത്മനിയന്ത്രണവുമുള്ളൊരു ജവീതമാണു് ന യിക്കേണ്ടതു്. ലോകത്തിൽ അന്നന്നിറങ്ങിക്കൊണ്ടിരിക്കുന്ന ഫാഷനുകഠം, സിനിമകഠം, വിനോദങ്ങഠം എന്നിവയുടെ പി ന്നാലെ ആവേശംപൂണ്ട് ഓടിനടക്കുന്ന സന്ന്യാസിയിലും സാ ധുവിൻെറചിത്രമില്ല. ദരിദ്രവും വിനീതവും പ്രശാന്തവും ഏ റഠം ചെറിയവക്കുപോലും വളരെ എളുപ്പത്തിൽ സമീപിക്കാ വുന്നതുമായ തരത്തിൽ സാധാരണവും ലളിതവുമായ രീതിക ളാണു് സാധുവായ സന്ന്യാസിക്കു ചേരുക. സമ്പന്നവും സുഖ സൗകര്യങ്ങഠം നിറഞ്ഞതുമായ പ്രതീകങ്ങളിൽ ജീവിക്കുന്ന സ ന്നാസിയെപ്പററി മററുള്ളവക്കു ഹൃദയത്തിൽ പുച്ഛമേ തോന്നു. ശാന്തനും വിനീതനും ദരിദ്രനുമായി, ദൈവത്തിനും മനുഷ്യ ക്കുംവേണ്ടി ജീവിക്കുന്ന സന്ന്യാസിയാണു് സാധു.

ധർമ്മം

ധർമ്മം എന്ന വാക്കിൻെറ അടിയിലുള്ളതു് ഋതം എന്ന ആശയമാണ്. ഋതം എന്നു വച്ചാൽ ക്രമം എന്നാണർത്ഥം. പ്രകൃതിയിൽ നാം ദൃശ്യമായൊരു ക്രമം കാണുന്നുണ്ട്. ദൈവം നിശ്ചയിച്ചിരിക്കുന്ന നിയമത്തിനനുസരിച്ചാണ് പ്രകൃതി ക്രമപ്രകാരം നീങ്ങിക്കൊണ്ടിരിക്കുന്നതു്. ദൈവത്തിൻെറ നിയമപ്രകാരം മനുഷ്യൻ തന്നെത്തന്നെ ക്രമപ്പെടുത്തുമ്പോൾ ധർമ്മമുണ്ടാകുന്നു; ദൈവത്തിൻെറ നിയമത്തിൽനിന്നും മാറി മനുഷ്യൻ പ്രവർത്തിക്കുമ്പോൾ അധർമ്മവുമുണ്ടാകുന്നു. നാം നമ്മെത്തന്നെ നിരന്തരമായി ദൈവനിയമത്തിനു സമർപ്പിച്ചുകൊണ്ടിരിക്കണം. പ്രവർത്തനത്തോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതിൻെറ ആവശ്യമിതാണ്. അല്ലെങ്കിൽ, പ്രവർത്തിച്ചു പ്രവർത്തിച്ചു വരുംതോറും നമുക്കു ദൈവത്തിൻെറ വീക്ഷണം നഷ്ടപ്പെട്ട്, നാം നമ്മുടേതായ മാനുഷികവും ജഡികവും ആയ കാഴ്ചപ്പാടുകൾകൊണ്ടു നിറയും. നമ്മുടെ പ്രവർത്തനങ്ങളെ നാം എന്നെന്നും ദൈവതിരുമുമ്പിൽ അവതരിപ്പിച്ച്, അവയെ ധ്യാനപൂർവം വിലയിരുത്തണം- അപ്പോൾ നല്ലവയെന്നു നാം കരുതുന്ന നമ്മുടെ പ്രവർത്തനങ്ങൾക്കിടയിൽപ്പോലും സ്വാർത്ഥത, അഹംഭാവം, സ്തുതിമോഹം, സുഖപ്രിയം തുടങ്ങിയവയുടെ അംശങ്ങൾ ഒളിഞ്ഞും തെളിഞ്ഞും കുടികൊള്ളുന്നതായി നമുക്കു കാണാറാകും. അവയുള്ളിടത്തോളം കാലം, നമ്മുടെ കർമ്മങ്ങളിൽ അധർമ്മത്തിൻെറ അംശങ്ങൾ ഉണ്ടായിരിക്കും. അധർമ്മം ദൈവത്തിനും മനുഷ്യനും സ്വീകാര്യമല്ല. യേശു അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ തീററിപ്പോററിയ സംഭവം ശ്രദ്ധാർഹമാണ്. ഇത്ര വലിയ അത്ഭുതം ചെയ്തശേഷം, ജനങ്ങളുടെ സ്തുതിക്കായി കാത്തുനിൽക്കാതെ അവിടുന്ന് ഉടനെ പ്രാർത്ഥിക്കാനായി മലമുകളിലേയ്ക്കു പോയി എന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. നമുക്കു എന്തെങ്കിലും വിജയം ലഭിച്ചാൽ, ദൈവത്തിനു നന്ദി പറയാനായി ദിവ്യകാരുണ്യസന്നിധിയിലേയ്ക്കു ചെല്ലുന്നതിനുള്ള തിടുക്കമാണ് ഉടനെ നമുക്കു ഹൃദയത്തിൽ തോന്നേണ്ടതു്. അതിനു പകരം മനുഷ്യൻ നമ്മെ വേണ്ടവിധം സ്തുതിക്കുന്നുണ്ടോ എന്നന്വേഷിച്ച് അവരുടെ ഇടയിൽ ചുററിപ്പററി നില്ക്കുകയല്ലേ നാം ചെയ്യാറ്!

ശബ്ദം

പിതാവിൻെറ ശബ്ദമാണ് യേശു. യേശുവിനെ കേൾക്കുക പിതാവിനെ കേൾക്കുക തന്നെയാണ്. നമ്മുടെ മനസ്സിലുള്ളവ മററുള്ളവർക്കു മനസ്സിലാകുക, നാം അവരോട് സംസാരിക്കുമ്പോളാണല്ലോ. പിതാവ് നമ്മോടു സംസാരിച്ചിട്ടുള്ളത് യേശുവിലൂടെയാണ്. പിതാവിൻെറ വചനമാണ് അവിടുന്ന്. അതിനാൽ പിതാവിൻെറ മനസ്സിലുള്ളവ മനസ്സിലാക്കുന്നതിനു് നമുക്കുള്ള മാർഗ്ഗം യേശുവാണ്. യേശുവിൻെറ പാദാന്തികത്തിൽ നാം എന്നും ചെന്നിരുന്ന്, അവിടുത്തെ വചനങ്ങളെപ്പററി സ്നേഹപൂർവം ധ്യാനിക്കണം. യേശുവിൻെറ വചനങ്ങളെപ്പററി നാം ധ്യാനിച്ചു ധ്യാനിച്ച് വരുംതോറും, പിതാവിനു് നമ്മോടുള്ള സ്നേഹം നമുക്കു കൂടുതൽ കൂടുതൽ മനസ്സിലായിത്തുടങ്ങും. അവിടുന്ന് നമുക്കുവേണ്ടി എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്, എന്നിട്ടും എത്രയോ നന്ദിഹീനമായാണ് നാം ജീവിക്കുന്നത് എന്ന് അപ്പോൾ നമുക്കു ബോധ്യപ്പെടും. പിതാവിനെ ആരാധിക്കേണ്ടതിൻെറയും, അവിടുത്തോട് നന്ദി പറയേണ്ടതിൻെറയും, നമ്മുടെ പാപങ്ങൾക്കായി അവിടുത്തോട് മാപ്പു ചോദിക്കേണ്ടതിൻെറയും, നമുക്കാവശ്യമുള്ളതെല്ലാം അവിടുത്തെ കയ്യിൽനിന്നും ചോദിച്ചുവാങ്ങേണ്ടതിൻെറയും ആവശ്യകത അപ്പോൾ നമുക്കു വളരെ തെളിവായി അനുഭവപ്പെടും. യേശുവിൻെറ വചനങ്ങൾ നമ്മെ പിതൃബോധംകൊണ്ടും പിതൃസ്നേഹംകൊണ്ടും നിറയ്ക്കും. പിതൃബോധവും പിതൃസ്നേഹവും നമ്മിൽ നിറഞ്ഞു കഴിയുമ്പോൾ, മററെല്ലാവരെയും നാം നമുക്കു ഒരുപോലെ സ്വന്തപ്പെട്ടവരായി കാണാൻ തുടങ്ങും. കാരണം, എല്ലാവരും ഒരുപോലെ ദൈവത്തിൻെറ മക്കളാണ്. ഇത്തരത്തിലുള്ള പിതൃസ്നേഹവും സഹോദരസ്നേഹവുമാണ്, യേശുവിൻെറ വചനങ്ങളുമായി പരിചയം വരിക്കുന്നതുമൂലം നമ്മിൽ വരുന്ന മാററം. യേശുവാകുന്ന വചനത്തോടും യേശുവിൻെറ വചനങ്ങളോടും ധ്യാനംവഴി നിരന്തരപരിചയം പുലർത്തുന്ന സന്ന്യാസികളിൽ, അത്യഗാധമായ ദൈവസ്നേഹവും ത്യാഗോജ്ജ്വലമായ സഹോദരസ്നേഹവും നമുക്കുതന്നെ കാണാവുന്നതാണ്. അവ നമ്മിലില്ലെങ്കിൽ, അതിനുള്ള കാരണം യേശുവിനോട് നമുക്കുള്ള പരിചയക്കുറവുതന്നെയാണ്.

മത്സ്യം

ഈശ്വരന്റെ ആദ്യത്തെ അവതാരമായി ഭാരതീയ പുരാണങ്ങൾ പറയുന്നതു് മത്സ്യത്തെയാണു്. ആദ്യ മനുഷ്യനെ ജലപ്രളയത്തിൽനിന്നും രക്ഷിച്ചതു്, മത്സ്യരൂപം പൂണ്ട ദൈവമായിരുന്നു എന്നാണു് ഇവിടുത്തെ സങ്കല്പം. പ്രാചീന ക്രിസ്തീയ കലയിൽ യേശുവിനെ ഒരു മത്സ്യമായി ചിത്രീകരിക്കുക പതിവായിരുന്നു. ലോകസാഗരത്തിൽ കിടന്നു നട്ടം തിരിയുന്ന മനുഷ്യനെ, സുരക്ഷിതമായി മറുകരെയെത്തിക്കുന്നതു് യേശുവാകുന്ന പുതിയ മത്സ്യമാണു്. യഹൂദരുടെ പ്രധാനമായൊരു ആഹാരം മത്സ്യമായിരുന്നു. നമ്മുടെ ആത്മാവിന്റെ പുതിയ ഭക്ഷണം യേശുവാകുന്ന മത്സ്യത്തിന്റെ മാംസരക്തങ്ങളാകുന്നു. യേശു നമുക്കു ജീവിതത്തിൽ എല്ലാമാണു്. അവിടുത്തെ നേടിയാൽ നാം എല്ലാം നേടി; അവിടുന്നു് നഷ്ടമായാൽ നമുക്കു എല്ലാം നഷ്ടമായി. യേശുവിൽ നമുക്കു അചഞ്ചലമായ പ്രതീക്ഷയുണ്ടാകണം. എന്തെല്ലാം ദുഃഖദുരിതങ്ങൾ നമുക്കു സംഭവിച്ചാലും കർത്താവു നമ്മോടുകൂടെയുണ്ടെന്ന വിശ്വാസം നമുക്കു അവാച്യമായൊരു ആനന്ദവും പ്രത്യാശയും നല്കും. കഠിനമായ രോഗങ്ങൾക്കും വേദനകൾക്കു ിടയിലും, സുസ്മേരവദനരായി, മററുള്ളവരെ ആശ്വസിപ്പിച്ചുകൊണ്ടു് കഴിയുന്ന ചില സന്ന്യാസിവര്യരെ നീ തന്നെ നിന്റെ ജീവിതത്തിൽ കണ്ടിട്ടുണ്ടാകണം. യേശുവിനോടു് അവർക്കുള്ള അഗാധമായ സ്നേഹവും, യേശുവിൽ അവർക്കുള്ള അചഞ്ചലമായ പ്രത്യാശയുമാണു് ഇതിന്റെ കാരണം. 'കർത്താവായ യേശുവിനോടുള്ള സ്നേഹത്തിൽനിന്നും ആർ എന്നെ വേർപെടുത്തും'? എന്നു ചോദിച്ച വി. പൗലോസിന്റെ ജീവിതാനുഭവമാണിതു്. പക്ഷെ ഇത്തരമൊരനുഭവം കിട്ടണമെങ്കിൽ, നാം പ്രാർത്ഥനയിൽ അവിടുത്തോടു് ഏററവും അടുത്തു് സഹവസിക്കണം. പ്രാർത്ഥിക്കാൻ പഠിച്ചിട്ടുള്ള മനുഷ്യനു്, ഏതു വിപരീത സാഹചര്യത്തിലും അവാച്യമായ മന:ശാന്തി അനുഭവിക്കാൻ കഴിയും. പ്രാർത്ഥനയുടെ ഫലങ്ങൾ നാം വിചാരിക്കുന്നതിലും എത്രയോ കൂടുതൽ അത്ഭുതകരമാണു്!

ശിശു

'വാക്കുകഠം കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ! ദീഘ ദശ്നം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങഠം!' എന്നൊരു കവി പാടിയിരിക്കുന്നു. വളരെക്കാര്യങ്ങഠം നമ്മെ പഠിപ്പിക്കുന്ന ദിഘദശികഠംതന്നെയാണവർ. ആശിർവദിക്കുന്നതിനായി ചിലർ ശിശുക്കളെ യേശുവിൻെറ പക്കൽ കൊണ്ടുചെന്ന സംഭവം മത്തായിയും (19-13-15) മക്കോസും (10:13-16) ലൂക്കായും (18:15-17) വിവരിക്കുന്നുണ്ട്. യേശുവിൻെറ ശിഷ്യന്മാക്ക് ഇതു് ഇഷ്ടപ്പെട്ടില്ല. ചെറിയ കുട്ടികളെ തങ്ങളുടെ ഗുരുവിൻെറ പക്കലേയ്ക്കു കൊണ്ടുവരുന്നതു് തങ്ങളുടെ ഗുരുവിൻെറ വലിപ്പത്തിനു് കുറവാണെന്നു അവർ വിചാരിച്ചു. അതിനാൽ അവർ അവരെ തടഞ്ഞു. യേശുവിൻെറ ശിഷ്യരായ നാമും ചെറിയവർ യേശുവിൻെറ പക്കൽവന്നു് അവിടുത്തെ അനുഗ്രഹങ്ങഠം പ്രാപിക്കുന്നതു് തടഞ്ഞുകൊണ്ടിരിക്കുകയാണു്. നമ്മുടെ വിദ്യാലയങ്ങഠം, ആശുപത്രികഠം എന്നിവയുടെ രൂപത്തിലാണു് യേശു ഇന്നു നമ്മുടെ പക്കൽ എഴുന്നുള്ളിയിരിക്കുന്നതു്. ചെറിയവരും ദരിദ്രരുമായവക്കു അവയിൽ കയറിപ്പററാൻ സാധിക്കാത്തവിധം അത്രയ്ക്കും വലിപ്പത്തിലാണു് നാം അവയെ സംവിധാനം ചെയ്യുന്നതു്. അവിടെ ദരിദ്രരേയും ചെറിയവരെയും ശുശ്രൂഷിക്കുന്നതല്ല, സമ്പന്നരേയും വലിയവരെയും ശുശ്രൂഷിക്കുന്നതാണു് മാനവും അവസ്ഥയുമെന്നു് നാം തെററിദ്ധരിച്ചിരിക്കുന്നു. ചെറിയവർ തൻെറ പക്കൽ വരുന്നതിനെ തൻെറ ശിഷ്യന്മാർ തടഞ്ഞതു് യേശുവിനു തീരെ പിടിച്ചില്ല. അവിടുന്നു അവരുടെ ഈ പെരുമാററത്തിൽ ദേഷ്യപ്പെട്ടു എന്നു് മക്കോസ് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. ഇതു് തങ്ങഠംക്കു ക്ഷീണമായതിനാലാകണം, മത്തായിയും ലൂക്കായും യേശു തങ്ങളോടു് ദേഷ്യപ്പെട്ടു എന്ന കാര്യം ഈ സംഭവം വിവരിക്കുമ്പോഠം വിട്ടുകളഞ്ഞതു്. ചെറിയവരെ ശുശ്രൂഷിക്കാൻ മടിക്കുന്ന നമ്മോടും ഇന്നു് യേശു ദേഷ്യത്തിലാണു്. ശിഷ്യന്മാരോടു് ദേഷ്യപ്പെട്ടശേഷം ചെറിയവരായ ശിശുക്കളോടു് യേശു ചെയ്തതു്, മർക്കോസ് വിവരിക്കുന്നതു് ഇങ്ങനെയാണു്: ''ശിശുക്കളെ അവിടുന്നു് കയ്യിലെടുത്തു്, ഓരോരുത്തരുടെമേലും തൻെറ കൈവച്ചു്, അവരെ ആശിർവദിച്ചു''. ഓരോ ചെറിയ മനുഷ്യനും യേശുവിനു് അത്യന്തം വിലപ്പെട്ടതുതന്നെയാണു്.

അണു

ദൈവത്തെക്കുറിച്ച് ''അണോരണീയൻ, മഹതോമഹീയാൻ'' എന്നാണ് ഉപനിഷത്തുക്കളിൽ പറഞ്ഞിരിക്കുന്നത്. അവിടുന്ന് ഏററം ചെറിയതിനെക്കാൾ ചെറുതും, ഏററം വലിയതിനെക്കാൾ വലുതുമാണ് എന്നത്രെ ഇതിൻെറ അർത്ഥം. വലിപ്പവും ചെറുപ്പവും ദൈവത്തിൻെറ രണ്ടു ലക്ഷണങ്ങളാണ്. അതിനാൽ വലുതിലും ചെറുതിലും ദൈവം ഒരുപോലെ വസിക്കുന്നു. വലുതാകുന്നതിനുവേണ്ട ഒന്നാമത്തെ വ്യവസ്ഥതന്നെ ചെറുതായിരിക്കുക എന്നതാണ്. അതിനാൽ സ്വയം താഴ്ന്നിരിക്കാനും, ശിശുക്കളെപ്പോലെ ചെറിയവരായിരിക്കാനും, ചെറിയവരായ തൻെറ സഹോദരങ്ങളെ വിനയപൂർവം ശുശ്രൂഷിക്കാനും യേശു നമ്മോട് ആവശ്യപ്പെടുന്നു. നാം എത്ര വലിയവരായാലും, എത്രയൊക്കെ അറിവും സ്ഥാനവും നമുക്കുണ്ടായാലും, വിനയമായും ശാന്തമായും, ശാലീനമായും മാത്രമെ നാം മററുള്ളവരോട് സംസാരിക്കുകയും പെരുമാറുകയും ചെയ്യാവൂ. ചെറിയ മനുഷ്യരിലേയ്ക്കു താഴ്ന്നിറങ്ങി, അവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുവാൻ സാധിക്കുക എന്നതു് യേശു, ഗാന്ധി തുടങ്ങിയ വലിയ മനുഷ്യരുടെ ലക്ഷണമാണ്. നമ്മുടെ സന്ന്യാസസമൂഹത്തിനകത്തും ചെറിയ ജോലികൾ ചെയ്യുന്ന അംഗങ്ങൾ ഉണ്ടായിരിക്കും. ഒരു ജോലിയും ചെറുതല്ല; ചില കാര്യങ്ങളെ നാം വലുതായിക്കാണുകയും, ചില കാര്യങ്ങളെ ചെറുതായിക്കാണുകയും ചെയ്യുന്നുവെന്നേയുള്ളു. പക്ഷെ, അവയെല്ലാം മുകളിൽനിന്നു നോക്കുന്ന ദൈവത്തിൻെറ ദൃഷ്ടിയിൽ ഒരുപോലെ വലുതാണ്. അടുത്തുള്ളവയെ നാം വലുതായും, അകലത്തിലുള്ളവയെ നാം ചെറുതായും കാണുന്നെങ്കിലും, അവയെല്ലാം ഒരുപോലെ വലുതാണല്ലോ. അതിനാൽ എത്ര ചെറിയവരേയും ബഹുമാനിക്കാനും വിലമതിക്കാനും പഠിക്കുക. വലിയവരുടെ കാര്യത്തിലെന്നപോലെ ചെറിയവരുടെ കാര്യത്തിലും നമുക്കു ഉത്സാഹവും വ്യഗ്രതയും വേണം. സാക്ഷാൽ വലിപ്പമുള്ളവക്കു ചെറുതാകാൻ വിഷമമില്ല. വലിപ്പമില്ലാത്തവക്കാണ് ചെറുതാകേണ്ടിവരുമ്പോൾ വിഷമവും വിഷാദവും.

പ്രണവം

ഓം എന്ന ശബ്ദത്തിനാണ് പ്രണവം എന്നു പറയുന്നത്. ആത്മാവാകുന്ന അമ്പിനെ ധ്യാനംകൊണ്ട് മൂർച്ചകൂട്ടി, പ്രണവമാകുന്ന വില്ലിൽ തൊടുത്ത്, ദൈവത്തെ ലക്ഷ്യമാക്കി എയ്താൽ, ആത്മാവ് തീർച്ചയായും ദൈവത്തിൽചെന്നു തറഞ്ഞുനില്ക്കും എന്നാണ് ഭാരതീയർ പറയുന്നത്. ദൈവവചനത്തിന്റെ ആദിയും മധ്യവും അന്ത്യവുമായ പൂർണ്ണരൂപത്തിനാണ് ഓംകാരമെന്നു പറയുന്നത്. നമ്മുടെ ഓംകാരം യേശുതന്നെയാണ്. അവിടുന്നാണല്ലോ ദൈവം നമ്മോടരുളിയിട്ടുള്ള വചനത്തിന്റെ ആദിമധ്യാന്തബിന്ദു. യേശുവാണ് നമുക്കു പിതാവിലെത്തുന്നതിനുള്ള മാർഗ്ഗം. നമ്മുടെ ആത്മാവാകുന്ന അമ്പിനെ നാം എന്നെന്നും ധ്യാനംകൊണ്ട് മൂർച്ചകൂട്ടിക്കൊണ്ടിരിക്കണം. അനുദിനധ്യാനം ഒരിക്കലും മുടക്കാതെ ശ്രദ്ധവച്ച് ചെയ്യുന്ന സന്ന്യാസിയുടെ ആത്മാവിനു് തീർച്ചയായും പ്രത്യേകമായൊരു തീക്ഷ്ണതയും പ്രകാശവും ഉണ്ടാകാതിരിക്കില്ല. യേശുവും അവിടുത്തെ സുവിശേഷവുമായിരിക്കണം നമ്മുടെ നിരന്തരമായ ധ്യാനവിഷയം. ധ്യാനം എപ്പോഴും നാം ഉപേക്ഷിക്കുന്നുവോ, അപ്പോഴും നാം ആത്മീയമന്ദതയിൽ വീണുകഴിഞ്ഞു. ധ്യാനിക്കാത്ത ഒരാളെ സന്ന്യാസിയായി സങ്കല്പിക്കാനേ ഭാരതീയർക്കു കഴിയില്ല. സന്ന്യാസി ഭാരതീയ ദൃഷ്ടിയിൽ യോഗിയാണ്. ധാരണ, ധ്യാനം, സമാധി എന്നിവയാണ് യോഗിയുടെ പ്രധാനമായ ഉപാധികൾ. ധ്യാനത്തിൽ നാം പുരോഗമിക്കുന്നില്ല എന്നു വെറുതെ ആവലാതിപ്പെട്ടതുകൊണ്ടായില്ല. അതിനുവേണ്ടി നാം എത്ര താല്പര്യപൂർവം ശ്രദ്ധവച്ച് പരിശ്രമിക്കുന്നുണ്ട് എന്നുകൂടി നാം പരിശോധിച്ചുനോക്കണം. രാവിലെ ഏകാന്തമായി ദിവ്യകാരുണ്യസന്നിധിയിൽ ചെന്നിരുന്ന്, ആത്മീയദൃഷ്ടികൾ സ്നേഹപൂർവ്വം ദിവ്യനാഥനിലേയ്ക്കു തിരിച്ച്, അവിടുത്തെ തിരുവചനങ്ങൾ ശ്രദ്ധാപൂർവം വായിച്ച്, അവയെപ്പററി ശാന്തമായി മനസ്സിൽ ചിന്തിച്ചുകൊണ്ടിരിക്കുക. അപ്പോഴും യേശുതന്നെ നിന്റെ ഹൃദയത്തിലുണർത്തുന്ന വികാരങ്ങളെ സ്നേഹമായും സ്തുതിയായും നന്ദിയായും പശ്ചാത്താപമായും അവിടുത്തെ തിരുസന്നിധിയിലേയ്ക്കു ഉണർത്തിച്ചുകൊണ്ടിരിക്കുക. യേശുവാകുന്ന വില്ലിൽ തൊടുത്ത നിന്റെ ആത്മാവാകുന്ന അമ്പ് തീർച്ചയായും ദൈവത്തിൽചെന്നു് തറഞ്ഞുനില്ക്കും.

വാമനൻ

ഭാരതീയ വിശ്വാസപ്രകാരം ദൈവത്തിൻെറ ഒരു അവതാരരൂപമാണ് വാമനൻ. വളരെ ചെറിയൊരു മനുഷ്യൻെറ രൂപത്തിൽ ദൈവം അവതരിച്ചതിനെയാണ് ഇതു് സൂചിപ്പിക്കുന്നതു്. ആകാശങ്ങളുടെ അത്യുന്നതിയിൽ വാണിരുന്ന ദൈവം, നമ്മോടുള്ള സ്നേഹത്തെപ്രതി നമ്മുടെ മണ്ണിലേയ്ക്കു താഴ്ന്നിറങ്ങി, അവിടെ ബലഹീനനായൊരു ശിശുവായി അവതരിച്ചുവല്ലോ. വാസ്തവത്തിൽ വലുപ്പമുള്ളവക്ക് ചെറുതാകാൻ പ്രയാസമില്ല. തങ്ങൾക്കു ഇല്ലാത്ത വലിപ്പം ഉണ്ടെന്നു നടിച്ചുനടക്കുന്നവക്കാണ് ചെറുതാകാനും, ചെറിയവരിലേയ്ക്കിറങ്ങാനും, ചെറിയ ജോലികൾ ചെയ്യാനുമൊക്കെ പ്രയാസം. വിനയമാണ് വിദ്വാനുഭൂഷണം. വലിപ്പം ഭാവിച്ചുനടക്കുന്നവരെ എല്ലാവരും വെറുക്കും. എത്ര വലിയവരായാലും, നാം എല്ലാവരോടും, ഏററം ചെറിയവരോടുപോലും, വിനയമായും ആദരവോടെയും പെരുമാറണം എല്ലാ മനുഷ്യരുടെയും വ്യക്തിത്വം ഒരുപോലെ ബഹുമാനിക്കപ്പെടേണ്ടതാണ്. ഒരു ജോലിയും ചെറുതാണെന്നു നാം കരുതരുതു്. ജോലിയുടെ വലിപ്പം, അതു് എത്ര സ്നേഹത്തോടെ നാം ചെയ്യുന്നു എന്നതിലാണ് ആശ്രയിച്ചിരിക്കുന്നതു്. ചെറിയവരെ ബഹുമാനിക്കാനും വിലമതിക്കാനും പഠിക്കുക. അതു് വലിപ്പമുള്ളവരുടെ ലക്ഷണമാണ്. ചെറിയവരായ ശിശുക്കൾ തൻെറ പക്കൽ വരുന്നതിൽ, യേശുവിനു അഭിമാനവും സന്തോഷവുമേ തോന്നിയുള്ളു. അതു് യേശുവിൻെറ വലിപ്പമാണ്. എന്നാൽ യേശുവിൻെറ നൂറിലൊരംശംപോലും വലിപ്പമില്ലായിരുന്ന അവിടുത്തെ ശിഷ്യന്മാർക്ക്, ചെറിയവരായ ശിശുക്കൾ വലിയവനായ തങ്ങളുടെ ഗുരുവിനെ സ്വതന്ത്രമായി സമീപിക്കുന്നതു് പോരായ്കയായും അഭിമാനക്കുറവായും തോന്നി. അതിനാൽ ശിഷ്യന്മാർ അവരെ തടഞ്ഞു. ഇതാണ് യേശു ശിഷ്യന്മാരുടെ അല്പത്വം. ചെറിയവനായ സക്കേവൂസിൻെറ പക്കലേയ്ക്കു താഴ്ന്നിറങ്ങി, അയാളുടെ വീട്ടിൽ അയാളോടൊപ്പം വസിക്കുന്നതു് വലിപ്പക്കുറവായി യേശുവിനു തോന്നിയില്ല. യേശുവിൻെറ ചെറുപ്പം നാം കണ്ടു പഠിച്ചിരുന്നെങ്കിൽ, ഇന്നു നമുക്കുള്ളതിനെക്കാൾ എത്രയോ കൂടുതൽ വലിപ്പം നമുക്കുണ്ടാകുമായിരുന്നു!

വാഗ്ഭൂഷണം

സംസ്കൃത കവിയായ ഭർതൃഹരിയുടെ നീതി ശതകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു; ''വളകൾ ഒരുവനെ അലങ്കരിക്കുന്നില്ല; ചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന മുത്തുമാലകളും, കുളിയും കുറിയും, പുഷ്പവും അലങ്കരിച്ച മുടിയും ഒരുവനെ അലങ്കരിക്കുന്നില്ല. സംസ്കാരസമ്പന്നമായിട്ടുള്ള വാക്കൊന്നു മാത്രമെ മനുഷ്യനെ അലങ്കരിക്കുന്നുള്ളൂ. ബാഹ്യാലങ്കാരങ്ങളെല്ലാം നശിക്കുന്നവയാണ്. വാക്കാകുന്ന അലങ്കാരമാണ് എപ്പോഴും യഥാർത്ഥാലങ്കാരമാകുന്നത്''. ശാന്തവും മധുരവും വിനീതവുമായ സംസാരം സംസ്കാരമുള്ളൊരു മനുഷ്യന്റെ ലക്ഷണമാണ്. കോപത്തോടും അഹംഭാവത്തോടുംകൂടി നാം ഒരിക്കലും സംസാരിക്കരുത്. മററുള്ളവരെ നിന്ദിച്ചും താഴ്ത്തിയും പരിഹസിച്ചും സംസാരിക്കുന്നത് നമ്മുടെ തന്നെ സ്വഭാവത്തിന്റെ കാടത്വത്തെയാണ് കാണിക്കുന്നത്. എത്ര ചെറിയ മനുഷ്യനോടും, അയാളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന തരത്തിലേ നാം സംസാരിക്കാവൂ. മററുള്ളവർ നമ്മോട് ക്ഷമയില്ലാതെയും കോപിച്ചും നമ്മെ അപമാനിച്ചും സംസാരിക്കുമ്പോൾ, നാം നമ്മുടെ ശാന്തത വെടിഞ്ഞ്, പകരം അവരോട് സമനില തെററി സംസാരിക്കാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കണം. ഇത്തരം അവസരങ്ങളിൽ കഴിയുന്നിടത്തോളം മൗനമായിരിക്കുകയാണ് ഉത്തമം. അധികാരികളോട് ബഹുമാനമില്ലാതെ സംസാരിക്കുന്നതും അനുചിതം തന്നെയാണ്. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുകയെന്നത് വ്യക്തിത്വമുള്ളൊരു മനുഷ്യന്റെ ലക്ഷണമാണ്. മററുള്ളവരെ നന്നായി ശ്രവിക്കാൻ അഭ്യസിച്ചിട്ടുള്ളവക്കു മാത്രമെ, അവരോട് നന്നായി സംസാരിക്കാനും കഴിയൂ. പിറന്നു വീണൊരു ശിശു ഉടനെതന്നെ സംസാരിച്ചുതുടങ്ങാതെ ഏഴെട്ടു മാസം നമ്മെ ക്ഷമാപൂർവം കേൾക്കുന്നതുകൊണ്ടാണല്ലോ അതിനു നമുക്കു മനസ്സിലാകുന്ന തരത്തിൽ നമ്മോടു സംസാരിക്കാനാവുന്നത്. മററുള്ളവർക്കു പറയാൻഅവസരം കൊടുക്കാതെ നാം തന്നെ സദാപി സംസാരിച്ചുകൊണ്ടിരിക്കുന്നതും മാന്യതയല്ല. സംസാരത്തിൽ പിഴയ്ക്കാത്തവൻ പരിപൂർണ്ണനാകുന്നു എന്നത്രെ വേദവാക്യം.

നടൻ

മനുഷ്യജീവിതം മരണത്തിലേയ്ക്കു അടുത്തടുത്തുകൊണ്ടിരിക്കുകയാണു്. നാം വളരുന്നു എന്നു പറയുന്നതിന്റെ തന്നെ അർത്ഥം, നാം മരണത്തിലേയ്ക്കു അടുത്തടുത്തുവരുന്നു എന്നാണു്. പൊട്ടിയ പാത്രത്തിൽനിന്നും ജലം എന്നപോലെ, നമ്മുടെ ആയുസ്സു് ശരീരത്തിൽനിന്നും ചോൻറു ചോൻറു പൊയ്ക്കൊണ്ടിരിക്കുന്നു എന്നാണു് ഭർതൃഹരി എന്ന കവി പറയുന്നതു്. അദ്ദേഹം തന്നെ തുടരുന്നു: ''അല്പകാലം ശിശുവായും, അല്പകാലം സുഖസന്തോഷങ്ങളിൽ മുഴുകിയ യുവാവായും, കുറച്ചുകാലം ദരിദ്രനായും, കുറച്ചുകാലം ധനികനായും, വാദ്ധക്യവികലമായ അംഗങ്ങളോടും ചുളിഞ്ഞുമെലിഞ്ഞ ശരീരത്തോടും കൂടി മനുഷ്യൻ, നടൻ എന്നപോലെ, ജീവിതാവസാനം കാലപുരിയിലെ തിരശ്ശീലയ്ക്കുള്ളിൽ മറയുന്നു''. മരണം ഒരു പരമാർത്ഥമാണു്. നമുക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ആ പരമാർത്ഥത്തെ നാം അംഗീകരിച്ചേ തീരു. മരണത്തെക്കുറിച്ചുള്ള ധ്യാനം നമ്മുടെ ആത്മാവിനു് വളരെയേറെ പ്രയോജനം ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയംവേണ്ട. ചില ആധുനികചിന്തകന്മാർ മരണത്തെക്കുറിച്ചുള്ള ധ്യാനം ബാലിശമാണെന്നു പറഞ്ഞ് ഒഴിവാക്കുന്നതായിക്കാണുന്നു. തനിക്കു രുചിക്കാത്ത മരുന്നിനൊന്നും ഫലമില്ലെന്നു് കരുതുന്ന രോഗിയെപ്പോലെയാണവർ. തെററു ചെയ്യാൻ പ്രലോഭനം തോന്നുമ്പോൾ നീ നിന്റെ മരണത്തെക്കുറിച്ചു് ഓർക്കുക. മരണക്കിടക്കയിൽ കിടക്കുമ്പോൾ നിനക്കു പശ്ചാത്തപിക്കേണ്ടിവരുന്ന യാതൊന്നും ഇപ്പോൾ നീ ചെയ്യരുതു്. കർത്താവിനുവേണ്ടി നാം ചെയ്തിട്ടുള്ളവ മാത്രമെ നിലനില്ക്കു. ലോകവും അതിന്റെ സുഖസന്തോഷങ്ങളും കടന്നുപോകുന്നു. അതിനാൽ നന്മ ചെയ്യുമ്പോൾ നിനക്കു മടുപ്പു തോന്നരുതു്. കൂലി വാങ്ങിക്കാൻ വരുമ്പോൾ ജോലിചെയ്ത കൈകൾക്കു സന്തോഷമുണ്ടാകും. യേശുവിലുള്ള നമ്മുടെ പ്രതീക്ഷ വളർത്താനും ഉറപ്പിക്കാനും മരണത്തെക്കുറിച്ചുള്ള ധ്യാനം സഹായിക്കും. എല്ലാം കഴിഞ്ഞുപോയാലും, യേശുമാത്രം നിലനില്ക്കും. നമ്മുടെ ഉയിപ്പും ജീവനും അവിടുന്നു് മാത്രമാണു്.

സാരഥി

കഠോപനിഷത്തിൽ ഒരു ഭാഗത്തു് ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''ശരീരമാണു് രഥം. ആ രഥത്തിനുള്ളിൽ ആത്മാവു് യാത്ര ചെയ്യുന്നു. തേർ തെളിക്കുന്ന സാരഥി ബുദ്ധിയാണു്. രഥം വലിക്കുന്ന കുതിരകളാണു് ഇന്ദ്രിയങ്ങൾ. അവ രഥത്തെ വലിച്ചുകൊണ്ടുപോകുന്ന വഴികളാണു് വിഷയങ്ങൾ അഥവാ വസ്തുക്കൾ. മനസ്സാകുന്നു കടിഞ്ഞാൺ''. നമ്മുടെ ശരീരത്തിനുള്ളിൽ ആത്മാവു് വാഴുന്നു; ആത്മാവിനുള്ളിൽ, ആത്മാവിന്റെയും ആത്മാവായ ദൈവം വാഴുന്നു. ശരീരമാകുന്ന രഥത്തെ, ഇന്ദ്രിയങ്ങളാകുന്ന കുതിരകൾ, അവയ്ക്കു ഇഷ്ടമുള്ള വഴികളിലേയ്ക്കു വലിച്ചുകൊണ്ടുപോകാൻ തുടങ്ങുന്നു. പക്ഷെ നാം അവയെ അങ്ങനെ വിട്ടുകൊടുക്കരുതു്. ബുദ്ധിയാണു് തേരു തെളിക്കുന്ന സാരഥി. ബുദ്ധികൊണ്ടു് നാം ഇന്ദ്രിയങ്ങളെ നിയന്ത്രിക്കണം. ഇന്ദ്രിയനിഗ്രഹമില്ലാത്തവൻ സന്ന്യാസിയല്ല. ലൗകികസന്തോഷങ്ങൾ തേടി സന്ന്യാസികൾപോലും സിനിമാശാലകളിലും വിനോദസ്ഥലങ്ങളിലും ചെന്നിരിക്കുന്നതു് എത്രയോ കഷ്ടമാണു്. ഭക്ഷണം, വസ്ത്രം, സുഖസന്തോഷങ്ങൾ, പെരുമാററസാധനങ്ങൾ എന്നിവയിൽ മിതവും വിനീതവും സാധാരണവും ദരിദ്രവും താപസികവുമായ മാനദണ്ഡങ്ങൾ പുലർത്താത്ത സന്ന്യാസിയെ കണ്ടാൽ, ആളുകൾക്കു പുച്ഛവും പരിഹാസവുമേ തോന്നൂ. കണ്ണുകൾ, കാതുകൾ എന്നിവയുടെ മേലുള്ള നിയന്ത്രണമെല്ലാം പഴയ പുണ്യങ്ങളാണെന്നുപറഞ്ഞു് പരിഹസിച്ചു് മാററിവയ്ക്കാവുന്നതല്ല. പലപ്പോഴും സ്വയം നിയന്ത്രിക്കാനുള്ള മന:ശക്തിയില്ലാത്തവർ, തങ്ങളുടെ ഈ ബലഹീനതയെ മറച്ചുവയ്ക്കുന്നതിനുവേണ്ടി പ്രയോഗിക്കുന്ന ഉപായങ്ങളാണു് ഇത്തരം ന്യായങ്ങളൊക്കെ. മനസ്സാകുന്ന കടിഞ്ഞാൺകൊണ്ടു് ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ നിയന്ത്രിക്കുക. അന്ധമായ ഇന്ദ്രിയവികാരങ്ങളല്ല, സുബുദ്ധിയാണു് നമ്മെ നയിക്കേണ്ടതു്. സന്ന്യാസി സംയമി ആയിരിക്കണം. സ്വയം നിയന്ത്രിക്കുന്നവനാണു് സംയമി.

ഉത്തിഷ്ഠത

'ഉത്തിഷ്ഠത! ജാഗ്രത!' എന്നാണ് ഉപനിഷത്തുക്കൾ നല്കുന്ന ഉപദേശം. എഴുന്നേല്ക്കുവിൻ! ഉണരുവിൻ! എന്നാണ് ഇതിന്റെ അർത്ഥം. ആധ്യാത്മിക ജീവിതത്തിൽ നിരന്തരമായ ജാഗ്രത ആവശ്യമാണ്. ബുദ്ധിയില്ലാത്ത പത്തു കന്യകമാർ, യേശുവിനെ പാർത്തിരിക്കുന്നതിൽ ജാഗ്രതക്കുറവ് കാണിച്ചവരാണ്. നമ്മുടെതന്നെ ചരിത്രം പരിശോധിച്ചുനോക്കുക. നോവിഷ്യേററ് കാലത്തു് നമുക്കു നമ്മുടെ ആധ്യാത്മികജീവിതത്തിൽ ഇന്നുള്ളതിനെക്കാൾ എത്രയോ കൂടുതലായ തീക്ഷ്ണതയുണ്ടായിരുന്നു. അനുദിനധ്യാനം, ദിവ്യകാരുണ്യസ്വീകരണം, ദിവ്യകാരുണ്യസന്ദർശനം, ജ്ഞാനവായന, പ്രതിവാരപാപസങ്കീർത്തനം തുടങ്ങിയ കാര്യങ്ങളിൽ അന്നു നാം എത്രയോ തീക്ഷ്ണതയോടും ജാഗ്രതയോടുംകൂടി വ്യാപരിച്ചിരുന്നു. പക്ഷെ, പതുക്കെപ്പതുക്കെ നമ്മുടെ മടികൊണ്ടും ജാഗ്രതക്കുറവുകൊണ്ടും നാം മേല്പറഞ്ഞ കാര്യങ്ങളിൽ ഉപേക്ഷയും വിലോപവും വരുത്താൻ തുടങ്ങി. ഫലമോ, കുറേശ്ശെക്കുറേശ്ശെയായി, നാം അറിയാതെതന്നെ ആത്മീയമന്ദതയിൽ വീഴുകയും ചെയ്തു. നമ്മുടെ ആത്മീയജീവിതത്തിന്റെ കാര്യത്തിൽ നിരന്തരമായ ജാഗ്രത നാം പുലർത്തണം. കഴിഞ്ഞ കാലത്തു വന്നുപോയ തെററുകളെപ്പററി മനസ്സിടിയാതെ, നാം ദൈവത്തിൽ ശരണംവച്ച് അവയിൽനിന്നും എഴുന്നേല്ക്കുക. അനുദിനമുള്ള ആത്മശോധന നാം വളരെ സൂക്ഷംവച്ച് ചെയ്യണം. അന്നന്നു വന്നുപോയ തെററുകളെപ്പററി, അന്നന്നുതന്നെ മനസ്തപിച്ച്, അവയിൽനിന്നും മാറാനുള്ള വഴികൾ അന്നന്നുതന്നെ ചിന്തിച്ചുറപ്പിക്കുക. അതുപോലെതന്നെ, മാസധ്യാനം, വാർഷികധ്യാനം എന്നിവയും ജീവിതനവീകരണത്തിനുള്ള ഏററവും ശക്തമായ അവസരങ്ങളാണ്. സർവ്വോപരി, അടുത്തടുത്തുള്ള പാപസങ്കീർത്തനംമൂലം നമ്മുടെ ആത്മാവിനു ലഭിക്കുന്ന ഉണർവിനെപ്പററി എത്ര പറഞ്ഞാലും അധികമാവില്ല.

സത്യമേവ ജയതി

''സത്യമേവ ജയതി, നാനൃതം'' എന്നാണു് പ്രമാണം. സത്യം മാത്രം ജയിക്കുന്നു; അസത്യം ജയിക്കുന്നില്ല എന്നാണു് ഇതിന്റെ അർത്ഥം. ദൈവമാണു് സത്യം. അവിടത്തെ സത്യം നമുക്കായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു് യേശുവിലാണു്. ആകാശവും ഭൂമിയും കടന്നു പോകും: യേശുമാത്രം നിലനില്ക്കും. അവിടത്തേയ്ക്കുവേണ്ടി ജീവിച്ചവരാരും മരണമോ പരാജയമോ ദർശിക്കുകയില്ല. എന്നിട്ടും സന്ന്യാസികൾ ഒരുതരം പരാജയഭീതിയോടെ ജീവിക്കുന്നതു എത്രയോ കഷ്ടമാണു്. സന്ന്യാസം വരിച്ചതുമൂലം തങ്ങൾക്കു ലോകത്തിൽ ലഭിക്കാമായിരുന്ന പലതും നഷ്ടപ്പെട്ടുപോയി എന്നു് അവരിൽ ചിലരെങ്കിലും വിചാരിക്കുന്നു. ഈ നഷ്ടം പരിഹരിക്കുന്നതിനായി, സന്ന്യാസം ഉപേക്ഷിച്ച് അവർ ലോകത്തിലേയ്ക്കു തിരിച്ചു പോകുകയും ചെയ്യുന്നു. യേശുവിനുവേണ്ടി ത്യാഗം സഹിച്ചതുമൂലം തങ്ങൾക്കു കുറവുവരുമെന്നോ നഷ്ടം വരുമെന്നോ കരുതുന്ന അവരുടെ ഭീതി എത്രയോ പരിതാപാർഹമാണു്. തങ്ങൾക്കു വന്ന നഷ്ടം പരിഹരിക്കാനായി, യേശുവിനെ ഉപേക്ഷിച്ചു്, ലോകത്തിലേയ്ക്കു ചെല്ലുന്ന അവരെ അവസാനം മരണംവഴി ലോകവും കയ്യൊഴിയും? അപ്പോൾ അവർക്കു വീണ്ടും തങ്ങൾ ഉപേക്ഷിച്ച യേശുവിന്റെ മുമ്പിൽ നില്ക്കേണ്ടിവരും? എന്നാൽ ജീവിതകാലത്തു് യേശുവിനുവേണ്ടി സർവ്വതും നഷ്ടമാക്കിയവരുടെ മരണമോ? തങ്ങൾ ആർക്കുവേണ്ടി എല്ലാം നഷ്ടപ്പെടുത്തിയോ, ആ യേശുവിനെ കാണുക അവർക്കു എത്രയോ സന്തോഷപ്രദവും ധൈര്യസംദായകവും സമാശ്വാസകരവുമായിരിക്കും. അനേകം സന്ന്യാസികൾ ലോകത്തിലേയ്ക്കു തിരിച്ചു പോകുന്നതു കാണുമ്പോൾ നാമും ചഞ്ചലിക്കാൻ തുടങ്ങിയേയ്ക്കാം. യേശുവിനെപ്രതി എല്ലാം നഷ്ടമാക്കിയിട്ടു് അവസാനം നമുക്കൊന്നും ഇല്ലാതെ പോയേയ്ക്കുമോ എന്ന ഭയം നമുക്കും തോന്നിത്തുടങ്ങാം. പക്ഷെ, ഒരു കാര്യം മറക്കാതിരിക്കുക. ലോകത്തെ നാം എത്ര സ്നേഹിച്ചാലും, അവസാനം ലോകം നമ്മെ കയ്യൊഴിയും. യേശുവിനുവേണ്ടി നാം വരിച്ച ഒരു നഷ്ടത്തെക്കുറിച്ചും നമുക്കു ഒരുനാളും ദുഃഖിക്കേണ്ടിവരികയില്ല.

ബ്രഹ്മവിദ്യ

''ബ്രഹ്മവിദ്യാ സർവ്വവിദ്യാപ്രതിഷ്ഠാ'' എന്നാണ് ഉപനിഷത്തുക്കളിൽ പറഞ്ഞിരിക്കുന്നതു്. എല്ലാ വിദ്യകൾക്കും പ്രതിഷ്ഠ അഥവാ അടിസ്ഥാനമായി നില്ക്കുന്നതു് ബ്രഹ്മവിദ്യയാണെന്നർത്ഥം. ദൈവം തന്റെ വചനത്തിലൂടെ വെളിപ്പെടുത്തിയിട്ടുള്ള പരമജ്ഞാനത്തിനാണ് ബ്രഹ്മവിദ്യ എന്നു പറയുന്നതു്. നമ്മെ സംബന്ധിച്ചിടത്തോളം ഈ പരമജ്ഞാനം യേശുതന്നെയാണ്. യേശുവാകുന്ന ഈ പരമജ്ഞാനത്തെ നേടുന്നതിനായി മറ്റെല്ലാം താൻ നഷ്ടമാക്കിയിരിക്കുന്നതായി വി. പൗലോസ് പറയുന്നു. നാമും അങ്ങനെതന്നെ ആയിരിക്കണം. യേശുവിനെ നേടുന്നതിനുവേണ്ടി അറിഞ്ഞുകൊണ്ടുതന്നെ നാം പലതും നഷ്ടപ്പെടുത്തിയിട്ടുണ്ട്. സ്വന്തം വീടും നാടും കുടുംബവും നാം ഉപേക്ഷിച്ചു; ലോകത്തിൽ നമുക്കു ലഭിക്കാമായിരുന്ന സുഖസന്തോഷങ്ങൾ നാം വേണ്ടെന്നു വച്ചു. ഇതിലെല്ലാം നമുക്കു അഭിമാനവും സന്തോഷവുമേ തോന്നാവൂ. കാരണം, പകരം നമുക്കു യേശുവിനെ ലഭിച്ചു. നമുക്കു ലഭിച്ച നിധിയോടു താരതമ്യം ചെയ്യുമ്പോൾ, നാം ഉപേക്ഷിച്ചിട്ടുള്ളവയെല്ലാം വളരെ നിസ്സാരങ്ങളത്രെ. പക്ഷെ, ഇനി യേശുവിനെ വിട്ട്, നാം ഉപേക്ഷിച്ചവയിലേയ്ക്കു തിരികെപ്പോകുന്നുവെങ്കിൽ, അതിനെക്കാൾ കഷ്ടമായി മറ്റൊന്നും ഉണ്ടായിരിക്കുകയില്ല. യേശുവിനുവേണ്ടി ലോകത്തെ നഷ്ടമാക്കിയതു് ഒരു വിഡ്ഢിത്തരമായിപ്പോയി എന്നു നാം ഒരു നാളും വിചാരിക്കരുതു്. ലോകവും അതിന്റെ പ്രൗഢികളും കഴിഞ്ഞു പോയിക്കൊണ്ടിരിക്കുന്നു. ലോകത്തിൽ ആനന്ദിക്കുന്നുവെന്നു കരുതുന്ന ഓരോരുത്തനും ഓരോ ദിവസം കഴിയുംതോറും തന്റെ ശവക്കല്ലറയിലേയ്ക്കു അടുത്തുകൊണ്ടിരിക്കുകയാണ്. ലോകവും അതിന്റെ വിജ്ഞാനവും കഴിഞ്ഞുപോകും. യേശു മാത്രമാകുന്നു നിലനില്ക്കുന്ന വിജ്ഞാനം. നമ്മുടെ എല്ലാ വിജ്ഞാനവും ഉറപ്പിച്ചുവയ്ക്കേണ്ട അടിസ്ഥാനശിലയാണവിടുന്നു്.

സമ്പത്തികൾ

മനുഷ്യനിൽ ദൈവികവും മൃഗീയവുമായ രണ്ടു വശങ്ങളുണ്ടെന്നു് ഭഗവത് ഗീത പറയുന്നു. ഓരോരുത്തരിലും ദൈവികവും മൃഗീയവുമായ രണ്ടു് അരൂപികരം പ്രവർത്തിക്കുന്നുണ്ടു് എന്നു് വി. പൗലോസും പറയുന്നുണ്ടു്. ദൈവാരൂപി വസിക്കുന്ന മനുഷ്യനിൽ വിളങ്ങിക്കാണുന്ന സുകൃതങ്ങൾക്കാണു് ദൈവീസമ്പത്തി എന്നു പറയുന്നതു്. ജഡികാരൂപി വാഴുന്ന മനുഷ്യനിൽ കാണുന്ന ദുർഗ്ഗുണങ്ങൾക്കു ആസുരീസമ്പത്തി എന്നും പറയുന്നു. നമ്മിലുള്ള ജഡികാരൂപിയോടു് നാം നിരന്തരം സമരം ചെയ്തു്, നമ്മിലെ ദിവ്യാരൂപിയെ വളർത്തിക്കൊണ്ടുവരണം. നാം സാധാരണയായി പ്രത്യേകാത്മശോധന എന്നു പറയുന്നതു് ഇതിനുള്ളൊരു വഴിയാണു്. നമുക്കു നമ്മുടെമേൽത്തന്നെ നിരന്തരമായ ജാഗ്രതവേണം. നാം ആത്മീയ കാര്യങ്ങളിൽ സൂക്ഷമില്ലാതെ ജീവിച്ചാൽ, പതുക്കെപ്പതുക്കെ, നാം അറിയാതെതന്നെ ആത്മീയമന്ദതയിൽ വീണുപോകും. തങ്ങളുടെ നോവിഷ്യേററുകാലത്തും മററും വളരെ തീക്ഷ്ണതയും ശുഷ്കാന്തിയും കാണിച്ചിരുന്ന എത്രയോ സന്ന്യാസികളാണു്, പില്ക്കാലത്തു് ആത്മീയജീവിതത്തിലും സന്ന്യാസാനുഷ്ഠാനങ്ങളിലും യാതൊരു താല്പര്യവുമില്ലാതെ, വെറും ലൗകികാരൂപിക്കു അടിപ്പെട്ടവരെപ്പോലെ ജീവിക്കുന്നതായി കാണപ്പെടുന്നതു്! ആത്മീയാഭ്യാസങ്ങളെ ഒരുനാളും ഉപേക്ഷിക്കാതിരിക്കുക. എത്ര മടിയും മടുപ്പും തോന്നിയാലും, അവ വിശ്വസ്തതാപൂർവം നിർവഹിക്കുക. അനുദിന ധ്യാനം, ദിവ്യബലി. ദിവ്യകാരുണ്യസന്ദർശനം, ജപമാല, ആത്മശോധന, ജ്ഞാനവായന, പാപസങ്കീർത്തനം തുടങ്ങിയ ഭക്താഭ്യാസങ്ങൾ വിശ്വസ്തമായി നിർവഹിച്ചുകൊണ്ടിരിക്കുന്ന സന്ന്യാസിക്കു ഒരുനാളും ആത്മീയ മന്ദതയിൽ ഉൾപ്പെടുന്നതിനുള്ള ദൗർഭാഗ്യം ഉണ്ടാവില്ല. ആത്മീയാഭ്യാസങ്ങൾ ഉപേക്ഷിക്കുന്നതോടെ, ദൈവികകാര്യങ്ങൾ അനുഭവിക്കുന്നതിനുള്ള നമ്മുടെ മനസ്സിന്റെ കഴിവു് കെട്ടുപോകുന്നു. ഇങ്ങനെ നമ്മുടെ മനസ്സു് മരവിച്ചുകഴിഞ്ഞാൽ, പിന്നെ എത്രയൊക്കെ ദൈവികകാര്യങ്ങൾ കേട്ടാലും നമുക്കൊരു ചലനവും തോന്നില്ല. ഇതു് ആത്മീയമായ ദുർഭാഗ്യമാണു്.

ദൈവീസമ്പത്ത്

ദൈവാത്മരൂപി വാഴുന്ന മനുഷ്യനിൽ വിളങ്ങിക്കാണുന്ന സുകൃതങ്ങളാണ് ദൈവീസമ്പത്തി എന്നു പറയുന്നതു്. അവയിൽ പ്രധാനമായവ താഴെക്കാണുന്നവയാണെന്നു് ഭഗവദ്ഗീത പറയുന്നു: ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നും ഉടലെടുക്കുന്ന അഭയം അഥവാ ഭയമില്ലായ്മ; മനസ്സിന്റെ സന്തോഷം; ദൈവികജ്ഞാനം ആർജ്ജിക്കുന്നതിലുള്ള നിഷ്ഠ; ഇന്ദ്രിയസംയമം; ബലിജീവിതം; വിശുദ്ധഗ്രന്ഥപാനം; തപസ്സ്; വക്രതയില്ലായ്മ; വിചാരം; വാക്ക്; പ്രവൃത്തി എന്നിവ വഴി അന്യന് ദ്രോഹം ചെയ്യാതിരിക്കുക; സത്യം; മറ്റുള്ളവർ ഇങ്ങോട്ട് കോപിച്ചാലും അങ്ങോട്ട് അക്ഷോഭ്യനായി സമനില തെറ്റാതെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക; ഔദാര്യപൂർവ്വകമായ ത്യാഗസന്നദ്ധത; മനസ്സിനെ ശാന്തമായി കാക്കൽ; മറ്റുള്ളവരുടെ കുറ്റം പറയാതിരിക്കൽ; എല്ലാവരോടും ദയയോടുകൂടിയ പെരുമാറ്റം; ലൗകികവസ്തുക്കളിൽ ആസക്തിയില്ലാതിരിക്കുക; ശാന്തവും ശാലീനവുമായ പെരുമാറ്റം; വിനയം; അനാവശ്യമായി സംസാരിക്കാതിരിക്കുക; ഉന്നതമായ ചിന്താരീതി; ദുഃഖങ്ങളിൽ ധൈര്യം; ബാഹ്യവും ആന്തരികവുമായ പരിശുദ്ധി; ക്ഷമ; മറ്റുള്ളവർക്കു നന്മ വരണമെന്ന ആഗ്രഹം; അഹങ്കാരമില്ലായ്ക-എന്നിവയാണ് ദൈവിക മനുഷ്യന്റെ പ്രധാനലക്ഷണങ്ങൾ. ഒരു ദൈവികമനുഷ്യനിൽ വിളങ്ങിക്കാണേണ്ട പല നല്ല സുകൃതങ്ങളും ഇവിടെ വിവരിച്ചിരിക്കുന്നു. ഇവയോരോന്നും നമ്മിലുണ്ടോ എന്നു് ഇടയ്ക്കിടെ പരിശോധിച്ചു നോക്കുന്നതു് പ്രയോജനകരമാണ്. സന്ന്യാസി ദൈവത്തിന്റെ മനുഷ്യനായിരിക്കണം. കുറെ ദൈവശാസ്ത്രവും മനഃശാസ്ത്രവുമൊക്കെ താത്വികമായി പഠിച്ചതു കൊണ്ടുമാത്രം, നാം ദൈവത്തിന്റെ മനുഷ്യരാണെന്ന അനുഭവം നമ്മോടിടപെടുന്നവരിൽ നമ്മെക്കുറിച്ച് ഉണരുകയില്ല. അതിന് നമുക്കു ദൈവികമനുഷ്യന്റേതായ സ്വഭാവവൈശിഷ്ട്യം വേണം. നമ്മുടെ ബുദ്ധിയുടെ അഗാധതയെക്കാൾ മറ്റുള്ളവരെ ആകർഷിക്കുക, നമ്മുടെ ഹൃദയത്തിന്റെ നന്മയും നൈർമ്മല്യവുമാണ്.

ആസുരീസമ്പത്തി

ജഡികാരൂപി വസിക്കുന്ന മനുഷ്യനിൽ വാഴുന്ന ദുർഗ്ഗുണ ങ്ങളാണ് ആസുരീസമ്പത്തി എന്നു പറയുക. അഹങ്കാരം, കോപം, കഠിനവചനം, ധനമോഹം, സുഖാസക്തി തുടങ്ങിയവയാണ് ജഡികനായ മനുഷ്യൻെറ ചില പ്രത്യേകതകൾ. തങ്ങളുടെ ഉയർച്ചയേയും സുഖസൗകര്യങ്ങളേയും പററി മാത്രമെ അവർക്കു വിചാരമുണ്ടാകൂ. വിനയം, ശാന്തത, ശാലീനത തുടങ്ങിയവയെ ബലഹീനതയായി അവർ പരിഗണിക്കും. ലോകസുഖങ്ങളിൽ ആലീനരായിക്കഴിയുന്ന അവക്കു മരണ ചിന്തയേ ഉണ്ടാകില്ല. ധനസമ്പാദനത്തിനായി ഏതു മാർഗ്ഗവും അവർ കൈക്കൊള്ളും. അവർ തന്നെത്താൻ പുകഴ്ത്തുന്നതിനു മടിയില്ലാത്തവരാണ്. യഥാർത്ഥവും ആന്തരികവുമായ സ്നേഹവും ഭക്തിയുമില്ലാതെ, വെറും പേരിനു മാത്രം അവർ ആത്മീയാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നു. വിനീതവും പ്രാർത്ഥനാനിരതവുമായ ജീവിതശൈലിയാണ് സന്ന്യാസിക്കു ചേന്നതു്. പരുഷവും കഠിനവുമായി സംസാരിക്കാതെ, അയാൾ എല്ലാവരോടും ദയയായും ശാന്തമായും സംസാരിക്കണം. തന്നെത്താൻ പുകഴ്ത്തിപ്പറയുന്ന സന്ന്യാസിയെപ്പററി ആക്കും ഉള്ളിൽ മതിപ്പുണ്ടാകുകയില്ല. സ്വയം മറന്നു്, മററുള്ളവരുടെ സുഖസന്തോഷങ്ങൾക്കുവേണ്ടി അയാൾ പ്രവത്തിക്കുന്നു. വിലകൂടിയ വസ്ത്രങ്ങളും പെരുമാററസാധനങ്ങളും സുഖസൗകര്യങ്ങളും ഉപയോഗിക്കുന്ന സന്ന്യാസിയെക്കുറിച്ചും മററുള്ളവർക്കു ഉള്ളിൽ പുച്ഛവും പരിഹാസവുമേ തോന്നൂ. സന്ന്യാസിയിൽ ദൈവത്തിൻെറ പ്രതിബിംബമത്രെ മററുള്ളവർക്കു തോന്നേണ്ടതു്. ഇതു സാധിക്കണമെങ്കിൽ അയാൾ പ്രർത്ഥനയുടെയും പ്രായശ്ചിത്തത്തിൻെറയും മനുഷ്യനായി കാണപ്പെടണം. പ്രാർത്ഥിക്കാത്ത സന്ന്യാസി ഒരു വിരോധാഭാസമാണ്. ഇതുപോലെതന്നെ തപസ്സനുഷ്ഠിക്കാത്ത സന്ന്യാസിയിലും സന്ന്യാസരൂപമില്ല. ആസുരീസമ്പത്തി അഥവാ ജഡികാരൂപിയാണ് നാം നമ്മിൽ പ്രദർശിപ്പിക്കുന്നതെങ്കിൽ, നാംമൂലം സന്ന്യാസത്തിൻെറ രൂപംതന്നെ വികൃതമാക്കാൻ നമുക്കവകാശമില്ല.

വിശ്വാസം

ശങ്കരാചാര്യർ ''സർവ്വവേദാന്തസിദ്ധാന്ത സാരസംഗ്രഹം'' എന്ന തന്റെ കൃതിയിൽ വിശ്വാസത്തെപററി ഇങ്ങനെപറയുന്നു: ''ദൈവം, വേദം, ഗുരു, മന്ത്രം, തീർത്ഥം, മഹാത്മാവ്, ഔഷധം എന്നിവയിൽ ഒരാൾക്ക എത്രത്തോളമാണോ വിശ്വാസമുള്ളത്, അത്രത്തോളമാണ് അവയുടെയെല്ലാം ഫലമുണ്ടാകുന്നത്.'' ദൈവത്തിലും അവിടുത്തെ വിശുദ്ധവചനമായ വേദത്തിലും അചഞ്ചലമായ വിശ്വാസമുണ്ടാകുക. എന്തെല്ലാം സംഭവിച്ചാലും, ദൈവം നമ്മെ എപ്പോഴും സ്നേഹിക്കുന്നുവെന്ന സത്യത്തെപ്പററി നാം ഒട്ടും സംശയിക്കരുത്. നമ്മെ സ്നേഹിക്കുന്ന ദൈവം എല്ലാം നമ്മുടെ നന്മയ്ക്കുവേണ്ടി മാത്രമെ അനുവദിക്കു എന്ന സത്യം ഏതു ദുഃഖത്തിനിടയിലും നാം മറക്കരുത്. ആത്മീയഗുരുക്കളിലും നമുക്ക വിശ്വാസമുണ്ടാകണം. അവരുടെ നിർദ്ദേശങ്ങൾ വിശ്വാസപൂർവം അനുവർത്തിക്കണം. നമ്മുടെ ആത്മീയമായ പ്രശ്നങ്ങളും പ്രയാസങ്ങളും പരമാർത്ഥമായി അവരെ അറിയിക്കുക പ്രാർത്ഥനയിലുള്ളവിശ്വാസമാണ് മന്ത്രത്തിലുള്ള വിശ്വാസം. ജപങ്ങൾക്കും ദിവ്യമന്ത്രങ്ങൾക്കും നമ്മുടെ മനസ്സിനും ഹൃദയത്തിനും ശാന്തിയേകുന്നതിനുള്ള വലുതായ കഴിവുണ്ട്. പ്രാർത്ഥനയ്ക്കു നാം വിചാരിക്കുന്നതിലേറെ അത്ഭുതങ്ങൾ ചെയ്യുന്നതിനുള്ള ശക്തിയുണ്ട്, ഇതു് പരീക്ഷിച്ചുനോക്കിയാൽ നമുക്കതന്നെ അനുഭവപ്പെടുന്ന ഒരു പരമാർത്ഥമാണ്. വിശുദ്ധസ്ഥലങ്ങളും വിശുദ്ധവസ്തുക്കളുമാണ് തീർത്ഥങ്ങൾ. ദൈവം തന്റെ സാന്നിധ്യത്തെ അവയിലൂടെ പ്രത്യേകവിധമായി നമ്മെ അനുഭവിപ്പിക്കുന്നു. വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ച് വിശ്വാസത്തോടെ പ്രാർത്ഥിക്കുക. വിശുദ്ധവസ്തുക്കളെ ബഹുമാനത്തോടും ഭക്തിയോടുംകൂടി ഉപയോഗിക്കുക. വിശുദ്ധരായ മഹാത്മാക്കളുടെ പ്രാർത്ഥനയിലും ആശീർവാദത്തിലും ആത്മാർത്ഥമായ വിശ്വാസം പ്രകടിപ്പിക്കുക. ചികിത്സിക്കുന്ന ഡോക്ടറിലും രോഗിക്ക വിശ്വാസം വേണം. വിശ്വാസമുള്ളവൻ മലകൾ മാറിപ്പോകാൻ കല്പിച്ചാൽപ്പോലും, അങ്ങനെ സംഭവിക്കുന്നു.

മിഥ്യ

''ബ്രഹ്മസത്യം ജഗന്മിഥ്യാ'' എന്നാണ് ശങ്കരാചാര്യർ പറയുന്നത്. ദൈവം മാത്രമാണ് സത്യം; ജഗത്ത് അഥവാ ലോകം മിഥ്യയാണ് എന്നാണ് ഇതിൻെറ അത്ഥം. നമ്മെ ദൈവത്തിലേയ്ക്കു നയിക്കാത്തതെന്തും മിഥ്യ അഥവാ മായയാണ്. ചിതൽ തിന്നുന്നതും കള്ളൻ അപഹരിക്കുന്നതുമായ സ്വർഗ്ഗീയനിക്ഷേപങ്ങരാ ശേഖരിക്കാനായിരിക്കണം നമ്മുടെ പരിശ്രമം. നാം നമുക്കുവേണ്ടി നേടിയ സുഖം, ധനം, കീത്തി എന്നിവയെല്ലാം നമ്മുടെ ശവക്കല്ലറയോടെ അസ്തമിക്കും. ദൈവത്തിനും, ദൈവത്തെപ്രതി മററുള്ളവക്കുംവേണ്ടി നാം എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അതു മാത്രമെ നിലനിൽക്കൂ. നന്മ ചെയ്യുമ്പോരാ നമുക്കു മടുപ്പ് തോന്നരുത്. യേശുവിനുവേണ്ടി നാം വഹിച്ച ഒരു ഭാരത്തെപ്പററിയും, വരിച്ച ഒരു നഷ്ടത്തെപ്പററിയും അവസാനം നമുക്കു ദുഃഖിക്കാനിടവരില്ല; മറിച്ച് അതേപ്പററി നമുക്കു സന്തോഷമേ തോന്നൂ. പ്രാത്ഥനയ്ക്കായി നാം ചെലവഴിച്ച നിമിഷങ്ങളെപ്പററി നമുക്കു അവസാനം ഒരു തരത്തിലും പരിതപിക്കേണ്ടിവരികയില്ല; മറിച്ച്, നമുക്കു സാധിക്കുമായിരുന്നിടത്തോളം സമയം നാം പ്രാത്ഥിച്ചില്ലല്ലോ എന്ന വിചാരമായിരിക്കും അവസാനം നമ്മെ സങ്കടപ്പെടുത്തുക. മററുള്ളവക്കും ദൈവത്തിനുംവേണ്ടി മനസ്സറിഞ്ഞ്, ബോധപൂർവം, നഷ്ടം വരിക്കാനും ത്യാഗം സഹിക്കാനുമുള്ള കലയിൽ നാം നമ്മെത്തന്നെ പരിശീലിപ്പിക്കണം. അവസാനം അതുമാത്രമെ നിലനില്ക്കൂ. ദൈവത്തെയും മററുള്ളവരെയും മറന്ന്, അവനവനുവേണ്ടിമാത്രം ജീവിച്ചൊരു മനുഷ്യനെ, അയാളുടെ മരണശേഷം ആരാണ് ഓത്തിരിക്കുക? എന്നാൽ, അവനവനെത്തന്നെ മറന്ന്, ദൈവത്തിനും മററുള്ളവക്കുംവേണ്ടി എല്ലാം നഷ്ടപ്പെടുത്തിയൊരു മനുഷ്യനെ അയാരാ മരിച്ചാലും, ദൈവവും മനുഷ്യരും മറക്കാതെ തങ്ങളുടെ ഹൃദയത്തിൽ നിധിപോലെ കാത്തു് ഓത്തുകൊണ്ടിരിക്കും.

നിവർത്തകം

''പ്രവൎത്തകം കൎമ്മശാസ്ത്രം, ജ്ഞാനശാസ്ത്രം നിവൎത്തകം'' എന്നാണ് പറയുക. കൎമ്മശാസ്ത്രങ്ങൾ നമ്മെ പ്രവൃത്തിപ്പിക്കുന്നു; ജ്ഞാനശാസ്ത്രം നമ്മെ നിവൎത്തിപ്പിക്കുന്നു എന്നാണ് ഇതിന്റെ അൎത്ഥം. മനുഷ്യന് ഓരോരോ കൎമ്മം ചെയ്യുന്നതിനു് അനേകം ശാസ്ത്രങ്ങൾ അറിഞ്ഞിരിക്കുക ആവശ്യമാണ്. നമ്മെക്കൊണ്ട് ഓരോരോ കാര്യങ്ങൾ പ്രവൎത്തിപ്പിക്കുക എന്നതാണ് ഈ കൎമ്മശാസ്ത്രങ്ങളുടെ ലക്ഷ്യം. പ്രവൎത്തിക്കുമ്പോൾ, നാം ഓരോന്ന് ചെയ്തുചെയ്ത് മുന്നോട്ടു പോകുന്നതായി നമുക്കു തോന്നും. എന്നാൽ വാസ്തവത്തിൽ, നാം ആരിൽനിന്നും വന്നുവോ ആ ദൈവത്തിലേയ്ക്കു തിരിച്ചു പൊയ്ക്കൊണ്ടിരിക്കുക മാത്രമെ നാം ചെയ്യുന്നുള്ളൂ. ജീവിതം മുന്നോട്ടുള്ള ഒരു ഗതി ആയിരിക്കുന്നതുപോലെതന്നെ, ദൈവത്തിലേയ്ക്കുള്ളൊരു തിരിച്ചുപോക്കുമാണ്. ദൈവത്തിലേയ്ക്കുള്ള ഈ തിരിച്ചുപോകലിനാണ് നിവൎത്തനം എന്നു പറയുന്നതു്. ഇതിനു നമ്മെ സഹായിക്കുന്നതു് കൎമ്മശാസ്ത്രമല്ല, ആത്മീയശാസ്ത്രം അഥവാ ജ്ഞാനശാസ്ത്രമാണ്. അതിനാൽ ലൗകികശാസ്ത്രങ്ങൾ പഠിക്കുന്നതോടൊപ്പം ആത്മീയശാസ്ത്രങ്ങളും നാം അഭ്യസിച്ചുകൊണ്ടിരിക്കണം. അല്ലെങ്കിൽ, പ്രവൎത്തിച്ചു പ്രവൎത്തിച്ചു വരുംതോറും, ദൈവത്തിലേയ്ക്കു അടുത്തടുത്തുവരുന്നതിനുപകരം, ദൈവത്തിൽനിന്നും നാം അകന്നകന്നുപോകും. പ്രവൎത്തനത്തോടൊപ്പം പ്രാൎത്ഥനയും സമ്മേളിപ്പിക്കേണ്ടതിന്റെ ആവശ്യം ഇതാണ്. പ്രവൎത്തനത്തിന്റെ പേരിൽ പ്രാൎത്ഥന ഒരുനാളും ഉപേക്ഷിക്കാവുന്നതല്ല. പ്രവൎത്തിക്കുന്നതുകൊണ്ടു് നാം മുന്നോട്ടു പോകുക മാത്രമെ ചെയ്യൂ. അതേസമയം നാം ആരിൽനിന്നും വന്നുവോ, ആ ദൈവത്തിലേയ്ക്ക് തിരിഞ്ഞുപോകാനുള്ളവരുംകൂടിയാണ് നാം. ദൈവത്തിലേയ്ക്കു നമ്മെ അടുപ്പിച്ചടുപ്പിച്ചു കൊണ്ടുവരുന്നതു് പ്രാൎത്ഥനയാണ്. പ്രാൎത്ഥന ഉപേക്ഷിച്ച് പ്രവൎത്തിക്കുന്ന ഒരു മനുഷ്യൻ വയ്ക്കുന്ന ഓരോ അടിക്കും അയാൾ ദൈവത്തിൽനിന്നും അകന്നകന്നുപോകുന്നു. ദൈവത്തിലേയ്ക്കു നടന്നടുക്കുന്നവർ നിറുത്താതെ വച്ചുകൊണ്ടിരിക്കേണ്ട രണ്ട് കാലടികളാണ് പ്രാൎത്ഥനയും പ്രവൎത്തനവും.

ഉപവാസം

ഉപവസിക്കുക എന്ന പദത്തിൻെറ വാച്യാൎത്ഥം 'അരികെ വസിക്കുക' എന്നാണു്. ഉപ എന്നുവെച്ചാൽ അരികെ എന്നാണൎത്ഥം. നാം ഭക്ഷണം ഉപേക്ഷിച്ചു് ഉപവസിക്കുന്നതിൻെറ ഉദ്ദേശ്യം, വെറുതെ ശരീരത്തെ പീഡിപ്പിക്കുക എന്നതല്ല. ദൈവത്തിൻെറ അരികെ സ്നേഹപൂർവം ഇരിക്കുന്നതിനു നമ്മെ സഹായിക്കുന്ന ഒരു മാൎഗ്ഗമാണു് ഉപവാസം. മനുഷ്യൻ ബഹു കാര്യവ്യഗ്രതയിൽപ്പെട്ടു് പകലന്തിയോളം പണിപ്പെട്ടു നടക്കുന്നതു് പ്രധാനമായി തൻെറ ഉപജീവനമാൎഗ്ഗമായ ഭക്ഷണം സമ്പാദിക്കാനാണല്ലോ. ഭക്ഷണത്തെക്കുറിച്ചുള്ള ഈ വ്യഗ്രതയിൽ നിന്നും കുറച്ചുസ്മയത്തേയ്ക്കു മാറി, ദൈവത്തിൻെറ അരികെ സ്നേഹപൂർവം വസിക്കുന്നതിനു ഉപവാസം നമ്മെ സഹായിക്കുന്നു. ദൈവത്തിൽനിന്നും നമ്മെ അകററിക്കളയുന്നതു് ശാരീരികസന്തോഷങ്ങൾക്കായുള്ള നമ്മുടെ ജഡിക പ്രവണതകളാണു്. ശരീരത്തെ അതിൻേറതായ ജഡികസന്തോഷങ്ങളിൽ നിന്നും അകററി, ദൈവത്തിൽ ആന്തരികമായ സന്തോഷം കണ്ടെത്തത്തക്കവിധം, അവിടുത്തെ അരികെ പ്രാൎത്ഥനാപൂർവം വസിക്കാൻ ഉപവാസം നമ്മെ ശക്തരാക്കുന്നു. അതിനാലാണു് ഉപവാസത്തെ എപ്പോഴും പ്രാൎത്ഥനയുമായി സംയോജിപ്പിക്കണമെന്നു പറയുന്നതു്. നമ്മെ ആവസിച്ചിരിക്കുന്ന ദുഷ്ടാരൂപികൾ പ്രാൎത്ഥനയും ഉപവാസവും കൊണ്ടുമാത്രമെ അകന്നുപോകൂ എന്നാണല്ലോ ക്രിസ്തു പഠിപ്പിച്ചിരിക്കുന്നതു്. ഉപവാസം നമ്മുടെ ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനകരമാണു്. സാധിക്കുമെങ്കിൽ ആഴ്ചയിലൊരു ദിവസം ഉപവസിക്കുന്നതു് വളരെ പ്രയോജനകരമാണു്. അങ്ങനെയുള്ള ദിവസം കഴിയുന്നത്ര പ്രാൎത്ഥനയിൽത്തന്നെ ചിലവഴിക്കാൻ പരിശ്രമിക്കണം. ഏതെങ്കിലുമൊരു പുണ്യദിനത്തിൽ വേദപുസ്തകപാരായണം, മൗനം, ജപം, ധ്യാനം തുടങ്ങിയവയോടുകൂടി ഉപവാസമനുഷ്ഠിച്ചു് ഈശ്വരനെ ഭജിക്കുന്നതിനു് ഭാരതീയർ വ്രതം എന്നു പറയുന്നു. വ്രതാചരണമില്ലാത്തയാളെ സന്ന്യാസിയായി അംഗീകരിക്കാനാവില്ല.

മനഃപ്രസാദം

മനസ്സിൻെറ ആന്തരികമായ തെളിച്ചം, സ്വസ്ഥത, സന്തോഷം, പ്രസന്നത എന്നിവയ്ക്കാണ് മനഃപ്രസാദം എന്നു പറയുക. പ്രസന്നമായൊരു മനസ്സിനു താഴെക്കാണുന്നവ ആവശ്യമാണെന്നു ശങ്കരാചാര്യർ പറയുന്നു. 1) ബ്രഹ്മചര്യം: ദൈവത്തെ എല്ലാററിലും ഉപരിയായി സ്നേഹിച്ച്, ആത്മശരീരങ്ങളെ സമ്പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച് ജീവിക്കുന്നതാണ് ബ്രഹ്മചര്യം. 2) അഹിംസാ ആർക്കും അകാരണമായി വേദന വരുത്താതെ ജീവിക്കണമെന്ന ആഗ്രഹം. 3) ദയാ: എല്ലാവരോടും കരുണയായി പെരുമാറുക. 4) അവക്രത: സംസാരത്തിലും വിചാരത്തിലും പെരുമാററത്തിലും നിഷ്കപടനായിരിക്കുക. 5) വൈതൃഷ്ണ്യം: ഇന്ദ്രിയസുഖങ്ങളിൽ വിരക്തി. 6) സത്യം: ശരിയായതുമാത്രം പ്രവർത്തിക്കുക. 7) ശൗചം: മനസ്സും ശരീരവും ശുചിയായി കാക്കുക. 8) ദംഭവിവർജ്ജനം: അഹങ്കാരവും അസൂയയും ഇല്ലാതിരിക്കുക. 9) നിർമ്മമത: ഞാൻ, എൻേറതു്, എനിക്കുവേണ്ടി എന്നു തുടങ്ങിയ ഭാവങ്ങൾ ഇല്ലാതിരിക്കുക. 10) സ്ഥൈര്യം: ആത്മീയജീവിതചര്യയിൽ സ്ഥിരമായി ഉറച്ചുനില്ക്കുക. 11) അഭിമാനവിസർജ്ജനം: സ്വന്തം സ്തുതി അന്വേഷിക്കാതിരിക്കുക. 12) ഈശ്വരധ്യാനപരത: ദൈവത്തെക്കുറിച്ച് ധ്യാനിക്കുന്നതിലുള്ള നിഷ്ഠ. 13) ബ്രഹ്മജ്ഞാനികളുടെ സഹവാസം: ഈശ്വരജ്ഞാനികളായ സന്ന്യാസികളുടെ സമൂഹത്തിലുള്ള വാസം. 14) ജ്ഞാനശാസ്ത്രൈകപരത: ആദ്ധ്യാത്മികശാസ്ത്രങ്ങൾ പഠിക്കുന്നതിനുള്ള താല്പര്യം. 15) സമഭാവന: സുഖദുഃഖങ്ങളിൽ തുല്യഭാവം. 16) മാനാനാസക്തി: മററുള്ളവരുടെ പ്രശംസയിൽ താല്പര്യമില്ലായ്ക. 17) ഏകാന്തശീലം: മൗനത്തിലും ഏകാന്തതയിലും താല്പര്യം. 18) മുമുക്ഷുത്വം: ലോകബന്ധനത്തിൽ നിന്നും മോചിതനായി മോക്ഷത്തിനുവേണ്ടിയുള്ള ആഗ്രഹം. ഈ സുകൃതങ്ങളെല്ലാം ഒരു സന്ന്യാസിയിൽ ഭാരതീയർ അത്യന്തം പ്രതീക്ഷിക്കുന്നവയാണ്. ഇവ നാം ശ്രദ്ധവച്ച് പരിശീലിക്കുന്നുവെങ്കിൽ, നമുക്ക് ഇന്നുള്ളതിനെക്കാൾ എത്രയോ വലിയ മനഃസമാധാനത്തോടെ ജീവിക്കാൻ കഴിയുമായിരുന്നു.

ശരീരം

ക്ഷേത്രം ശരീരപ്രസ്താരം എന്നു പറയാറുണ്ട്. ഈശ്വരൻെറ വാസസ്ഥലമായ ക്ഷേത്രം ശരീരംപോലെ നിർമ്മിക്കപ്പെട്ടതാണ് എന്നത്രെ ഇതിൻെറ അർത്ഥം. മനുഷ്യശരീരം ദൈവത്തിൻെറ വാസസ്ഥലമാണ്. അതിനാൽ നമുക്കു ശരീരത്തോട് ദിവ്യമായ ബഹുമാനംവേണം. നമ്മുടെയും മററുള്ളവരുടെയും ശരീരത്തെ പരിശുദ്ധമായിത്തന്നെ നാം പരിഗണിക്കണം. ബഹുമാനം, പരിശുദ്ധതാബോധം, അടക്കം തുടങ്ങിയ മനോഭാവങ്ങളാണ് ശരീരത്തോടുള്ള നമ്മുടെ സമീപനത്തിൽ നിഴലിക്കേണ്ടതു്. ദൈവത്തിൻെറ ആലയമായ ശരീരത്തെ ആരോഗ്യപൂർണ്ണവും പ്രസന്നവുമായി കാക്കാൻ നമുക്കു കടമുണ്ട്. രോഗീപരിചരണപരമായ നമ്മുടെ പ്രേഷിതവൃത്തിയുടെ ഒരു ന്യായംതന്നെ ഇതാണ്. നമ്മുടെ ശരീരത്തിനകത്തു് ദിവ്യാതിഥിയായി കഴിയുന്ന ദൈവത്തിൻെറ പക്കലേയ്ക്കു നാം ഇടയ്ക്കിടയ്ക്കു് മനോദൃഷ്ടികൾ സ്നേഹപൂർവം തിരിക്കണം. ദൈവസാന്നിധ്യസ്മരണ കാക്കുന്നതിനുള്ള ഏററവും എളുപ്പമായൊരു മാർഗ്ഗമാണിതു്. ദൈവാലയത്തിലും ആരാധനാസ്ഥലങ്ങളിലും നാം ഭക്തിയോടെ വ്യാപരിക്കണം. അവ ശുചിയായും മനോഹരമായും കാക്കണം. പൂജയ്ക്കുള്ള പീഠവും വസ്ത്രങ്ങളും പാത്രങ്ങളും എപ്പോഴും വൃത്തിയായും ഭംഗിയായും സൂക്ഷിക്കണം. ദൈവവും ദൈവാരാധനയുമാണ് ജീവിതത്തിൽ നമുക്കു ഏററവും വിലപ്പെട്ട കാര്യങ്ങളെന്ന നമ്മുടെ ബോധ്യത്തിൻെറ പ്രായോഗികമായ പ്രകാശനമാണിതു്. ദേവാലയത്തിലെ പ്രാർത്ഥനകൾ, ഗാനങ്ങൾ മററു തിരുക്കർമ്മങ്ങൾ എന്നിവയും ഭക്തിയായും വ്യക്തമായും, നിറുത്തിയും നാം നിർവഹിക്കണം. പ്രാർത്ഥനാലയത്തിൽ കഴിക്കുന്ന മണിക്കൂറുകളെ നമ്മുടെ ജീവിതത്തിലെ ഏററവും വിലപ്പെട്ട വിനാഴികകളായി നാം പരിഗണിക്കണം. ദൈവശുശ്രൂഷയാണ് നമ്മുടെ ഏററവും വലിയ ശുശ്രൂഷ.

കർപ്പൂരാരതി

ദൈവത്തിനു നാം നമ്മെത്തന്നെ സമർപ്പിക്കുന്നതാണു് പൂജയുടെ ലക്ഷ്യം. സുഗന്ധം, പുഷ്പം, ധൂപം, ദീപം നൈവേദ്യം എന്നിങ്ങനെ പലതും പൂജയിൽ ദൈവത്തിനു സമർപ്പിക്കുന്നു. നമുക്കുള്ളവ മുഴുവനും ദൈവത്തിനു നല്കിക്കൊണ്ടു് നമ്മുടെ ത്യാഗമനോഭാവം പ്രകടമാക്കുകയാണു് ഇതിന്റെ ഉദ്ദേശ്യം. എന്നാൽ ഈ ത്യാഗഭാവം അതിന്റെ പരമകാഷ്ഠയിൽ എത്തുന്നതു് കർപ്പൂരാരതിയോടെയാണു്. മററു് കാഴ്ചവസ്തുക്കളുടെയെല്ലാം സ്വഭാവം, അവ കാഴ്ചവസ്തുപ്പെട്ടു കഴിഞ്ഞാലും, അവയിൽ കുറെയൊക്കെ അവശേഷിക്കും എന്നതാണു്. എന്നാൽ, കർപ്പൂരത്തിന്റെ പ്രത്യേകതയാകട്ടെ, അതു് കത്തിക്കഴിഞ്ഞാൽ, അതിൽ ഒന്നും അവശേഷിക്കുന്നില്ല എന്നതാണു്. ദൈവത്തെപ്രതി, നാം സമ്പൂർണ്ണമായ ത്യാഗത്തിനു സന്നദ്ധതയുള്ളവരായിരിക്കണം. നമ്മുടെ സന്ന്യാസസമർപ്പണംതന്നെ ദൈവത്തിനുവേണ്ടി നാം വരിച്ചിരിക്കുന്ന പരമമായ ഒരു ത്യാഗമാണു്. ഇതു് ക്രമേണക്രമേണ, ഒരു ജീവിതകാലംകൊണ്ടു് നാം പൂർത്തിയാക്കണം. അതിനിടയിൽ നാം യാതൊന്നും നമ്മുടെ സുഖത്തിനും സന്തോഷത്തിനുമായി നീക്കിവച്ചേക്കരുതു്. അനുദിനം അനേകമനേകം ത്യാഗങ്ങൾ ദൈവത്തിനുവേണ്ടി ചെയ്യുവാൻ നമുക്കു അവസരം ലഭിക്കുന്നു. നമ്മുടെ അനുദിന ഭക്താഭ്യാസങ്ങൾ, തപോകൃത്യങ്ങൾ, ജോലികൾ എന്നിവയെല്ലാം കൃത്യമായി അനുഷ്ഠിക്കുന്നതിനു വളരെ ത്യാഗമനോഭാവം ആവശ്യമുണ്ടു്. ഈ ത്യാഗം സന്മനസ്സോടെ പൂർത്തിയാക്കുക. ദൈവത്തിനു കൊടുക്കുന്ന കാര്യത്തിൽ പിശുക്കു് കാണിക്കാതിരിക്കുക. ദൈവത്തിനു കൊടുക്കാതെ നാം ലാഭിക്കുന്നവയൊക്കെ അവസാനം നമുക്കു നഷ്ടമായേ പരിണമിക്കു.

സാധുദർശനം

''സാധൂനാം ദർശനം പുണ്യം'' എന്നാണ് പറയപ്പെട്ടിരിക്കുന്നതു്. സാധുക്കളെ അഥവാ സന്ന്യാസിമാരെ കാണുന്നതു തന്നെ പുണ്യത്തിനു കാരണമാണു്. ഈ അനുഭവം നമ്മെ കാണുന്നവരിൽ ഉണ്ടാകണമെങ്കിൽ, നമ്മുടെ ജീവിതരീതി അത്തരത്തിലുള്ളതായിരിക്കണം. സന്ന്യാസിയെ പ്രാർത്ഥനയുടെ മനുഷ്യനായി മററുള്ളവർക്ക് ദർശിക്കാൻ കഴിയണം. ഈശ്വര ചിന്തയിലും ജപധ്യാനത്തിലും മുഴുകാതെ, വെറും ലൗകികകാര്യങ്ങളിൽ മാത്രം വ്യഗ്രതപ്പെട്ട് ഓടിനടക്കുന്ന ഒരാളെക്കണ്ടാൽ ഒരു സന്ന്യാസിയെ കണ്ടു എന്ന തൃപ്തി മററുള്ളവർക്കുണ്ടാകില്ല. അതുപോലെതന്നെ, സന്ന്യാസിയുടെ ഭാവവും രീതിയും വേഷഭൂഷാദികളും താപസികമായിരിക്കണം. ദരിദ്രോചിതമായ താമസസ്ഥലവും വസ്തുക്കളുമാണ് അയാൾക്കു ഭൂഷണം. നാം വളരെ വിലകൂടിയ വസ്തുക്കൾ ഉപയോഗിച്ച് സുഖസൗകര്യങ്ങളിൽ മുഴുകി ജീവിച്ചാൽ, ഒരു സന്ന്യാസിയെ കണ്ടാലുണ്ടാകുന്ന മനഃസുഖം നമ്മെ കാണുന്നവർക്കുണ്ടാകില്ല. സന്ന്യാസി ആധ്യാത്മിക ജ്ഞാനമുള്ളവനായിരിക്കണം. അയാളോട് സംസാരിക്കുന്നവർക്ക്, ദൈവത്തെയും ദൈവികകാര്യങ്ങളെയും കുറിച്ച് കൂടുതൽ അറിവും അനുഭവവും കിട്ടണം. എപ്പോഴും ലൗകികമായി മാത്രം സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരാളെപ്പററി, അയാൾ സന്ന്യാസിയാണെന്ന അനുഭവം മററുള്ളവർക്കുണ്ടാകില്ല. സർവ്വോപരി, സന്ന്യാസി സ്നേഹത്തിൻേറയും സേവനത്തിൻേറയും വിനയത്തിൻേറയും വിശ്വാസത്തിൻേറയും മനുഷ്യനായിരിക്കണം. ഇങ്ങനെയുള്ള സന്ന്യാസിമാരെയാണ് നമ്മിൽനിന്നും ലോകം പ്രതീക്ഷിക്കുന്നതു്. നാം അങ്ങനെയായാൽ, നമ്മെ കാണുന്നതുകൊണ്ടു മാത്രം തങ്ങൾക്കു പുണ്യം കിട്ടി എന്ന അനുഭവം താനെ മററുള്ളവരിലുണ്ടായിക്കൊള്ളും.

തീർത്ഥസപ്തകം

തീർത്ഥം എന്ന വാക്കിന്റെ അർത്ഥം തരണം ചെയ്യിക്കുന്നതു് അഥവാ മറുകര കടത്തുന്നതു് എന്നാണു്. ഈ ലോകസാഗരത്തിന്റെ മറുകരയായ സ്വർഗ്ഗത്തിലേയ്ക്കു മനുഷ്യരെ കടത്തിവിടുന്ന സ്വർഗ്ഗീയമാർഗ്ഗങ്ങളാണു് തീർത്ഥങ്ങൾ. സന്ന്യാസാശ്രമങ്ങളിൽ ഇത്തരം തീർത്ഥങ്ങൾ സമൃദ്ധമായി കാണണം. അവയുണ്ടെങ്കിൽ, സന്ന്യാസാശ്രമങ്ങൾ സന്ദർശിക്കാൻ വരുന്നവർക്കു്, കുറച്ചു സമയം സ്വർഗ്ഗത്തിൽത്തന്നെ കഴിച്ചുകൂട്ടാൻ തങ്ങൾക്കു ഇടവന്നു എന്ന അനുഭവമുണ്ടാകും. സ്വർഗ്ഗത്തെക്കുറിച്ചുള്ള അനുഭവം സന്ന്യാസാശ്രമങ്ങൾ സന്ദർശിക്കാൻ വരുന്നവരിൽ ഉളവാക്കുവാൻ കഴിയുമാറു്, താഴെക്കാണുന്ന ഏഴു തീർത്ഥങ്ങൾ അവിടെ വിളങ്ങിക്കാണണമെന്നു് ഭാരതീയർ പ്രതീക്ഷിക്കുന്നു. അവയ്ക്കാണു് തീർത്ഥസപ്തകം എന്നു പറയുന്നതു്. അവ താഴെപ്പറയുന്നവയാണു്: സത്യം, ക്ഷമ, ഇന്ദ്രിയനിഗ്രഹം, സർവ്വരോടുമുള്ള ദയ, ശാന്തമായ സംസാരം, ആത്മീയജ്ഞാനം, തപസ്സു് എന്നിവയാണവ. ദൈവമാണു് സത്യം. എല്ലാററിലുമുപരിയായി സന്ന്യാസാശ്രമത്തിൽ ദൈവികതയാണു് കാണേണ്ടതു്. ലൗകികതയും ആഡംബരവസ്തുക്കളും കാണുന്നതിനല്ല ആളുകൾ സന്ന്യാസാശ്രമങ്ങൾ കാണാൻ വരുന്നതു്. സന്ന്യാസി ക്ഷമയും ഇന്ദ്രിയ സംയമവുമുള്ളവനായിരിക്കണം. ദയയും ശാന്തതയുമാണു് അയാൾക്കു അലങ്കാരം. ദൈവത്തെക്കുറിച്ചു് മററുള്ളവക്കു് അറിവും ആലോചനയും പറഞ്ഞു കൊടുക്കാൻ പററിയ തരത്തിൽ ആത്മീയജ്ഞാനം സന്ന്യാസി സമ്പാദിച്ചിരിക്കണം. സന്ന്യാസിയിൽ സുഖലോലുപതയും പ്രതാപവുമല്ല, തപസ്സും ജപധ്യാനങ്ങളുമാണു് ആളുകൾ പ്രതീക്ഷിക്കുന്നതു്. ഈ ഏഴു കാര്യങ്ങളും നമ്മുടെ സന്ന്യാസാശ്രമങ്ങളുടെ അന്തരീക്ഷത്തിൽ മുററിനിന്നാൽ, 'ഞങ്ങൾ സ്വർഗ്ഗത്തിന്റെ പ്രശാന്തതയും പ്രതിരൂപവും കണ്ടു' എന്ന അനുഭവം സന്ന്യാസാശ്രമങ്ങൾ സന്ദർശിക്കുന്നവരിലുണ്ടാകും.

മാനസസ്നാനം

ഈശ്വരവിചാരംതന്നെയാണ് മാനസസ്നാനം. ദൈവത്തെ ഇടയ്ക്കിടയ്ക്കു സ്നേഹപൂർവം ഓക്കുന്നതുകൊണ്ട് നമ്മുടെ മനസ്സിനു പ്രത്യേകമായൊരു പരിശുദ്ധി കൈവരുമെന്നാണ് ഇതിൻെറ അത്ഥം. നമ്മുടെ മനസ്സ് പൊതുവെ പരിശുദ്ധി കുറഞ്ഞതാണ്. അതു് സ്വാത്ഥവിചാരങ്ങരംകൊണ്ട് നിറഞ്ഞിരിക്കുന്നു. എല്ലാ കാര്യങ്ങളിലും നമ്മുടെ സുഖത്തിനും സന്തോഷത്തിനും ഉപകരിക്കുന്ന രീതിയിലാണ് നാം സ്വതവെ ചിന്തിച്ചുപോകുക. ഈ രീതിമാറി, ഏതു കാര്യത്തിലായാലും, നമ്മെത്തന്നെ മറന്നു്, ദൈവത്തിനും മനുഷ്യക്കുംവേണ്ടി നമുക്കു എന്തു ത്യാഗം ചെയ്യാൻ സാധിക്കും എന്നു് ഒന്നാമതായി ചിന്തിക്കുന്ന നില വരണം. ഇതിനു് നമ്മുടെ മനസ്സ് പരിശുദ്ധമായേ തീരൂ. ഇതിനുള്ള വഴിയാണ്, ദൈവത്തെ ഇടയ്ക്കിടയ്ക്കു നാം മനസ്സുകൊണ്ട് ഓമ്മിച്ചുകൊണ്ടിരിക്കുക എന്നതു്. നാം സാധാരണയായി ദൈവസാന്നിധ്യസ്മരണ എന്നു പറയുന്നതു് ഇതിനാണ്. മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം എന്നുണ്ടല്ലോ. ദൈവത്തെ നാം ഓത്തുകഴിയുമ്പോരം, നമ്മുടെ മനസ്സിനു കുറച്ചുനേരത്തേയ്ക്കു ദൈവത്തിൻേറതായൊരു പ്രശാന്തതയും സ്വർഗ്ഗീയതയും അനുഭവപ്പെടും. അപ്പോരം നമ്മെത്തന്നെ മറന്നു് ദൈവത്തിനും മനുഷ്യക്കുംവേണ്ടി ജീവിക്കാൻ നമുക്കു കൂടുതലായ ഉന്മേഷം തോന്നും. പക്ഷെ നമ്മുടെ മനസ്സ് ബലഹീനമായതുകൊണ്ട് ഈ ഉന്മേഷം ഏറെക്കഴിയുന്നതിനുമുമ്പേ മന്ദീഭവിക്കും. അങ്ങനെ വരാതിരിക്കാൻ ഇടയ്ക്കിടയ്ക്കു നാം ദൈവത്തെ ഓത്തുകൊണ്ടിരിക്കണം. ദൈവത്തെ ഇടയ്ക്കിടയ്ക്കു മനസ്സിൽ സ്നേഹപൂർവം ഓക്കുന്ന ഒരാളുടെ വിചാരങ്ങരംക്കും വാക്കുകരംക്കും പ്രവത്തികരംക്കും, പ്രത്യേകമായൊരു ദിവ്യതയും ശാലീനതയുമുണ്ടായിരിക്കും. ദൈവത്തെ മനസ്സിൽ ഭജിക്കുക. നിൻെറ ഉള്ളിൽ അലൗകികമായൊരു ശാന്തി നിനക്കുതന്നെ അനുഭവപ്പെട്ടുതുടങ്ങും.

ഇഷ്ടകർമ്മം

എല്ലാററിനുമുപരിയായി ദൈവത്തെ സ്നേഹിക്കുക; അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കുക. എല്ലാ പ്രമാണവും ഇതിലടങ്ങിയിരിക്കുന്നു. ദൈവത്തോടു നമുക്കുള്ള സ്നേഹം കാണിക്കാനായി നാം ചെയ്യുന്ന കർമ്മങ്ങളെ ഭാരതീയർ ഇഷ്ടകർമ്മം എന്നു പറയുന്നു. പ്രാർത്ഥന, ബലി, ഉപവാസം. പ്രായശ്ചിത്തം എന്നിവയെല്ലാം ഇതിൽപെടുന്നു. മനുഷ്യർക്കു വേണ്ടിമാത്രം നാം പ്രവർത്തിച്ചാൽ പോരാ. എല്ലാററിലുമുപരിയായി നാം കർമ്മങ്ങൾ ചെയ്യേണ്ടതു് ദൈവത്തിനുവേണ്ടി ത്തന്നെയാണു്. മനുഷ്യർക്കുവേണ്ടി നാം ചെയ്യുന്നതൊക്കെ, ദൈവത്തിനുവേണ്ടി ചെയ്യുന്നവയാണെന്നു പറഞ്ഞ് സമാധാനിച്ചതുകൊണ്ടായില്ല. നേരെ ദൈവത്തിനുവേണ്ടിമാത്രം ചെയ്യപ്പെടുന്ന കർമ്മങ്ങളും നാം അനുഷ്ഠിക്കണം. പ്രാർത്ഥനയും പ്രായശ്ചിത്തവുമാണു് ഇത്തരത്തിലുള്ള കർമ്മങ്ങളിൽ പ്രാധാന്യമർഹിക്കുന്നതു്. നമ്മുടെ അനുദിന പ്രാർത്ഥനകൾ നാം ഒരിക്കലും മുടക്കരുതു്. അനുദിനധ്യാനം മുടക്കാതെ വിശ്വസ്തമായി നിർവഹിക്കുന്ന സന്ന്യാസി, ദൈവസ്നേഹത്തിന്റെ പാതയിൽ തീർച്ചയായും പുരോഗമിക്കും. എത്ര വിരസത തോന്നിയാലും, നമ്മുടെ പ്രാർത്ഥനകൾ മുടക്കുകയില്ലെന്ന നിർബന്ധം നമുക്കുണ്ടായിരിക്കണം. നിസ്സാരമായ അസൗകര്യങ്ങളുടെ പേരിൽ നാം പ്രാർത്ഥന മുടക്കുന്നുവെങ്കിൽ, നാം ദൈവത്തെ കാര്യമായി സ്നേഹിക്കുന്നു എന്നു പറയുന്നതിനർത്ഥമില്ല. അതുപോലെതന്നെ ശാരീരികവും ആന്തരികവുമായ പ്രായശ്ചിത്ത പ്രവർത്തികളും നാം അഭ്യസിക്കണം. നാം നമ്മെ സന്തോഷിപ്പിക്കാനല്ല ജീവിക്കുന്നതു്; ദൈവത്തിനുവേണ്ടി നമുക്കു സ സന്തോഷം ത്യാഗം സഹിക്കാൻ മനസ്സുണ്ടു് എന്നതിന്റെ തെളിവാണു് പ്രായശ്ചിത്ത പ്രവർത്തികൾ. പ്രാർത്ഥനയും പ്രായശ്ചിത്തവുമില്ലാത്ത സന്ന്യാസി സന്ന്യാസിയല്ല.

പൂർത്തകർമ്മം

മനുഷ്യക്കുവേണ്ടി നാം ചെയ്യുന്ന കർമ്മങ്ങളാക്കാണ് പൂർത്തകർമ്മം എന്നു പറയുന്നതു്. മനുഷ്യൻ സ്വതവെ സ്വാർത്ഥമതിയാണ്. നമുക്കു പണം, സമയം, ആരോഗ്യം, അറിവ് എന്നിവയെല്ലാം ലഭിച്ചാൽ, അവയെല്ലാം എങ്ങനെ നമ്മുടെ സ്വന്തം സുഖത്തിനും സൗകര്യത്തിനുമായി ഉപയോഗപ്പെടുത്താം എന്നാണ് നാം അറിയാതെതന്നെ ചിന്തിച്ചുപോകുക. ഈ ചിന്താരീതിയെ അതിജീവിക്കുക. നിനക്കുള്ളവയെ എങ്ങനെ മററുള്ളവരുടെ സുഖത്തിനും സന്തോഷത്തിനും വളർച്ചയ്ക്കുമായി പ്രയോജനപ്പെടുത്താൻ സാധിക്കും എന്നു മാത്രം എല്ലാകാര്യത്തിലും ചിന്തിക്കുക. നീ നിൻെറ സുഖസൗകര്യങ്ങൾ മറന്ന് മററുള്ളവരെ സഹായിക്കാൻ സന്നദ്ധനാണെന്ന അനുഭവം നിന്നോടിടപെടുന്നവരിൽ ഉളവാകണം. അപ്പോൾ നിൻെറ സഹായവും സഹകരണവും തേടി അനേകം പേർ ഓരോ ദിവസവും നിന്നെ സമീപിച്ചുകൊള്ളും. ഒരു ജീവിതകാലം മുഴവൻ ജീവിച്ചതുകൊണ്ടു് മററുള്ളവർക്കു നിനക്കു കഴിയുന്നതിൻെറ പരമാവധി സഹായങ്ങൾ ചെയ്തുകൊടുക്കാൻ സാധിച്ചു എന്ന ആത്മസംതൃപ്തി നിനക്കുണ്ടാകുകയും ചെയ്യും. എന്നാൽ നീ ആരെയും തെളിവുള്ള മുഖത്തോടുകൂടി സഹായിക്കാതെ, എല്ലാററിലും നിൻെറ കാര്യംമാത്രം നോക്കിനടന്നാൽ, നിൻെറ സഹായവും സഹകരണവും തേടി ആരും നിൻെറ പക്കലേയ്ക്കു വരാതാവും. അപ്പോൾ മററുള്ളവർക്കു ഒന്നും ചെയ്തുകൊടുക്കാൻ കഴിയാതെ, നിനക്കുവേണ്ടിമാത്രം ജീവിക്കാനേ നിനക്കു കഴിഞ്ഞുള്ളു എന്ന ഗതികേട് നിനക്കു വന്നുകൂടുകയും ചെയ്യും. വാസ്തവത്തിൽ നമുക്കു സംഭവിക്കാവുന്ന ഏററവും വലിയ നഷ്ടം ഇതാണ്. ഈ നഷ്ടം വരാതിരിക്കണമെങ്കിൽ, കഴിയുന്നത്ര മററുള്ളവർക്കുവേണ്ടിത്തന്നെ ജീവിക്കുന്ന കലയിൽ നീ കരുതിക്കൂട്ടിത്തന്നെ നിന്നെ പരിശീലിപ്പിക്കണം.

ഭസ്മാന്തം

''ഭസ്മാന്തം ശരീരം'' എന്നു പറയപ്പെട്ടിരിക്കുന്നു. ശരീരത്തിൻെറ അന്ത്യം ഭസ്മം അഥവാ പൊടിയാണ്. ''മനുഷ്യാ നീ മണ്ണാകുന്നു! മണ്ണിലേയ്ക്കുതന്നെ നീ പിൻതിരിയും!'' മരണത്തെക്കുറിച്ചുള്ള ഓർമ്മ നമുക്കു പലതരത്തിലും ആത്മിയപ്രയോജനം ചെയ്യുന്നതാണ്. ലോകത്തിൻെറ വ്യർത്ഥതയും സുഖഭോഗങ്ങളുടെ ക്ഷണഭംഗുരതയും നമ്മെ പഠിപ്പിക്കാൻ മരണത്തിനെന്നപോലെ മററൊരു സത്യത്തിനും കഴിവില്ല. നാം നമ്മുടെ സുഖത്തിനും സന്തോഷത്തിനുംവേണ്ടി ചെയ്യുവയൊക്കെ പൊയ്പ്പോകും; ദൈവത്തിനും മററുള്ളവർക്കുംവേണ്ടി വരിച്ച ത്യാഗങ്ങൾമാത്രം നിലനില്ക്കും എന്ന സത്യം മരണം നമ്മെ അനുഭവിപ്പിക്കും. ''തൻെറ സമപ്രായക്കാരെല്ലാം മരിച്ചുപോയി; തനിക്കാണെങ്കിൽ എഴുന്നേല്ക്കാൻ വടിയുടെ സഹായംവേണം; കണ്ണുകളുടെ കാഴ്ച നശിച്ചു; ശരീരം വെറുങ്ങലിക്കാൻ തുടങ്ങി. ഇത്രയൊക്കെയായിട്ടും മനുഷ്യൻ മരണത്തെ ഭയപ്പെടുന്നു'' എന്നാണ് ഭർതൃഹരി പറയുന്നത്. എന്നാൽ നമുക്കു മരണം ഭയത്തിനല്ല, പ്രത്യാശയ്ക്കാണു കാരണമാകേണ്ടത്. മനുഷ്യർക്കും പണത്തിനും ശാസ്ത്രങ്ങൾക്കുമെല്ലാം നമ്മെ സഹായിക്കാൻ സാധിക്കുന്നതിനു് ഒരു പരിധിയുണ്ട്. നമ്മുടെ മരണക്കട്ടിലിൽ അവയെല്ലാം നിസ്സഹായതയോടെ നോക്കിനില്ക്കാനേ ആവൂ. അവസാനം നമ്മെ സഹായിക്കാൻ സാധിക്കുക ദൈവത്തിനു മാത്രമാണ്. ദൈവത്തിനുവേണ്ടി ജീവിച്ചിട്ടുള്ളവർക്കു മരണം വലുതായ പ്രതീക്ഷയേകും. അവിടുത്തേയ്ക്കുവേണ്ടി നാം ജീവിതകാലത്തു് സഹിച്ച ഓരോ ത്യാഗത്തെക്കുറിച്ചും അപ്പോൾ നമുക്കു അനല്പമായ സന്തോഷം തോന്നും. തനിക്കുവേണ്ടി നാം വരിച്ച ത്യാഗങ്ങൾക്കു സമ്മാനമേകാൻ വരുന്ന യേശുനാഥൻെറ ദൃശ്യം നമ്മുടെ ആത്മാവിനെ സന്തോഷംകൊണ്ടും പ്രത്യാശകൊണ്ടും നിറയ്ക്കും. ഉദാരതയിൽ ആരാണ് അവിടുത്തെ വെല്ലുക?

ശാരീരം

ശാരീരം, വാങ്മയം, മാനസം എന്നിങ്ങനെ മൂന്നുതരത്തിലുള്ള തപസ്സിനെപ്പററി ഭഗവത്ഗീതയിൽ പറയുന്നു. ശാരീരികമായ തപോകൃത്യങ്ങരംക്കാണ് ഇവിടെ ശാരീരം എന്നു പറയുന്നത്. അവ ആത്മീയപുരോഗതിക്കു ആവശ്യമാണ്. നാല്പതു ദിവസം ഉപവസിച്ചതുവഴി യേശു നമുക്കു നല്കുന്ന മാതൃക അതാണ്. ശരീരത്തിൽ രണ്ടുനിയമങ്ങരം വാഴുന്നു :നമ്മെ നന്മയിലേക്കു ആകർഷിക്കുന്ന ദൈവാരൂപിയുടെ നിയമവും, തിന്മയിലേയ്ക്കു ആകർഷിക്കുന്ന ജഡികാരൂപിയുടെ നിയമവും. നമ്മെ, നമുക്കുവേണ്ടി ജീവിക്കുന്നവരാകാതെ ദൈവത്തിനും മററുള്ളവർക്കുംവേണ്ടിജീവിക്കുന്നവരായി പകർത്തുകയത്രെതപോകൃത്യങ്ങളുടെ ലക്ഷ്യം. തപസ്സിനെയും പ്രായശ്ചിത്തത്തേയും പുച്ഛിച്ചു പറയുന്ന ചില ആധുനിക ചിന്തകരുണ്ട്. അവരുടെ അഭിപ്രായം, യേശുവിൻെറ പഠനങ്ങരംക്കും അനേകായിരം വിശുദ്ധന്മാരുടെ മാതൃകയ്ക്കും കടകവിരുദ്ധമാണെന്നകാര്യം മറക്കാതിരിക്കുക. സന്ന്യാസി താപസനായിരിക്കണം. അയാളുടെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, പെരുമാററസാധനങ്ങരം എന്നിവയെല്ലാം വിനീതവും സാധാരണവും ദരിദ്രോചിതവുമായിരിക്കണം. ഇത്തരം കാര്യങ്ങളിൽ മിതത്വവും സാധാരണത്വവും പാലിക്കാത്ത സന്ന്യാസിയെപ്പററി മററുള്ളവർക്കുള്ളിൽ പുച്ഛമേ തോന്നു. സന്ന്യാസി സുഖസന്തോഷങ്ങളിൽ മുഴുകിജീവിക്കുന്നതിന്നർത്ഥം അയാരം ദൈവത്തിലല്ല, ലോകത്തിലാണ് സുഖവും സൗഭാഗ്യവും കണ്ടെത്തുന്നത് എന്നത്രെ. വിലകുറഞ്ഞ വസ്ത്രങ്ങളും വസ്തുക്കളും ഉപയോഗിക്കുന്നതിൽ നമുക്കു അഭിമാനക്കുറവു തോന്നരുത്. തപസ്സും ദാരിദ്ര്യവും പ്രായശ്ചിത്തവും ഒരു സന്ന്യാസിക്കു അലങ്കാരമാണ്. അവയില്ലാതിരുന്നാൽ അയാളുടെ രൂപം വികൃതമായി. അങ്ങനെയുള്ള സന്ന്യാസിയെ എല്ലാവരും പരിഹസിച്ചുതുടങ്ങും.

വാങ്മയം

വാക്കുകൊണ്ട് ചെയ്യുന്ന തപസ്സിനു് വാങ്മയം എന്നു പറയുന്നു. തന്റെ സ്വന്തം പേരിനും പ്രശംസയ്ക്കും പററിയ തരത്തിൽ, തന്നെത്തന്നെ പൊലിപ്പിച്ചു കാണിച്ചുകൊണ്ട് സംസാരിക്കാനാണ് ഓരോരുത്തനും താല്പര്യം. ഇതിനെ നാം അമർച്ചചെയ്യണം. സംസാരത്തിൽ മിതത്വവും ശാന്തതയും പാലിക്കുക. വാക്കുകൾ ഉച്ചരിച്ച് ഒരുത്തനെയും വ്രണപ്പെടുത്താതിരിക്കുക. മററുള്ളവരെ കുററം പറയാതിരിക്കുക മഹത്വമുള്ളൊരു വ്യക്തിത്വത്തിന്റെ ലക്ഷണമാണ്. വളരെയധികം ആത്മനിയന്ത്രണം ഇതിന്നാവശ്യമാണ്. ഈ ആത്മനിയന്ത്രണംതന്നെ വലിയൊരു തപസ്സാണ്. നമുക്കു എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കാനാണ് ധൃതി. മററുള്ളവരെ കേട്ടുകൊണ്ടിരിക്കാൻ നമുക്കു ക്ഷമയില്ല. ക്ഷമയോടെ മററുള്ളവരെ കേൾക്കുന്നതും വളരെ ത്യാഗം ആവശ്യപ്പെടുന്നൊരു തപസ്സാണ്. വാങ്മയമായ തപസ്സിന്റെ ഏററവും വലിയൊരു രൂപമാണു മൗനം. വളരെയധികം ഏകാഗ്രതയും ആത്മനിയന്ത്രണവും ത്യാഗസന്നദ്ധതയും അതു് ആവശ്യപ്പെടുന്നു. മൗനം കൂടാതെ പ്രാർത്ഥനയിലും ധ്യാനാനുഭവത്തിലും നാം ആഴപ്പെടുകയില്ലെന്നുള്ളതു് തക്കമെററൊരു കാര്യമാണ്. വെറുതെ ശബ്ദം പുറപ്പെടുവിക്കാതിരിക്കുന്നതുകൊണ്ടു മാത്രം മൗനമായില്ല. ദൈവവചനത്തിലുള്ള നമ്മുടെ ആലീനത്വമാണ് മൗനത്തിന്റെ കാതൽ. ദൈവവചനത്തിൽ നാം ലയിക്കണമെങ്കിൽ, മാനുഷികമായ നമ്മുടെ വചനങ്ങൾ അപ്രത്യക്ഷമാകണം. അതിനാലാണ് ദൈവവചനലയത്തിനു മൗനം ആവശ്യമാണെന്നു പറയുന്നതു്. പ്രാർത്ഥനയും പഠനവും വഴിയത്രെ നാം ദൈവവചനത്തിൽ ആലീനരാകുക. അതിനാൽ ശരിയായ മൗനം നമ്മെ പ്രാർത്ഥനയിലേയ്ക്കും പഠനത്തിലേയ്ക്കും നയിക്കുന്നതായിരിക്കണം.

മാനസം

മനസ്സുകൊണ്ടു് ചെയ്യുന്ന തപസ്സിനാണു് മാനസം എന്നു പറയുന്നതു്. മനസ്സിനെ വിഷയങ്ങളിൽനിന്നും പിൻതിരിച്ചുകൊണ്ടുള്ള മനനമാണു് ഇത്തരത്തിലുള്ള തപസ്സിനു ഉദാഹരണമായി ഗീത നിർദ്ദേശിക്കുന്നതു്. മനനം എന്ന വാക്കിനു് ധ്യാനം, പഠനം എന്നെല്ലാമാണു് അർത്ഥം. മനസ്സിനെ ഏകാഗ്രമാക്കി ധ്യാനചിന്തയിൽ നിലനിറുത്തുക എന്നതു് വളരെ വലിയൊരു തപസ്സുതന്നെയാണു്. നമ്മുടെ അനുദിനധ്യാനം നാം ഒരു കാരണവശാലും ഉപേക്ഷിക്കരുതു്. ദൈവവുമായി മനസ്സിനു ലയം ലഭിക്കാൻ ഇത്രയ്ക്കും ഫലപ്രദമായ മറെറാരു അഭ്യാസമില്ല. മൗനത്തിൽ ദൈവത്തെക്കുറിച്ചു് മനനം ചെയ്യുന്ന മുനിയാണു് സന്ന്യാസി. മൗനവും മനനവും - ഏകാന്തതയും ധ്യാനവും - നമ്മിലില്ലെങ്കിൽ, നാം സന്ന്യാസികളാണെന്നു് ആക്ഷം ബോധ്യമാകില്ല. പഠനശീലം, വായനാശീലം എന്നിവയും മാനസികമായ തപസ്സിൻെറ സ്വഭാവമുള്ള കൃത്യങ്ങളാണു്. നല്ലൊരു ആത്മീയഗ്രന്ഥം ധ്യാനപൂർവം വായിച്ചുതീക്കണമെങ്കിൽ, അത്യധികമായ ഏകാഗ്രതയും ആത്മസംയമനവും കൂടിയേ തീരൂ. വായനാശീലം നാം ചെറുപ്പം മുതല്ക്കേ മനസ്സുവച്ചു് പരിശീലിക്കേണ്ടതും നമ്മിൽ താല്പര്യപൂർവം വളത്തിക്കൊണ്ടു വരേണ്ടതുമായ ഒരു സുകൃതമാണു്. വായനശീലമുള്ളവക്കു് തങ്ങളുടെ ഒഴിവുസമയംപോലും വളരെ പ്രയോജനകരമായി ചെലവഴിക്കാൻ കഴിയും. യേശുവിനെക്കുറിച്ചുള്ള സർവ്വോത്തമമായ ജ്ഞാനം വായനയിലൂടെ ആജ്ജിച്ചു്, അതു് ലോകത്തിൽ നിലനിറുത്തുകയും മററുള്ളവരിലേയ്ക്കു പകരുകയും ചെയ്യുക എന്നതു് സന്ന്യാസികളായ നമ്മുടെ പ്രത്യേകമായൊരു ദൗത്യമാണു്. യേശുവിനെ കൂടുതൽ കൂടുതലായി അറിയുന്നതിലേറെ ഇമ്പകരമായി മറെറന്താണു് നമുക്കുണ്ടാകാവുന്നതു്. ആത്മീയജ്ഞാനത്തിൽ താല്പര്യമില്ലാത്ത ഒരാളെ ഒരു സന്ന്യാസിയായി ആരും പരിഗണിക്കുകയില്ല.

ജപമാല

നാമജപം ഭാരതീയസംസ്ക്കാരത്തിനു വളരെ ചേർന്നൊരു പ്രാർത്ഥനാരൂപമാണ്. സന്ധ്യയായാൽ വിളക്കു കൊളുത്തി നാമം ജപിക്കുന്ന പതിവ് ഭാരതത്തിലുണ്ട്. ഇതിനു നാമജപം, ജപയജ്ഞം, ജപയോഗം എന്നെല്ലാം പറയുന്നു. ജീവിതദശയിൽ പ്രവർത്തിച്ചുപോയ സർവ്വപാപങ്ങളും അന്ത:കരണശുദ്ധിയോടുകൂടി ധ്യാനാത്മകമായി നാമം ജപിച്ചാൽ നശിക്കുന്നുവെന്നാണ് 'മഹാഭാരതത്തിൽ' പറഞ്ഞിരിക്കുന്നതു്. കണക്കുവയ്ക്കാതെ മന്ത്രം ജപിക്കരുതെന്നും, അതിനു ജപമാല—ജപമാലയ്ക്കു അക്ഷമാലയെന്നും പറയുന്നു—ഉപയോഗിക്കണമെന്നും ഭാരതീയാചാര്യന്മാർ നിർദ്ദേശിക്കുന്നു. തസ്ബി എന്ന മാല ഉപയോഗിച്ച് ഖുറാനിലെ ചില വിശുദ്ധ വാക്യങ്ങൾ ഇസ്ലാം മതക്കാർ ഒരു പ്രത്യേകരീതിയിൽ ജപിക്കുന്നു. രാത്രിയിൽ ഒരു മണിക്കൂർ ദീർഘിക്കുന്ന ഈ പ്രാർത്ഥനയ്ക്കു് വിർദ് എന്നു പറയുന്നു. ക്രിസ്തീയപാരമ്പര്യത്തിലെ അതിവിശിഷ്ടമായൊരു പ്രാർത്ഥനാരീതിയാണ് ജപമാല. ഇതു് നമ്മുടെ പാരമ്പര്യത്തിനു ചേർന്നതല്ലെന്നു ചില ആധുനികപണ്ഡിതന്മാർ പറയുന്നതു് അജ്ഞതകൊണ്ടുമാത്രമാണ്. പ ത്രിത്വം, യേശു, കന്യകാമേരി എന്നിവരുടെ നാമം ഭക്തിപൂർവ്വം ജപിക്കുകയാണല്ലോ ജപമാലയുടെ കാതൽ. യേശു ശിഷ്യരായ നമുക്കു് ഇതിൽപരം ഇമ്പകരമായി മററെന്താണുണ്ടാകുക? ക്രിസ്തീയരക്ഷയുടെ രഹസ്യങ്ങൾ മനസ്സിൽ ഭക്തിപൂർവ്വം ധ്യാനിച്ചു്, അധരങ്ങൾ കൊണ്ടു് ഈശോയുടെയും മറിയത്തിൻെറയും പരിശുദ്ധനാമങ്ങൾ സ്നേഹപൂർവ്വം ജപിക്കുമ്പോൾ നമ്മുടെ ഹൃദയം അവാച്യമായ ആത്മീയാനുഭൂതികൊണ്ടു് നിറയും. അനുദിനം ജപമാല ജപിക്കുകയെന്ന അതിവിശിഷ്ടമായ പതിവിനുമുടക്കം വരുത്താതിരിക്കുക. അമ്മയെ സ്നേഹിക്കുകയും അനുസ്മരിക്കുകയും ചെയ്യുക മക്കളുടെ കടമാണ്. എത്ര ഉന്നതമായ ആത്മീയപദവിയിലെത്തിയാലും നാം ഒരിക്കലും ഉപേക്ഷിക്കാതെ എന്നും തുടരേണ്ട അത്യുത്തമമായൊരു ജപമാണ് കൊന്തനമസ്ക്കാരം.

പൂർണ്ണാവതാരം

ഈശ്വരാവതാരങ്ങളെ പൂർണ്ണാവതാരങ്ങളെന്നും അംശാവതാരങ്ങളെന്നും ഭാരതീയർ രണ്ടായി തിരിച്ചിരിക്കുന്നു. അംശാവതാരത്തിൽ ദൈവം തന്നെത്തന്നെ ഭാഗികമായി മാത്രം വെളിപ്പെടുത്തുന്നു. വിശുദ്ധാത്മാക്കൾ, യോഗിവര്യന്മാർ തുടങ്ങിയവരെ ഇങ്ങനെയുള്ള അവതാരങ്ങളായി കണക്കാക്കാം. ദൈവചൈതന്യം ഭാഗികമായിമാത്രം അവരിലൂടെ വെളിപ്പെടുന്നു. ദൈവം തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്ന രൂപമാണ് പൂർണ്ണാവതാരം. നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ പൂർണ്ണാവതാരം യേശുവാണ്. ''മുൻകാലങ്ങളിൽ പ്രവാചകന്മാർവഴി ദൈവം പല ഘട്ടങ്ങളിലായി പല രീതികളിൽ നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിരിയ്ക്കുന്നു'' (ഹെബ്രാ. 1:1—2). യേശു നമുക്കു എല്ലാമാണ്. ദൈവം മുഴുവനായി യേശുവിൽ സ്വയം നമുക്കുനല്കിയിരിക്കുന്നു. അതിനാൽ, യേശുവിനെ നഷ്ടപ്പെട്ടാൽ നമുക്കു എല്ലാം നഷ്ടപ്പെട്ടു; യേശുവിനെ നേടാൻ കഴിഞ്ഞാൽ നാം എല്ലാം നേടി. വാസ്തവത്തിൽ, കർത്താവിനെ ഉപേക്ഷിച്ച്, നാം നമ്മുടേതായ സുഖസൗകര്യങ്ങളുടെ പിന്നാലെ ഓടുന്നതു് എത്രയോ വലിയ മൗഢ്യമാണ്! സന്ന്യാസത്തിൽ നമുക്കു യഥാർത്ഥത്തിൽ വരാവുന്ന ഏകനഷ്ടം യേശുവിനെ നഷ്ടപ്പെടുക എന്നതുമാത്രമാണ്. യേശുവിനോട് വിശ്വസ്തയില്ലാതെ, നമ്മുടെ സന്ന്യാസ സമർപ്പണത്തോട് സ്നേഹമില്ലാതെ, ആത്മീയമന്ദതയിൽ നാം ജീവിച്ചാൽ നമുക്കു ഈ നഷ്ടം സംഭവിക്കും. ഇതു വരാതെ നോക്കുന്നതിലാണ് നാം ഏററവും കൂടുതലായി ശ്രദ്ധിക്കേണ്ടതു്. മററുള്ള നഷ്ടങ്ങളൊന്നും കാര്യമായിട്ടുള്ളവയല്ല. യേശുവിനെ നേടുന്നതിനുവേണ്ടി മററെല്ലാം നഷ്ടമാക്കാനും നാം തയ്യാറായിരിക്കണം. ദൈവത്തിന്റെ പൂർണ്ണാവതാരമായ യേശുവിനെ നേടിയാൽ, നാം എല്ലാം നേടിക്കഴിഞ്ഞു. യേശു നമുക്കു എല്ലാമാകണം.

ക്ഷേത്രം

ക്ഷേത്രത്തെക്കുറിച്ച് ഭാരതീയശാസ്ത്രങ്ങളിൽ പറയുന്നത് ഇങ്ങനെയാണ്: ''ദിവ്യാത്മപികളും മനുഷ്യരും ഇവിടെ രമ്യതയോടെ വാഴുന്നു. ഇവിടെ മനസ്സ് പ്രസാദം കൊള്ളുന്നു.'' ഈ ലോകത്തിലുള്ള സ്വർഗ്ഗമാണ് ദേവാലയം. അവിടെ ദൈവവും മനുഷ്യരും ദിവ്യാത്മപികളും പരസ്പര സ്നേഹത്തിൽ ഒരുമിക്കുന്നു. ദേവാലയത്തിലിരിക്കുമ്പോൾ നമ്മുടെ മനസ്സ് അലൗകികമായ ആനന്ദംകൊണ്ടും ശാന്തതകൊണ്ടും നിറയുന്നു. നമുക്കു ഏററവും പ്രിയപ്പെട്ട സ്ഥലമായിരിക്കണം ദേവാലയം. അവിടെച്ചെന്ന് ദിവ്യസക്രാരിക്കുമുമ്പിൽ തിരുനാഥൻെറ സ്നേഹാമൃതം പാനംചെയ്ത്, ധ്യാനനിർല്ലീനതയിൽ, നിശ്ശബ്ദശാന്തമായി ഇരിക്കുന്നതിനെക്കാൾ ഇമ്പകരമായി മറെറാന്നും നമുക്കു ഈ ലോകത്തിൽ ഉണ്ടാകാനില്ല. സക്രാരിയിൽ നമ്മെ പാർത്തിരിക്കുന്ന സ്നേഹസ്വരൂപനായ യേശുവിൻെറ പക്കലെത്താൻ നമ്മുടെ മനസ്സ് എപ്പോഴും പിടഞ്ഞുകൊണ്ടിരിക്കണം. പ്രഭാതത്തിൽ എണീററാൽ കഴിയുന്നത്രവേഗം തിരുനാഥനെ ചെന്നു കാണാൻ തിടുക്കം കൂട്ടുക. മധ്യാഹ്നത്തിൽ കുറച്ചുനേരത്തേയ്ക്കായാലും അവിടുത്തെ പക്കൽ ചെന്നിരുന്ന് ആ തിരുമുഖത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കുക. രാത്രിയിൽ എല്ലാ ജോലികളും അവസാനിച്ചശേഷം, തിരുസന്നിധിയിൽ ചെന്നിരുന്ന്, കണ്ണുകളടച്ച്, കുറേനേരം ആ ദിവ്യഹൃദയത്തിൻെറ അവാച്യമാധുരിയിൽ ലയിച്ചിരിക്കുക. നീ ഒന്നും ഉച്ചരിക്കുക കൂടി വേണ്ട. അവിടുത്തെ സ്നേഹം നിന്നിലേയ്ക്കു കനിഞ്ഞിറങ്ങട്ടെ. നിന്നെത്തന്നെയും, അന്നന്നത്തെ നിൻെറ എല്ലാ വിജയങ്ങളേയും പരാജയങ്ങളെയും, എല്ലാവരേയും അവിടുത്തെ തൃക്കയ്യിൽ കാഴ്ചവയ്ക്കുക. കൈകൂപ്പി തലകുനിച്ച് അവിടുത്തെ ആശീർവ്വാദം വാങ്ങി ശാന്തവും സമാധാനവുമായി നിദ്രയ്ക്കു പോകുക!

സന്ധ്യാവന്ദനം

ഭാരതീയാചാരപ്രകാരം, ഈശ്വരാരാധനയിൽ വളരെ പ്രധാനപ്പെട്ടൊരു ഘടകമാണ് സന്ധ്യാവന്ദനം. ജോലികളെല്ലാം അവസാനിപ്പിച്ച്, കുളിച്ച്, ദേഹശുദ്ധിവരുത്തി, മനസ്സിനെ ഏകാഗ്രമാക്കി, ദീപംതെളിച്ച്, അതിനു മുമ്പിലിരുന്ന് ദൈവത്തെ ധ്യാനപൂർവം ഭജിക്കുകയും, കീർത്തനം പാടി സ്തുതിക്കുകയുമാണ് സന്ധ്യാവന്ദനത്തിന്റെ കാതൽ. സന്ധ്യാധ്യാനം ക്രിസ്തീയ സന്ന്യാസാശ്രമങ്ങളിലും പതിവുള്ളതാണ്. നമ്മുടെ ജോലികളെല്ലാം തീർത്ത്, മനസ്സ് ഏകാഗ്രമാക്കി, എന്നും സന്ധ്യാനേരത്ത് നാം യേശുവിന്റെ പാദാന്തികത്തിൽ ചെന്നിരിക്കണം. പ്രഭാതവും സന്ധ്യയുമാണ് ധ്യാനത്തിനു ഏററവും ചേർന്ന സമയം. ദിവസേന രാവിലെയും വൈകുന്നേരവും അരമണിക്കൂർ നേരമെങ്കിലും തിരുസക്രാരിയുടെ മുമ്പിലോ ക്രൂശിതരൂപത്തിന്റെ മുമ്പിലോ, ഏകാന്തശാന്തമായ മറേറതെങ്കിലും സ്ഥലത്തോ ചെന്നിരുന്ന്, കണ്ണുകളടച്ച്, ശരീരം നിശ്ചലമാക്കി, മനസ്സിൽ യേശുവിനെ സ്നേഹപൂർവം ഓർത്തോർത്തിരിക്കുക. യേശുനാമമോ മറേറതെങ്കിലും ചെറിയ സ്നേഹമന്ത്രമോ വളരെ സാവധാനത്തിൽ, ജപമാല ഉപയോഗിച്ച്, ചുണ്ടുകളനക്കാതെ, മനസ്സുകൊണ്ട് ജപിച്ചിരിക്കുക. നമ്മുടെ മനസ്സ് യേശുവിന്റെ സ്നേഹാമൃതം കൊണ്ട് നിറയും. ധ്യാനിക്കുമ്പോഴ് സദാസമയവും നാം ചില ജപങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കണമെന്നോ, ഏതെങ്കിലും സത്യങ്ങളെക്കുറിച്ച് ബുദ്ധികൊണ്ട് ചിന്തിച്ചിരിക്കണമെന്നോ ഉള്ള ധാരണ തെററാണ്. എത്രയും നേരം നമുക്കു മനസ്സിനെ ഏകാഗ്രവും നിശ്ചലവുമാക്കി, യേശുവിൽ ലയിപ്പിച്ചു നിറുത്താൻ കഴിയുമോ, അത്രയും നേരം അങ്ങനെ ചെയ്യുക. യേശുവിന്റെ കൃപാമാധുരി നമ്മിലേയ്ക്കു ഒഴുകിവീണ് നിറയുന്ന അനുഭവമുണ്ടാകുന്ന തോതിൽ നാം യേശുവിനെപ്പോലെ എല്ലാററിനെപ്പററിയും വിചാരിക്കാനും വീക്ഷിക്കാനും വിലയിരുത്താനും തുടങ്ങും.

യോഗാഗ്നി

യോഗിയിൽ അഥവാ സന്ന്യാസിയിൽ കാണേണ്ട ആത്മീയമായ താപം അല്ലെങ്കിൽ ചൂടിനാണ് യോഗാഗ്നി എന്നു പറയുന്നത്. യോഗി തപസ്സിന്റെ മനുഷ്യനായിരിക്കണം. താപം അഥവാ ചൂട് എന്ന വാക്കിൽനിന്നുമാണ് തപസ്സ് എന്ന വാക്ക ഉത്ഭവിക്കുന്നത്. സന്ന്യാസിയിലുള്ള ദൈവസ്നേഹത്തിന്റെ ചൂടുകൊണ്ട്, അയാളിലെ സ്വാർത്ഥതയും ജഡികാസക്തിയും ഉരുകിപ്പോകണം. ഇതിന്നായി അയാൾ ഇന്ദ്രിയങ്ങളെ അവയുടെ സന്തോഷവിഷയങ്ങളിൽനിന്നും പിൻതിരിച്ച് തന്നിൽത്തന്നെ ഏകാഗ്രമാക്കി നിറുത്തണം. മനസ്സും ഹൃദയവും ഇന്ദ്രിയങ്ങളും അവസ്ഥിഷ്ടപ്പെട്ട ലൗകികവിഷയങ്ങളിലേയ്ക്കു ചിന്നിച്ചിതറിപ്പോകാൻ അനുവദിക്കാതെ, അവയെ നിയന്ത്രിച്ച്, ദൈവചിന്തയിൽ ഏകാഗ്രമാക്കി വയ്ക്കുന്നതാണ് തപസ്സിന്റെ കാതൽ. എല്ലാംകൂടി ഒരുമിച്ചിരിക്കുമ്പോൾ ചൂടുണ്ടാകുമല്ലോ. ദൈവത്തിലേയ്ക്കു നമ്മെ നയിക്കുന്നതു് ഈ ചൂട് അഥവാ ഊർജ്ജമാണ്. വസ്തുക്കളെ ചൂടുപിടിപ്പിച്ചാൽ അവ പൊങ്ങുമെന്നുള്ളതു് ഒരു സ്വാഭാവിക നിയമമത്രെ. വെള്ളം തിളപ്പിച്ചാൽ ആവിയായി പൊങ്ങും. ഇതുപോലെതന്നെ, നമുക്ക ദൈവത്തിലേയ്ക്കു പറന്നുയരാൻ കഴിയണമെങ്കിൽ നാം നമ്മെത്തന്നെ തപസ്സുകൊണ്ടു തപിപ്പിക്കണം. ഇന്ദ്രിയസംയമമില്ലാതെ, ഓരോ ഇന്ദ്രിയത്തേയും അവസ്ഥിഷ്ടപ്പെട്ട മാതിരി വിട്ടുകൊടുക്കുന്ന സന്ന്യാസി, ദൈവത്തിലേയ്ക്കു ഉയരാൻ കഴിവില്ലാതെ, ഇന്ദ്രീയ വിഷയങ്ങൾ കടിപ്പെട്ട്, മണ്ണോടടിഞ്ഞുകിടക്കുകയേ ഉള്ളൂ. കണ്ണുകളെയും കാതുകളെയും നാവിനെയും ഭാവനയെയും മററും, അവസ്ഥിഷ്ടമുള്ളമാതിരി വിട്ടുകൊടുക്കാതെ നിയന്ത്രിക്കണമെന്നെല്ലാം പറയുന്നതു് ഒരുതരം പഴയതരം പുണ്യരീതികളാണെന്നു പറഞ്ഞ് പരിഹസിച്ച് തള്ളിക്കളയേണ്ട കാര്യങ്ങളല്ല. ഇന്ദ്രിയനിഗ്രഹവും ആത്മസംയമനവുമില്ലാത്ത സന്ന്യാസി മണ്ണോടടിഞ്ഞു കിടക്കുന്ന ലൗകികൻ മാത്രമായിരിക്കും.

രാഗം

ലൗകികവസ്തുക്കൾക്കും സുഖസൗകര്യങ്ങൾക്കുംവേണ്ടിയുള്ള ക്രമമില്ലാത്ത ആഗ്രഹമാണ് രാഗം. സന്ന്യാസി വിരാഗിയായിരിക്കണം. ജഡികമായ സുഖസന്തോഷങ്ങളിലും, ലൗകികമായ വസ്തുവകകളിലും ഒട്ടും ആസക്തിയില്ലാത്ത ആൾക്കാണ് വിരാഗി എന്നു പറയുന്നതു്. സന്ന്യാസിയുടെ ഭക്ഷണം, വസ്ത്രം, താമസസൗകര്യങ്ങൾ, പെരുമാററസാധനങ്ങൾ എന്നിവയെല്ലാം വിനീതവും സാധാരണവും ദരിദ്രോചിതവുമായിരിക്കണം. ഏററവും കുറച്ച് വസ്തുക്കൾകൊണ്ടും സൗകര്യങ്ങൾകൊണ്ടും തൃപ്തിപ്പെട്ട് ജീവിക്കാൻ നാം നമ്മെത്തന്നെ ചെറുപ്പംമുതൽക്കേ കരുതിക്കൂട്ടി പരിശീലിപ്പിക്കണം. അപ്പോൾ ആർക്കും ഒരു അസൗകര്യത്തിനും കാരണമാകാതെ, സ്വസ്ഥമായും സമാധാനമായും ജീവിക്കാൻ നമുക്കു കഴിയും. നമുക്കു ലഭിക്കുവാൻ അർഹതയുള്ള പലജീവിതസൗകര്യങ്ങളും പെരുമാററസാധനങ്ങളും മററുള്ളവർക്കായി നാം നീക്കിവച്ചാൽ വളരെപ്പേർക്കു സന്തോഷമുണ്ടാക്കിക്കൊടുക്കാനും നമുക്കു കഴിയും. നമുക്കാവശ്യമുള്ളവയെല്ലാം നേടി നമ്മെത്തന്നെ സംതൃപ്തരാക്കി കാക്കാമെന്നു വിചാരിച്ചാൽ, നമുക്കൊരിക്കലും സംതൃപ്തിയുണ്ടാകാൻ പോകുന്നില്ല. കാരണം, കിട്ടുംതോറും നമ്മുടെ ആവശ്യങ്ങളും കൂടിക്കൂടിവരും എന്നതാണ് സുഖസൗകര്യങ്ങളുടെയും വസ്തുവകകളുടെയും പ്രകൃതി. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട്, അതിനു ദൈവത്തിന് നന്ദിപറഞ്ഞ് ജീവിക്കുന്ന മനുഷ്യൻ മാത്രമാണ് യഥാർത്ഥത്തിൽ സംതൃപ്തി അനുഭവിക്കുക. ''എനിക്കതു കിട്ടിയില്ല, ഇതു കിട്ടിയില്ല'' എന്നെല്ലാം എപ്പോഴും എല്ലാററിനെപ്പററിയും പരാതി പറഞ്ഞുകൊണ്ടുനടക്കുന്ന ശീലം നിന്നിലുണ്ടാകരുതു്. കിട്ടാത്തതിനെപ്പററി പരാതി പറയുന്നതിനെക്കാൾ ആയിരം മടങ്ങ് ഉപകാരമുണ്ടാകുക, കിട്ടിയിട്ടുള്ളവയെപ്പററി നന്ദി പറയുന്നതുകൊണ്ടാണ്.

ദ്വേഷം

ക്രമരഹിതമായ സ്നേഹമാണ് രാഗം; എന്നാൽ ക്രമരഹിതമായ ദ്വേഷവും അതുപോലെതന്നെ വർജ്ജനീയമാണ്. ശാന്തതയും ശാലീനതയുമാണ് ദൈവികതയുടെ ലക്ഷണങ്ങൾ. പലപ്പോഴും നാം അതിരുകടന്ന് ദേഷ്യപ്പെടുന്നത്, നമ്മുടെ ഇഷ്ടങ്ങൾ സാധിക്കാതെ വരുമ്പോഴാണ്. അതിനാൽ നമ്മുടെ ദ്വേഷത്തിന്നടിയിലും ഒളിഞ്ഞുകിടക്കുക നമ്മിലെ സ്വാർത്ഥതയാണ്. നമ്മുടെമേൽത്തന്നെ വേണ്ടത്ര നിയന്ത്രണമില്ലാത്തതുകൊണ്ടാണ് പലപ്പോഴും നാം ക്ഷമയില്ലാതെ, പരുഷമായും കോപിഷ്ഠമായും, സംസാരിക്കുന്നത്. കോപിച്ച സംസാരിക്കുമ്പോൾ, സംസാരിക്കുന്ന ആളുടെയും കേൾക്കുന്ന ആളുടെയും സമനില തെററുന്നു. അതുകൊണ്ട് കോപത്തോടുകൂടിയ സംസാരം മിക്കപ്പോഴും ശരിയായ ഫലം ഉളവാക്കാതിരിക്കുന്നു. ശാന്തമായ വാക്കുകളും പെരുമാററ രീതിയുമാണ് മററുള്ളവരെ ആകർഷിക്കുക. വിനീതവും ശാന്തവുമായ തൻെറ ഹൃദയലക്ഷണങ്ങളെ അനുകരിക്കാനാണല്ലോ യേശു നമ്മോട് ആവശ്യപ്പെട്ടിട്ടുള്ളത്. നാം നമ്മുടെ വികാരങ്ങളുടെമേൽ പൂർണ്ണമായ വിജയം വരിച്ചിരിക്കുന്നു എന്നതിൻെറ തെളിവാണ് ശാന്തത. ആത്മസംയമനമില്ലാത്ത ഒരാളെ സന്ന്യാസിയായി മററുള്ളവർ അംഗീകരിക്കില്ല. അതിനാൽ നമ്മുടെമേൽ ബലം ചെലുത്തി ശാന്തവും മധുരവും വിനീതവുമായ പെരുമാററരീതികളും സംസാരശൈലിയും സമാർജ്ജിക്കുക. മററുള്ളവർ നമ്മെ അവഗണിച്ചു, ബഹുമാനിച്ചില്ല, നമുക്കു ഇഷ്ടക്കേടായതു ചെയ്തു എന്നു തുടങ്ങിയ കാര്യങ്ങളെപ്രതി ദേഷ്യപ്പെടാതിരിക്കാൻ നാം പ്രത്യേകം സൂക്ഷിക്കണം. നാം ദേഷ്യപ്പെടുന്നുണ്ടെങ്കിൽത്തന്നെ, അത് നമ്മുടെ സ്വന്തം കാര്യങ്ങൾ നടക്കാത്തതുകൊണ്ടാകരുത്, ദൈവത്തിൻെറയും മററുള്ളവരുടെയും കാര്യങ്ങൾ നടക്കാത്തതുകൊണ്ടാകണം. അപ്പോഴുംപ്പോലും കോപത്തേക്കാൾ ശാന്തതയാണ് നമുക്കു കൂടുതൽ ഗുണം ചെയ്യുക.

ലോഭം

നമുക്കു കിട്ടണം, കിട്ടണം എന്ന വിചാരത്തിനാണ് ലോഭം എന്നു പറയുന്നതു്. ആഗ്രഹങ്ങൾക്കു അറുതിയില്ലാത്തൊരു ജീവിയാണ് മനുഷ്യൻ. അവനു എത്ര കിട്ടിയാലും മതിയാകില്ല. എന്നാൽ കണ്ടതുകൊണ്ട് കണ്ണോ, കേട്ടതുകൊണ്ട് കാതോ തൃപ്തിയടയുന്നില്ല. എത്ര കിട്ടിയാലും മനുഷ്യനു തികയുകയുമില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവർ മാത്രമെ യഥാർത്ഥത്തിലുള്ള മാനസികസമാധാനം അനുഭവിക്കു. കിട്ടാവുന്നതു നല്ല നല്ല വസ്തുക്കളും ഉപയോഗ സാമഗ്രികളും സമ്പാദിച്ചുകൂട്ടുന്ന സന്ന്യാസിയെപ്പററി ആക്കാണ് മതിപ്പുണ്ടാകുക. നമുക്കു എത്രയും കുറച്ച് സാധനസാമഗ്രികൾകൊണ്ട് ജീവിക്കാൻ കഴിയുമോ അത്രയ്ക്കും അധികം സ്വാതന്ത്ര്യവും സ്വസ്ഥതയും നമുക്കുണ്ടാകും. ആവശ്യമില്ലാത്ത സാധനങ്ങളെല്ലാം സമ്പാദിച്ചുകൂട്ടി മുറിയും മേശയും നിറയ്ക്കുന്ന ദു:സ്വഭാവം പരിവർജ്ജിക്കുക. നമ്മുടെ മുറിയിൽ അത്യാവശ്യമില്ലാത്ത ഒന്നും തന്നെ നാം സൂക്ഷിക്കാതിരിക്കുക. നാം നമുക്കുവേണ്ടി തെരഞ്ഞെടുക്കുന്നവ ഏററവും വിനീതവും സാധാരണവുമായിരിക്കണം. നല്ലവ എപ്പോഴും മററുള്ളവക്കായി മാററിവയ്ക്കുക. തന്മൂലം നിനക്കും മററുള്ളവക്കും ആനന്ദവും സംതൃപ്തിയുമുണ്ടാകും. പല സന്ന്യാസസഭകളും തുടക്കത്തിൽ വളരെ ദരിദ്രമായിരുന്നു. അന്നു അവക്കു ദരിദ്രരെ സേവിക്കാൻ കൂടുതൽ കഴിവും കലയുമുണ്ടായിരുന്നു. പക്ഷേ മററു പല സന്ന്യാസസഭകൾക്കും വലിയ വലിയ കെട്ടിടങ്ങളും സ്ഥാപനങ്ങളും ഉണ്ടല്ലോ എന്നു കരുതി, അവരും മററവരെപ്പോലെ ആകാൻ യത്നിച്ചു. ഫലമോ? അവക്കു ആദ്യമുണ്ടായിരുന്ന ആനന്ദവും ദരിദ്രസ്നേഹവും നശിച്ച്, അവരുടെ സന്ന്യാസവും കുറെ സ്ഥാപനങ്ങളായി അധ:പതിച്ചു.

മോഹം

വികാരങ്ങൾക്കടിപ്പെട്ട് ആത്മീയദൃഷ്ടികൾ അന്ധമായിത്തീരുന്നതിനാണ് മോഹം എന്നു പറയുന്നത്. വികാരങ്ങൾ പലപ്പോഴും നമ്മുടെ സുബുദ്ധി കെടുത്തിക്കളയുന്നു. ഒരാളോട് നമുക്കു വിരോധമായാൽ പിന്നെ അയാളിലുള്ള നന്മകൾ കാണാൻ നമുക്കു കഴിവില്ലാതായിത്തീരുന്നു; അയാളെ മററുള്ളവർ സ്തുതിച്ചുകേൾക്കുന്നതു് നമുക്കു സഹിക്കില്ല; അയാളിൽ ഇല്ലാത്ത കുററങ്ങൾ നാം കാണാൻ തുടങ്ങും; അയാൾ തൊടുന്നതിലൊക്കെ പോരായ്കകളേ നാം ദശിക്കൂ. അതുപോലെ തന്നെ ഒരാളോടു് നമുക്കു അമിതമായ സ്നേഹമായാൽ, അയാളുടെ തെററുകളെപ്പോലും നീതീകരിക്കാനുള്ള വഴികൾ നാം തേടിത്തുടങ്ങും. നമ്മുടെ സുബുദ്ധിയെ നശിപ്പിക്കുന്ന മറെറാരു തിന്മയാണ് ജഡികാസക്തി. മാംസത്തിൻെറ ദുർവികാരങ്ങൾക്കു നാം അടിമപ്പെട്ടു കഴിഞ്ഞാൽ, ത്യാഗം, അടക്കം, സന്ന്യാസവ്രതങ്ങൾ എന്നിവയെല്ലാം നിരത്ഥകമായി നമുക്കു തോന്നിത്തുടങ്ങും. ധനമോഹത്തിനു അടിപ്പെട്ടു കഴിയുന്ന ഒരാൾക്ക്, ഏതു പാവപ്പെട്ടവനോടും അനീതി ചെയ്തു് സ്വന്തം മടിശ്ശീല വദ്ധിപ്പിക്കുന്നതിനു മടിയുണ്ടാകില്ല. അതിനാൽ വികാരങ്ങളുടെ മേൽ നമുക്കു ശരിയായ നിയന്ത്രണം വേണം. മടി, അസൂയ, കോപം, സുഖേച്ഛ തുടങ്ങിയ ദുർവികാരങ്ങളെ നാം വേണ്ടപോലെ സംയമം ചെയ്തു് ശീലിക്കണം. കുറേശ്ശെ കുറേശ്ശെയായി നാം അവയ്ക്കു അടിപ്പെട്ടു കഴിഞ്ഞാൽ, ആത്മീയ ജീവിതം തന്നെ ക്രമേണ നമുക്കു വിരസമായി തോന്നിത്തുടങ്ങും. നമ്മുടെ ആത്മീയമാന്ദ്യത്തെ അന്ധമായി നീതികരിക്കാനായി, ത്യാഗം, പ്രാത്ഥന, ദാരിദ്ര്യം, വിനയം, പരിശുദ്ധി എന്നിവയൊന്നും അത്ഥമില്ലെന്നുപോലും അപ്പോൾ നാം കരുതാൻ തുടങ്ങും.

മദം

എല്ലാ കാര്യത്തിലും 'ഞാൻ, ഞാൻ' എന്നു ഭാവിക്കുന്നതാണു് മദം. വിനയമാണു് സന്ന്യാസിക്കു ഭൂഷണം. സംസാരത്തിൽ എപ്പോഴും അവനവനെത്തന്നെ സ്തുതിച്ചുപറയുന്ന ഒരു സന്ന്യാസിയെപ്പററി മററുള്ളവക്കു പുച്ഛമേ തോന്നൂ. കഴിഞ്ഞ കാലങ്ങളിൽ താൻ ചെയ്തിട്ടുള്ള മഹാകാര്യങ്ങരം, തൻെറ ഭരണകാലത്തു്, താൻ കെട്ടിപ്പടുത്തിട്ടുള്ള സ്ഥാപനങ്ങരം, തൻെറ ഭരണശേഷം വന്നവരുടെ കഴിവുകേടു് തുടങ്ങി തൻെറ സ്വന്തം സ്തുതിയ്ക്കുതകുന്ന കാര്യങ്ങളെ ഇടയ്ക്കിടയ്ക്കു പരാമശിച്ചു സംസാരിക്കുന്ന സന്ന്യാസികളും അല്പന്മാരാണു്. അധികാരസ്ഥാനങ്ങളിലിരുന്നശേഷം, ഭരണമൊഴിയേണ്ടിവരുമ്പോരം, സാധാരണസന്ന്യാസികളെപ്പോലെ അധികാരത്തിനു കീഴ്പ്പെട്ടു്, ഭവനത്തിലെ സാധാരണജോലികരം ചെയ്തു ജീവിക്കാൻ പലക്കും പ്രയാസം തോന്നുന്നതും, അവരുടെ അഹങ്കാരം കൊണ്ടുതന്നെ. നമ്മുടെ നേട്ടങ്ങളെപ്പററി പ്രശംസിച്ചുപറയേണ്ടതു് നാമല്ല, മററുള്ളവരാണു്. നമ്മെ മററുള്ളവർ സ്തുതിച്ചു സംസാരിക്കുമ്പോരം, വിനയപൂവ്വം അവക്കു നന്ദിപറയുക; നമ്മുടെ തെററുകരം മററുള്ളവർ നമ്മെ ഓമ്മിപ്പിക്കുമ്പോരം, നന്ദിപൂവ്വം അതു സ്വീകരിക്കുക; മററുള്ളവരുടെ നന്മകളേയും കഴിവിനേയും അംഗീകരിക്കാനും ആദരിക്കാനും പഠിക്കുക. ആശ്രമത്തിൽ വിനീതശുശ്രൂഷകരം ചെയ്തു ജീവിക്കാൻ അവസരം കിട്ടുന്നതു് വലിയൊരു ഭാഗ്യമായി കരുതുക. നമ്മെക്കാരം കഴിവുകുറഞ്ഞവർ പോലും, നമ്മെക്കാരം കൂടുതലായി ഉയന്നുവരുമ്പോരം ഹൃദയംഗമമായി സന്തോഷിക്കുക. ആരു നന്മ ചെയ്തു കണ്ടാലും നിഷ്ക്കപടമായി അഭിനന്ദിക്കുക. മററുള്ളവർ എത്ര ചെറിയവരായാലും, നാം അവരോടു് ബഹുമാനത്തോടും ആദരവോടും കൂടിയെ സംസാരിക്കാവൂ. ചെറിയവരെ ബഹുമാനിക്കാൻ കഴിയുന്നതു് വലിപ്പത്തിൻെറ ലക്ഷണമാണു്.

മാത്സര്യം

അസൂയയാണ് മാത്സര്യത്തിന്റെ കാരണം. അസൂയയുള്ളവന് മററാരാൾ വളരുന്നതും അയാൾക്കു നന്മകൾ കൈവരുന്നതും സഹിക്കാനാവില്ല. എല്ലാവരും യേശുവിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്. അതിനാൽ മററുള്ളവർക്കു ലഭിക്കുന്ന നന്മകളും ഉയർച്ചയും നമുക്കുതന്നെ ലഭിക്കുന്നവയാണ്. സ്വയം പരിശ്രമിച്ച് അഭ്യുന്നതി ഉണ്ടാക്കുന്നത് നല്ലതാണ്. പക്ഷെ അത് മററുള്ളവരോട് മത്സരിക്കുന്നതിനോ, അവരെ താഴ്ത്തി അവർക്കുമീതെ ഉയരുന്നതിനോ വേണ്ടി ആകരുത്. സന്ന്യാസി ആരോടും അസൂയയില്ലാത്ത ആളായിരിക്കണം. കണ്വമഹർഷിയുടെ സന്ന്യാസാശ്രമത്തിൽ വസിച്ചിരുന്ന ശകുന്തളയുടെ തോഴിയുടെ പേർ അനസൂയ എന്നായിരുന്നു. അല്പംപോലും അസൂയയില്ലാത്തവൾ എന്നാണ് ആ വാക്കിന്റെ അർത്ഥം. ഏതൊരാൾ നന്മചെയ്താലും അഭിനന്ദിക്കുക. മററുള്ളവർ ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളെയും അംഗീകരിക്കുകയും ആദരിച്ചു സംസാരിക്കുകയും ചെയ്യുക. എല്ലാവരേയും, പ്രത്യേകിച്ച്, കഴിവു കുറഞ്ഞവരേയും പ്രോത്സാഹിപ്പിക്കുക. അവനവനുവേണ്ടി എന്തെങ്കിലും തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ, കൂടുതൽ സുഖകരവും സൗകര്യപ്രദവുമായവയെ, മററുള്ളവർക്കായി നീക്കിവയ്ക്കുക. ഇതെല്ലാം അസൂയയില്ലാത്ത ഒരു ഹൃദയത്തിന്റെ ലക്ഷണങ്ങളാണ്. നമ്മുടെ ഹൃദയത്തിന്റെ നന്മയും വിശാലതയുമാണ് മററുള്ളവരെ ആകർഷിക്കുക. ലോകാസ്സമസ്താ സുഖിനോഭവന്തു—ഇതായിരിക്കണം ഒരു സന്ന്യാസിയുടെ മനോഗതി. എല്ലാ കാര്യങ്ങളും മററുള്ളവരുടെയും സുഖത്തിനായി ഭവിക്കണം എന്നതാണ് ഇതിന്റെ അർത്ഥം. അതിന്നായി സ്വന്തം സുഖങ്ങളും സന്തോഷങ്ങളും ത്യാഗപൂർവം ഉപേക്ഷിക്കുന്നതിൽ സന്ന്യാസിക്കു സന്തോഷമേ ഉണ്ടാകാവൂ. ഇതിലാണ് സന്ന്യാസിയുടെ സ്വഭാവമഹിമ.

ധർമ്മമൂലം

സർവ്വധർമ്മങ്ങളുടെയും മൂലം അഥവാ അടിസ്ഥാനം വേദമാണ് എന്നാണ് പറയുക. ക്രിസ്തീയ ധർമ്മത്തിന്റെ മൂലം ക്രിസ്തീയവേദമായ സുവിശേഷങ്ങൾ തന്നെയാണ്. നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനവും മാനദണ്ഡവും യേശുവിന്റെ സുവിശേഷമാണ്. സുവിശേഷങ്ങളെ എന്നും കയ്യിലെടുത്ത് ധ്യാനപൂർവം വായിക്കുക. യേശുവിന്റെ തിരുപ്പിറവി, അജ്ഞാതജീവിതം, പരസ്യശുശ്രൂഷ, ഉപമകൾ, അത്ഭുതങ്ങൾ, ദിവ്യകാരുണ്യസ്ഥാപനം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം. സ്വർഗ്ഗാരോപണം, തിരുസ്സഭാസ്ഥാപനം, പരിശുദ്ധാത്മാവിന്റെ ദാനം തുടങ്ങിയ ദിവ്യരഹസ്യങ്ങളെപ്പററി നാം വീണ്ടും വീണ്ടും ധ്യാനിക്കണം. അപ്പോൾ നമ്മുടെ ഹൃദയത്തിൽ സ്നേഹം, നന്ദി, സ്തുതി, യാചന, പശ്ചാത്താപം തുടങ്ങിയ വികാരങ്ങൾ താനെ അനുഭവപ്പെട്ടു തുടങ്ങും. അവയെ ചെറിയ ചെറിയ പ്രകരണങ്ങളാക്കി മാററി ഉരുവിടുക. സുവിശേഷങ്ങളെക്കുറിച്ചുള്ള നിരന്തരമായ ധ്യാനം കൊണ്ട് നമ്മുടെ വിചാരങ്ങൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കും വലിയ മാററം വരും. നാം യേശുവിനെപ്പോലെ സ്നേഹവും ക്ഷമയും വിനയവുമുള്ളവരായിമാറും. യേശുവിന്റെ ദാരിദ്ര്യവും പ്രാർത്ഥനാചൈതന്യവും നമ്മിലേയ്ക്കു പകരും. അവിടുത്തേയ്ക്കുണ്ടായിരുന്ന പിതൃസ്നേഹവും മനുഷ്യസ്നേഹവും നമ്മിൽ നിഴലിക്കാൻ തുടങ്ങും. യേശുവിനെപ്പോലെ നാമും, ദൈവത്തിനും മനുഷ്യർക്കുംവേണ്ടി സന്തോഷപൂർവം ത്യാഗം സഹിക്കാൻ തുടങ്ങും. ഇതെല്ലാം സാധിക്കണമെങ്കിൽ, സുവിശേഷം നമ്മുടെ രക്തവും മാംസവുമായി പകരണം. സുവിശേഷങ്ങളെ സ്നേഹിക്കുക. സുവിശേഷ വാക്യങ്ങളോട് പരിചയം സമ്പാദിക്കുക. അപ്പോൾ. അറിയാതെതന്നെ നിനക്കു ആത്മീയപുരോഗതി കൈവന്നു തുടങ്ങും.

വന്ദേമാതരം

ഞാൻ മാതാവിനെ വന്ദിക്കുന്നു എന്നാണ് ഇതിൻെറ അർത്ഥം. നമ്മുടെ അമ്മ പരിശുദ്ധകന്യകാമറിയമാണ്. അമ്മയെ വന്ദിക്കുക എന്നതു് ഭാരതീയ പാരമ്പര്യത്തിന്ന് ഏററവും ചേർന്നതാണ്. 'മാതൃ ദേവോ ഭവ' എന്നാണ് ഗുരു ശിഷ്യനു കൊടുക്കുന്ന ഉപദേശം. അമ്മയെ ദേവനെപ്പോലെ കരുതി പൂജിക്കണമെന്നാണ് ഇതിൻെറ സാരം. കന്യകാമറിയം ദൈവമാതാവാണ്. അവളെ നാം മറെറല്ലാ സൃഷ്ടികൾക്കും മീതെയായി, വണങ്ങുകയും സ്നേഹിക്കുകയും വേണം. കന്യകാമറിയത്തോടുള്ള ഭക്തിയെ തളർത്തുവാൻ ഇക്കാലത്തു് ചിലർ പരിശ്രമിക്കുന്നതായി കാണുന്നു. അമ്മയോടുള്ള ഭക്തിയിൽ പിറകോട്ടു് പോകുന്നതു് ക്രിസ്തീയപാരമ്പര്യത്തിനും ഭാരതീയ പാരമ്പര്യത്തിനും ഒരുപോലെ വിരുദ്ധമാണ്. 'നാസ്തി മാതൃസമം തീർത്ഥം' എന്നാണ് ഭാരതീയർ പറയുന്നതു്. മാതാവിനു സമമായി മറെറാരു തീർത്ഥമില്ല എന്നാണ് ഇതിൻെറ അർത്ഥം. തീർത്ഥം എന്ന വാക്കിൻെറ അർത്ഥം മറുകര കടത്തുന്നതു് എന്നാണ്. ഈ ലോകസാഗരത്തിൻെറ മറുകരയായ സ്വർഗ്ഗത്തിലേയ്ക്കു നമ്മെ കടത്തിവിടാൻ മാതാവിനെപ്പോലെ ശക്തയായി മററാരുമില്ല. മറിയത്തിലൂടെ യേശുവിലേയ്ക്കു പോകുക. കന്യകാമറിയത്തോടു് ആത്മാർത്ഥമായ ഭക്തിയുള്ളവരാരും സ്വർഗ്ഗത്തിലെത്താതെ പോകില്ല. മാതാവിനോടുള്ള ഭക്തിയും സ്നേഹവും വളർത്തുക; അതു് മററുള്ളവരുടെ ഇടയിൽ പ്രചരിപ്പിക്കുക. ജപമാല നമുക്കു നമ്മുടെ സ്വർഗ്ഗീയ മാതാവിനോടുള്ള സ്നേഹത്തിൻെറയും ഭക്തിയുടെയും പ്രത്യക്ഷമായ ഒരു പ്രതീകമാണ്. നമുക്കാവശ്യമായ എല്ലാ ആത്മീയ പോഷണങ്ങളും ഉൾക്കൊള്ളുന്ന ഒരു പൂർണ്ണപ്രാർത്ഥനയാണതു്. മറിയത്തിലൂടെ യേശുവിൻെറ ജീവിത രഹസ്യങ്ങളിലേയ്ക്കു അതു നമ്മെ കൈപിടിച്ചു നടത്തുന്നു. യേശുവിൻെറ അമ്മയെ സ്നേഹിക്കാത്തവൻ യേശുവിനെയും സ്നേഹിക്കുന്നില്ല.

ഭൂമി

'ഉപസർപ മാതരം ഭൂമിം' എന്ന് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. മാതാവായ ഭൂമിയെ ശുശ്രൂഷിക്കുക എന്നാണ് ഇതിൻെറ അത്ഥം. ഭൂമിയും സസ്യങ്ങളും മൃഗങ്ങളും തന്നെ തീററിപ്പോററണമെന്ന് മനുഷ്യൻ പ്രതീക്ഷിക്കുന്നു. പക്ഷെ, അവയ്ക്കു മനുഷ്യനെ തീററിപ്പോററാൻ സാധിക്കണമെങ്കിൽ, മനുഷ്യൻ തൻെറ വിയപ്പൊഴുക്കി അവയേയും തീററിപ്പോററണം. മനുഷ്യൻ മണ്ണിൽ അദ്ധ്വാനിക്കണം. നെററിയിലെ വിയപ്പൊഴുക്കി നാം അപ്പം സമ്പാദിക്കണമെന്നതാണ് ദൈവനിയമം. അദ്ധ്വാനം ഒരു ദൈവികനിയമമാണു്. മണ്ണിൽ അദ്ധ്വാനിച്ചു ജോലി ചെയ്യുക എന്നതു് സന്ന്യാസജീവിതത്തിൻെറ ആദ്യകാല പാരമ്പര്യത്തിൽപ്പെട്ട ഒരു നിയമമാണ്. കായികമായ അദ്ധ്വാനം ഏററവും ഉചിതമായൊരു പ്രായശ്ചിത്തവും പരിഹാരവും കൂടിയാണ്. നമ്മുടെ സ്വഭാവരൂപീകരണത്തിലും ശാരീരികമായ അദ്ധ്വാനത്തിനു വലിയ പങ്കുണ്ടു്. അതു് നമ്മെ ക്ഷമയുള്ളവരും സഹനശക്തിയുള്ളവരും ത്യാഗശീലരുമായി പകത്തും. മനുഷ്യൻ ജോലിചെയ്താലും ഫലം തരേണ്ടതു് ദൈവമാകയാൽ, ദൈവത്തിലുള്ള നമ്മുടെ പ്രതീക്ഷയും അദ്ധ്വാനംമൂലം വദ്ധിക്കും. നാം അദ്ധ്വാനിച്ചുണ്ടാക്കുന്ന ഫലങ്ങൾ എല്ലാവരുംകൂടി ഒരുമിച്ചനുഭവിക്കുന്നതിനാൽ, ഒരു മനുഷ്യനും തനിക്കുവേണ്ടി മാത്രം ജീവിക്കാതെ മററുള്ളവക്കുവേണ്ടി ത്യാഗം ചെയ്തു് ജീവിക്കേണ്ടതാണെന്ന പാഠവും അദ്ധ്വാനത്തിലൂടെ നാം പഠിക്കുന്നു. നമ്മുടെ സന്ന്യാസഭവനത്തോടനുബന്ധിച്ചുള്ള ഭൂമിയിൽനിന്നും ഭവനത്തിന്നാവശ്യമായ പച്ചക്കറികൾ തുടങ്ങിയവയുടെ ഒരു ഭാഗമെങ്കിലും കഴിയുന്നത്ര നാംതന്നെ അദ്ധ്വാനിച്ച് ഉല്പാദിപ്പിക്കണം. സന്ന്യാസി മണ്ണിൽ കാല് തൊടാതെ, മണിമന്ദിരങ്ങളിലും ഓഫീസു മുറികളിലും കഴിയേണ്ടവനല്ല. അദ്ധ്വാനിക്കുന്ന തൻെറ സഹോദരങ്ങളോടൊത്തു് മണ്ണിലേയ്ക്കിറങ്ങി അവിടെ വിനീതമായി ജോലിചെയ്യുക സന്ന്യാസിക്കു അലങ്കാരമാണു്.

ആചരണം

ഉപവാസാദി പുണ്യനിയമങ്ങളുടെ ആചരണം എന്നാണ് വ്രതത്തെ അമരകോശത്തിൽ വിവരിച്ചിരിക്കുന്നത്. ഏകാദശി, നവരാത്രം, തുടങ്ങിയ പുണ്യദിനങ്ങളിൽ വ്രതമനുഷ്ഠിക്കുക എന്നതാണ് ഭാരതീയാചാരം. ഉപവസിക്കുക, സുഖസന്തോഷങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുക, ഉറക്കമിളച്ചിരുന്നു പ്രാർത്ഥിക്കുക, മൗനം, ജപം, ധ്യാനം, ആദ്ധ്യാത്മിക ശാസ്ത്രപാരായണം എന്നിവയിൽ മുഴുകിക്കഴിയുക—ഇവയെല്ലാമാണ് വ്രതമനുഷ്ഠിക്കുമ്പോൾ ചെയ്യേണ്ടതു്. നമുക്കു വ്രതമനുഷ്ഠിച്ചു ജീവിക്കുന്നതിനുള്ള ഒരു പ്രത്യേകാവസരമാണ് ആഗമനകാലം. ഈ നൊയമ്പുകാലം, പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ചൈതന്യത്തിൽ നാം കഴിക്കണം. ഈ ഇരുപത്തിയഞ്ചു ദിവസവും നാം പ്രത്യേകമായി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും തപോകൃത്യങ്ങൾ അനുഷ്ഠിക്കുകയും അദ്ധ്യാത്മശാസ്ത്രങ്ങൾ പാരായണം ചെയ്യുകയും വേണം. പുണ്യസമ്പാദത്തിനും പാപപരിഹാരത്തിനുമായിട്ടാണ് ഇങ്ങനെ വ്രതമനുഷ്ഠിച്ചു ജീവിക്കുന്നതു്. പുണ്യസമ്പാദനത്തിനായി ചെയ്യുന്ന വ്രതങ്ങളെ ഭാരതീയർ 'നിത്യം' എന്നു പറയുന്നു; പാപപരിഹാരത്തിനായി നോല്ക്കുന്ന വ്രതങ്ങളെ 'നൈമിത്തികം' എന്നും പറയുന്നു. കൊല്ലത്തിൽ ചില പ്രത്യേക കാലയളവുകളെ നൊയമ്പിനും ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി ചെലവഴിക്കുകയെന്നതു് ഭാരതീയപാരമ്പര്യത്തിനു പ്രത്യേകം ചേർന്നതാണ്. നമ്മുടെ ഭാരതീയ പാരമ്പര്യത്തെ നശിപ്പിക്കാൻ നമ്മുടെ ഇടയിൽത്തന്നെ നാട്ടുകാരായ ചില 'പാശ്ചാത്യപണ്ഡിതന്മാർ' നൊയമ്പിനും ഉപവാസത്തിനുമെല്ലാം എതിരായി പ്രസംഗിക്കുന്നതു് അത്ഭുതാവഹമായിരിക്കുന്നു! ശബരിമലയ്ക്കും മററും പോകുന്നവർ നൊയമ്പും ഉപവാസവും അനുഷ്ഠിച്ച്, മത്സ്യമാംസാദികൾ ഉപേക്ഷിച്ച്, വ്രതമെടുത്തു ജീവിക്കുന്നതു് നാം കണ്ടിരിക്കുമല്ലോ. സന്ന്യാസികൾ പുണ്യസമ്പാദനത്തിനായി വ്രതജീവിതം നിത്യമായിത്തന്നെ നോല്ക്കേണ്ടതാണ്.

അർദ്ധമശനസ്യ

മേല്പറഞ്ഞ വാക്കിന്റെ അത്ഥം, ''പകുതിഭാഗം ഭക്ഷണത്തിനുവേണ്ടി'' എന്നാണു്. കാര്യമിതാണ്: ''ആമാശയത്തിന്റെ പകുതിഭാഗം ഭക്ഷണത്തിനും, നാലിലൊരുഭാഗം ജലത്തിനും ആകുന്നു. ശേഷം നാലിലൊരുഭാഗം വായുസഞ്ചാരത്തിനായി ഒഴിച്ചിടേണ്ടതാണ്'' എന്നൊരു ചൊല്ലു് സംസ്കൃതത്തിലുണ്ടു്. അമിതാഹാരം പാടില്ലെന്നത്ഥം. എല്ലാകാര്യങ്ങളിലുമെന്നപോലെ ഭക്ഷണത്തിലും മിതത്വമാണ് നിയമം. കൃത്യസമയങ്ങളിൽ ഭക്ഷണം കഴിച്ചുശീലിക്കുക. ഭക്ഷണസമയത്തിനുപുറമെ, കയ്യിൽക്കിട്ടിയതെല്ലാം തിന്നാതിരിക്കുക. രുചികരമാണെന്നു കരുതി അമിതമായി ഭക്ഷിക്കുന്നത് നന്നല്ല. ഭക്ഷണത്തിന്റെ കാര്യത്തിലുള്ള ചിട്ടയും നിഷ്ഠയും ശരീരത്തിനെന്നപോലെ മനസ്സിനും സ്വസ്ഥത നല്കും. ഭക്ഷണത്തിന്റെ കാര്യത്തിലെന്നപോലെ ഉറക്കത്തിന്റെ കാര്യത്തിലും നമുക്കു ചില ചിട്ടകളും ക്രമങ്ങളും വേണം. കൃത്യസമയത്ത് ഉറങ്ങാൻപോകുകയും രാവിലെ കൃത്യമായിത്തന്നെ ഉണരുകയും ചെയ്യുക ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനകരമാണ്. അമിതഭക്ഷണത്തെപ്പോലെ തന്നെ അമിതമായ ഉറക്കവും നമുക്കു ദോഷംചെയ്യും. എല്ലാ കാര്യങ്ങളിലും മിതത്വമാണ് ഉചിതം. ഭഗവദ്ഗീതയിൽ പറയുന്നു: ''അമിതമായി ഭക്ഷിക്കുന്നവന് ധ്യാനയോഗം കിട്ടുന്നതല്ല; അശേഷം ഭക്ഷിക്കാത്തവനും അത് കിട്ടുകയില്ല. അധികം ഉറങ്ങുന്ന ശീലമുള്ളവനും ധ്യാനയോഗം ലഭിക്കുകയില്ല; എന്നാൽ ഒട്ടും ഉറങ്ങാതിരിക്കുന്നവനും അത് ലഭിക്കുകയില്ല. മിതമായ ആഹാരത്തോടും വിശ്രമത്തോടും കൂടിയവനും, കർത്തവ്യകമ്മങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുന്നവനും, കൃത്യമായി ഉറങ്ങി ഉണരുന്നവനും, ദുഃഖത്തെ അകററിക്കളയുന്നതായ ധ്യാനയോഗം ലഭിക്കുന്നു.'' നമ്മുടെ വാക്കുകളിലും വിചാരത്തിലും പ്രവൃത്തികളിലും മിതത്വം കൈവരുത്തുകയാണ് തപസ്സിന്റെ ലക്ഷ്യം. തപോനിഷ്ഠ നമ്മുടെ ആത്മാവിനും ശരീരത്തിനും ഒരുപോലെ ഗുണകരമാണ്.

ദക്ഷിണ

യാഗം നടത്തുന്ന പുരോഹിതനു കൊടുക്കുന്ന സമ്മാനത്തിനാണ് ദക്ഷിണ എന്നു പറയുന്നത്. ഉപനിഷത്തുക്കളിലെ സങ്കല്പപ്രകാരം നമ്മുടെ ജീവിതം തന്നെ നാം ദൈവത്തിനു അർപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു നിരന്തര ബലിയാണ്. ഈ ബലി അർപ്പിക്കുന്ന പുരോഹിതനും, ഇതിൽ അറക്കപ്പെടുന്ന ബലിമൃഗവും നാം തന്നെയാണ്. നാം നമ്മെത്തന്നെ ബലിയായി ദൈവത്തിനു സമർപ്പിക്കണം എന്നു സാരം. ഇങ്ങനെ ബലി ചെയ്യുന്നവർക്കു കിട്ടുന്ന ദക്ഷിണകളെ വിവരിക്കുമ്പോൾ, ഉപനിഷത്തിൽ ആദ്യം പറഞ്ഞിരിക്കുന്നത്, തപസ്സ്, ദാനം എന്നീ രണ്ടു കാര്യങ്ങളെയാണ്. ദൈവത്തിനു തന്നെത്തന്നെ ബലി അർപ്പിക്കുന്ന സന്ന്യാസി, തപസ്സിന്റെ മനുഷ്യനായിരിക്കണം. അയാൾ അയാളുടെ സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടിയല്ല ജീവിക്കേണ്ടതു്. ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനായി, നാം നമ്മുടെ സ്വാർത്ഥപരമായ സ്വന്തം സുഖസന്തോഷങ്ങളെ ത്യജിക്കണം. നമുക്കു മററുള്ളവരോട് സംസാരിച്ചുകൊണ്ടിരിക്കുന്നതാണ് സുഖവും സന്തോഷവും. പക്ഷെ, പ്രാർത്ഥനയിൽ ദൈവത്തോടു സംസാരിച്ചുകൊണ്ടിരിക്കുന്നതിനായി, ആ സുഖവും സന്തോഷവും നാം ത്യജിക്കണം. നമ്മുടെ ശരീരത്തെ പ്രീണിപ്പിക്കുന്നതാണ് നമുക്കു ആനന്ദം. പക്ഷെ, ദൈവികാഭിരുചിയും സ്വർഗ്ഗീയവീക്ഷണവും നമ്മിൽ വളരുന്നതിനുവേണ്ടി, ജഡത്തിന്റെ സുഖസന്തോഷങ്ങളെ നാം ഉപേക്ഷിക്കണം. തപസ്സോടുകൂടി ദാനവും നാം അഭ്യസിക്കണം. നമുക്കുള്ളവയെ ദൈവത്തിന്റേയും മററു മനുഷ്യരുടേയും കൈകളിലേയ്ക്കു സ്നേഹപൂർവം വച്ചുകൊടുത്തുകൊണ്ടാണ് നാം നമുക്കുള്ളവയെ ഉപേക്ഷിക്കേണ്ടതു്. ദൈവത്തിന്റെയും മററു മനുഷ്യരുടെയും കാര്യങ്ങൾ കൂടുതൽ സുഖമായും സൗകര്യമായും നടക്കുന്നതിനുവേണ്ടി നമ്മുടെ സ്വന്തം സുഖങ്ങളും സൗകര്യങ്ങളും സന്തോഷത്തോടെ ഉപേക്ഷിക്കുക. ഇങ്ങനെ തപസ്സിന്റെയും ദാനത്തിന്റെയും ചൈതന്യമുള്ള മനുഷ്യനാണ് തന്നെത്തന്നെ ബലി ചെയ്യുന്ന പുരോഹിതൻ.

ദേയം

ദേയം എന്നുവച്ചാൽ ദാനം ചെയ്യപ്പെടേണ്ട വസ്തു എന്നാണർത്ഥം. നമ്മെയും നമുക്കുള്ളവയേയും ദൈവത്തിനു നാം സമപ്പിച്ചിരിക്കുകയാണ്. ദൈവത്തിന് സമപ്പിതമായിരിക്കുന്നതെല്ലാം, അവിടുത്തെ മക്കാംക്ക് അവകാശപ്പെട്ടതാണ്. അതിനാൽ നാം മററുള്ളവക്കായി ജീവിക്കാനും നമുക്കുള്ളവയെ മററുള്ളവക്കു നല്ലാനും കടപ്പെട്ടിരിക്കുന്നു. കൊടുക്കുന്നതിൽ നാം കാണിക്കേണ്ട ചില ലക്ഷണങ്ങളെപ്പററി ഉപനിഷത്തിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്. വിശ്വാസത്തോടുകൂടി കൊടുക്കണം. ദൈവത്തിനും മനുഷ്യക്കും കൊടുക്കുന്നതുകൊണ്ട് നമുക്കു കുറഞ്ഞുപോകുമെന്നോ നഷ്ടം വരുമെന്നോ ഉള്ള അവിശ്വാസം നാം വച്ചുപുലത്തരുതു്. വിശാലഹൃദയത്തോടുകൂടി കൊടുക്കണം. മനസ്സില്ലാമനസ്സോടെ, നിർബന്ധപ്പെടുന്നതുകൊണ്ടുമാത്രം കൊടുക്കുന്നു എന്നു കാണുന്നവക്കു തോന്നത്തക്ക രീതിയിലല്ല നാം കൊടുക്കേണ്ടതു്. യേശു പറഞ്ഞതുപോലെ, നമുക്കു സൗജന്യമായി കിട്ടി; അതിനാൽ നാമും സൗജന്യമായി കൊടുക്കുക. വിനയത്തോടുകൂടി കൊടുക്കണം. മററുള്ളവക്കു വേണ്ടി നമ്മാൽ പാടുള്ളതൊക്കെ ചെയ്തശേഷം, നാം ഇങ്ങനെ മാത്രമെ കരുതാവൂ: ''ഞങ്ങാം സാധാരണക്കാരായ ഭൃത്യന്മാർ മാത്രമാണ്. ഞങ്ങളുടെ കടമമാത്രമെ ഞങ്ങാം നിവ്വഹിച്ചിട്ടുള്ളു''. ദൈവത്തിനും മനുഷ്യക്കും നാം നല്ലാൻ കടപ്പെട്ടിരിക്കുന്നതിൻെറ നൂറിലൊരംശംപോലും നാം ഇനിയും അവക്കു കൊടുത്തിട്ടില്ലല്ലോ എന്ന ഭയത്തോടുകൂടി വേണം കൊടുക്കാൻ. കരുണയോടുകൂടി കൊടുക്കുക. ഭക്ഷണം, വസ്ത്രം, അറിവ്, ആരോഗ്യം, ഭവനം, ആത്മീയവരങ്ങാം തുടങ്ങി അനേകമനേകം വരങ്ങാം ദൈവം നമുക്കു നല്ലിയിട്ടുണ്ട്. അവ ഉപയോഗിക്കുമ്പോാം, അവയൊന്നുമില്ലാത്ത ദൈവത്തിൻെറ മററു മക്കളെപ്പററി ഓമ്മിക്കുക. നമുക്കു കിട്ടിയിട്ടുള്ള വരങ്ങാം കഴിയുന്നത്രവേഗം അവക്കുകൂടി എത്തിച്ചുകൊടുത്തു്, അവരെക്കൂടി നമ്മുടെ സന്തോഷത്തിൽ ഉാംപ്പെടുത്തുന്നതാകണം നമ്മുടെ ആനന്ദം.

അതിഥി

അതിഥിയെ ദൈവത്തെപ്പോലെത്തന്നെ കരുതി പൂജിക്കണമെന്നാണ് ഭാരതീയരുടെ അനുശാസനം. അതിഥിയെ സല്കരിക്കുന്നതിന് അതിഥിപൂജ എന്നാണല്ലോ നാം പറയാറ്. വാസ്തവത്തിൽ ഒരു അതിഥി വീട്ടിൽവന്നാൽ നാം ചെയ്യുന്ന സൽക്കാരങ്ങൾ തന്നെയാണ് ഈശ്വരപൂജയിലും ആചരിക്കപ്പെടുന്നത്. അതിഥിക്കും ദൈവത്തിനും വേറെവേറെ മാനദണ്ഡങ്ങളില്ല. വീട്ടുമുററത്ത് ഒരു അതിഥി നില്ക്കുന്നതായിക്കാണുമ്പോൾ, ''അകത്തേയ്ക്കുകയറി ഇരിക്കൂ'' എന്നുപറഞ്ഞു് അദ്ദേഹത്തെ നാം ക്ഷണിക്കുന്നു. പൂജയിലെ ഒന്നാമത്തെ കർമ്മമായ ആവാഹനത്തിൻെറ അർത്ഥം ഇതാണ്. ദൈവത്തെ പുരോഹിതൻ വിഗ്രഹത്തിലേയ്ക്കു ക്ഷണിക്കുന്നു. അതിഥി വീട്ടിൽ കയറിയാൽ ഇരിക്കാൻ ഇരിപ്പിടം കൊടുക്കുന്നു. ദൈവത്തിനുള്ള ഇരിപ്പിടമായി വിഗ്രഹത്തെ നീട്ടുന്ന ഈ കർമ്മമാണ് ആസനം, പിന്നെ അതിഥിയായ ദൈവത്തിനു കാലുകഴുകാൻ വെള്ളം കൊടുക്കണം. അതിനു പാദ്യം എന്നുപറയുന്നു. പിന്നെ ചോറും വസ്ത്രവും ചന്ദനവും പൂക്കളും നല്കുന്നു. ഇവയ്ക്കു യഥാക്രമം ആർഘ്യം, ഉപവീതം, ചന്ദനം, പുഷ്പം എന്നാണ് പറയുക. അതിനുശേഷം അതിഥിയായ ദൈവത്തിൻെറ മുമ്പിൽ ധൂപം കത്തിക്കുകയും ദീപം തെളിക്കുകയും വേണം. പിന്നെ ഊണും മുറുക്കാൻ വെററിലക്കൂട്ടും കൊടുക്കുന്നു. ഇതിനു യഥാക്രമം നൈവേദ്യം, താംബൂലം എന്നുപറയുന്നു. അതിഥിയായിവന്ന ദൈവത്തിനു മടങ്ങിപ്പോകാനുള്ള നേരമായി. അവിടുത്തേയ്ക്കു കപ്പൂരവും സ്വർണ്ണവും സമ്മാനമായിക്കൊടുക്കുന്നു. ഇതിനു നീരാജനം, സുവർണ്ണപുഷ്പം എന്നുപറയുന്നു. അവസാനം വിടവാങ്ങുന്ന അതിഥിയായ ദൈവത്തോടു നാം സ്വസ്തി പറയുന്നു. ഇതാണ് ഉദ്വാസനം. ചുരുക്കത്തിൽ ദൈവത്തെ അതിഥിയെപ്പോലെയും, അതിഥിയെ ദൈവത്തെപ്പോലെയും പൂജിക്കണമെന്നു് സാരം.

ദേവപിതൃകാര്യം

ദേവപിതൃകാര്യങ്ങളിൽ അനാസ്ഥ വരുത്തരുതെന്ന് ഉപനിഷത്തുക്കളിൽ ഗുരു ശിഷ്യനെ ഉപദേശിക്കുന്നു. ദൈവത്തിൻെറ കാര്യങ്ങളും പിതൃക്കളുടെ കാര്യങ്ങളും നാം ഉത്സാഹത്തോടെ നിവൃത്തിക്കണം. ബലി, പ്രാത്ഥന, ധ്യാനം തുടങ്ങി ദൈവത്തിനായി നാം ചെയ്യേണ്ട കാര്യങ്ങൾ ഉത്സാഹത്തോടുകൂടിത്തന്നെ ചെയ്യുക. മററു ജോലികളുടെ പേരിൽ പ്രാത്ഥന ഉപേക്ഷിക്കുകയോ അതിനുള്ള സമയം വെട്ടിക്കുറയ്ക്കുകയോ ചെയ്യുക തെററാണ്. ദൈവത്തെ ഉപേക്ഷിച്ചിട്ട്, മറെറന്തെങ്കിലും നേടാമെന്നു കരുതുന്നത് മൗഢ്യമത്രെ. നാം നേടിയിട്ടുള്ളതെല്ലാം ഒരുനാൾ പൊയ്പ്പോകും. അവസാനം ദൈവം മാത്രമെ നിലനിൽക്കു. ദൈവത്തിനുവേണ്ടി ജീവിച്ചുതുടങ്ങിയ പലരും അവസാനം തങ്ങൾക്കു ഏററവും വിലപ്പെട്ട സന്ന്യാസം തന്നെയും ഉപേക്ഷിക്കുന്നു! സന്ന്യാസത്തിൽ നില്ക്കുന്നവർപോലും, ദൈവത്തെ മറന്ന് സ്വന്തം സുഖസൗകര്യങ്ങൾ തേടി ജീവിക്കുന്ന ദൃശ്യങ്ങളും സാധാരണമായിരിക്കുന്നു. വലിയൊരു തെററും നന്ദികേടുമാണത്. ഒരുപക്ഷെ നീയും വിലപനീയമായ ഇത്തരം ആത്മീയമന്ദതയിലാകാം ഇപ്പോൾ ജീവിക്കുന്നത്. അതിൽനിന്നും ഉണരുക. നിൻെറ ധ്യാനം. പ്രാത്ഥന, ജ്ഞാനവായന, ദിവ്യകാരുണ്യജീവിതം, ആത്മശോധന, പാപസങ്കീത്തനം തുടങ്ങിയ ആത്മീയാഭ്യാസങ്ങൾ കൂടുതൽ ഉത്സാഹത്തോടും ഉണർവോടും കൂടിചെയ്യുക. ദൈവത്തിനുവേണ്ടി നീ ചെയ്ത ഒരു ത്യാഗത്തെക്കുറിച്ചും നിനക്കു ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. നിൻെറ ഉപേക്ഷമൂലം നീ ദൈവത്തിനായി ചെയ്യാതിരുന്ന അനേകമനേകം ത്യാഗങ്ങളെപ്പററി അവസാനം നിനക്കു ദുഃഖിക്കേണ്ടിവരും. ദൈവത്തിൻെറ കാര്യത്തിലെന്നപോലെ പിതൃക്കളുടെ കാര്യത്തിലും നമുക്കു ശ്രദ്ധവേണം. മരിച്ചുപോയവരെയാണ് സാധാരണ പിതൃക്കൾ എന്നുപറയുക. ഒരുനാളും അവരെ നീ നിൻെറ പ്രാത്ഥനയിൽ മറക്കരുത്.

അധ്യാത്മവിദ്യ

ഏതു കാര്യത്തിനും അകം, പുറം എന്നിങ്ങനെ രണ്ടു വശമുണ്ട്. പല ഭൗതിക ശാസ്ത്രങ്ങളും പുറമെ നില്ക്കുന്ന വസ്തുക്കളെക്കുറിച്ചാണു് നമുക്കു അറിവു നൽകുന്നത്. മന:ശാസ്ത്രം, തത്വശാസ്ത്രം തുടങ്ങിയവ, മനുഷ്യന്റെ അകവശമായ മനസ്സ്, ബുദ്ധി എന്നിവയെപ്പററി നമ്മെ മനസ്സിലാക്കുന്നു. പക്ഷെ അതുകൊണ്ടുമായില്ല. നമ്മുടെ ഉള്ളിന്റെ ഉള്ളായി, ആത്മാവിന്റെ ആത്മാവായി വാഴുന്നതു് ദൈവമാണു്. അതിനാൽ ദൈവത്തെക്കുറിച്ചുള്ള അറിവാണു് പരമമായ അറിവു്. ദൈവത്തെ അറിയാത്തവൻ, ഏററവും ഉള്ളിലിരിക്കുന്ന യാഥാർത്ഥ്യത്തെ അറിയുന്നില്ല. അതിനാൽ അങ്ങനെയുള്ളവന്റെ അറിവ് ഉപരിപ്ലവം മാത്രമാണ്. ആത്മാവിനു ജീവനേകുന്ന പരമാത്മാവായ ദൈവത്തെ അറിയാനായിരിക്കണം നമ്മുടെ മുഖ്യമായ പരിശ്രമം. ഇതാണു് അധ്യാത്മ വിദ്യ. ലോകത്തിൽ അധ്യാത്മ വിദ്യ നിലനിറുത്താനുള്ള ആളാണ് സന്ന്യാസി. ദൈവത്തെക്കുറിച്ച് കൂടുതൽ കൂടുതൽ വായിച്ചും പഠിച്ചും അറിയുക. യേശുവിനെയും അവിടുത്തെ സുവിശേഷങ്ങളെയും കുറിച്ച് എഴുതപ്പെട്ടിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങൾ കഴിയുന്നത്ര നാം വായിച്ചു പഠിക്കണം. ദൈവത്തിന്റെ കാര്യങ്ങളിൽ പഠിപ്പും വായനയും ചെന്നിട്ടില്ലാത്ത ഒരാളെ, ആരാണ് സന്ന്യാസിയായി പരിഗണിക്കുക? ദൈവികകാര്യങ്ങൾ പഠിച്ചറിയാതെ, ലൗകികശാസ്ത്രങ്ങളിൽ ബിരുദമെടുക്കുന്നതുകൊണ്ടുമാത്രം നാം സന്ന്യാസികളാകുമോ? മക്കൾ വിദ്യാഭ്യാസമില്ലാത്തവരായാൽ മാതാപിതാക്കൾക്കു അവരെക്കുറിച്ച് ലജ്ജ തോന്നും. നാം ദൈവികകാര്യങ്ങളിൽ അറിവും അനുഭവവുമില്ലാത്തവരായാൽ, ദൈവത്തിനും നമ്മെക്കുറിച്ചു ലജ്ജ തോന്നും. ജ്ഞാനവായന അഥവാ അധ്യാത്മപാരായണത്തോട് ആസക്തിയുള്ളവനായിരിക്കണം സന്ന്യാസി.

മുനി

മൗനമായി മനനം ചെയ്യുന്ന അഥവാ ധ്യാനിക്കുന്ന ആളാണ് മുനി. ഭാരതത്തിൽ സന്ന്യാസി മുനികൂടി ആയിരിക്കണം. മുനിയെപ്പററി ശങ്കരാചാര്യർ ഇങ്ങനെ പറയുന്നു: ''ഏകാന്തമായിരിക്കുക ഇന്ദ്രിയങ്ങളെ സംയമം ചെയ്യാൻ സഹായിക്കുന്നു. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതുവഴി മനസ്സിനെ നിയന്ത്രിക്കാൻ സാധിക്കും. മനസ്സിൻെറമേൽ നിയന്ത്രണം ലഭിച്ചാൽ സ്വാർത്ഥവാസന കെട്ടടങ്ങും. അപ്പോൾ യോഗിക്കു ഇടമുറിയാത്ത ഈശ്വരാനുഭവംകൊണ്ടുള്ള ആന്തരികാനന്ദമുണ്ടാകും. അതിനാൽ മുനി ചെയ്യേണ്ട ഏകകാര്യം ഇതാണ്: മനസ്സിനെ നിയന്ത്രിക്കാൻ എപ്പോഴും പ്രയത്നിച്ചുകൊണ്ടിരിക്കുക''. സന്ന്യാസി തൻെറ മനസ്സ് ദൈവത്തിൽനിന്നും പതറിപ്പോകാതെ സൂക്ഷിക്കണം. ഇതിനു മൗനവും മനനവും - ഏകാന്തതയും ധ്യാനവും - കൂടിയേ തീരൂ. ധ്യാനമൗനങ്ങളില്ലാതെ സന്ന്യാസപദം പ്രാപിക്കാമെന്നു കരുതുന്നതു് മൗഢ്യമാണ്. മൗനമാണ് സന്ന്യാസഭവനത്തിനു ഭൂഷണം. സന്ന്യാസഭവനത്തിലേയ്ക്കു കയറിവരുന്ന ഒരാൾ, അവിടെ കേൾക്കുന്നതു് ലൗകികവിനോദങ്ങളുടെയും വ്യവഹാരങ്ങളുടെയും ശബ്ദകോലാഹലമാണെങ്കിൽ, താൻ എത്തിച്ചേർന്നിരിക്കുന്നതു് ഒരു സന്ന്യാസഭവനത്തിലാണെന്ന അനുഭവമേ അയാളിലുണ്ടാവുകയില്ല. നേരെമറിച്ച്, അയാൾ അവിടെ കാണുന്നതു് മൗനത്തിലും ധ്യാനത്തിലും ഈശ്വരവിചാരം ചെയ്യുന്ന ഋഷിവര്യന്മാരെയാണെങ്കിൽ, അയാളുടെ മനസ്സുതന്നെയും അവാച്യവും അലൗകികവുമായൊരു ശാന്തികൊണ്ടും അനുഭൂതികൊണ്ടും നിറയും. ഈ ശാന്തിയും സ്വർഗ്ഗീയതയും പ്രതീക്ഷിച്ചാണു് ലോകത്തിലുള്ളവർ സന്ന്യാസഭവനങ്ങളിലേയ്ക്കു വരുന്നതു്. സ്വരവും സംസാരവും അവർക്കു ലോകത്തിൽ വേണ്ടുവോളമുണ്ടു്. മനഃശാന്തിയേകുന്ന മൗനവും ധ്യാനവുമാണു് ലോകത്തിൽ അവർക്കു കാണാൻ കഴിയാത്തതു്. അതു് കാണാനും അനുഭവിക്കാനുമാണു് അവർ സന്ന്യാസഭവനത്തിലേയ്ക്കു വരുന്നതു്.

അസതോ മാ

'അസതോ മാ സദ്ഗമയ'--അസത്യത്തിൽനിന്നും എന്നെ സത്യത്തിലേയ്ക്കു നയിക്കണെ എന്നാണ് ഈ പ്രാർത്ഥനയുടെ അർത്ഥം. സത്യം യേശുവാണ്. 'കർത്താവെ, എന്നെ ഒരുനാളും വിട്ടുപിരിയല്ലേ; നിന്നിലേയ്ക്കു മാത്രം എന്നെ എന്നെന്നും അടുപ്പിക്കണേ' എന്നായിരിക്കണം നമ്മുടെ നിരന്തരമായ പ്രാർത്ഥന. യേശുവൊഴികെ മററൊന്നും നിലനില്ക്കുന്നതല്ല. യേശുവിനെ തേടി നാം സന്ന്യാസത്തിൽ വന്നിട്ടും, അവിടുത്തെ വിട്ട് മററെന്തെല്ലാം കാര്യങ്ങളാണ് നാം കാംക്ഷിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സുഖസൗകര്യങ്ങൾ, പ്രശസ്തി, വളച്ച് തുടങ്ങി അനേകകാര്യങ്ങളിൽ നമ്മുടെ മനസ്സും ഹൃദയവും ചിതറിക്കിടക്കുന്നു. മനസ്സിനെ മററെല്ലാററിൽനിന്നും വിടുവിച്ച്, അവിടുത്തെ പാദപത്മങ്ങളിൽ ചെന്നിരുന്ന്, നമ്മെ മുഴുവനും അവിടുത്തേയ്ക്കു അടിയറവച്ച്, അവിടുത്തെ തിരുസ്നേഹമാധുരിയിൽ ലയിച്ചിരിക്കുന്നതു മാത്രമായിരിക്കണം നമുക്കാനന്ദം, യേശു നമുക്കു സത്യവും സൗന്ദര്യവും സമാധാനവുമായിക്കഴിയുമ്പോൾ, ലൗകികമായ മററൊന്നിലും നമ്മുടെ മനസ്സിനു ആസക്തിയില്ലാതാകും. അവയൊക്കെ ഇന്നല്ലെങ്കിൽ നാളെ പൊട്ടിത്തകരുന്ന നീർക്കുമിളകൾ മാത്രമാണെന്നു് നമുക്കു ബോധ്യമാകും. യേശുവിനെ നേടണം എന്നൊരാശ മാത്രമെ അപ്പോൾ നമുക്കു ജീവിതത്തിലുണ്ടാകൂ. എന്തുചെയ്താലും, അതൊക്കെയും യേശുവിനെ അനുഭവിക്കാനും അവതരിപ്പിക്കാനുമുള്ള മാർഗ്ഗമായേ നാം ചെയ്യൂ. യേശു നഷ്ടപ്പെടുന്നതൊഴികെ മററൊരു നഷ്ടത്തിനും നമ്മെ സങ്കടപ്പെടുത്താൻ കഴിവില്ലാതാകും. യേശുവിനെ ലഭിക്കാതെ, മററെന്തുതന്നെ ലഭിച്ചാലും നമുക്കു സന്തോഷവുമുണ്ടാകില്ല. ഈ അനുഭവം സിദ്ധിക്കുന്നതുവരെ നാം അസത്യത്തിൻെറ നിഴലിലാണ്. ലോകവസ്തുക്കൾക്കോ സ്തുതിക്കോ സ്ഥാനത്തിനോ ഒന്നും നമ്മെ തൃപ്തിപ്പെടുത്താനാവില്ല. കർത്താവ് മാത്രമാണ് സത്യം. സത്യമായ സുഖവും സന്തോഷവും സമാധാനവും അവിടുന്നുതന്നെ. കർത്താവെ! നീ എന്നെ നിന്നിലേയ്ക്കു കൈപിടിച്ചു നടത്തിയാലും!

തമസോ മാ

തമസോ മാ ജ്യോതിർഗമയ—ഇരുളിൽനിന്നും എന്നെ വെളിച്ചത്തിലേയ്ക്കു നയിക്കണേ എന്നാണ് ഇതിൻെറ അർത്ഥം. യേശുവാണ് ശരിയായ വെളിച്ചം. യേശുവിനെ അറിയുന്നതുകൊണ്ടും സ്നേഹിക്കുന്നതുകൊണ്ടും മാത്രമെ നമുക്കു സത്യമായ ആത്മീയപ്രകാശമുണ്ടാകൂ. നാം പലപ്പോഴും ആത്മീയമായ അന്ധകാരത്തിലാണ് വ്യാപരിക്കുന്നത്. തന്മൂലം ആത്മീയയാഥാർത്ഥ്യങ്ങളുടെ വില നാം ഗ്രഹിക്കുന്നില്ല. നമ്മുടെ സുഖം, സന്തോഷം, സൗകര്യം എന്നിവയെല്ലാമാണ് നാം കാര്യമായിക്കരുതുന്നത്. പ്രാർത്ഥന, പരിത്യാഗം, ദാരിദ്ര്യം, വിനയം, ശുശ്രൂഷ തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങളുടെ വില മനസ്സിലാക്കാത്തവരെപ്പോലെ നാം പ്രവർത്തിക്കുന്നു. നിസ്സാരമായ അസൗകര്യങ്ങളെപ്രതി നാം പ്രാർത്ഥന ഉപേക്ഷിക്കുന്നു. ധ്യാനത്തിൻെറ പ്രാധാന്യവും പ്രയോജനവും മനസ്സിലാക്കാത്തവരെപ്പോലെ, ധ്യാനത്തിൻെറ കാര്യത്തിൽ നാം ഉദാസീനത കാണിക്കുന്നു. ചെറിയ ത്യാഗങ്ങൾപോലും ദൈവത്തിനും മററുള്ളവക്കുംവേണ്ടി വരിക്കാൻ നാം സസന്തോഷം മുന്നോട്ടുവരുന്നില്ല. നമ്മുടെ വസ്തുക്കളും സാധനങ്ങളും സുഖസൗകര്യങ്ങളും ദരിദ്രോചിതമായിരിക്കുന്നതിൻെറ മഹത്വമറിയാത്തവരെപ്പോലെ, വിലപിടിച്ച സാധനങ്ങൾക്കും ധനികക്കു യോജിച്ച സുഖസൗകര്യങ്ങൾക്കുമായി നാം വെമ്പുന്നു. വിനീതമായ ശുശ്രൂഷകൾ നമുക്കു മടുപ്പാണ്. സ്ഥാനവും പ്രശംസയും നാം കാംക്ഷിക്കുന്നു. നമുക്കു ലഭിച്ച സന്ന്യാസവിളിയെ പരമഭാഗ്യമായി നാം വിലമതിക്കുന്നുണ്ടോ എന്നുപോലും സംശയിക്കണം. ഇതെല്ലാം നമ്മുടെ ആത്മീയാന്ധതയെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇതു മാറിക്കിട്ടണമെങ്കിൽ, യേശുവിൻെറ പ്രകാശം നമ്മുടെ ബുദ്ധിയിലും ഹൃദയത്തിലും വീശണം. ഇതിനു് എല്ലാ ദിവസവും കഴിയുന്നത്ര സമയം നാം അവിടത്തെ തിരുമുമ്പിൽ ധ്യാനലീനമായി ഭക്തിപൂർവ്വം കൈകൾകൂപ്പിയിരിക്കണം. യേശു നമ്മെ പ്രകാശിപ്പിക്കും.

മൃത്യോർമാ

മൃത്യോർമാ അമൃതം ഗമയ--മരണത്തിൽനിന്നും എന്നെ മരണമില്ലായ്കയിലേയ്ക്കു നയിക്കണേ. എന്നാണു് ഇതിന്നത്ഥം. യേശുവാണു് സാക്ഷാത്തായ ജീവനും ഉത്ഥാനവും. നാം പലപ്പോഴും ആത്മീയമായ മരണത്തിലും മന്ദതയിലുമാണു് വ്യാപരിക്കുന്നതു്. ഇതിൽനിന്നും നമുക്കു മോചനം തരേണ്ടതു് അവിടുന്നാണു്. നമ്മുടെ ആത്മീയമന്ദതയുടെ അടിസ്ഥാനം പ്രാത്ഥനയിലുള്ള നമ്മുടെ ഉദാസീനതയാണു്. പ്രാത്ഥനയില്ലാതെ സന്ന്യാസമില്ല. എന്നിട്ടും എത്രയോ ലാഘവത്തോടുകൂടിയാണു് നാം പ്രാത്ഥനയെ വീക്ഷിക്കുന്നതു്. എത്രയോ തുച്ഛമായ സമയം മാത്രം നാം അതിന്നായി ചെലവഴിക്കുന്നു. പലപ്പോഴും പ്രാത്ഥിക്കുന്നതിന് നാം കാര്യമായി ഒരുങ്ങാറുതന്നെയില്ല. ഫലമോ? നാം മിക്കവാറും തുടച്ചയായി ത്തന്നെ ആത്മീയമായ ഒരുതരം മാന്ദ്യത്തിൽ കഴിയുകയും ചെയ്യുന്നു. ഈ നില മാറിക്കിട്ടണമെങ്കിൽ നാം പ്രാത്ഥനയിൽ, പ്രത്യേകിച്ചു് ധ്യാനത്തിൽ, കൂടുതലായി ശ്രദ്ധിച്ചേ പററൂ. അനുദിനധ്യാനം നന്നായി കഴിക്കുന്ന കാര്യത്തിൽ ഒരു തീവ്രപരിശ്രമം തന്നെ ചെയ്യുക. ഓരോ ദിവസവും നമുക്കു ജീവിക്കാനാവശ്യമായ ആത്മീയമായ ഊജ്ജം അഥവാ പോഷണം അന്നന്നു നടത്തുന്ന ധ്യാനത്തിൽ നിന്നും സമാജ്ജിക്കുക. കഴിയുന്നത്രനേരം തിരുനാഥൻെറ പാദാന്തികത്തിൽ ചെന്നു് ശാന്തമായി, ഏകാഗ്രമായിരിക്കുക. കണ്ണുകഠം സ്നേഹപൂർവം തിരുസക്രരിയിലോ ക്രൂശിതരൂപത്തിലോ ഉറപ്പിക്കുക. കണ്ണുകളടച്ചു് ഹൃദയത്തിൽ വാഴുന്ന ദിവ്യരാജാവിനെ ആത്മനാ വീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യാം. അപ്പോഠം ഹൃദയത്തിൽ ഉണരുന്ന സ്നേഹം, വിശ്വാസം, നന്ദി, പശ്ചാത്താപം തുടങ്ങിയ വികാരങ്ങളെ ചെറുപ്രകരണങ്ങളാക്കി മാററി അവിടുത്തോടുണത്തിച്ചുകൊണ്ടിരിക്കുക. ധ്യാനത്തിൽ ഉറച്ചിരിക്കുന്ന സന്ന്യാസി ആത്മീയമന്ദതയിൽ നിന്നു ഉണരും എന്നതു് തീച്ചയാണു്.

ദേശികൻ

ഗുരുവിനെ ദേശികൻ എന്നു പറയുന്നു. കൊടുക്കുന്ന ആൾ, ചൂണ്ടിക്കാണിക്കുന്ന ആൾ എന്നെല്ലാമാണ് ഇതിന്നർത്ഥം. നമ്മുടെ ഗുരു യേശുവാണ്. യേശു തന്നെത്തന്നെ എന്നും പൂർണ്ണമായി ദൈവത്തിനും മനുഷ്യർക്കും കൊടുക്കുന്നു. തൻെറ ശരീരമാകുന്ന അപ്പം കയ്യിലെടുത്തു്, കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി, കൃതജ്ഞതാസ്തോത്രം ചെയ്തു്, അവിടുന്നു് എന്നും തന്നെത്തന്നെ പിതാവിൻെറ കൈകളിൽ കാഴ്ചയായി വയ്ക്കുന്നു; അതേ സമയം, നാമെല്ലാവരേയും ഒരുമിച്ചു് വിളിച്ചുകൂട്ടി, ''നിങ്ങൾ എടുത്തു ഭക്ഷിക്കുക, പാനം ചെയ്യുക'' എന്നു പറഞ്ഞ്, തൻെറ മാംസരക്തങ്ങളെ അവിടുന്നു് നമ്മുടെ കൈകളിലേയ്ക്കും വച്ചുതരുന്നു. ദൈവത്തിനും മനുഷ്യർക്കും യേശു തന്നെത്തന്നെ സമ്പൂർണ്ണമായി കൊടുക്കുന്നു. ഈ കൊടുക്കൽ കൊണ്ടേ നമുക്കും യേശുശിഷ്യന്മാരാകാൻ പററൂ. എനിക്കെന്തു കിട്ടിയാലും അതേപ്പററി ഉടനെ, ഒന്നാമതായി, ഞാൻ ചിന്തിച്ചുപോകേണ്ടതു്, ''ഇതു് ദൈവത്തിനും മനുഷ്യർക്കും വേണ്ടി എനിക്കു എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും'' എന്നാണ്. ഈ വഴിയാണ് യേശു നമുക്കു ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ളതു്. അവിടുന്നു് തൻെറ ശരീരരക്തങ്ങൾ ദൈവത്തിനും മനുഷ്യർക്കും സമർപ്പിച്ചശേഷം പറയുന്നു, ''നിങ്ങൾ ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ'' എന്നു്. എല്ലാ കാര്യത്തിലും ദൈവത്തിനും മനുഷ്യർക്കും എന്തുകൊടുക്കാൻ സാധിക്കും എന്നു മാത്രം ചിന്തിക്കുന്നവരാണ്, യേശുവിൻെറ കർമ്മത്തെ ഓർമ്മിപ്പിക്കുന്ന തരത്തിൽ കർമ്മം ചെയ്യുന്നതു്. ഇതിനുവേണ്ടി മാംസം മുറിക്കാനും രക്തം ചിന്താനും തയ്യാറുള്ളവരത്രെ കർത്താവിൻെറ പാതയിലൂടെ ചരിക്കുന്നതു്. ''ദൈവത്തിൽ നിന്നും മററുള്ളവരിൽ നിന്നും എനിക്കെന്തു കിട്ടും?'' എന്നു ഒരിക്കലും ചോദിക്കാതിരിക്കുക. ''ദൈവത്തിനും മററുള്ളവർക്കും എനിക്കു് എന്തുകൊടുക്കാൻ പററും?'' എന്നുമാത്രംഎപ്പോഴും ചോദിക്കുക. യേശു ഇങ്ങനെ മാത്രം ചോദിച്ച മനുഷ്യനായിരുന്നു.

അതീന്ദ്രിയം

ദൈവത്തെക്കുറിച്ച് ''ബുദ്ധിഗ്രാഹ്യം അതീന്ദ്രിയം''
ന്നാണ് പറയുന്നത്. ദൈവത്തെ ഇന്ദ്രിയങ്ങൾകൊണ്ട്
ണാനാവുകയില്ലെങ്കിലും, ബുദ്ധികൊണ്ട് ഗ്രഹിക്കാവുന്ന
ണ്. പ്രകാശവും പരിശുദ്ധിയുമുള്ള ബുദ്ധികൊണ്ടു മാത്ര
ദൈവത്തെ കാണാൻ പററൂ. ബുദ്ധിക്കു പരിശുദ്ധി കൈ
ണമെങ്കിൽ ഇന്ദ്രിയങ്ങളുടെ ആസക്തികളിൽനിന്ന് അത
മോചനം കിട്ടണം. ഇതിനാണ് നിസ്സംഗത എന്നു പറയു
ഭക്ഷണം, വസ്ത്രം, വസ്തുക്കൾ, സുഖസൗകര്യങ്ങൾ എന്ന
യിൽ മുഴുകിക്കിടക്കുന്ന ഒരു മനസ്സിന് ഉന്നതമായ ചിന്താ
ലവും ദൈവികമായ ദർശനപാടവവും ഉണ്ടാകുകയില്ല. അ
നാലാണ് താപസന്മാർമാത്രം ദൈവത്തെ കാണുന്നുവെന്നു
റയുന്നത്. അവക്കു ഇന്ദ്രിയ സുഖങ്ങളോടും ലോകവസ്തു
ളോടും പ്രതിപത്തിയില്ല. ജഡികാസക്തികൊണ്ട് ബ
തമാകാത്ത അവരുടെ ബുദ്ധിക്ക് നേരെ ദൈവത്തിലേയ്ക്കു
ന്നുയരാൻ സാധിക്കുന്നു. താപസഭാവം സന്ന്യാസികൾ അ
ങ്കാരമാണ്. നമ്മുടെ വസ്ത്രം, ഭക്ഷണം, പെരുമാററ സാ
ങ്ങൾ എന്നിവയെല്ലാം ഏററവും സാധാരണവും ദരിദ്രോചി
വുമായിരിക്കണമെന്ന് നമുക്കു നിർബന്ധം വേണം. ത
ജീവിതത്തിനും സേവനത്തിനും അത്യാവശ്യമില്ലാത്ത
തൊരു ഭൗതികവസ്തുക്കളും സന്ന്യാസി സമ്പാദിക്കാതിരിക്ക
യും മുറിയിൽ സൂക്ഷിച്ചുവയ്ക്കാതിരിക്കുകയുമാണ് ഭംഗി.
വത്തിലല്ലാതെ, ലൗകികവസ്തുക്കളിൽ തനിക്കു ഒട്ടും ആസ
യില്ലെന്നുള്ളതിന്റെ തെളിവാണത്. കിട്ടാവുന്നതൊക്കെ
നിക്കായി സമ്പാദിച്ചു സൂക്ഷിച്ചുവയ്ക്കുന്ന സന്ന്യാസിയുടെ
സ്സിനു സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. അയാൾ ഭൗതികസുഖ
ക്കും വസ്തുക്കൾക്കും അടിമപ്പെട്ടു കിടക്കുകയാണ്. ഇന്ദ്രിയ
ളെ ജയിക്കുക; സുഖസന്തോഷങ്ങളെ പരിവജ്ജിക്കുക; ഭൗത
വസ്തുക്കൾക്കു അടിപ്പെടാതിരിക്കുക. നിന്റെ ബുദ്ധിക്കു
ളിച്ചം കൂടിക്കൂടി വരും. നിനക്കു ദൈവത്തെ കാണാറാകും

ബ്രഹ്മജിജ്ഞാസ

ദൈവത്തെക്കുറിച്ചുള്ള പഠനത്തിനു ബ്രഹ്മജിജ്ഞാസ എന്നു പറയുന്നു. കൂടുതൽ കൂടുതൽ അറിയുന്നതിനുള്ള ആഗ്രഹത്തോടുകൂടി ഒന്നിനെപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുന്നതാണല്ലോ ജിജ്ഞാസ. സന്ന്യാസിയുടെ ഒരേയൊരു ആഗ്രഹം ദൈവത്തെ കൂടുതൽ കൂടുതലായി അറിഞ്ഞ് സ്നേഹിക്കണം എന്നതായിരിക്കണം. ദൈവം തന്റെ വിജ്ഞാനം മുഴുവനും വെളിപ്പെടുത്തിയിട്ടുള്ളതു് ക്രൂശിതനായ യേശുവിലാണ്. കുരിശിലെ വിജ്ഞാനം നേടുന്നതിന്നായി, മററെല്ലാ വിജ്ഞാനങ്ങളും ഭോഷത്വമായിപ്പോലും വി. പൌലോസ് പരിഗണിച്ചു. പഠനവും പ്രാർത്ഥനയുമാണ് യേശുവിനെ അറിയാനുള്ള രണ്ടു ഉപാധികൾ. സുവിശേഷങ്ങൾ ധ്യാനപൂർവം വീണ്ടും വീണ്ടും വായിക്കുക. അപ്പോൾ യേശുവിനെക്കുറിച്ച് നമ്മുടെ ശ്രദ്ധ ഇനിയും ചെന്നിട്ടില്ലാത്ത പല വശങ്ങളും നമുക്കു പുതുതായി കാണാൻ കഴിയും. ആത്മീയകാര്യങ്ങളെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള വിശിഷ്ട ഗ്രന്ഥങ്ങൾ കഴിയുന്നിടത്തോളം വായിച്ചുതീർക്കുന്ന കാര്യത്തിൽ നാം ഒരുതരം അത്യാർത്തിതന്നെ കാണിക്കണം. ജ്ഞാനവായനയും ധ്യാനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ധ്യാനനേരത്തു് നമ്മുടെ ഹൃദയമാകുന്ന ദീപം സ്നേഹംകൊണ്ടു കത്തിയെരിയുന്നതിനാവശ്യമായ എണ്ണയാണ് ജ്ഞാനവായനവഴി കിട്ടുക. യേശുവിനെക്കുറിച്ചുള്ള അറിവ് സംഭരിച്ചുവച്ചിരിക്കുന്ന നിധികളാണ് സുവിശേഷങ്ങൾ. അതിനാൽ സുവിശേഷങ്ങൾ തന്നെയാകണം നമ്മുടെ പ്രധാനമായ ധ്യാനവിഷയം. അവ വായിക്കുമ്പോൾ, യേശു തന്നെ നമ്മോടു സംസാരിച്ച്, നമ്മിൽ ഉണർത്തുന്ന സ്നേഹം, വിശ്വാസം, പശ്ചാത്താപം തുടങ്ങിയ വികാരങ്ങളെ, പ്രാർത്ഥനയുടെ പ്രകരണങ്ങളാക്കി മാററുക.

അഭ്യാസം

ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, മനസ്സിനെ ദൈവത്തിൽ ഉറപ്പിച്ചു നിറുത്തുന്നതാണ് അഭ്യാസം. ഇതു സംബന്ധിച്ചുള്ള ഭാരതീയരുടെ ഒരു നിരീക്ഷണം വളരെ ചിന്തനീയമാണ്. ഇന്ദ്രിയങ്ങൾക്കു അന്ധമായ സന്തോഷം നല്കുന്ന വിഷയങ്ങളെപ്പററി നാം ചിന്തിച്ചുകൊണ്ടിരുന്നാൽ, അറിയാതെ നമുക്കു അവയോടു ആസക്തിയുണ്ടാകും. ആസക്തിയുണ്ടായിക്കഴിഞ്ഞാൽ ആ സുഖസന്തോഷങ്ങൾ നമുക്കു ലഭിക്കണമെന്ന ആശ നമ്മിൽ ശക്തിപ്പെടും. ആശ ശക്തിപ്പെടുമ്പോൾ, അതിനു വിരോധം നില്ക്കുന്ന സകലതിനോടും നമുക്കു ദേ്വഷ്യമാകും. നമ്മുടെ ജഡികതാല്പര്യങ്ങൾ ഉപേക്ഷിക്കണമെന്നു നമ്മെ ഉപദേശിക്കുന്ന പ്രാർത്ഥന, സന്ന്യാസനിയമങ്ങൾ, തപസ്സ് തുടങ്ങിയ കാര്യങ്ങളെയെല്ലാം നാം വെറുത്തു തുടങ്ങും. ഈ ദേഷ്യം അഥവാ വെറുപ്പു വന്നു കഴിഞ്ഞാൽ പിന്നത്തെ ഫലം അവിവേകമാണ്. ഏതാണ് സത്യം, ഏതാണ് അസത്യം, ഏതാണ് ജഡികം, ഏതാണ് ദൈവികം എന്നൊന്നും തിരിച്ചറിയാൻ കഴിവില്ലാത്തവരെപ്പോലെ നാം പെരുമാറിപ്പോകും. അവിവേകത്തിൽനിന്നും ഓർമ്മക്കേടുണ്ടാകും. അതായതു്, നമ്മുടെ സന്ന്യാസ പരിശീലന കാലത്തു് പഠിച്ച നല്ല കാര്യങ്ങളൊന്നും ഒട്ടും ഓർമ്മയില്ലാത്ത മനുഷ്യരെപ്പോലെ നാം പെരുമാറിത്തുടങ്ങും. ഇത്തരം ഓർമ്മക്കേടു വന്നാൽ നമ്മുടെ ബുദ്ധി നശിച്ചുവെന്നു മനസ്സിലാക്കിക്കൊള്ളണം. ബുദ്ധി നശിച്ചാൽ സർവ്വതും നശിച്ചുതന്നെ. നമ്മുടെ ഇന്ദ്രിയാസക്തികളെ ആരംഭം മുതല്ക്കേ നിയന്ത്രിച്ചു ശീലിക്കേണ്ടതു് എത്രമാത്രം പ്രാധാന്യമർഹിക്കുന്നൊരു കാര്യമാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. ഇന്ദ്രിയങ്ങളെ, അവയുടെ താല്പര്യങ്ങൾക്കനുസരിച്ച് അല്പാല്പമായി വിട്ടുകൊടുത്താൽ, വഴക്കമില്ലാത്ത കുതിരകളെപ്പോലെ അവ നമ്മുടെ ജീവിതരഥത്തെ പാഴ്ക്കുണ്ടിൽ കൊണ്ടുചെന്നു് ചാടിക്കും.

അവതാരം

അവതാരം എന്ന വാക്കിൻെറ അത്ഥം താഴോട്ടിറങ്ങി വരവ് എന്നാണ്. യേശുവിലുള്ള ദൈവത്തിൻെറ തിരു അവതാരമാണ് ക്രിസ്മസ്സ്. ദൈവം സ്വർഗ്ഗത്തിൽനിന്നും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനമേകുന്നതിനായി, ഭൂമിയിലേയ്ക്കു ഇറങ്ങി വന്നിരിക്കുന്നു. ദൈവം നമ്മുടെ താഴ്മയിലേയ്ക്കു ഇറങ്ങി വന്നിരിക്കുന്നതു് നമ്മോടുകൂടെ വസിക്കാൻ വേണ്ടിയാണ്. 'ദൈവം നമ്മോടുകൂടെ' എന്നത്ഥമുള്ള എമ്മാനുവേൽ ആണ് യേശു. പക്ഷെ അവിടുന്നു നമ്മോടുകൂടെ വസിക്കുന്നതു് നമുക്കുവേണ്ടി ജീവിക്കാനും, സഹിക്കാനും, അവസാനം നമുക്കുവേണ്ടിത്തന്നെ മരിക്കാനുമാണ്. അനേകക്കുവേണ്ടി മുറിക്കപ്പെടാനും ചിന്തപ്പെടാനുമുള്ളതാണ് യേശു സ്വീകരിച്ച മാംസരക്തങ്ങൾ. സന്ന്യാസ ഭവനങ്ങളുടെ ഉയരങ്ങളിൽനിന്നും സാധാരണക്കാരുടെ താഴ്മയിലേയ്ക്കിറങ്ങി അവരോടുകൂടെ വസിക്കുക എന്നു് ഇന്നു് പലരും പറയാറുണ്ടു്. പക്ഷെ നാം അവരിലേയ്ക്കിറങ്ങുന്നതു്, യേശു ചെയ്തതുപോലെ, അവർക്കുവേണ്ടി പ്രാത്ഥിക്കാനും സഹിക്കാനും അവരെ ശുശ്രൂഷിക്കാനും, അവസാനം, നമ്മുടെ സുഖത്തിനും സന്തോഷത്തിനുമായി ഒന്നും നേടാതെ, അവർക്കായി മാത്രം, കുരിശിൽ രക്തം ചിന്തി മരിക്കുന്നതിനും വേണ്ടിത്തന്നെ ആയിരിക്കണം. പല സന്ന്യാസികളും മററുള്ളവക്കുവേണ്ടി ലോകത്തിലേയ്ക്കിറങ്ങുന്നുവെന്നും പറഞ്ഞ്, ലോകത്തിലെ സാധാരണക്കാരുടെ ദുഃഖദുരിതങ്ങൾ പങ്കു പററാതെ, ലോകസുഖങ്ങൾ തേടിനടക്കുന്ന ദൃശ്യങ്ങളും വിരളമല്ല. അവക്കാക്കും, നമുക്കു വേണ്ടി സ്വന്തം രക്തം ചിന്താനും മാംസം മുറിക്കാനുമായി നമ്മുടെ താഴ്മയിലേയ്ക്കിറങ്ങിവന്നു്, നമ്മോടുകൂടെ വസിച്ച യേശുവിൻെറ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുണ്ടാകുകയില്ല. ബാഹ്യമായ ആഘോഷങ്ങളല്ല ക്രിസ്മസ്സിൻെറ കാതൽ. മററുള്ളവർക്കുവേണ്ടി പ്രാത്ഥിക്കാനും സഹിക്കാനും അവരെ ശുശ്രൂഷിക്കാനുമായി ദൈവപുത്രൻ മാംസം സ്വീകരിച്ചതാണ് ക്രിസ്മസ്സിൻെറ കാതൽ.

സന്ന്യാസം

സന്ന്യാസത്തെക്കുറിച്ച് ഇൻഡ്യൻ പ്രസിഡണ്ടും ലോക പ്രശസ്തി ആർജ്ജിച്ച തത്വചിന്തകനുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ തൻെറ ''ഇൻഡ്യൻ ഫിലോസഫി'' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു; ''പുരാതന ഭാരതത്തിൽ സന്ന്യാസി ദരിദ്രനും പണമില്ലാത്തവനും ആയിരുന്നു. മററുള്ളവർ അന്നന്നു നല്കുന്ന ദാനംകൊണ്ടാണ് അയാാം ജീവിച്ചിരുന്നതു്; യാതൊരു തരത്തിലുള്ള ശക്തിയും അധികാരവും അയാാംക്കില്ലായിരുന്നു. എങ്കിലും ചക്രവത്തിമാർപോലും സന്ന്യാസിയുടെ മുമ്പിൽ കുനിഞ്ഞ് വണക്കം കാണിക്കത്തക്ക വിധം, അത്രയ്ക്കും ആദരണീയനായാണ് അയാാം പരിഗണിക്കപ്പെട്ടിരുന്നതു്. ജീവിതവിശുദ്ധിയോട്ട് ആളുകാംക്കുണ്ടായിരുന്ന ബഹുമാനം അത്രയ്ക്കും അധികമായിരുന്നു.'' സന്ന്യാസിയിൽ പഠിപ്പും കഴിവുമൊന്നുമല്ല മററുള്ളവരെ ആകഷിക്കുക. ജീവിത വിശുദ്ധിയുള്ള ഒരു സന്ന്യാസിയോട്ട് ആക്കും ബഹുമാനമുണ്ടാകും. വളരെ കഴിവുകളുള്ളവനായ ഒരു സന്ന്യാസിയെപ്പററി ഒരാാം ഇയ്യിടെ ഇങ്ങനെ പറയുന്നതു് കോംക്കാനിടയായി. ''ഈശോമിശിഹായുടെ ഭാഗമൊഴികെ മററെല്ലാ ഭാഗങ്ങളും ജീവിതത്തിൽ നന്നായി അഭിനയിക്കാൻ അദ്ദേഹം സമർത്ഥനാണ്.'' ജീവിതവിശുദ്ധിയില്ലാത്ത സന്ന്യാസിയെപ്പററി, അയാാംക്കു മററെന്തെല്ലാം കഴിവുകളുണ്ടായാലും, ആളുകാംക്കു ഉള്ളിൽ പുച്ഛമേ തോന്നൂ. ദാരിദ്ര്യം, വിനയം, ധ്യാനശീലം, താപസികഭാവം, ലാളിത്യം, ക്ഷമ, സ്നേഹചൈതന്യം, ശുശ്രൂഷാസന്നദ്ധത, മൗനം, ത്യാഗസന്നദ്ധത, ആധ്യാത്മികജ്ഞാനം തുടങ്ങിയ സൽഗ്ഗുണങ്ങളാണ് ഒരു സന്ന്യാസിയിൽ എല്ലാവരും ഒന്നാമതായി പ്രതീക്ഷിക്കുന്നതു്. അവ നമ്മിൽ കാണുന്നില്ലെങ്കിൽ, 'ഒരു സന്ന്യാസിയെക്കണ്ടു' എന്ന അനുഭവം നമ്മോടിടപെടുന്നവരിൽ ഉളവാകുകയില്ല. അപ്പോാം നാം സന്ന്യാസികളാണെന്നു പറയുന്നതുകൊണ്ടു് എന്താണു പ്രയോജനം?

അരണ്യാശ്രമം

സന്ന്യാസികൾ ദൈവത്തെപ്പററി ധ്യാനിച്ച് ഉന്നതമായ അറിവും ഉൾക്കാഴ്ചയും നേടിയിരുന്നത് അരണ്യാശ്രമങ്ങളുടെ ഏകാന്തതയിൽ വച്ചായിരുന്നു. നാം എത്രയൊക്കെ തിരക്കു പിടിച്ച ജോലികളുള്ളവരായാലും ഇടയ്ക്ക് ഏകാന്തമായ ഒരിടത്തേയ്ക്കു മാറി കുറെനേരം മൗനത്തിലും ഈശ്വര ധ്യാനത്തിലും കഴിക്കുക ആവശ്യമാണ്. പ്രാർത്ഥനയ്ക്കും തിരുവചന പഠനത്തിനും പററിയ തരത്തിൽ നമ്മുടെ ചില ഭവനങ്ങളെ അരണ്യാശ്രമങ്ങളായും സംവിധാനം ചെയ്യുക നല്ലതത്രെ. പകൽ മനുഷ്യർക്കുവേണ്ടി അധ്വാനിച്ചശേഷം, രാത്രി മലമുകളിലേയ്ക്കു മാറി, പിതാവുമായുള്ള ധ്യാനസായുജ്യത്തിലാണ് യേശു കഴിച്ചിരുന്നത്. നമ്മുടെ അനുദിനധ്യാനത്തിന്റെ പ്രധാനമായൊരു ഉദ്ദേശ്യമിതാണ്. ജോലിയുടെ ഭാരവും വ്യഗ്രതയുമെല്ലാം മറന്ന്, കുറെനേരം യേശുവിന്റെ സ്നേഹവും സാന്നിധ്യവും അനുഭവിച്ചു കഴിയുക നമുക്ക് എത്രയോ ആവശ്യവും ആനന്ദകരവുമാണ്. രാവിലെയും വൈകീട്ടും കഴിയുമെങ്കിൽ അരമണിക്കൂർ നേരമെങ്കിലും ഇങ്ങനെ നാം ധ്യാനനിർല്ലീനതയിൽ ചെലവഴിക്കണം. ധ്യാനത്തെ അനുദിനം നടത്താനുള്ളൊരു ആത്മീയാഭ്യാസമായി മാത്രം പരിഗണിച്ചാൽ പോരാ. അത് നമ്മുടെ ആത്മാവിനും ശരീരത്തിനും ആവശ്യമായ വിശ്രമവും ഭക്ഷണവുമാണ്; മരുന്നും മാധുരിയുമാണ്. നിന്റെ അനുദിന ധ്യാനത്തെ നീ അതീവമായി സ്നേഹിക്കുക. നിനക്കു അവാച്യമായ ആനന്ദം പകർന്നുതരുന്ന ആ മണിക്കൂറുകളെ ആശാപൂർവ്വം നോക്കിപ്പാർത്തിരിക്കുക. ആ സമയം മുഴുവനും നിന്റെ ജോലിയും ഭാരവും മറന്ന്, യേശുവിന്റെ തിരുവചന മാധുരിയിൽ ലയിച്ചിരിക്കുക. നീ ഒന്നും മിണ്ടുകപോലുമില്ലെങ്കിലും ഒന്നും മിണ്ടുകകൂടിവേണ്ട. അവിടുന്നു നിന്റെ ഹൃദയത്തിലേയ്ക്കൊഴുക്കുന്ന ദിവ്യസ്നേഹാമൃതം ആനന്ദലഹരിയോടെ നുകർന്നുകൊണ്ടിരുന്നാൽ മതി. നിന്റെ ആത്മാവ് യേശുവിന്റെ നിശ്ശബ്ദശാന്തിയിൽ മുഴുകിനില്ക്കട്ടെ.

മാതൃസമം

അമ്മയെപ്പോലെ ഒരു തണലോ ആശ്രയമോ രക്ഷകയോ സ്നേഹനിധിയോ ഇല്ല. നാം ചേർന്നിരിക്കുന്ന സന്ന്യാസസഭ നമ്മുടെ അമ്മയാണ്. സഭയെ നാം സ്വന്തം അമ്മയെപ്പോലെ തന്നെ സ്നേഹിക്കണം. സഭയാകുന്ന അമ്മയുടെ സ്നേഹവും പരിലാളനയും ആസ്വദിച്ച്, പഠിച്ചുവളർന്ന് ഓരോരോ നിലയിലായിക്കഴിയുമ്പോൾ, സഭയോടു നന്ദിയും സ്നേഹവും ഇല്ലാത്തവരെപ്പോലെ, ചിലർ സഭ ഉപേക്ഷിച്ച് സ്വന്തം കാര്യം നോക്കുന്ന കാഴ്ച വേദനാജനകവും പരിതാപകരവുമത്രെ. അമ്മയ്ക്കു എന്തെല്ലാം കുററങ്ങളും കുറവുകളുമുണ്ടായാലും, അമ്മ നമുക്കു അമ്മതന്നെയാണ്. നമ്മുടെ സഭയുടെ കുററങ്ങളും കുറവുകളും നമ്മുടെതന്നെ കുററങ്ങളും കുറവുകളുമാണ്. അവയ്ക്കുള്ള ഉത്തരവാദിത്വം നാം എല്ലാവരുംകൂടി ഒരുമിച്ചു വഹിച്ച്, കഴിയുന്നത്രവേഗം അവയെ പരിഹരിച്ചുകൊണ്ടു വരാൻ സന്മനസ്സോടെ പ്രവർത്തിക്കുകയാണ് വേണ്ടതു്. അല്ലാതെ, സഭയോടു ബന്ധമില്ലാത്തവരെപ്പോലെ മാറിനിന്ന് സഭയെ കുററം പറയുകയും സഭയോടു സഹകരിക്കാതിരിക്കുകയും ചെയ്യുന്നതല്ല മക്കൾക്കു ഭൂഷണം. നാംമൂലം സഭയ്ക്കും സഭാംഗങ്ങൾക്കും ചെറിയൊരു വേദനപോലും ഉളവാകരുതെന്ന് നാം നിർബന്ധം പിടിക്കണം. സഭയുടെ നിയമങ്ങളെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുക. സഭാധികാരികളോട് വിശ്വസ്തമായും വിധേയമായും പെരുമാറുക. സന്ന്യാസസഹോദരങ്ങളെ സ്നേഹമായും സന്തോഷമായും ശുശ്രൂഷിക്കുക. സഭയിൽ ഏതു ജോലിയും സന്തോഷത്തോടുകൂടി ചെയ്യുക. സഭയ്ക്കുവേണ്ടി എത്രയൊക്കെ ചെയ്താലും, നാം ചെയ്യാൻ കടപ്പെട്ടതിന്റെ ഒരംശം മാത്രമെ ആയിട്ടുള്ളെന്നു കരുതുക. അമ്മയായ സഭ നമുക്കുവേണ്ടി സഹിച്ചിട്ടുള്ള വേദനകൾക്കും നമ്മോടു കാണിച്ചിട്ടുള്ള സ്നേഹത്തിനും പ്രതിനന്ദിയായി നാം എത്രതന്നെ ചെയ്താലും അതു് ഒരിക്കലും അധികമാകുന്നതല്ല.

വൈശ്വദേവം

ആദർശപുരുഷനായ മനുഷ്യൻ തനിക്കുവേണ്ടിയല്ല ജീവിക്കേണ്ടതു്. അയാരം ലോകം മുഴുവനിലും ദൈവത്തെ ദർശിച്ച്, തന്നെ മുഴുവനും എല്ലാവക്കും സേവനത്തിലൂടെ ആത്മബലിയായി സമർപ്പിക്കുന്നു. ഇതിനാണു് വൈശ്വദേവം അഥവാ വിശ്വദേവാരാധനം എന്നു പറയുന്നതു്. മഹാഭാരതത്തിൽ ഒരിടത്തു് ഇങ്ങനെ പറയുന്നു: ''മറ്റൊന്നുമില്ലെങ്കിൽ, ഇരിക്കാൻ പുല്ലും, വിശ്രമിക്കാനൊരു സ്ഥലവും, കുളിക്കാനും കുടിക്കാനും വെള്ളവും, നാലാമതായി നല്ല വാക്കും സജ്ജനഗൃഹങ്ങളിൽ ഒരു കാലത്തും അററുപോകുന്നില്ല. രോഗികൾ കിടക്കാനും, നിന്നുതളർന്നവനു ഇരിക്കാനും, ദാഹിച്ചവനു് കുടിക്കാനും, വിശന്നവനു് ഉണ്ണാനും കൊടുക്കണം. അതിഥികൾ ആനന്ദം തുളുമ്പുന്ന കണ്ണും സന്തുഷ്ടഹൃദയവും നല്ല വാക്കും നല്കിക്കൊണ്ടു് ദൂരെനിന്നുതന്നെ സ്വാഗതം ചെയ്യണം. വരുന്നതു കണ്ടാൽ എണീററു ഇരിപ്പിടം കൊടുക്കണം. ഇതു സനാതനധർമ്മമാണു്. പട്ടിക്കും പക്ഷികരംക്കുംവരെ ആഹാരം കൊടുക്കണം. ഇതാണു് വൈശ്വദേവം അഥവാ വിശ്വദേവാരാധനം. ഇതു രാവിലെയും വൈകിട്ടും കൊടുക്കണം. എന്നും വിഘസവും അമൃതവും കഴിക്കണം. മറെറല്ലാവക്കും കൊടുത്തു കഴിഞ്ഞിട്ടു് ബാക്കിയുള്ളതാണു് വിഘസം. ദൈവം, മരിച്ചുപോയ പിതൃക്കരം, മനുഷ്യൻ, അതിഥി, ഭിക്ഷു, മൃഗം തുടങ്ങിയവർക്കെല്ലാം തനിക്കുള്ളതു് കൊടുത്തശേഷം ബാക്കി വരുന്നതാണു് അമൃതം.'' നല്ല മനുഷ്യൻ ദൈവത്തിൽനിന്നും മററുള്ളവരിൽനിന്നും തനിക്കെന്തു കിട്ടും എന്നല്ല ഒന്നാമതായി നോക്കേണ്ടതു്; ദൈവത്തിനും മനുഷ്യക്കും തനിക്കു എന്തു കൊടുക്കാൻ സാധിക്കും എന്നത്രെ അയാരം ആദ്യമായി ചിന്തിക്കേണ്ടതു്. ''നിങ്ങരംക്കു ദാനമായി കിട്ടി; ദാനമായിത്തന്നെ നിങ്ങരം കൊടുക്കുവിൻ'' എന്നല്ലേ യേശു നമ്മോടു് പറഞ്ഞിട്ടുള്ളതു്!

ത്രയം

ഒരേ വിഷയത്തിൽ ധാരണയും ധ്യാനവും സമാധിയും കൈവരുന്നതിനു യോഗശാസ്ത്രത്തിൽ ത്രയം എന്നു പറയുന്നു. ത്രയത്തെ സംയമം എന്നും വിളിക്കുന്നു. സന്ന്യാസി സംയമി ആയിരിക്കണം. മനസ്സ് അന്യവിചാരം കൂടാതെ ധ്യാനവിഷയത്തിൽ ഉറച്ചുനില്ക്കുന്നതാണ് ധാരണ. ഹൃദയത്തിൽ നിന്നും സ്നേഹം ഇടമുറിയാതെ ധ്യാനവിഷയത്തിലേയ്ക്കു പ്രവഹിച്ചു കൊണ്ടിരിക്കുന്നതാണ് ധ്യാനം. മനസ്സുകൊണ്ട് മനസ്സിലാക്കുകയും ഹൃദയം കൊണ്ട് സ്നേഹിക്കുകയും ചെയ്യുന്ന ധ്യാനവിഷയത്തിൽ നമ്മുടെ അന്തരേന്ദ്രിയങ്ങളും ബാഹ്യേന്ദ്രിയങ്ങളും പൂർണ്ണമായി മുഴുകിയിരിക്കുന്നതത്രെ സമാധി. ക്രിസ്തീയമായ നമ്മുടെ ധാരണയുടെയും ധ്യാനത്തിന്റെയും സമാധിയുടെയും വിഷയം യേശുവാണ്. മനസ്സിനെ യേശുവിൽ ഏകാഗ്രമാക്കികൊള്ളുക. എന്തുകണ്ടാലും, കേട്ടാലും, ചെയ്താലും, അതെല്ലാം യേശുവിനു പ്രസാദിക്കും വിധം ചെയ്യണം എന്നത് നമുക്കു വലിയൊരു ജ്വരവും വിചാരവുമായിത്തീരണം. അപ്പോൾ ലോകം മുഴുവൻ കിട്ടാമെന്നു വച്ചാലും, യേശുവിനെ വിട്ടുപോകുക നമുക്കു ചിന്തിക്കാനേ വയ്യ എന്ന നില വന്നുചേരും. ''കർത്താവെ! നിന്നെ വിട്ട് ഞങ്ങൾ എവിടെപ്പോകും; നിത്യജീവന്റെ വചസ്സുകൾ നിന്റെ പക്കലുണ്ടല്ലോ!'' എന്നതാകും നമ്മുടെ വിചാരഗതി. ഇങ്ങനെയാകുമ്പോഴെ നമ്മുടെ മനസ്സിന് യേശുവിൽ ധാരണ അഥവാ നിശ്ചലമായ ഉറപ്പ് കൈവന്നിട്ടുള്ളൂ. ഈ നില വന്നു കഴിയുമ്പോൾ, നമ്മുടെ ഹൃദയത്തിൽ നിന്നും സ്നേഹം ഒഴുകിക്കൊണ്ടിരിക്കുന്ന എണ്ണപോലെ യേശുവിലേയ്ക്കു ഇടമുറിയാതെ പ്രവഹിക്കാൻ തുടങ്ങും. ഈ സ്നേഹപ്രവാഹം നമ്മെ ധ്യാനലീനരാക്കിത്തീർക്കും. യേശുവിൽ മുഴുകിയിരിക്കുന്നത് നമ്മുടെ ഉള്ളിനും അഞ്ചിന്ദ്രിയങ്ങൾക്കും ആനന്ദകരമാകും. യേശുവിൽ മുഴുകുമ്പോഴുണ്ടാകുന്ന അമൃതസമമായ ഈ ആനന്ദമാണ് സമാധി.

LIBRARY

മാ ഫലേഷു

കർമ്മഫലങ്ങളിൽ ആശ വയ്ക്കരുതു് എന്നു ഉദ്ബോധിപ്പിക്കുന്ന ഭഗവദ്ഗീതയിലെ ഒരു പ്രസിദ്ധ ശ്ലോകത്തെയാണു് മുകളിൽക്കാണുന്ന വാക്കുകൾ സൂചിപ്പിക്കുന്നതു്. ആ ശ്ലോകത്തിൻെറ സാരമിതാണു്: ''കർമ്മം ചെയ്യാൻ മാത്രമെ നിനക്കു അധികാരമുള്ളു; ഒരിക്കലും കർമ്മഫലത്തിൽ ആശ വയ്ക്കരുതു്; കർമ്മഫലത്തെ ഉദ്ദേശിച്ചു് നീ പ്രവർത്തിക്കരുതു്; കർമ്മം ചെയ്യാതെയുമിരിക്കരുതു്.'' ദൈവം നമ്മോടു് ചെയ്യാൻ ആവശ്യപ്പെടുന്നതു് പരമാവധി ശ്രദ്ധയോടും വിശ്വസ്തതയോടും കൂടി ചെയ്യുക. ഫലത്തെക്കുറിച്ചു് നീ ചിന്തിക്കരുതു്. ഫലം തരേണ്ടതു് ദൈവമാണു്. വിജയമായാലും പരാജയമായാലും, നീ പരിപൂർണ്ണമായ സമർപ്പണമനോഭാവത്തോടെ നിന്നെ ഏല്പിച്ചിരിക്കുന്ന ജോലികൾ ചെയ്യണം. നീ ജോലി ചെയ്യുന്നതു് നിൻെറ വിജയത്തിനോ പരാജയത്തിനോ വേണ്ടി ആകരുതു്. 'ദൈവം ആവശ്യപ്പെടുന്നതു് ഞാൻ ചെയ്യുന്നു' എന്ന വിചാരം മാത്രമേ ഏതു ജോലി ചെയ്യേണ്ടിവന്നാലും നിനക്കുണ്ടാകാവൂ. കർമ്മഫലം എന്തുതന്നെ ആയിരുന്നാലും, പരാജയവും ദുഃഖവും തന്നെ ആയിരുന്നാലും, ഈ മനഃസ്ഥിതി ഉണ്ടെങ്കിൽ നിൻെറ മനസ്സിൻെറ സമനില ഒരിക്കലും തെററുകയില്ല. ഇക്കഴിഞ്ഞ വർഷം എനിക്കു് എത്രമാത്രം വിജയമുണ്ടായി എന്നല്ല ഇന്നു ഞാൻ കണക്കുകൂട്ടേണ്ടതു്. എനിക്കു വരാവുന്ന നഷ്ടത്തേയും അസൗകര്യത്തെയും ഭാരത്തെയും ഓർത്തു്, ദൈവം ആവശ്യപ്പെട്ടു് ഏതെങ്കിലുമൊരു കാര്യം ഈ വർഷത്തിൽ ഞാൻ ചെയ്യാതിരുന്നിട്ടുണ്ടോ എന്നാണു് ഞാൻ പരിശോധിച്ചുനോക്കേണ്ടതു്. ആ ഭോഷത്വം അടുത്തകൊല്ലം ആവർത്തിക്കുകയില്ലെന്നു് പ്രതിജ്ഞചെയ്യുക. അവനവനെത്തന്നെ മറന്നു് അവനവൻെറ സുഖസന്തോഷങ്ങൾ മാററി വച്ചു്, ദൈവത്തിൽനിന്നും മററുള്ളവരിൽനിന്നും എനിക്കെന്തു ലഭിക്കും എന്നു അശേഷം ചിന്തിക്കാതെ, ദൈവത്തിനും മററുള്ളവർക്കും വേണ്ടി സന്തോഷത്തോടെ ത്യാഗം ചെയ്തു് ജീവിക്കുക.

ACHARYA PALACKAL JELVASSKENDRAN LIBRARY ALUVA

ത്യാഗം

''തേന ത്യക്തേന ഭുഞ്ജീഥാഃ'' എന്നു് ഉപനിഷത്തുക്കളിൽ ഒരിടത്തു പറയുന്നുണ്ട്. ത്യാഗംകൊണ്ടു് നാം ജീവിതത്തെ ആസ്വദിക്കണമെന്നാണു് ഇതിൻെറ സാരം. തനിക്കെന്തെങ്കിലുമുണ്ടെങ്കിൽ, അതു മററാർക്കും കൊടുക്കാതെ തനിയെ അനുഭവിക്കുന്നതാണു് ആനന്ദം എന്നത്രെ സാധാരണ മനുഷ്യൻ വിചാരിക്കുന്നതു്. ഇല്ലാത്തവരെക്കുറിച്ച് വിചാരമില്ലാതെ, ഓരോരുത്തരും അവരവക്കുള്ളവ, തങ്ങളുടെ സ്വന്തം സുഖത്തിനും സന്തോഷത്തിനുമായി അനുഭവിക്കാൻ യത്നിക്കുന്നു. എന്നാൽ ഇതല്ല ശരിയായ ആനന്ദം മറെറല്ലാവരെയും മറന്നു് ഞാൻ എൻെറ സുഖവും സന്തോഷവും സൗകര്യവും മാത്രം നോക്കിയതുകൊണ്ട് എന്താണു് ഫലം? ഞാൻ മററുള്ളവരിൽനിന്നും അത്രയും അകന്നും ഒററപ്പെട്ടും പോകുമെന്നതു തന്നെ! എന്നാൽ എനിക്കുള്ളവയെ ഞാൻ ത്യാഗപൂർവ്വം മററുള്ളവരുടെ കൈകളിലേയ്ക്കു വച്ചുകൊടുത്താലോ? എൻെറ സമയം, സമ്പത്തു്, അറിവ്, ആരോഗ്യം എന്നിവ മററുള്ളവക്കുവേണ്ടി ചെലവഴിക്കുന്നതുമൂലം അവർ വളർന്നു വളർന്നു വരുന്നതു കാണുമ്പോൾ എനിക്കുണ്ടാകുന്ന ആനന്ദം ഒന്നുവേറെതന്നെയാണു്. ഇതാണു് ത്യാഗംകൊണ്ടുള്ള ആനന്ദം. യേശുവിൻെറ ആനന്ദം ഇത്തരത്തിലുള്ളതത്രെ. എല്ലാ ദിവസവും തൻെറ മാംസരക്തങ്ങൾ കീറിമുറിച്ച് നമ്മെ പോററുന്നതു വഴി നാം വളർന്നു വരുന്ന കാഴ്ച കാണുന്നതാണു് അവിടത്തെ ആനന്ദം. മററുള്ളവർ വളരുന്നതിനുവേണ്ടി നാം കുറയുന്നതിൽ ആനന്ദം കണ്ടെത്താൻ പഠിക്കുക. അതു മാത്രമെ നിലനില്ക്കൂ. മററുള്ളവക്കു സുഖവും സന്തോഷവും സംതൃപ്തിയുമുണ്ടാകുന്നതിനുവേണ്ടി, നമ്മുടെ സുഖസൗകര്യങ്ങൾ മനസ്സറിഞ്ഞു്, സസന്തോഷം, പരിത്യജിച്ച് ശീലിക്കുക. ഇങ്ങനെ ത്യാഗശീലമുള്ളവരേ യഥാർത്ഥമായ ആനന്ദമനുഭവിക്കൂ. മറെറല്ലാവരേയും [മറ]ന്നു് അവനവനുവേണ്ടി മാത്രം ജീവിച്ചവരെ ആരും ഓർമ്മി[ക്കു]ക കൂടിയില്ല.